# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 നവംബർ 2,ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1571//2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ, ക്ഷീരവികസന- വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം , എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി -പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ- ഭവനനിർമ്മാണം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 28
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 28
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 98

**II. അടിയന്തരപ്രമേയം**

പെട്രോൾ/ഡീസൽ വിലവർദ്ധന - 414
-ശ്രീ. ഷാഫി പറമ്പിൽ
(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധക്ഷണിക്കൽ**

(1) പാചക വാതക വില വർദ്ധന - 433
- ശ്രീ. കെ. വി. സുമേഷ്

(2) മെഡിക്കൽ പി.ജി. കോഴ്സുകളിൽ എസ്.ഇ.ബി.സി. സംവരണം - 436
- ശ്രീ. പി. ഉബൈദുള്ള

**IV. സബ്മിഷൻ**

(1) ബ്ലഡ് ബാങ്കും കാർഡിയോളജി വിഭാഗവും - 440
- ശ്രീ. സി. ആർ. മഹേഷ്

(2) വലപ്പാട് കോതകുളം ബീച്ചിൽ മിനി ഹാർബർ - 443
- ശ്രീ. സി. സി. മുകുന്ദൻ

(3) ഹീമോഫീലിയ രോഗികൾക്കുള്ള ധനസഹായം - 444
- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

(4) ദേശീയ തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ ഫണ്ട് - 446
- ശ്രീ. ടി. പി. രാമകൃഷ്ണൻ

(5 ) ദേശീയപാത സ്ഥലം ഏറ്റെടുക്കലിന് നഷ്ടപരിഹാരം - 449

- ശ്രീ. പി. അബ്ദുൽ ഹമീദ്

(6) കാരേറ്റ് തടയണ നിർമ്മാണം - 451

- ശ്രീമതി ഒ. എസ്. അംബിക

(7) വൈദ്യുതി സബ്സ്റ്റേഷന് സ്ഥലം അനുവദിക്കൽ - 452

-ശ്രീ. കെ. പ്രേംകുമാർ

(8) ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് - 453

-ശ്രീ. എൻ. കെ. അക്ബർ

(9) ഖാദി മേഖലയിലെ പ്രശ്നങ്ങൾ - 455

-ശ്രീ. ഡി. കെ. മുരളി

(10) ആലക്കോട് ബാറിലെ തൊഴിലാളി പ്രശ്നം - 457

-ശ്രീ. ടി. ഐ. മധുസൂദനൻ

**V. റിപ്പോർട്ടുകളുടെ സമർപ്പണം**

1. 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസക്ഷേമനിധി (ഭേദഗതി) ബിൽ,2021- ലെ കേരള കർഷക തെഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ

   റിപ്പോർട്ടുകൾ. - 459

2. 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും)ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച XII-ന്റെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ. - 459

**VI. നിയമനിർമ്മാണ കാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവുംഅനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ - 459

(ii) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ - 534

**VII. അറിയിപ്പ്**

ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട ശില്പശാല - 566

-മി. സ്പീക്കർ

**അനുബന്ധം I & II** - 567

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 നവംബർ 2, ചൊവ്വ*


വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16


നിയമസഭ 2021 നവംബർ മാസം 2, ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*421)

### സ്കൂളുകളിൽ നീന്തൽ പരിശീലനം

1 (*421) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ദെലീമ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും ഏകാഗ്രത, ആത്മവിശ്വാസം എന്നിവയും മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ സ്കൂളുകളിൽ നീന്തൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ബി) മുങ്ങിമരണങ്ങൾ സംഭവിക്കാതിരിക്കാനുള്ള മുൻകരുതലായി സ്കൂൾ തലത്തിൽത്തന്നെ നീന്തൽ പഠിക്കേണ്ടതിന്റെ അവബോധം കുട്ടികളിൽ സൃഷ്ടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ തലത്തിലുള്ള നീന്തൽ പരിശീലനംവഴി വിദ്യാർത്ഥികളെ കായികരംഗത്തേയ്ക്കും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുമെന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ-സി) 8-ാം ക്ലാസ് മുതൽ കോളേജ്തലം വരെയുള്ള മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് ഉന്നതപരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ സ്പോർട്സ് അക്കാദമികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ആറ് അക്കാദമികളിൽ നീന്തൽ പരിശീലനം നൽകുന്നുണ്ട്. 1) ജില്ലാ സ്പോർട്സ് അക്കാദമി-പിരപ്പൻകോട്. 2) ജില്ലാ സ്പോർട്സ് അക്കാദമി-നന്ദിയോട് 3) ജില്ലാ സ്പോർട്സ് അക്കാദമി-തൃശ്ശൂർ 4) കേരള വർമ്മ കോളേജ്-തൃശ്ശൂർ 5) സെന്റ് മേരീസ് കോളേജ്-തൃശ്ശൂർ 6) എം.എ. കോളേജ്-കോതമംഗലം എന്നീ അക്കാദമികളിലാണ് നീന്തൽ പരിശീലനം നൽകുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ പിരപ്പൻകോട്, നന്ദിയോട്, തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ സ്വിമ്മിംഗ് പൂളുകളുണ്ട്. ഈ നീന്തൽക്കുളങ്ങളിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലിക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിലെ വിദഗ്ധരായ പരിശീലകരെ പരിശീലനത്തിന് നിയോഗിച്ചിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനും, വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ലൈഫ് ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ കായിക യുവജനകാര്യാലയം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്പ്ലാഷ്. കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പാക്കിവരുന്നു. കുട്ടികളെ നീന്തൽ പഠനത്തിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ, നീന്തൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റ് നൽകിവരുന്നുണ്ട്. കുട്ടികളുടെ നീന്തൽ പ്രാവീണ്യം പരിശോധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലുകളാണ് സർട്ടിഫിക്കറ്റ് നൽകുന്നത് (അനുബന്ധം-I).* ഈ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാനും അതിനുള്ള പരിശീലകരെ ഒരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത്തല സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതോടെ പ്രാദേശികതലത്തിൽ നീന്തൽ പരിശീലന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. ഇതോടൊപ്പം, നീന്തൽ അറിഞ്ഞിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കുമിടയിൽ ബോധവൽക്കരണ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരിപാടികൾ സംഘടിപ്പിക്കും. കിഫ്ബി ധനസഹായത്തോടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുന്ന അടിസ്ഥാന കായിക സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 13 സ്വിമ്മിംഗ് പൂളുകൾ ഒരുക്കുന്നുണ്ട്. പറളി സ്കൂൾ, ചിറ്റൂർ ഗവ. കോളേജ്, നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം എന്നിവിടങ്ങളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം പൂർത്തിയായി. (നിർമ്മാണം പൂർത്തിയായതും നിർമ്മാണം തുടരുന്നതുമായ സ്വിമ്മിംഗ് പൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.)* കായിക വകുപ്പിന്റെ തനത് ഫണ്ടുപയോഗിച്ചും സ്വിമ്മിംഗ് പൂളുകൾ നിർമ്മിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂരിൽ അന്താരാഷ്ട്ര സ്വിമ്മിംഗ് പൂൾ നിർമ്മാണം ഉടൻ തുടങ്ങും.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, നമ്മുടെ കായിക മേഖലയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികളാണ് സംസ്ഥാന തലത്തിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഏറ്റവും കൂടുതൽ കായിക പ്രതിഭകളെ വളർത്തിയെടുക്കാനും പരിശീലിപ്പിക്കാനും കഴിയുന്ന കേന്ദ്രങ്ങളിലൊന്നാണ് നമ്മുടെ സ്കൂളുകൾ. സ്കൂൾ തലത്തിൽ പുതിയ കായിക പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഏതെല്ലാമാണ്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ ചെറിയ പ്രായത്തിൽ കായിക പ്രതിഭകളെ കണ്ടെത്താൻ സ്കൂൾ തലത്തിൽ വിവിധ പരിശീലന പരിപാടികൾ ആരംഭിച്ചിരുന്നു. ഫുട്ബോൾ അടക്കമുള്ള നിരവധി പരിപാടികളാണ് അതുമായി ബന്ധപ്പെട്ട് നടത്തിയത്. അടുത്ത അക്കാദമിക് വർഷം മുതൽ സ്കൂളുകളിൽ സ്പോർട്സ് ഒരു വിഷയമായി ഉൾപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായി അതിന്റെ ചർച്ചകൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ കൈറ്റ് ചാനലിൽ ഇതുമായി ബന്ധപ്പെട്ട് അരമണിക്കൂർ പ്രോഗ്രാം നടന്നുവരുന്നു. ഇപ്പോൾ പ്രീ പ്രൈമറി തലംതൊട്ടുതന്നെ ആരോഗ്യ കായിക പ്രോത്സാഹനം നൽകുന്നതിനുവേണ്ടിയുള്ള നടപടികളാണ് എടുത്തുവരുന്നത്. തീർച്ചയായും ഈ കാര്യങ്ങളിൽ നല്ല മാറ്റമുണ്ടാകുമെന്നുതന്നെയാണ് കാര്യാലയം കരുതുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, നമ്മുടെ കേരളത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ നിരവധി കളിക്കളങ്ങൾ ഇപ്പോഴുണ്ട്. എന്നാൽ ഈ കളിക്കളങ്ങൾ കൃത്യമായി പരിപാലിക്കാനും സംരക്ഷിക്കാനും പല ഘട്ടങ്ങളിലും കഴിയുന്നില്ല എന്നുള്ള ഒരു വിഷമം നിലനിൽക്കുകയാണ്. നമ്മുടെ കളിക്കളങ്ങൾ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും പിന്നീട് ആ കളിക്കളങ്ങൾ നശിച്ചുപോകുകയും ചെയ്യുന്ന ഒരു സാഹചര്യം പൊതുവിൽ പലയിടങ്ങളിലായി കാണാൻ കഴിയും. കളിക്കളങ്ങൾ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് വിശദീകരിക്കാമോ

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മുൻകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികളുണ്ടായിട്ടുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമ്പോൾ അതിൽ ടർഫ്, സിന്തറ്റിക് ട്രാക്ക് അടക്കമുള്ള സംവിധാനങ്ങളുള്ള പല ഗ്രൗണ്ടുകളും അനാവശ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുകയും അത് നശിച്ചുപോകുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. അതിന് ഏറ്റവും വലിയ ഉദാഹരണം കാര്യവട്ടം സ്റ്റേഡിയത്തിന്റെ കാര്യംതന്നെയാണ്. കായിക വകുപ്പിന് കീഴിലുള്ള കളിക്കളങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഗവൺമെന്റ് പുതിയ ഒരു നിർദ്ദേശം പുറത്തിറക്കിയിട്ടുണ്ട്. അത്‌ലറ്റിക്/സൈക്കിൾ ട്രാക്കുകൾ, ഹോക്കി/ ഫുട്ബോൾ ടർഫുകൾ, ബാസ്കറ്റ്ബോൾ/ടെന്നീസ് കോർട്ടുകൾ എന്നീ ഔട്ട്ഡോർ കളിക്കളങ്ങൾ കായികേതര പരിപാടികൾക്ക് അനുവദിക്കുന്നതുമൂലം നശിക്കുന്ന പ്രവണത കണ്ടുവരുന്നു. ഇത്തരത്തിലുള്ള പരിപാടികൾ നടത്തുന്നത് നിയന്ത്രിക്കാൻ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഔട്ട്ഡോർ സ്റ്റേഡിയങ്ങളിൽ കായികേതര പരിപാടികൾ നടത്തുന്നതിന് ഇരുപത്തിയൊന്ന് ദിവസം മുമ്പ് സർക്കാരിൽ അനുമതിക്ക് അപേക്ഷിക്കേണ്ടതാണ്. തുടർച്ചയായി ഇരുപത്തിനാല് മണിക്കൂറിലധികം ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ പാടുള്ളതല്ല. സിന്തറ്റിക് പ്രതലത്തിലോ മറ്റോ യാതൊരു വിധത്തിലുള്ള പരിക്കുകളും ഏൽക്കാൻ പാടില്ല. സ്റ്റേഡിയങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങുമ്പോൾ ഇത്തരത്തിലുള്ള സൗകര്യം ഏർപ്പെടുത്തിയ സ്റ്റേഡിയങ്ങൾ മറ്റാവശ്യങ്ങൾക്ക് നൽകുന്നതല്ല. മണ്ണ് സ്റ്റേഡിയങ്ങൾ മാത്രമാണ് ഇത്തരം കാര്യങ്ങൾക്കായി അനുവദിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൃത്യമായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികളെടുക്കാനും ആലോചിച്ചു വരികയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ ശാസ്ത്രീയമായ കാഴ്ചപ്പാടോടുകൂടി കായിക മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. കായിക പ്രവർത്തനങ്ങൾ സ്കൂളുകൾ കേന്ദ്രീകരിച്ച് മാത്രം നടത്താതെ, സമൂഹത്തിനാകെ ആരോഗ്യ പ്രതിരോധശേഷി നേടുന്നതിന് സഹായകരമാകുംവിധം അവയെ വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ 'Play for Health' എന്ന ഒരു പദ്ധതി ഇരുപത്തിയഞ്ചോളം സ്കൂളുകളിലാണ് ആരംഭിച്ചത് എന്ന് കാണുന്നു. നമ്മുടെ

സമൂഹത്തിനാകെ ഗുണകരമാകുന്ന വിധത്തിൽ 'Play for Health' വലിയൊരു പദ്ധതിയായി കൊണ്ടുവന്ന് പരിശീലനത്തിന് ആളുകൾ തികയാത്ത അവസ്ഥ വരുന്നുണ്ടെങ്കിൽ ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയുമെല്ലാം സഹായത്തോടുകൂടി പരിശീലകരെ കണ്ടെത്തിക്കൊണ്ട് സമൂഹത്തിൽ അത്തരത്തിലുള്ള ഒരു കായിക പദ്ധതി ആവിഷ്കരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും തയ്യാറാകണമെന്നാണ് പറയാനുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വിദ്യാലയങ്ങളിൽ മാത്രമല്ല, സമൂഹത്തിലാകെതന്നെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുത്തുവരികയാണ്. അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. ഇവിടെ കായികാദ്ധ്യാപകരുടെ കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അടിയന്തര സാഹചര്യത്തിൽ റിസോഴ്സ് പേഴ്സൺസിനെ എടുത്തുകൊണ്ടും എല്ലാ പഞ്ചായത്തുകളിലും സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുമ്പോൾ അതുകൂടി പ്രയോജനപ്പെടുത്തിക്കൊണ്ടും കായിക രംഗത്തുള്ള പരിശീലനം ഉറപ്പുവരുത്താനാണ് ശ്രമിച്ചുവരുന്നത്. കായികക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളെടുക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുത്തുവരുന്നു.

ശ്രീമതി ദെലീമ: സർ, സംസ്ഥാനത്ത് കായികക്ഷമത വർദ്ധിപ്പിക്കുന്നതിൽ നമ്മുടെ സർക്കാർ അഭിമാനകരമായ മാറ്റമാണ് ഇന്ന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ വലിയ അഭിമാനമുണ്ട്. പക്ഷേ "വെള്ളം വെള്ളം സർവത്ര, തുള്ളി കുടിപ്പാനില്ലത്രേ" എന്നുള്ള കുഞ്ഞുണ്ണിമാഷിന്റെ കവിത നീന്തൽക്കുളങ്ങളുമായി ബന്ധപ്പെട്ടാണ് ഞാൻ ചിന്തിക്കുന്നത്. എന്റെ മണ്ഡലം ധാരാളം തോടുകളും കായലുകളുംകൊണ്ട് സമൃദ്ധമായ സ്ഥലമാണ്. ആലപ്പുഴ ജില്ലയിലെ കുട്ടികൾക്ക് നീന്തൽ പരിശീലനത്തിന് ഒരു സ്ഥാപനമില്ല. ആലപ്പുഴയിലെ രാജാ കേശവദാസ് അന്താരാഷ്ട്ര നീന്തൽക്കുളം വേണ്ടത്ര വിധത്തിൽ പ്രവർത്തിപ്പിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഈ സ്ഥാപനം ഏതെങ്കിലും ഔദ്യോഗിക ഏജൻസിയെ ഏൽപിച്ച് സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നടത്തുന്ന സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടിയുണ്ടാകുവാനും ഓരോ സബ് ജില്ലയിലും സ്ഥലമുള്ള സ്കൂളുകൾക്ക് ഒരു നീന്തൽക്കുളമെങ്കിലും സ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ആലപ്പുഴയിലെ ഈ നീന്തൽക്കുളം ഞാൻ സന്ദർശിച്ചതാണ്. മുമ്പ് അത് കേരളത്തിൽത്തന്നെ ഏറ്റവും നല്ല നീന്തൽക്കുളമായിരുന്നു. ഇന്ത്യയിൽത്തന്നെ പ്രധാനപ്പെട്ട മത്സരങ്ങൾ നടത്താൻ ഈ നീന്തൽക്കുളം ഉപയോഗപ്പെടുത്തിയിരുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായ

അശാസ്ത്രീയ നിർമ്മാണം കാരണം അവിടെ മത്സരങ്ങൾ നടത്താൻ കഴിയാതെ വന്നിട്ടുണ്ട്. അതിന്റെ ആഴം കുറയ്ക്കുകയും വെറും പരിശീലനത്തിനുള്ള ഒരു കുളമാക്കി മാറ്റുകയും ചെയ്തു. നല്ല രീതിയിലല്ല അത് ചെയ്തത്. അതുകൊണ്ടുതന്നെ അതിൽ ഇപ്പോൾ ചെറിയ ലീക്ക് കാണുന്നു. അത് പരിഹരിക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മാത്രമല്ല, കേരളത്തിലെ എല്ലാ ജില്ലകളിലും നീന്തൽ പരിശീലനം നടത്തുന്നതിനുള്ള നടപടികളെടുത്തുവരികയാണ്. സന്നദ്ധ പ്രവർത്തകരുടെയും ഗവൺമെന്റിന്റെയും സഹായത്തോടുകൂടി നമ്മുടെ ഗ്രാമ പ്രദേശങ്ങളിലെ സ്വിമ്മിംഗ് പൂളുകൾ അല്ലാത്ത സാധാരണ കുളങ്ങൾ ശുദ്ധീകരിച്ച് നന്നാക്കി അവിടെയും നീന്തൽ പരിശീലനം നടത്താനുള്ള നടപടികളാണ് ഇപ്പോൾ സർക്കാർ ആലോചിച്ചുവരുന്നത്.

ഡോ. സുജിത് വിജയൻപിള്ള: സർ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കാൻ ആരംഭിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. അതിന്റെ പുരോഗതി എത്രത്തോളമായെന്ന് വിശദീകരിക്കുമോ; എല്ലാ മണ്ഡലങ്ങളിലും ഒരു സ്റ്റേഡിയം അല്ലെങ്കിൽ ഒരു മിനിസ്റ്റേഡിയമെങ്കിലും ഉറപ്പുവരുത്തുവാനുള്ള നടപടികളുമായി മുന്നോട്ടുപോകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. .

മി. സ്പീക്കർ: അതിന് വേറെ ചോദ്യം വരുന്നുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇക്കാര്യത്തിൽ നമ്മൾ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിശദാംശം അടുത്ത ചോദ്യത്തിൽ അറിയിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2015-ൽ നടന്ന ദേശീയ ഗെയിംസാണ് കേരളത്തിലെ കായിക ഇൻഫ്രാസ്ട്രക്ച്ചറിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാക്കിയത്. അതിൽ കോടിക്കണക്കിന് രൂപയുടെ നിക്ഷേപവും നമ്മുടെ സംസ്ഥാനത്തുണ്ടായി. ഏഴ് ജില്ലകളിലായി നമ്മൾ നിർമ്മിച്ചിട്ടുള്ള നിർമ്മാണങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോട്ടയം ജവഹർലാൽ നെഹ്റു സ്റ്റേഡിയം മീനച്ചിൽ ആറിന്റെ തീരത്ത് ജലനിരപ്പിനേക്കാൾ മൂന്നടിത്താഴ്ചയിലാണ് സ്ഥിതിചെയ്യുന്നത്. ആ സ്റ്റേഡിയത്തിലെ വെള്ളക്കെട്ടില്ലാതാക്കി ഉയർത്തുന്നതിനും ഭംഗിയായി സൂക്ഷിക്കുന്നതിനും വേണ്ടി ഏറ്റവും സെൻസിറ്റീവായ ആ ഏരിയ ഏറ്റവും നന്നായി ഡെവലപ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകുന്ന നിരവധി സ്റ്റേഡിയങ്ങളുണ്ട്. അതിൽ കണ്ണൂരും കോട്ടയവുമുൾപ്പെടെ പല സ്റ്റേഡിയങ്ങളുമുണ്ട്. ദേശീയ കായികമേളയുമായി ബന്ധപ്പെട്ട് നിർമ്മിച്ച അത്തരത്തിലുള്ള സ്റ്റേഡിയങ്ങൾ പലതും തകർച്ചയെ നേരിടുകയാണ്. ഇതിന് പരിഹാരമായിട്ടാണ് കേരളത്തിൽ 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' എന്ന പുതിയ സ്ഥാപനം നിലവിൽവന്നിട്ടുള്ളത്. ആ സ്ഥാപനം കേരളത്തിലെ മുഴുവൻ സ്റ്റേഡിയങ്ങളുടേയും പരിപാലനം കൃത്യമായി എല്ലാവർഷവും ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഉണ്ടായിട്ടുള്ളത്. കോട്ടയം ജില്ലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങയോട് ചർച്ച നടത്തിയിരുന്നു. കോട്ടയം സ്റ്റേഡിയം സ്പോർട്സ് ഫൗണ്ടേഷനുമായി എം.ഒ.യു. സൈൻ ചെയ്താൽ കൃത്യമായ അതിന്റെ മെയിന്റനൻസും കാര്യങ്ങളും നോക്കാൻ സർക്കാർ തയ്യാറാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളത്തിൽ കായിക മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വലിയ മുന്നേറ്റം കാഴ്ചവയ്ക്കാൻ സാധിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കായിക രംഗത്ത് ജോലി നൽകുന്ന കാര്യത്തിലുൾപ്പെടെ പ്രതിജ്ഞബദ്ധമായ നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. എന്നാൽ കായിക പ്രോത്സാഹനത്തിനും പരിശീലനത്തിനും പലസ്ഥലത്തും സൗകര്യമില്ലാത്ത സാഹചര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ സഹായം തേടാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിൽ ഏകദേശം 950-ഓളം സ്വകാര്യ ടർഫുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് പരിശോധനയിൽ വ്യക്തമായത്. കേരളത്തിൽ ഫുട്ബോൾ അടക്കമുള്ള സ്വകാര്യ അക്കാഡമികൾ ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ കായികക്ഷമത പദ്ധതിയുമായി മുന്നോട്ടുപോകുമ്പോൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ സഹായം നമ്മൾ തേടുകയാണ്. അവരെക്കൂടി ചേർത്തുകൊണ്ടാണ് ഈ പദ്ധതി തയ്യാറാക്കാൻ ആഗ്രഹിക്കുന്നത്. കേരളത്തിൽ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ കൂടി വരുമ്പോൾ അങ്ങയുടെ ചോദ്യത്തിന് കൃത്യമായ ഉത്തരം ലഭിക്കുമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. മാണി സി. കാപ്പൻ: സർ, സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികളുടെ എണ്ണം കുറച്ചിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ സ്പോർട്സ് ഹോസ്റ്റലുകളിൽ ഇത്തവണ ഏറ്റവും കഴിവുള്ള കുട്ടികളെ മാത്രമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. മുൻകാലങ്ങളിലേതുപോലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുട്ടികളെ ഇത്തവണ അഡ്മിറ്റ് ചെയ്തില്ല. കുറച്ചുകുട്ടികളാണെങ്കിലും അവരെ നല്ല രീതിയിൽ

പരിശീലിപ്പിക്കുവാനും, പരിശീലകർക്ക് ആവശ്യമായ പരിശീലനം നൽകാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജി. വി. രാജ സ്പോർട്സ് സ്കൂളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പത്രത്തിൽ വരുന്നുണ്ട്. അത്തരം സ്പോർട്സ് സ്കൂളുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, നമുക്ക് വേണ്ടത് കായിക വിദ്യാഭ്യാസമാണ്. കായിക അവബോധവും കായിക സംസ്കാരവും ഉണ്ടാകുമ്പോഴേ കായിക താരങ്ങൾ ഉണ്ടാകുകയുള്ളൂ. അതിനാൽ ഒരു പഞ്ചായത്തിൽ 400 മീറ്റർ ട്രാക്കും ഫുട്ബോൾ ഗ്രൗണ്ടും വോളിബോൾ ഫീൽഡും സിമ്മിംഗ് പൂളും കുളങ്ങളും പാർക്കുകളും ഉൾപ്പെടുന്നതരത്തിലേയ്ക്ക് ഒരു മാറ്റം അനിവാര്യമാണ്. അതിന് സാധിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിലെ കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ആയിരം കോടി രൂപയിലധികമാണ് ചെലവഴിച്ചിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പലതും പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ സ്വകാര്യ മേഖലയിൽ നല്ല രീതിയിലുള്ള സംരംഭങ്ങൾ കടന്നുവരുന്നുണ്ട്. ഇതുകൂടി ചേർത്താൽ അങ്ങ് പറയുന്നതുപോലെതന്നെ കേരളത്തിന്റെ കായിക മുന്നേറ്റം ശക്തമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. പി. എ. മജീദ്: സർ, നീന്തൽ പരിശീലനം കഴിഞ്ഞ കുട്ടികൾക്ക് ബോണസ് മാർക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണ പഞ്ചായത്തിൽ നിന്നാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. ഇത്തവണത്തെ പ്ലസ് വൺ സീറ്റിലെ അഡ്മിഷന് ബോണസ് മാർക്കിനുവേണ്ടിയുള്ള സർട്ടിഫിക്കറ്റ് ജില്ലാ സ്പോർട്സ് കൗൺസിൽ നൽകണമെന്നാണ് പറയുന്നത്. ഇതുമായി ബന്ധപ്പെട്ട് ധാരാളം കുട്ടികൾ അപേക്ഷയുമായി സ്പോർട്സ് കൗൺസിലിനുമുമ്പിൽവന്ന് തിരക്കും ബഹളവുമായിരുന്നു. കുട്ടികൾ നൽകുന്ന അപേക്ഷ സ്വീകരിച്ച് സർട്ടിഫിക്കറ്റ് നൽകും. എന്നാൽ ഈ കുട്ടികൾക്ക് നീന്തൽ അറിയാമോയെന്ന കാര്യത്തിൽ യാതൊരു വിവരവും ഇല്ല. ആര് അപേക്ഷിച്ചാലും അവർക്കൊക്കെ സർട്ടിഫിക്കറ്റ് നൽകണോ? എന്തെങ്കിലും അപകടംപറ്റി കുട്ടികൾ മരിച്ചാൽ അവരെ രക്ഷിക്കുന്നതിന് നീന്തൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളൊന്നുമില്ലാത്ത സ്ഥിതിയാണ്. മുൻപാണെങ്കിൽ എല്ലാ വീട്ടുവളപ്പിലും കുളമുണ്ടായിരുന്നു, ആളുകൾക്ക് നീന്താൻ സൗകര്യമുണ്ടായിരുന്നു. അതുകൊണ്ട് ഇങ്ങനെ അപേക്ഷ നൽകുന്ന കുട്ടികൾക്ക് നീന്തൽ അറിയാമെന്ന് വ്യക്തത വരുത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വളരെ പ്രസക്തമായ ചോദ്യമാണ് അങ്ങ് മുന്നോട്ടുവച്ചത്. പ്ലസ് വൺ അഡ്മിഷൻ കാലത്ത് പഞ്ചായത്തുകൾക്കും സ്പോർട്സ് കൗൺസിലിനുമുമ്പിലും വലിയ ക്യൂവാണ് അനുഭവപ്പെടുന്നത്. ആരെങ്കിലും വിളിച്ചു പറഞ്ഞാൽ സർട്ടിഫിക്കറ്റ് എഴുതി കൊടുക്കുന്ന സമ്പ്രദായം നിലനിൽക്കുന്നുണ്ട്. ഇതിന് മാറ്റം വരുത്തുന്നതിന് സംസ്ഥാനത്തെ മുഴുവൻ കായിക സർട്ടിഫിക്കറ്റുകളും ഓൺലൈൻ വഴി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും കുട്ടി ഏതെങ്കിലും കായികയിനത്തിൽ പരിശീലനം നടത്തുകയോ അതോടൊപ്പം സ്റ്റേറ്റ് തലം വരെ ഏതെങ്കിലും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഓൺലൈനിലൂടെ മാത്രമേ ഇനി നൽകുകയുള്ളൂ. നീന്തലായാലും സ്പോർട്സ് അസോസിയേഷന് കീഴിലുള്ള മറ്റു സ്പോർട്സ് ഇനങ്ങളിലായാലും അവസാനവട്ടത്തെ സർട്ടിഫിക്കറ്റ് നൽകുന്നത് സ്പോർട്സ് കൗൺസിലിന്റെ പേരിൽ മാത്രമായിരിക്കും. അതത് സ്പോർട്സ് അസോസിയേഷനുകൾക്ക് ശിപാർശ ചെയ്ത് സ്പോർട്സ് കൗൺസിലിനെ അറിയിക്കാം. അവിടെനിന്നും ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ നൽകുന്ന രീതിയാണ് നടപ്പിലാക്കാൻ പോകുന്നത്. അടുത്ത അക്കാഡമിക് വർഷം മുതൽ നീന്തലിന്റെ കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരിയിൽ നീന്തൽ അക്കാഡമി സ്ഥാപിക്കുന്നതിന് ഒളിമ്പ്യൻ സെബാസ്റ്റ്യൻ സേവ്യർ അപേക്ഷ നൽകിയിരുന്നു. അത് അദ്ദേഹത്തിന്റെ സ്വന്തം ചെലവിൽ ആരംഭിക്കാനാണ് ആലോചിച്ചിരിക്കുന്നത്. അക്കാര്യം പരിഗണിച്ചുകൊണ്ട് പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വളരെ സ്വാഗതാർഹമാണ്, ഇത്തരത്തിലുള്ള സ്വകാര്യ മേഖലയുടെ നിക്ഷേപം കൂടി നമ്മൾ ഈ രംഗത്ത് പ്രതീക്ഷിക്കുകയാണ്. അങ്ങ് പറഞ്ഞ കാര്യത്തിൽ സർക്കാർ നടപടികളുമായി മുന്നോട്ടുപോകുകയാണ്. അതുമായി ബന്ധപ്പെട്ട് അടുത്ത ദിവസം തന്നെ ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മൂന്ന് വർഷങ്ങൾക്കുമുൻപ് എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു നീന്തൽകുളം എന്ന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചെങ്കിലും എന്റെ മണ്ഡലത്തിൽ നടപ്പിലായിട്ടില്ല, മറ്റ് മണ്ഡലങ്ങളിൽ നടപ്പിലായിട്ടുണ്ടോയെന്ന് എനിക്കറിയില്ല. എല്ലാ വിദ്യാലയങ്ങളിലും നീന്തൽക്കുളം ഉണ്ടാക്കുക എന്നത് സ്വാഭാവികമായും സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നതുകൊണ്ട് സാധിക്കുന്ന കാര്യമല്ല. നമ്മുടെ പഞ്ചായത്തുകളിലുള്ള കുളങ്ങളിലും ചെറിയ ചെറിയ

തടാകങ്ങളിലുമൊക്കെ വേണമെങ്കിൽ നീന്തൽ പരിശീലന പദ്ധതി ആവിഷ്കരിക്കാൻ നമുക്ക് സാധിക്കും. ഫയർഫോഴ്സുമായി ബന്ധപ്പെട്ട് നീന്തൽ പരിശീലകന്മാരുണ്ട്. അത്തരത്തിൽ ഫയർഫോഴ്സും സർക്കാരിന്റെ ഈ പദ്ധതിയും തമ്മിൽ സംയോജിപ്പിച്ചുകഴിഞ്ഞാൽ എല്ലാ പഞ്ചായത്തിലും ഒരുപാട് നീന്തൽ പരിശീലന കേന്ദ്രങ്ങളുണ്ടാക്കാൻ സാധിക്കും. മുല്ലപ്പെരിയാർ പ്രശ്നങ്ങൾ, പ്രളയം ഒക്കെയുണ്ടാകുന്ന സാഹചര്യത്തിൽ നമുക്ക് ഇത് വളരെ പ്രയോജനകരമായ കാര്യമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറാണോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ കാര്യവുമായി ബന്ധപ്പെട്ട് ഞാൻ ആദ്യമേ ഉത്തരം പറഞ്ഞുകഴിഞ്ഞതാണ്. പഞ്ചായത്തുതലങ്ങളിലെല്ലാം സ്പോർട്സ് കൗൺസിൽ നിലവിൽ വരുമ്പോൾ അതത് പഞ്ചായത്തുകളിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുതന്നെ സ്വിമ്മിംഗ് പൂളുകൾ നിർമ്മിക്കുന്നതിനപ്പുറം നമ്മുടെ സ്വകാര്യ സ്ഥലങ്ങളിലും പൊതുസ്ഥലങ്ങളിലുമുള്ള കുളങ്ങൾ സംരക്ഷിച്ച് അതിനെ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. തീർച്ചയായും അങ്ങയുടെ ഈ അഭിപ്രായം സ്വാഗതാർഹമാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, നീന്തൽ പരിശീലനം കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇത്തരമൊരു ഘട്ടത്തിൽ എല്ലാ സ്കൂളുകളിലും നീന്തൽ കുളങ്ങൾ ആരംഭിക്കുക എന്നുള്ളത് പ്രയോഗികമല്ല. നിരവധി മുസ്ലീം പള്ളികളിലും അമ്പലങ്ങളിലും അതുപോലെതന്നെ പഞ്ചായത്തിന്റെ കൈവശവും നീന്തൽക്കുളങ്ങളുണ്ട്. ഗവൺമെന്റ് മുൻകൈ എടുത്തുകൊണ്ട് ഇത്തരം നീന്തൽക്കുളങ്ങളിൽക്കൂടി പരിശീലനം കൊടുക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കഴിഞ്ഞ ചോദ്യത്തിന്റെ ഉത്തരമായി പറഞ്ഞതാണ്. ഇവിടെ പരിശീലകരോ ബന്ധപ്പെട്ട ആളുകളോ ഇല്ലാതെ കുട്ടികളെ നീന്തൽ പരിശീലനത്തിന് അയച്ചാൽ അപകട സാധ്യത കൂടും. അതുകൊണ്ടാണ് റിസോഴ്സ് പേഴ്സന്റെ കാര്യം ഞാൻ പറഞ്ഞത്. അതോടൊപ്പംതന്നെ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ നിലവിൽവന്നാലുള്ള പ്രയോജനവും പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് പ്രാദേശികമായി സന്നദ്ധ പ്രവർത്തകരെ ഉപയോഗിക്കുന്ന കാര്യങ്ങൾക്കൂടി ഞങ്ങൾ ആലോചിച്ചുവരികയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, നീന്തൽ പരിശീലനം ഇന്ന് ജീവൻരക്ഷാ ഉപാധികൂടിയായി മാറിവരികയാണ്. നിരവധി ആളുകൾ, സൗത്ത് ഏഷ്യൻ ഗെയിംസിൽ നീന്തലിൽ വെള്ളി നേടിയിട്ടുള്ള ശ്രീ. പി. പത്മനാഭനും അദ്ദേഹമുൾപ്പെടുന്ന ഒരു സംഘവും 400-ലേറെ കുട്ടികൾക്ക് നീന്തൽ പരിശീലനം

നൽകിയ അനുഭവം ഈയിടെ പങ്കുവയ്ക്കുകയുണ്ടായി. എന്റെ മണ്ഡലത്തിൽ കർണ്ണാടക വനത്തിനോട് ചേർന്നനിൽക്കുന്ന കോഴിച്ചാൽ ഹയർ സെക്കണ്ടറി സ്കൂൾ കഴിഞ്ഞ മത്സരങ്ങളിൽ സംസ്ഥാന അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മെഡലുകൾ നേടിയിട്ടുള്ള സ്കൂളാണ്. അവിടെ കുത്തൊഴുക്കുള്ള പുഴയിലാണ് മഴക്കാലത്ത് പരിശീലനം നൽകുന്നത്. വേനൽക്കാലമാകുമ്പോൾ ആ പുഴയൊക്കെ വറ്റിവരണ്ടുപോകും. ഇത്തരം സ്കൂളുകളിലൊക്കെ പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതോടൊപ്പംതന്നെ സേവന സന്നദ്ധരായി ഈ പരിശീലനത്തിലേയ്ക്ക് വരുന്ന കോച്ചുകൾക്ക് ഏതെങ്കിലും നിലയിൽ അംഗീകാരം നൽകുന്നതിനുവേണ്ടിയുമുള്ള ഒരു പദ്ധതി സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇപ്പോൾത്തന്നെ സ്പോർട്സ് ഡയറക്ടറേറ്റിന്റെ കീഴിൽ നിരവധി പരിശീലകരുണ്ട്. ഇനിയും പുതിയ അവസരങ്ങൾ വരികയാണ്. ഇവിടെ ഓരോ പഞ്ചായത്തിന്റെയും കണക്ക് എടുക്കുകയാണെങ്കിൽ ഓരോ ഇനത്തിലും ഏകദേശം 5000-ത്തോളം പരിശീലകർ ആവശ്യമായിവരും. ഇത്രയും വലിയൊരു രീതിയിൽ ഇപ്പോൾ നമുക്ക് പോകാൻ ബുദ്ധിമുട്ടുണ്ട്. അതിനാണ് ഞാൻ പറഞ്ഞത്, റിസോഴ്സ് പേഴ്സൺ പോലുള്ള കാര്യങ്ങൾ ആലോചിച്ചുവരികയാണ്. അങ്ങ് പറഞ്ഞതുപോലെതന്നെ സന്നദ്ധ പ്രവർത്തകരെ ഇതിന് ഉപയോഗിക്കാൻ ശ്രമിക്കും, ആ രീതിയിൽ മാത്രമേ ഈ സമയത്ത് നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. ജെ. വിനോദ്: സർ, സുരക്ഷിതവും വൃത്തിയും വെടിപ്പും അതുപോലെതന്നെ മികച്ച പരിശീലകരും ലൈഫ് ഗാർഡുകളും ഒരു സ്വിമ്മിംഗ് പൂളിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് ഇന്ന് പ്രവർത്തിക്കുന്ന എല്ലാ സ്വിമ്മിംഗ് പൂളുകൾക്കും ഇത്തരം പ്രവർത്തനങ്ങൾ ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതാണ്. എന്റെ ചോദ്യം, സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 12 പരിശീലകരാണ് സ്വിമ്മിംഗിനുള്ളത്. അതിൽ 7 പേരും തിരുവനന്തപുരം ജില്ലയിൽതന്നെയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്പോർട്സ് കൗൺസിലിന്റെ പരിശീലകരെ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സർക്കാർ പുതുതായി ആരംഭിക്കുന്ന അല്ലെങ്കിൽ പണി നടക്കുന്ന സ്വിമ്മിംഗ് പൂളുകളിൽ കൃത്യമായുള്ള പരിശീലനവും മറ്റുള്ള നടപടികളുമുണ്ടാകും. ഇവിടെ സ്പോർട്സ് കൗൺസിലിൽ അത്രയേ പരിശീലകരുള്ളൂ എങ്കിലും നമ്മൾ പുതുതായി നിർമ്മിക്കുന്ന എല്ലാ പൂളുകളിലും അതിനാവശ്യമായ പരിശീലകരുണ്ടാകും എന്നുതന്നെയാണ് അറിയിക്കാനുള്ളത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാഞ്ഞിരപ്പള്ളി കുന്നംഭാഗത്ത് കിഫ്ബിയുടെ സഹായത്തോടെ അവിടത്തെ ഗവൺമെന്റ് വക സ്കൂളിൽ അഞ്ചേക്കർ സ്ഥലത്ത് അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ ഗവൺമെന്റിനുമുൻപിൽ നേരത്തെതന്നെയുള്ളതാണ്. ഇപ്പോൾ അതുമായി ബന്ധപ്പെട്ടിട്ടുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണ്. കാഞ്ഞിരപ്പള്ളിയുടെ കായിക മേഖലയ്ക്ക് ഏറെ ഉത്തേജനം നൽകാൻ കഴിയുന്ന ഒരു ബൃഹത്തായ പ്രോജക്ടാണത്. അതിൽ അടിയന്തര നടപടി സ്വീകരിക്കണം. അത് എപ്പോഴത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയും എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ effort ഞങ്ങൾ മനസ്സിലാക്കുകയാണ്. അങ്ങ് ഈ കാര്യത്തിനുവേണ്ടി നിരവധി തവണ ചർച്ചകൾ നടത്തിയതാണ്. തീർച്ചയായും അങ്ങ് ഉദ്ദേശിക്കുന്നതുപോലെ ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുമായി ബന്ധപ്പെട്ട ഫയലുകൾ മുന്നോട്ടുപോകുകയാണ്. പരിശോധിച്ച് അതിന്റെ ഡി.പി.ആർ. അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് നമ്മൾ പോകുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, സ്പോർട്സ് ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ഏതൊക്കെ ടൂറിസം കേന്ദ്രങ്ങളാണ് സ്പോർട്സ് ടൂറിസത്തിന് തെരഞ്ഞെടുത്തിട്ടുള്ളത ?.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഇത് ചോദ്യവുമായി നേരിട്ട് ബന്ധപ്പെട്ട ഉപചോദ്യമല്ല.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിൽ ഏറ്റവും സാധ്യതയുള്ള ഒരു കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. കേരളത്തിലെ ടൂറിസം സെന്ററുകൾ സ്പോർട്സുമായി യോജിപ്പിക്കുന്ന പദ്ധതികൾ നമ്മൾ ആലോചിച്ചുവരികയാണ്. ബഹുമാനപ്പെട്ട ജോർജ്ജ് കുളങ്ങര, ടൂറിസം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് അടക്കമുള്ളവരുമായി ഈ കാര്യങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ട്. അതോടൊപ്പംതന്നെ ടൂറിസം കേന്ദ്രങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ നടന്നുവരികയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, നീന്തൽ പരിശീലനം ലഭിക്കാത്തതുകൊണ്ട് നമ്മുടെ കുട്ടികൾ പലയിടങ്ങളിലും കുഴികളിലും നദികളിലുമൊക്കെ വീണ് മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. നാല് ദിവസം മുൻപാണ് എന്റെ മണ്ഡലത്തിലെ വള്ളുവമ്പ്രത്ത് ഒരു ചെങ്കൽ ക്വാറിയിലെ കുഴിയിൽ വീണ് 11 വയസ്സും 4 വയസ്സുമുള്ള രണ്ട് കുട്ടികൾ മരണപ്പെട്ടത്. ബഹുമാനപ്പെട്ട മന്ത്രി അഹമ്മദ് ദേവർകോവിലും

ഞാനും എം.പി. ഡോ. എം. പി. അബ്ദുസ്സമദ് സമദാനി സാഹിബുമൊക്കെ അവിടെ സന്ദർശിച്ചിരുന്നു. അപ്പോൾ ഇത്തരം സംഭവങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നത് കൂടുതൽ നീന്തൽ കുളങ്ങൾ ഗ്രാമങ്ങളിലുണ്ടാക്കി കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകണമെന്നാണ്. നീന്തൽ പരിശീലനം ലഭിക്കാത്തതുകൊണ്ടാണ് അത്തരം അപകടങ്ങളുണ്ടാകുന്നത്. അത് ഒഴിവാക്കാനും കൂടുതൽ ഗ്രാമങ്ങളിൽ നീന്തൽ കുളങ്ങൾ നിർമ്മിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അങ്ങയുടെ ചോദ്യം പ്രസക്തമാണ്, ഞാൻ അതിന് മറുപടി പറഞ്ഞതാണ്. ഞങ്ങളൊക്കെ നീന്തൽ പഠിച്ചത് ഒരു പരിശീലകനെയും വച്ചിട്ടല്ല. തോടുകളിലും കുളങ്ങളിലും നീന്തി പരിശീലിച്ചതാണ്. ഇവിടെയിരിക്കുന്ന ഭൂരിപക്ഷം എം.എൽ.എ.-മാർക്കും അത്തരത്തിലുള്ള അനുഭവങ്ങളുണ്ടാകും. എല്ലാ പഞ്ചായത്തുകളിലും പരിശീലകരെ വയ്ക്കുന്നത് പ്രായോഗികമാണോ എന്ന് അങ്ങ് തന്നെയാണ് പരിശോധിക്കേണ്ടത്. ഏതായാലും ആ കുട്ടികളുടെ മരണത്തിൽ ഞങ്ങളൊക്കെ ദുഃഖിക്കുന്നുണ്ട്. അതോടൊപ്പംതന്നെ കഴിഞ്ഞ ദിവസം പുഴയിൽ സംഭവിച്ച അപകടം മലപ്പുറം ജില്ലയിൽതന്നെയുണ്ടായി. അത്തരം കാര്യങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമോ അത് മുഴുവൻ സ്വീകരിക്കാൻ തയ്യാറാണ്.

**അനുയാത്ര, ശ്രുതിതരംഗം, ധ്വനി പദ്ധതികൾ**

2 (*422) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച അനുയാത്ര പദ്ധതിയുടെ ഭാഗമായി വൈകല്യങ്ങൾ എത്രയും നേരത്തേ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി തുടർന്നുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) അഞ്ച് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ശ്രവണ വൈകല്യം മാറ്റിയെടുക്കുന്നതിന് ആവിഷ്കരിച്ച ശ്രുതിതരംഗം, ധ്വനി പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ മുഖേന നിലവിൽ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത്; വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാമിഷൻ " അനുയാത്ര" എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി 2017 മുതൽ നടപ്പാക്കിവരുന്നു. ഘട്ടംഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് ആദ്യ ഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.*

(ബി) അഞ്ച് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ശ്രവണ വൈകല്യം മാറ്റിയെടുക്കുന്നതിന് ആവിഷ്കരിച്ച ശ്രുതിതരംഗം പദ്ധതി Social Audit നടത്തുന്നതിന് NISH-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധ്വനി പദ്ധതി വിലയിരുത്തിയിട്ടില്ല. ശ്രുതിതരംഗം പദ്ധതി പ്രകാരം സംസ്ഥാനത്തെ 5 വയസ്സുവരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ടി പദ്ധതി പ്രകാരം നാളിതുവരെ 1196 സർജറികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി കഴിഞ്ഞ കുട്ടികൾക്ക് സർജറിക്കുശേഷം ആനുകൂല്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന അനുബന്ധ പദ്ധതിയാണ് ധ്വനി. ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനുമുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ടി പദ്ധതിയിലൂടെ 104 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, നമ്മുടെ സമൂഹവും കുടുംബവും ഭിന്നശേഷിയുടെ കാര്യത്തിൽ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ഓട്ടിസം എന്നത്. ഓട്ടിസം ബാധിച്ച കുട്ടികളെ പുനരധിവസിപ്പിക്കാൻ തൃശ്ശൂർ കേന്ദ്രീകരിച്ച് ഒരു റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്ററുണ്ട്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ചില റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

എങ്കിലും വ്യാപകമായി ഓട്ടിസം ബാധിച്ച കുട്ടികളുണ്ട്. ഓട്ടിസം ബാധിച്ച ഒരു കുട്ടിയുണ്ടെങ്കിൽ ആ കുടുംബത്തിന്റെ താളം പിഴയ്ക്കുകയാണ്. ഇതിന് എല്ലാ ജില്ലകളിലും വ്യാപകമായി റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്ററുകളും ട്രീറ്റ്മെന്റ് സെന്ററുകളും തുടങ്ങാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ; അത് ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച ഓട്ടിസം ബാധിച്ച കുട്ടികളുടെ റീഹാബിലിറ്റേഷനുമായി ബന്ധപ്പെട്ട് കേരള സാമൂഹിക സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ 2018-19 മുതൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി സ്പെക്ട്രം എന്ന പദ്ധതിയിലൂടെ ഒട്ടേറെ സഹായങ്ങൾ ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി തുടങ്ങിയ സംസ്ഥാനത്തെ ആറ് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുകയും ഇതിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, സാമൂഹ്യനീതി വകുപ്പിന്റെയും സാമൂഹ്യ സുരക്ഷാ മിഷന്റെയുമൊക്കെ നേതൃത്വത്തിൽ കഴിഞ്ഞ സർക്കാരും ഈ സർക്കാരും ഒട്ടേറെ ഭിന്നശേഷി സൗഹൃദ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അത് അഭിനന്ദനാർഹവുമാണ്. എന്നാൽ ഇത് യഥാർത്ഥ ഗുണഭോക്താക്കളുടെ പക്കൽ എത്തുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഒരു ബോധവൽക്കരണ പരിപാടി തുടങ്ങാൻ കഴിഞ്ഞാൽ അത് നന്നായിരിക്കും. അതിന് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അവയർനെസ് ക്യാമ്പുകൾ വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. വിവിധ സാമൂഹ്യക്ഷേമ സംഘടനകളും ഇക്കാര്യത്തിൽ വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നുണ്ട്. അവയർനെസ്സിന്റെ കുറവ് എവിടെയെങ്കിലുമുണ്ടെങ്കിൽ പ്രത്യേകമായി അത് കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. നന്ദകുമാർ: സർ, ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സർക്കാരിന്റെ ഇടപെടലുകളെ അഭിനന്ദിക്കുകയാണ്. കേൾവി വൈകല്യം എത്രയും വേഗം കണ്ടെത്തുന്നതിനുള്ള സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ, പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റുകൾ എന്നിവ കോസ്റ്റൽ മേഖലയിലെ താലൂക്കാശുപത്രിയിൽ സ്ഥാപിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ ഏകദേശം 62 ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇനി എവിടെയെങ്കിലും സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, തൃശ്ശൂർ പട്ടണത്തിലെ ജില്ലാ ആശുപത്രിയോട് ചേർന്ന് നിലവിൽ പ്രവർത്തിച്ചുവരുന്ന നവജാതശിശുക്കളിലുണ്ടാകുന്ന വൈകല്യങ്ങൾക്കുള്ള ചികിത്സാ പരിചരണ കേന്ദ്രമായ District Early Intervention Centre അവിടെനിന്നും മാറ്റുന്നതിന് ആലോചനയുണ്ടെന്ന് അറിയുന്നു. 13 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ ജനങ്ങൾക്കും പ്രത്യേകിച്ച് നവജാതശിശുക്കളെയുംകൊണ്ട് യാത്ര ചെയ്യേണ്ടി വരുന്ന രക്ഷിതാക്കൾക്കും വേഗം എത്തിച്ചേരാൻ കഴിയുന്നവിധത്തിൽ തൃശ്ശൂർ ജില്ലാ ആശുപത്രിയോട് ചേർന്നുതന്നെ ഈ സെന്റർ നിലനിർത്താൻ കഴിയുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും ഇത്തരം സെന്റർ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം മാറ്റിക്കൊണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് അവിടെത്തന്നെ നിലനിൽക്കുന്നതാണ് നല്ലത്. എല്ലാ താലൂക്കാശുപത്രികളും കേന്ദ്രീകരിച്ചുകൊണ്ട് പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. ഞാൻ നേരത്തേ പറഞ്ഞതുപോലെ 62-ഓളം ആശുപത്രികളിൽ നിലവിൽ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, ജന്മനാ കേൾവിക്കുറവുള്ള കുട്ടികളെ കണ്ടെത്താൻ അവരുടെ ഇമോഷൻസ് ശ്രദ്ധിച്ചാൽ മനസ്സിലാകും. ജനിച്ച് ഒരു മാസത്തിനകം തന്നെ സ്ക്രീനിംഗ് നടത്തിയാൽ മാത്രമേ ഗുണമുണ്ടാവുകയുള്ളൂ. അതിനാൽ Early Intervention Centre-കളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ? പോണ്ടിച്ചേരി-ജിപ്മെർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ ഇതിനായി സ്പീച്ച് തെറാപ്പി പോലുള്ള പ്രത്യേക കോഴ്സുകൾ നടത്തുന്നുണ്ട്. കുട്ടികൾക്ക് എന്തെങ്കിലും അസുഖം ബാധിച്ച് അവിടെ ചികിത്സയ്ക്കുപോയാൽ ധനസഹായം അനുവദിക്കാൻ കഴിയുമോ; ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനായി സ്പെഷ്യൽ അങ്കണവാടികൾ സ്ഥാപിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇത്തരം അങ്കണവാടികൾക്ക് പ്രത്യേകം മാതൃക നിഷ്കർഷിച്ചിട്ടുണ്ടോ; ഇവിടെ നിയമിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം പ്രധാനമായും രണ്ട് ചോദ്യമാണ് ചോദിച്ചിരിക്കുന്നത്. ഒന്ന്, Early Intervention Centre-കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോ എന്നതാണ്. ഇവിടെ റീജിയണൽ ലെവലിൽ

Early Intervention Centre-കൾ പ്രവർത്തിക്കുന്നുണ്ട്. ഞാൻ നേരത്തേ പറഞ്ഞതുപോലെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലാണ് ഇത്തരം സെന്ററുകൾ പ്രവർത്തിക്കുന്നത്. അതുപോലെ 14 ജില്ലാ കേന്ദ്രങ്ങളിലും Early Intervention കേന്ദ്രങ്ങളുണ്ട്. അതുകൂടാതെ Mobile Intervention യൂണിറ്റുകൾ 25 എണ്ണം പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾ ജനിക്കുന്ന സന്ദർഭത്തിൽത്തന്നെ വൈകല്യങ്ങൾ കണ്ടെത്തി ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇവിടെ ബഹുമാനപ്പെട്ട അംഗം മറ്റൊരു കാര്യം ചോദിച്ചത്, അങ്കണവാടികളെ പ്രത്യേകമായി ഇതിനായി സജ്ജമാക്കുമോ എന്നുള്ളതാണ്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ICDS പദ്ധതിയുടെ കീഴിൽവരുന്ന ഓരോ പ്രോജക്ടിന്റെ കീഴിലും മൂന്ന് അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ICDS-ന്റെ കീഴിൽ നേരിട്ട് ഒരു സ്പെഷ്യൽ അങ്കണവാടിയും രണ്ട് സാറ്റലൈറ്റ് അങ്കണവാടിയും പ്രവർത്തിക്കുന്നു. നല്ല രീതിയിലുള്ള സേവനവും സഹായവും അവർക്ക് ചെയ്തുകൊടുക്കുന്നുണ്ട്. അങ്കണവാടിയിൽ പഠിക്കുന്ന വൈകല്യമുള്ള കുട്ടികളെ പഠിപ്പിച്ച് സ്കൂളിൽ എത്തിക്കുക എന്ന പരിപാടിയാണ് ഇതുവഴി നടപ്പിലാക്കുന്നത്. ഏകദേശം 374 കുട്ടികളെ സാധാരണ സ്കൂളിലേയ്ക്ക് എത്തിക്കാൻ ഈ പരിശീലന പരിപാടികൊണ്ട് സാധിച്ചിട്ടുണ്ട്. പ്രീ-സ്കൂൾ പ്രായത്തിലുള്ള 110 കുട്ടികൾക്കാണ് ഇതുവരെ പരിശീലനം കൊടുത്തത്. അതിൽ 374 കുട്ടികളെ സാധാരണ സ്കൂളിൽ ചേർത്ത് പഠിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാർ ആവിഷ്കരിച്ച ലോകശ്രദ്ധ ആകർഷിച്ച ഒരു പദ്ധതിയാണ് ശ്രുതിതരംഗം. 'അമ്മേ' എന്ന് വിളിക്കാൻ കഴിയാത്ത, അമ്മയുടെ വിളി കേൾക്കാൻ കഴിയാത്ത കുഞ്ഞുങ്ങളെ ശബ്ദമുള്ള ലോകത്തേയ്ക്ക് കൈപിടിച്ച് കൊണ്ടുവരാനാണ് ടി പദ്ധതി ആവിഷ്കരിച്ചത്. ഇവിടെ പറഞ്ഞതുപോലെ 5 വയസ്സിനുള്ളിലാണ് കോക്ലിയർ ഇംപ്ലാന്റ് ചെയ്യേണ്ടത്. പക്ഷേ, കോവിഡിന്റെ മറവിൽ ഒന്നര വർഷക്കാലം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കോക്ലിയർ ഇംപ്ലാന്റേഷൻ നടന്നിട്ടില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ പുറത്തുപോയി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയവരുണ്ട്. 5 വയസ്സുവരെയാണ് ഇംപ്ലാന്റ് ചെയ്യേണ്ടതെങ്കിലും മൂന്ന്-മൂന്നര വയസ്സിനുള്ളിൽ അത് ചെയ്തില്ലെങ്കിൽ മറ്റ് പല സൈഡ് എഫക്ടുകളുമുണ്ടാകും. ഒന്നര വർഷക്കാലം സർജറി നടത്താത്തത് വളരെ ഗുരുതരമായ പിഴവാണ്. ഇനി അത് ആവർത്തിക്കാതിരിക്കുന്നതിനും പുറത്ത് സ്വകാര്യ ആശുപത്രികളിൽ സർജറി നടത്തിയവർക്ക് അത് റീ-ഇംപേഴ്സ് ചെയ്യുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് കോവിഡ് പീരീഡിൽ ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയിട്ടില്ലെന്നാണ്. അതുസംബന്ധിച്ച കൃത്യമായ കണക്ക് എന്റെ പക്കലില്ല. അത് പരിശോധിക്കുന്നതാണ്. കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി വിവിധ സ്ഥലങ്ങളിൽപോയി ചെയ്ത കുട്ടികൾക്ക് പിന്നീടുള്ള എല്ലാവിധ സഹായവും ചെയ്തുകൊടുക്കുന്ന പദ്ധതിയാണ് ധ്വനി. പ്രസ്തുത പദ്ധതി പ്രകാരം ഈ കുട്ടികൾക്കാവശ്യമായ എല്ലാവിധ സഹായവും ഇപ്പോൾ ചെയ്തുകൊടുക്കുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ പോയി സർജറി നടത്തിയ കുട്ടികൾക്ക് എല്ലാതരത്തിലുള്ള സഹായവും ചെയ്തുകൊടുക്കാൻ ഗവൺമെന്റ് തീർച്ചയായും ശ്രദ്ധിക്കുന്നുണ്ട്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സന്നദ്ധ സംഘടനകളും സാമൂഹ്യ സംഘടനകളും മതസംഘടനകളും ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. ഭിന്നശേഷി വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ സഹായിക്കാൻ സർക്കാരിന് പ്രത്യേക പദ്ധതിയുണ്ടോ; ബഡ്സ് സ്കൂളുകളിൽ വാഹനങ്ങളുടെ കുറവ് അനുഭവപ്പെടുന്നതിനാൽ അത് ഒഴിവാക്കാൻ എന്തെങ്കിലും ചെയ്യാനാകുമോ; കെട്ടിടങ്ങൾ നിർമ്മിച്ച് കൊടുക്കാനാകുമോ; സ്പീച്ച് തെറാപ്പി സെന്ററുകൾ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും കൊണ്ടുവരാനാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഒട്ടേറെ സന്നദ്ധ സേവന സംഘടനകൾ ഇക്കാര്യത്തിൽ മാതൃകാപരമായ നല്ല പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആ സംഘടനകൾക്കെല്ലാം സഹായകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. എല്ലാ പ്രൈമറി ഹോസ്പിറ്റലുകളിലും സ്പീച്ച് തെറാപ്പി സെന്ററുകൾ ആരംഭിക്കുക എന്നുള്ളത് പ്രായോഗികമായി പരിശോധിക്കപ്പെടേണ്ടതാണ്. ഇത്തരം സെന്ററുകൾ ഇപ്പോൾ റീജിയണൽ ലെവലിലും ജില്ലാ ലെവലിലുമുണ്ട്. കൂടാതെ മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിലടക്കം ഈ സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായും ഇത്തരത്തിലുള്ള പരിശോധനകൾ പ്രാഥമികമായ സ്ഥലങ്ങളിലടക്കം നടത്തിക്കൊടുക്കുന്നുണ്ട്. ഇനിയും എവിടെയെങ്കിലും ആവശ്യമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഭിന്നശേഷിക്കാരെന്നത് ഒരൊറ്റ വിഭാഗം മാത്രമല്ല സെറിബ്രൽ പാൾസി പോലെയുള്ള രോഗം ബാധിച്ച ആളുകൾ വ്യത്യസ്ത സ്വഭാവത്തിൽ വ്യത്യസ്ത ഭിന്നശേഷിയോടെ നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നുണ്ട്. ശാരീരികമായി വിവിധ വൈകല്യങ്ങളാണ് ഇവർ ഓരോരുത്തരും അനുഭവിക്കുന്നത്. ഭിന്നശേഷിക്കാർക്ക് സർക്കാർ അനുവദിക്കുന്ന സ്വാഭാവിക ധനസഹായങ്ങൾക്കും മറ്റ് സഹായങ്ങൾക്കുമപ്പുറം സ്വതന്ത്രമായ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കാൻ

കഴിയുന്ന അനുഭാവപൂർണ്ണമായ ഒരു നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നതാണ് പ്രധാനം. ഇന്നത്തെ പി.എസ്.സി. പരീക്ഷാ സമ്പ്രദായമനുസരിച്ച് സെറിബ്രൽ പാൾസി രോഗികളും ഭിന്നശേഷിക്കാരും ആരോഗ്യമുള്ള ആളുകളും ഒരേ രീതിയിലാണ് പരീക്ഷയെഴുതുന്നത്. പക്ഷെ ഇവർക്ക് സമ്പൂർണ്ണ ആരോഗ്യമുള്ളവരോട് മത്സരിച്ച് ജയിക്കാൻ കഴിയുന്നില്ല. അതുകൊണ്ട്, ഭിന്നശേഷി വിഭാഗക്കാർക്ക് സാധ്യമാകുന്ന പ്രത്യേക പരീക്ഷകൾ നടത്താനും അതിനനുസൃതമായ പ്രത്യേക തസ്തികകൾ സൃഷ്ടിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. ഭിന്നശേഷിക്കാരായ, ശാരീരികമായി മാത്രമല്ല മാനസികമായും വൈകല്യമുള്ളവരെ പരമാവധി സഹായിക്കുക എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. വിവിധ പരീക്ഷകളിൽ അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പ്രത്യേക പരീക്ഷകൾ നടത്തി അവരുടെ യോഗ്യത കണക്കാക്കുന്ന രീതി കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ചാണ് ഇവിടെ ചോദിച്ചത്. അത് തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ശ്രവണ വൈകല്യമുള്ള കുട്ടികളെ സംബന്ധിച്ചിടത്തോളം വളരെ മികച്ച ഒരു പദ്ധതിയാണ് 'ശ്രുതി തരംഗം'. ഇതിന്റെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞാൽ ഒരു ഹിയറിംഗ് എയ്ഡ് എന്നുള്ള നിലയ്ക്ക് അവർക്ക് സ്പീച്ച് പ്രോസസ്സർ കൊടുക്കുന്നുണ്ട്. ഇത് നല്ല വിലയുള്ള പ്രോസസ്സറാണ്. ചെറിയ കുട്ടികൾക്കാണ് ഇത് കൊടുക്കുന്നത്. ഏതെങ്കിലും തരത്തിൽ അതിനൊരു കംപ്ലയിന്റ് വരികയോ അല്ലെങ്കിൽ അതിന്റെ പാർട്സ് നഷ്ടപ്പെടുകയോ ചെയ്താൽ രണ്ടാമത് അവർക്ക് കൊടുക്കാൻ സംവിധാനമില്ല. രണ്ടാമത് അത് വാങ്ങാൻ അവർക്ക് കഴിയാറുമില്ല. അത്തരം സാഹചര്യത്തിൽ ഇത് ജനവിനായി നഷ്ടപ്പെടുകയോ അല്ലെങ്കിൽ കംപ്ലയിന്റ് വരികയോ ചെയ്താൽ അത് വീണ്ടും ഈ പ്രായപരിധിയിലുൾപ്പെടുത്തി ചെയ്തുകൊടുക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കുറഞ്ഞ നിരക്കിൽ ഭിന്നശേഷിയുള്ള ആളുകൾക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണ് National Institute of Physical Medicine and Rehabilitation Prosthetic and Orthotic center സ്ഥാപിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചത്. ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ് അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. അതിന് ഗവൺമെന്റ് 62,64,622 രൂപയും അനുവദിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ഈ സ്ഥാപനം സ്ഥാപിച്ച് ചെലവ് കുറഞ്ഞ രീതിയിൽ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2015-ലെ ഡിസെബിലിറ്റി സെൻസസ് അനുസരിച്ച് കേരളത്തിൽ 9 ലക്ഷം ഭിന്നശേഷിക്കാരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഭിന്നശേഷിക്കാരുടെ വൈകല്യങ്ങൾക്കുള്ള വിവിധ പദ്ധതി പ്രകാരമുള്ള തെറാപ്പികൾ അതാത് പഞ്ചായത്തിൽത്തന്നെ നടത്തുകയും അവർക്കുവേണ്ടി സുസ്ഥിരമായ പുനരധിവാസ പദ്ധതികൾ അവിടെ ആവിഷ്കരിക്കുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും. എനിക്ക് ചോദിക്കാനുള്ളത്, മുൻ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നൂറ് കുട്ടികളിൽ കൂടുതൽ ഭിന്നശേഷിക്കാരുള്ള സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കാൻ തീരുമാനിച്ചിരുന്നു. അതിനായി ഒരുപാട് കാര്യങ്ങളുമായി മുന്നോട്ടുപോയെങ്കിലും പൂർത്തീകരിച്ചില്ല. കുട്ടികൾക്ക് ഭിന്നശേഷിയില്ലെങ്കിൽ അവർ റെഗുലർ സ്കൂളുകളിൽ വരും. അതനുസരിച്ച് അദ്ധ്യാപകരുടെ തസ്തികകൾ അനുവദിക്കേണ്ടിവരും. ഭിന്നശേഷിക്കാരായതുകൊണ്ട് അവർ പഠിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നില്ല. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? റെഗുലർ അദ്ധ്യാപകർക്കുൾപ്പെടെ പരിശീലനം നൽകണമെന്ന സുപ്രധാനമായ ഒരു വിധി ഇതുസംബന്ധിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അദ്ദേഹം ചോദിച്ചത് രണ്ട് ചോദ്യമാണ്. ഒന്ന്, ലോക്കൽ ലെവലിൽ ഭിന്നശേഷിക്കാർക്കുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുമോയെന്നതാണ്. അതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും അല്ലെങ്കിൽ ഗ്രാന്റ്-ഇൻ-എയ്ഡിൽനിന്നും ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. മറ്റൊരു കാര്യം അദ്ദേഹം ചോദിച്ചത്, സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് ആക്കുന്നതിനെ സംബന്ധിച്ചാണ്. അത് പോളിസി ഡിസിഷനാണ്. അത് 2011 കാലഘട്ടത്തിലെടുത്തെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന് ബഹുമാനപ്പെട്ട അംഗം തന്നെ പറഞ്ഞു. കൂടുതൽ സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുക എന്ന നിലപാട് തന്നെയാണ് ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. എല്ലാ സ്കൂളുകളെയും എയ്ഡഡ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തേണ്ടതാണ്. പക്ഷെ അതിന് ഇപ്പോഴുള്ള സാമ്പത്തിക പരിമിതി ഒരു പ്രശ്നമാണ്. തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പിന് ഇക്കാര്യത്തിൽ കൂടുതലായി എന്തെങ്കിലും പറയാനുണ്ടോയെന്ന് അറിയില്ല. വിദ്യാഭ്യാസ വകുപ്പാണ് സ്പെഷ്യൽ സ്കൂളുകളുടെ കാര്യം കൈകാര്യം ചെയ്യുന്നത്. അതെല്ലാം എയ്ഡഡ് ആക്കുന്നത് സാധ്യമാണോയെന്ന് പരിശോധിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സംസ്ഥാനത്ത് നിരവധി ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സാമൂഹിക സന്നദ്ധ സംഘടനകളാണ് ഇതെല്ലാം പ്രധാനമായി നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ ചോദ്യം, ഇവിടെ പ്രവർത്തിക്കുന്ന ജീവനക്കാരുടെയും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെയും ജോലി വളരെ ക്ലേശകരമാണ്. അവർക്ക് നാമമാത്രമായ ശമ്പളമാണ് ലഭിക്കുന്നത്. മറ്റ് ജീവനക്കാർക്കും അദ്ധ്യാപകർക്കുമെല്ലാം കാര്യമായ ശമ്പളം കിട്ടുന്ന ഈ കാലത്ത്, സമൂഹത്തിൽ ഏറ്റവും കൂടുതൽ സഹാനുഭൂതി പ്രകടിപ്പിക്കേണ്ട ഈ വിഭാഗത്തിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തര ഇടപെടലുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്നവരുടെ ശമ്പളം കുറവാണെന്നാണ് അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. അവിടെ മാത്രമല്ല താഴെത്തട്ടിൽ പ്രവർത്തിക്കുന്ന പല ജീവനക്കാർക്കും ആവശ്യമായ ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നുവരുന്നുണ്ട്. തീർച്ചയായും ഗവൺമെന്റ് ആ കാര്യം അനുഭാവപൂർവ്വം തന്നെയാണ് പരിഗണിക്കുന്നത്. ഇത്തരം ജോലികളിലേർപ്പെടുന്ന ആളുകൾക്ക് ജീവിക്കാനാവശ്യമായ വേതനവും മറ്റ് സൗകര്യങ്ങളും ചെയ്തുകൊടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഭിന്നശേഷിക്കാരെ സംബന്ധിച്ച് സേവന പരിപാടികൾ വളരെ പ്രധാനപ്പെട്ടതാണ്. പക്ഷെ അവർക്ക് നൽകിയിട്ടുള്ള ഭരണഘടനാ അവകാശമായ 3 ശതമാനം റിസർവ്വേഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിൽ വലിയ ലാഗ് വന്നിട്ടുണ്ട്. അത് അവരുടെ അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. മാത്രമല്ല, കോവിഡ് കാലഘട്ടത്തിൽ ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ സമയത്ത് ലഭിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് മാസ്ക് വയ്ക്കണം. അങ്ങ് അത് ഊരി കൈയിൽ വച്ചിരിക്കുകയാണ്. അത് ലാഘവത്തിലെടുക്കരുത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തതുകൊണ്ട് അവരുടെ അവസരങ്ങൾ നഷ്ടപ്പെടുന്നുണ്ട്. ഭരണഘടന നൽകിയിട്ടുള്ള അവകാശം അവർക്ക് ഉറപ്പിച്ച് നൽകുന്നതിൽ സർക്കാരിന് വേണ്ടത്ര ശ്രദ്ധയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് എത്രയും വേഗം ലഭ്യമാക്കാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. അത്തരമൊരു പരാതി എവിടെനിന്നും വരുന്നില്ല. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം ഭരണഘടനാപരമായ 3 ശതമാനം സംവരണം അംഗപരിമിതർക്ക്

ലഭിക്കണമെന്നുള്ളതാണ്. അത് കൃത്യമായി പാലിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക താൽപ്പര്യമെടുത്ത് എല്ലാ ഡിപ്പാർട്ടുമെന്റുകളിലും 3 ശതമാനം സംവരണം നടപ്പിലാക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുറച്ച് ഡിപ്പാർട്ടുമെന്റുകളിൽ അത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, കാഴ്ച പരിമിതർക്കായി സാമൂഹിക നീതി വകുപ്പ് നടപ്പാക്കുന്ന കാഴ്ച പദ്ധതിയുടെ ഭാഗമായി സ്മാർട്ട് ഫോണുകൾ വിതരണം ചെയ്യുന്നുണ്ട്. അത് നിലവിലുണ്ടോ; സ്മാർട്ട് ഫോൺ വഴി ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കാഴ്ച പരിമിതിയുള്ള ആളുകളെ സഹായിക്കാൻവേണ്ടിയാണ് സ്മാർട്ട് ഫോൺ കൊടുക്കാൻ തീരുമാനിച്ചിരുന്നത്. അത് ഉപയോഗിച്ച് അവർ സ്വയംതൊഴിൽ കണ്ടെത്തുന്ന സ്ഥിതിപോലും ഉണ്ടായിട്ടുണ്ട്. ആ രീതിയിൽ അത് പ്രോത്സാഹിപ്പിക്കാൻവേണ്ടിയുള്ള എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിച്ച് വരുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, മറ്റ് വൈകല്യങ്ങൾപോലെ പ്രധാനമാണ് കുഞ്ഞുങ്ങളിലെ പഠന വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുക എന്നുള്ളത്. അത്തരം കുഞ്ഞുങ്ങൾക്ക് പഠനവും പരിശീലനവും നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതാണ് ഞാൻ നേരത്തെ പറഞ്ഞത്. കുട്ടികളിലുണ്ടാകുന്ന എല്ലാ വൈകല്യങ്ങളും കണ്ടെത്തുന്നതോടൊപ്പം പഠന വൈകല്യവും നേരത്തെതന്നെ കണ്ടെത്തി അതിന് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

**എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ**

3 (*423) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന്

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിർവ്വഹണത്തിനുള്ള മാനദണ്ഡങ്ങളും വിശദാംശങ്ങളും അറിയിക്കുമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 'ഒരു കളിക്കളം' എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിശദമായ മാനദണ്ഡങ്ങൾ തയ്യാറായിട്ടുണ്ട്. ഓരോ കളിക്കളത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്കുവേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ കഴിയുന്നത്ര കളിക്കളങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളിന്റെയോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകാനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എ.-മാർ നൽകുന്ന മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്. ഒരു കളിസ്ഥലത്ത് പുതിയതായി ഒരാൾക്കെങ്കിലും ജോലി നൽകാനുള്ള കാര്യംകൂടി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശ്രദ്ധിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പഞ്ചായത്തുതലത്തിൽ ഒരു സ്റ്റേഡിയം എന്ന പ്രഖ്യാപനം വളരെ നല്ലതാണ്. ആസ്തിവികസന ഫണ്ട് ഇല്ലെന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. സർക്കാർ നൽകുന്ന ഫണ്ട് സ്വീകാര്യമാണ്. പഞ്ചായത്തിലെ കളിക്കളങ്ങളുടെ സ്ഥലങ്ങളിൽ പലതിനും രൂപമാറ്റം വന്ന് ഷോപ്പിംഗ് കോംപ്ലക്സുകളായിരിക്കുന്നു. അതിനാൽ ഇവ നിർമ്മിക്കുന്നത് ഗവൺമെന്റ് സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും കോമ്പൗണ്ടിലേയ്ക്ക് മാറ്റുകയും അതിന്റെ തുടർ പരിപാലനം ഉറപ്പുവരുത്തുകയും പരിശീലനം ഏർപ്പെടുത്തുകയും വേണം. എന്റെ നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള മൂന്നോ നാലോ കളിക്കളങ്ങൾ സർക്കാരിന്റെ പണം ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. അവിടെയൊന്നും തുടർപരിപാലനവും പരിശീലനവുമില്ലാത്തതിനാൽ കാട് കയറി ഉപയോഗശൂന്യമായി സാമൂഹ്യവിരുദ്ധർ കയ്യേറിയിരിക്കുകയാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ അവിടം

സന്ദർശിക്കാം. പരിശീലകരെ നൽകാത്തതാണ് അതിന് കാരണം. അങ്ങ് പറഞ്ഞത് ഏഴ് നീന്തൽ പരിശീലകരുണ്ടെന്നാണ്. എന്നാൽ ആ ഏഴുപേരും തിരുവനന്തപുരത്താണ്, അവർക്ക് സ്ഥലം മാറ്റം പാടില്ല. നല്ല സ്വിമ്മിംഗ് പൂൾ തൃശ്ശൂരും കോഴിക്കോട്ടുമുണ്ട്. അവിടെയൊന്നും പോകാൻ ആളില്ല. അതുകൊണ്ട് ഒന്നുകിൽ പരിശീലകരെ ദിവസവേതനത്തിന് നിയമിക്കണം. അല്ലെങ്കിൽ സ്പോർട്സ് കൗൺസിലിൽ നിലവിലുള്ളവരെ സ്ഥലംമാറ്റി അങ്ങോട്ട് നിയമിക്കണം. സ്വിമ്മിംഗ് പൂളുകളുടെ എണ്ണം കുറവാണ്. നിലവിൽ പഞ്ചായത്ത് ഫണ്ട് ഒന്നും മാറ്റിവച്ചിട്ടില്ല. സ്റ്റേഡിയം വരുന്നതോടുകൂടി അതിന്റെ പരിപാലനത്തിനും പരിശീലകരെ നിയമിക്കുന്നതിനുമുള്ള ഫണ്ട് മാറ്റിവയ്ക്കാൻ പഞ്ചായത്ത് വകുപ്പുമായി ആലോചിച്ച് അങ്ങ് നടപടി സ്വീകരിക്കുമോ; ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളുടെ കോമ്പൗണ്ടിൽ സ്വിമ്മിംഗ് പൂൾപോലെതന്നെ ചില സ്ഥലത്ത് വോളിബോളായിരിക്കും ചിലയിടത്ത് ഫുട്ബോൾ ആയിരിക്കും. ഞാൻ മുമ്പ് ഈ വകുപ്പിന്റെ മന്ത്രിയായിരുന്നു. അനുഭവസ്ഥന്റെ അനുഭവമാണ് പ്രധാനം. ആരെയും വിമർശിക്കാൻവേണ്ടി പറയുന്നതല്ല. ഒരു എയ്ഡഡ് സ്കൂളിന് നൽകിയ സ്ഥലത്ത് മാത്രമാണ് കളികൾ നടക്കുന്നത്. അത് നിർമ്മിച്ചതുകൊണ്ടുമാത്രം കാര്യമില്ലെന്ന് എനിക്ക് ബോദ്ധ്യമായതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. പരിപാലനത്തിനും പരിശീലനത്തിനും പഞ്ചായത്തുമായി സഹകരിച്ച് ഒരു പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, അങ്ങ് പറഞ്ഞ രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം എന്റെ കൈവശമില്ല. എം.എൽ.എ. ഫണ്ട് ലഭിക്കുമോയെന്നതിനെ സംബന്ധിച്ച് സർക്കാരാണ് തീരുമാനമെടുക്കുന്നത്. കളിക്കളങ്ങൾ നിർമ്മിക്കുന്നത് അതത് പഞ്ചായത്തിന്റെ സമ്മതത്തോടുകൂടിയാണ്. ഈ ഗവൺമെന്റ് ഒരു രൂപയെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിന്റെ ബാദ്ധ്യത പഞ്ചായത്തുകൾ ഏറ്റെടുക്കണം. എം.എൽ.എ.-മാർ ആസ്തിവികസന ഫണ്ട് ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തവും അതത് എം.എൽ.എ.-യോ ബന്ധപ്പെട്ട ആളുകളോ ഏറ്റെടുക്കാൻ തയ്യാറാകണം. കളിക്കളം നിർമ്മിക്കുന്ന കാര്യവും കണ്ണൂരിലെയും കോട്ടയത്തെയും സ്റ്റേഡിയത്തിന്റെ കാര്യവും പറഞ്ഞു. ഇവിടങ്ങളിൽ പരിപാലനമില്ല. സംസ്ഥാനത്ത് നിർമ്മിക്കുന്ന എല്ലാ സ്റ്റേഡിയങ്ങളും പരിപാലിക്കുന്നതിനായി സ്പോർട്സ് ഫൗണ്ടേഷൻ നിലവിൽ വന്നിട്ടുണ്ട്. പഞ്ചായത്തുകളിൽ കളിക്കളം നിർമ്മിക്കുമ്പോൾ, കേരളത്തിലെ 1400-ൽ അധികം വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇത്തരത്തിലുള്ള സംവിധാനം വരുമ്പോൾ അത് പഞ്ചായത്തുകൾ ഏറ്റെടുക്കണം. അതുമായി ബന്ധപ്പെട്ട MoU ഒപ്പുവച്ചാൽ മാത്രമേ അതിനുള്ള പണം അനുവദിക്കുകയുള്ളൂ.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, പഞ്ചായത്തുതലത്തിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി കേരളോത്സവം നടന്നിരുന്നു. അതിലൂടെ ധാരാളം കായിക താരങ്ങളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കേരളോത്സവം മുടങ്ങിയിരിക്കുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ധാരാളം പ്രതിഭകളെ സൃഷ്ടിക്കാൻ പഞ്ചായത്തുതല കായികോത്സവങ്ങളിലൂടെ കഴിയുമായിരുന്നു. അതുകൊണ്ട് കേരളോത്സവങ്ങൾ പുനഃരാരംഭിച്ചുകൊണ്ട് കൃത്യമായി ടീമുകളെ രൂപീകരിക്കണം. അതിനുവേണ്ടി താലൂക്ക് തലത്തിൽ വോളിബോൾ /ഫുട്ബോൾ ടീമുകൾ രൂപീകരിക്കുക. അതിലെ നല്ല കളിക്കാരെ തെരഞ്ഞെടുത്ത് ജില്ലാതലത്തിൽ ടീം രൂപീകരിക്കുക. ജില്ലാതലത്തിൽനിന്നും കളിക്കാരെ തെരഞ്ഞെടുത്ത് സംസ്ഥാന ടീമിനെ രൂപീകരിക്കുക അങ്ങനെചെയ്താൽ ആ സംസ്ഥാന ടീമിന് ഇന്റർനാഷണൽ കളികൾ കളിക്കാനും സന്തോഷ് ട്രോഫി നേടാനും സാധിക്കും. ജനകീയ കേരളോത്സവങ്ങൾ തിരിച്ചുകൊണ്ടുവന്ന് കോളേജ് തലത്തിൽനിന്നല്ലാതെ ഗ്രാമീണ തലങ്ങളിൽനിന്നും കായിക പ്രതിഭകളെ കൊണ്ടുവന്ന് കേരള ടീമും ജില്ലാ ടീമും രൂപീകരിക്കാൻ പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട മറുപടി ഞാൻ ആദ്യത്തെ ചോദ്യത്തിന് പറഞ്ഞതാണ്. കേരളോത്സവങ്ങൾ ഇപ്പോൾ നടക്കാത്തതിന്റെ പ്രധാന കാരണം പ്രളയവും അതിനുശേഷം വന്ന കോവിഡുമാണ്. ഗ്രാമീണ കളിക്കളങ്ങൾ സജീവമാകുക, ഗ്രാമീണ മേഖലയിൽ പുതിയ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരിക - ഇതെല്ലാം ഉദ്ദേശിക്കുന്നത് കേരളത്തിലെ കായികക്ഷമത വർദ്ധിപ്പിക്കാനും പുതിയ താരങ്ങളെ കണ്ടെത്താനുമാണ്. വളരെ ചെറിയ പ്രായത്തിൽത്തന്നെ കായിക താരങ്ങളെ കണ്ടെത്തി അവരുടെ മോട്ടോറിംഗ് സംവിധാനം വിപുലപ്പെടുത്താനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട ഒരംഗം സ്പോർട്സ് സ്കൂളിന്റെ കാര്യത്തെ സംബന്ധിച്ച് ഇവിടെ ചോദിച്ചു. സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായാണ് ഇത്തവണ കുട്ടികൾ കുറഞ്ഞിട്ടുള്ളത്. അതോടൊപ്പം ബഹുമാനപ്പെട്ട മുൻമന്ത്രി സ്പോർട്സ് വകുപ്പുമായി ബന്ധപ്പെട്ട് പറഞ്ഞ പല നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. തീർച്ചയായും അക്കാര്യം പരിശോധിച്ച് വേണ്ടരീതിയിൽത്തന്നെ മുന്നോട്ടുപോകും.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, സ്പോർട്സ് & ആർട്സ് രംഗത്ത് കേരളത്തിന് വലിയ മുന്നേറ്റമാണ്. സ്പോർട്സിൽ മിടുക്കൻ പക്ഷേ പഠിത്തത്തിൽ വളരെ മോശം. അങ്ങനെയുള്ള ധാരാളം കുട്ടികളുണ്ട്. എസ്.സി./എസ്.ടി.

മേഖലയിലാണ് ഇത്തരം കുട്ടികൾ കൂടുതലുള്ളത്. അവർക്ക് കോളേജിൽ പോയി പഠിക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ സ്പോർട്സുമായി ബന്ധപ്പെട്ട ഒരു ടീമിലും അവർക്ക് വരാൻ കഴിയുന്നില്ല. മാത്രമല്ല സംസ്ഥാന തലത്തിലും ദേശീയ തലത്തിലും പോകാൻ സാധിക്കുന്നുമില്ല. ഉദാഹരണമായി, ഫുട്ബോൾ രംഗത്തെ അതികായനാണ് ശ്രീ. ഐ. എം. വിജയൻ. കലാരംഗത്ത് വളരെ മിടുക്കനായിരുന്ന കലാഭവൻ മണി. അദ്ദേഹം സ്കൂളിലൊന്നും പോയിട്ടില്ല. എന്നാൽ കലാരംഗത്ത് അദ്ദേഹം വലിയ നേട്ടം കൈവരിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. കുട്ടികൾക്ക് കളിക്കാനുള്ള അവസരങ്ങൾ പലപ്പോഴും നഷ്ടപ്പെടുകയാണ്. അവർ കോളേജുകളിൽ പഠിക്കുന്നില്ല, യൂണിവേഴ്സിറ്റിയിൽ പോകുന്നില്ല. അതിനാൽ അത്തരം കഴിവുകളുള്ള കുട്ടികൾ പാതിവഴിയിൽ പഠനവും നിർത്തി കളിയും അവസാനിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ പലരും മേസ്തിരിപ്പണിക്കും തൊഴിലുറപ്പ് പണിക്കുംമറ്റും പോകുകയാണ്. അങ്ങനെയുള്ള അവസ്ഥയിലേയ്ക്ക് കേരളത്തിലെ എസ്.സി./എസ്.ടി. കുട്ടികൾ മാറുന്നു. ഇവർക്ക് കളിച്ച് വളരുന്നതിന് ആവശ്യമായ സംവിധാനമുണ്ടാകണം. ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ചതുപോലെ പഞ്ചായത്ത്-താലൂക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ നല്ല പരിശീലനം നടത്തിയാൽ മികച്ച ടീമുകളെ ഉണ്ടാക്കാൻ കഴിയും. അത്തരത്തിലുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, എസ്.സി/എസ്.ടി. വിഭാഗവുമായി ബന്ധപ്പെട്ട ഈ വിഷയത്തിൽ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമായി നിരന്തരം ചർച്ച നടത്തിവരികയാണ്. ഏതെല്ലാം രീതിയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന കാര്യത്തിൽ ഏകദേശ ധാരണയായിട്ടുണ്ട്. ഗ്രാമീണ കളിക്കളങ്ങളെ സംബന്ധിച്ചും ഗ്രാമീണ തലത്തിൽ ചാമ്പ്യൻഷിപ്പുകൾ നടത്തുന്ന കാര്യത്തെ സംബന്ധിച്ചും കേരളത്തിലെ എല്ലാ അസോസിയേഷനുകളുമായും സർക്കാർ നിരന്തരം ചർച്ച നടത്തിവരികയാണ്. നിലവിൽ പതിനഞ്ചോളം അസോസിയേഷനുകളുമായുള്ള ചർച്ചകൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മത്സരങ്ങൾ നടത്തി കായിക താരങ്ങളെ കണ്ടെത്താനുള്ള നടപടികൾ പൂർത്തിയായിരിക്കുകയാണ്. മഴയ്ക്കുശേഷം അത്തരത്തിലുള്ള പരിപാടികൾ ആരംഭിക്കും. അതോടൊപ്പം All India Football Federation-മായി ചേർന്നുകൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഫുട്ബോൾ പരിശീലനം നടത്താനുള്ള MoU ഒപ്പുവച്ചിരിക്കുകയാണ്. കൂടാതെ, കേരളത്തിലെ അഞ്ച് ലക്ഷം വരുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് ഫുട്ബോളിൽ പ്രത്യേക പരിശീലനം നടത്താനുള്ള മറ്റൊരു MoU-ഉം സർക്കാർ ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ ഫുട്ബോൾ പരിശീലകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയും അവർക്ക് സർട്ടിഫിക്കേഷൻ

കോഴ്സ് ഏർപ്പെടുത്തുന്നതിനുവേണ്ടിയും All India Football Federation-മായി മറ്റൊരു കരാർ ഒപ്പുവച്ചു. ഇത്തരത്തിലുള്ള നിരവധി പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ മുഴുവൻ സഹകരണവും ഇതിനുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, കായിക രംഗത്ത് വലിയ പ്രാധാന്യമുണ്ടെങ്കിലും തീരെ പരിഗണന ലഭിക്കാത്ത മേഖലകളാണ് സ്പോർട്സ് മെഡിസിൻ, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് ഫിസിയോളജി, സ്പോർട്സ് ന്യൂട്രീഷൻ തുടങ്ങിയവ. ഈ മേഖലകളിൽ വേണ്ടത്ര പരിഗണന നൽകുന്നതിനും ഇവയുടെ വികസനത്തിനുംവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഗവൺമെന്റ് അത്തരത്തിൽ ചിന്തിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സ്പോർട്സ് മെഡിസിൻ, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് ഫിസിയോളജി, സ്പോർട്സ് ന്യൂട്രീഷൻ എന്നീ വിഭാഗങ്ങൾക്ക് കായിക മേഖലയിൽ ഇന്ന് വളരെ പ്രാധാന്യമുണ്ട്. ഈ വിഭാഗങ്ങളുടെ വികസനത്തിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കണ്ണൂർ സ്പോർട്സ് മെഡിസിൻ കേന്ദ്രം തുടങ്ങാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് സ്കൂളിലും തൃശ്ശൂരിൽ കുന്നംകുളത്തുമാണ് സ്പോർട്സ് മെഡിസിൻ കേന്ദ്രം ആദ്യഘട്ടത്തിൽ ആരംഭിക്കാൻ പോകുന്നത്. അതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എല്ലാ ജില്ലകളിലെയും സർക്കാർ ആശുപത്രികളിൽ സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിക്കുന്ന കാര്യവും ചർച്ച ചെയ്തുവരികയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിൽ എല്ലാ മേഖലകളിലുമുള്ള കളിസ്ഥലങ്ങളുണ്ട്. കേരളത്തിന്റെ തനതായ ആയോധന കല പഠിപ്പിക്കാൻ എല്ലാ പഞ്ചായത്തുകളിലും ഒരു കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഒരു കളരി പഠന കേന്ദ്രം ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുണ്ടായാൽ കുട്ടികൾക്ക് പഠിച്ച് യഥാർത്ഥത്തിലുള്ള കായിക താരങ്ങളാകാൻ കഴിയും. കാരണം ആയോധന കലയിലൂടെ ശരീരം ഫ്ലക്സിബിൾ ആകുകയും പ്രസൻസ് ഓഫ് മൈൻഡ് കൂടുകയും ചെയ്യും. അതുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിന്റെ ആയോധന കലകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി UNESCO-യുമായി ഒരു എഗ്രിമെന്റ് സർക്കാർ ഒപ്പുവയ്ക്കാൻ പോകുകയാണ്, അതിന്റെ ചർച്ചകൾ നടക്കുകയാണ്. കളരി കേരളത്തിന്റെ പുരാതന കാലംമുതലുള്ള ആയോധന കലയാണ്. കളരിയുടെ വിശദാംശങ്ങളുമായി ബന്ധപ്പെട്ട ഒരു പുസ്തകം തയ്യാറാക്കുന്നതിനുവേണ്ടി മലയാളം സർവ്വകലാശാലയുമായി എഗ്രിമെന്റ് ആയിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കോംപാക്ട് സ്പോർട്സ് ആയി കളരി, ജൂഡോ, കരാട്ടെ അടക്കമുള്ള അഞ്ച് ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രത്തിന് തുടക്കം കുറിക്കുകയാണ്. ഞാൻ ഇക്കാര്യം മുമ്പ് ഇവിടെ സൂചിപ്പിച്ചതാണ്. കഴിഞ്ഞ ദിവസം കാസർഗോഡ് മുൻസിപ്പൽ ചെയർമാനും മറ്റ് അംഗങ്ങളും വന്നപ്പോൾ അവരോട് ഇക്കാര്യം സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശമുണ്ടെങ്കിൽ തീർച്ചയായും സംസ്ഥാനത്തെ ആദ്യത്തെ ഇത്തരത്തിലുള്ള കേന്ദ്രം കാസർഗോഡ് ആരംഭിക്കാൻ സർക്കാർ തയ്യാറാണ്. കാരണം അവിടെ അതിന് അനുയോജ്യമായ സ്ഥലം ലഭ്യമാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. തീർച്ചയായും അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്.

മി. സ്പീക്കർ : ഓർഡർ....ഓർഡർ....ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തേനീച്ച കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി

4 (*424) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധമായ തേൻ ഉല്പാദനം, തേനീച്ച കർഷകരുടെ വരുമാനം എന്നിവ വർദ്ധിപ്പിക്കുന്നതിനായും തേനീച്ച കൃഷി വ്യാപിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. കേരളത്തിൽ തേനീച്ച കൃഷി വ്യാപിപ്പിക്കുന്നതിനും തേൻ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രധാനമായും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ് എന്നീ രണ്ടു സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാരിന്റെ ഹോർട്ടികൾച്ചർ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ - Pollination support through beekeeping, സംസ്ഥാന പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 2017-18-ൽ ഹണി മിഷൻ പദ്ധതി, 2020-21-ൽ Post

Harvest Management and Value Addition - Promotion of apiculture and production of honey and its value added products എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തേനീച്ച പ്രവർത്തനങ്ങളുടെ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് എജൻസി (SDA) ഹോർട്ടികോർപ്പ് മുഖാന്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. തേനീച്ച കൃഷി രംഗത്ത് ഹോർട്ടികോർപ്പ് വഴിയുള്ള നിരന്തരമായ ഇടപെടലിലൂടെ തേനീച്ച കർഷകർക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്നു. തുടർ പരിശീലനം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ പരിശീലനം എന്നീ പദ്ധതികളിലൂടെ ഈ രംഗത്തേയ്ക്ക് വന്ന കർഷകരെ സജീവമായി നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ തേനീച്ച കർഷകർ ഉൽപ്പാദിപ്പിച്ച തേൻ, സർക്കാർ നിശ്ചയിക്കുന്ന താങ്ങുവിലയ്ക്ക് ഹോർട്ടികോർപ്പ് ശേഖരിച്ച് സംസ്കരിച്ച് "അമൃത് ഹണി" ബ്രാൻഡിൽ വിൽപ്പന നടത്തുന്നു. കേരളത്തിലെ തേനീച്ച കർഷകരുടെ സമഗ്ര വിവരശേഖരണം നടന്നുവരുന്നു. തേനീച്ച വളർത്തൽ കാര്യക്ഷമമാക്കുന്നതിന് ഹോർട്ടികോർപ്പ് തേനീച്ച വളർത്തൽ ക്ലസ്റ്ററുകൾ രൂപീകരിച്ചുവരുന്നു. തേനീച്ച കർഷകർ ധാരാളമുള്ള ബ്ലോക്കുകൾ കേന്ദ്രീകരിച്ചാണ് ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത്. 4 ക്ലസ്റ്ററുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കി ക്ലസ്റ്ററുകളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം കേന്ദ്ര സർക്കാരിന്റെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ നടപ്പിലാക്കിവരുന്ന, തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ Pollination support through beekeeping എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെ 396.00 ലക്ഷം രൂപയുടെ തേനീച്ച കൃഷി വികസന പ്രവർത്തനങ്ങൾ ഹോർട്ടികോർപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ പരിശീലനങ്ങൾ, തേനീച്ച കോളനികളുടെയും പെട്ടികളുടെയും വിതരണം, തേനീച്ച ഉപകരണങ്ങളുടെ വിതരണം, ബീ ബ്രീഡർ മുഖാന്തരം കോളനികളുടെ ഉത്പാദനം എന്നീ ഘടകങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ ഫണ്ടിലുൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പിലാക്കിയ ഹണിമിഷൻ പദ്ധതിയിൽ ചെറുതേനീച്ചകളുടെയും ഇന്ത്യൻ തേനീച്ചകളുടെയും ഉത്പാദനവും വ്യാപനവും, പരിശീലന പരിപാടികൾ, ബീ-കീപ്പിംഗ് സെന്ററിന്റെ ശാക്തീകരണം, തേൻ സംസ്കരണ യൂണിറ്റിന്റെ സ്ഥാപനം, വിളവെടുപ്പാനന്തര പരിപാലനം എന്നിവയ്ക്കായി 1.50 കോടി രൂപ ചെലവഴിച്ചു. മാവേലിക്കരയിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക തേൻ സംസ്കരണ യൂണിറ്റിൽ പ്രതിദിനം 300 കിലോ തേൻ സംസ്കരിക്കാൻ സാധിക്കും. ഇതുവരെ 85 ടൺ തേൻ സംസ്കരിച്ചിട്ടുണ്ട്. കർഷകർക്ക് തങ്ങളുടെ തേൻ ഇവിടെ കൊണ്ടുവന്നു സംസ്കരിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ

ഫണ്ടിലുൾപ്പെടുത്തി Post Harvest Management and Value Addition – Promotion of apiculture and production of honey and its value added products എന്ന പദ്ധതിയിലുൾപ്പെടുത്തി ചെറുതേനീച്ചകളുടെ വിതരണം, തേൻ സംസ്കരണം, യൂണിറ്റിന്റെ സ്ഥാപനം എന്നിവയ്ക്കായി 25.00 ലക്ഷം രൂപ ചെലവഴിച്ചു. 2021-22 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപമെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ - Pollination support through beekeeping എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 68.00 ലക്ഷം രൂപയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ നൽകി ഹോർട്ടികൾച്ചർ വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം തേനീച്ച കർഷകർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും പദ്ധതിയിലൂടെ സാധിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിലായി 150-ൽപരം പരിശീലനങ്ങൾ പൂർത്തിയാക്കി. ഏകദേശം ഇരുപതിനായിരത്തിൽപരം തേനീച്ച കോളനികൾ വിവിധ പദ്ധതികളിലായി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് തേനീച്ച കർഷകർ ഉത്പാദിപ്പിച്ച 85 മെട്രിക് ടൺ തേൻ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മാവേലിക്കര തേൻ സംസ്കരണ കേന്ദ്രത്തിൽ സംസ്കരിച്ച് അഗ്മാർക്ക് ചെയ്ത് "അമൃത് ഹണി" എന്ന ബ്രാന്റിലും, വിവിധ തരം തേനധിഷ്ഠിത ഉത്പന്നങ്ങളായ ചക്ക തേൻ, പൈനാപ്പിൾ തേൻ, ഇഞ്ചി തേൻ, സ്ട്രോബെറി തേൻ, വെളുത്തുള്ളി തേൻ, നെല്ലിക്ക തേൻ, മഞ്ഞൾ തേൻ തുടങ്ങി മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിതരണം ചെയ്തുവരുന്നു. മാവേലിക്കര തേനീച്ച വളർത്തൽ കേന്ദ്രം ഒരു ഇൻകുബേഷൻ സെന്ററായി പ്രവർത്തിച്ച് ഏകദേശം 48 മെട്രിക് ടൺ തേൻ സംസ്കരിച്ച് തേനീച്ച കർഷകർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ആദിവാസികൾ വനമേഖലകളിൽ നിന്നും ശേഖരിച്ച 3 മെട്രിക് ടൺ കാട്ടുതേൻ ആകർഷകമായ വില നൽകി സംഭരിച്ചിട്ടുണ്ട്.

(ബി) കോവിഡും കനത്ത മഴയുംമൂലം മലയോര മേഖലയിലെ തേനീച്ച കർഷകർക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡും കനത്ത മഴയുംമൂലം മലയോര മേഖലയിലെ തേനീച്ച കർഷകർക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തേനീച്ച കൃഷി പോലുള്ള വിളകൾ അല്ലാത്ത മറ്റ് കൃഷികൾക്ക് പ്രകൃതിക്ഷോഭം മുഖേന നാശം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം നൽകാനുള്ള സ്കീമുകൾ നിലവിൽ ഇല്ലാത്തതിനാലും ഇതിലേയ്ക്കായി നിലവിൽ മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും ആയത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വന മേഖലയിലെന്നപോലെ മറ്റ് പ്രദേശങ്ങളിലും ആധുനിക മാർഗ്ഗങ്ങൾ അവലംബിച്ച് തേനീച്ച കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തരം ഹോർട്ടികൾച്ചർ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ പദ്ധതിയിലുൾപ്പെടുത്തി തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ - Pollination support through beekeeping എന്ന ഘടകം നടപ്പിലാക്കുന്നു. നിലവിൽ കേരളത്തിൽ ആവശ്യപ്പെടുന്ന ഇടങ്ങളിൽ സൗജന്യ പരിശീലനവും, സബ്സിഡിയിൽ തേനീച്ച കോളനി വിതരണവും ഹോർട്ടികോർപ്പ് നടത്തിവരുന്നുണ്ട്. കൂടാതെ ആത്മ നിർഭർ പദ്ധതിയുടെ ഭാഗമായി തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന National Bee keeping & Honey Mission (NBHM) പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) തേനീച്ച കർഷകർക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കൾക്ക് ശുദ്ധമായ തേൻ ലഭ്യമാക്കുന്നതിനും പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുമോ?

നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതി തേനീച്ച കൃഷി രംഗത്ത് കൂടുതൽ തൊഴിൽ സാദ്ധ്യതയും വരുമാനവും ലക്ഷ്യംവെച്ചുള്ളതാണ്. ഹോർട്ടികോർപ്പ് സ്റ്റാളുകൾക്കുപുറമെ, സപ്ലൈകോ, മിൽമ എന്നീ ഏജൻസികൾ വഴിയും സ്വന്തമായുള്ള തേൻ വിൽപ്പന കേന്ദ്രങ്ങൾ വഴിയും തേൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. തേനീച്ച കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് അവരിൽനിന്ന് തേൻ സംഭരിക്കും. ഇതിനായി ഹോർട്ടികോർപ്പിനുകീഴിൽ പ്രത്യേക സംവിധാനമുണ്ടാക്കും. സഞ്ചരിക്കുന്ന തേൻ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കും. തേനിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആധുനിക നിലവാരത്തിലുള്ള ലബോറട്ടറി സ്ഥാപിക്കും. തേൻ ഉത്പാദന സാമഗ്രികളുടെ ഗുണനിലവാരക്കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഗുണനിലവാരമുള്ള തേനീച്ചപ്പെട്ടിയും അനുബന്ധ ഉപകരണങ്ങളും ഹോർട്ടികോർപ്പിന്റെ ചുമതലയിൽ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു.

## യുവസംരംഭകരെയും വീട്ടമ്മമാരെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ

5 (*425) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവ സംരംഭകരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിലും സഹകരണ വകുപ്പിന്റെ സഹായത്തോടെ സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ടും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവവഴിയും യുവസംരംഭകർ കാർഷിക മേഖലയിൽ പങ്കാളികളാവുന്നതാണ്. യുവസംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്നതരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് എസ്.എഫ്.എ.സി.വഴി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോത്പാദനം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ എല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/ വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. ഇതിലൂടെയും യുവസംരംഭകർ പങ്കാളികളാവുന്നതാണ്. നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കാനുദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. യുവസംരംഭകർക്കുമേൽ പദ്ധതികളിൽ ഭാഗമാകാവുന്നതാണ്. കൂടാതെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള അഗ്രോ സർവ്വീസ് സെന്ററുകളിലും കാർഷിക കർമ്മസേനകളിലും യുവാക്കളെ നിയമിച്ചും അവർക്ക് കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും കൃഷി വകുപ്പ് യുവാക്കളുടെ വരുമാനം ഉയർത്താൻ സഹായിക്കുന്നു.

(ബി) ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സഹായം അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) മുഖേന ലഭിക്കുന്നതാണ്. രണ്ടുകോടി രൂപ വരെയുള്ള വായ്പകൾക്ക് സർക്കാരിന്റെ ക്രെഡിറ്റ് ഗ്യാരണ്ടി, പരമാവധി 7 വർഷത്തേയ്ക്ക് വായ്പാ പലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറുമാസം മുതൽ രണ്ടുവർഷം വരെ മൊറട്ടോറിയം, പദ്ധതി തുകയുടെ 10% ഗുണഭോക്തൃവിഹിതം എന്നിവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

(സി) വീട്ടമ്മമാരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി കുടുംബശ്രീ ഉൾപ്പെടെയുള്ള കൂട്ടായ്മകളിലൂടെ കൃഷി പ്രോത്സാഹന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

വീട്ടമ്മമാരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി നൽകിവരുന്നു. കൂടാതെ ഗ്രോബാഗിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി സബ്സിഡി നിരക്കിൽ ഗ്രോബാഗ് യൂണിറ്റുകൾ നൽകിവരുന്നു. പഴവർഗ്ഗ വികസന പദ്ധതിയിലൂടെ ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം സൗജന്യമായി ചെയ്തുവരുന്നു. കൂടാതെ കുടുംബശ്രീ യൂണിറ്റുകൾക്ക് നഴ്സറി സ്ഥാപിക്കുന്നതിനായി ആനുകൂല്യങ്ങൾ നൽകിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളിലും വനിതകളെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വീട്ടമ്മമാരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികളായ സംഘകൃഷി ഗ്രൂപ്പുകൾ (ജെ. എൽ.ജി), അഗ്രി ന്യൂട്രി ഗാർഡൻ പദ്ധതി തുടങ്ങിയവയും ഈ ലക്ഷ്യത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

### ജൈവ സാങ്കേതികവിദ്യയിലധിഷ്ഠിതമായ സംരംഭങ്ങൾ

6 (* 426) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസനപാതയിലെത്തിക്കാൻ ബയോ ടെക്നോളജി ഉപയോഗപ്പെടുത്തുകയെന്ന നയത്തിന്റെ ഭാഗമായി സംസ്ഥാന ജൈവ സാങ്കേതികവിദ്യ ബോർഡിന്റെയും കമ്മീഷന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന ജൈവസാങ്കേതികവിദ്യ ബോർഡിന്റെയും കമ്മീഷന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ജൈവസാങ്കേതിക രംഗത്തെ യുവ നിക്ഷേപകർക്കായുള്ള പരിപാടി [Young Investigators Programme in Biotechnology] (YIPB) മെഡിക്കൽ, കൃഷി, വെറ്ററിനറി, പരിസ്ഥിതി, സമുദ്രം, വ്യാവസായിക അല്ലെങ്കിൽ ജൈവവിഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ബയോടെക്നോളജിയിൽ ഉയർന്നുവരുന്ന മുൻനിരയിലുള്ള ഗവേഷണമേഖലയിൽ യുവഗവേഷകരെ പിന്തുണയ്ക്കാനും യുവശാസ്ത്രജ്ഞർക്ക് ഗവേഷണം നടത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതിയാണിത്.

• വ്യാവസായിക അനുബന്ധ ജൈവസാങ്കേതിക ഗവേഷണ പദ്ധതി [Industry Linked Biotechnology Research Scheme ](IBRS) സംസ്ഥാനത്ത് ബയോടെക്നോളജി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യാവസായിക പ്രാധാന്യമുള്ള ഒരു പുതിയ ഉൽപ്പന്നം കണ്ടുപിടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷികം, ആരോഗ്യം, സമുദ്രോത്പന്നങ്ങൾ, പരിസ്ഥിതി എന്നീ മേഖലകൾ കേന്ദ്രീകരിച്ചുള്ള ഗവേഷണങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

• പ്രാദേശിക വികസനത്തിനായുള്ള നൂതന ജൈവസാങ്കേതിക വിദ്യകൾ [Biotechnology Innovations for Rural Development] (BIRD) ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ജൈവസാങ്കേതികത അടിസ്ഥാനമായിട്ടുള്ള ഉത്പന്നങ്ങൾ വികസിപ്പിക്കാനും ഗ്രാമീണ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പരിശീലനത്തിനും പരീക്ഷണ പ്രോജക്ടുകൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്.

• ജൈവസാങ്കേതിക പരിശീലനവും ശില്പശാലയും [Biotechnology Training & Workshop] (BTW) ജൈവസാങ്കേതിക രംഗത്തെ പുതിയ മേഖലകളെക്കുറിച്ച് അറിവ് പകരുന്നതിന് പരിശീലനവും ശില്പശാലകളും സംഘടിപ്പിക്കുന്നതിനുവേണ്ടി സർവകലാശാലകളിലെയും കോളേജുകളിലെയും ജൈവസാങ്കേതിക വിഭാഗങ്ങൾക്കു ധനസഹായം നൽകുന്ന പദ്ധതിയാണിത്.

• ജൈവസാങ്കേതിക രംഗത്തെ യുവ സംരംഭകർക്കായുള്ള പുരസ്കാരം [Biotechnology Young Entrepreneur (BYE) Award] ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഇടയിൽ ജൈവശാസ്ത്ര വ്യാപാരം സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുന്നതിനും ജൈവസാങ്കേതികവിദ്യവഴി സംരംഭകത്വം വികസിപ്പിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്.

• ജൈവസാങ്കേതിക രംഗത്തെ റീ-എൻട്രി ഫെലോഷിപ് [Kerala Biotechnology Re-entry Fellowship] (K-Biref) വിദേശരാജ്യങ്ങളിൽ ബയോടെക്നോളജിയിൽ ഗവേഷണം നടത്തുന്ന ഇന്ത്യൻ വംശജരായ ശാസ്ത്രജ്ഞർക്ക് കേരളത്തിലെ അക്കാദമിക ഗവേഷണ സ്ഥാപനങ്ങളിൽ ഗവേഷണം തുടങ്ങുന്നതിനും ഇതുവഴി അവരുടെ അറിവും ഗവേഷണതന്ത്രങ്ങളും വിദ്യാർഥികൾക്ക് പകർന്നു നൽകുന്നതിനും പദ്ധതിയിലൂടെ അവസരമൊരുക്കുന്നു.

• ചീഫ് മിനിസ്റ്റേഴ്സ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം ഇൻ ബയോടെക്നോളജി [Chief Minister' s Career Advancement in Biotechnology] (CM-CAB) ജൈവസാങ്കേതികവിദ്യയിൽ യുവ അധ്യാപകർക്കും ശാസ്ത്രജ്ഞർക്കും ദേശീയ/അന്തർദേശീയ സഹകരണ ഗവേഷണത്തിന് പരിശീലനം നേടുന്നതിനും ബയോടെക്നോളജിയുടെ വളർന്നുവരുന്ന മേഖലകളിലെ നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടാനും അവരുടെ ഗവേഷണപാടവം വർദ്ധിപ്പിക്കാനും അതുവഴി ഉന്നത വിദ്യാഭ്യാസത്തിന് സംഭാവന ചെയ്യുന്നതുമാണ് ഈ പരിപാടിയുടെ ലക്ഷ്യം.

• ബയോടെക്നോളജി പ്രഭാഷണങ്ങൾ (Bio Technology Lectures) കേരള ബയോടെക്നോളജി കമ്മീഷൻ ബയോടെക്നോളജി വിദ്യാർഥികൾക്കും ഗവേഷകർക്കുമായി ദേശീയ അന്തർദേശീയ തലത്തിലുള്ള പ്രമുഖ ബയോടെക്നോളജിസ്റ്റുകളുടെ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചുവരുന്നു.

(ബി) ബയോടെക്നോളജി ഗവേഷണ വികസന സ്ഥാപനങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവയെ നവീകരിക്കുന്നതിനും പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് കൃഷിവകുപ്പിനുകീഴിലുള്ള ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്ററിലും (BMFC) അഞ്ചൽ, തളിപ്പറമ്പ് എന്നിവിടങ്ങളിലെ ജില്ലാ അഗ്രികൾച്ചർ ഫാമുകളിലും ഉത്പാദന പ്രവർത്തനങ്ങളാണ് നടക്കുന്നത്. BMFC ലാബ് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി പുതിയ ടിഷ്യുകൾച്ചറൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകളുടെ ശാക്തീകരണത്തിനും ധനസഹായം നല്കുന്നുണ്ട്. കേരളാ വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയിൽ 2012-ൽ വിവിധ ബയോടെക്നോളജിക്കൽ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അടിസ്ഥാന ഗവേഷണവും പരിശീലനവും നൽകുന്നതിന് ആധുനിക ബയോടെക്നോളജിക്കൽ രീതികൾ പ്രായോഗികമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി മണ്ണുത്തി ക്യാമ്പസിൽ സ്കൂൾ ഓഫ് അനിമൽ പ്രൊഡക്ഷൻ ആൻഡ് ബയോടെക്നോളജി സ്ഥാപിച്ചു. ഈ സ്ഥാപനത്തിൽ അനിമൽ ബയോടെക്നോളജിയിൽ ബിരുദാനന്തര ബിരുദ കോഴ്സ് നടത്തിവരുന്നു. ശാസ്ത്രജ്ഞർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവർക്കിടയിൽ ബയോടെക്നോളജിയിലും ബയോ-ഇൻഫോർമാറ്റിക്സിലും നൈപുണ്യ

വികസനത്തിനായി ഈ സ്ഥാപനത്തിൽ പരിശീലന പരിപാടികൾ പതിവായി നടത്തിവരുന്നു. ഇതിനായി ആധുനിക ബയോടെക്നോളജിക്കൽ ലാബോറട്ടറിയും അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. യുവസംരഭകർക്ക് അവരുടെ ആശയങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായി ബയോടെക് ഇൻകുബേറ്റർ CUSAT-ൽ ആരംഭിച്ചിട്ടുണ്ട്.

(സി) യുവജനങ്ങളെ ജൈവ സാങ്കേതികവിദ്യയിലധിഷ്ഠിതമായ വാണിജ്യ സംരംഭങ്ങളിൽ ആകൃഷ്ടരാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജൈവസാങ്കേതിക വിദ്യയിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ വിദ്യാർത്ഥികളെ വാണിജ്യവൽക്കരണത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ജൈവ സാങ്കേതികവിദ്യ കമ്മീഷൻ Bio-entrepreneurship Certification എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബയോടെക്നോളജിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും കഴിഞ്ഞിട്ടുള്ള വിദ്യാർഥികൾക്കായി മൂന്നുഘട്ടമായി നടത്തുന്ന ഈ പരിപാടിയുടെ ആദ്യ രണ്ടുഘട്ടങ്ങളിൽ അവരിൽ ജൈവസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സംരംഭകത്വത്തെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും തുടർന്നുള്ള മൂല്യനിർണയത്തിലൂടെ തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് ഒരു വർഷം ബയോടെക്നോളജി അധിഷ്ഠിതമായ വ്യവസായ സ്ഥാപനത്തിൽ വാണിജ്യവൽക്കരണത്തിലുള്ള പരിശീലനവും നൽകുന്നു. ബയോടെക്നോളജി സംരംഭക മേഖല കേരളത്തിൽ പരിപോഷിപ്പിക്കുന്നതിനായി സംരംഭകരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കുന്നതിന് കേരള ജൈവസാങ്കേതികവിദ്യ കമ്മീഷൻ തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിലെ ബയോടെക്നോളജി മേഖലയിലെ വിദ്യാർത്ഥികളെയും ഗവേഷകരെയും അദ്ധ്യാപകരെയും ശാസ്ത്രജ്ഞരെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് സാധിക്കുന്ന ഒരു ഡാറ്റാബേസ് നിർമ്മാണം പുരോഗമിക്കുകയാണ്. കേന്ദ്രസർക്കാർ ബയോടെക്നോളജി വകുപ്പിന്റെ സഹായത്തോടെ ജൈവ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസന പരിപാടി കേരള ബയോടെക്നോളജി കമ്മീഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ടിഷ്യുകൾച്ചർ തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ കൃഷിവകുപ്പുവഴി നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളെ ജൈവസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വാണിജ്യ സംരംഭങ്ങളിൽ ആകൃഷ്ടരാക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം പുതിയ ടിഷ്യുകൾച്ചറൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ ശാക്തീകരിക്കുന്നതിനുമായി പൊതു-സ്വകാര്യ മേഖലകളിൽ ധനസഹായം നൽകുന്നുണ്ട്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പ് ഗ്രാന്റുകൾ നൽകുന്നതിനായി അപേക്ഷകൾ CUSAT - ൽ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ കേരള

സർവ്വകലാശാലയുടെ കീഴിൽ ബയോടെക്നോളജി വിഭാഗത്തിൽ ബയോ-വെന്റ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം നടത്തിവരുന്നുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, അഗ്രോ പാർക്കുകൾ എന്നിവയിലൂടെയും, RIDF, RKVY എന്ന പദ്ധതികളിലൂടെയും യുവജനങ്ങൾക്കായി ജൈവസാങ്കേതിക വിദ്യയിലധിഷ്ഠിതമായ വാണിജ്യ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

## സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ

7 (*427) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ കോളേജുകൾക്ക് നിലവിൽ നാക് അക്രഡിറ്റേഷനുണ്ടെന്നും ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

39 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് NAAC അക്രഡിറ്റേഷനും എട്ട് എഞ്ചിനീയറിംഗ് കോളേജുകൾക്കും ഒരു പോളിടെക്നിക് കോളേജിനും NBA അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. ഇതുവരെ NAAC അക്രഡിറ്റേഷൻ ലഭിക്കാത്ത കോളേജുകൾക്ക് NAAC അക്രഡിറ്റേഷനുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് പദ്ധതി വിഹിതം വിനിയോഗിച്ചുവരുന്നു. NAAC അക്രഡിറ്റേഷൻ കാലാവധി കഴിഞ്ഞ കോളേജുകൾക്ക് അംഗീകാരം പുതുക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഘട്ടം ഘട്ടമായി മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും NAAC/NBA അക്രഡിറ്റേഷൻ നേടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക വികസനത്തിനും കിഫ്ബിയിലുൾപ്പെടുത്തി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക വികസനത്തിനും കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മൃഗസംരക്ഷണ, ക്ഷീരവികസന രംഗത്തെ വൈവിധ്യവൽക്കരണം**

8 (*428) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. എം. മണി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചു റാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകവഴി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുക വഴി പാലുല്പാദനം മെച്ചപ്പെടുകയും ഉണഭോക്താക്കളെല്ലാം തന്നെ പശുവളർത്തൽ ഒരു പ്രധാന ഉപജീവനമാർഗ്ഗമായി മാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ നൂതന പദ്ധതികളിൽ ആകൃഷ്ടരായി വളരെയധികം പുതിയ സംരംഭകരും കർഷകരും ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്നുണ്ട്. സംസ്ഥാനത്തെ ആകെ കന്നുകാലികളുടെ എണ്ണത്തിൽ ഒരു ശതമാനത്തോളം വർദ്ധനവുണ്ടായി. 2007-ൽ നിന്നും 2012 ആയപ്പോൾ 20% കുറവുണ്ടായിരുന്ന കന്നുകാലികളുടെ എണ്ണം, 2019 ആയപ്പോഴേയ്ക്കും 2012 - ൽ നിന്നും ഒരു ശതമാനത്തോളം വർദ്ധിച്ചു. കേരളത്തിലെ മൊത്തം പശുക്കളിൽ 94 ശതമാനവും സങ്കരവർഗ്ഗപ്പശുക്കളായി. 2012-നെ അപേക്ഷിച്ച് കറവപ്പശുക്കളുടെ എണ്ണം 13.5 ശതമാനത്തോളം വർദ്ധിച്ചു. 2012 - ൽ 4.73 ലക്ഷം കറവപ്പശുക്കളുണ്ടായിരുന്നത് 2019 ആയപ്പോഴേയ്ക്കും 5.37 ലക്ഷമായി ഉയർന്നു. സങ്കരവർഗ്ഗപ്പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപ്പാദനം 10.20 കി.ഗ്രാമായി ഉയർന്നു. രാജ്യത്ത് പഞ്ചാബ് കഴിഞ്ഞാൽ രണ്ടാം സ്ഥാനത്താണ് കേരളം. ആടുകളുടെ എണ്ണത്തിൽ 2012 -നെ അപേക്ഷിച്ച് 2019 ആയപ്പോഴേയ്ക്കും 9 ശതമാനം വർദ്ധനവുണ്ടായി. 2012-ൽ 12.46 ലക്ഷം ആടുകൾ ഉണ്ടായിരുന്നെങ്കിൽ 2019-ൽ അത് 13.59 ലക്ഷമായി ഉയർന്നു. പന്നികളുടെ എണ്ണത്തിൽ 86% വർദ്ധനവുണ്ടായി. 2012- ൽ 56000 പന്നികളുണ്ടായിരുന്നത് 2019-ൽ 1,04,000 ആയി ഉയർന്നു. മൃഗസംരക്ഷണ മേഖലയിൽ ആധുനികവത്കരണം പ്രോത്സാഹിപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ താഴെപ്പറയുന്നു.

a) കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതി- മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി വിഹിതത്തിലുൾപ്പെടുത്തി നടപ്പിലാക്കുന്നു. ഒരു ഗുണഭോക്താവിന് 25000 രൂപ ധനസഹായം ഇതിനായി നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം 0.5 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

b) താഴെപറയുന്ന റീബിൾഡ് കേരള (RKI) പദ്ധതിയും ആധുനികവത്കരണം പ്രോത്സാഹിപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ:

i) ശാസ്ത്രീയമായ കന്നുകാലി തൊഴുത്ത് നിർമ്മാണത്തിന് സഹായം - യൂണിറ്റ് ഒന്നിന് പരമാവധി 25,000 രൂപ ധനസഹായം. ശാസ്ത്രീയമായ രീതിയിൽ തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് സബ്സിഡി അനുവദിക്കുന്നു. 12.5 കോടി രൂപ പദ്ധതിക്കായി റീബിൾഡ് കേരള (RKI) ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു.

ii) ഡയറി ഫാമുകളുടെ യന്ത്രവത്ക്കരണത്തിന് ധനസഹായം - യൂണിറ്റ് ഒന്നിന് പരമാവധി 1 ലക്ഷം രൂപ സഹായം. ഫാമുകൾ ആധുനികവത്കരിക്കാൻ റബ്ബർ മാറ്റ്, കറവയന്ത്രം, ഓട്ടോമാറ്റിക് ഡ്രിങ്കർ, ഹാൻഡ് ഷവർ വിത്ത് പമ്പ്, വീൽ ബാരോ , ഡങ് സ്ക്രബർ , ചാഫ് കട്ടർ, ബയോഗ്യാസ് പ്ലാന്റ്, സ്ലറി പമ്പ് മുതലായ ആധുനിക സജ്ജീകരണങ്ങൾ സ്ഥാപിക്കുന്നതിനാണ് സഹായം നൽകുന്നത്. ഒരു കോടി രൂപ പദ്ധതിക്കായി റീബിൾഡ് കേരള (RKI) ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യത താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വഴി മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

1) കർഷക രജിസ്ട്രേഷൻ - കേരളത്തിലെ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകരുടെ ജ്യോഗ്രഫിക് ലൊക്കേഷനടക്കമുള്ള വിവരങ്ങൾ സഹിതം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി - കേരള (നിലവിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള)-യുടെ സാങ്കേതിക സഹകരണത്തോടുകൂടി തയ്യാറാക്കിയ BHUMIKA എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിച്ച് വരികയാണ്. ഇതുവരെ 5.31 ലക്ഷത്തിൽപ്പരം കർഷകരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

2) ഇ-ഓഫീസ് - മൃഗസംരക്ഷണ വകുപ്പിൽ 2016 നവംബർ മുതൽ ഇ-ഓഫീസ് ഫയൽ മാനേജ്മെന്റ് സംവിധാനം നിലവിലുണ്ട്. വകുപ്പിലെ മുഴുവൻ

ഓഫീസർമാർക്കും ക്ലറിക്കൽ ജീവനക്കാർക്കും ഏതു സമയത്തും എവിടെയിരുന്നും ഫയൽ കൈകാര്യം ചെയ്യാൻ കഴിയുന്നവിധത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം, പ്രളയ കാലത്തും, ലോക്ക്ഡൗൺ സമയത്തും മൃഗസംരക്ഷണ വകുപ്പിന്റെ ഓഫീസുകളിൽ ജീവനക്കാർക്ക് ഹാജരാകാൻ സാധിക്കാതിരുന്നിട്ടും ഇ - ഓഫീസ് സംവിധാനം വഴി ജീവനക്കാർക്ക് ഫയലുകൾ കൈകാര്യം ചെയ്യാനും ഓഫീസ് നടപടികൾ മുടക്കമില്ലാതെ തുടരാനും സാധിച്ചു. ആയതുവഴി കൃത്യസമയത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും വിവിധ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കന്നുകാലികളുടെ ജനിതകമായ പുരോഗതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കെ.എൽ.ഡി. ബോർഡ് ഉയർന്ന ഉൽപ്പാദനശേഷിയുള്ളതും പശുക്കുട്ടികളെ കൂടുതലായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതിനുമുള്ള ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കൂടുതലായി കർഷകരുടെ പശുക്കളിൽ ഉപയോഗിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. ഇതിനായി 10,000 ഡോസ് ബീജമാത്രകൾ ആഗോള ടെൻഡറിലൂടെ വാങ്ങിക്കഴിഞ്ഞു. പശുക്കളുടെ രോഗപ്രതിരോധ ശേഷി ഉയർത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ ജനിതക ഗവേഷണങ്ങൾ കെ.എൽ.ഡി.ബോർഡും തിരുവനന്തപുരം ജില്ലയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER)-വും സംയുക്തമായി ആരംഭിച്ചുകഴിഞ്ഞു. പഞ്ചാബിൽനിന്നും ഉൽപ്പാദനശേഷി കൂടിയതും ഉയർന്ന ജനിതക മൂല്യമുള്ളതുമായ മുറാപോത്തുകളെ സംസ്ഥാനത്തെ പ്രജനന ആവശ്യത്തിനുള്ള ബീജോൽപ്പാദനത്തിനായി വാങ്ങാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപ്പാദിപ്പിച്ചുകഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതാണ്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല സങ്കരവർഗ്ഗം കന്നുകാലികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ പ്രോജനി ടെസ്റ്റിംഗ് പദ്ധതി 1986 മുതൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ജനിതക വിഭാഗത്തിൽ നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉത്പാദനശേഷി കൂടുതലുള്ള വിത്ത് മൂരികളെ അവയിൽനിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന പശുക്കുട്ടികളുടെ പ്രജനന നിരക്കിനെ അടിസ്ഥാനമാക്കി തെരഞ്ഞെടുക്കുന്നു. ഈ ഗവേഷണ പദ്ധതിയിലൂടെ

ഉരുത്തിരിയുന്ന പശുക്കൾക്ക് മറ്റുള്ളവയുമായുള്ള താരതമ്യത്തിൽ 400 മുതൽ 500 ലിറ്റർ വരെ ഓരോ വർഷവും കൂടുതലായി പാൽ ഉത്പാദിപ്പിക്കുന്നു. കേരളത്തിൽ തൃശ്ശൂർ ജില്ലയിലെ 8 കേന്ദ്രങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കുന്നു. സങ്കരവർഗ്ഗം പശുക്കളുടെ ജീൻ തലത്തിലുള്ള പഠനങ്ങൾ വഴി അവയുടെ സ്വഭാവ സവിശേഷതകളും അവയ്ക്ക് കാരണമായ ഘടകങ്ങളും കണ്ടുപിടിക്കാനും അതുവഴി വളർത്തുമൃഗങ്ങളുടെ ഉത്പാദനശേഷി വർദ്ധിക്കാനുമുള്ള ഗവേഷണങ്ങൾ നടത്തിവരുന്നു. കൂടാതെ മലബാറി ആടുകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) നൂതനവും ഗവേഷണാത്മകവുമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ക്ഷീരവികസന മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്താമോ?

ക്ഷീരവികസന മേഖലയിൽ പശുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന മേഖലകളിൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

a. വന്ധ്യതാ നിവാരണം

b. അനുയോജ്യമായ വിത്തുകാളകളുടെ ബീജം ഉപയോഗിച്ച് കൃത്രിമ ബീജസങ്കലനം നടത്തുക.

c. ഉൽപ്പാദനക്ഷമത കൃത്യമായി രേഖപ്പെടുത്തുന്നതിന് ആവശ്യമായ വിവര ശേഖരണം നടത്തുക.

d. കൃത്യസമയത്ത് ഉചിതമായ ചികിത്സാ സഹായം കർഷകർക്ക് ലഭ്യമാക്കുക.

നിലവിൽ കന്നുകാലികളിൽ കാണപ്പെടുന്ന വന്ധ്യതയുടെ തോത് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ വകുപ്പിൽ പരിമിതമാണ്. ഉരുക്കളിലെ വന്ധ്യത കൃത്യസമയത്ത് കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ഏറ്റവും പുതിയ സാങ്കേതിക വിദ്യയായ RFID tag ഉപയോഗിച്ച് പശുക്കളെ തിരിച്ചറിയുന്നതിനും അവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് വിവിധ തലങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിലേയ്ക്കുമായി ഒരു Comprehensive software തയ്യാറാക്കുന്നതിന് Digital University, Kerala-യെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. ഇതിലേയ്ക്കായി സംസ്ഥാന സർക്കാർ RKI പദ്ധതിയിലുൾപ്പെടുത്തി 7.525 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച RFID tagging-ഉം Comprehensive Software-ന്റെ application-നും ഉപയോഗിച്ച് തന്റെ ഉരുക്കളുടെ പാലുൽപാദനം കർഷകർക്ക് നേരിട്ട്

സോഫ്റ്റ്‌വെയറിലേയ്ക്ക് രേഖപ്പെടുത്തുവാനുള്ള സൗകര്യം ഒരുക്കുന്നു. ഉത്പാദനശേഷി അനുസരിച്ച് ഓരോ ഉരുവിനും അനുയോജ്യമായ ബീജം തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നതുവഴി വരും തലമുറ കന്നുകുട്ടികളുടെ ഉത്പാദനശേഷി ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിക്കുമെന്നത് ഒരു നേട്ടമായി കാണാം. കേരള സംസ്ഥാനത്ത് മൃഗാശുപത്രികൾ സാധാരണ രീതിയിൽ 9-3 മണിവരെയാണ് തുറന്ന് പ്രവർത്തിക്കുന്നത്. ഇതുകൂടാതെ രാവിലെ 8 മണിമുതൽ രാത്രി 8 വരെ 12 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന 31 സ്ഥാപനങ്ങളും മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലുമാണ് നിലവിലുള്ളത്. എന്നാൽ 152 ബ്ലോക്കുകളിലും 3 കോർപ്പറേഷനിലും ഒരു മുനിസിപ്പാലിറ്റിയും ഉൾപ്പെടെ 156 കേന്ദ്രങ്ങളിൽ രാത്രികാല അടിയന്തര ചികിത്സാ സേവനം നൽകുന്നതിന് പദ്ധതി രൂപീകരിച്ച് തുക വകയിരുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 156 എമർജെൻസി നൈറ്റ് വെറ്ററിനറി സർവ്വീസിനും വാഹനം നൽകുന്നതിനും അവയെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഒരു Veterinary Health & Farmers Interphase സംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കിവരികയാണ്. ഈ സംവിധാനത്തിലൂടെ മൃഗസംരക്ഷണവകുപ്പിന്റെ Bhumika application-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കർഷകൻ തന്റെ മൊബൈൽ നമ്പറിൽ നിന്നും ഫാർമേഴ്സ് ഇന്റർഫെയ്സ് സംവിധാനത്തിലേയ്ക്ക് ഫോൺ വിളിച്ചാൽ ആ കർഷകനാവശ്യമായ സേവനം നാമമാത്രമായ തുക ഫീസിനത്തിൽ ഈടാക്കിക്കൊണ്ട് കർഷകന്റെ വീട്ടുപടിക്കൽ വകുപ്പ് എത്തിക്കുന്നതാണ്. ഇതുവഴി മൃഗാശുപത്രികളുടെ പ്രവർത്തന സമയങ്ങളിൽ അവിടെ നിന്നുള്ള സേവനവും, വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെ Night Emergency സംവിധാനത്തിലൂടെയുള്ള സേവനവും ലഭിക്കും. Veterinary health & farmers interphase സംവിധാനത്തിലൂടെ 24 മണിക്കൂർ ഉപദേശ സേവനങ്ങളും ലഭ്യമാക്കും. ഇത് കർഷകന് കാലിവളർത്തലിൽ ഏർപ്പെടുന്നതിന് ആത്മധൈര്യവും വകുപ്പിന്റെ കരുതലും ഉറപ്പുവരുത്തുന്നുണ്ട്. നൂതനവും ഗവേഷണാത്മകവുമായ സാങ്കേതിക വിദ്യകൾ ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാന പ്രവർത്തനങ്ങളിലൂടെയും ക്ഷീരപരിശീലന കേന്ദ്രങ്ങൾ നടത്തിവരുന്ന പരിശീലനങ്ങളിലൂടെയും ക്ഷീര കർഷകരിലേയ്ക്കെത്തിക്കുന്നു.

(ഡി) ക്ഷീരകർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും അവയുടെ ആധുനിക സംഭരണത്തിനും അവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുമുള്ള പദ്ധതി ആവിഷ്കരിക്കുമോ?

ക്ഷീരകർഷകർക്ക് സംഘങ്ങളിൽ അളക്കുന്ന പാലിന് ന്യായവില ഉറപ്പാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ഏറ്റവും കൂടുതൽ വില ലഭിക്കുന്നത് കേരളത്തിലാണ്. സംസ്ഥാനത്തെ കൂടുതൽ പാൽ കൈകാര്യം ചെയ്യുന്ന ക്ഷീരസംഘങ്ങളിൽ ആധുനിക രീതിയിലുള്ള പാൽ സംഭരണത്തിനായി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ നിലവിലുണ്ട്. കൂടാതെ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിപണനം ചെയ്തുവരുന്നുണ്ട്. ക്ഷീര കർഷകൻ സംഘത്തിൽ അളക്കുന്ന പാലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ**

9 (*429) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള കാർഷിക സർവ്വകലാശാലയും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചും ചേർന്ന് നടത്തുന്ന ഓൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ടിന്റെ ഭാഗമായി 2016 മുതൽ കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക വിളകളിലുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ കാർഷിക കാലാവസ്ഥ മേഖലകളെക്കുറിച്ച് പല പഠനങ്ങളും നടത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, കേരള ആസൂത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളാണ് ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുള്ളത്. മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകളായി (അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ) ആയി വിഭജിച്ചിട്ടുണ്ട്. ഓരോ

കാർഷിക പാരിസ്ഥിതിക മേഖലയെയും (AEZ) വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി (AEU) വിഭജിച്ചിട്ടുണ്ട്. അങ്ങനെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്.

(ബി) ഇതുമൂലം കൃഷിയിൽ ഉണ്ടാകുന്ന മാറ്റങ്ങളും കർഷകർ അനുവർത്തിക്കേണ്ട പരിപാലനമുറകളെ സംബന്ധിച്ചും കർഷകരെ ബോധവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഓരോ കാർഷിക പാരിസ്ഥിതിക മേഖലയെയും അടിസ്ഥാനമാക്കി അനുവർത്തിക്കേണ്ട വിവിധ വിളകളെയും കൃഷിരീതികളെയും കുറിച്ച് കർഷകർക്ക് അവബോധമുണ്ടാക്കാനായി കൃഷിഭവനുകൾ, RATTC, FTC മുതലായ സ്ഥാപനങ്ങൾ മുഖേന കൃഷിക്കാർക്ക് വിവിധ പരിശീലന പരിപാടികൾ മാനവശേഷി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു. കൂടാതെ ലീഡ്സ്, കൃഷിപാഠശാല, ബ്ലോക്കുതല കൃഷി വിജ്ഞാന കേന്ദ്രം എന്നീ പദ്ധതികൾ പ്രകാരവും കൃഷിക്കാർക്ക് ഓരോരോ പ്രദേശങ്ങൾക്കും കാലാവസ്ഥ സവിശേഷതകൾക്കും അനുയോജ്യമായ വിളകൾ, കൃഷി പരിപാലനമുറകൾ എന്നിവ സംബന്ധിച്ച് ഡെമോൺസ്ട്രേഷൻ പ്ലോട്ടുകളിലൂടെയും വിദഗ്ധരുടെ ഫീൽഡ് സന്ദർശനങ്ങളിലൂടെയും അവബോധം സൃഷ്ടിക്കുകയും സംശയനിവാരണം നടത്തുകയും ചെയ്യുന്നു.

(സി) കാലാവസ്ഥ വ്യതിയാനത്തെയും കാലാവസ്ഥാധിഷ്ഠിതമായ രീതികളെയുംകുറിച്ചുള്ള ഗവേഷണത്തിനും സാമൂഹിക ബോധവൽക്കരണത്തിനും മുൻതൂക്കം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കാലാവസ്ഥ വ്യതിയാനത്തെയും കാലാവസ്ഥാധിഷ്ഠിതമായ രീതികളെയുംകുറിച്ചുള്ള സാമൂഹിക ബോധവൽക്കരണത്തിന് മുൻതൂക്കം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാലാവസ്ഥ വ്യതിയാനംമൂലമുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ കാർഷിക മേഖലയ്ക്കും കർഷകർക്കുമുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾ ഒരു വലിയ പ്രതിസന്ധിയായി നമ്മുടെ മുന്നിൽ നിൽക്കുന്ന ഈ സമയത്ത് തന്നെയാണ് IPCC യുടെ ആറാമത് റിപ്പോർട്ടിൽ കേരളത്തെക്കുറിച്ചുള്ള പരാമർശം. പശ്ചിമഘട്ടം സംരക്ഷിച്ചാൽ മാത്രമേ ഇനിയുമുണ്ടാകാനിടയുള്ള ദുരന്തങ്ങൾ തടയാൻ സാധിക്കൂ. കാലാവസ്ഥാ വ്യതിയാനത്തെയും കാലാവസ്ഥാധിഷ്ഠിതമായ രീതികളെയുംകുറിച്ചുള്ള ഗവേഷണങ്ങളിൽ പശ്ചിമഘട്ടമുൾപ്പെടെ കേരളത്തിന്റെ എല്ലാ പ്രദേശങ്ങളുടെയും പ്രാധാന്യമുൾക്കൊണ്ട് അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഉൾപ്പെടുത്തുകയും ആയത് മുൻനിർത്തി സാമൂഹിക ബോധവൽക്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യും.

**വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം**

10 (*430) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനത്തിന്റെ പ്രസക്തമായ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന മെയിന്റനൻസ് ട്രൈബ്യൂണലുകളുടെയും അപ്പലേറ്റ് ട്രൈബ്യൂണലുകളുടെയും പ്രവർത്തനം സംബന്ധിച്ച് 2015-ൽ സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് പഠനം നടത്തിയിട്ടുണ്ട്. കൂടാതെ വയോജനങ്ങൾക്കുവേണ്ടി സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെയും പ്രോഗ്രാമുകളുടെയും ഗുണനിലവാരം വിലയിരുത്തുന്നതിനായി സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പഠനം നടന്നുവരികയാണ്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) വയോജനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന നിയമങ്ങൾ ഏതെല്ലാമാണ്; ഈ നിയമങ്ങളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; ഇവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വയോജന സുരക്ഷയുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് Maintenance and Welfare of Parents and Senior Citizens Act 2007, Kerala Maintenance and Welfare of Parents and Senior Citizens Rule 2009 എന്നീ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് വയോജന സുരക്ഷയുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. വയോജനങ്ങൾ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ സമർപ്പിക്കുന്ന പരാതികൾ തീർപ്പാക്കുന്നത് പരിശോധിച്ച് ആയതിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനായി സംസ്ഥാനത്തെ 27 RDO കാര്യാലയങ്ങളിലെയും ടെക്നിക്കൽ അസിസ്റ്റന്റുമാരിൽനിന്നും പ്രതിമാസം പാദവാർഷിക/വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കിവരുന്നുണ്ട്.

(സി) വൃദ്ധരായ മാതാപിതാക്കളെ ഉപദ്രവിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ നടപടി സ്വീകരിക്കാൻ നിലവിലെ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

വൃദ്ധരായ മാതാപിതാക്കളെ ഉപദ്രവിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ നടപടി സ്വീകരിക്കാൻ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 (Maintenance and Welfare of Parents and Senior Citizens Act 2007)- ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) നിലവിലെ നിയമം നടപ്പാക്കുന്നതിലെ പോരായ്മകൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങൾക്ക് റിവേഴ്സ് ക്വാറന്റൈൻ ഏർപ്പെടുത്തിയിരുന്നതിനാൽ 2020 വർഷം മുതൽ സാധാരണ നിലക്ക് വയോജനങ്ങളെ ട്രൈബ്യൂണലുകളിലെത്തിച്ച് ഹിയറിംഗ് നടത്തുന്നതിന് സാധിച്ചിരുന്നില്ല. ടി കാലയളവിൽ കേസ്സുകൾ തീർപ്പാക്കുന്നതിൽ പ്രയാസം നേരിടേണ്ടി വന്നിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് പരിമിതിയുണ്ടെങ്കിലും സാധ്യമായ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ**

11 (*431) ശ്രീ. യു. എ. ലത്തീഫ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന സുപ്രീം കോടതി വിധി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C) No. 213/2011-ലെ 10-1-2017-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 3-7-2019-ലെ

സിവിൽ കോടതിയലക്ഷ്യ ഹർജിയിലെ 1920/2017 നമ്പർ ഉത്തരവു പ്രകാരവും 3014 ദുരിതബാധിതർക്കായി 119.34 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള മൂളിയാർ പുനരധിവാസ ഗ്രാമത്തിന്റെ തറക്കല്ലിടൽ കഴിഞ്ഞു. ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഉത്തരവുകൾ പ്രകാരം 3014 ദുരിതബാധിതർക്ക് 119.34 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

2) കേരള സാമൂഹ്യ സുരക്ഷാമിഷൻ, മുഖേന പ്രതിമാസ പെൻഷൻ നൽകിവരുന്നു.

3) ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പെൻഷൻ നൽകിവരുന്നു.

4) നിബന്ധനകൾക്ക് വിധേയമായി, എൻഡോസൾഫാൻ കടാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ദുരിതബാധിത കുടുംബത്തിന്റെ 3 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾ എഴുതിത്തള്ളൽ.

5) ഭൂരഹിതരായ ദുരിതബാധിതർക്ക് സാഫല്യം ഭവന പദ്ധതി പ്രകാരം ഭൂമിയും വീടും.

6) ദുരിതബാധിതരായ കുട്ടികൾക്കായി ബഡ്സ് സ്കൂളുകളും യാത്രയ്ക്ക് വാഹനങ്ങളും.

7) കേരളത്തിലും കർണ്ണാടകത്തിലുമായി തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികളിൽ സൗജന്യ ചികിത്സ.

8) ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് +2 വരെ വിദ്യാഭ്യാസ സ്കോളർഷിപ്പ്.

9) സൗജന്യ റേഷൻ.

10) 200 യൂണിറ്റ് വരെ വൈദ്യുതി നിരക്കിൽ ഇളവ്.

11)ദുരിതബാധിതരുടെ ക്ഷേമത്തിനായി ICDS സൂപ്പർവൈസർമാരുടെ സേവനം.

12) ദുരിതബാധിതരെ വീടുകളിലെത്തി പരിശോധിക്കുന്നതിന് മൊബൈൽ മെഡിക്കൽ യൂണിറ്റ്.

13) ചികിത്സയ്ക്ക് യാത്രാ സൗകര്യം.

14) ഓണത്തിന് 1000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം

15) ദുരിതബാധിതർക്കായി പുനരധിവാസ ഗ്രാമം.

16) ദുരിതബാധിത പ്രദേശങ്ങളിൽ നബാർഡ് - ആർ.ഐ.ഡി.എഫ്. അധിഷ്ഠിത വിവിധ പദ്ധതികൾ.

**കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

12 (*432) <u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. കെ. വി.സുമേഷ്</u>:
<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനം നേടിയിട്ടുള്ള പുരോഗതിക്ക് പിന്നിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ചിട്ടുള്ള പുരോഗമനപരമായ നയരൂപീകരണ സമീപനങ്ങളാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അടിയന്തരമായി മാറ്റങ്ങൾ ആവശ്യമാണെന്ന പൊതുസമ്മതി നിലനിൽക്കുന്ന സന്ദർഭത്തിലാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് (2007) മുഖേന സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചത്. ഉന്നത വിദ്യാഭ്യാസവുമായി

ബന്ധപ്പെട്ട എല്ലാ പ്രധാന പ്രശ്നങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് വിദ്യാഭ്യാസ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റികളുടെ പഠനങ്ങളിൽനിന്നും അദ്ധ്യാപകരും വിദ്യാർത്ഥികളുമായി നടത്തിയ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളുടെയും അടിസ്ഥാനത്തിലാണ് ഓരോ പ്രത്യേക മേഖലയെക്കുറിച്ചും കൗൺസിൽ സർക്കാരിൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളത്. കൗൺസിലിന്റെ ആരംഭം മുതൽ നടത്തിയ പ്രവർത്തനങ്ങൾ കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതിയും ഗുണനിലവാരവും ഉറപ്പാക്കാൻ ആവശ്യമായ അക്കാദമിക നടപടികൾ സ്വീകരിക്കാനായിട്ടുണ്ട്. ഇത് കേരളത്തിലെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനങ്ങളെ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ടെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

(ബി) ഉന്നത വിദ്യാഭ്യാസവും അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട് കൗൺസിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

1. ബിരുദതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം

2. കോളേജ് ക്ലസ്റ്റർ പദ്ധതി

3. ഡോ. യു. ആർ. അനന്തമൂർത്തി കമ്മിറ്റി റിപ്പോർട്ട്

4. സർവ്വകലാശാല ആക്ടുകൾ പുനരവലോകനം സംബന്ധിച്ച റിപ്പോർട്ട് (ഡോ.അനന്ത കൃഷ്ണൻ കമ്മിറ്റി 2010)

5.ഓപ്പൺ സർവ്വകലാശാല സംബന്ധിച്ച റിപ്പോർട്ട്

6. സർവ്വകലാശാലകളിലെ പരീക്ഷാപരിഷ്കരണം (പ്രൊഫ. എൻ. ജെ. റാവു കമ്മിറ്റി റിപ്പോർട്ട്)

7. ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്

8. ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്

9. കരിക്കുലം റീസ്ട്രക്ച്ചറിംഗ് ഇൻ ടീച്ചർ എഡ്യൂക്കേഷൻ സംബന്ധിച്ച റിപ്പോർട്ട്

10.സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമന ചട്ട ഭേദഗതി റിപ്പോർട്ട്

11. സ്വയംഭരണ കോളേജുകളുടെ അക്കാദമിക മാറ്റങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്

12. ആൾ കേരള ഹയർ എഡ്യൂക്കേഷൻ റിപ്പോർട്ട്

13. ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട്

14. ഡോ. എൻ. ആർ. മാധവമേനോൻ കമ്മിറ്റി റിപ്പോർട്ട്

15.എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം സംബന്ധിച്ച പഠന റിപ്പോർട്ട്

16. നിയമവിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം സംബന്ധിച്ച റിപ്പോർട്ട്

17. ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച റിപ്പോർട്ട്

18. കോവിഡാനന്തര ഉന്നത വിദ്യാഭ്യാസ നയോപദേശരേഖ

19. ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി)

20. നൂതന കോഴ്സുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

21.ഡോക്യുമെന്ററി ഹിസ്റ്ററി ഓഫ് ഹയർ എഡ്യൂക്കേഷൻ (പ്രൊഫ. വി. കാർത്തികേയൻ നായർ തയ്യാറാക്കിയ റിപ്പോർട്ട്)

22. Report on problems of filling up teaching posts in Universities (Dr.Fathimath Zuhara)

23. Report on Unification of fees of foreign students in State Universities (Vice Chancellors Committee)

24. Report on B.Voc Course in State Universities.

25. Perspective Plan for State Higher Education with Special reference to Arts and Science Colleges in Kerala.

26. Perspective Plan for Setting up New Engineering Institutions.

27. Perspective Plan for Starting New Colleges of Architecture in the State.

28. Perspective Plan for Starting New Poly Technique in the State.

29. Handbook of Equivalency for Academic Programmes/ Degrees of Universities

30.Handbook on Outcome Based on Education.

## ജലമാർഗ്ഗം വഴിയുള്ള ചരക്ക് നീക്കം

13 (*433) ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ജലമാർഗ്ഗം വഴിയുള്ള ചരക്ക് നീക്കത്തിന് ബാർജ്ജ് സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ദേശീയ ജലപാത 3-ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കൊച്ചി അമ്പലമുകളുള്ള ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽനിന്നും കൊല്ലം ചവറ KMML-ലേയ്ക്ക് ഫർണസ് ഓയിൽ എത്തിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ജലഗതാഗത വകുപ്പ് പ്രാഥമിക പഠനം നടത്തിയിട്ടുള്ളതാണ്. ടി വിഷയത്തിൽ വിശദമായ പഠനങ്ങൾ നടന്നുവരുന്നു. സോളാർ ഇലക്ട്രിക്ക് റോ– റോ ഉപയോഗിച്ച് വില്ലിംഗ്ടൺ ഐലന്റിൽ നിന്നും ബോൾഗാട്ടിയിലേയ്ക്കും വൈക്കത്തു നിന്നും തവണക്കടവിലേയ്ക്കും സർവ്വീസുകൾ നടത്തുന്നത് സംബന്ധിച്ച് വകുപ്പ് സാങ്കേതിക, സാമ്പത്തിക പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതുപ്രകാരം ഒരു സോളാർ ഇലക്ട്രിക്ക് റോ-റോ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജലപാതകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിനായി ജലപാത നവീകരണ വികസന പ്രവർത്തനങ്ങൾ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ്&ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുകീഴിൽ 7 ബാർജ്ജുകൾ ചരക്ക് നീക്കത്തിന് ഉപയോഗിക്കുന്നുണ്ട്. കൂടാതെ പുതിയ 2 ബാർജ്ജുകൾ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ്. ഉൾനാടൻ ജലഗതാഗത മാർഗ്ഗത്തിലൂടെയുള്ള ചരക്ക് നീക്കം പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പറേഷണൽ ഇൻസെന്റീവ്/സബ്സിഡി നൽകിയിട്ടുണ്ട്. കോവളം മുതൽ ബേക്കൽ വരെ 616 കി. മീ. നീളത്തിലാണ് സംസ്ഥാനത്ത് പശ്ചിമതീര ജലപാത വിഭാവനം ചെയ്തിരിക്കുന്നത്. കോവളം മുതൽ കൊല്ലം വരെ ഭാഗികവും, കൊല്ലം മുതൽ കോട്ടപ്പുറം വരെ പൂർണ്ണ തോതിലും, കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ഭാഗികവും, കോഴിക്കോട് കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാലൊഴികെ വടകര വരെ ഭാഗികമായും ഗതാഗത യോഗ്യമാണ്. വടകര മുതൽ മാഹി വരെ പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പൂർണ്ണതോതിൽ ഗതാഗതയോഗ്യമാണ്. നീലേശ്വരം മുതൽ

ബേക്കൽ വരെയുള്ള 26 കി. മീ. ഭാഗത്ത് 20 കി. മീ. പൂർണ്ണ തോതിൽ ഗതാഗത യോഗ്യമാണ്. 6 കി.മീ. നീളത്തിൽ പുതുതായി കനാൽ ദീർഘിപ്പിക്കേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജലപാത വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ പൂർണ്ണതോതിൽ ജലമാർഗ്ഗേനയുള്ള ചരക്ക് നീക്കം സാധ്യമാകുകയുള്ളൂ. പല സ്ഥലങ്ങളിലും ബാർജ്ജുകൾ സഞ്ചരിക്കാനുള്ള ആഴം ഇല്ലാത്തതാണ് ചരക്ക് ഗതാഗതത്തിന് മുഖ്യതടസ്സം.

(ബി) പരിസ്ഥിതി മലിനീകരണവും പ്രവർത്തനച്ചെലവും പരമാവധി കുറയ്ക്കുന്ന തരത്തിലുള്ള സൗരോർജ ബോട്ടുകൾ പുതുതായി ആരംഭിക്കുന്നതിനും സ്റ്റേഷനാഫീസുകൾ പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന തരത്തിൽ നവീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗതവകുപ്പ് സർവ്വീസുകൾ നടത്തിവരുന്നു. പാസഞ്ചർ സർവ്വീസുകൾക്കുപുറമേ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകളും വകുപ്പ് നടത്തുന്നുണ്ട്. ജലഗതാഗത രംഗത്ത് നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽതന്നെ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം - തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരവും ലഭിക്കുകയുണ്ടായി. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച ടി സോളാർ ബോട്ടിന്റെ പ്രവർത്തനം വൻവിജയമായതിനെത്തുടർന്ന് കൂടുതൽ സോളാർ ബോട്ടുകൾ വകുപ്പിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 സോളാർ ബോട്ടുകളുടെയും ഒരു സോളാർ ക്രൂയിസ് വെസലിന്റെയും നിർമ്മാണം നടന്നുവരുന്നു. കൂടാതെ 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉൾനാടൻ ജലമാർഗ്ഗം വഴിയുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നവിധം കൂടുതൽ വേഗതയേറിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി വൈക്കത്തുനിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും, റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും

സ്വച്ഛമായും സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് 2018-ൽ സർവ്വീസ് ആരംഭിച്ചു. അരൂർ-തേവര ജലമാർഗ്ഗത്തിലൂടെയാണ് വേഗ-120 കൊച്ചിയിൽ എത്തുന്നത്. ടി സർവ്വീസ് ആരംഭിച്ചതിനുശേഷം വൈക്കം നിവാസികൾക്ക് ഒരു മണിക്കൂർ 45 മിനിറ്റ് കൊണ്ട് കൊച്ചിയിൽ എത്തിച്ചേരാൻ സാധിക്കുന്നുണ്ട്. വിനോദസഞ്ചാരവും, അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു. പ്രസ്തുത സർവ്വീസ് നല്ല രീതിയിൽ നടന്നുവരുന്നു. പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് 2019-ൽ ആരംഭിക്കുകയും അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന സർവ്വീസ് ടൂറിസ്റ്റ് ഫ്രണ്ടിലി സർവ്വീസാക്കി നടത്തിവരികയും ചെയ്യുന്നു. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെയും കോട്ടയത്തുനിന്നും ആലപ്പുഴയ്ക്ക് വരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 8-3-2020-ൽ ഉദ്ഘാടനം നടത്തി. ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സികളുടെ നിർമ്മാണം ആരംഭിക്കുകയും, ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15-10-2020-ലും, രണ്ടാമത്തെ ബോട്ടിന്റെ ഉദ്ഘാടനം 4-1-2021-ലും നടത്തുകയും ചെയ്തു. ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മൂന്നും നാലും ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ജലഗതാഗത സാധ്യതകളും, ടൂറിസം സാധ്യതകളും സംബന്ധിച്ച് അടിയന്തര പ്രാധാന്യത്തോടെ പഠനങ്ങൾ നടത്തിവരുന്നു. വേഗതയേറിയതും, സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അവ നിർമ്മാണ ഘട്ടത്തിലാണ്.

## സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

14 (*434) ശ്രീ. എച്ച്. സലാം:
ശ്രീ . കെ .ഡി .പ്രസേനൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജ് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സാങ്കേതിക നൈപുണ്യം ഉപയോഗപ്പെടുത്തി സർക്കാർ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സാങ്കേതിക സർവ്വകലാശാല കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തിക്കൊണ്ട് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും സാങ്കേതിക നൈപുണ്യം ഉപയോഗപ്പെടുത്തി നിരവധി പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ട്. കോളേജുകളും വ്യാവസായിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും പഠന ഗവേഷണ മേഖലകളിൽ ഗുണമേന്മ വർദ്ധിപ്പിക്കാനും ഇൻഡസ്ട്രി ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി സാങ്കേതിക സർവ്വകലാശാല ഇതുവരെ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും മേധാവികളുമായി ബന്ധപ്പെട്ടുകൊണ്ട് ആ വകുപ്പുകളിൽ സാങ്കേതികപരമായ പരിഹാരം ആവശ്യമായിട്ടുള്ള സന്ദർഭങ്ങൾ കണ്ടെത്തുകയും അതിനുശേഷം ബന്ധപ്പെട്ട വിഷയങ്ങളിലെ അദ്ധ്യാപകരെയും തല്പരരായ വിദ്യാർത്ഥികളെയും കോർത്തിണക്കികൊണ്ട് ഉചിതമായ പരിഹാരം നിർദ്ദേശിക്കാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. NATPAC, Kerala State IT Mission, KIIDC, NISH, Gtech എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് സാങ്കേതിക സർവ്വകലാശാല രൂപം നൽകിയ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വ്യവസായ സ്ഥാപനങ്ങളിൽ സാങ്കേതിക സർവ്വകലാശാല നടത്തിയ ഇടപെടൽമൂലമുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

വ്യവസായ സ്ഥാപനങ്ങളിൽ സാങ്കേതിക സർവ്വകലാശാലയുടെ ഇടപെടൽ മൂലം വ്യവസായ പ്രതീക്ഷകൾ, പ്രശ്ന പ്രസ്താവനകൾ, കോളേജുകളുടെ കഴിവുകൾ എന്നിവയ്ക്ക് വിധേയമായി വ്യവസായവും അക്കാഡമിക്കുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞു. ബിസിനസ് പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ വിദ്യാർത്ഥികളെയും കോളേജുകളെയും പ്രാപ്തരാക്കുന്നതിനും വിദ്യാർത്ഥികളെ ദീർഘകാലാടിസ്ഥാനത്തിൽ വ്യവസായ നടത്തിപ്പിന് അനുയോജ്യമായ പ്രൊഫഷണലുകളായി വളർത്തുന്നതിനുമുള്ള നടപടികളും സാങ്കേതിക സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട് .

**മൃഗസംരക്ഷണ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ**

15 (*435) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചു റാണി): സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിലെ പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഗവേഷണവും വികസനവും പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ 2021-22 സാമ്പത്തിക വർഷം 40 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾക്ക് വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനായുള്ള പ്രോജക്ട് പ്രൊപ്പോസലുകൾക്കാണ് ടി തുക അനുവദിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിന്റെ പ്രോജക്ടായ " Studies on AMR gene flux between livestock and society, risk assessment and development of management strategies" (Joint R&D project of SIAD and MG University on Antimicrobial Resistance (AMR) എന്ന പ്രോജക്ടിന് 2018-19 സാമ്പത്തിക വർഷം 30 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിരുന്നു. ടി പ്രോജക്ടിന് 2021-22 സാമ്പത്തിക വർഷം 8,27,000 രൂപ അനുവദിച്ചിട്ടുണ്ട്. ADCP Lab Thrissur-ന്റെ പ്രോജക്ടായ Standardization of Real Time PCR Methodology for detection of Tick Transmitted Pathogens Anaplasma

species, Babesia species, Ehrlichia species & Theileria species affecting Cattle, Dogs and Horse എന്ന പ്രോജക്ടിന് 2018-19 സാമ്പത്തിക വർഷം 19,90,000 രൂപയുടെ അംഗീകാരം നൽകിയിരുന്നു. ടി പ്രോജക്ടിന് നടപ്പ് സാമ്പത്തിക വർഷം 7,20,000 രൂപ അനുവദിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബോർഡുമായി ബന്ധപ്പെട്ട പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ വിത്തുകാളകളെ തിരഞ്ഞെടുക്കാനായി സന്തതി പരിശോധന പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിൽ കൃത്രിമ ബീജധാനത്തിന് ഉപയോഗിക്കുന്ന എല്ലാ വിത്തുകാളകളുടെയും 1500-2000 ബീജമാത്രകൾ കർഷകരുടെ പശുക്കളിൽ കുത്തിവച്ചുണ്ടാകുന്ന പശുക്കുട്ടികളെ രജിസ്റ്റർ ചെയ്ത് 6 മാസത്തിലൊരിക്കൽ വളർച്ചാനിരക്ക് രേഖപ്പെടുത്തുന്നു. ഈ പശുക്കുട്ടികൾ വളർന്ന്, ബീജധാനത്തിനു ശേഷം പ്രസവിക്കുമ്പോൾ, ഇതിന്റെ ഒരു കറവക്കാലത്തെ പാലുത്പാദനം മാസത്തിൽ ഒരു ദിവസം അളന്ന് തിട്ടപ്പെടുത്തുന്നു. ഈ പാലിന്റെ അളവനുസരിച്ച്, പിതൃമൂല്യ നിർണ്ണയം നടത്തി മികച്ച വിത്തുകാളകളെ തിരഞ്ഞെടുക്കുന്നു. ഇത് ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലും കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷൻ വഴി കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലും തിരഞ്ഞെടുത്ത ബീജധാന കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. ഭ്രൂണ മാറ്റ സാങ്കേതിക വിദ്യ, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ വിജയകരമായി നടപ്പിലാക്കി മികച്ച വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുന്നു. വിത്തുകാളകളുടെ തിരഞ്ഞെടുപ്പിന് ജീനോമിക് സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള പ്രാരംഭനടപടി സ്വീകരിച്ചിട്ടുണ്ട്. വിത്തുകാളകളുടെ ജനിതകരോഗ നിർണ്ണയവും നിർമ്മാർജ്ജന പദ്ധതികളും നടപ്പിലാക്കുന്നു. ഇതിലൂടെ നമ്മുടെ സംസ്ഥാനത്ത് ജനിക്കുന്ന ഒരു കന്നുകാലിക്കും ജനിതക രോഗങ്ങൾ വരില്ലെന്ന് ഉറപ്പാക്കുന്നു. വെച്ചൂർ പശുക്കളുടെ വർഗ്ഗോദ്ധാരണത്തിനുവേണ്ടി ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി തുടങ്ങിയ ജില്ലകളിൽ Field Performance Recording (FPR) നടപ്പിലാക്കുന്നു. ഇതിലൂടെ ജനിക്കുന്ന കുട്ടികളുടെ വർഗ്ഗശുദ്ധി ഉറപ്പാക്കുകയും DNA ടെസ്റ്റിലൂടെ Parentage Test നടത്തിയ കാളക്കുട്ടികളെ വിത്തുകാളകളായി തെരഞ്ഞെടുക്കുന്നു. സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് യോജിച്ച നല്ലയിനം പുല്ലിനങ്ങളെ കണ്ടെത്തി അവയുടെ വ്യാപനത്തിനായുള്ള ഫോഡർ റിസർച്ച് പ്രോഗ്രാം നടപ്പിലാക്കുന്നു. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഗവേഷണ പദ്ധതികൾ മൃഗങ്ങളുടെ പോഷകാഹാര അടിത്തറ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ. മൃഗങ്ങളുടെ ജനിതക വിഭവങ്ങളുടെ മാനേജ്മെന്റ് മെച്ചപ്പെടുത്തലുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ. കന്നുകാലികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട

ഗവേഷണ പദ്ധതികൾ. പ്രത്യുൽപ്പാദന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ. മോളിക്യുലർ ഡയഗനോസ്റ്റിക്സ്, വാക്സിൻ പ്രൊഡക്ഷൻ, ബയോടെക്നോളജിയുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ. രോഗ നിരീക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ. ഡയറി, മാംസം സംസ്കരണം മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ. മൃഗങ്ങൾക്കും മനുഷ്യർക്കുമിടയിൽ പകരുന്ന രോഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ. വന്യജീവി, മാലിന്യ സംസ്കരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ, ജന്തുജന്യ രോഗങ്ങളെ പറ്റിയുള്ള പഠനം.

(ബി) ഗവേഷണത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കെ.എൽ.ഡി ബോർഡ് കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷനിലൂടെ ഭ്രൂണ മാറ്റത്തിനും  ഇൻവിട്രോ ഫെർട്ടിലൈസേഷനും (IVF) ഉള്ള അടിസ്ഥാന സൗകര്യങ്ങൾ മാട്ടുപ്പെട്ടി ഫാമിൽ വികസിപ്പിച്ചെടുത്തു. ഈ പദ്ധതികൾ തുടരാനുള്ള പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ജീനോമിക് ലാബിൽ അത്യാധുനിക ഉപകരണങ്ങൾ വാങ്ങി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കന്നുകാലികളുടെ രക്തം, ബീജം തുടങ്ങിയവയിൽ നിന്ന് DNA വേർതിരിച്ച് ജീനോ ടൈപ്പിംഗ് ചെയ്യാനുള്ള എല്ലാ ഉപകരണങ്ങളും, സാങ്കേതിക വിദ്യയും വികസിപ്പിച്ചെടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. തീറ്റപ്പുൽ വിത്തുകളുടെ ഗുണനിർണ്ണയവും അനുബന്ധ ഗവേഷണങ്ങൾക്കുമായി ധോണി ഫാമിൽ സംസ്ഥാന ഫോഡർ സീഡ് പരിശോധനാ ലബോറട്ടറിയുടെ സൗകര്യങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് ഗവേഷണത്തിനായി 1225 ലക്ഷം രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കന്നുകാലി ഉത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്ന 15 മുൻഗണനാ മേഖലകളിൽ സർവ്വകലാശാല ഗവേഷണം നടത്തുന്നുണ്ട്. ഗവേഷണത്തിന്റെ അടിസ്ഥാന വികസനത്തിനായി യൂണിവേഴ്സിറ്റിയുടെ വിവിധ ലബോറട്ടറികളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചുവരുന്നു. കൂടാതെ നബാഡ്, ആർ.ഐ.ഡി.എഫ് ധനസഹായത്തോടുകൂടി 32 കോടി മുതൽമുടക്കി മണ്ണുത്തി ആസ്ഥാനമായി അത്യന്താധുനിക ലബോറട്ടറികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

(സി) പ്രസ്തുത ഗവേഷണ പ്രവർത്തനങ്ങളിൽ ദേശീയ, അന്തർദേശീയ ഏജൻസികളുടെ സഹകരണം ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ?

കെ.എൽ.ഡി ബോർഡ് വിത്തുകാളകളുടെ തിരഞ്ഞെടുപ്പിൽ ജീനോമിക്സ് ഉപയോഗപ്പെടുത്താൻ ആസ്ട്രേലിയയിലെ യൂണിവേഴ്സിറ്റി ഓഫ് അഡ്ലെയ്ഡുമായി സഹകരിക്കുന്നു. ഇതിനായി യൂണിവേഴ്സിറ്റി ഓഫ് അഡ്ലെയ്ഡുമായി (UA) ഒരു ധാരണാപത്രം തയ്യാറാക്കി, പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പശുക്കളുടെ രോഗപ്രതിരോധശേഷി ഉയർത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ ജനിതക ഗവേഷണങ്ങൾ കെ.എൽ.ഡി.ബോർഡും, തിരുവനന്തപുരം ജില്ലയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER)-വും സംയുക്തമായി നടത്താൻ ധാരണാപത്രമായിട്ടുണ്ട്. നമ്മുടെ നാടൻ ഇനം പശുക്കളിൽ രോഗപ്രതിരോധശേഷി പ്രദാനം ചെയ്യുന്ന ജീനുകളെ കണ്ടെത്തി അവയെ തന്മാത്രാ ജനിതക ശാസ്ത്രത്തിലെ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, സങ്കരവർഗ്ഗപ്പശുക്കളുടെ രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമാക്കാൻ സാധിക്കുമോയെന്ന ഗവേഷണമാണ് പ്രധാനമായും ഈ സംയുക്ത സംരംഭത്തിലൂടെ ഉദ്ദേശിക്കുന്നത്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല അന്തർദേശീയ ഏജൻസികളായ DTRA, UNDP, ദേശീയ ഏജൻസികളായ ICAR, DST, DBT, NABARD, Ayush എന്നിവയുടെ വിവിധ പദ്ധതികൾ സർവ്വകലാശാലയിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഉല്പാദന ശേഷി കൂടിയ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാൻ ജനിതക ഗവേഷണം നടക്കുന്നുണ്ടോ; വിശദമാക്കാമോ?

കെ.എൽ.ഡി ബോർഡ് ഉൽപ്പാദനശേഷി കൂടിയ കന്നുകാലി സമ്പത്തു വർദ്ധിപ്പിക്കാൻവേണ്ടി ജീനോമിക് സെലക്ഷൻ, സന്തതി പരിശോധനാ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. സന്തതി പരിശോധനാ പദ്ധതിയിൽ, കർഷകർ വളർത്തുന്ന പശുക്കളുടെ പാലുൽപ്പാദനം അളന്ന് തിട്ടപ്പെടുത്തി, ഏറ്റവും മുന്തിയ പാലുൽപ്പാദനമുള്ള പശുക്കളെ കണ്ടെത്തുന്നു. ഈ പശുക്കളിൽ പരീക്ഷിച്ച് വിജയിച്ച കാളകളുടെ ഗാഢശീതീകരിച്ച ബീജം ഉപയോഗിച്ച് ബീജധാനം നടത്തിയുണ്ടാകുന്ന കാളക്കുട്ടികളെ തെരഞ്ഞെടുക്കുന്നു. വിത്തുകാളകളെ തിരഞ്ഞെടുക്കാൻ വേണ്ടി ജീനോമിക് സാങ്കേതിക വിദ്യ ഉപയോഗിക്കാനുള്ള നടപടികൾ ആയിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള സന്തതി പരിശോധനാ (പ്രോജനി ടെസ്റ്റിംഗ്) പദ്ധതികളിൽ, പ്രജനന മൂല്യം തെളിയിക്കപ്പെട്ട മികച്ച വിത്തുകാളകളെ വാങ്ങി സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ട്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല സങ്കരവർഗ്ഗം കന്നുകാലികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഇന്ത്യൻ കാർഷിക

ഗവേഷണ കൗൺസിലിന്റെ പ്രോജനി ടെസ്റ്റിംഗ് പദ്ധതി 1986 മുതൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ജനിതക വിഭാഗത്തിൽ നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉത്പാദനശേഷി കൂടുതലുള്ള വിത്ത് മൂരികളെ അവയിൽനിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന പശുക്കുട്ടികളുടെ പ്രജനന നിരക്ക് അടിസ്ഥാനമാക്കി തിരഞ്ഞെടുക്കുന്നു. ഈ ഗവേഷണ പദ്ധതിയിലൂടെ ഉരുത്തിരിയുന്ന പശുക്കൾക്ക് മറ്റുള്ളവയുമായുള്ള താരതമ്യത്തിൽ 400 മുതൽ 500 ലിറ്റർ വരെ ഓരോ വർഷവും കൂടുതലായി പാൽ ഉത്പാദിപ്പിക്കുന്നു. കേരളത്തിൽ തൃശ്ശൂർ ജില്ലയിലെ 8 കേന്ദ്രങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കുന്നു. സങ്കരവർഗ്ഗം പശുക്കളുടെ ജീൻ തലത്തിലുള്ള പഠനങ്ങൾ വഴി അവയുടെ സ്വഭാവ സവിശേഷതകളും അവയ്ക്ക് കാരണമായ ഘടകങ്ങളും കണ്ടുപിടിക്കാനും അതുവഴി വളർത്തുമൃഗങ്ങളുടെ ഉത്പാദനശേഷി വർദ്ധിക്കാനുമുള്ള ഗവേഷണങ്ങൾ നടത്തിവരുന്നു. കൂടാതെ മലബാറി ആടുകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

**മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ നടപടി**

16 (*436) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ സംസ്ഥാനത്ത് നിന്ന് കയറ്റുമതി ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ സംസ്ഥാനത്തുനിന്ന് കയറ്റുമതി ചെയ്യുന്നതിന് വി.എഫ്.പി.സി.കെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. അപേഡയിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് കേരളത്തിലെ കാർഷിക കയറ്റുമതി നയത്തിന്റെ ഭാഗമായുള്ള സെൻട്രൽ സെക്ടർ പ്രോജക്റ്റ് പ്രകാരം 883 ലക്ഷം രൂപയുടെ പദ്ധതി വി.എഫ്.പി.സി.കെ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്റർ രൂപീകരിച്ചു. തൃശ്ശൂർ, വയനാട് ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള ക്ലസ്റ്റർ ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും നിലവിലുള്ള കയറ്റുമതി അധിഷ്ഠിത വാഴകൃഷിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തുകയും ചെയ്യുന്നു. യൂറോപ്പിലേയ്ക്ക് വാഴപ്പഴം കയറ്റുമതി പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിനായി എൻ.ആർ.സി.ബി ട്രിച്ചി, അപേഡ, എക്സ്പോർട്ടേഴ്സ് എന്നിവരുടെ

സഹകരണത്തോടെയുള്ള പൈലറ്റ് പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ കർഷകനിൽ നിന്നും എൻ.ആർ.സി.ബി (നാഷണൽ റിസേർച്ച് സെന്റർ ഫോർ ബനാന, ട്രിച്ചി) നൽകിയ കൃഷി പ്രോട്ടോകോൾ പ്രകാരം ഉൽപാദിപ്പിച്ച വാഴപ്പഴം 2021 ഏപ്രിൽ മാസം വിഷുവിനോടനുബന്ധിച്ച് ലണ്ടൻ വിപണിയിൽ എത്തിക്കുന്നതിന് സാധിച്ചു. വാഴക്കുലകൾ വിളവെടുത്ത് 40-45 ദിവസത്തോളം ഉൽപ്പന്നത്തിന്റെ ഗുണമേന്മ നിലനിർത്തുന്നതിനും വിദേശവിപണിയിൽ കേരളത്തിലെ നേന്ത്രപഴത്തിന് വിപണി കണ്ടെത്തുന്നതിനും ഈ പരീക്ഷണം വഴി സാധിച്ചു. കര കടൽ മാർഗ്ഗം ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേയ്ക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും കൗൺസിലിന്റെ നേതൃത്വത്തിൽ കയറ്റുമതി ചെയ്യാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളുടെ സഹായത്തോടെ കൂടുതൽ കയറ്റുമതി ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കയറ്റുമതിയുമായി ബന്ധപ്പെട്ട് എസ്.എഫ്.എ.സി.യുടെ നേതൃത്വത്തിൽ 3 കർഷക കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വൈഗ 2021-ൽ വിർച്വൽ പ്ലാറ്റ്ഫോമിൽ APEDA യുടെ സാങ്കേതിക സഹായത്തോടെ B2B മീറ്റ് സംഘടിപ്പിച്ചിരുന്നു. 106 സംരംഭകർ ഇതിൽ രജിസ്റ്റർ ചെയ്തു പങ്കെടുത്തു. ഇന്ത്യ, മലേഷ്യ, UAE, കുവൈത്ത്, ദക്ഷിണ ആഫ്രിക്ക, മൊസാമ്പിക്, ഇറാൻ, കാനഡ, തായ്‌ലാൻഡ് എന്നീ രാജ്യങ്ങളിലെ വിവിധ ഏജൻസികൾ പങ്കെടുത്തു. 400-ൽ പരം കാർഡ് എക്സ്ചേഞ്ച് നടത്താൻ സാധിച്ചു.

(ബി) സംസ്ഥാനത്തിന്റെ തനതു കാർഷിക വിഭവങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ തനത് കാർഷിക വിഭവങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നല്കുന്നതിനുമായി പല പദ്ധതികൾ നടപ്പിലാക്കി വരുന്നു. തനത് കാർഷിക വിഭവങ്ങളായ നാടൻ നെല്ലിനങ്ങൾ, പരമ്പരാഗതമായ പച്ചക്കറി വിത്തുകൾ, പ്രാദേശിക പ്രാധാന്യമുള്ള വിളകളായ ചെറുധാന്യങ്ങൾ, എണ്ണക്കുരുക്കൾ, കരിമ്പ് എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും വേണ്ടിയുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായി നെല്ല് വികസനം, പച്ചക്കറി വികസനം എന്നീ പദ്ധതികളിൽ പ്രത്യേക ഘടകങ്ങൾ ഉൾപ്പെടുത്തിയും, പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും എന്ന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ കേരളത്തിലെ തനത് കാർഷിക വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി

ജൈവപച്ചക്കറി കൃഷി/ഉത്തമ കൃഷിമുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും എന്ന പദ്ധതിയിൽ 3500 രൂപ/ഹെക്ടറിന് വകയിരുത്തിയിട്ടുണ്ട്. നാടൻ നടീൽ വസ്തുക്കൾ ശേഖരിക്കുന്നതിനും 25 ഹെക്ടറിൽ വിത്തുൽപാദനം നടത്തി വിതരണം നടത്തുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും ഇത് വഴി സാധിക്കും. സംസ്ഥാനത്തിന്റെ തനത് കാർഷിക വിഭവങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം 2021-22 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജന, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്നീ പദ്ധതികളിലുൾപ്പെടുത്തി വിളവിസ്തൃതി വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**റെയിൽ മേഖലയിലെ വികസന, നിർമ്മാണ പ്രവർത്തനങ്ങൾ**

17 (*437) <u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽ മേഖലയിൽ എന്തെല്ലാം വികസന, നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും കൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടുകൂടിയുള്ള ജോയിന്റ് വെഞ്ച്വർ കമ്പനി, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) എന്ന പേരിൽ 2017-ൽ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കോർപ്പറേഷൻ വഴി സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും, അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ, അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ് അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ സാധ്യമാക്കുന്നു. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്:

1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോഡ്

2. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ

3. നിലമ്പൂർ- നഞ്ചൻഗുഡ് റെയിൽ ലൈൻ

4. അങ്കമാലി - ശബരി റെയിൽ പദ്ധതി

നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതി കേരള സർക്കാർ നടപ്പിലാക്കി വരുന്ന ഒരു മുൻനിര പദ്ധതിയാണ്. തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് വരെ 4 മണിക്കൂറിൽ എത്തിച്ചേരുന്നത് സാധ്യമാക്കാൻ 200 കി.മീ. വേഗതയിൽ സെമി ഹൈ സ്പീഡ് ട്രെയിനുകൾ ഓടിക്കാനുള്ള ഒരു പദ്ധതിയാണ് സിൽവർലൈൻ. പ്രസ്തുത പദ്ധതി സംസ്ഥാനത്തിന്റെ 11 ജില്ലകളിലൂടെ കടന്നുപോകുകയും 11 സ്റ്റേഷനുകളോടും കൂടിയുള്ളതുമാണ്. അന്തരീക്ഷ മലിനീകരണം ഏറ്റവും കുറവുള്ള യാത്രാ മാർഗ്ഗമാണ് റെയിൽഗതാഗതം. ഇത്തരത്തിൽ ഈ പദ്ധതി നിലവിൽ വരുന്നതോടുകൂടി റോഡപകടങ്ങളും റോഡിലെ യാത്രാത്തിരക്കും കുറയ്ക്കാമെന്നുമാത്രമല്ല അക്ഷയോർജ്ജത്തെ പൂർണ്ണമായി ആശ്രയിക്കുന്നതിനാൽ അന്തരീക്ഷ മലിനീകരണം വലിയ തോതിൽ കുറയ്ക്കാനും സാധിക്കും. ഒരു വർഷം തന്നെ 2.8 ലക്ഷം ടൺ കാർബൺഡൈ ഓക്സൈഡ് ബഹിർഗമനം കുറയ്ക്കാനാകുമെന്നാണ് കരുതുന്നത്.

(ബി) തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചങ്കോട്, അങ്കമാലി-ശബരി എന്നീ റെയിൽപാതകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടി വഴി കർണ്ണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്ന തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്ര സുഗമമാക്കാൻ സാധിക്കും. പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ, കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ്

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വേ പ്രവൃത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണ്ണാടക ഭാഗത്തുള്ള അലൈൻമെന്റിന് അവിടുത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് പ്രസ്തുത ഭാഗത്തുകൂടിയുള്ള അലൈൻമെന്റിന് കർണ്ണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണ്ണാടക സർക്കാരിൽനിന്നും റെയിൽവേയിൽനിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. ചീഫ് സെക്രട്ടറിതലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും കത്തിടപാടുകൾ നടത്തിവരികയാണ്. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക സർക്കാരുമായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. നിലമ്പൂർ- നഞ്ചൻഗുഡ് റെയിൽ ലൈൻ തെക്കൻ കേരളം, മൈസൂരു, ബെംഗളൂരു എന്നിവ തമ്മിൽ ബദലും ഹ്രസ്വവുമായ കണക്റ്റിവിറ്റി നൽകിയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ പദ്ധതി വളരെ പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് തലശ്ശേരി മൈസൂർ പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണാടക സർക്കാരിൽനിന്നുമുള്ള അനുമതിയും കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക സർക്കാരുമായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി റെയിൽ പാത. ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽ കണ്ടാണ് ഈ

പദ്ധതി വിഭാവനം ചെയ്തത്. അങ്കമാലി - ശബരി റെയിൽ പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുക വഴി തമിഴ്നാട്ടിലേയ്ക്ക് നീട്ടാൻ കഴിയും. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അങ്കമാലി - ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പാതകൾ പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിന്റെ വികസനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

സിൽവർലൈൻപാത കേരളത്തിലെ ഹൈവേയിലും റെയിൽവേയിലും നമുക്ക് ആർജ്ജിക്കാവുന്ന സുരക്ഷിത വേഗം ഇപ്പോൾ ശരാശരി 40-60 കിലോമീറ്ററാണ്. നിലവിലുള്ള റോഡുകളും റെയിൽപാതകളും വികസിപ്പിച്ച് വേഗം കൂട്ടാനുള്ള സാധ്യത ജനസാന്ദ്രതയേറിയ കേരളത്തിൽ കുറവാണ്. ഇനിയും വേഗത്തിൽ യാത്ര ചെയ്യണമെങ്കിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പുതിയ ഗതാഗത മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. റോഡ് ഗതാഗതത്തിലെ സമയനഷ്ടം പരിഹരിക്കാനുള്ള ഏറ്റവും അനുയോജ്യമായ ശ്രമമാണ് ഇപ്പോൾ സിൽവർ ലൈൻ എന്നു പേരിട്ടിരിക്കുന്ന അർധ അതിവേഗ പാത എന്ന പദ്ധതിയിലൂടെ കേരളം ലക്ഷ്യമിടുന്നത്. 200 കിലോമീറ്റർ വേഗത്തിൽ കേരളത്തിന്റെ തെക്കുവടക്ക് യാത്ര ചെയ്യാൻ കഴിഞ്ഞാൽ ഇന്നത്തെ ഇഴഞ്ഞുപോക്ക് അവസാനിപ്പിക്കാനാവും. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 530 കിലോമീറ്റർ നാല് മണിക്കൂർകൊണ്ട് സഞ്ചരിക്കാനായാൽ മലയാളിയുടെ യാത്രാരീതിയിൽ വൻമാറ്റമാണുണ്ടാകുക. സിൽവർലൈനിനെ ആശ്രയിക്കുന്ന യാത്രക്കാർ വർദ്ധിക്കുന്നതോടെ യാഥാർത്ഥ്യമാവുന്ന ആദ്യവർഷം തന്നെ ഏകദേശം 2.8 ലക്ഷം ടൺ കാർബൺഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാനാവും. 2052-ഓടെ വർഷത്തിൽ 5,94,636 ടണ്ണോളം കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽനിന്ന് കുറയാൻ സിൽവർലൈൻ നിമിത്തമാവും. കേരളവികസനത്തിന്റെ മുഖച്ഛായ മാറ്റുന്നതിനൊപ്പം അങ്ങനെ അന്തരീക്ഷ മലിനീകരണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കാനും ഈ ഹരിതപദ്ധതി വഴിയൊരുക്കും. റോ-റോ സർവ്വീസ് വഴി അഞ്ഞൂറോളം ചരക്കുവാഹനങ്ങൾ റോഡിൽനിന്ന് പിന്മാറും. ഇത് സംസ്ഥാനത്തെ രൂക്ഷമായ

ഗതാഗതതിരക്ക് മാത്രമല്ല ദിനംപ്രതി വർദ്ധിക്കുന്ന റോഡപകടങ്ങളും കുറയ്ക്കും. കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ വൻ കുതിപ്പുണ്ടാക്കുന്ന പദ്ധതിയാണ് സിൽവർ ലൈൻ. ഒരു മണിക്കൂർ സമയംകൊണ്ട് കോഴിക്കോട് നിന്നും, ഒന്നരമണിക്കൂർ കൊണ്ട് തിരുവനന്തപുരത്ത് നിന്നും ഒരാൾക്ക് കൊച്ചിയിൽ എത്താൻ കഴിയുമെങ്കിൽ അത് മലയാളികളുടെ സാമൂഹിക ജീവിതത്തിലും തൊഴിൽമേഖലയിലും കേരളത്തിന്റെ വാണിജ്യരംഗത്തും ഉണ്ടാക്കുന്ന മാറ്റം അത്ഭുതപൂർവമായിരിക്കും. സിൽവർ ലൈൻ യാഥാർത്ഥ്യമായാൽ നിരത്തിലെ വാഹനപ്പെരുപ്പം നിയന്ത്രിക്കാനും അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും കഴിയും. മാത്രമല്ല തിരക്കുകൊണ്ട് വീർപ്പുമുട്ടുന്ന സംസ്ഥാനത്തെ റെയിൽപാതകളിലെ തിരക്ക് ഒഴിവാക്കാനും ഈ പാതകളിലൂടെയുള്ള ഗതാഗതം സുഗമമാക്കാനും കഴിയും. ഇപ്പോഴത്തെ വിലനിലവാരമനുസരിച്ചുതന്നെ 530 കോടി രൂപയുടെ പെട്രോളും ഡീസലും തന്മൂലമുണ്ടാകുന്ന മലിനീകരണം കുറയ്ക്കാനും കഴിയും. സിൽവർ ലൈൻ വഴി നഗരകേന്ദ്രങ്ങളിലേയ്ക്കുള്ള പ്രവേശനം എളുപ്പമാകുന്നതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികവും വ്യാവസായികവുമായ വളർച്ച സാധ്യമാകും. നഗരകേന്ദ്രീകരണം വൻതോതിൽ ഒഴിവാക്കപ്പെടും. ഗ്രാമപ്രദേശങ്ങളിൽനിന്നുപോലും എളുപ്പത്തിൽ നഗരങ്ങളിലെത്താൻ ജനങ്ങൾക്ക് കഴിയുന്നതുകൊണ്ട് താമസം, ഭക്ഷണം എന്നിവ വഴിയുള്ള ജീവിതച്ചെലവ് വൻതോതിൽ കുറയും. ഇതുകൂടാതെയാണ് പദ്ധതി നടപ്പാക്കുമ്പോൾ ലഭിക്കുന്ന സാമ്പത്തിക ഉണർവും ജോലികളും. 2025-ൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും 50,000 പേർക്കും പദ്ധതി പൂർത്തിയാക്കുമ്പോൾ 10,000 പേർക്കും ജോലി ലഭിക്കും. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ പ്രസ്തുത പദ്ധതി കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേരിയിലെ കോസ്റ്റൽ ടൗൺഷിപ്പിനെ മാനന്തവാടി വഴി കർണ്ണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ മലബാറിലെ ജനങ്ങളുടെ യാത്ര സുഗമമാക്കാൻ സാധിക്കും. അതായത് മലബാറിൽ നിന്നു മൈസൂരിലേക്ക് 16 മണിക്കൂറു കൊണ്ടും ബാംഗ്ലൂരിലേക്ക് 13 മണിക്കൂറുകൊണ്ടും എത്തിച്ചേരുന്നിടത്ത് 5 മണിക്കൂറുകൊണ്ട് മൈസൂരിലേക്കും 8 മണിക്കൂറുകൊണ്ട് ബാംഗ്ലൂരിലേയ്ക്കും യാത്രാ സമയം കുറച്ചുകൊണ്ട് എത്തിച്ചേരാൻ പ്രസ്തുത പദ്ധതി സഹായകമാകുന്നു. നിലമ്പൂർ-നൻജഗുഡ് റെയിൽ ലൈൻ തെക്കൻ കേരളം, മൈസൂരു, ബെംഗളൂരു എന്നിവ തമ്മിൽ ബദലും ഹ്രസ്വവുമായ കണക്റ്റിവിറ്റി നൽകിയാണ് ഈ പദ്ധതി നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഈ ലൈൻ 6 മണിക്കൂറിനുള്ളിൽ മൈസൂരിനെ കൊച്ചിയുമായി ബന്ധിപ്പിക്കുകയും മൈസൂർ വഴി നേരിട്ടും ചെറുതുമായ ബാംഗ്ലൂർ-കേരള കണക്റ്റിവിറ്റി നൽകുകയും ചെയ്യും. കർണ്ണാടക, കേരളം, തമിഴ്നാട്

എന്നിവിടങ്ങളിലെ പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് റെയിൽവേ ലൈൻ സഹായിക്കും. വയനാട് ജില്ലയും റെയിൽവേ ഭൂപടത്തിൽ ഇടംപിടിക്കുമെന്നതാണ് ഈ പദ്ധതി വഴിയുള്ള മറ്റൊരു വലിയ നേട്ടം. അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98-ലെ റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി പാത. ശബരിമല ദർശനത്തിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും മുന്നിൽ കണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. അങ്കമാലി - ശബരി റെയിൽ പാത കൊല്ലം ജില്ലയിലെ പുനലൂർ വരെ ദീർഘിപ്പിക്കുകവഴി തമിഴ്നാട്ടിലേയ്ക്ക് നീട്ടാൻ കഴിയും.

**പാൽ സംഭരണം**

18 (*438) ശ്രീ. പി അബ്ദുൽ ഹമീദ് :
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചു റാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ;

(ബി) ലോക്ക്ഡൗൺ കാലത്ത് പാൽ സംഭരണം നടക്കാത്തതിനെ തുടർന്ന് ക്ഷീര കർഷകർ നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി, മുൻ വർഷങ്ങളിൽ കേരളം നേരിടേണ്ടിവന്ന പ്രളയം പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് ഒരു തടസവും വരാത്ത രീതിയിൽ ക്രമീകരിക്കാനായി ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപം കൊടുത്തിരുന്നു. പ്രാദേശികമായുള്ള കർഷകരെയും ക്ഷീരസംഘം പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ കമ്മിറ്റിയുടെ പ്രവർത്തന ഫലമായി ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ കർഷകർക്ക് സഹായവും അവർക്ക് വന്ന നാശനഷ്ടങ്ങൾ കണക്കാക്കി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീര

കർഷകർക്ക് കോവിഡ് രോഗബാധയുണ്ടാവുമ്പോൾ അവരുടെ കന്നുകാലികളെയും കറവപ്പശുക്കളെയും സംരക്ഷിക്കുന്നതിനും, കറവ, പശുക്കൾക്കുള്ള ഭക്ഷണം എന്നീ സൗകര്യങ്ങൾ ഒരുക്കി കേരളത്തിലെ വിവിധ ജില്ലകളിലുള്ള ക്ഷീരസംഘങ്ങൾ മാതൃകാപരമായ രീതിയിൽ നടപടികളെടുത്ത് കർഷകരെ സഹായിച്ചു. കൂടാതെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പാൽ സംഭരണം നടത്തുന്നതിനാൽ വ്യാപന സാധ്യത കുറവായിരുന്നു. മാത്രവുമല്ല സംഘം ജീവനക്കാർക്കും കർഷകർക്കും മറ്റും മാസ്ക്, സാനിറ്റൈസർ എന്നിവ നൽകുകയും കോവിഡ് ബാധിച്ച കർഷകരുടെ തൊഴുത്തും മറ്റും അണുവിമുക്തമാക്കുന്നതിനുള്ള നടപടികളും ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ സ്വീകരിച്ചുവരുന്നു.

**കേര കർഷകർക്ക് സഹായം**

19 (*439) ശ്രീ. സജീവ് ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന് ഉല്പാദനചെലവ് പോലും ലഭിക്കാതെ നിരവധി കർഷകർ തെങ്ങുകൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) കേര കർഷകർക്ക് സബ്സിഡിയിനത്തിൽ സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും വിവിധ കേരവികസന പദ്ധതികൾ സർക്കാർ സാമ്പത്തിക സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കേരവികസന പദ്ധതികൾക്കായി 7547 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം,

ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം നടപ്പിലാക്കാനായി 4856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത്പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും, തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1359 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നാളികേരവും കൊപ്രയും ന്യായവിലയ്ക്ക് സംഭരിക്കുന്നതിൽ കേരഫെഡ് വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ?

ഇ-മെയിൽ ടെൻഡർ മുഖേനയാണ് കേരഫെഡ് കൊപ്ര സംഭരിക്കുന്നത്. കൂടാതെ കർഷകർ, കർഷക സംഘങ്ങൾ എന്നിവർക്ക് ഇ-മെയിൽ ടെൻഡർ അല്ലാതെ നേരിട്ട് അതത് ദിവസത്തെ വിലയ്ക്ക് കരുനാഗപ്പള്ളിയിലും നടുവണ്ണൂരിലുമുള്ള കേരഫെഡ് ഫാക്ടറികളിൽ നേരിട്ട് കൊപ്ര എത്തിക്കാനുള്ള സംവിധാനവും നിലവിലുണ്ട്. ഇതുകൂടാതെ പച്ചത്തേങ്ങവില, സംഭരണ വിലയേക്കാൾ കുറഞ്ഞ സ്ഥലങ്ങളിൽ, കേരഫെഡ് നേരിട്ട് കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പൊതു വിപണിയിൽ നാളികേരത്തിന് സംഭരണ വിലയെക്കാൾ ഉയർന്നവില കർഷകർക്ക് നിലവിൽ ലഭിക്കുന്നതുകൊണ്ട് കേരഫെഡിന്റെ സംഭരണ കേന്ദ്രങ്ങളിൽ പ്രതീക്ഷിച്ച അളവിൽ കർഷകർ നാളികേരം എത്തിച്ചിട്ടില്ല. നിലവിൽ, തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലയിലെ പൊന്നാനി, കോഴിക്കോട് എന്നിവിടങ്ങളിലായാണ് കേരഫെഡിന്റെ സംഭരണ കേന്ദ്രങ്ങൾ ഒരുക്കിയിട്ടുള്ളത്. നിലവിൽ കിലോയ്ക്ക് 32 രൂപയാണ് പച്ചത്തേങ്ങയുടെ സംഭരണവില.

(ഡി) കേരഫെഡിൽ തൊഴിലാളികൾ നടത്തുന്ന അനിശ്ചിതകാല സമരം കൊപ്ര സംഭരണത്തെ ബാധിച്ചിട്ടുണ്ടോ; പ്രസ്തുത സമരം ഒത്തുതീർപ്പാക്കാൻ ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ?

കേരഫെഡിൽ തൊഴിലാളികൾ നടത്തുന്ന അനിശ്ചിതകാല സമരം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി 29-10-2021-ൽ വിളിച്ചുചേർത്ത യോഗത്തിൽ ഒത്തുതീർപ്പായിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസുകൾ ലാഭകരമാക്കാൻ നടപടി**

20(*440) <u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസുകൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാത്തതിനാൽ നിരത്തിലിറക്കാൻ കഴിയാതെ തുരുമ്പെടുത്ത് നശിച്ച് പോകുന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.ക്ക് നിലവിൽ 190 ലോ ഫ്ലോർ എ.സി. ബസ്സുകളും 240 റിയർ എഞ്ചിൻ നോൺ എ.സി. ലോ ഫ്ലോർ ബസ്സുകളും 289 ഫ്രണ്ട് എഞ്ചിൻ നോൺ എ.സി. സെമി ലോ ഫ്ലോർ ബസ്സുകളുമാണുള്ളത്. നിലവിൽ 85 എ.സി. ലോ ഫ്ലോർ ബസ്സുകളും 43 നോൺ എ.സി. ഫ്രെണ്ട് എഞ്ചിൻ സെമി ലോ ഫ്ലോർ ബസ്സുകളും അറ്റകുറ്റ പണികൾക്കായി വിവിധ ഡിപ്പോകളിൽ നിർത്തിയിട്ടിരിക്കുകയാണ്. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾ A/c ലോ ഫ്ലോർ ബസുകളിൽ സഞ്ചരിക്കാൻ വിമുഖത കാണിക്കുന്നതിനാൽ A/c ലോ ഫ്ലോർ ബസുകൾ നിലവിൽ നിരത്തിലിറക്കാൻ സാധിക്കാത്തതുകൊണ്ടാണ് സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്ക് ചെയ്തിട്ടുള്ളത്. നിലവിൽ ആകെയുള്ള 719 ലോ ഫ്ലോർ ബസുകളിൽ 110 (40 A/c + 70 Non A/c) എണ്ണം സർവ്വീസ് നടത്തി വരുന്നു. ലാഭകരമല്ലാത്തതിനാൽ നിലവിൽ പാർക്ക് ചെയ്തിട്ടുള്ളതും അറ്റകുറ്റപണി കഴിഞ്ഞതിനുശേഷമുള്ളതായ ലോ ഫ്ളോർ ബസ്സുകൾ 2021 നവംബർ-ഡിസംബർ മാസത്തോടെ സർവ്വീസിനായി നിരത്തിലിറക്കുന്നതാണ്.

(ബി) പ്രസ്തുത ബസ്സുകൾ അറ്റകുറ്റപണികൾ പൂർത്തിയാക്കി നിരത്തുകളിൽ ഇറക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ 190 ലോ ഫ്ലോർ എ.സി. ബസ്സുകളും 240 റിയർ എഞ്ചിൻ നോൺ എ.സി. ലോ ഫ്ലോർ ബസ്സുകളും 289 ഫ്രണ്ട് എഞ്ചിൻ നോൺ എ.സി. സെമി ലോ ഫ്ലോർ ബസ്സുകളുമാണുള്ളത്.

നിലവിൽ 85 എ.സി. ലോ ഫ്ലോർ ബസ്സുകളും 43 നോൺ എ.സി. ഫ്രൈണ്ട് എഞ്ചിൻ സെമി ലോ ഫ്ലോർ ബസ്സുകളും അറ്റകുറ്റ പണികൾക്കായി വിവിധ ഡിപ്പോകളിൽ നിർത്തിയിട്ടിരിക്കുകയാണ്. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾ A/c ലോ ഫ്ലോർ ബസുകളിൽ സഞ്ചരിക്കാൻ വിമുഖത കാണിക്കുന്നതിനാൽ A/c ലോ ഫ്ളോർ ബസുകൾ നിലവിൽ നിരത്തിലിറക്കാൻ സാധിക്കാത്തതുകൊണ്ടാണ് സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്ക് ചെയ്തിട്ടുള്ളത്. നിലവിൽ ആകെയുള്ള 719 ലോ ഫ്ലോർ ബസുകളിൽ 110 (40 A/c + 70 Non A/c) എണ്ണം സർവ്വീസ് നടത്തി വരുന്നു. ലാഭകരമല്ലാത്തതിനാൽ നിലവിൽ പാർക്ക് ചെയ്തിട്ടുള്ളതും അറ്റകുറ്റപണി കഴിഞ്ഞതിനുശേഷമുള്ളതുമായ ലോ ഫ്ലോർ ബസ്സുകൾ 2021 നവംബർ-ഡിസംബർ മാസത്തോടെ സർവ്വീസിനായി നിരത്തിലിറക്കുന്നതാണ്.

(സി) ലോഫ്ലോർ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിമൂലമുള്ള നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ എ.സി ലോ ഫ്ലോർ ബസ്സുകൾ കഴിഞ്ഞ ഒന്നര വർഷമായി സർവ്വീസ് നടത്താൻ സാധിച്ചിരുന്നില്ല. ഇപ്പോഴും പൊതുജനം കോവിഡ് ഭീതികാരണം എ.സി. ബസ്സിൽ യാത്ര ചെയ്യാൻ വിമുഖത കാണിക്കുന്നതിനാൽ അത്യാവശ്യമുള്ള എ.സി ബസ്സുകൾ മാത്രമാണ് സർവ്വീസിന് സജ്ജമാക്കി ഉപയോഗിച്ചുവരുന്നത്. യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആവശ്യാനുസരണം ലോ ഫ്ലോർ ബസുകൾ സർവ്വീസ് ലഭ്യമാക്കുന്നതാണ്.

(ഡി) പ്രസ്തുത ബസ്സുകളെ ലാഭകരമാക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സെമി ലോ ഫ്ലോർ നോൺ എ.സി. ബസ്സുകൾ 289 എണ്ണം തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് വിന്യസിക്കുകയും അതിൽ 108 ബസ്സുകൾ പുതിയതായി ആരംഭിക്കുന്ന സിറ്റി സർക്കുലർ സർവ്വീസിനായി സജ്ജമാക്കിയിട്ടുമുണ്ട്. 2021-22-ലെ ശബരിമല സ്പെഷ്യൽ സർവ്വീസിന് ഉപയോഗിക്കുന്നതിനായി 104 ബസ്സുകളുടെ അറ്റകുറ്റപണികൾ പുരോഗമിച്ച് വരികയാണ്. അവശേഷിക്കുന്നവ തിരുവനന്തപുരം ജില്ലയിലെ വിവിധ ഡിപ്പോകളിൽ സർവ്വീസ് നടത്തുകയാണ്. കൂടാതെ എ.സി. ലോ ഫ്ലോർ ബസ്സുകളും, ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സർവ്വീസ് നടത്തുന്നതിനും പുതിയതായി ആരംഭിക്കുന്ന തിരുവനന്തപുരം - കോഴിക്കോട് ബൈപാസ് സർവ്വീസിനായും സജ്ജമാക്കിവരികയാണ്. കൂടാതെ, ലോ ഫ്ളോർ ബസ്സുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനോപകാരപ്രദമായ രീതിയിൽ സർവ്വീസുകൾ

ക്രമീകരിക്കുന്നതിനും കെ.എസ്.ആർ.ടി.സി. താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സിറ്റി സർക്കുലർ 108 നോൺ എ.സി. ലോ ഫ്ലോർ ബസ്സുകൾ ഉപയോഗിച്ച് നഗര പരിധിയിൽ സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതിയിടുകയും, പദ്ധതിയുടെ ആദ്യ ട്രയൽ 8-8-2022-ന് തിരുവനന്തപുരത്ത് വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. പദ്ധതി 2021 നവംബർ മാസം മുതൽ നടപ്പിലാക്കാനാണ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. സമുദ്ര ബസ് പദ്ധതി മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലെയും, രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നെന്നുമാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. Fish on Wheels, Foodies on Wheels, Mobile Ration shop എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ലോ ഫ്ലോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ്. കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ എ.സി. ബസ്സുകളിലും, ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങളെ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തി പദ്ധതി നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഇതിനുപുറമെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് ടൂർ പാക്കേജുകളും, sight seeing പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ബൈപ്പാസ് റൈഡർ/ചെയിൻ സർവ്വീസുകൾ/വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ. ലോ ഫ്ലോർ എ.സി ബസ്സുകൾ കൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം - കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾവഴി ബൈപാസ് റൈഡറായി ഓപ്പറേറ്റ് ചെയ്യുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം-എറണാകുളം, എറണാകുളം - കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാ സൗകര്യവും അതുവഴി വരുമാനവർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തിവച്ച എ.സി. ബസ്സുകളടക്കം എല്ലാ ബസ്സുകളും പുനരുപയോഗിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരികയാണ്.

**നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

21 (*441) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:

<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉല്പാദനം ആശങ്കാജനകമാകുംവിധം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ നാളികേരത്തിന്റെ ഉല്പാദനക്ഷമതയിലും ഉല്പാദനത്തിലും കുറവുണ്ടായിട്ടുണ്ടെങ്കിലും അതിൽ ആശങ്കപ്പെടാനുള്ള സാഹചര്യം നിലവിലില്ല. സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ് 2015-16 വർഷം 790223 ഹെക്ടറിലും 2016-17 വർഷം 781496 ഹെക്ടറിലും 2017-18 വർഷം 760433 ഹെക്ടറിലും 2018-19 വർഷം 760947 ഹെക്ടറിലും 2019-20 വർഷം 760775 ഹെക്ടറിലും കൃഷി ചെയ്തതായാണ് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. നാളികേര ഉല്പാദനം 2015-16 വർഷം 5873 ദശലക്ഷം, 2016-17 വർഷം 5384 ദശലക്ഷം, 2017-18 വർഷം 5230 ദശലക്ഷം, 2018-19 വർഷം 5299 ദശലക്ഷം, 2019-20 വർഷം 4814 ദശലക്ഷം, എന്നിങ്ങനെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാളികേര കൃഷിയുടെ വിസ്തൃതി കുറഞ്ഞപ്പോൾ ഉല്പാദനത്തിൽ നേരിയ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ കാലയളവിലെ ഉല്പാദനക്ഷമത (നാളികേരം/ഹെക്ടർ) 7432 (2015-16), 6889 (2016-17), 6878(2017-18), 6964(2018-19), 6328(2019-20) ആണ്. 2020-21 വർഷത്തെ കണക്കുകൾ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും കുറയുന്നതിന് പല കാരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ജനസാന്ദ്രത കൂടുന്നത് നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനും മറ്റ് കാർഷികേതര ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതുമൂലം തെങ്ങുകൾ

മുറിച്ചുമാറ്റപ്പെടുകയും ആയത് തെങ്ങുകൃഷിയുടെ വിസ്തൃതി കുറയുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ തെങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളും കീടബാധകളും തെങ്ങുകളുടെ പ്രായാധിക്യവും നാളികേരത്തിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചെലവ്, ഉത്പാദനോപാധികളുടെ വിലയിലെ വർദ്ധനവ് എന്നിവയും തെങ്ങുകൃഷിയെ ബാധിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതും നാളികേരത്തിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവുണ്ടാകാൻ കാരണമായി.

(ബി) ഉല്പാദനം വർദ്ധിപ്പിക്കാനായി രോഗപ്രതിരോധ പ്രവർത്തനങ്ങളിലും പരിപാലന മുറകളിലും ശാസ്ത്രീയമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്പാദനം വർദ്ധിപ്പിക്കാനായി രോഗപ്രതിരോധ പ്രവർത്തനങ്ങളിലും പരിപാലന മുറകളിലും ശാസ്ത്രീയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സംയോജിത വിള പരിപാലന മുറകൾ ക്ലസ്റ്ററടിസ്ഥാനത്തിൽ ശാസ്ത്രീയമായി അവലംബിച്ച് തെങ്ങിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി ആരംഭിച്ച കേരഗ്രാമങ്ങളുടെ പ്രവർത്തനം വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 10,739 നാളികേരമായി ഉയർന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന വിവിധതരം രോഗകീടങ്ങളെയും പരിപാലന മുറകളെയും സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രം, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്തിട്ടുള്ള കീടരോഗ പ്രതിരോധ പ്രവർത്തനങ്ങളും പരിപാലന മുറകളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതി വിവരക്കണക്കുകളനുസരിച്ച് സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hot spots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ സംയോജിത കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഹെക്ടറിന് 17,500 രൂപ ധനസഹായം നൽകിക്കൊണ്ട് 270 ഹെക്ടറിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലേയ്ക്കായി 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും തിരഞ്ഞെടുക്കാനും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച്

ബോധവൽക്കരിക്കുന്നതിനും വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനുമായി വർക്ക്ഷോപ്പ് ഒന്നിന് 10,000 രൂപ വീതം നൽകിക്കൊണ്ട് 7 വർക്ക്ഷോപ്പുകൾ നടത്തുന്നതിനായി 0.7 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന്, ഒരു പരിശീലനത്തിന് 25,000 രൂപ വീതം നൽകിക്കൊണ്ട് 7 പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് 1.75 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരോ പരിപാടിയുടെയും ഡോക്കുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 30,000 രൂപയും പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. മേൽ പറഞ്ഞ എല്ലാ പദ്ധതി ഘടകങ്ങളും സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു. കൂടാതെ രോഗകീടബാധ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യമുണ്ടായാൽ ആയതിന്റെ തോത് വിലയിരുത്തി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായവും നൽകിവരുന്നു.

(സി) നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിൽ നിന്നുള്ള പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നാളികേരമുൾപ്പെടെയുള്ള കാർഷികോല്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് (സൂക്ഷ്മതല/ചെറുകിട/ഇടത്തരം സംരംഭങ്ങൾ) സ്മാൾ ഫാർമേഴ്സ് അഗ്രികൾച്ചർ ബിസിനസ്സ് കൺസോർഷ്യം (SFAC) വഴി സബ്സിഡി നൽകിവരുന്നുണ്ട്. ഇതിനായി 400 ലക്ഷം രൂപ എസ്.എഫ്.എ.സി.ക്ക് അനുവദിച്ചിട്ടുണ്ട്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുന്ന വിധം പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകളെ സ്ഥാപിക്കുന്നതിനും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുന്നതിനും ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി എസ്.എഫ്.എ.സി. മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതാണ്. കേരഫെഡിന്റെ കേരവെളിച്ചെണ്ണ കൂടാതെ, മൂല്യവർദ്ധിത ഉല്പന്നങ്ങളായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര മിൽക്ക് പൗഡർ, കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ തുടങ്ങിയവയ്ക്ക്

വിപണിയിൽ മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ വെർജിൻ കോക്കനട്ട് ഓയിൽ ഉപയോഗിച്ചുള്ള കേര ബേബി കെയർ ഓയിലും അടുത്തിടെ കേരഫെഡ് വിപണിയിലിറക്കി. സമീപഭാവിയിൽ നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് ചിപ്സ് എന്നിവ വിപണിയിൽ ഇറക്കാൻ കേരഫെഡ് ഉദ്ദേശിക്കുന്നു. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരം ആറ്റിങ്ങൽ മാമത്ത് പ്രതിദിനം 1000 ലിറ്റർ ശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും 30 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള വെളിച്ചെണ്ണ മില്ലും പ്രവർത്തിച്ചുവരുന്നുണ്ട്. കോഴിക്കോട് ഏലത്തൂരിൽ 10 മെട്രിക് ടൺ ഉല്പാദന ശേഷിയുള്ള പുതിയ വെളിച്ചെണ്ണ മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. നാളികേരത്തിൽ നിന്നുള്ള ഹെയർ ഓയിൽ, കോക്കനട്ട് ചിപ്സ്, നാറ്റാ ഡി കൊക്കോ, ലെമണെയ്ഡ്, വിനാഗിരി മുതലായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആറളം ഫാമുമായി സഹകരിച്ച് നീരയും നീരയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ നീരഹണി, നീരജാഗരി, നീര വിനാഗിരി എന്നിവ വിപണിയിൽ ലഭ്യമാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ഡി) നാളികേരോല്പാദനത്തിനായി പ്രത്യേക കൃഷിരീതിയും ആധുനിക സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

നാളികേര കൃഷി പുനരുദ്ധരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ നാളികേര കൃഷി മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുമുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചുവരികയാണ്. 2018 മുതൽ 2028 വരെയുള്ള 10 വർഷക്കാലത്തെ സമഗ്ര വികസന കാഴ്ചപ്പാടോടെ നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഉയരംകൂടിയ തെങ്ങുകളുടെ സാന്ദ്രത കുറച്ച് കുറിയയിനം തെങ്ങുകളുടെയും സങ്കരയിനം തെങ്ങുകളുടെയും എണ്ണം കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നെടിയയിനം, സങ്കരയിനം, കുറിയയിനം തെങ്ങുകൾ പരിപാലിച്ച് നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് നാളികേര കൃഷി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നാളികേരത്തിന്റെ മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

22 (*442) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ . മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്നത്തേയ്ക്ക് കഴിയുമെന്നറിയിക്കാമോ?

സംസ്ഥാനത്ത് പാൽ ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾതന്നെ വർദ്ധനവുണ്ടാവുകയും സ്വയംപര്യാപ്തതയിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയുമാണ്. 2014-15-ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്നു. 2015-16-ൽ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നതെങ്കിൽ, 2017-18-ൽ സംസ്ഥാനത്തെ പാൽ ഉത്പാദനം ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. 2020-21-ൽ പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടിയാക്കുന്നതിനായി ഇതര സംസ്ഥാനത്തെ ആശ്രയിക്കുന്ന സാഹചര്യത്തിലെത്തിയിട്ടുണ്ട്. ഈയൊരു സാഹചര്യത്തിൽ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ സർക്കാർ ധനസഹായത്തോടെ 53 കോടിയോളം രൂപ ചെലവഴിച്ച് അധികമുള്ള പാൽ പാൽപ്പൊടിയാക്കുന്നതിനായി മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) സംസ്ഥാനത്തെ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിക്കുന്നതിന് മിൽമയ്ക്ക് നിലവിൽ സംവിധാനമുണ്ടോ?

ഉണ്ട്.

(സി) വിതരണത്തിനുശേഷം മിച്ചം വരുന്ന പാൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. അധിക പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിന് മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സംസ്ഥാനത്ത് നിർമ്മിക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനോടൊപ്പം മറ്റ് മൂല്യ വർദ്ധിത

പാലുല്പന്നങ്ങളുടെ ഉല്പാദനവും ആരംഭിക്കാനാണ് പദ്ധതിയിടുന്നത്. മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും തന്നെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീര പരിശീലനകേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിപണനം ചെയ്തു വരുന്നു.

**ഡിജിറ്റൽ വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതികൾ**

23 (*443) ശ്രീ. എം. വിജിൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് " Let's Go Digital " എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) എന്നിവ പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാല - കോളേജുകളിലെയും മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളും Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിലൂടെയാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

(ബി) പഠന ബോധന പ്രക്രിയയുടെ ഘടകങ്ങളായ അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ എന്നിവ പൊതുവായ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരുന്നതിലൂടെ ഉന്നത വിദ്യാഭ്യാസമേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) എന്നിവ പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാല - കോളേജുകളിലെയും മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളും Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെയാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. എന്നാൽ അതിവേഗം തന്നെ പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃത മാതൃകയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തി Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഇതിനാവശ്യമായ കേന്ദ്രീകൃത സംവിധാനം സ്റ്റേറ്റ് ഡേറ്റാ സെന്ററിലാണ് ഒരുക്കുന്നത്. എന്നാൽ ഓരോ സ്ഥാപനങ്ങൾക്കും അവരുടെ അക്കാദമിക പ്രോഗ്രാമുകൾക്കനുസൃതമായി Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഒരുക്കിയെടുക്കാവുന്നതാണ്. ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിന് എൽ.എം.എസ് മൂഡിലിൽ സംവിധാനമുണ്ട്. സാങ്കേതിക സർവ്വകലാശാല ഓൺലൈൻ പരീക്ഷ നൂതനമായ രീതിയിൽ നടത്തുന്നതിനാവശ്യമായ "പ്രോക്ടേഡ്" ഓൺലൈൻ പരീക്ഷ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നിലവിൽ ഡിപ്ലോമ തലത്തിലുള്ള പരീക്ഷകളെല്ലാം നടത്തുന്നത് ഓൺലൈൻ സംവിധാനം ഉപയോഗിച്ചാണ്. The National University of Advanced Legal Studies (NUALS)-ന്റെ പരീക്ഷാ സംവിധാനം ഓൺലൈനാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Cochin University of Science and Technology (CUSAT)-ൽ 2020 കോവിഡ് കാലം മുതൽ ഓൺലൈൻ പരീക്ഷകൾ മൂഡിൽ ഉപയോഗിച്ച് നടത്തിവരുന്നു.

(സി) വിദ്യാർത്ഥികൾക്കിടയിലുള്ള ഡിജിറ്റൽ വിഭജനം ഇല്ലാതാക്കാനുതകും വിധം കോളേജുകൾക്ക് എൽ.എം.എസ്. വഴി ക്ലാസുകൾ നടത്തുന്നതിനാവശ്യമായ ഡിജിറ്റൽ സ്പേസ് ലഭ്യമാക്കുന്നതിനും അദ്ധ്യാപകർക്ക് എൽ.എം.എസ്. വഴി അദ്ധ്യാപനം നടത്തുന്നതിന് പരിശീലനം നൽകാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വിദ്യാർത്ഥികൾക്കിടയിലുള്ള ഡിജിറ്റൽ വിഭജനം ഇല്ലാതാക്കാനുതകുംവിധം കോളേജുകൾക്ക് എൽ.എം.എസ് വഴി ക്ലാസ്സുകൾ നടത്തുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും ഡിജിറ്റൽ സ്പേസിനായി ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ആവശ്യമായ ക്ലൗഡ് സ്പേസ് ലഭ്യമാക്കുന്നതിനും അധ്യാപനം നടത്തുന്നതിന് അധ്യാപകർക്ക് LMS വഴി പരിശീലന പരിപാടികളും നടത്തിവരുന്നു. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് ഇതിനകം ഉന്നത വിദ്യാഭ്യാസ കൗൺസിൽ 3600 അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിലുള്ള ഫാക്കൽറ്റി ഡെവലപ്മെൻറ് സെന്റർ വഴിയാണ് ഇത്തരം അദ്ധ്യാപക പരിശീലന പരിപാടികൾ (എഫ്.ഐ.പി) സംഘടിപ്പിച്ചുവരുന്നത്. പഠനസാമഗ്രികളുടെ സംഭരണി (Repository of Online Learning Materials):- സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠന സാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ് പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ബൃഹത്തായ പഠനസാമഗ്രികളുടെ സംഭരണിയിൽ നിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം വളരെ ലളിതമായി പഠന സാമഗ്രികൾ തെരഞ്ഞെടുക്കാവുന്നതാണ്. ലേണിംഗ് മാനേജ്മെന്റ് സാങ്കേതിക വിദ്യയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് മൂന്ന് ക്ലസ്റ്ററുകളിലായി ആകെ പതിനാല് ട്രെയിനിംഗ് ഇതുവരെ നടന്നു കഴിഞ്ഞു. ഈ മൂന്ന് ക്ലസ്റ്ററുകളിലായി നടത്തിയ ട്രെയിനിംഗിൽ 35 കോളേജുകളിലെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകാനായി. കൂടാതെ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരം എന്നീ കോളേജുകളിലും എൽ.എം.എസ് നടപ്പിലാക്കിത്തുടങ്ങി. മൂന്ന് ക്ലസ്റ്ററുകളിലായി 13 ജില്ലകളിൽ നിന്നുള്ള വിവിധ കോളേജുകൾ ട്രെയിനിംഗിൽ ഉൾപ്പെട്ടുകഴിഞ്ഞു.

## ചെറുകിട കർഷകർക്കായി ഇൻകം ഗ്യാരണ്ടി സ്കീം

24 (*444) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട കർഷകർക്കായി ഇൻകം ഗ്യാരണ്ടി സ്കീം സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(ബി) ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമായ നിലവാരത്തിൽ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രകൃതി ദുരന്തങ്ങളാലും വന്യമൃഗ ആക്രമണത്താലും കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന "പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി" എന്ന പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നു. 4 ഘടകങ്ങളാണ് ഈ പദ്ധതിയിലുള്ളത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കരുതൽ വിത്തിന്റെ ശേഖരം പ്രകൃതിദുരന്തം ഉണ്ടാകുകയാണെങ്കിൽ കൃഷി വകുപ്പിന്റെ കരുതൽ വിത്തുശേഖരത്തിൽ നിന്നും വിതച്ച നെൽവിത്ത് നഷ്ടപ്പെട്ട കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുന്നതാണ്. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയാണ് (KSSDA) കരുതൽ വിത്ത് ശേഖരം സൂക്ഷിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2) ബണ്ടുകൾ ശക്തിപ്പെടുത്തുകയും കേടുപാടുകൾ പരിഹരിക്കുകയും ചെയ്യുക - മടവീഴ്ചമൂലം നശിച്ച ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും കേടുപാടുകൾ പരിഹരിക്കുന്നതിനും നിലവിലുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും വെള്ളം കയറിയ കൃഷിയിടങ്ങളിൽ നിന്നും ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുമാണ് ഈ തുക വിനിയോഗിക്കുന്നത്. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് പ്രിൻസിപ്പൽ കൃഷി ആഫീസറുടെ അനുമതിയോടെ കൃഷി ഡയറക്ടർ ഭരണാനുമതി നൽകുന്നു.

3) കീടരോഗ ബാധകൾ നിയന്ത്രണവിധേയമാക്കുന്നതിനുള്ള പദ്ധതി - കീടരോഗ ബാധകൾ അനിയന്ത്രിതമായി ഉണ്ടാകുന്ന അവസരങ്ങളിൽ വിളയെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനാണ് ഈ ഘടകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. കീടരോഗ ബാധകൾ ഉണ്ടാകുന്ന സന്ദർഭത്തിൽ ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ആഫീസർ (MULTI DISCIPLINARY TEAM) (MDDT)-നെ വിവരം അറിയിക്കുകയും MDDT ടീം കൃഷിയിടം സന്ദർശിച്ചതിനുശേഷം ഉചിതമായ നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. നിയന്ത്രണോപാധികൾ നടപ്പിലാക്കുന്നതിനുള്ള മരുന്നുകളുടെ വില, മരുന്നടിക്കുന്നതിനുള്ള കൂലി എന്നിവ നൽകുന്നതിനാണ് ഈ തുക വിനിയോഗിച്ചുവരുന്നത്.

4) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അധിക സംസ്ഥാന സഹായം ഉപയോഗിച്ച് പ്രകൃതിക്ഷോഭങ്ങളിൽ വിളനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നു.

കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിളകൾ ഇൻഷ്വർ ചെയ്ത കർഷകർക്ക് പ്രകൃതിദുരന്തങ്ങളും വന്യമൃഗ ആക്രമണംമൂലവും കൃഷിനാശം സംഭവിച്ചാൽ പദ്ധതി മാനദണ്ഡപ്രകാരം നിശ്ചിത തുക നഷ്ടപരിഹാരമായി നൽകിവരുന്നു. വന്യമൃഗ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 1980 ലെ 'ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' പ്രകാരം വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100%, പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കാവൂ.

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ പര്യാപ്തമല്ലെന്ന പരാതി നിലവിലുള്ള സാഹചര്യത്തിൽ ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വനം വകുപ്പിൽനിന്നും കൃഷിനാശത്തിന് നൽകി വരുന്ന നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരികയാണ്.

**എറുഡൈറ്റ് പദ്ധതി**

25 (*445) ശ്രീ. എൻ. കെ. അക്ബർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) പ്രവാസികളായ മലയാളി ശാസ്ത്ര-സാങ്കേതിക വിദഗ്ധരുടെ അക്കാദമിക് സേവനങ്ങൾ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കോളേജുകൾക്കും ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നോബൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയവിനിമയം നടത്തുന്നതിനായി വിഭാവനം ചെയ്ത എറുഡൈറ്റ് പദ്ധതി (സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം) യുടെ വിശദാംശങ്ങൾ നൽകാമോ?

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ് അഥവാ ' scholar in Residence Scheme'. ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നോബൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി

ആശയവിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്വർക്ക് വികസിപ്പിക്കുന്നതിനും കൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എറുഡൈറ്റ് സ്കോളേഴ്സുമായി ചേർന്ന് നടത്തിയ സെമിനാർ/ കോൺഫറൻസുകൾ വലിയ തോതിൽ സർവ്വകലാശാല കോളേജ് അദ്ധ്യാപകരുടെ അക്കാദമിക പ്രവർത്തനങ്ങളെ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ട്. ഇത് കൂടാതെ നിരവധി അദ്ധ്യാപകർക്കും ഗവേഷകർക്കും വിദേശ സർവ്വകലാശാലകളും ഗവേഷണസ്ഥാപനങ്ങളും സന്ദർശിക്കാനുള്ള അവസരമുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് വന്ന എറുഡൈറ്റ് സ്കോളേഴ്സുമായി ചേർന്ന് നിരവധി അക്കാദമിക് പ്രോജക്ടുകളും പ്രബന്ധങ്ങളും സംസ്ഥാനത്തെ സർവ്വകലാശാല കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ Building Up Database of the Keralite- Academic Diaspora around the Globe എന്ന പേരിൽ ഒരു വിവരശേഖരണം നടത്തുന്നുണ്ട്. ഇതിനെ ബ്രയിൻ ഗെയിൻ പ്രോജക്ട് എന്നു വിളിക്കുന്നു.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ അദ്ധ്യാപകരുടെ അക്കാദമിക് പ്രവർത്തനങ്ങളെ ഏതെല്ലാം തരത്തിൽ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

സർവ്വകലാശാലകളോടൊപ്പം കോളേജുകൾക്കും ടി പദ്ധതിയിലൂടെ മികച്ച നേട്ടമുണ്ടായിട്ടുണ്ട്.

1. കോളേജുകളിലെയും സർവ്വകലാശാലകളിലെയും ഗവേഷണ പ്രവർത്തനങ്ങൾക്ക് എറുഡൈറ്റ് പദ്ധതിയിൽ വന്ന വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള ക്ലാസ്സുകളും ശില്പശാലകളും ഏറെ സഹായകരമായിട്ടുണ്ട്.

2. എറുഡൈറ്റ് സ്കോളർ സന്ദർശനങ്ങൾക്കുശേഷം സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്കും ഗവേഷകർക്കും വിവിധ വിദേശ ഗവേഷണ സ്ഥാപനങ്ങളുമായി അക്കാദമിക ബന്ധങ്ങൾ സ്ഥാപിക്കാനും പരിപോഷിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

3. പല പ്രമുഖ സർവ്വകലാശാലകളിലും നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ളവരുടെ സന്ദർശനാന്തരം പല ആഗോള ഗവേഷണ സ്ഥാപനങ്ങളും

സർവ്വകലാശാലകളുമായി ഗവേഷണവും അക്കാദമിക സഹകരണവും സംബന്ധിച്ച ധാരണാപത്രങ്ങൾ (MOU) ഒപ്പിടാൻ ഇടയായിട്ടുണ്ട്.

4. ടി പദ്ധതിയിലൂടെ വിവിധ വിഷയ മേഖലകളിൽ വർക്ക്ഷോപ്പുകളും കോഴ്സുകളും ആവിഷ്കരിക്കാൻ സർവ്വകലാശാലകൾക്കും കോളേജുകൾക്കും കഴിഞ്ഞിട്ടുണ്ട്.

5. കോട്ടയം CMS കോളേജിൽ എറുഡൈറ്റ് സ്കോളർ ആയി വന്ന പ്രൊഫ.S.R.S വരദന്റെ (ആബേൽ സമ്മാന ജേതാവ്- ഗണിതത്തിൽ നോബലിനു സമാനമായി കരുതുന്ന അവാർഡ്) സന്ദർശനവുമായി ബന്ധപ്പെട്ട് ഒരു അന്താരാഷ്ട്ര കോൺഫറൻസ് നടത്തുകയും തുടർന്ന് കോളേജിലെ Mathematics Department-ന്റും Russian Academy of Science-ഉം ചേർന്ന് 5G സ്പെക്ട്രവുമായി ബന്ധപ്പെട്ട രണ്ട് ആഗോള പ്രോജക്ടുകൾ ലഭിക്കുകയും പ്രോജക്ടിന്റെ ഭാഗമായി അദ്ധ്യാപകർ Russian Academy of Science സന്ദർശിക്കുകയും ചെയ്തു. കൂടാതെ കോളേജിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ലോകത്തിലെ മികച്ച ഗണിത ശാസ്ത്രജ്ഞനുമായി ചേർന്ന് പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

6. എറുഡൈറ്റ് പണ്ഡിതനായ പ്രൊഫ. ബേൻ കൊഹ്ലറിന്റെ സന്ദർശന വേളയിൽ കേരള സർവ്വകലാശാലയും തിരുവനന്തപുരം ഗവണ്മെന്റ് വനിതാ കോളേജും സംയുക്തമായി ചേർന്ന് Ultra fast processing-ൽ കോഴ്സ് നടത്തുകയുണ്ടായി.

7. 2020 ഫെബ്രുവരിയിൽ കേരള സർവ്വകലാശാല സന്ദർശിച്ച ഓങ്കോളജി വിദഗ്ധനായ ഡോ.ജമ്പൂർ.കെ വിശ്വനാഥ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ ഓങ്കോളജി ഡിപ്പാർട്ട്മെന്റ് സന്ദർശിച്ച് പ്രാഥമിക ഗവേഷണങ്ങൾക്ക് പകർന്നു നൽകിയ പരിജ്ഞാനം തുടർഗവേഷണ പ്രവർത്തനങ്ങൾക്ക് അദ്ധ്യാപകർ പ്രയോജനപ്പെടുത്തിവരുന്നു.

8. പ്രൊഫ. ഡെസ്മണ്ട്.ജെ ടോബിന്റെ സന്ദർശന വേളയിൽ തിരുവനന്തപുരം, മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ് എന്നിവിടങ്ങളിലെ ഡെർമെറ്റോളജി ഡിപ്പാർട്ട്മെന്റ് സന്ദർശിക്കുകയും ആ മേഖലയിൽ അദ്ദേഹത്തിന്റെ പ്രാവീണ്യം അദ്ധ്യാപകർക്ക് പകർന്ന് നൽകുകയും ചെയ്തിട്ടുണ്ട്.

9. നോബൽ ജേതാക്കളടക്കമുള്ള പണ്ഡിതരുമായി സഹകരിച്ചുകൊണ്ട് പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കാൻ സർവ്വകലാശാലകൾക്കും അദ്ധ്യാപകർക്കും സാധിച്ചിട്ടുണ്ട്.

## ബസ്സ് സ്റ്റേഷനുകളോട് ചേർന്നുള്ള വാണിജ്യ സമുച്ചയങ്ങൾ

26 (*446) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ.പി. കെ. ബഷീർ :

ശ്രീ. പി. അബ്ദുൽ ഹമീദ് :

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏതെല്ലാം സ്ഥലങ്ങളിലെ ബസ് സ്റ്റേഷനുകളോട് ചേർന്നാണ് വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവ നിർമ്മിച്ച് നൽകാൻ ആരെയാണ് ഏൽപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട്, നിലമ്പൂർ എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), കോഴിക്കോട്, അങ്കമാലി, തിരുവല്ല എന്നീ ബസ് സ്റ്റേഷനുകളിലും BOT വ്യവസ്ഥയിൽ KTDFC ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള സ്ഥലങ്ങളിലെ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്ന കരാറുകാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

കൊട്ടാരക്കര - ശ്രീ.ജെ.അബ്ദുൾ വാഹിദ്

കാട്ടാക്കട - ശ്രീ.ജെ.അബ്ദുൾ വാഹിദ്

കാസർഗോഡ് - ശ്രീ. ടി. കെ. രാജൻ

നെടുമങ്ങാട് - ശ്രീ. ജെ. അബ്ദുൾ വാഹിദ്

നെയ്യാറ്റിൻകര – M/s. അഭിരാം ഇൻഫ്രാ പ്രോജക്ട്സ്

പയ്യന്നൂർ - ശ്രീ.ജെ.അബ്ദുൾ വാഹിദ്

തൊടുപുഴ - M/s. മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി

മൂവാറ്റുപുഴ – M/s. മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി

പത്തനംതിട്ട – ശ്രീ. അനസ് ബാബു

മലപ്പുറം - M/s മലബാർ അസ്സോസിയേറ്റ്സ്

ഹരിപ്പാട് - ശ്രീ.ജെ.അബ്ദുൾ വാഹിദ്

നിലമ്പൂർ - ശ്രീ. ജെ. അബ്ദുൾ വാഹിദ്

കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), കോഴിക്കോട്, അങ്കമാലി, തിരുവല്ല എന്നീ ബസ് സ്റ്റേഷനുകളിൽ BOT വ്യവസ്ഥയിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ KTDFC-യാണ് നിർമ്മിച്ചത്.

(സി) ഇത്തരത്തിൽ നിർമ്മിച്ച കെട്ടിടങ്ങളിൽ ഏതെങ്കിലും ബലക്ഷയം നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പത്തനംതിട്ട ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ ബീമുകൾക്ക് നേരിയ വിടവുകളുള്ളതായി കണ്ടെത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. നിർമ്മിച്ച കോഴിക്കോട് ഷോപ്പിംഗ് കോംപ്ലക്സിന് ബലക്ഷയമുള്ളതായി മദ്രാസ് IIT-യിലെ വിദഗ്ദസമിതി പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. ഐ.ഐ.ടി. മദ്രാസിന്റെ വിശദ വിശകലനത്തിന് ശേഷമുള്ള റിപ്പോർട്ടിൽ പറയുന്നത് "നിലവിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണ്. ബേസ്മെന്റ് B1 ഫ്ലോറിലെ സ്ലാബുകളിൽ Multiple Cracks ഉള്ളതിനാലും, ബീമുകളിലെ ക്രാക്കുകൾ ന്യൂട്രൽ ആക്സിസും മറികടന്നു പോയതിനാലും ബസ് ടെർമിനലിന്റെ ബസ്ബേ ഫ്ലോർ മദ്രാസ് ഐ.ഐ.ടി മുഖാന്തരം repair and rehabilitation ജോലികൾ പൂർത്തീകരിക്കുന്നതുവരെ ബസ് ഓപ്പറേഷൻ പാടുള്ളതല്ല" പ്രസ്തുത റിപ്പോർട്ടിനെക്കുറിച്ച് ഉന്നതതലത്തിൽ ചർച്ച ചെയ്ത് ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്.

1. കെ.എസ്.ആർ.ടി.സി. നിലവിലെ ബസ് ടെർമിനൽ കോംപ്ലക്സ്, കോഴിക്കോട് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബസ് സ്റ്റാന്റ് രണ്ടാഴ്ചക്കുള്ളിൽ നഗരത്തിന്റെ മുനിസിപ്പൽ സ്റ്റാന്റിലും മറ്റ് ലഭ്യമായ സ്ഥലത്തുമായി പുനഃക്രമീകരിച്ച് നിലവിലെ കെട്ടിടം ഒഴിയേണ്ടതാണ്.

2. നിലവിലെ ഡിപ്പോ പ്രവർത്തനം നിർത്തുന്ന സമയം, എവിടെ നിന്ന് ഡിപ്പോ പ്രവർത്തനം ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ നടത്താൻ സാധിക്കും എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉടൻ തന്നെ യോഗം വിളിച്ചുചേർക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിർദ്ദേശം നൽകണം.

3. കെട്ടിടം ലീസ് എടുത്ത M/s. ആലിഫ് ബിൽഡേഴ്സ്, മറ്റു ലസികൾ എന്നിവരും കെട്ടിടം ശക്തിപ്പെടുത്തുന്ന പ്രവർത്തനം നടക്കുന്ന വേളയിൽ കെട്ടിടം ഒഴിഞ്ഞു നൽകേണ്ടതാണ്.

4. ഐ.ഐ.ടി മദ്രാസിലെ വിദഗ്ധരുടെ പഠന റിപ്പോർട്ടിൽ കണ്ടെത്തിയ കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണത്തകരാർ വിലയിരുത്തി ശിപാർശകൾ സമർപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ധരെയുൾപ്പെടുത്തി ഒരു അഞ്ചംഗ Technical Expert Committee രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സമിതി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കോംപ്ലക്സിന്റെ നിർമ്മാണ തകരാർ ഇല്ലാതാക്കി ശക്തിപ്പെടുത്താൻ വൈദഗ്ധ്യവുമുള്ള കരാറുകാരിൽ നിന്ന് ലിമിറ്റഡ് ടെൻഡർ മുഖേന ഒരു ഏജൻസിയെ നിയമിക്കുകയും ആയതിന് കെ.റ്റി.ഡി.എഫ്.സി. ബോർഡിന്റെ അംഗീകാരം നേടേണ്ടതുമാണ്. ഒരു മാസത്തിനുള്ളിൽ ആവശ്യമായ ശക്തിപ്പെടുത്തലിന് ഭരണാനുമതി നൽകാൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി.യെ ചുമതലപ്പെടുത്തി.

5. സത്വരമായ ശക്തിപ്പെടുത്തൽ നടപടികൾ പൂർത്തീകരിച്ച് എത്രയുംവേഗം കെട്ടിടം ലീസ് കരാർ വച്ച M/s. ആലിഫ് ബിൽഡേഴ്സിന് വാണിജ്യ പ്രവർത്തനങ്ങൾ തുടരാൻ അനുമതി കെ.റ്റി.ഡി.എഫ്.സി. നൽകേണ്ടതാണ്.

6. ഐ.ഐ.ടി, മദ്രാസ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ നിലവിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന് നൽകാനും ഉചിത നടപടിക്ക് ശിപാർശ ചെയ്തു.

7. സ്ട്രക്ച്ചറൽ ഡിസൈൻ ദൗർബല്യത്തിന് കാരണക്കാരായ കരാറുകാരുടെയും ഡിസൈൻ ചെയ്ത ആർക്കിടെക്ടിന്റെയും പേരിൽ ശക്തമായ നിയമനടപടികൾ ഉടനെ ആരംഭിക്കാനും, പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തലിനും വേണ്ടിവരുന്ന തുക ഇവരിൽ നിന്നും ഈടാക്കാനും കെ.റ്റി.ഡി.എഫ്.സി.ക്ക് നിർദ്ദേശം നൽകി.

8. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവുമൂലം സ്ട്രക്ച്ചറൽ ഡിസൈൻ ക്രമീകരിക്കുന്നതിൽ വീഴ്ച വന്നുവെങ്കിൽ അവരുടെ പേരിൽ പൂർണ്ണ അച്ചടക്ക നടപടിയെടുക്കാൻ നിർദ്ദേശിച്ചു. മദ്രാസ് ഐ.ഐ.ടി. സമർപ്പിച്ച

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ് ബേ ഫ്ലോറും മറ്റു ടെനന്റ്സിനെയും ഒഴിപ്പിച്ച് repair and rehabilitation work ചെയ്തു ബി.റ്റി.സി.യെ ബലപ്പെടുത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

**കായിക വിനോദത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ**

27 (*447) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വിനോദത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കായിക വിനോദത്തിനുള്ള അടിസ്ഥാന സൗകര്യവികസനം വിവിധ തലങ്ങളിലായി നടപ്പിലാക്കിവരുന്നു. എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളുടെ വികസനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. കായിക വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കിവരുന്നു. കായിക യുവജനകാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്റ്റേഡിയങ്ങൾ കൂടാതെ 35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നുവരികയാണ്. കളിക്കളങ്ങൾക്ക് പുറമെ പരിശീലകരെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാർത്തെടുക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ, സ്പോർട്സ് മെഡിസിൻ സെന്ററുകൾ, സ്പോർട്സുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ഉൽപാദനം, സ്പോർട്സ് സിറ്റികൾ സ്ഥാപിക്കുക തുടങ്ങി സ്വകാര്യ മേഖലയിലും, പൊതുമേഖലയിലുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ വളർന്നുവരുന്ന കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടുവന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്തുകൾ, സർക്കാർ/ എയ്ഡഡ് സ്കൂളുകൾ, കായിക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന അംഗീകൃത ക്ലബ്ബുകൾ എന്നിവയ്ക്ക് കളിസ്ഥല നവീകരണത്തിനും കായികോപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി കായിക വികസന നിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി ദേശീയ, അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും ജിംനേഷ്യങ്ങളും നിർമ്മിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ കളിക്കളങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്കുവേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

(സി) നാടൻ കളികൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണേർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നാടൻ കളികളായ കബഡി, ഖോ-ഖോ, വടംവലി, ആട്യപാട്യ (കിളിത്തട്ട് കളി) തുടങ്ങിയ കളിയിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ടി കളിയിനങ്ങളിലെ സംഘടനകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുകയും പ്രസ്തുത കളിയിനങ്ങളിൽ വർഷം തോറും ജില്ല, സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ടി കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് കായിക സംഘടനകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം അർഹമായ ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്. കൂടാതെ നാടൻ കളിയിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക് കബഡി, ഖോ-ഖോ എന്നീ കളിയിനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു.

**അസാപ് മുഖേനയുള്ള പരിശീലന-നൈപുണ്യ വികസന പരിപാടികൾ**

28 (*448) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ആധുനികമായ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ വിദ്യാർത്ഥികളെയും തൊഴിലന്വേഷകരെയും പ്രാപ്തരാക്കുന്നതിന് അസാപ് മുഖേന നടത്തിവരുന്ന പരിശീലന, നൈപുണ്യ വികസന പരിപാടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെയും കോളേജിലെ വിദ്യാർത്ഥികളെയും ആത്മവിശ്വാസത്തോടുകൂടി ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക, വിദ്യാർത്ഥികളെ അവരുടെ അഭിരുചിക്കനുസരിച്ച് ഭാവിയിൽ ഒരു തൊഴിൽ പരിശീലിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി അസാപ് മുഖേന നിരവധി പരിശീലനപരിപാടികൾ നടത്തിവരുന്നു. കൂടാതെ, മാറുന്ന വ്യാവസായിക അന്തരീക്ഷവും കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരുടെ സംഖ്യയും കണക്കാക്കി, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി അസാപ് അനവധി നൂതന കോഴ്സുകളും തുടങ്ങിയിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ആൻഡ് മെഷീൻ ലേണിങ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിംഗ് ആൻഡ് ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങി എഴുപത്തഞ്ചോളം കോഴ്സുകൾ ഇപ്പോൾ അസാപ് മുഖേന ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റെലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി, അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. അസാപ് മുഖേന നടത്തിവരുന്ന കോഴ്സുകളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ ഇതുവരെ അസാപിന്റെ പ്രവർത്തനത്തിലും തന്മൂലം വിദ്യാർത്ഥി, തൊഴിലന്വേഷക സമൂഹത്തിലുമുണ്ടായ നേട്ടങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട് 2016, 2017, 2018, 2019 എന്നീ വർഷങ്ങളിൽ എംപ്ലോയബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. സമാന പശ്ചാത്തലത്തിലും പ്രായപരിധിയിലുമുള്ള പരിശീലനം ലഭിക്കാത്ത വിദ്യാർത്ഥികളുമായി താരതമ്യപ്പെടുത്തുമ്പോൾ അസാപ് ബിരുദധാരികളുടെ തൊഴിൽ ക്ഷമത വിലയിരുത്തുകയാണ് എംപ്ലോയബിലിറ്റി സർവ്വേകൊണ്ടുദ്ദേശിക്കുന്നത്. അസാപിന് കീഴിൽ പരിശീലനം നേടിയ ഉദ്യോഗാർത്ഥികൾക്ക് അസാപ് ഇതര ഉദ്യോഗാർത്ഥികളെ അപേക്ഷിച്ച് ഉയർന്ന തൊഴിൽ സാധ്യതയുണ്ടെന്ന് ഈ പഠനങ്ങളിൽ പറയുന്നു. അസാപ് പരിശീലനം നേടിയ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികളിൽ Neilson India മുഖാന്തരം 2019-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം വിദ്യാർത്ഥികൾക്ക് നൈപുണ്യവികസനം നേടാനും ആത്മവിശ്വാസവും തൊഴിൽ വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തുവാനും സാധിച്ചെന്ന് കാണുന്നു. 2012-13 മുതൽ 2016-17 വരെയുള്ള അധ്യയന വർഷങ്ങളിൽ അസാപ് മുഖേന നടത്തുന്ന കോഴ്സുകളിൽ ചേർന്ന 121017 വിദ്യാർത്ഥികളിൽ, 7975 ട്രെയിനികൾ (20900 തൊഴിലന്വേഷകർക്കിടയിൽ) ജോലിയിൽ പ്രവേശിച്ചു. സർവ്വേ സമയത്ത് 85532 (71%) ട്രെയിനികൾ അവരുടെ ഉന്നത വിദ്യാഭ്യാസം തുടർന്നുകൊണ്ടിരുന്നെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ, 38% എന്ന ഈ തൊഴിൽ നിരക്ക് സമാന പ്രായത്തിലുള്ള തൊഴിലന്വേഷകരെ അപേക്ഷിച്ച് സംസ്ഥാന തൊഴിൽ നിരക്കിനെക്കാൾ കൂടുതലാണ്. പഠനത്തിന്റെ ഭാഗമായി അറുപതോളം തൊഴിൽദാതാക്കളുടെ അഭിപ്രായം വിലയിരുത്തിയതിൽ, ഭൂരിപക്ഷംപേരും അസാപ് വിദ്യാർത്ഥികളുടെ തൊഴിലിടത്തിലെ സാങ്കേതിക പരിജ്ഞാനത്തിലും നേതൃപാടവത്തിലും സംതൃപ്തി രേഖപ്പെടുത്തി. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ, ഏകദേശം 2276 ഉദ്യോഗാർത്ഥികൾക്ക് അസാപ്പ് ASPIRE

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലേസ്മെന്റ് ഡ്രൈവ് വഴി പ്ലേസ്മെന്റ് നൽകാൻ കഴിഞ്ഞു. സ്ത്രീകൾക്ക് മാത്രമായി "ഷീ സ്കിൽസ് " എന്ന പേരിൽ അസാപ് ആരംഭിച്ച നൈപുണ്യ പരിശീലനപദ്ധതി മുഖാന്തരം എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും ഹ്രസ്വകാല കോഴ്സുകളിലൂടെ അവരുടെ വിദ്യാഭ്യാസം തുടരാനുള്ള അവസരം നൽകുന്നു. ഈ സംരംഭത്തെ എ.ഡി.ബി. അഭിനന്ദിക്കുകയും ജൻഡർ ആക്ഷൻ പ്ലാൻ (GAP) ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള മികച്ച പ്രോജക്ടിനുള്ള അവാർഡ് ADB -യിൽ നിന്ന് അസാപിന് ലഭിക്കുകയും ചെയ്തു.

**സംസ്ഥാനത്തെ റെയിൽവേ വികസനം**

29 (*449) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനം വേഗത്തിലാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടുംകൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ രൂപീകരിച്ച കമ്പനിയാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികളാണ് ഏറ്റെടുക്കുന്നത്. അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ് അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു. ജെ.വി.സി-ക്ക് പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി) രൂപീകരിച്ചുകൊണ്ടാണ് പദ്ധതി നടത്തിപ്പ് സാധ്യമാക്കുന്നത്. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന്

അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്:

1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർഗോഡ്

2. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ

3. നിലമ്പൂർ- നൻജഗുഡ് റെയിൽ ലൈൻ

4. അങ്കമാലി - ശബരി റെയിൽ പദ്ധതി

സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തലശ്ശേരി - മൈസൂർ പദ്ധതിയും നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതിയും ഇപ്പോൾ ഡി.പി.ആർ പഠന ഘട്ടത്തിലാണുള്ളത്. അങ്കമാലി - ശബരി റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കാൻ റെയിൽവേ കെ.ആർ.ഡി.സി.എൽ.-നെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ സംസ്ഥാനത്തെ റെയിൽവേ വികസനം വേഗത്തിലാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) പാലക്കാട് മെമു ഷെഡ് വികസനം, ഗുരുവായൂർ യാർഡ് വികസനം, എറണാകുളം മാർഷലിംഗ് യാർഡിലെ നിർദ്ദിഷ്ട കോച്ചിംഗ് ടെർമിനൽ, കൊച്ചിൻ ഹാർബർ, എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ, കൊല്ലം മെമു ഷെഡ് വികസനം, കൊച്ചുവേളി ടെർമിനൽ വികസനം, നേമം പുതിയ ടെർമിനൽ തുടങ്ങി ഓട്ടോമാറ്റിക് സിഗ്നലിംഗ്, ശബരി പാത, ഗുരുവായൂർ-തിരുനാവായ പാത എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

പാലക്കാട് മെമു ഷെഡ് വികസനം മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നടത്തുന്നത്. ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ച്ചറൽ ഫോർ ഇൻസ്പെക്ഷൻ ക്രമീകരണം, 12 റേക്ക് കപ്പാസിറ്റിക്കായുള്ള മേജർ റിപ്പയേഴ്സ് & മെയിന്റനൻസ് പ്രവർത്തികളാണ് മൂന്നാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈൻ പദ്ധതി റെയിൽവേ ബോർഡ് മരവിപ്പിച്ചിരിക്കുകയാണ്. ആയതിനാൽ ഗുരുവായൂർ യാർഡ് വികസനം റെയിൽവേ ബോർഡ് നീട്ടിവച്ചിരിക്കുകയാണ്. കേരള ഹൈക്കോടതിക്ക്

സമീപമുള്ള എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനഃവികസനം എന്ന പദ്ധതി ഇന്ത്യൻ റെയിൽവേയുടെയും കേരള സർക്കാരിന്റെയും സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്തു നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച് വിശദപദ്ധതി റിപ്പോർട്ട് റെയിൽവേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ മംഗളവനം പക്ഷി സങ്കേതത്തോട് ചേർന്നുവരുന്ന ഭൂമിയിൽ വനേതര പ്രവർത്തനങ്ങൾ നടത്താതിരിക്കാൻ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ദക്ഷിണ റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയതിനാൽ (OA 587/2018 NGT (SZ, Chennai) പ്രസ്തുത പ്രവൃത്തി തുടർന്ന് ഏറ്റെടുക്കാൻ സാധിച്ചില്ല. അതേ സമയം, എറണാകുളം നോർത്ത്, എറണാകുളം സൗത്ത് സ്റ്റേഷനുകളുടെ നവീകരണ പ്രവൃത്തി റെയിൽ ലാൻഡ് ഡെവലപ്മെൻറ് അതോറിറ്റി (ആർ.എൽ.ഡി.എ)-യെ ഇന്ത്യൻ റെയിൽവേ ചുമതലപ്പെടുത്തുകയുണ്ടായി. ഇന്ത്യൻ റെയിൽവേയുടെ നിർദ്ദേശ പ്രകാരം കെ-റെയിൽ, എറണാകുളം മാർഷലിംഗ് യാർഡ് പുനഃവികസനം (കോച്ചിംഗ് ടെർമിനൽ) എന്ന പദ്ധതി ഏറ്റെടുക്കുകയും പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനം നടത്തുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടനുസരിച്ച് വൈറ്റില മൊബിലിറ്റി ഹബ്ബിലേയ്ക്ക് ഒരു പുതിയ കണക്റ്റിവിറ്റി കൊടുക്കുന്നതിന് സാധ്യതയുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഇത് നടപ്പിലാക്കിയാൽ മൾട്ടിമോഡൽ ഇന്റഗ്രേഷന് സാധ്യതയേറുകയും ലോകോത്തര നിലവാരത്തിൽ പി.പി.പി. മോഡൽവഴി സ്റ്റേഷൻ രൂപീകരിക്കാൻ സാധിക്കുന്നതുമാണ്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേയുടെ പരിഗണനയിലാണ്. 1980-ൽ സ്ഥാപിച്ച കൊച്ചിൻ ഹാർബർ ടെർമിനസ് റെയിൽവേ സ്റ്റേഷൻ 1935 ലാണ് ബ്രോഡ്ഗേജായി മാറ്റിയത്. എറണാകുളം- ഷൊർണ്ണൂർ സെക്ഷന്റെ വൈദ്യുതീകരണം പൂർത്തിയായത് 2000-ലും കൊല്ലം - കായംകുളം ജംഗ്ഷൻ വൈദ്യുതീകരണം പൂർത്തിയാക്കിയത് 2003-ലുമാണ്. എന്നാൽ സതേൺ നേവൽ കമാന്റ് അനുമതി നൽകാത്തതിനാൽ എറണാകുളം ജംഗ്ഷൻ മുതൽ കൊച്ചിൻ ഹാർബർ ടെർമിനൽ വരെയുള്ള റെയിൽപാത വൈദ്യുതീകരണം നടത്താൻ സാധിച്ചിട്ടില്ല. 29-7-2004-ൽ HRI പാലത്തിൽ ഡ്രെഡ്ജർ ഇടിച്ചതിനെത്തുടർന്ന് എറണാകുളം കൊച്ചി ഹാർബർ ടെർമിനൽ സ്റ്റേഷനിലേയ്ക്കുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ആയത് 20-3-2015-ൽ പുനഃസ്ഥാപിച്ചെങ്കിലും ഈ പാതയിൽ വൈദ്യുതീകരണം നടക്കാത്തതിനാൽ ഇതുവഴിയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. 26-9-2018 മുതൽ ശനി, ഞായർ ദിനങ്ങളിലൊഴികെ DEMU സർവ്വീസ് ആരംഭിച്ചെങ്കിലും ലാഭകരമല്ലാത്തതിനാൽ 7-10-2018 മുതൽ ഈ സർവ്വീസ് നിർത്തലാക്കി. ഈ പാതയുടെ പൈതൃകം

കണക്കിലെടുത്ത് ടൂറിസ്റ്റ് ട്രെയിൻ സർവ്വീസ് നടത്താൻ ശ്രമിച്ചെങ്കിലും ആയതിന് വേണ്ടത്ര പിന്തുണ ലഭിച്ചില്ല. റെയിൽവേയുമായി ബന്ധപ്പെട്ട ഭാരമേറിയ വസ്തുക്കൾ കൊണ്ട് പോകുന്നതിനും ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനിലേയ്ക്ക് ഇടയ്ക്കിടെ ഭക്ഷ്യ വസ്തുക്കൾ കൊണ്ടുപോകുന്നതിനുമാണ് നിലവിൽ ഈ സ്റ്റേഷൻ ഉപയോഗിക്കുന്നത്. കൊല്ലം മെമു ഷെഡ്ഡിനു നിലവിൽ 8 rakes of 8 car കപ്പാസിറ്റിയുണ്ട്. ആയത് വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ തിരുവനന്തപുരം ഡിവിഷൻ, സതേൺ റെയിൽവേ ജനറൽ മാനേജരുടെ അംഗീകാരത്തോടെ റെയിൽവേ ബോർഡിന്റെ അന്തിമാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. നേമം, കൊച്ചുവേളി ടെർമിനലുകളുടെ വികസനം സംബന്ധിച്ച് പുരോഗതി വിലയിരുത്തുന്നുണ്ട്. നേമം ടെർമിനലിന്റെ കാര്യത്തിൽ 10% ജോലികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. നേമം കൊച്ചുവേളി വിപുലീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ റെയിൽവേ ജനറൽ മാനേജരുമായി നടത്തിയ ചർച്ചയിൽ ഉന്നയിച്ചിരുന്നു. ഇതിന് അധിക തുക അനുവദിക്കണമെന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിൽ ഇനി അവശേഷിക്കുന്നത് തിരുവനന്തപുരം കന്യാകുമാരി പാതയിലെ മൂന്ന് സ്ട്രെച്ചും എറണാകുളം തുറവൂർ പാതയിലെ രണ്ട് സ്ട്രെച്ചുമാണ്. ഇതിന് റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. 2024 ഓടുകൂടി പാതയിരട്ടിപ്പിക്കൽ പൂർത്തിയാക്കാനാണ് റെയിൽവേ ലക്ഷ്യമിടുന്നത്. ഓട്ടോമാറ്റിക് സിഗ്നലിന്റെ കാര്യത്തിൽ റെയിൽവേയ്ക്ക് സംസ്ഥാന സർക്കാർ പ്രോജക്റ്റ് നൽകിയിരുന്നതാണ്. എന്നാൽ മൂന്നോ നാലോ ലൈനുകളുള്ള സ്ഥലങ്ങളിൽ മാത്രമേ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയൂ എന്നും കേരളത്തിലെ പാതകൾ വളവുകളും ചെരിവും കൂടുതലാണെന്നും സ്റ്റേഷനുകളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ച് മാത്രമേ ഓട്ടോമാറ്റിക് സിഗ്നൽ സംവിധാനത്തിലേയ്ക്ക് മാറാൻ കഴിയൂ എന്നാണ് റെയിൽവേ സ്വീകരിച്ച സമീപനം. സെമി ഹൈസ്പീഡ് റെയിൽവേ സിസ്റ്റത്തിലേയ്ക്ക് മാറാനുള്ള നിർദ്ദേശമാണ് റെയിൽവേ മുന്നോട്ട് വച്ചത്. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അങ്കമാലി - ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണം

30 (*450) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യയുടെ പുരോഗതി ആധുനിക ലോകത്ത് അനുദിനം സൃഷ്ടിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ രംഗം അതിവേഗം മാറുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാങ്കേതികവിദ്യയുടെ പുരോഗതിക്കനുസൃതമായി കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മാറ്റം കൊണ്ടുവരുന്നതിന്റെ ഭാഗമായി നവീന കോഴ്സുകൾ അനുവദിക്കുകയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നവസാങ്കേതിക വിദ്യകളെ ആസ്പദമാക്കിയുള്ള പഠനഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

(ബി) കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ പാഠ്യപദ്ധതി അഞ്ചുവർഷത്തിലൊരിക്കൽ എന്നതിനുപകരം വാർഷിക അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ എന്ന് അറിയിക്കുമോ?

എ.ഐ.സി.ടി.ഇ നിർദ്ദേശങ്ങൾക്കനുസൃതമായി കരിക്കുലം, സിലബസ് പരിഷ്കരണങ്ങൾ സാങ്കേതിക സർവ്വകലാശാലയിൽ നടപ്പാക്കുന്നുണ്ട്. വാർഷികാടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്കരണം നിലവിൽ പരിഗണനയിലില്ല.

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് നേതൃത്വം നൽകേണ്ട സാങ്കേതിക സർവ്വകലാശാല, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവ ഭാവനാസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരുടെ നേതൃത്വത്തിലാക്കുന്നത് പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

സാങ്കേതിക സർവകലാശാലയ്ക്ക് നേതൃത്വം നൽകുന്ന ഭരണ സമിതികളുടെ ഘടന സർവ്വകലാശാലാ ആക്റ്റിനനുസൃതമായാണ്. 24-1-2003 ലെ സ.ഉ.(അച്ചടി) നമ്പർ 6/2003/ഉവിവ. വിശേഷാൽ ചട്ടങ്ങൾ പ്രകാരമാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്.

(ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് ലഭിക്കുന്ന ധനസഹായം വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പഠനോപകരണങ്ങളും വാങ്ങുന്നതിന് വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിവിഹിതത്തിന്റെ ഉപയോഗക്രമം സർക്കാർ നിയമാവലിക്കനുസൃതമായാണ് നടത്തുന്നത്. സർക്കാർ തലത്തിലും വകുപ്പ് അദ്ധ്യക്ഷതലത്തിലും കൃത്യമായ ഇടവേളകളിൽ പദ്ധതി അവലോകനം നടത്തുകയും ആയതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ, physical achievements എന്നിവ planspace -ൽ കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നുണ്ട്.

(ഇ) വിദ്യാർഥികൾക്ക് കൂടുതൽ പ്രായോഗികജ്ഞാനവും സംവേദനക്ഷമതയും ലഭ്യമാക്കുന്നതിനും നവീന ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനും കഴിയുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയെ പുനഃസംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് അറിയിക്കുമോ?

വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രായോഗികജ്ഞാനവും സംവേദനക്ഷമതയും ലഭ്യമാക്കുന്നതിനും നവീന ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുമുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തലത്തിൽ നടത്തിവരുന്നു.

## ii. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് പദ്ധതി

1 (5064) ഡോ. എം.കെ . മുനീർ:
ശ്രീ . എൻ . ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കുമോ?

ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന പദ്ധതികൾ കൃഷി വകുപ്പ് നടപ്പാക്കിവരുന്നു.

(1) ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP പദ്ധതി). 2021-22 വർഷത്തിൽ ഇതിനായി 125 ലക്ഷം രൂപയാണ്

വകയിരുത്തിയിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ലഭ്യമാകുന്ന ബ്രീഡർ നെൽവിത്ത് കൃഷി വകുപ്പിലെ 33 സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് (സീഡ് ഫാമുകൾ) നൽകി ഫൗണ്ടേഷൻ സീഡ് ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നു. പ്രസ്തുത നെൽവിത്തുപയോഗിച്ച് കർഷകർ സർട്ടിഫൈഡ് നെൽവിത്ത് ഉല്പാദിപ്പിച്ച് വിത്ത് പരിശോധനശാലയിലെ ഗുണമേന്മ പരിശോധനയ്ക്കുശേഷം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് തിരികെ നൽകുകയാണ് പദ്ധതി പ്രകാരം ചെയ്യുന്നത്. ഈ വിത്ത് സർട്ടിഫൈഡ് വിത്തായി കർഷകർക്ക് വിതരണം ചെയ്യുന്നു.

(2) 2021-22 വർഷം കൃഷിവകുപ്പിന് കീഴിലുള്ള 64 ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. നടീൽവസ്തുക്കളുടെ ഗുണമേന്മയും ലഭ്യതയും ഉറപ്പുവരുത്താനായി 2021-22-ൽ സർക്കാർ ഫാമുകളിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുൽപാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുൽപാദനത്തിനായി 20 ലക്ഷം രൂപയും മാതൃ സസ്യത്തോട്ടങ്ങളെ സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും തെങ്ങ് കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(3) ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഫാമുകളിൽ 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ) ഉത്പാദിപ്പിക്കുന്നു. റെയിൻ ഷെൽട്ടർ, പോളീഹൗസുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 120 ലക്ഷം രൂപയും ഉല്പാദന ചെലവിനത്തിൽ 100 ലക്ഷം രൂപയും പ്രോജനിതോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 88 ലക്ഷം രൂപയും ചേർത്ത് ആകെ 488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(4) നാളികേരവികസന പദ്ധതിപ്രകാരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിനായി ആകെ 1359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനവും സ്പെഷ്യൽ ഫാമുകളിൽ

യന്ത്രവത്ക്കരണവും എന്ന പദ്ധതിക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ ഫാമുകളുടെ പ്രവർത്തനങ്ങളുടെ വികസനത്തിനും കാർഷിക കാര്യക്ഷമത ഉയർത്തുന്നതിനും അങ്ങനെ നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

(5) പച്ചക്കറി വിളകളുടെ വിത്തുകളും തൈകളും കർഷകർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഘടകമായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതി വഴി 10 രൂപ വിലവരുന്ന വിവിധ പച്ചക്കറി ഇനങ്ങളടങ്ങിയ പച്ചക്കറി കിറ്റും 2.5 രൂപ വില വരുന്ന 2.72 ലക്ഷം പച്ചക്കറി തൈകളും 2021-22 വർഷത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നു. ഇതിൽ 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റും 150 ലക്ഷം പച്ചക്കറി തൈകളും ഓണക്കാലത്ത് വീട്ടുവളപ്പിൽ പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ഘടകത്തിൽ വിതരണം ചെയ്തുകഴിഞ്ഞു.

(6) കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.) എന്നീ സ്ഥാപനങ്ങളിൽനിന്നും ഗുണമേന്മയുള്ള ട്രൂത്ത് ഫുള്ളി ലേബൽഡ് (truthfully labelled seed) പച്ചക്കറി വിത്തുകളാണ് വിതരണം ചെയ്യുന്നത്. വീട്ടുവളപ്പിലെ പച്ചക്കറി പ്രോത്സാഹനം എന്ന ഘടകത്തിലുൾപ്പെടുത്തി വിതരണം ചെയ്യുന്ന പച്ചക്കറി തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.), അഗ്രോ സർവ്വീസ് സെന്റർ, സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ നഴ്സറികൾ എന്നീ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നുമാണ് വിതരണം ചെയ്യുന്നത്.

(7) ഫലവൃക്ഷങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനായി " ഒരു കോടി ഫലവൃക്ഷ തൈ വിതരണം" എന്ന ഘടകം "ഡെവലപമെന്റ്സ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേഴ്സ് & മെഡിസിനൽ പ്ലാന്റ്സ്" എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ഈ

പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന തൈകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ ഫാമുകൾ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. കാർഷിക കർമ്മസേന/ അഗ്രോ സർവ്വീസ് സെന്റർ എന്നീ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും ഉല്പാദിപ്പിച്ചാണ് വിതരണം ചെയ്യുന്നത്. കൂടാതെ കുടുംബശ്രീ, എം.ജി.എൻ.ആർ, ഇ.ജി.എസ്. നഴ്സറികളിൽനിന്നും ഉല്പാദിപ്പിച്ച തൈകളും ഈ പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്യുന്നു.

(8) സംസ്ഥാനത്തിന് അവശ്യം വേണ്ടിവരുന്ന ഗുണനിലവാരമുള്ള സർട്ടിഫൈഡ് നെൽവിത്തുകൾ കർഷകർ മുഖേന ഉത്പാദിപ്പിച്ച് സംസ്കരിച്ച് സംഭരിച്ച് കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ വിത്തുത്പാദന കേന്ദ്രങ്ങൾ, കേരള കാർഷിക സർവ്വകലാശാല, നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡ്, ആന്ധ്രാപ്രദേശ് സ്റ്റേറ്റ് സീഡ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും നെൽവിത്ത് വാങ്ങി വിതരണം ചെയ്തുവരുന്നു.

(ബി) കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ അംഗീകൃത ഏജൻസികൾ എന്ന പേരിൽ നടീൽ വസ്തുക്കളുടെ ഓർഡർ സ്വീകരിച്ച് വിൽപ്പന നടത്തുന്ന വിവിധ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഇത്തരം സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നിവയുടെ അംഗീകൃത ഏജൻസികൾ/ഫ്രാഞ്ചൈസികൾ എന്ന പേരിൽ നടീൽവസ്തുക്കളുമായി വ്യാജ സംഘങ്ങൾ വീടു കയറി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ കൃഷി വകുപ്പ് നടീൽ വസ്തുക്കളുടെ വിൽപ്പനയ്ക്കായി ഇത്തരം ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ലെന്നും കൃഷി വകുപ്പ് ഫാമുകൾ കൃഷിഭവനുകൾ മുഖേന മാത്രമാണ് നടീൽ വസ്തുക്കൾ വിൽപ്പന നടത്തുന്നതെന്നും, ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെട്ടാൽ കർഷകർ വഞ്ചിതരാകാതെ സൂക്ഷിക്കണമെന്നും തൊട്ടടുത്ത കൃഷിഭവനുമായി ബന്ധപ്പെട്ടുമാത്രമെ ഇടപാടുകൾ നടത്താവൂയെന്നും കൃഷി വകുപ്പ് വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

## സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ

2 (5065) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീ. ഒ . ആർ. കേളു:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറ് ദിന പരിപാടിയിലുൾപ്പെടുത്തിയ കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുടെ ഫലമായി സാമ്പത്തികമായും ഭൗതികമായുമുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി ഓണത്തിന് ഒരു മുറം പച്ചക്കറി, ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം, സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി, നഗര വഴിയോര കാർഷിക ചന്തകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനി എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിരുന്നത്.

1) ഓണത്തിന് ഒരു മുറം പച്ചക്കറി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ഓണക്കാലത്ത് അന്യസംസ്ഥാനത്തുനിന്നും വരുന്ന പച്ചക്കറികളുടെ തോത് കുറയ്ക്കുക എന്നതുമായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിലൂടെ 50 ലക്ഷം വിത്ത് പാക്കറ്റുകളും 150 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കാനും സാധിച്ചു. 37 ലക്ഷം കുടുംബങ്ങൾക്ക് വിത്തും തൈകളും വിതരണം ചെയ്യാനും 24000.85 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും 3.725828 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഓണക്കാലത്ത് ഉല്പാദിപ്പിക്കാനും സാധിച്ചു. ആയതിനായി പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണത്തിന് 500 ലക്ഷം രൂപയും പച്ചക്കറി തൈകളുടെ വിതരണത്തിനായി 375 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 875 ലക്ഷം രൂപ ചെലവഴിച്ചു.

2) ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം എന്ന പദ്ധതി സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റമ്പൂട്ടാൻ, മാംഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം

(അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായുമാണ് " ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം" എന്ന പദ്ധതി ലക്ഷ്യമിട്ടത്. 2021 ജൂൺ 11 മുതൽ 2021 സെപ്റ്റംബർ 17 വരെ ഒന്നാം ഘട്ടത്തിൽ 25 ലക്ഷം ഫലവൃക്ഷത്തൈകളുടെ വിതരണമാണ് ലക്ഷ്യമിട്ടിരുന്നത്. ഈ കാലയളവിൽ പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിനും അധികമായി 16.85866 ലക്ഷം ഫലവൃക്ഷ തൈകൾ വിതരണം നടത്തുന്നതിനും സാധിച്ചു. ഇത്തരത്തിൽ ആകെ 41.85866 ലക്ഷം ഫലവൃക്ഷ തൈകളുടെ വിതരണം പൂർത്തീകരിച്ചു. ടി പദ്ധതി പ്രകാരം 504.8185 ലക്ഷം രൂപയുടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ വാഴ, വാഴക്കന്ന്, മറ്റ് ഫലവൃക്ഷത്തൈകൾ എന്നിവ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., അഗ്രോ സർവ്വീസ് സെന്റർ/ കാർഷിക കർമ്മസേന, കുടുംബശ്രീ എന്നീ ഏജൻസികൾ വഴി വിതരണം ചെയ്തു.

3) സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി 5000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി 88769 കർഷകരെ ഉൾപ്പെടുത്തി ആകെ 24986.015 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കാൻ സാധിച്ചു.

4) നഗര വഴിയോര കാർഷിക ചന്തകൾ നഗര പ്രദേശത്തെ വിഷരഹിത പഴം പച്ചക്കറികളുടെ ആവശ്യകത മനസ്സിലാക്കി ഒരു തുടക്കമെന്ന നിലയിൽ സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി 2021-22-ൽ 100 നഗര വഴിയോര കാർഷിക ചന്തകൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ടൗൺഷിപ്പുകളായ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 10 വീതവും മറ്റ് ജില്ലകളിൽ 6 വീതവും നഗര വഴിയോര കാർഷിക ചന്തകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലകളിലെ നഗര പ്രദേശത്ത് ആരംഭിച്ച ഇത്തരം വഴിയോര ചന്തകൾവഴി നാളിതുവരെ 45.19483 ലക്ഷം രൂപ മൂല്യംവരുന്ന 146.314 ടൺ പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

5) ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം നൂറ് ദിന കർമ്മ പദ്ധതി പ്രകാരം 25 എഫ്.പി.ഒ.-കളുടെ രൂപീകരണമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 13 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴിയും വി.എഫ്.പി.സി.കെ മുഖേന 31 എഫ്.പി.ഒ.-കളുടെയും രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്.

(ബി) കാർഷിക മേഖലയിൽ പ്രസ്തുത കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയുമോ; എങ്കിൽ വ്യക്തമാക്കുമോ?

കാർഷിക മേഖലയിൽ പ്രസ്തുത കാലയളവിൽ 39756 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 117500 തൊഴിൽ ദിനങ്ങൾ പരോക്ഷമായും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

1) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതുവഴി 4000 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 10000 തൊഴിൽ ദിനങ്ങൾ പരോക്ഷമായും സൃഷ്ടിക്കാൻ സാധിച്ചു.

2) ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം പദ്ധതി നടപ്പിലാക്കിയതിലൂടെ 15000 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 12500 തൊഴിൽ ദിനങ്ങൾ പരോക്ഷമായും സൃഷ്ടിക്കാൻ സാധിച്ചു.

3) സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രത്യക്ഷമായി 17280-ഉം പരോക്ഷമായി 95000-ഉം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു.

4) ആഴ്ച ചന്തകളുടെ നടത്തിപ്പ് വഴി ആകെ 2036 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

5) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി രൂപീകരിച്ച എഫ്.പി.ഒ.-കൾ വഴി ഈ മേഖലയിൽ പ്രസ്തുത കാലയളവിൽ 1440 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## കൃഷി വകുപ്പിന് കീഴിലുള്ള റീജിയണൽ സെന്ററുകൾ

3 (5066) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിനുകീഴിൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിലുള്ള ആദ്യത്തെ റീജിയണൽ സെന്റർ കുത്തുപറമ്പിൽ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ പ്രവർത്തനങ്ങളും പദ്ധതികളുമാണ് പ്രസ്തുത സെന്റർവഴി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ ജില്ലകളാണ് പ്രസ്തുത സെന്ററിന്റെ അധികാര പരിധിയിൽ വരുന്നതെന്നും കൃഷി വകുപ്പിനും പൊതുജനങ്ങൾക്കും ഉപകാരപ്പെടുന്ന രീതിയിൽ പ്രസ്തുത സെന്ററിനെ മാറ്റിയെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

1-2-2015-ലെ സ.ഉ.(കൈ) നമ്പർ 229/15/എ.ഡി. പ്രകാരം കണ്ണൂർ കുത്തുപറമ്പിൽ കൃഷി വകുപ്പിന്റെ റീജിയണൽ ഡയറക്ടറേറ്റ് പ്രവർത്തിച്ചിരുന്നു. നിലവിൽ കൃഷി വകുപ്പിന്റെ റീജിയണൽ ഡയറക്ടറേറ്റ് കുത്തുപറമ്പിൽ പ്രവർത്തിക്കുന്നില്ല.

**കാലവർഷ ക്രമത്തിലും കാലാവസ്ഥയിലും ഉണ്ടായിട്ടുള്ള മാറ്റം**

4 (5067) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ ഉൾപ്പെടെയുള്ള കാലവർഷക്രമത്തിലും കാലാവസ്ഥയിലും ഉണ്ടായിട്ടുള്ള മാറ്റം കാർഷിക മേഖലയെ എങ്ങനെ ബാധിച്ചെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചും ചേർന്ന് നടത്തുന്ന ആൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ടിന്റെ ഭാഗമായി 2016 മുതൽ കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക വിളകളിലുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തിവരുന്നു. കേരള കാർഷിക സർവ്വകലാശാലയും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചും ചേർന്ന് നടത്തുന്ന ആൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ടിന്റെ ഭാഗമായി 2018-19 വർഷത്തിൽ കാലാവസ്ഥ വ്യതിയാനംമൂലം നെല്ലിലുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തിയതിൽനിന്നും, കഴിഞ്ഞ ആറ് വർഷങ്ങളിലെ പഠനത്തിന്റെ അടിസ്ഥാനത്തിലും നെല്ല് ചിനപ്പ് പൊട്ടുന്ന സമയം മുതൽ കതിരിടുന്ന സമയത്തുവരെ ലഭിക്കുന്ന മഴയുടെ അളവിലും ആപേക്ഷിക സാന്ദ്രതയിലും കുറഞ്ഞ താപനിലയിലുമുള്ള വ്യത്യാസങ്ങൾ നെല്ലിന്റെ വിളവിനെ സാരമായി ബാധിക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. നെല്ലിലെ തണ്ടുതുരപ്പൻ പുഴുവിന്റെ ആക്രമണം മധ്യാഹ്ന താപനില കൂടുമ്പോൾ കുറയുന്നതായി പഠനത്തിൽനിന്നും വ്യക്തമാകുന്നു. കുരുമുളകിൽ നടത്തിയ പഠനത്തിൽ ലഭിക്കുന്ന സൂര്യപ്രകാശത്തിന്റെ അളവ് വിളവിനെ ബാധിക്കുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. തിരിയിടുന്ന

സമയത്തെ അധിക താപനില വിളവിനെ പ്രതികൂലമായി ബാധിക്കുന്നതായി പഠനത്തിൽനിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ കാർഷിക കാലാവസ്ഥ മേഖലകളെക്കുറിച്ച് പല പഠനങ്ങളും നടത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, കേരള ആസൂത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകളായി (അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ) ആയി വിഭജിച്ചിട്ടുണ്ട്. ഓരോ കാർഷിക പാരിസ്ഥിതിക മേഖലയെയും (AEZ) വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി (AEU) വിഭജിച്ചിട്ടുണ്ട്. അങ്ങനെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്.

(ബി) കാലാവസ്ഥാവ്യതിയാനംമൂലം വിളക്രമത്തിലും ഭൂവിനിയോഗത്തിലും വന്നിട്ടുള്ള മാറ്റം സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാലാകാലങ്ങളായി കേരളത്തിലെ ഭൂവിനിയോഗരീതിയിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യവിളകളിൽ നിന്ന് ഭക്ഷ്യേതര വിളകളിലേയ്ക്കുള്ള മാറ്റവും കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വർദ്ധനവും ഈ മാറ്റത്തിന്റെ സൂചികകളാണ്. 2019-20-ലെ ഭൂവിനിയോഗ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ 25.89 ലക്ഷം ഹെക്ടർ (66.64 ശതമാനം) വിളയിറക്കിയിട്ടുള്ള പ്രദേശമാണ്. ഇതിൽ യഥാർത്ഥ കൃഷിയുടെ വിസ്തൃതി 20.26 ലക്ഷം ഹെക്ടറാണ് (52.13 ശതമാനം). കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 11.73 ശതമാനവും വനമേഖല 27.83 ശതമാനവുമാണ്. കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയും തരിശുഭൂമിയും യഥാക്രമം 2.57 ശതമാനവും 1.48 ശതമാനവുമാണ്. തരിശും കൃഷിയിറക്കാത്തതുമായ ഭൂമി, വിവിധ വൃക്ഷ വിളകൾക്കുപയോഗിക്കുന്ന ഭൂമി, കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി, കൃഷിക്കനുയോജ്യമായ പാഴ്ഭൂമി, ഇപ്പോഴുള്ള തരിശുഭൂമിയിൽപ്പെടാത്ത തരിശുഭൂമി എന്നിവയുടെ വിസ്തൃതി 2018-19-ൽനിന്നും വർദ്ധിച്ച് യഥാക്രമം 3.29 ശതമാനം, 1.18 ശതമാനം, 0.41 ശതമാനം, 3.43 ശതമാനം, 3.05 ശതമാനം എന്ന രീതിയിലാണ്. കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയുടെ വിസ്തൃതി 3313 ഹെക്ടറായും ഇപ്പോഴുള്ള തരിശുഭൂമിയിൽപ്പെടാത്ത തരിശുഭൂമിയുടെ വിസ്തൃതി 1390 ഹെക്ടറായും വർദ്ധിച്ചു. യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 0.37 ശതമാനമായി കുറഞ്ഞു. മൊത്തം കൃഷി വിസ്തൃതിയും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കിയ

സ്ഥലത്തിന്റെ വിസ്തൃതിയും യഥാക്രമം 0.73 ശതമാനവും 4.92 ശതമാനവുമായി വർദ്ധിച്ചു. വിള തീവ്രത 126 ശതമാനത്തിൽനിന്നും 128 ശതമാനമായി വർദ്ധിച്ചു. സംസ്ഥാനത്തിന്റെ കൃഷി സ്ഥല വിസ്തൃതി അനുസരിച്ച് കൃഷിയിടങ്ങളുടെ എണ്ണം 2010-11-ൽ 68,31,000 ആയിരുന്നു. ഇത് 2015-16-ഓടെ 11 ശതമാനം വർദ്ധിച്ച് 75,83,000 ആയി. പ്രതിശീർഷ ഭൂലഭ്യത 2010-11-ൽ 0.22 ഹെക്ടറായിരുന്നത് 2015-16-ൽ 0.18 ഹെക്ടറായി കുറഞ്ഞു. കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ കൃഷി വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത 2019-20-ലെ മൊത്തം കൃഷിവിസ്തൃതിയുടെ 9.88 ശതമാനം ഭക്ഷ്യവിളകളായ നെല്ല്, കപ്പ, മധുരക്കിഴങ്ങ്, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവയും 61.6 ശതമാനം നാണ്യവിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, നാളികേരം, ഏലം, തേയില, കാപ്പി എന്നിവയുമാണ്. മൊത്തം കൃഷി വിസ്തൃതിയിൽ 27.5 ശതമാനം റബ്ബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്. വിളകളിൽ ഏറ്റവും കൂടുതൽ കൃഷി വിസ്തൃതി തെങ്ങിനും (29.3 ശതമാനം), തുടർന്ന് റബ്ബറിനുമാണ് (21.28 ശതമാനം). കൃഷി വിസ്തൃതിയുടെ 7.37 ശതമാനം രേഖപ്പെടുത്തി നെൽകൃഷി മൂന്നാം സ്ഥാനത്താണ്. 2018-19 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ മരച്ചീനി കൃഷിയുടെ വിസ്തൃതി 0.31 ശതമാനം വർദ്ധിച്ചു. പയറുവർഗ്ഗങ്ങളുടെ കൃഷി വിസ്തൃതിയും ഉൽപ്പാദനവും 229.54 ഹെക്ടർ, 197 ടൺ യഥാക്രമം കുറഞ്ഞ് 2260.46 ഹെക്ടറും 2103 ടണ്ണുമായി രേഖപ്പെടുത്തി. മറ്റ് വിളകളായ കവുങ്ങ്, കാപ്പി, കശുവണ്ടി, വാഴപ്പഴം, ഏലം, കുരുമുളക് എന്നിവയുടെ വിസ്തൃതി 2018-19-നെ അപേക്ഷിച്ച് വർദ്ധിച്ചു. ഇഞ്ചി, മഞ്ഞൾ, തേയില, നാളികേരം എന്നീ വിളകളുടെ കൃഷി വിസ്തൃതി കുറഞ്ഞു. 2018-19- നെ അപേക്ഷിച്ച് നേന്ത്രവാഴ കൃഷിയുടെ വിസ്തൃതിയിൽ 14.7 ശതമാനത്തിന്റെ വർദ്ധനവുണ്ടായി. നേന്ത്രപ്പഴം, കശുവണ്ടി, കാപ്പി, മറ്റ് വാഴപ്പഴങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിച്ചു.

(സി) കൂടുതൽ ശാസ്ത്രീയ മാർഗ്ഗങ്ങളും യന്ത്രവൽക്കരണവും കാർഷിക മേഖലയിൽ നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന Sub Mission on Agricultural Mechanization (SMAM) എന്ന പദ്ധതിയിലൂടെ പ്രധാനമായും മൂന്നു തരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത്.

(i) വ്യക്തിഗത ഉപഭോക്താക്കൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ഇതനുസരിച്ച് ചെറുകിട

നാമമാത്ര കർഷകർക്കും പട്ടിക ജാതി, പട്ടിക വർഗ്ഗ കർഷകർക്കും വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം വരെയും, വിള സംസ്കരണവുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും, പട്ടിക ജാതി, പട്ടിക വർഗ്ഗ കർഷകർക്കും വനിതകൾക്കും 50 ശതമാനം മുതൽ 60 ശതമാനം വരെയും മറ്റ് കർഷകർക്ക് 40 ശതമാനം മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാക്കുന്നു.

(ii) വ്യക്തികൾക്കും കാർഷിക സ്വയംസഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എഫ്.പി.ഒ. തുടങ്ങിയവർക്കും കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു.

(iii) തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് 10 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു. ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും ഗ്രാമപഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും സ്ഥാപിച്ചുകൊണ്ട് കർഷകർക്ക് മിതമായ നിരക്കിൽ യന്ത്രവത്കൃത കൃഷി നടത്താനുള്ള സേവനങ്ങൾ ചെയ്തുവരുന്നുണ്ട്. എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന കൃഷിവകുപ്പിന്റെ 14 കസ്റ്റം ഹയറിംഗ് സെന്ററുകൾ മുഖേനയും കാർഷിക യന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകിവരുന്നുണ്ട്. കൂടാതെ റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കേരളാ കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ മെക്കനൈസേഷൻ മിഷൻ പദ്ധതിയും നടപ്പാക്കിവരുന്നു.

**ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി**

5 (5068) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2021-22 വർഷം കൃഷിവകുപ്പിനു കീഴിലുള്ള 63 ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ കേരളത്തിന്റെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ

വസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. നടീൽവസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ 2021-22 വർഷം വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുത്പാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും മാതൃ സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും ഫാമുകളിൽ സംയോജിത കൃഷിയൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും തെങ്ങ് കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 650 ലക്ഷം രൂപയും 2401-00-104-91 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഫാമുകളിൽ 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ) ഉത്പാദിപ്പിക്കുന്നു. റെയിൻഷെൽട്ടർ, പോളീഹൗസുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയും ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 120 ലക്ഷം രൂപയും ഉത്പാദന ചെലവിനത്തിൽ 100 ലക്ഷം രൂപയും പ്രോജനിതോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 88 ലക്ഷം രൂപയും ചേർത്ത് ആകെ 488 ലക്ഷം രൂപ 2401-00-119-79 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 600 ടൺ നെൽവിത്ത്, 35 ലക്ഷം കുരുമുളക് തൈകൾ, 47 ലക്ഷം പച്ചക്കറി തൈകൾ, 45.25 ലക്ഷം ഫല വൃക്ഷ തൈകൾ, 8.3 ലക്ഷം തെങ്ങിൻ തൈകൾ, 40 ലക്ഷം കിഴങ്ങുവർഗ്ഗ നടീൽവസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകിയിട്ടുണ്ട്. 2021-22-ൽ ഇതിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ നെൽകർഷകർക്ക് അവശ്യം വേണ്ടിവരുന്ന ഗുണമേന്മയുള്ള സർട്ടിഫൈഡ് നെൽവിത്തുകൾ കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖേന നൽകിവരുന്നു. ഒരു വർഷം വേണ്ടിവരുന്ന 16000 ടൺ നെൽവിത്തിൽ 8000 ടൺ നെൽവിത്താണ് സീഡ് അതോറിറ്റി നൽകിവരുന്നത്.

(ബി) ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസൃതമായ വിളകളുടെ വിത്തിനങ്ങൾ സംരക്ഷിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. "ജൈവ വൈവിധ്യ സംരക്ഷണവും കാർഷിക വൈവിധ്യവൽക്കരണവും" എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങളുടെയും പരമ്പരാഗത നെല്ലിനങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഹെക്ടറിന് 10,000 രൂപ എന്ന തോതിൽ കർഷകർക്ക് നൽകിവരുന്നു. 2021-2022 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 25 ലക്ഷം രൂപയാണ്

വകയിരുത്തിയിട്ടുള്ളത്. അതിൽ വയനാട് ജില്ലയിലെ നെല്ലിനങ്ങൾ സംരക്ഷിച്ച് കൃഷി ചെയ്യുന്നതിനായി 5 ലക്ഷം രൂപ പ്രത്യേകമായും വകയിരുത്തിയിട്ടുണ്ട്. നാടൻ നെൽ വിത്തിനങ്ങളെയും ചെറുധാന്യങ്ങളുടെ വിത്തിനങ്ങളെയും തിരിച്ചറിഞ്ഞ് അവയുടെ വിത്തുൽപ്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത ഇനങ്ങളുടെ വ്യാപനം ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി വയനാട് മേഖലയിൽ വെളിയൻ, തൊണ്ടി, ചോമല, മുള്ളൻകൈമ, പാൽതൊണ്ടി, അടുക്കൻ, ചെന്തൊണ്ടി, കരിയടുക്കൻ, ഓർക്കയമ, മണ്ണുവെളിയൻ, ചിറ്റുവെളിയൻ, കല്ലടി ആര്യൻ, ചെന്നെല്ല്, ജീരകശാല, ഗന്ധകശാല മുതലായ നെൽവിത്തിനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആലപ്പുഴ ജില്ലയിൽ ചേറ്റുവിരിപ്പ്, വിരിപ്പ്, പൊക്കാളി, ചേറാടി, മുണ്ടകൻ മുതലായവയും പാലക്കാട് ജില്ലയിൽ തവളക്കണ്ണൻ, ചിറ്റേനി, ചേരാടി, കുഞ്ഞ്കുഞ്ഞ്, രക്തശാലി മുതലായവയുടെയും കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. 2017-18 മുതലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കേരളത്തിലെ കാർഷിക വിളകളുടെ ലഭ്യമായ ജനിതക സമ്പത്ത് സംരക്ഷിക്കുക, ഇപ്പോൾ പ്രചാരത്തിലില്ലാത്ത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, വൈജ്ഞാനിക ജനിതകസമ്പത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാനുള്ള സംവിധാനം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള കാർഷിക സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതാണ് വിള ജനിതക വൈവിധ്യ സംരക്ഷണ പദ്ധതി. ഈ പദ്ധതിയിൻകീഴിൽ കേരളത്തിലെ തനത് വിളകളുടെ ജനിതക സമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ 'Seed Gene Bank' അഥവാ വിത്ത് ജീൻ ബാങ്കിന്റെ നിർമ്മാണം 2021 ജനവരി 25-ന് പൂർത്തിയായി. അമ്പതിനായിരത്തോളം ശേഖരണങ്ങൾ 25 മുതൽ 30 വർഷംവരെ സംഭരിച്ചുവയ്ക്കാനുതകുന്ന മീഡിയം ടേം സ്റ്റോറേജ് വാൾട്ടോടുകൂടിയ (Medium Term Storage Vault) ജീൻ ബാങ്കാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. നിലവിൽ ലഭ്യമായിട്ടുള്ള നാനൂറിൽപരം പരമ്പരാഗത നെല്ലിനങ്ങളിൽ ചെമ്പാവ്, ചീര, തവളക്കണ്ണൻ, പൊന്നാര്യൻ, കുറുവ, പ്രത്യേകതരം നെല്ലിനമായ ഞവര എന്നിവ കൃഷിയാവശ്യത്തിനും വിത്തുൽപ്പാദനത്തിനുമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വിവിധ പയറിനങ്ങളും പോഷകാഹാരഗുണങ്ങളുള്ള ചെറുധാന്യവർഗ്ഗങ്ങളും ഘട്ടംഘട്ടമായി വിതരണം ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക നേതൃത്വത്തിൽ തെരഞ്ഞെടുത്ത കൃഷിഭവനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കുന്ന 'വിത്ത് ഗ്രാമ' പദ്ധതിയിലൂടെ പരമ്പരാഗത വിളയിനങ്ങളുടെയും ഇപ്പോൾ പ്രചാരത്തിലില്ലാത്ത ഇനങ്ങളുടെയും സംരക്ഷണവും വിത്തുൽപ്പാദനവും കർഷകർ മുഖേന നടപ്പിലാക്കി

വരികയാണ്. കൂടാതെ സംസ്ഥാന കൃഷിവകുപ്പ് നെൽ കൃഷി വികസന പദ്ധതിയുടെ ഭാഗമായുള്ള "പ്രത്യേക നെല്ലിനങ്ങൾക്കുള്ള ധനസഹായം" എന്ന ഘടകം പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് ഹെക്ടറിന് 10,000 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്തേയ്ക്കായി 50 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, ബസ്മതി അരി മുതലായ ഇനങ്ങളാണ് ടി പദ്ധതി പ്രകാരം കൃഷി ചെയ്തുവരുന്നത്. പ്രത്യേക നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കൈപ്പാട് മേഖലയിൽ അടിസ്ഥാന സൗകര്യമുൾപ്പെടെ നെൽകൃഷിയുടെ വികസനത്തിനായി "കരി, കൈപ്പാട്, പൊക്കാളി എന്നീ പരമ്പരാഗത നെൽകൃഷി മേഖലകൾക്കുള്ള പ്രത്യേക ധന സഹായം" എന്ന ഘടക പദ്ധതി 136 ലക്ഷം രൂപ 2020-21ൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കൈപ്പാട് കൃഷിക്കായി 41.5767 ലക്ഷം രൂപയും കരിക്കായി 29 ലക്ഷവും പൊക്കാളി കൃഷിക്കായി 48.5233 ലക്ഷം രൂപയുമാണ് ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. നാടൻ വിത്തിനങ്ങളുടെ ഉത്പാദനം, സംഭരണം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് Biodiversity and Local Germplasm Conservation and Promotion, Scheme for Conservation and Multiplication of Traditional Indegenous varieties of paddy and millets എന്ന പദ്ധതി നിലവിലുണ്ട്.

## തൃശ്ശൂർ ജില്ലയിലെ പമ്പിംഗ് സബ്സിഡി കുടിശ്ശിക

6 (5069) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനും മറ്റുമായി നൽകുന്ന പമ്പിംഗ് സബ്സിഡിയിനത്തിൽ തൃശ്ശൂർ ജില്ലയിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തെ കുടിശ്ശികയുണ്ടെന്നതിന്റെ കണക്കുകൾ വർഷം തിരിച്ച് നൽകാമോ?

പമ്പിംഗ് സബ്സിഡി കുടിശ്ശികയിനത്തിൽ തൃശ്ശൂർ ജില്ലയിൽ 2,39,01,353 രൂപ നൽകാനുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2018-2019 | 20,32,588 |
| 2019-2020 | 43,94,351 |
| 2020-2021 | 1,74,74,414 |
| ആകെ | 2,39,01,353 |

(ബി) നിലവിൽ കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്തുതീർക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ സബ്സിഡി തുക കൊടുത്ത് തീർക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃഷി ഓഫീസുകളുടെ പരിസരത്ത് കൃഷി ചെയ്യുന്നതിന് നടപടി**

7 (5070) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള കൃഷി ഓഫീസുകളിലും കൃഷി വകുപ്പിന്റെ മറ്റ് ഓഫീസുകളിലും ഏതെങ്കിലും തരത്തിലുള്ള കൃഷി നിർബന്ധമായും ചെയ്തിരിക്കണമെന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷിക്ക് യോഗ്യമായ കൃഷി ഓഫീസുകളുടെ പരിസരം യാതൊരു കൃഷിയും നടത്താതെ ഒഴിച്ചിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളെയും കർഷകർക്കും പൊതുജനങ്ങൾക്കും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സന്ദേശം നൽകുന്ന തരത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്ത് കൃഷിഭവനുകൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ഓഫീസുകളാണ്. പല കൃഷിഭവനുകളിലും സ്ഥലപരിമിതിയും ജലദൗർലഭ്യതയുംമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലസൗകര്യവും ജലലഭ്യതയുമുള്ള കൃഷി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഏതെങ്കിലും തരത്തിലുള്ള കൃഷി ചെയ്യാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. ആയതുപ്രകാരം സ്ഥല സൗകര്യമുള്ള കൃഷി ഓഫീസുകളിലും കൃഷി വകുപ്പിന്റെ മറ്റ് ഓഫീസുകളിലും പച്ചക്കറി കൃഷിയും മറ്റും നടത്തിവരുന്നു. ഇതിനുപുറമെ സ്ഥല സൗകര്യമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും പച്ചക്കറി കൃഷി വികസന പദ്ധതിയിൽ നിലവിലുണ്ട്. ഇത്തരത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകൾ വഴിയും കർഷകർക്കും പൊതുജനങ്ങൾക്കും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സന്ദേശം നൽകിവരുന്നു.

(സി) സംസ്ഥാനത്തെ പല കൃഷി ഓഫീസുകളുടെയും പരിസരം തറയോട് പാകി ചെടികളും പച്ചക്കറികളും വച്ചുപിടിപ്പിക്കാൻ കഴിയാത്ത തരത്തിൽ ഡിസൈൻ ചെയ്തിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിഭവനുകൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ ആയതിനാൽ അവയുടെ പരിസരത്തു മാറ്റങ്ങൾ വരുത്തുന്നത് ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളിലുൾപ്പെടുന്നു. എന്നിരുന്നാലും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തുന്നതാണ്.

**ഹൈടെക് കൃഷിരീതി**

8 (5071) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം സംരക്ഷിത കൃഷി ഘടകത്തിൽ ഉൾപ്പെടുത്തി നാച്ചുറലി വെന്റിലേറ്റഡ് ഗ്രീൻ ഹൗസ് സ്ഥാപിക്കുന്നതിന് ചതുരശ്ര മീറ്ററിന് 530 രൂപ നിരക്കിലും കൃഷിയിടങ്ങളിൽ മൾച്ചിംഗ് ഷീറ്റ് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 16,000 രൂപയും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ധനസഹായം നൽകിവരുന്നു. കൂടാതെ കേടുപാടുകൾ സംഭവിച്ച പോളീഹൗസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ധനസഹായം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജനയിൽ 'പെർ ഡ്രോപ്പ് മോർ ക്രോപ്പ് ' പദ്ധതി നടപ്പിലാക്കിവരുന്നു. കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനം നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയമായ തുകയുടെ 55 ശതമാനവും മറ്റുള്ള കർഷകർക്ക് 45 ശതമാനവും സാമ്പത്തികാനുകൂല്യം ഈ പദ്ധതിയിൽ നൽകുന്നു. ഇതുകൂടാതെ പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 25 ശതമാനം ടോപ് അപ്പ് സബ്സിഡിയായി സംസ്ഥാന സർക്കാർ അധിക വിഹിതമായി ഇതോടൊപ്പം

കർഷകർക്ക് നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടർ സ്ഥലത്തെ കൃഷിക്കുമാത്രമെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കണിക ജലസേചനത്തിനും സ്പ്രിംഗ്ലർ ജലസേചനത്തിനുമാണ് ഈ പദ്ധതിയിലൂടെ സബ്സിഡി നൽകുന്നത്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സമേതി (SAMETI– സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആൻഡ് എക്സ്റ്റെൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്)– നെ ഹൈടെക് പരിശീലന കേന്ദ്രമായി വികസിപ്പിച്ച് ഹൈടെക് കൃഷി രീതിയുടെ സാങ്കേതികവിദ്യ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇവിടെ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർവഴി ഈ മേഖലയിൽ ഏർപ്പെടുന്ന കർഷകർക്ക് നവീന സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതാണ്. കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പരിശീലന കേന്ദ്രങ്ങൾ വഴി ഹൈടെക് കൃഷി രീതികളുടെ സാങ്കേതിക വിദ്യകളെ പറ്റിയുള്ള പരിശീലനങ്ങൾ കർഷകർക്ക് നേരിട്ടു നൽകുന്നു.

### ഹോമിയോ മരുന്നുകൾ ഉപയോഗിച്ചുള്ള കൃഷി രീതി

9 (5072) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മരുന്നുകൾ ഉപയോഗിച്ചുള്ള കൃഷി രീതിയെ സംബന്ധിച്ച വാർത്തകൾ മാധ്യമങ്ങളിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഹോമിയോ മരുന്നുകൾ ഉപയോഗിച്ചുള്ള കൃഷി രീതിയെ സംബന്ധിച്ച് അറിയിപ്പ് നൽകുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

നിലവിലില്ല.

### ഹൈ-ടെക് അഗ്രിക്കൾച്ചർ പദ്ധതി

10 (5073) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈ-ടെക് അഗ്രിക്കൾച്ചർ എന്ന പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

നൂതന സാങ്കേതിക വിദ്യകൾ അവലംബിച്ചുകൊണ്ട് കാർഷിക ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്ന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുകയും അതിനുവേണ്ട പരിശീലനങ്ങളും സഹായവും കർഷകർക്ക് നൽകുക എന്നതാണ്

ഹൈടെക് അഗ്രികൾച്ചർ എന്ന പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ സൂക്ഷ്മ/കണിക ജലസേചനം, ഫെർട്ടിഗേഷൻ, കൃത്യതകൃഷി എന്നിവയ്ക്ക് സഹായം നൽകുന്നതിന് 2021-22 വർഷം 190 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. ഗ്രീൻഹൗസ് സാങ്കതിക വിദ്യ ഉപയോഗപ്പെടുത്തി കേരളത്തിലെ ഹോർട്ടികൾച്ചർ വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന പ്രവർത്തനവും ഈ പദ്ധതിയിൽകീഴിൽ നടപ്പിലാക്കുന്നു.

(ബി) ഈ പദ്ധതികൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഹൈടെക് കൃഷി രീതി അവലംബിക്കുന്നതുവഴി ഗുണമേന്മയുള്ള പച്ചക്കറികളും, പുഷ്പങ്ങളും ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നു. സൂക്ഷ്മ ജലസേചന സംവിധാനങ്ങളിലൂടെ കൃത്യമായ അളവിൽ വെള്ളവും വളവും നൽകികൊണ്ടുള്ള പ്രിസിഷൻ ഫാമിംഗ് കൃഷി രീതി ഹൈടെക് ഫാമിംഗിന്റെ പ്രത്യേകതയാണ്. ഇതിലൂടെ തുറസായ സ്ഥലത്തെ കൃഷിയെ അപേക്ഷിച്ച് മൂന്നിരട്ടി മുതൽ അഞ്ചിരട്ടി വരെ അധിക ഉത്പാദനം സാധ്യമാകുന്നു. കൂടാതെ, മൾച്ചിംഗ് ഷീറ്റ് ഉപയോഗിക്കുകവഴി കളകളുടെ സാന്നിധ്യം ഒഴിവാക്കാനും സാധിക്കുന്നു. തൊഴിലാളി ദൗർലഭ്യവും വേതന ചെലവും ഹൈടെക് കൃഷിയിലൂടെ മറികടക്കാൻ സാധിക്കുന്നു. കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യ വലുപ്പവും ഗുണമേന്മയുമുള്ള ഉത്പന്നമായതിനാലും പോളീ ഹൗസിലെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്. പോളീഹൗസിനുള്ളിലെ കൃഷിയെ കാലാവസ്ഥാ വ്യതിയാനങ്ങൾ ബാധിക്കാത്തതിനാൽ വർഷം മുഴുവനും ഉല്പന്ന ലഭ്യതയും വരുമാനവും കർഷകർക്ക് ഉറപ്പുവരുത്തുന്നു.

**ഗാർഹിക മലിനജല ശുദ്ധീകരണ പ്രോജക്ട്**

11 (5074) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റ് സമുച്ചയങ്ങളിലെ പച്ചക്കറി കൃഷിക്കുവേണ്ടി ഗാർഹിക മലിനജല ശുദ്ധീകരണ പ്രോജക്ട് ഏതൊക്കെ ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇത് സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഫ്ലാറ്റ് സമുച്ചയങ്ങളിൽ പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാനുതകും വിധം ഗാർഹിക മലിനജല ശുദ്ധീകരണ പ്രോജക്ട് 2017-18 വർഷത്തിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) കോഴിക്കോട് വഴി

നടപ്പിലാക്കിയിട്ടുണ്ട്. ഫ്ലാറ്റ് സമുച്ചയങ്ങളിൽ ജലത്തിന്റെ ഉപയോഗം കുറയ്ക്കുക, ഗാർഹിക മലിനജലം പുനർചംക്രമണം ചെയ്ത് വീണ്ടും ഉപയുക്തമാക്കുക അതിലൂടെ ഓരോ തുള്ളി വെള്ളത്തിൽനിന്നും കൂടുതൽ പച്ചക്കറി ഉല്പാദിപ്പിക്കുക എന്നതായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. ഫ്ലാറ്റ് സമുച്ചയങ്ങൾ/വീടുകളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും പച്ചക്കറി കൃഷിക്കായുള്ള ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. പ്രസ്തുത ഫ്ലാറ്റ്/വീടുകളിലെ അടുക്കള, ശുചിമുറി എന്നിവിടങ്ങളിലെ മലിനജലം ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് തുള്ളിനന/തിരിനന/പ്രതല ജലസേചനം എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി 10 പ്ലോട്ടുകളിലാണ് 2017-18 വർഷത്തിൽ പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ അന്വേഷണ റിപ്പോർട്ടിൽ നിലവിൽ 4 പ്ലോട്ടുകളിൽ മാത്രമാണ് ഗാർഹിക മലിനജല ശുദ്ധീകരണ യൂണിറ്റ് പ്രവർത്തിച്ചുവരുന്നത്. നിരന്തരമായ മേൽനോട്ടവും അറ്റകുറ്റപണികളും ആവശ്യമുള്ളതിനാൽ 40 ശതമാനം മാത്രം വിജയപ്രാപ്തിയിലെത്തിയ പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിനുപകരം പ്രോജക്ടടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.

**കാർഷിക അടിസ്ഥാന വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ**

12 (5075) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക അടിസ്ഥാന വികസനം ഉറപ്പാക്കാനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങളും ആയതിനുവേണ്ടി വകയിരുത്തിയ തുകയും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിനായി കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ച പദ്ധതികളും ആവശ്യമുള്ള തുകയും സംബന്ധിച്ച വിശദാംശങ്ങളും അതിൽ കേന്ദ്രം അനുവദിച്ചവ സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ?

RKVY പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 30 പ്രോജക്ടുകൾ സമർപ്പിച്ചതിൽ 83.640 കോടി രൂപയുടെ 23 പ്രോജക്ടുകൾ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (SLSC) അംഗീകരിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാർഷിക മേഖലയിലെ സ്റ്റാർട്ട് അപ്പ് സ്കീമുകൾ

13 (5076) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നടപ്പിലാക്കിവരുന്ന സ്റ്റാർട്ട് അപ്പ് സ്കീമുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഭക്ഷ്യസംസ്കരണ രംഗത്ത് ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും കാർഷിക മേഖലയിലെ നൂതന ആശയങ്ങൾ അടിസ്ഥാനപ്പെടുത്തിയും സ്റ്റാർട്ട് അപ്പ് ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത സ്കീമുകൾ സംബന്ധിച്ച് കർഷകർക്ക് എന്തെങ്കിലും അവബോധന ക്ലാസുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കാർഷിക വിവര സങ്കേതം ഫേസ് ബുക്ക് പേജിലൂടെ കോവിഡ് കാലത്ത് ഇതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ സ്റ്റാർട്ടപ്പുകളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി 2021 വൈഗയിൽ ഹാക്കത്തോൺ സംഘടിപ്പിച്ചു.

(സി) സ്റ്റാർട്ട് അപ്പ് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് പരിഹാരം കാണുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ഡി) സ്റ്റാർട്ട് അപ്പ് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണോ; വിശദമാക്കാമോ?

ഓൺലൈൻ അപേക്ഷയും പദ്ധതി വിവരങ്ങളും www.sfackerala.org-ൽ ലഭ്യമാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ പുരോഗതിക്കായുള്ള പദ്ധതികൾ

14 (5077) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി പുൻജ്ജനി പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

2018-2019 പുനർജ്ജനി പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിലെ വെള്ളിനേഴി കൃഷിഭവൻ മുഖേന 9000 പാക്കറ്റ് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ ഒറ്റപ്പാലം, വാണിയംകുളം എന്നീ കൃഷിഭവനുകളിൽ അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിൽ തരിശ് നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 40,000 രൂപ നിരക്കിൽ 2,40,000 രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. അതിൽ 3.2 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ മഴമറ എന്ന ഘടകത്തിൽ 100 ചതുരശ്ര മീറ്ററിന് 50,000 രൂപ നിരക്കിൽ 300 ചതുരശ്ര മീറ്ററിന് 1,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കിവരുന്നു. കൃഷിയും അനുബന്ധ വകുപ്പുകളും ചേർന്ന് വിവിധ വിളകൾ ഉൾപ്പെടുത്തിക്കൊണ്ട് സ്വന്തമായും പാട്ടത്തിനും 350 ഹെക്ടർ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ആയതു നടപ്പിലാക്കിവരുന്നു. ഒരു കോടി ഫലവൃക്ഷത്തൈകളുടെ പദ്ധതിയിൻകീഴിൽ ടി മണ്ഡലത്തിൽ 1,16,887 തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

## വിള ആരോഗ്യ പരിപാലന പദ്ധതിയിലെ പെസ്റ്റ് സ്കൗട്ട് കരാർ ജീവനക്കാർ

15 (5078) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഏതൊക്കെ കൃഷിഭവനുകളിലാണ് വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

എല്ലാ കൃഷിഭവനുകളിലും വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത കൃഷിഭവനുകളിൽ പെസ്റ്റ് സ്കൗട്ട് തസ്തികയിൽ നാളിതുവരെ എത്ര കരാർ ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ?

254 കരാർ ജീവനക്കാരാണ് പ്രസ്തുത കൃഷിഭവനുകളിൽ പെസ്റ്റ് സ്കൗട്ട് തസ്തികയിൽ നാളിതുവരെയുള്ളത്.

(സി) വിള ആരോഗ്യ പരിപാലന പദ്ധതിക്കുപുറമെ മറ്റ് പദ്ധതികളിൽ പ്രസ്തുത വകുപ്പിനുകീഴിൽ എത്ര കരാർ ജീവനക്കാരാണ് നിലവിൽ ജോലി ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിൽ വിള ആരോഗ്യ പരിപാലന പദ്ധതിക്കുപുറമെ മറ്റ് പദ്ധതികളിൽ 1004 കരാർ ജീവനക്കാർ ജോലി നോക്കിവരുന്നു.

(ഡി) വിള ആരോഗ്യ പരിപാലന പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന പെസ്റ്റ് സ്കൗട്ട് തസ്തികയിലെ കരാർ ജീവനക്കാരെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിള ആരോഗ്യ പരിപാലന പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന 196 കരാർ ജീവനക്കാരുടെ കാലാവധി 2021-22 സാമ്പത്തിക വർഷത്തേയ്ക്കുകൂടി മാത്രം നീട്ടി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## ഗുണനിലവാരമുള്ള തൈകളും വിത്തുകളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ

16 (5079) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി :
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ഗുണനിലവാരമുള്ള തൈകളും വിത്തുകളും ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ഗുണനിലവാരമുള്ള തൈകളും വിത്തുകളും ലഭ്യമാക്കുന്നതിന് 2021-22 വർഷം കൃഷിവകുപ്പ് ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. നടീൽവസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ 2021-22 വർഷം വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുത്പാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും മാതൃ സസ്യത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും

പരിപാലനത്തിനുമായി 80 ലക്ഷം രൂപയും ഫാമുകളിൽ സംയോജിത കൃഷി യൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 650 ലക്ഷം രൂപയും 2401-00-104-91 എന്ന പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഫാമുകളിൽ 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ) ഉത്പാദിപ്പിക്കുന്നു. റെയിൻഷെൽട്ടർ, പോളീഹൗസുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയും ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 120 ലക്ഷം രൂപയും ഉല്പാദനചെലവിനത്തിൽ 100 ലക്ഷം രൂപയും പ്രോജനിതോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 83 ലക്ഷം രൂപയും ചേർത്ത് ആകെ 488 ലക്ഷം രൂപ 2401-00-119-79 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഫാമുകളിലെ അടിസ്ഥാനസൗകര്യ വികസനവും സ്പെഷ്യൽ ഫാമുകളുടെ യന്ത്രവത്ക്കരണവും എന്ന പദ്ധതിക്കായി 4401-00-104-98 പ്ലാൻ ശീർഷകത്തിൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ ഫാമുകളുടെ വികസനത്തിനും കാർഷിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനും അങ്ങനെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ പുഷ്പകൃഷി വികസനത്തിനായി വയനാട്, മലപ്പുറം ജില്ലകൾക്ക് 100 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 600 ടൺ നെൽവിത്ത്, 35 ലക്ഷം കുരുമുളക് തൈകൾ, 47 ലക്ഷം പച്ചക്കറി തൈകൾ, 45.25 ലക്ഷം ഫല വൃക്ഷ തൈകൾ, 8.3 ലക്ഷം തെങ്ങിൻ തൈകൾ, 40 ലക്ഷം കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകിയിട്ടുണ്ട്. 2021-22 ൽ ഇതിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ നെൽകർഷകർക്ക് അവശ്യം വേണ്ടിവരുന്ന ഗുണമേന്മയുള്ള സർട്ടിഫൈഡ് നെൽവിത്തുകൾ കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖേന നൽകിവരുന്നു. ഒരു വർഷം വേണ്ടിവരുന്ന 16000 ടൺ നെൽവിത്തിൽ 8000 ടൺ നെൽവിത്താണ് സീഡ് അതോറിറ്റിക്ക് നൽകിവരുന്നത്.

(ബി) കർഷകരിൽനിന്നും കൂടുതൽ വില ഈടാക്കി ഗുണനിലവാരമില്ലാത്ത തൈകളും വിത്തുകളും വിതരണം ചെയ്യുന്നവരെ കണ്ടെത്തുന്നതിനും കർഷകർക്ക് വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിന് ഒരു ഔദ്യോഗിക സംവിധാനം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP പദ്ധതി). 2021-22 വർഷത്തിൽ ഇതിനായി 125 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ലഭ്യമാക്കുന്ന ബ്രീഡർ നെൽവിത്ത് കൃഷി വകുപ്പിലെ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾക്ക് (സീഡ് ഫാമുകൾ) നൽകി ഫൗണ്ടേഷൻ സീഡ് ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നു. പ്രസ്തുത നെൽവിത്തുപയോഗിച്ച് കർഷകർ സർട്ടിഫൈഡ് നെൽവിത്ത് ഉല്പാദിപ്പിച്ച് വിത്ത് പരിശോധനശാലയിലെ ഗുണമേന്മ പരിശോധനയ്ക്കുശേഷം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് തിരികെ നൽകുകയാണ് പദ്ധതി പ്രകാരം ചെയ്യുന്നത്. പദ്ധതി പ്രകാരം കർഷകർ നെൽവിത്തുല്പാദനത്തിലെ വിവിധ ഘട്ടങ്ങളിൽ ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ച് സീഡ് ഇൻസ്പെക്ടർ, കൃഷി ഓഫീസർ എന്നിവരുടെ കർശന നിരീക്ഷണത്തിലും മേൽനോട്ടത്തിലുമാണ് വിത്തുല്പാദനം നടത്തുന്നത്. നിലവിൽ നെല്ലിന്റെ മൂന്ന് പ്രധാനപ്പെട്ട വളർച്ച ഘട്ടങ്ങളിലും സീഡ് ഇൻസ്പെക്ടർമാരായ ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ പരിശോധന റിപ്പോർട്ടിന്റെയും കൊയ്ത്ത് കഴിഞ്ഞ് വിത്ത് സാമ്പിളെടുത്ത് വിത്ത് പരിശോധന ലാബിൽ നടത്തുന്ന ഫലങ്ങളുടെയും അടിസ്ഥാനത്തിൽ, സർട്ടിഫിക്കേഷൻ ഏജൻസിയായ കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റിലെ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി ഗുണമേന്മയുള്ള നെൽവിത്ത് സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നത്. കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നിവയുടെ അംഗീകൃത ഏജൻസികൾ/ഫ്രാഞ്ചൈസികൾ എന്ന പേരിൽ വ്യാജ സംഘങ്ങൾ നടീൽവസ്തുക്കൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ കൃഷി വകുപ്പ്, വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ, ഫലവൃക്ഷത്തൈകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പൊതുവിപണിയിൽ ലഭിക്കുന്ന വളവും കീടനാശിനികളും ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തതമാക്കാമോ?

സംസ്ഥാനത്ത് രാസവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 2 പരിശോധന ശാലകളാണ് നിലവിലുള്ളത്.

1. രാസവള ഗുണനിയന്ത്രണ പരിശോധന ശാല, പാറോട്ടുകോണം, തിരുവനന്തപുരം

2. രാസവള ഗുണനിയന്ത്രണ പരിശോധന ശാല, പട്ടാമ്പി, പാലക്കാട്

രണ്ട് ലാബുകളിലുമായി പ്രതിവർഷം 5000 രാസവള സാമ്പിളുകളും 200 സൂക്ഷ്മമൂലകങ്ങളടങ്ങിയ രാസവള സാമ്പിളുകളും പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൃഷി ബിരുദമുള്ള ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ അവരുടെ പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് മേല്പറഞ്ഞ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ജൈവ ജീവാണു വളങ്ങളുടെ പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പാലക്കാട് ജില്ലയിൽ ജീവാണു-ജൈവവള ഗുണനിയന്ത്രണ പരിശോധനശാല, പട്ടാമ്പിയിൽ 8-10-2020-ന് പ്രവർത്തനം ആരംഭിച്ചു. ജീവാണുവളങ്ങൾ, ജൈവവളങ്ങൾ എന്നിവയുടെ സാമ്പിളുകൾ ഈ ശാലയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. നടപ്പ് വർഷം 60 ജൈവവള സാമ്പിളുകളും 60 ജീവാണുവള സാമ്പിളുകളും പരിശോധിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. രാസ കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പരിശോധനശാലയാണ് തിരുവനന്തപുരം പാറോട്ടുകോണം സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി. കൃഷി ബിരുദമുള്ള ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ അവരുടെ പരിധിയിൽ പ്രവർത്തിക്കുന്ന കീടനാശിനി ഡിപ്പോകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് മേല്പറഞ്ഞ ലബോറട്ടറിയിൽ പരിശോധനക്കയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. പ്രതിവർഷം 2500 സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ലാബിൽ നിലവിലുണ്ട്. ജൈവകീടനാശിനികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് ഹൈദ്രാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ അയച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഗുണനിലവാരം ഉറപ്പുവരുത്തിയതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. പരിശോധനയ്ക്കെടുത്ത സാമ്പിളുകൾ ലാബുകളിലേയ്ക്ക് അയക്കുകയും നിഷ്കർഷിച്ച ഗുണനിലവാരം മാനദണ്ഡപ്രകാരമല്ലെന്ന് കണ്ടെത്തിയാൽ ഉല്പാദകർക്കെതിരെയും വിതരണക്കാർക്കെതിരെയും ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരവും ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1985) പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തിലും മേഖലാ തലത്തിലും ജില്ലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

(ഡി) കൃഷി ശാസ്ത്രീയവും കൂടുതൽ ഫലപ്രദവുമാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ അഗ്രോ സോണുകളായി തിരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം സോണുകളായി തിരിക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് പരിഗണിക്കുന്നത്; ഇതുവഴി കാർഷിക മേഖലയിൽ എന്തെല്ലാം ഗുണകരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, മുതലായവ അടിസ്ഥാനമാക്കി 25-5-2019-ലെ സ.ഉ.(കൈ) നമ്പർ 66/2019/കൃഷി ഉത്തരവ് പ്രകാരം കേരളത്തിലെ കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോൺ (കാർഷിക പാരിസ്ഥിതിക മേഖല) - ആയി പുനർവിഭജിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെത്തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായാണ് കാർഷിക മേഖലയെ 5 കാർഷിക പാരിസ്ഥിതിക മേഖലകളായി വിഭജിച്ചിട്ടുള്ളത്. കൂടാതെ കേരളം സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾക്കാണ് ആ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതുകൊണ്ട് ആ വിളയുടെ പരമാവധി ഉല്പാദനം ആ പ്രദേശത്തുനിന്നും ലഭിക്കും. ഗുണമേന്മയുള്ളതും കൃത്യമായ അളവിലും ഉല്പാദനോപാധികൾ നൽകുന്നത് കൊണ്ട് ഉല്പാദനക്ഷമതയും വർദ്ധിക്കും. ഈ ഉല്പന്നങ്ങളുടെ വിപണന സംവിധാനവും പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നു. കൂടാതെ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉല്പാദനത്തിലൂടെയും കർഷകരുടെ വരുമാനം വർദ്ധിക്കും.

**തിരൂർ നിയോജകമണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

17 (5080) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ എത്ര പദ്ധതികളാണ് ആർ.ഐ.ഡി.എഫ് പദ്ധതിയിലുൾപ്പെടുത്തുന്നതിനായി നിലവിൽ പരിഗണനയിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) ആർ.ഐ.ഡി.എഫ്-ന്റെ 27-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ തിരൂർ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾക്ക് എത്ര തുക അനുവദിച്ചെന്നും വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ പദ്ധതികളൊന്നും ആർ.ഐ.ഡി.എഫ് 27-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണനയിലില്ല.

**കാർഷിക മേഖലയിലെ പദ്ധതികൾ**

18 (5081) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതികൾ, കിസാൻ ക്രെഡിറ്റ്കാർഡ് പദ്ധതി, കാർഷികോത്പാദന കമ്പനികൾക്കുള്ള ക്രെഡിറ്റ് ഗ്യാരന്റി കവറേജ്, പ്രാഥമിക കർഷക സംഘങ്ങൾക്ക് ഒരു ശതമാനം പലിശയ്ക്ക് നബാർഡ് വായ്പാ പദ്ധതി എന്നിവയുടെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കാർഷിക മേഖലയിലെ ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതികൾ, കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, കാർഷികോത്പാദന കമ്പനികൾക്കുള്ള ക്രെഡിറ്റ് ഗ്യാരന്റി കവറേജ്, പ്രാഥമിക കർഷക സംഘങ്ങൾക്ക് ഒരു ശതമാനം പലിശയ്ക്ക് നബാർഡ് വായ്പാ പദ്ധതി എന്നിവയുടെ നിലവിലെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾക്കായുള്ള കേന്ദ്രസഹായം, നബാർഡ് നൽകാനുള്ള ഒരു ശതമാനം പലിശയ്ക്കുള്ള ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനും ആയതുവഴി കാർഷിക മേഖലാ വികസനം സാധ്യമാക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടുമായി സംയോജിപ്പിച്ച പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കുള്ള PACS as MSC പദ്ധതി പ്രകാരമുള്ള പലിശയിൽ 3% സബ്സിഡി കേന്ദ്ര സഹായമാണ്. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് 1% പലിശനിരക്കിൽ രണ്ട് കോടി രൂപ അനുവദിച്ചുനൽകുന്ന പ്രസ്തുത വായ്പകൾ കാർഷിക മേഖലയിലെ വിളവെടുപ്പാനന്തര

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിപ്രകാരം കാർഷിക മേഖലയിൽ ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള സപ്ലൈ ചെയിൻ സർവ്വീസുകൾ, വെയർഹൗസുകൾ, സൈലോകൾ (SILOS) തുടങ്ങിയ വിളവെടുപ്പാനന്തര മാനേജ്മെന്റ് പദ്ധതികളിലൂടെ കാർഷിക മേഖലയുടെ വികസനം സാധ്യമാകുന്നു. പ്രാഥമിക കർഷക സംഘങ്ങൾക്കുള്ള വായ്പ പദ്ധതികൾ, പലിശ സബ്സിഡി എന്നിവ നബാർഡിന്റെ നിയന്ത്രണത്തിലാണ്.

## പ്രകൃതിക്ഷോഭത്തിൽ കൃഷിനാശത്തിന് കർഷകർക്ക് നൽകുന്ന സഹായങ്ങൾ

19 (5082) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചുപോകുന്ന കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നു. കൂടാതെ പദ്ധതിയിൽ അംഗമായ കർഷകർക്ക് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന, പ്രസ്തുത പദ്ധതികളിൽ അംഗമായ കർഷകർക്ക് അർഹതയുള്ള ധനസഹായം സമയബന്ധിതമായി നൽകിവരുന്നുണ്ട്.

(ബി) വിളകൾ ഇൻഷ്വർ ചെയ്യുന്നതിന് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് സംവിധാനമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിള ഇൻഷ്വർ ചെയ്യേണ്ടത് ഓൺലൈൻ സംവിധാനമായ AIMS Portal മുഖേനയാണ്. അതിനായി സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ മറ്റ് ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്ന കേന്ദ്രങ്ങൾ മുഖേനയോ ചെയ്യേണ്ടതാണ്. അപ്രകാരം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ കൃഷിഭവൻ ഉദ്യോഗസ്ഥൻ പരിശോധിച്ച് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത പ്രീമിയം സ്വീകരിച്ച് വിളകൾ ഇൻഷ്വർ ചെയ്ത് പോളിസി സർട്ടിഫിക്കറ്റുകൾ നൽകുന്നു.

## ആലപ്പുഴ-പത്തനംതിട്ട ജില്ലകളിൽ എസ്.ഡി.ആർ.എഫ്. സഹായം

20 (5083) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മാസമുണ്ടായ വെള്ളപ്പൊക്കം കാരണം ആലപ്പുഴ-പത്തനംതിട്ട ജില്ലകളിലുണ്ടായ നെൽകൃഷി നാശത്തിന് എസ്.ഡി.ആർ.എഫ്. പദ്ധതിയിൽനിന്നും ധനസഹായം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2021 മേയ് മാസമുണ്ടായ വെള്ളപ്പൊക്കംമൂലം ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലുണ്ടായ നെൽകൃഷി നാശത്തിന് AIMS Portal മുഖേന 1-5-2021 മുതൽ 4-6-2021 വരെയുള്ള അംഗീകരിച്ച ക്ലെയിമുകളുടെ എസ്.ഡി.ആർ.എഫ്. വിഹിതമായി ആലപ്പുഴ ജില്ലയിൽ 1986 കർഷകർക്ക് 38.04060 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ 600 കർഷകർക്ക് 9.99426 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയ്ക്ക് വിളനാശത്തിന് ഒഴികെയുള്ള നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി 430.17 ലക്ഷം രൂപ എസ്.ഡി.ആർ.എഫ്.-ൽനിന്നും ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ വിളനാശം ഒഴികെയുള്ള നാശനഷ്ടങ്ങൾ സംഭവിച്ചിട്ടില്ലാത്തതിനാൽ എസ്.ഡി.ആർ.എഫ്. ധനസഹായം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടില്ല.

(ബി) ഈ ജില്ലകളിലെ കൃഷിക്കാർക്ക് എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടി ഇനത്തിൽ കുടിശ്ശികയുള്ള തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം ഏതൊക്കെ ജില്ലകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

എല്ലാ ജില്ലകൾക്കും എസ്.ഡി.ആർ.എഫ്.-ൽനിന്നും വിളനാശത്തിനുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്.

## വയനാട് ജില്ലയിലെ കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി തുക

21 (5084) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽനിന്നും 2016 മുതൽ വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കല്പറ്റ നിയോജകമണ്ഡലത്തിൽനിന്നും 2016 മുതൽ 2021 വരെ വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി 1205 (929+276) അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു*.

(ബി) ഇതിൽ എത്ര അപേക്ഷകർക്കാണ് നഷ്ടപരിഹാര തുക അനുവദിച്ചിട്ടുള്ളത്; ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്ത കർഷകർക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അർഹരായ 878 അപേക്ഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരം സംബന്ധിച്ച അപേക്ഷ പരിശോധിച്ച് അർഹരായ എല്ലാ കർഷകർക്കും ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വയനാട് ജില്ലയിലെ കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി മുഖേന 2016 മുതൽ 2021 വരെ എത്ര തുക അനുവദിച്ചെന്നതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ കർഷകർക്ക് 2016 മുതൽ 26-10-2021 വരെ ആകെ 14,71,97,715 രൂപ 5120 കർഷകർക്കായി അനുവദിച്ചു. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം - II ആയി ചേർക്കുന്നു*.

### സുഭിക്ഷ കേരളം പദ്ധതി

22 (5085) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ വകുപ്പുകൾ ഒത്തൊരുമിച്ച് തയ്യാറാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിനായി പ്രത്യേക നിരീക്ഷണ സംവിധാനം ഗ്രാമ-ബ്ലോക്ക്-ജില്ലാ തലങ്ങളിൽ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമ്പ്രദായം (IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ടുവളർത്തൽ /പോഷകത്തോട്ടം/ തേനീച്ചകൃഷി /കൂൺകൃഷി/ പശുവളർത്തൽ/ മത്സ്യകൃഷി/ജൈവവളനിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലാതല ഉപദേശക സമിതി, ബ്ലോക്കുതല - MDTE (Multi Disciplinary Team of Experts) എന്നിവ മുഖേന വിലയിരുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) പദ്ധതി വിലയിരുത്തിയിട്ടുണ്ട്. ജൈവഗൃഹം-സംയോജിത കൃഷി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താൻ കൃഷി വകുപ്പ് ബ്ലോക്കുതല - MDTE (Multi Disciplinary Team of Experts), ജില്ലാതല സമിതി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

**പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് ബദൽ മാർഗ്ഗം**

23 (5086) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഗ്രോബാഗ് ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം ഒഴിവാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള ആലോചനകൾ നടക്കുന്നുണ്ടോ; എങ്കിൽ പ്ലാസ്റ്റിക് ഗ്രോബാഗ് പരിസ്ഥിതിക്ക് ദോഷകരമാണെന്ന തരത്തിലുള്ള ഏതെങ്കിലും റിപ്പോർട്ടുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് ബദലായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഉല്പന്നം ഏതാണ്; ചെലവുകുറഞ്ഞ രീതിയിൽ കർഷകർക്ക് ഇത് നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

പ്ലാസ്റ്റിക് ഗ്രോബാഗ് ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം ഒഴിവാക്കുന്നതിന് പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു. പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് ബദലായി മൺചട്ടി, സിമന്റ് ചട്ടി, കയർ പിത്ത് ഉപയോഗിച്ചിട്ടുള്ള കൂട്, പുനർ ചംക്രമണം ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക് ചട്ടി എന്നിവ ഉപയോഗിക്കുന്നത് നന്നായിരിക്കും എന്ന അനുമാനത്തിലുള്ള ചർച്ചകളാണ് നടന്നുവരുന്നത്. ഗ്രോബാഗ് കൃഷിക്ക് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കൂടിനെക്കാളും ഇവയുടെ ചിലവ് അധികരിക്കുമെങ്കിലും പരിസ്ഥിതി സൗഹാർദ്ദവും ഗ്രോബാഗിനെ അപേക്ഷിച്ച് കൂടുതൽ കാലത്തേയ്ക്ക് അവ ഉപയോഗിക്കാൻ കഴിയുന്നതുമാണ്.

## പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ

24 (5087) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക ഉൽപ്പന്നങ്ങൾക്ക് പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉല്പന്നങ്ങൾക്ക് ഉയർന്ന വിപണി സാധ്യതയുണ്ടോയെന്ന് വിശദമാക്കുമോ?

പി.ജി.എസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ, ജൈവരീതി അനുവർത്തിക്കപ്പെടുന്ന കൃഷിയിടങ്ങൾക്ക് നാഷണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് മുഖേന നൽകിവരുന്നു. ജൈവകൃഷിയിൽ താൽപര്യമുള്ള കർഷകരുടെ സംഘങ്ങളായ ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് ജൈവകൃഷിയിൽ പരിശീലനങ്ങൾ നൽകുന്നുണ്ട്. നിശ്ചിത കാലങ്ങളിൽ ഈ സംഘങ്ങൾ യോഗങ്ങൾ കൂടി ആവശ്യമായ പരിശീലനങ്ങൾ, ജൈവഉൽപ്പാദനോപധികൾ സ്വരൂപിക്കൽ തുടങ്ങിയവയെ സംബന്ധിച്ച ചർച്ച നടത്തി തീരുമാനങ്ങൾ റെക്കോർഡ് ചെയ്തുവരുന്നു. കൂടാതെ അവരുടെ കൃഷിയിടങ്ങൾ അന്യോന്യം പരിശോധിച്ച് വിലയിരുത്തി സമയബന്ധിതമായ peer appraisal നടത്തുകയും ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള കൂട്ടായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു. ആയത് പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്ന നാഷണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗിന്റെ റീജണൽ കൗൺസിലിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നു. റീജണൽ കൗൺസിൽ അവ പരിശോധിച്ച് അർഹരായ കർഷകർക്ക് പി.ജി.എസ് ഗ്രീൻ സർട്ടിഫിക്കറ്റ് നൽകുന്നു. ഇതിനുശേഷം മണ്ണ് പരിശോധന, ജല പരിശോധന, അവശിഷ്ട വിഷ വിശകലനം എന്നിവ റീജണൽ കൗൺസിൽ പരിശോധിക്കുകയും തൃപ്തികരമായ മാനദണ്ഡങ്ങൾ പാലിക്കുന്നപക്ഷം മൂന്നാം വർഷം പി.ജി.എസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതുമാണ്.

(ബി) പ്രസ്തുത വിഷയത്തിൽ കർഷകരെ ബോധവൽക്കരിക്കുന്നതിനും സർട്ടിഫിക്കേഷൻ നേടാൻ സഹായിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജൈവ കൃഷി സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനും സർട്ടിഫിക്കേഷൻ നേടാൻ സഹായിക്കുന്നതിനുമായി നിലവിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ ഫണ്ടുകളുടെ 60:40 അനുപാതത്തിൽ പരമ്പരാഗത കൃഷി വികാസ് യോജന,

സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) എന്നീ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതികളിലൂടെ കർഷകരെ ബോധവൽക്കരിക്കുകയും പി.ജി.എസ് ഇന്ത്യ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു. കൂടാതെ National Centre of Organic Farming (NCOF), Regional Centre of Organic Farming (RCOF) നേരിട്ടും കർഷകർക്ക് പരിശീലനം നൽകുന്നു.

## ജൈവകൃഷി വികസനത്തിന് പദ്ധതികൾ

25 (5088) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി വികസനത്തിന് സഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷത്തെ ലക്ഷ്യം കൈവരിക്കുന്നതിനായി ഇതിനോടകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജൈവ കൃഷി സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനും സർട്ടിഫിക്കേഷൻ നേടാൻ സഹായിക്കുന്നതിനുമായി നിലവിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ ഫണ്ടുകളുടെ 60:40 അനുപാതത്തിൽ പരമ്പരാഗത കൃഷി വികാസ് യോജന, സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) എന്നീ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതികളിലൂടെ കർഷകരെ ബോധവൽക്കരിക്കുകയും പി.ജി.എസ് ഇന്ത്യ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു. കൂടാതെ National Centre of Organic Farming (NCOF), Regional Centre of Organic Farming (RCOF) നേരിട്ടും കർഷകർക്ക് പരിശീലനം നൽകുന്നു.

(സി) ജൈവകൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചുനടപ്പിലാക്കാനുദ്ദേശിക്കുന്നത്; ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ?

ജൈവകൃഷി എന്നത് ഒറ്റപ്പെട്ട ഒരു കൃഷി സമ്പ്രദായമല്ല മറിച്ച് മൃഗപരിപാലനം, ക്ഷീരോൽപാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിച്ചേർന്നൊരു

സമഗ്രസമീപനമാണ്. നമുക്ക് ചുറ്റുമുള്ള കാർഷികേതര ജൈവവൈവിധ്യവും കൂടിച്ചേർന്നതാണ് നമ്മുടെ ആവാസവ്യവസ്ഥ. ഇതെല്ലാം കൂട്ടിചേർത്തുകൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കുന്നതിനായി ഓർഗാനിക് മിഷൻ രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. മിഷന്റെ കീഴിൽ കേരളത്തിന് അനുയോജ്യമായ രീതിയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

## നെൽകൃഷി വ്യാപിപ്പിക്കാൻ ഗ്രൂപ്പ് ഫാമിംഗ്

26 (5089) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ?

കേരളത്തിലെ നെൽ വയലുകളിൽ ഭൂരിഭാഗവും പ്രാദേശികാടിസ്ഥാനത്തിൽ ഒരുമിച്ച് സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള നെൽ വയലുകളിൽ നടത്തുന്ന കാർഷിക പ്രവർത്തനങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് കൂടുതൽ പ്രായോഗികവും ഉത്പാദനച്ചെലവ് കുറയ്ക്കാൻ സഹായകരമാവുകയും ചെയ്യുന്നു. കൂടാതെ നെൽക്കൃഷിയിൽ പ്രകൃതിയും കാലാവസ്ഥയും ഏറെ സ്വാധീനം ചെലുത്തുന്നതിനാൽ പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് കർഷകർ നെൽകൃഷി ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളെ കൂട്ടായി നേരിടുന്നത് കർഷകർക്ക് ഏറെ ആശ്വാസകരമാകും. ആയതിന്റെ അടിസ്ഥാനത്തിലാണ് അനവധി പാടങ്ങൾ ചേർന്ന "പാടശേഖരങ്ങൾ" എന്ന ആശയം ഉരുത്തിരിയുകയും നടത്തിപ്പിനായി പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തത്. നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സുസ്ഥിര നെൽകൃഷി വികസന പദ്ധതി: സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 156087.95 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

2) പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി: പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83334 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് സഹായധനം നൽകുന്നതിന് വേണ്ടി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

3) പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം: പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പമ്പ് സെറ്റിന്റെയും മറ്റ് മെഷിനറികളുടെയും റിപ്പയർ മുതലായ അടിയന്തര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

4) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ്: പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 5 ലക്ഷം വരെയുള്ള പ്രവൃത്തികൾ ജില്ലാതലത്തിലുള്ള സമിതിയും അഞ്ചു ലക്ഷത്തിലധികമായ പ്രവൃത്തികൾക്ക് ജില്ലാതല സമിതിയുടെ ശിപാർശയോടെ സംസ്ഥാനതല സമിതിയുമാണ് അംഗീകാരം നൽകുന്നത്.

(ബി) സർക്കാർ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലായി 3 ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും പ്രസ്തുത പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി KINFRA-യെ ചുമതലപ്പെടുത്തുകയും, വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കാൻ KITCO-യെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

### നെല്ലുല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

27 (5090) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ നെല്ലുല്പാദനം എത്രയായിരുന്നു; വിശദമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ, 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ, നെല്ലിന്റെ ഉത്പാദനം, സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് എത്രമാത്രം നെല്ലുല്പാദിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2021-22 വർഷത്തെ നെല്ലുല്പാദനത്തിന്റെ കണക്ക് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) നെല്ലുല്പാദനം വർഷംതോറും കുറഞ്ഞുവരുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഇല്ല. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കെടുക്കുകയാണെങ്കിൽ നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 202907 ഹെക്ടർ വരെ (2018-19 വർഷത്തിൽ) വർദ്ധിപ്പിക്കാൻ സാധിച്ചു. ഉത്പാദനം 549275 ടണ്ണിൽ നിന്നും 661000 ടൺ വരെ ഉയർത്താൻ സാധിച്ചു. ഉത്പാദനക്ഷമതയിലും ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ സാധിച്ചു. 2015-16 വർഷത്തിൽ ഉത്പാദനക്ഷമത 2790 കിലോ/ഹെക്ടർ ആയിരുന്നത് 3528 കിലോ/ഹെക്ടർ വരെ (2018-19 വർഷത്തിൽ) ഉയർത്താൻ സാധിച്ചു.

(ഡി) കഴിഞ്ഞ 5 വർഷങ്ങളായി എത്ര ടൺ പൊക്കാളി നെല്ലുല്പാദിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്; ഇതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

കഴിഞ്ഞ 5 വർഷങ്ങളിലായി എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ പൊക്കാളി കൃഷിയിൽ നിന്നും 1548.73 ടൺ നെല്ലുൽപ്പാദിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതി പ്രകാരം പൊക്കാളി നെല്ലിന്റെ കൃഷിക്ക് പ്രത്യേകമായി നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം എന്ന ഘടക പദ്ധതിയിലുൾപ്പെടുത്തി ഹെക്ടറിന് 10000 രൂപ നിരക്കിൽ പൊക്കാളി നെല്ലിന്റെ കൃഷിക്ക് ആനുകൂല്യം നൽകുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) പൊക്കാളി, കരി, കൈപ്പാട് എന്നീ പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം എന്ന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പൊക്കാളി കൃഷിയുടെ വികസനത്തിനായി 48.5233 ലക്ഷം രൂപ പദ്ധതിയധിഷ്ഠിതമായി കോൺക്രീറ്റ് സ്ലൂയിസുകളുടെ നിർമ്മാണം, മോട്ടോർ ഷെഡ് മോട്ടോർ തറ സ്ഥാപിക്കൽ, പമ്പ്സെറ്റ് സ്ഥാപിക്കൽ, മെതിയന്ത്രം, പൊക്കാളി നെൽക്കൃഷി എന്നിവയ്ക്കായി അനുവദിച്ചിട്ടുണ്ട്.

(ഇ) ഉല്പാദന സ്ഥലത്തുതന്നെ നെല്ല് സംഭരണം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള വികേന്ദ്രീകൃത ധാന്യ സംഭരണ, സംസ്കരണ വിതരണ പദ്ധതിയുടെ കേരളത്തിലെ നിർവ്വഹണ ഏജൻസിയാണ് സപ്ലൈകോ. ഈ പദ്ധതിപ്രകാരം നെല്ല് സംഭരിക്കുന്നത് പൂർണ്ണമായും കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. ഇപ്രകാരം നെല്ല് സംഭരിക്കുന്നതിന് പൊതുവായ സംഭരണ കേന്ദ്രങ്ങൾ ഉണ്ടാകണമെന്നാണ്, എന്നിരുന്നാലും വാഹനങ്ങൾ കടന്നുചെല്ലുന്നതിനുള്ള സൗകര്യവും കർഷകരുടെ സൗകര്യവും പരിഗണിച്ച് ഉൽപ്പാദിപ്പിക്കുന്ന പാടത്തു നിന്നോ അതിന് സമീപത്തോ നിന്നുതന്നെ നിലവിൽ നെല്ല് സംഭരിക്കുന്നുണ്ട്.

(എഫ്) നെല്ല് സംഭരിച്ചയിനത്തിൽ കർഷകർക്ക് കുടിശ്ശികയായി എത്ര തുക നൽകാനുണ്ടെന്നും ആയത് എപ്പോൾ നൽകുമെന്നും അറിയിക്കാമോ?

നിലവിൽ നെല്ല് സംഭരണം നടക്കുന്ന 2021-22 സീസണിൽ 25-10-2021 വരെ 3200 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 8.9 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്. ആയത് ഉടൻതന്നെ വിതരണം ചെയ്ത് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംഭരണം അവസാനിച്ച 2020-21 സീസൺ വരെയുള്ള മുഴുവൻ തുകയും കർഷകർക്ക് നൽകിയിട്ടുണ്ട്.

(ജി) നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ/പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയിൽനിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് കൈക്കൊണ്ടുവരുന്നത്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി

വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനനുബന്ധമായി സ്വീകരിച്ച പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വൈപ്പിൻ മണ്ഡലത്തിലെ നെൽകൃഷി സംബന്ധിച്ച വിവരങ്ങൾ**

28 (5091) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷി ഉണ്ടെന്നതിന്റെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലുൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിൽ 2021-22 വർഷത്തിൽ വിരിപ്പു നെൽകൃഷി ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിയ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1) "പ്രത്യേക നെല്ലിനങ്ങളുടെ കൃഷി" പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ 60 ഹെക്ടർ പൊക്കാളി നെൽകൃഷിക്കായി 60,000/-രൂപ അനുവദിച്ചു.

2) "പൊക്കാളി, കരി, കൈപ്പാട് എന്നീ പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം" പദ്ധതി പ്രകാരം അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) മണ്ഡലത്തിലെ നെൽകൃഷി നാശത്തെക്കുറിച്ചുള്ള വ്യക്തമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നാളിതുവരെ നെൽകൃഷി നാശം ഉണ്ടായിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാറശ്ശാല മണ്ഡലത്തിലെ നെൽകൃഷി പ്രോത്സാഹന പദ്ധതികൾ**

29 (5092) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി വികസനത്തിനായി നെൽകർഷകർക്ക് വിത്ത്, വളം, ഉഴവ് കൂലി എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി സബ്സിഡി നൽകുന്നു. ത്രിതല പഞ്ചായത്തുകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന കേദാരം പദ്ധതിയിലുൾപ്പെടുത്തിയും നെൽകർഷകർക്ക് ഉഴവ് കൂലിയിനത്തിൽ ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സുസ്ഥിര നെൽകൃഷി വികസന പദ്ധതി, ഒരുപൂ ഇരുപൂ കൃഷി ആക്കുക പദ്ധതി, തനത് നെല്ലിനങ്ങളുടെ സംരക്ഷണം, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ കുമ്മായ വിതരണം എന്നിവ നടപ്പിലാക്കിവരുന്നു. ഇതിൽ സുസ്ഥിര നെൽകൃഷി വികസനത്തിനായി 10.666 ഹെക്ടർ സ്ഥലത്തിന് 33,957 രൂപ വിതരണം ചെയ്തിട്ടുണ്ട്. നെൽകൃഷിക്ക് കുമ്മായം വിതരണം ചെയ്യുന്നതിനായി 8 ഹെക്ടർ സ്ഥലത്തേയ്ക്ക് 14,256 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് ബ്രാൻഡ് റൈസ് മിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല. എന്നാൽ 2021-22 വർഷത്തിൽ കൃഷി വകുപ്പ് "നെൽകൃഷി വികസന പദ്ധതി"യിൽ ഉൾപ്പെടുത്തി "പ്രോജക്ടടിസ്ഥാനത്തിൽ ബ്ലോക്കുതല കൺവെർജെൻസ് ഉൾപ്പെടെയുള്ള പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, മിനി റൈസ് മിൽ, പാർ ബോയിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കൽ" എന്ന ഘടകത്തിനായി ആകെ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 5.00 ലക്ഷം രൂപയിൽ താഴെ എസ്റ്റിമേറ്റ് വരുന്ന ഇത്തരം പ്രോജക്ട് പ്രൊപ്പോസലുകൾ ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതാണ്. അഞ്ചു ലക്ഷം രൂപയിലധികമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതാണ്.

(സി) നെൽകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ഓരോന്നിന്റെയും വിശദാംശം അറിയിക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണംവഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നു. 2021-22 വർഷത്തിൽ നെൽകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചെന്നും കൃഷിഭവൻ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ കൃഷിഭവൻ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

**കുറ്റ്യാടി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

30 (5093) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിവഴി കേരകർഷകർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

250 ഹെക്ടർ തെങ്ങുകൃഷി തുടർച്ചയായുള്ള പ്രദേശം തെരഞ്ഞെടുത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന് തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. ശാസ്ത്രീയ കൃഷി പരിപാലന മുറകൾ ഉൾപ്പെടെയുള്ള മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ തെങ്ങിന്റെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകവഴിയും മൂല്യവർദ്ധനവിലൂടെയും കേരകർഷകരുടെ വരുമാന വർദ്ധനവ് സാദ്ധ്യമാക്കുന്നു. കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് 3 വർഷത്തെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഒന്നാംവർഷം 50.17 ലക്ഷം രൂപയും രണ്ടാം വർഷം 20.01 ലക്ഷം രൂപയും മൂന്നാം വർഷം 6.25 ലക്ഷം രൂപയും കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നു. ഒന്നാം വർഷം കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇപ്രകാരമാണ്.

1. സംയോജിത പരിചരണമുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ -24 .5 ലക്ഷം) ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h) ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i)രോഗം ബാധിച്ചതും ഉൽപ്പാദനശേഷിനശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്

(j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

(k) ഇടവിള കൃഷി - 6000 രൂപ/ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000 രൂപ.

3.തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000 രൂപ നിരക്കിൽ വിതരണം.

4.ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തു തല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി എന്നിവയ്ക്കായി 5 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 15000 രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

കേരഗ്രാമപദ്ധതിയുടെ രണ്ടാം വർഷത്തെ ആനുകൂല്യമായി സംയോജിത പരിചരണ മുറകൾക്കായി 250 ഹെക്ടറിന് പരമാവധി 19.75 ലക്ഷം രൂപയും കേരസമിതി പ്രവർത്തന ചെലവുകൾ എന്നിവ ഉൾപ്പെടെ ആകെ 20.01 ലക്ഷം രൂപയാണ്. കേരഗ്രാമം പദ്ധതിയുടെ മൂന്നാം വർഷം ജൈവവളം, രാസവളം എന്നിവ തെങ്ങിൻതോപ്പുകളിൽ പ്രയോഗിക്കുന്നതിന് 250 ഹെക്ടറിന് പരമാവധി 6.25 ലക്ഷം രൂപ നൽകുന്നു.

(ബി) കുറ്റ്യാടി മണ്ഡലത്തിൽ ഇതുവരെ എത്ര പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| നടപ്പിലാക്കിയ വർഷം | പഞ്ചായത്ത് |
|---|---|
| 2017-18 | കുന്നുമ്മൽ |
| 2018-19 | വേളം |
| 2019-20 | കുറ്റ്യാടി |
| 2020-21 | തിരുവള്ളൂർ |
| 2021-22 | പുറമേരി |
| 2021-22 | മണിയൂർ |

(സി) കുറ്റ്യാടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം വരെ എത്ര കർഷകർക്ക് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കുകയുണ്ടായി എന്നറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം വരെ ആകെ 15,895 കർഷകർക്ക് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കുകയുണ്ടായി. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| നടപ്പിലാക്കിയ വർഷം | ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം |
|---|---|
| 2017-18 | 5, 079 |
| 2018-19 | 2, 317 |
| 2019-20 | 3, 844 |
| 2020-21 | 4, 655 |
| 2021-22 | പദ്ധതി പ്രവർത്തനം ആരംഭഘട്ടത്തിലാണ് |
| ആകെ | 15, 895 |

**വിത്തുതേങ്ങ സംഭരണത്തിന്റെ മാനദണ്ഡങ്ങൾ**

31 (5094) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നത് ഏതെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ; എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുള്ള കോക്കനട്ട് നഴ്സറി മാനുവലിലും കേരള കാർഷിക സർവ്വകലാശാലയുടെ 'പാക്കേജ് ഓഫ് പ്രാക്ടീസ് റെക്കമെൻഡേഷനിലും' അനുശാസിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് കൃഷി വകുപ്പ് കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും വിത്തുതേങ്ങാ സംഭരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിത്തുതേങ്ങാ സംഭരണത്തിനുള്ള മാതൃവൃക്ഷം തെരഞ്ഞെടുക്കുന്നതു മുതൽ തൈകൾ വിതരണത്തിന് തയ്യാറാക്കുന്നതുവരെ വിവിധ ഘട്ടങ്ങളിൽ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നു. ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിലാണ് വിത്തുതേങ്ങാ സംഭരണ പ്രവർത്തനങ്ങളും സങ്കരയിനം വിത്തുതേങ്ങ

ഉല്പാദിപ്പിക്കുന്നതിനുള്ള സങ്കരണ പ്രവർത്തനങ്ങളും നടത്തുന്നത്. കർഷകരുടെ കൃഷിയിടങ്ങളിലുള്ള അത്യുത്പാദന ശേഷിയുള്ളതും കൃത്യമായി കായ്ഫലം നൽകുന്നതും, 20-50 വർഷം പ്രായമുള്ളതും, കരുത്തുറ്റ ഓലകളുള്ളതും, 80 തേങ്ങയിൽ കുറയാതെ നൽകുന്നതും, ഓരോ തേങ്ങയിൽ നിന്നും 150 ഗ്രാമിൽ കുറയാതെ കൊപ്ര ലഭിക്കുന്നതും മീഡിയം വലുപ്പമുള്ള തേങ്ങ നൽകുന്നതുമായ ഉത്തമമായ മാതൃവൃക്ഷങ്ങൾ മാത്രം തെരഞ്ഞെടുത്ത് പെയിന്റ് ചെയ്ത് അടയാളപ്പെടുത്തുന്നു. അത്തരം മാതൃവൃക്ഷങ്ങളിൽ നിന്നും കയറിൽ കെട്ടിയിറക്കി വിളവെടുക്കുന്ന തേങ്ങകളിൽ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നല്ലതുമാത്രം തെരഞ്ഞെടുത്ത് സീൽ ചെയ്യുന്നു. ഇപ്രകാരം സീൽ ചെയ്ത വിത്തുതേങ്ങ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകളിൽ പാകി തൈകളാക്കുന്നതിനുവേണ്ടി നൽകുന്നു. മാതൃവൃക്ഷമായി കുറിയയിനം തെരഞ്ഞെടുത്തുകൊണ്ട് സങ്കരണ പ്രവർത്തനങ്ങൾ നടത്തി ഡിx ടി വിത്തുതേങ്ങയും മാതൃവൃക്ഷമായി നെടിയയിനം തെങ്ങുകൾ തെരഞ്ഞെടുത്ത് സങ്കരണം നടത്തി ടിx ഡി വിത്തുതേങ്ങയും ഉത്പാദിപ്പിക്കുന്നു. കാസർഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളായ തൈക്കടപ്പുറം, അഴിത്തല എന്നീ പ്രദേശങ്ങളിലും തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, അയ്യന്തോൾ, നാട്ടിക എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ പ്രദേശത്തുമുള്ള കർഷകരുടെ തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ സങ്കരണ പ്രവർത്തനങ്ങൾ നടത്തിയാണ് ഹൈബ്രിഡ് വിത്തുതേങ്ങ ഉല്പാദിപ്പിക്കുന്നത്. കുറിയയിനം മാതൃവൃക്ഷങ്ങളുടെ ലഭ്യത കുറവായതിനാൽ, സംസ്ഥാനത്തുടനീളം ലഭ്യമായ കുറിയയിനം മാതൃവൃക്ഷങ്ങളിൽ നിന്നും കൃഷിഭവൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പരമാവധി വിത്തുതേങ്ങ സംഭരിക്കുന്നു. പശ്ചിമതീര നെടിയയിനം വിത്തു തേങ്ങ (WCT) കുറ്റ്യാടി മേഖലയിലെ കാവിലും പാറ, മരുതോംകര, കായക്കൊടി, ചക്കിട്ടപ്പാറ, കോട്ടൂർ, കായണ്ണ, പനങ്ങാട്, കൂരാച്ചുണ്ട് പ്രദേശങ്ങളിലെ തെരഞ്ഞെടുത്ത 60,000-ത്തിലധികം മാതൃവൃക്ഷങ്ങളിൽ നിന്നും, തൃശ്ശൂർ ജില്ലയിലെ 10,000 ലധികം മാതൃവൃക്ഷങ്ങളിൽ നിന്നും, കാസർഗോഡ് ജില്ലയിലെ ഉദുമ, വലിയ പറമ്പ, നീലേശ്വരം പ്രദേശങ്ങളിലെ 4000-ലധികം മാതൃവൃക്ഷങ്ങളിൽനിന്നുമാണ് ശേഖരിക്കുന്നത്.

(ബി) പ്രസ്തുത വിഷയത്തെപ്പറ്റി കേരകർഷകരിൽ ബോധവൽക്കരണം നടത്തുമോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കോഴിക്കോട് ജില്ലയിലെ വടകര വിത്തുവികസന യൂണിറ്റ്, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് വിത്തുവികസന യൂണിറ്റ്, കണ്ണൂർ ജില്ലയിലെ ചാലോട് ടിX ഡി പോളിനേഷൻ യൂണിറ്റ് എന്നിവയുടെ മേൽനോട്ടത്തിലാണ് വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഓരോ വർഷവും വിത്തുതേങ്ങ സംഭരണ സീസൺ

ആരംഭിക്കുന്നതിന് മുന്നോടിയായി പ്രസ്തുത സ്ഥാപനങ്ങൾ മുഖേന കേരകർഷകരുടെ യോഗം വിളിച്ചുചേർത്ത്, മേൽ വിഷയത്തിൽ ബോധവത്ക്കരണം നടത്തിവരുന്നു. കൂടാതെ കുറിയയിനം മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിനും, അവയിൽ നിന്നും വിത്തുതേങ്ങ സംഭരിക്കുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകർക്ക് പരിശീലനം നൽകുന്നു.

**ബാലുശ്ശേരി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

32 (5095) ശ്രീ. കെ. എം. സച്ചിൻദേവ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതെന്നും നിലവിൽ കേരഗ്രാമം പദ്ധതിയിലൂടെ എത്ര കേരകർഷകർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ; പഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ കേരഗ്രാമം പദ്ധതി താഴെപ്പറയും പ്രകാരം 3 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു:

| കേര ഗ്രാമം അനുവദിച്ച വർഷം | പഞ്ചായത്ത് | കേര കർഷകർ | റിമാർക്സ് |
|---|---|---|---|
| 2021-22 | ഉള്ളേ്യരി | | പദ്ധതി ഈ വർഷമാണ് അനുവദിച്ചത്. |
| 2020-21 | കൂരാച്ചുണ്ട് | 1497 | രണ്ടാം വർഷ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. |
| 2019-20 | അത്തോളി | 1077 | മൂന്നാം വർഷ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. |

(ബി) നടുവണ്ണൂർ, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ നാളികേര കർഷകർ ഉണ്ടായിട്ടും കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

2015-16 സാമ്പത്തിക വർഷത്തിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ 50 ഹെക്ടറിൽ കേരഗ്രാമം പദ്ധതിപ്രകാരം നടപ്പിലാക്കിയിരുന്നു. കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ഇതുവരെ അനുവദിച്ചിട്ടില്ല. കേരഗ്രാമം ഒരു തുടർ പദ്ധതിയാണ്. 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതും മുൻ വർഷങ്ങളിൽ കേരഗ്രാമത്തിനായി തെരഞ്ഞെടുക്കാത്തതുമായ പഞ്ചായത്തുകളെയാണ് മുൻഗണന നല്കി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി പുതുതായി തെരഞ്ഞെടുക്കുന്നത്.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

33 (5096) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി താൽപ്പര്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം, ചേലേമ്പ്ര എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ഈ വർഷം (2021-22)-ൽ പുതുതായി നടപ്പിലാക്കുന്നു. അതോടൊപ്പം വള്ളിക്കുന്ന് പഞ്ചായത്തിൽ കേരഗ്രാമം 3-ാം വർഷ പദ്ധതിയായി നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതും മുൻ വർഷങ്ങളിൽ കേരഗ്രാമത്തിനായി തിരഞ്ഞെടുക്കാത്തതുമായ പഞ്ചായത്തുകളെയാണ് മുൻഗണന നല്കി കേരഗ്രാമം സ്ഥാപിക്കുന്നതിനായി പുതുതായി തിരഞ്ഞെടുക്കുന്നത്.

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ലഭിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നാളിതുവരെ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതികളുടെ വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | പഞ്ചായത്ത് |
|---|---|
| 2017-18 | മുന്നിയൂർ |
| 2018-19 | പെരുവള്ളൂർ |
| 2019-20 | വള്ളിക്കുന്ന് |
| 2021-22 | തേഞ്ഞിപ്പാലം |
| | ചേലേമ്പ്ര |

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

34 (5097) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വർഗ്ഗങ്ങളുടെ വില ക്രമാതീതമായി കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഇത്തരം വില വർദ്ധനവ് പിടിച്ചുനിർത്താൻ ഒരു ഏകീകൃത വില നിർണ്ണയം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. ഏതെങ്കിലും പച്ചക്കറികൾക്ക് ക്രമാതീതമായി വില വർദ്ധിച്ചാൽ ഹോർട്ടികോർപ്പുവഴി ആ ഉത്പന്നം ന്യായവിലയ്ക്ക് ഉപഭോക്താവിന് നൽകുന്നതിനുള്ള നടപടി അതത് സമയങ്ങളിൽ സർക്കാർ കൈക്കൊള്ളുന്നതാണ്. ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതാണ്. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനുള്ള വിപണി ഇടപെടലുകളും നടത്തിവരുന്നുണ്ട്. കൂടാതെ പച്ചക്കറി വില വർദ്ധനവ് വരുന്ന സാഹചര്യത്തിൽ സവാള പോലുള്ള ഇനങ്ങൾ ഭക്ഷ്യ സിവിൽ സപ്ലൈസ് മുഖേന കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഫെഡിൽ നിന്നും സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

(സി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൾപ്പെടെ മറ്റ് കാർഷികോല്പന്നങ്ങളുടെ ദൈനംദിനതോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിന്റെ തോത് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് നിലവിൽ ഉല്പാദിപ്പിക്കുന്നതെന്നും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സംസ്ഥാനത്തിന് എപ്പോൾ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

(സി&ഡി) നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിനാവശ്യമായ പച്ചക്കറിയുടെ ദൈനംദിനതോത് 5479 മെട്രിക് ടൺ ആണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിൽ സംസ്ഥാനത്തിന്റെ നിലവിലെ പച്ചക്കറിയുടെ ദൈനംദിന ഉത്പാദനം 4301.4 മെട്രിക് ടണ്ണാണ്. ഇത് ആവശ്യകതയുടെ 78.5%-മാണ്, ശേഷിക്കുന്ന 21.5 %- ന് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പച്ചക്കറി വികസന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന ' സുഭിക്ഷ കേരളം' തുടങ്ങിയ മറ്റ് പദ്ധതികളെയും സംയോജിപ്പിച്ച് വരുന്ന 5 വർഷം കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം**

35 (5098) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി. സി. കാപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവും മതിയായ താങ്ങുവില ലഭ്യമാക്കാത്ത അവസ്ഥയുംമൂലം പ്രസ്തുത കർഷകർ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കാമോ?

റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി 2015 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ റബ്ബർ കർഷകർക്ക് കിലോയ്ക്ക് 170 രൂപ താങ്ങുവില നൽകുന്നുണ്ട്.

(ബി) നാണ്യവിള മേഖലയിലെ വിലയിടിവും കൃഷിനാശവുംമൂലം കടക്കെണിയിലായി കഷ്ടപ്പെടുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പാ ഉൾപ്പെടെ കാർഷിക ലോണുകളെടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴ പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം പ്രകാരം 1 മാർച്ച് 2021 -നും 30 ജൂൺ 2021 -നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ ജൂൺ 30 -ന് മുൻപ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കും. ഇത് കൂടാതെ സഹകരണ ബാങ്കുകൾ, കേരള റവന്യൂ ആക്ട് 1968-ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പയ്ക്കു മൊറട്ടോറിയം പ്രഖ്യാപിച്ച് കേരള സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) കേരകർഷകർ വിലയിടിവിൽ ബുദ്ധിമുട്ടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളികേരത്തിന് താങ്ങുവില അടിസ്ഥാനത്തിൽ സംഭരണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പച്ചത്തേങ്ങയുടെ വില സംഭരണ വിലയായ 32 രൂപയേക്കാൾ താഴ്ന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കേരഫെഡിനും, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, പൊതുവിപണിയിൽ നാളികേരത്തിന് സംഭരണ വിലയേക്കാൾ ഉയർന്നവില കർഷകർക്ക് നിലവിൽ ലഭിക്കുന്നതുകൊണ്ട് കേരഫെഡിന്റെ സംഭരണകേന്ദ്രങ്ങളിൽ, പ്രതീക്ഷിച്ച അളവിൽ, കർഷകർ നാളികേരം എത്തിച്ചിട്ടില്ല. നിലവിൽ, മലപ്പുറം ജില്ലയിൽ പൊന്നാനി, വെളിയംകോട് പഞ്ചായത്തിലെ കോക്കനട്ട് പ്രൊഡ്യൂസ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം ജില്ലയിൽ ആനയറയിലെ കേരഫെഡിന്റെ റീജിയണൽ ഓഫീസ്, തൃശ്ശൂർ ജില്ലയിൽ ചേർപ്പ് പഞ്ചായത്തിലെ കേരഫെഡ് സ്റ്റോക്ക് പോയിന്റിലുമാണ് പച്ചത്തേങ്ങ സംഭരണം ഒരുക്കിയിട്ടുള്ളത്. കൂടാതെ സംസ്ഥാന കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ വേങ്ങേരി മൊത്ത വ്യാപാര മാർക്കറ്റ് വഴിയും പച്ചത്തേങ്ങ സംഭരിക്കുന്നു.

## മണലൂർ മണ്ഡലത്തിലെ ഇരുപ്പൂ കൃഷി പാടശേഖരങ്ങൾ

36 (5099) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപ്പൂ കൃഷി ഇറക്കുന്ന കർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇരുപ്പൂ കൃഷി ഇറക്കുന്നതിന് ഹെക്ടർ ഒന്നിന് 10000 രൂപയുടെ ആനുകൂല്യം കർഷകർക്ക് പൊതുവായി നൽകിവരുന്നു. കൂടാതെ, തൃശ്ശൂർ കോൾനിലങ്ങളിൽ ഇരുപ്പൂ കൃഷി ഇറക്കുന്നതിനായി പ്രത്യേകമായി നടപ്പിലാക്കുന്ന ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതി പ്രകാരം 200 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) മണലൂർ മണ്ഡലത്തിൽ ഈ വർഷം ഇരുപ്പൂ കൃഷി ഇറക്കുന്ന പാടശേഖരങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ ഈ വർഷം ഇരുപ്പൂ കൃഷി ഇറക്കാൻ സാധ്യതയുള്ള പാടശേഖരങ്ങളുടെ പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു*.

## കൃഷിവകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും കർഷകരെ അറിയിക്കുന്നതിന് നടപടി

37 (5100) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും യഥാസമയം കർഷകർ അറിയാതെ പോകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ എല്ലാ തദ്ദേശസ്വയംഭരണ വാർഡുകളിലും യഥാസമയം അറിയിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഇല്ല. നിലവിൽ എല്ലാ കൃഷിഭവനുകളിലും പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ കാർഷിക വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ എല്ലാ കർഷക സംഘടന പ്രതിനിധികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിസംബന്ധമായ എല്ലാ കാര്യങ്ങളും ഈ സമിതിയിൽ ചർച്ച ചെയ്യാറുണ്ട്. കൂടാതെ ക്ഷണിക്കപ്പെടുന്ന പഞ്ചായത്ത് കമ്മിറ്റികളിലും കൃഷി ഓഫീസർ പങ്കെടുക്കുകയും കൃഷിവകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും പഞ്ചായത്ത് കമ്മിറ്റികളിൽ ചർച്ച ചെയ്യാറുമുണ്ട്. ഗ്രാമസഭകൾ കൂടുമ്പോൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുകയും പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യാറുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിഭവനിൽ ഓരോ കൃഷി അസിസ്റ്റന്റിനും നിശ്ചിത വാർഡുകളിലെ ചുമതല നൽകിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാർ ഫീൽഡ് പരിശോധന സമയത്ത് അതാതു വാർഡുകൾ സന്ദർശിക്കുമ്പോൾ കൃഷിവകുപ്പിന്റെ പദ്ധതികളേയും പ്രവർത്തനങ്ങളേയുംകുറിച്ച് കർഷകരെ അറിയിക്കാറുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാതലത്തിൽ പദ്ധതികളെക്കുറിച്ച് വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകാറുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന വിവിധ മാധ്യമങ്ങളിലൂടെ കൃഷി വകുപ്പിന്റെ പദ്ധതികളേയും പ്രവർത്തനങ്ങളേയുംകുറിച്ച് പ്രചരണം നൽകാറുമുണ്ട്.

(ബി) വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ കർഷകരെ അറിയിക്കുന്നതിനായി വാർഡുതല സമിതികളെ നിയോഗിക്കാൻ സാധിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിലവിൽ പഞ്ചായത്തുതലത്തിൽ പ്രവർത്തിച്ചുവരുന്ന പാടശേഖരസമിതികൾ, കേരസമിതി തുടങ്ങിയവ മുഖേനയും പദ്ധതികളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ കർഷകർക്ക് നൽകുന്നുണ്ട്.

**കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ മുൻകാല സർവ്വീസ്**

38 (5101) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, കോക്കനട്ട് ഡവലപ്മെന്റ് ബോർഡ്, ഐ.സി.എ.ആർ. എന്നിവിടങ്ങളിലെ മുൻകാല സേവനം പെൻഷൻ കാലയളവ് കണക്കാക്കുന്നതിനായി ഇതുവരെ പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഇല്ല.

(ബി) നിലവിൽ ഈ വ്യവസ്ഥയ്ക്ക് എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും എന്തിന്റെ അടിസ്ഥാനത്തിലാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ബാധകമല്ല.

(സി) ഐ.സി.എ.ആർ. പോലുള്ള സ്ഥാപനങ്ങൾ, മറ്റു ബോർഡുകൾ എന്നിവിടങ്ങളിൽനിന്നും വിട്ടുതൽ വാങ്ങി സർവ്വീസ് ബ്രേക്കില്ലാതെ കാർഷിക സർവ്വകലാശാലയിൽ ജോയിൻ ചെയ്ത ജീവനക്കാരുടെ മുൻകാല സർവ്വീസ്, പെൻഷൻ കാലയളവിനായി കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കർഷക പെൻഷൻ**

39 (5102) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷിഭവനകളിൽ കർഷക പെൻഷനു വേണ്ടിയുള്ള എത്ര അപേക്ഷകൾ സ്വീകരിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷിഭവനകളിൽ കർഷക പെൻഷനു വേണ്ടിയുള്ള 142 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ കർഷക പെൻഷൻ പദ്ധതി പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച 62 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നിലവിൽ എത്രപേർ കർഷകപെൻഷൻ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 1548 കർഷക പെൻഷൻ ഗുണഭോക്താക്കൾ നിലവിലുണ്ട്.

**വാമനപുരം മണ്ഡലത്തിൽ കർഷകർക്ക് നൽകിയ നഷ്ടപരിഹാരം**

40 (5103) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരം എത്രയെന്നും എത്ര കർഷകർക്ക് അതിന്റെ പ്രയോജനം ലഭിച്ചുവെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ആയതിൽ ഇനിയും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

നഷ്ടപരിഹാരം നൽകാനുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചേർത്തല താലൂക്കിലെ ആഫ്രിക്കൻ ഒച്ചുകളെ നശിപ്പിക്കുന്നതിന് നടപടി

41 (5104) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിന്റെ വിവിധ പ്രദേശങ്ങളിൽ ആഫ്രിക്കൻ ഒച്ചുകൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ ആഫ്രിക്കൻ ഒച്ചുകളെ നശിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആഫ്രിക്കൻ ഒച്ചിനെ നശിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തുകയും, വിള ആരോഗ്യ പരിപാലന പദ്ധതിയുടെ കീഴിൽ ആഫ്രിക്കൻ ഒച്ചിന്റെ നിയന്ത്രണമാർഗ്ഗങ്ങൾ പ്രതിപാദിക്കുന്ന ലഘുലേഖകൾ കർഷകർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. മുഹമ്മ പഞ്ചായത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ഒച്ച് നിവാരണ പ്രചാരണം നടപ്പാക്കിവരുന്നു .

## പൂഞ്ഞാർ മണ്ഡലത്തിൽ വന്യജീവികളെ അകറ്റുന്നതിനായുള്ള നടപടി

42 (5105) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കാർഷികവിളകൾ നശിപ്പിക്കുന്ന വന്യജീവികളെ അകറ്റുന്നതിനായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കാർഷികവിളകൾ നശിപ്പിക്കുന്ന വന്യജീവികളെ അകറ്റുന്നതിനായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) കാർഷിക വിളകൾ വന്യജീവികൾ നശിപ്പിക്കുന്നത് തടയുന്നതിനായി കൃഷിഭൂമിയിൽ കമ്പിവേലി, സോളാർവേലി, കിടങ്ങുകൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഉപ പദ്ധതിയായ വന്യജീവി ആക്രമണം തടയൽ പ്രകാരം സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ വന്യജീവി ആക്രമണം തടയുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വന്യജീവി

ആക്രമണം രൂക്ഷമായ ജില്ലകളിൽനിന്നും ആയത് സംബന്ധിച്ച റിപ്പോർട്ടും സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വന്യജീവി ആക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിശദമായ പ്രോജക്ട് പ്രൊപ്പോസലുകളും ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുക അനുവദിക്കുന്നതാണ്.

**വിള ഇൻഷ്വറൻസ് പ്രകാരം കർഷകർക്കുള്ള നഷ്ടപരിഹാരം**

43 (5106) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങൾമൂലം വിളനാശം സംഭവിച്ചാൽ ഉടനെതന്നെ കർഷകർക്ക് നേരിട്ട് നഷ്ടപരിഹാരം ലഭിക്കത്തക്ക എന്തെല്ലാം നടപടികളാണ് വിള ഇൻഷ്വറൻസ് പ്രകാരം നിലവിൽ സ്വീകരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ കൃഷി വകുപ്പിന്റെ AIMS Portal മുഖേന ഓൺലൈനായാണ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗങ്ങളായ കർഷകർ പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടായി 15 ദിവസത്തിനുള്ളിൽ AIMS Portal മുഖേന അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ കൃഷിഭവൻ തലത്തിലുള്ള പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം കൃഷി ഡയറക്ടറേറ്റിൽനിന്നും DBT സംവിധാനത്തിലൂടെ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നഷ്ടപരിഹാര തുക നൽകുന്നു.

(ബി) കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

2021-22 വർഷത്തിൽ സംസ്ഥാന സർക്കാർ 2000.00 ലക്ഷം രൂപ അനുവദിക്കുകയും 2020 വർഷത്തെ കുടിശ്ശിക വിതരണം നടത്തുകയും ചെയ്തു. കൂടാതെ കൃഷി ഡയറക്ടറുടെ വിള ഇൻഷ്വറൻസ് കോർപ്പസ് ഫണ്ടിൽനിന്നും 450.00 ലക്ഷം രൂപയും കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മഴക്കെടുതിമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടങ്ങൾ**

44 (5107) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഈയടുത്ത കാലത്തുണ്ടായ മഴക്കെടുതിമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടങ്ങളും കർഷകർക്കുണ്ടായ ദുരിതങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ AIMS Portal-ലെ പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 11-10-2021 മുതൽ 31-10-2021 വരെ പ്രാഥമിക കണക്കെടുപ്പ് പ്രകാരം 134026 കർഷകരുടെ 69,824.5 ഹെക്ടർ സ്ഥലത്തെ വിളകൾക്ക് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇവരെ സഹായിക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നുവോ എന്നും വ്യക്തമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിളനാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാര തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും, സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും, കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തരമായി നടത്തിവരികയാണ്. നിലവിൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല.

**വയനാട് ജില്ലയിലെ കൃഷി നാശം**

45 (5108) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ കാലവർഷക്കെടുതിയിൽ വയനാട് ജില്ലയിൽ കൃഷി നാശം സംഭവിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന്റെ കണക്ക് വിള തിരിച്ച് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ 1-6-2021 മുതൽ 26-10-2021 വരെയുള്ള കാലയളവിൽ ഉണ്ടായ പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടത്തിന്റെ വിള തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) ഇതിന് നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ കൃഷി ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

**കാർഷിക മേഖലയിലെ നേട്ടങ്ങൾ**

46 (5109) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ കോവിഡ് മഹാമാരി വിതച്ച നഷ്ടം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവിഡ് മഹാമാരിയും അതിന്റെ ഫലമായുണ്ടാകുന്ന ലോക്ഡൗൺ മൂലമുണ്ടാകുന്ന നാശനഷ്ടത്തിന്റെ വ്യാപ്തിയും കേരള സംസ്ഥാന ആസൂത്രണ ബോർഡ് പഠന വിധേയമാക്കിയിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരി കാലത്ത് കാർഷിക മേഖലയിൽ കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ പദ്ധതികൾ ഈ സർക്കാർ തുടരുന്നുണ്ട്.

1. കർഷകരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ട വളർത്തൽ/ പോഷകത്തോട്ടം/ തേനീച്ച കൃഷി/ കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ ജൈവവള നിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി.

2. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. "ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

4. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity Facility-2 (SLF-2)ൽ കർഷകർക്ക് 785 കോടിയുടെ വായ്പ ലഭ്യമാക്കി.

5. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ചു വിപണനം നടത്തി വരുന്നു. വിവിധ ജില്ലകളിൽ 6927 അപേക്ഷകർക്ക് 631.00 ലക്ഷം രൂപ വിതരണം ചെയ്തു. 1420 കർഷകർക്ക് 95.47 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മേയ് 15-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 39.0272 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

7. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

8. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. ഇവ കൂടാതെ കൃഷി പാഠശാല, FPO, കാർഷിക വായ്പാ ഇളവുകൾ, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി

എന്നിവയും നടപ്പിലാക്കുന്നുണ്ട്. മേൽ പദ്ധതികളുടെയും/സർക്കാർ സഹായം വഴിയും കാർഷിക മേഖലയിലുണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ വരുംനാളിൽ നമുക്ക് അനുഭവവേദ്യമാകുന്നതാണ്. കൂടാതെ സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി ഓണത്തിന് ഒരു മുറം പച്ചക്കറി, ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം, സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി, നഗര വഴിയോര കാർഷിക ചന്തകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനി എന്നീ പദ്ധതികളുടെ നടപ്പാക്കൽ വഴി നേട്ടങ്ങൾ ഈ കോവിഡ് കാലഘട്ടത്തിലും നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.കാർഷിക മേഖലയിൽ പ്രസ്തുത കാലയളവിൽ 39756 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 117500 തൊഴിൽ ദിനങ്ങൾ പരോക്ഷമായും സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം

47 (5110) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിനു കീഴിലെ കൃഷിഭവനുകളിൽ കൃഷിനാശം സംഭവിച്ച വകയിൽ കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം എത്രയെന്ന് കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ?

കൃഷിഭവൻ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത നഷ്ടപരിഹാരതുക എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നഷ്ടപരിഹാരതുക സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വാട്ടർ കലണ്ടർ പുനഃക്രമീകരിക്കാൻ നടപടി

48 (5111) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ക്രമം തെറ്റി പെയ്യുന്ന കനത്ത മഴയിൽ കുട്ടനാട്ടിലെ കാർഷിക മേഖലയ്ക്കുണ്ടാകുന്ന കനത്ത നഷ്ടം ഒഴിവാക്കാൻ വാട്ടർ കലണ്ടർ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ജല കലണ്ടറും (water calendar) കാർഷിക കലണ്ടറും (crop calendar) ശാസ്ത്രീയമായി സംയോജിപ്പിച്ച് സമയബന്ധിതമായി ഏകോപിത കൃഷി പരിപാലനവും കൃഷി ക്രമങ്ങളും നടപ്പിലാക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനംമൂലം കാലവർഷത്തിൽ വലിയ മാറ്റമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. കുട്ടനാട് മേഖലയിൽ നടത്തിയ പഠനങ്ങളിൽ ഇത് കൃഷിയെ നിർണ്ണായകമായി സ്വാധീനിക്കുംവിധത്തിൽ കാലവർഷ കാലത്തും തുലാവർഷ കാലത്തും മഴ ലഭ്യതയിൽ സാരമായ മാറ്റങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു. മഴയുടെ അളവിനെയും നീരൊഴുക്കിനെയുമടിസ്ഥാനപ്പെടുത്തിയാണ് കുട്ടനാട്ടിലെ 6 നെൽകൃഷി മേഖലകളിലേയ്ക്കും കുട്ടനാട് കായൽ കൃഷി ഗവേഷണ കേന്ദ്രം (IRTCBSF, Kuttanad) കാർഷിക കലണ്ടർ രൂപപ്പെടുത്തിയിട്ടുള്ളത്. ലവണജലം കടന്നു കൂടുന്ന പ്രശ്നം തീരെ ഇല്ലാത്തതും, നദികൾ വന്നു ചേരുന്നതും പ്രളയ ഭീഷണി ഏറെ ഉള്ളതുമായ അപ്പർ കുട്ടനാട് മേഖലയിൽ തുലാ വർഷ കാലം കഴിഞ്ഞ് നവംബർ മാസത്തിൽ കൃഷി ആരംഭിച്ച് വേനൽക്കാലത്തെ മഴ മാസങ്ങൾക്ക് മുൻപ് കൃഷി അവസാനിപ്പിക്കാനും കഴിയുംവിധം ആണ് കാർഷിക കലണ്ടർ ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവ യഥാസമയം തുറക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടുന്ന പുതിയ സമിതിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി അമ്പലപ്പുഴ എം.എൽ.എ.-യുടെ നേതൃത്വത്തിൽ റവന്യൂ, ഇറിഗേഷൻ (സിവിൽ, മെക്കാനിക്കൽ), കൃഷി വകുപ്പ്, പഞ്ചായത്ത്, കെ.എസ്.ഇ.ബി എന്നീ വിഭാഗങ്ങൾ അംഗങ്ങളായ ഒരു സമിതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ, കോട്ടയം ജില്ലാ കളക്ടർ, ജലസേചനം, കൃഷി, റവന്യൂ, ഫിഷറീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സമിതിയാണ് നിലവിൽ തണ്ണീർമുക്കം ബണ്ട് യഥാസമയം തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്.

**രണ്ടാം കുട്ടനാട് പാക്കേജ്**

49 (5112) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ?

പ്രളയാനന്തര കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതി രണ്ടാം കുട്ടനാട് പാക്കേജ് എന്ന പേരിൽ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ

പ്രത്യേക പരിഗണനയിലാണ്. രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കുമ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് കുട്ടനാട്ടിലെ കർഷകരുമായി വിശദമായി ചർച്ച ചെയ്തു തീരുമാനിക്കുന്നതായിരിക്കും.

(ബി) പുഞ്ചകൃഷിയുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന കൂലി പ്രശ്നം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പ് കുട്ടനാട് ഐ ആർ സി മീറ്റിംഗ് വിളിച്ചു ചേർത്ത് പ്രശ്നം പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) ഗ്രേറ്റർ കുട്ടനാട് വികസന അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) സബ്സിഡികളിൽ വ്യക്തത വരുത്തുന്നതിനും കർഷകരുടെ കൈകാര്യ ചെലവ് പൂർണ്ണമായും നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2020-21 വർഷം വരെ മില്ലുടമകളാണ് നെല്ല് സംഭരണത്തിനുള്ള കൈകാര്യ ചെലവ് നൽകിയിരുന്നത്. ഈ വർഷം മുതൽ ടി തുക സപ്ലൈകോയിൽനിന്ന് നേരിട്ട് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### വിള ഇൻഷ്വറൻസ് ക്ലെയിം വിതരണം

50 (5113) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫണ്ടില്ലാത്തത് കാരണം വിള ഇൻഷ്വറൻസ് ക്ലെയിം വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വിള നാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിന് 2021-2022 വർഷത്തിൽ 2000.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ആയത് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിലെ വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും 450.00 ലക്ഷം രൂപയും കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ എത്ര രൂപയാണ് വിള ഇൻഷ്വറൻസ് ക്ലെയിമായി കർഷകർക്ക് നൽകാനുള്ളത്; ജില്ലാ അടിസ്ഥാനത്തിൽ കണക്കുകൾ നൽകാമോ?

വിള ഇൻഷ്വറൻസ് നഷ്ടപരിഹാരമായി കർഷകർക്ക് നൽകുവാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാന വിഹിതം അടയ്ക്കാത്തതിനാൽ കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാര തുക ലഭിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവയ്ക്ക് ഖാരിഫ് 2020 സീസണിലെ സംസ്ഥാന വിഹിതത്തിന്റെ രണ്ടാം ഗഡുവായ 1354.76160 ലക്ഷം രൂപ 28-5-2021-ലെ സ.ഉ.(സാധാ) നമ്പർ 443/2021/കൃഷി പ്രകാരം അനുവദിക്കുകയുണ്ടായി. കൂടാതെ 1-6-2021-ലെ സ.ഉ. (സാധാ) നമ്പർ 455/2021/കൃഷി പ്രകാരം റാബി 2020-2021-ന്റെ സംസ്ഥാന വിഹിതത്തിന്റെ ആദ്യ ഗഡുവായ 619.20425 ലക്ഷം രൂപയും പദ്ധതി നടത്തിപ്പ് ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. റാബി 2020-2021 സീസണിലെ രണ്ടാം ഗഡുവായ 1155.48375 ലക്ഷം രൂപയും ഖാരിഫ് 2021 സീസണിലെ ആദ്യ ഗഡുവായ 824.00459 ലക്ഷം രൂപയും ചേർത്ത് ആകെ 1979.48834 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ**

51 (5114) ശ്രീ. പി. വി.അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

22-3-2017-ലെ സ.ഉ.(എം.എസ്) നമ്പർ 37/2017/കൃഷി ഉത്തരവുപ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ 13-12-2017-ലെ സ.ഉ.(കൈ) നമ്പർ 1192/2017/കൃഷി പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കൂവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി

ആക്രമണം എന്നിവമൂലമുള്ള വിളനാശത്തിനാണ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നത്. 27-10-2017-ലെ സ.ഉ.(സാധാ)നമ്പർ 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടേയും കീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28-12-2017-ലെ സ.ഉ.(കൈ) നമ്പർ 167/2017/കൃഷി ഉത്തരവുപ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷുറൻസ് പരിധിയിലുൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12-12-2018-ലെ സ.ഉ.(സാധാ)നമ്പർ 1198/2018/കൃഷി നമ്പർ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്.

(ബി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായാൽ മാത്രമാണോ കാർഷികവിള ഇൻഷ്വറൻസ് ലഭ്യമാവുക എന്നറിയിക്കാമോ; വന്യ ജീവികളുടെ ശല്യം കാരണം കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് വിള ഇൻഷ്വറൻസ് ലഭ്യമാവുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം (വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ) മൂലവും, വന്യജീവി ആക്രമണംമൂലവുമുള്ള വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നുണ്ട്.

(സി) സംസ്ഥാനത്ത് നടപ്പിലുള്ള കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാനം നടപ്പാക്കുന്ന വിള ഇൻഷ്വറൻസിലും ഒരേ സമയം ഒരേ

വിളകൾക്ക് ഇൻഷ്വർ ചെയ്യാനാകുമോ; കൃഷിനാശം സംഭവിച്ചാൽ എല്ലാ ഇൻഷ്വറൻസ് പദ്ധതികളിൽ നിന്നുമുള്ള നഷ്ടപരിഹാരം ലഭിക്കുമോ; വ്യക്തമാക്കാമോ?

പ്രധാൻമന്ത്രി ഫസൽ ബീമ യോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികൾ. ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുത്ത പൊതുമേഖല കമ്പനിയായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി (AICIL)യാണ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. PMFBY പദ്ധതി പ്രകാരം വിളകൾക്കുണ്ടാകുന്ന ഉത്പാദന നഷ്ടത്തിന് കർഷകർക്ക് ആനുകൂല്യം നൽകുന്നു. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് PMFBY പദ്ധതിയുടെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ നെല്ലും എല്ലാ ജില്ലകളിലെയും വാഴയും, മരച്ചീനിയുമാണ് പദ്ധതി പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളത്. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാലാവസ്ഥാ വ്യതിയാനംമൂലം വിജ്ഞാപനം ചെയ്ത വിളകൾക്ക് സംഭവിക്കാവുന്ന നഷ്ടത്തിന് വിജ്ഞാപനം ചെയ്തിട്ടുള്ള സൂചന കാലാവസ്ഥാ നിലയങ്ങളിൽനിന്നും ലഭ്യമാകുന്ന കാലാവസ്ഥാ വിവരങ്ങളുടെയും ടേം ഷീറ്റിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിച്ച് നൽകുന്നു. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ഒഴികെയുള്ള ജില്ലകളിൽ ഇതിനായി കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും ഒരേ വിളകൾ അതത് പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രീമിയം തുക അടച്ച് ഇൻഷ്വർ ചെയ്യാവുന്നതാണ്. കൃഷിനാശം സംഭവിച്ചാൽ കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന, ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ എല്ലാ കർഷകർക്കും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

(ഡി) വന്യജീവികളുടെ ആക്രമണം കാരണം കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കുന്ന തരത്തിലുള്ള കാർഷിക ഇൻഷ്വറൻസ് പദ്ധതികളുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലമോ, വന്യജീവി ആക്രമണം മൂലമോ പൂർണ്ണമായ നാശനഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതാണ്.

### കുന്നത്തുനാട് മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി

52 (5115) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കർഷകർ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ 2021-22 വർഷത്തിൽ 179 കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിള ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ എത്ര കർഷകർക്ക് വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മണ്ഡലത്തിലെ 121 കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരമായി 2,19,090 രൂപ ഈ വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്.

### എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

53 (5116) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ . പി . അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷൻ കൊടുത്ത അൻപത്തിയെട്ട് കോടി പത്ത് ലക്ഷം രൂപ ദുരിതബാധിതർക്ക് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക നിലവിൽ എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷൻ കൊടുത്ത അൻപത്തിയെട്ട് കോടി പത്ത് ലക്ഷം രൂപ കാസർഗോഡ് ജില്ലാ കളക്ടർ മുഖേന ദുരിതബാധിതർക്ക് നൽകിയിട്ടുണ്ട്.

(ബി) കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കോർപ്പറേഷന് തിരികെ ലഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാര പാക്കേജായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് നൽകിയ അൻപത്തിയെട്ട് കോടി പത്ത് ലക്ഷം രൂപ തിരികെ ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം

അനുവദിക്കുന്നതിനായി 25-10-2017, 22-2-2018 തീയതികളിലെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെയും 6-6-2019-ലെ കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും അർദ്ധ ഔദ്യോഗിക കത്തുകൾ മുഖാന്തരം കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരുന്നു. പ്രസ്തുത വിഷയം പരിശോധിച്ച് മേൽപ്പറഞ്ഞ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണെന്ന് 24-1-2018-ലെ 13035/13/2014-PPI അർദ്ധ ഔദ്യോഗിക കത്തു മുഖേന ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നുവെങ്കിലും തുക ഇതുവരെ തിരികെ ലഭിച്ചിട്ടില്ല.

**എൻഡോസൾഫാൻ കീടനാശിനി നിർവീര്യമാക്കാനുള്ള നടപടി**

54 (5117) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം നിർവീര്യമാക്കാനുള്ള എൻഡോസൾഫാൻ കീടനാശിനിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ വിവിധ എസ്റ്റേറ്റുകളിലായി കോർപ്പറേഷന്റെ കൈവശം ചുവടെ ചേർക്കും പ്രകാരം നിർവീര്യമാക്കുവാനുള്ള എൻഡോസൾഫാൻ കീടനാശിനി ഉണ്ട്.

കാസർഗോഡ് എസ്റ്റേറ്റ് - 700 ലിറ്റർ

രാജപുരം എസ്റ്റേറ്റ് - 450 ലിറ്റർ

ചീമേനി എസ്റ്റേറ്റ് - 10 ലിറ്റർ

(സോളിഡ് സ്റ്റേജ്) എൻഡോസൾഫാൻ സൂക്ഷിച്ചിരിക്കുന്ന ഗോഡൗണുകൾ സീൽ വച്ച് താക്കോലുകൾ എഡോസൾഫാൻ സെൽ ഡെപ്യൂട്ടി കളക്ടറുടെ കൈവശമാണുള്ളത്.

(ബി) ഇത് നിർവീര്യമാക്കാനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ കീടനാശിനി നിർവീര്യമാക്കുന്നതിനുവേണ്ടി 27-1-2021 കാസർഗോഡ് ജില്ലാ കളക്ടർ, കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ, കാസർഗോഡ് (പ്ലാന്റേഷൻ കോർപ്പറേഷൻ കേരള) മാനേജർ എന്നിവർ കക്ഷികളായി ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുള്ളതാണ്. തുടർന്ന് നിർവീര്യമാക്കൽ പ്രക്രിയയുടെ പുരോഗതി വിലയിരുത്തുന്നതിനായി

10-6-2021-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും പടന്നക്കാട് കാർഷിക കോളേജിലെ വിദഗ്ധരുടെ ഡിസൈൻ പ്രകാരമുള്ള അണ്ടർഗ്രൗണ്ട് ടാങ്കും മറ്റു അനുബന്ധ നിർമ്മാണ പ്രവർത്തികളും എത്രയും പെട്ടെന്ന് ആരംഭിക്കണമെന്ന യോഗത്തിൽ തീരുമാനിക്കുകയും ടി സിവിൽ പ്രവർത്തികൾക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന് അനുമതി ലഭിക്കുകയും 2-9-2021-ൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. ശ്രീ. കയ്യിൽ ഗോപാലൻ എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകി പ്രവർത്തി 28-9-2021-ന് ആരംഭിച്ചിട്ടുള്ളതാണ്. അണ്ടർഗ്രൗണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എക്സ്ക്കവേഷൻ വർക്കും പി.സി.സി.യും കൂടാതെ നിലവിലെ ഗോഡൗണോടു ചേർന്ന് പുതുതായി നിർമ്മിക്കുന്ന ഷെഡിന്റെ റൂഫിംഗ് ജോലികളും പൂർത്തികരിച്ചിട്ടുള്ളതുമാണ്. അതിനോടൊപ്പം തന്നെ നിർവീര്യമാക്കൽ പ്രക്രിയയ്ക്കുവേണ്ടിയുള്ള ശുദ്ധമായ സ്പിരിറ്റ് വാങ്ങുന്നതിനുള്ള പെർമിറ്റ് ലഭിക്കുന്നതിനായി എക്സ്സൈസ് വകുപ്പുമായി ബന്ധപ്പെടുകയും ആയത് ലഭിച്ചിട്ടുള്ളതുമാണ്. ടി സ്പിരിറ്റ് വയനാട്ടിൽ നിന്നും സുരക്ഷിതമായി എത്തിക്കുന്നതിനുവേണ്ടിയുള്ള വാഹനത്തിനായി സപ്ലൈകോ കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ ഡിപ്പോകളുമായി ബന്ധപ്പെട്ടിട്ടുണ്ട്. എന്നാൽ കീടനാശിനി നിർവീര്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചതിനെതിരെ വിവിധ സംഘടനകൾ 15-10-2021-ൽ പ്രതിഷേധവും ജനകീയ മാർച്ചും നടത്താൻ ആഹ്വാനം ചെയ്തതിനെത്തുടർന്ന് ഡെപ്യൂട്ടി കളക്ടർ (എൻഡോസൾഫാൻ സെൽ), 12-10-2021 മുതൽ പ്രവർത്തികൾ താൽകാലികമായി നിർത്തിവയ്ക്കാൻ നിർദ്ദേശിക്കുകയും ടി സംഘടനകൾ ജില്ലാ കളക്ടർക്ക് നിവേദനം നൽകിയതിനെത്തുടർന്ന് 20-10-2021-ൽ യോഗം വിളിച്ചു ചേർക്കുകയും അതിൽ നിർവീര്യമാക്കൽ പ്രക്രിയയുമായി ബന്ധപ്പെട്ട ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചശേഷം പ്രസ്തുത സമിതിയുടെ നിർദ്ദേശാനുസരണം മാത്രം പ്രവൃത്തികൾ പുനഃരാരംഭിച്ചാൽ മതിയെന്ന് യോഗത്തിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. സമിതി രൂപീകരിച്ച് നിർദ്ദേശങ്ങൾ നൽകുന്നതുവരെ പ്രവൃത്തികൾ നിലവിൽ നിർത്തിവെച്ചിട്ടുള്ളതാകുന്നു. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുകയുള്ളൂ.

**കർഷകർക്ക് സൗജന്യമായി നൽകുന്ന വളം**

55 (5118) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സൗജന്യമായി വളം നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പ് കർഷകർക്ക് സൗജന്യമായി വളം നൽകാറില്ല. എന്നാൽ കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും നേതൃത്വത്തിൽ

കാർഷികപദ്ധതികൾ നടപ്പിലാക്കുമ്പോൾ കർഷകർ വാങ്ങുന്ന വളം ഉൾപ്പെടെയുള്ള ഉല്പാദനോപാധികളിന്മേൽ സബ്സിഡി അനുവദിക്കാറുണ്ട്.

(ബി) സഹകരണ ബാങ്കുകൾ വഴിയാണോ ഈ വളങ്ങൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉല്പാദനോപാധികൾക്ക് നൽകുന്ന സബ്സിഡി ലഭ്യമാക്കാൻ കർഷകർ കൃഷി വകുപ്പിന്റെ അംഗീകൃത ലൈസൻസുള്ള സഹകരണ ബാങ്കുകൾ, പ്രൈവറ്റ് ഡിപ്പോകൾ എന്നിവിടങ്ങളിൽനിന്ന് വളം വാങ്ങിയതിനുശേഷം അതിന്റെ ബില്ല് ഹാജരാക്കുമ്പോൾ സബ്സിഡിയുടെ തോത് അനുസരിച്ച് തുക (DBT) ഇ-പേയ്മെന്റ് വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നൽകുന്നു. DBT, De-Link ചെയ്തിട്ടുള്ള പദ്ധതികളിൽ ഉല്പാദനോപാധികൾ വിതരണം ചെയ്യുന്നത് സഹകരണ ബാങ്കുകളിലെ വളം ഡിപ്പോകൾ മുഖേനയാണ്.

(സി) പ്രസ്തുത ബാങ്കുകൾ മാർക്കറ്റിൽ നിന്ന് നേരിട്ട് വാങ്ങിയാണോ കർഷകർക്ക് വളമെത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) മാനദണ്ഡപ്രകാരം ലഭിച്ച ലൈസൻസിൽ അനുവാദം നൽകിയിട്ടുള്ള വള നിർമ്മാണ/മൊത്തവിതരണ ലൈസൻസുള്ളവരിൽനിന്നുമാണ് വളമെത്തിച്ച് വിതരണം ചെയ്യുന്നത്.

(ഡി) എങ്കിൽ ഏത് വളം നൽകണമെന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതേ ബ്രാൻഡിലുള്ള ഗുണമേറിയ വളങ്ങൾ തന്നെ നൽകുന്നുണ്ടെന്ന് എങ്ങനെയാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കാമോ?

വിവിധ വിളകൾക്കായി കേരള കാർഷിക സർവ്വകലാശാലയുടെ Package of Practice Recommendations പ്രകാരം ഓരോ വിളകൾക്കും ലഭ്യമാകേണ്ട മൂലകങ്ങളുടെ തോതനുസരിച്ചാണ് ഓരോ വിളകൾക്കും വളം ഇടുന്നതിനുള്ള ശിപാർശ നൽകുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർ വളം/കീടനാശിനി സാമ്പിളുകൾ പരിശോധനാശാലകളിൽ അയച്ച് ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്.

(ഇ) ഒരു വർഷം എത്ര രൂപയുടെ വളമാണ് കർഷകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും കൃഷി വകുപ്പിന്റെ വിവിധ വിളകൾക്കുള്ള പദ്ധതികൾ മുഖേനയും കർഷകർ ഡിപ്പോകളിൽനിന്നും വളം വാങ്ങി ഉപയോഗിച്ച് ആയതിന്റെ സബ്സിഡി

ആനുകൂല്യങ്ങൾ കൈപ്പറ്റുന്നുണ്ട്. കൃഷി വകുപ്പ് നേരിട്ട് വളം വിതരണം നടത്താറില്ലാത്തതിനാൽ ഇതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല.

## മണ്ണ്, വളം, കീടനാശിനി എന്നിവയുടെ പരിശോധന

56 (5119) ശ്രീ. നജീബ് കാന്തപുരം :
ശ്രീ. എ. കെ. എം. അഷ്റഫ് :
ശ്രീ. പി . ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ്, വളം, കീടനാശിനി എന്നിവയുടെ പരിശോധനകൾക്കായി കൃഷി വകുപ്പിന്റെ കീഴിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാശാലകളും തിരുവനന്തപുരത്തെ സെൻട്രൽ സോയിൽ ആൻഡ് പ്ലാന്റ് ഹെൽത്ത് സെന്റർ (CSPHC) ഉൾപ്പെടെ 15 സ്ഥിര (static) മണ്ണ് പരിശോധനശാലകളുമുണ്ട്. 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകളും കൂടാതെ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ കീഴിൽ 2 മണ്ണ് പരിശോധന ശാലകളും പ്രവർത്തിക്കുന്നുണ്ട്. മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ 7 മണ്ണ് പരിശോധന ശാലകളും കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, തിരുവനന്തപുരം സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാസർഗോഡ് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലും മണ്ണ് പരിശോധന സൗകര്യം ലഭ്യമാണ്. രാസവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് പാലക്കാട് പട്ടാമ്പിയിലും, തിരുവനന്തപുരത്ത് പാറോട്ടുകോണത്തും ഓരോ രാസവള പരിശോധന ശാലകൾ (FQCL) പ്രവർത്തിക്കുന്നു. പാലക്കാട് ജില്ലയിൽ ജീവാണു-ജൈവവള ഗുണനിയന്ത്രണ പരിശോധനശാല, പട്ടാമ്പിയിൽ 8-10-2020-ന് പ്രവർത്തനം ആരംഭിച്ചു. ജീവാണുവളങ്ങൾ, ജൈവവളങ്ങൾ എന്നിവയുടെ സാമ്പിളുകൾ ഈ ശാലയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. രാസ കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം പരിശോധനശാലയാണ് നിലവിലുള്ളത്. ജൈവ കീടനാശിനികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് ഹൈദരാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ അയച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി) പരിശോധനകൾക്കായി നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം പരിഷ്കാരങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

മണ്ണ് പരിശോധനയ്ക്കായി നിലവിലുള്ള സംവിധാനത്തിൽ പോരായ്മ ബോദ്ധ്യപ്പെട്ടിട്ടില്ല. മോഡേണൈസേഷൻ ഓഫ് ഡിപ്പാർട്ടുമെന്റൽ ലബോറട്ടറീസ് പദ്ധതിയിൽ മണ്ണ് പരിശോധനാശാലകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി നടപ്പുവർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ, ഗ്ലാസ് വെയേഴ്സ്, രാസ വസ്തുക്കൾ എന്നിവ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അവയുടെ വാർഷിക അറ്റകുറ്റപ്പണിക്കായുള്ള കരാറുകൾ പുതുക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് ഈ തുക വിനിയോഗിക്കുന്നത് കീടനാശിനി പരിശോധന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വടക്കൻ ജില്ലകളെ കേന്ദ്രീകരിച്ചുകൊണ്ടു ഒരു കീടനാശിനി പരിശോധന ശാലയുടെ ആവശ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ രാസവളങ്ങളുടെയും ജൈവജീവാണു വളങ്ങളുടെയും പരിശോധനക്കുള്ള നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

(സി) മുൻകൂട്ടി അറിയിച്ചശേഷം കൃഷി ഭൂമികളിലെത്തി ആധുനിക സംവിധാനങ്ങളുള്ള മൊബൈൽ ലബോറട്ടറികൾ മുഖേന പരിശോധന നടത്താനുള്ള സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ?

നിലവിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകൾ 9 ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലകളിലെ സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് മണ്ണ് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. വിവിധ സ്ഥലങ്ങളിൽ മുൻകൂട്ടി അറിയിച്ചശേഷം മണ്ണ് പരിശോധന ക്യാമ്പയിൻ സംഘടിപ്പിച്ച് കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അന്ന് തന്നെ പരിശോധന ഫലം നൽകാറുണ്ട്.

## കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടി

57 (5120) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് അനുഭവപ്പെട്ട പ്രയാസം പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയുണ്ടായി. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത

കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കോവിഡ്-19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദേശം നൽകുകയും അനുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾക്ക് കൃഷിവകുപ്പ് നേതൃത്വം നൽകുകയും ചെയ്തു. കൂടാതെ വിറ്റഴിക്കാൻ കഴിയാത്ത മരച്ചീനി വാട്ട് കപ്പയാക്കി മാറ്റാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രകാരം തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരണം നടത്തിവരുന്നു. ഇതിൽ 250 വിപണികൾ PACS-ന്റെയും, 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്.

(ബി) കർഷകർക്ക് കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുവേണ്ടി പുതിയ പദ്ധതികൾ രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് സഹകരണ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം

2. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം

3. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ.

4. കണ്ടെയ്നർ മോഡൽ വില്പനശാലകൾ.

**കൽപ്പറ്റ മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

58 (5121) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നിലവിൽ രണ്ട് അഗ്രോ സർവ്വീസ് സെന്ററുകളാണ് പ്രവർത്തിക്കുന്നത്.

1. കൽപ്പറ്റ അഗ്രോ സർവ്വീസ് സെന്റർ. 2. പനമരം അഗ്രോ സർവ്വീസ് സെന്റർ.

(ബി) പ്രസ്തുത സെന്ററുകൾ മുഖേന കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കാർഷിക യന്ത്രം വാടകയ്ക്ക് കൊടുക്കൽ (ട്രാക്ടർ, പവർ ടില്ലർ, നടീൽ യന്ത്രം, മെതി യന്ത്രം, കാടുവെട്ടി യന്ത്രം, മരുന്ന് തളിക്കുന്ന സ്പ്രേയറുകൾ), പച്ചക്കറിതൈകൾ, ഫലവൃക്ഷതൈകൾ, നല്ലയിനം നടീൽ വസ്തുക്കൾ (കവുങ്ങ്, കുരുമുളക്, കുറ്റ്യാടി തെങ്ങ്, കാപ്പി) എന്നിവയുടെ ഉത്പാദനവും വിതരണവും, ചകിരിച്ചോർ കമ്പോസ്റ്റ് ഉത്പാദനം, ആവശ്യാനുസരണം പച്ചക്കറി തോട്ടം ഉണ്ടാക്കിക്കൊടുക്കുക, തരിശുഭൂമി കൃഷിയിടങ്ങൾക്കായി ഒരുക്കുക, മഴമറകൾ, പോളി ഹൗസുകൾ എന്നിവയുടെ നിർമ്മാണം, കീടനാശിനി/കുമിൾ നാശിനി സ്പ്രേയിംഗ്, ഗ്രോ ബാഗ് വിതരണം മുതലായ സേവനങ്ങൾ ഈ കാർഷിക സേവന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ലഭ്യമാകുന്നുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

59 (5122) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ നിലവിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിച്ചുവരുന്നു. ആയത് ശ്രീകണ്ഠാപുരം അഗ്രോ സർവ്വീസ് സെന്ററാണ്.

(ബി) ഇരിക്കൂർ മണ്ഡല പരിധിയിൽ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ നിന്നും പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടില്ല.

## വാഴകൃഷി ചെയ്യുന്നതിന് സഹായങ്ങൾ

60 (5123) ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട, ഇടത്തരം കർഷകർക്ക് വാഴകൃഷി ചെയ്യുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്.) പദ്ധതിയിൽ ഉൾപ്പെടുത്തി വാഴയുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകിവരുന്നു. വിള വിസ്തൃതി വ്യാപനത്തിന് ഹെക്ടറൊന്നിന് 26250 രൂപ ധനസഹായം നൽകുന്നു. ഇപ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിനുള്ള ധനസഹായം ടി പദ്ധതി മുഖേന ലഭിക്കും. ഈ സാമ്പത്തിക വർഷം 520 ഹെക്ടറിൽ വാഴയുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കിവരുന്നു. കൂടാതെ ടിഷ്യുകൾച്ചർ വാഴയുടെ വിളവിസ്തൃതി വ്യാപനം ഹെക്ടറൊന്നിന് 37500 രൂപ എന്ന നിരക്കിൽ 80 ഹെക്ടറിൽ നടപ്പിലാക്കിവരുന്നു. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, എം.ഐ.ഡി.എച്ച്. പദ്ധതിയിൽ നടപ്പിലാക്കിവരുന്ന ഫലവർഗ്ഗ വിളകളുടെ വികസന പദ്ധതിക്കുള്ള കേന്ദ്ര വിഹിതം പരിമിതമായതിനാലും കൂടുതൽ കർഷകരെ വാഴ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി ടിഷ്യുകൾച്ചർ വാഴ കൃഷിക്ക് ഹെക്ടറൊന്നിന് (തുള്ളിനന ഇല്ലാതെ) 37500 രൂപയും, വാഴകൃഷിക്ക് ഹെക്ടറൊന്നിന് 7572 രൂപയും അധിക ധനസഹായം നൽകിവരുന്നു. 2021-22-ലെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ " സ്ട്രെങ്ത്തനിംഗ് ഓഫ് വാല്യൂ ചെയിൻ ഓഫ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് ബൈ അഡോപ്ഷൻ ഓഫ് ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 6000 ഹെക്ടറിൽ വാഴയുടെ വിളവിസ്തൃതി വ്യാപനം ഹെക്ടറൊന്നിന് 26250 രൂപ സബ്സിഡിയോടു കൂടി ഈ വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(ബി) വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് പ്രസ്തുത കർഷകരെ കടുത്ത ദുരിതത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഴക്കുല സംഭരണ വിപണന മേഖലയിൽ പ്രത്യേകിച്ച് ലോക്ക് ഡൗൺ കാലത്ത് നടത്തിയ ഇടപെടലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

(ബി&സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് പ്രസ്തുത കർഷകരെ കടുത്ത ദുരിതത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 രൂക്ഷമായ സമയത്ത് വാഴക്കുലകൾ വിൽക്കാൻ പറ്റാത്ത സാഹചര്യം അനുഭവപ്പെടുകയും തന്മൂലം കർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരികയും ചെയ്തു. സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചതിൻപ്രകാരം ഇവ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. നേന്ത്രൻ കിലോയ്ക്ക് 30 രൂപയും വയനാടൻ നേന്ത്രൻ കിലോയ്ക്ക് 24 രൂപയുമാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിരുന്നത്. 4398 നേന്ത്രൻ/വയനാടൻ നേന്ത്രവാഴ കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം 6.39 കോടി രൂപ നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തിവരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചച്ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂക്ഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് നഗര വഴിയോര കാർഷിക വിപണികൾ. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴിയെല്ലാം വാഴക്കുല വിറ്റഴിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) വാഴപ്പഴത്തിൽ അധിഷ്ഠിതമായ വ്യവസായങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും വാഴപ്പഴത്തിൽ നിന്നും പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വാഴപ്പഴത്തിൽ അധിഷ്ഠിതമായ സൂക്ഷ്മ, ചെറുകിട, ഇടത്തരം ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എസ്.എഫ്.എ.സി. കേരളയുടെ പദ്ധതി പ്രകാരം കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി മൂലധന നിക്ഷേപത്തിന്റെ 30% മുതൽ 50% വരെ പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നുണ്ട്. പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, ഓഫീസ് ഉപകരണങ്ങൾ, പാക്കിംഗ് യന്ത്രങ്ങൾ വാങ്ങുക, ടെക്നോളജി വാങ്ങുക, മൂല്യവർദ്ധന പരിശീലനങ്ങളിൽ പങ്കെടുക്കുക എന്നിവയ്ക്കായി സബ്സിഡി നൽകുന്നു. കിഫ്ബി (KIIFB) യുടെ സഹായത്തോടെ ആരംഭിക്കുന്ന അഗ്രോപാർക്കുകളിൽ ഏത്തപ്പഴം/തേൻ അധിഷ്ഠിത അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണാറ കൃഷി ഫാമിൽ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. 25.13 കോടി രൂപയാണ് ഇതിനു വകയിരുത്തിയിട്ടുള്ളത്. കൂടാതെ എസ്.എഫ്.എ.സി, വി.എഫ്.പി.സി.കെ. മുഖേന തുടങ്ങുന്ന വാഴ അധിഷ്ഠിത എഫ്.പി.ഒ.-കളുടെ രൂപീകരണവും പുരോഗമിക്കുന്നു. വാഴ ഉൾപ്പെടെയുള്ള കാർഷിക വിളകളുടെ വിളവെടുപ്പാനന്തര പരിപാലന പ്രവർത്തനങ്ങൾക്കും എം.ഐ.ഡി.എച്ച്. മുഖേന ധനസഹായം നൽകിവരുന്നുണ്ട്. കൃഷിയിടങ്ങളിൽനിന്നും വാഴപ്പഴം കേടു കൂടാതെ സംഭരണ സംസ്കരണ വിപണന ശാലകളിൽ എത്തിക്കുന്നതിന് റീഫർ വാൻ വാങ്ങുന്നതിനും, പ്രൈമറി/മൊബൈൽ/ മിനിമൽ പ്രൊസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, പായ്ക്ക് ഹൗസ് പ്രിസർവേഷൻ യൂണിറ്റ്, സംയോജിത പായ്ക്ക് ഹൗസ്, പ്രീ കൂളിംഗ് യൂണിറ്റ്, കോൾഡ് റൂം (സ്റ്റേജിംഗ്), മൊബൈൽ പ്രീ കൂളിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

**ഗുണമേന്മയുള്ള പഴച്ചെടികൾ ലഭ്യമാക്കുന്നതിന് നടപടി**

61 (5124) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(ബി) ഉയരം കുറഞ്ഞ ഇനത്തിലുള്ള വിവിധ തരം പഴച്ചെടികൾ മിതമായ വിലയിൽ ലഭിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ഉയരം കുറഞ്ഞ ഇനത്തിലുള്ള പഴച്ചെടികളുടെ വിതരണത്തിന് മാത്രമായി പദ്ധതി നടപ്പിലാക്കി വരുന്നില്ല. ഉയരം കൂടിയതും കുറഞ്ഞതുമായ വിവിധ ഇനം പഴവർഗ്ഗങ്ങൾക്കായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി പദ്ധതി നടപ്പിലാക്കിവരുന്നു. വിവിധ തരം പഴച്ചെടികൾ മിതമായ വിലയിൽ ലഭിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് " ഒരു കോടി ഫലവൃക്ഷ തൈ വിതരണം" എന്ന ഘടകം " ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേഴ്സ് ആന്റ് മെഡിസിനൽ പ്ലാന്റ്സ്" എന്ന പദ്ധതിയിൻ കീഴിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്ന ഫലവർഗ്ഗങ്ങളായ ഡ്രാഗൺ ഫ്രൂട്ട്, മാതളം, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, കറിവേപ്പ്, റമ്പൂട്ടാൻ, മാംഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപുളി, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി, പാഷൻ ഫ്രൂട്ട്, പ്ലാവ്, മാവ്, മുരിങ്ങ, കൊടംപുളി തുടങ്ങിയ 30 ഇനം ഫലവൃക്ഷതൈകൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, ഫലവൃക്ഷത്തൈകൾ തുടങ്ങിയവയാണ് വിതരണം നടത്തുന്നത്. ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ എന്നിവ 75% സബ്സിഡിയോടു കൂടിയും (25% ഗുണഭോക്തൃ വിഹിതം) തൈകൾ സൗജന്യവുമായാണ് കർഷകർക്ക് നൽകി വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി വാഴ, കൈതച്ചക്ക, പ്ലാവ്, പ്രാദേശിക വിളകളായ കുടംപുളി, ഞാവൽ എന്നീ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. വാഴ, കൈതച്ചക്ക എന്നിവയ്ക്ക് ഹെക്ടറൊന്നിന് 26250 രൂപ, പ്ലാവിന് ഹെക്ടറൊന്നിന് 18000 രൂപ, കുടംപുളി, ഞാവൽ എന്നിവയ്ക്ക് ഹെക്ടറൊന്നിന് 18000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകി വരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ അംഗീകൃത നഴ്സറികളിൽ നിന്നാണ് ഇത്തരം പഴച്ചെടികൾ ലഭിക്കുന്നത് എന്നറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് സീഡ് ഫാം പുതുപ്പാടി, സ്റ്റേറ്റ് സീഡ് ഫാം പേരാമ്പ്ര, ജില്ലാ കൃഷിത്തോട്ടം കൂത്താളി, കോക്കനട്ട് നഴ്സറി തിക്കോടി എന്നീ നാല് കൃഷിത്തോട്ടങ്ങളിൽ ഉയരം കുറഞ്ഞ ഇനത്തിലുള്ള വിവിധതരം പഴച്ചെടികൾ കർഷകർക്ക് വിതരണം നടത്തി വരുന്നു. ഇതു കൂടാതെ ജില്ലയിലെ അമൃത നഴ്സറി

(കോടഞ്ചേരി, പുറമേരി) രശ്മി നഴ്സറി (വട്ടോളി, കുന്നമ്മൽ) എന്നിവിടങ്ങളിലും ഉയരം കുറഞ്ഞ ഇനത്തിലുള്ള വിവിധതരം പഴച്ചെടികൾ ലഭ്യമാണ്.

## കാർഷികമേഖലയ്ക്കുള്ള വായ്പ സൗകര്യങ്ങൾ

62 (5125) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയ്ക്കുള്ള വായ്പ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകുമോ?

കാർഷിക വായ്പ വിതരണവും അതിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ എല്ലാ കർഷകരെയും ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ (SLBC) ആഭിമുഖ്യത്തിൽ സംസ്ഥാനതല ക്യാമ്പയിൻ കൃഷി വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ അർഹരായ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ജില്ലാതലത്തിൽ ലീഡ്ബാങ്കിന്റെ നേതൃത്വത്തിലും ബാങ്ക് ശാഖകളിൽ മാനേജർമാരുടെ നേതൃത്വത്തിലും പ്രത്യേകം ക്യാമ്പയിനുകൾ നടത്തിവരുന്നുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് വായ്പ ലഭിക്കാൻ അർഹതയുള്ള കർഷകരെ ശിപാർശ ചെയ്യുന്നതിനും പരമാവധി കർഷകരെ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാകുക എന്ന ലക്ഷ്യത്തോടുകൂടി "കെ.സി.സി. സാച്ചുറേഷൻ" ക്യാമ്പയിൻ നടപ്പിലാക്കിവരുന്നു. കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ ഒരംഗത്തിന് നൽകാവുന്ന പരമാവധി വായ്പ പരിധി മൂന്ന് ലക്ഷം രൂപയിൽ നിന്നും അഞ്ച് ലക്ഷം രൂപയായി ഉയർത്തിയും പുതിയതായി കാർഷിക അനുബന്ധ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപയും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള സ്വർണപണയ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപയും അനുവദിച്ച് നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കെ. ബി. കിസാൻ മിത്ര വായ്പ പദ്ധതിയിലൂടെ 7% പലിശ നിരക്കിൽ 3% സബ്സിഡിയോടുകൂടി മൂന്ന് ലക്ഷം രൂപ വരെയും അതിന് മുകളിൽ 8.5% പലിശ നിരക്കിൽ കെ.ബി. എൽ.ടി. അഗ്രിക്കൾച്ചറൽ വായ്പയിലൂടെ കാർഷിക ആവശ്യങ്ങൾക്കുള്ള ദീർഘകാല വായ്പായി 60 ലക്ഷം രൂപ വരെയും കേരള ബാങ്ക് നൽകി വരുന്നു.

(ബി) കൃഷിക്കാർക്ക് നടീൽ വസ്തുക്കൾ സുലഭമായി ലഭിക്കാനും കാർഷിക വായ്പകളുടെ പലിശ സബ്സിഡി സമയബന്ധിതമായി ലഭിക്കാനും നടപടി സ്വീകരിക്കുമോ?

കൃഷിക്കാർക്ക് നടീൽവസ്തുക്കൾ സുലഭമായി ലഭിക്കാനായി 63 സർക്കാർ ഫാമുകളിലൂടെ ഈ സാമ്പത്തിക വർഷം 750 ടൺ നെൽവിത്ത്, 44 ലക്ഷം കുരുമുളക് തൈകൾ, 7 ടൺ പച്ചക്കറി വിത്ത്, 47 ലക്ഷം പച്ചക്കറി തൈകൾ, 50 ലക്ഷം ഫലവൃക്ഷ തൈകൾ, 40 ടൺ കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച കർഷകർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിൽ പദ്ധതിപ്രകാരം അടുത്ത നടീൽ സീസണിൽ വിതരണം ചെയ്യുന്നതിനായി 10 ലക്ഷം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. "നാളികേര വികസന കൗൺസിൽ" പദ്ധതിയിലൂടെ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് 50% നിരക്കിലും, "ഫല വർഗ്ഗ വികസന പദ്ധതിയിലൂടെ" സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഫല വൃക്ഷ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ, ടിഷ്യുകൾച്ചർ തൈകൾ) എന്നിവ 75% സബ്സിഡിയിലും, സുഗന്ധ വ്യഞ്ജന വികസന പദ്ധതിയിലൂടെയും, വിവിധ എസ്.എച്ച്.എം. സ്കീമുകളിലൂടെയും വേര് പിടിപ്പിച്ച കുരുമുളക് വള്ളികളും, വാഴകന്നുകളും, പച്ചക്കറി വികസന പദ്ധതികളിലൂടെ ഗുണമേന്മയുള്ള പച്ചക്കറി വിത്തും, തൈകളും സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. കൃഷിക്കാർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ സുലഭമായി ലഭ്യമാക്കുന്നതിന് നടീൽവസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ 2021-22 വർഷം സർക്കാർ ഫാമുകളിലൂടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്ത് ഉത്പാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും മാതൃ സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും ടിഷ്യുക്കൾച്ചർ ലാബുകളിലൂടെ ടിഷ്യു വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം അടുത്ത വർഷത്തിൽ വിതരണം ചെയ്യുന്നതിനായി 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ) ഫാമുകളിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിസാൻ ക്രെഡിറ്റ് കാർഡ് പോലുള്ള വായ്പകൾക്കുള്ള പലിശ സബ്സിഡി, പലിശ ഇൻസെന്റീവ് എന്നിവ സമയബന്ധിതമായി നൽകിവരുന്നു.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ**

63 (5126) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖാന്തരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കെ.എൽ.ഡി.സി. മുഖേന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

കെ.എൽ.ഡി.സി. മുഖേന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**വടക്കാഞ്ചേരി മണ്ഡലത്തിൽ കെ.എൽ.ഡി.സി. കനാലിൽ തടയണ**

64 (5127) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പോന്നോർപാടം, വടക്കേ പോന്നോർപാടം, മുണ്ടൂർ, പേരാമംഗലം പടവുകൾക്ക് ഉപയോഗപ്രദമായ തരത്തിൽ കെ.എൽ.ഡി.സി. കനാലിൽ ഊരകം-പതിയാർകുളങ്ങര താഴത്ത് തടയണ കെട്ടുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ.എൽ.ഡി.സി. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

(ബി) ഇത് പരിശോധിക്കുന്നതിന് വകുപ്പ് തല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.എൽ.ഡി.സി. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ തടയണ കെട്ടുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

കെ.എൽ.ഡി.സി. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലം

65 (5128) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പട്ടയം ലഭിച്ച 4537.50 ഏക്കർ സ്ഥലമുണ്ട്. കാസർഗോഡ് എസ്റ്റേറ്റ് - 4228.62 ഏക്കർ, ചീമേനി എസ്റ്റേറ്റ് -308.88 ഏക്കർ 1980 കാലഘട്ടത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന് കാസർഗോഡ് എസ്റ്റേറ്റിൽ 1192 ഹെക്ടർ സ്ഥലത്തിന് പട്ടയം ലഭിച്ചിട്ടുള്ളതാണ്. കൂടാതെ 2001-ൽ മുമ്പ് നല്കിയ 1192 ഹെക്ടർ സ്ഥലത്തിന്റെ പട്ടയം കൂടാതെ 519.2603 ഹെക്ടർ സ്ഥലത്തിനുകൂടി പട്ടയം ലഭിച്ചിട്ടുള്ളതാണ്. ചീമേനി എസ്റ്റേറ്റിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ പക്കലുള്ള 125 ഹെക്ടർ ഭൂമി (310 ഏക്കർ) സ്വന്തം ഭൂമിയാണ്.

(ബി) ഇതിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ സ്ഥലവും കൃഷി /കൃഷി അനുബന്ധ /മറ്റുള്ള വാണിജ്യ പ്രവർത്തികൾക്കായി ഉപയോഗിക്കുന്നു.

(സി) കൃഷി ചെയ്യാതെ തരിശായിക്കിടക്കുന്ന എത്ര ഏക്കർ ഭൂമിയുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൃഷി ചെയ്യാതെ തരിശു ഭൂമിയായി കിടക്കുന്ന ഭൂമിയില്ല.

## വയനാട് ജില്ലയിൽ വി.എഫ്.പി.സി.കെ. പ്രവർത്തനങ്ങൾ

66 (5129) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ വി.എഫ്.പി.സി.കെ. നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

വയനാട് ജില്ലയിൽ നിലവിൽ വി.എഫ്.പി.സി.കെ. നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

1) വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി ഉൽപാദനത്തിന് കർഷകരെ പ്രോത്സാഹിപ്പിക്കുക.

2) സാങ്കേതിക ജ്ഞാനവും പരിശീലനവും പകർന്നു നൽകി കർഷകരെ ശാക്തീകരിക്കുക.

3) ഉൽപാദനവും, ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

4) കാർഷികോപാധികൾ കർഷകർക്കു ലഭ്യമാക്കുക.

5) പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിപണികൾ ശക്തിപ്പെടുത്തി വരുമാന വർദ്ധനവ് സാധ്യമാക്കുക.

6) നാട്ടറിവുകളും ശാസ്ത്രീയരീതികളും സംയോജിപ്പിച്ച് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, മാതൃകാകൃഷിത്തോട്ടങ്ങൾ, തീവ്രയജ്ഞ പരിപാടികൾ തുടങ്ങിയവ നടപ്പിലാക്കുക.

7) കാർഷിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവഉൽപാദനോപാധികൾ എന്നിവ ലഭ്യമാക്കുക.

8) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക കയറ്റുമതിയ്ക്കുതകുന്ന ഉത്തമ കൃഷിമുറ രീതികൾ പ്രോത്സാഹിപ്പിക്കുക.

9) പങ്കാളിത്ത വായ്പാ പദ്ധതിവഴി സ്വാശ്രയ സംഘങ്ങളിലെ കർഷകർക്ക് കൃഷിക്കാവശ്യമായ വായ്പ യഥാസമയം ലളിതവും സുതാര്യവുമായ വ്യവസ്ഥകളോടെ ബാങ്കുകൾ വഴി കർഷകർക്ക് ലഭ്യമാക്കുക.

10) കർഷകർക്ക് സാങ്കേതിക അറിവ് പകർന്നു നൽകുന്നതിനായി വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്തുക.

11) വയനാട് ജില്ലയിൽ വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്കായി 16 സ്വാശ്രയ കർഷക സമിതികൾ വഴി കാർഷികമേഖലയിൽ വിപണി വിപുലീകരിക്കുന്നതിനും വിളസംഭരണം കാര്യക്ഷമമാക്കി അടിസ്ഥാന വില ഉറപ്പാക്കുന്നതിനും നടത്തുന്ന പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുക.

12) സ്വാശ്രയ കർഷക സമിതികൾ വഴി കർഷകന് അവരുടെ ഉൽപ്പന്നങ്ങൾ ഏറ്റവും ചെലവ് ചുരുക്കി മികച്ച വിലയ്ക്ക് വിപണനം നടത്തുവാൻ സഹായിക്കുക.

13) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കയറ്റുമതി മൂല്യമുള്ള ഉൽപന്നങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുക.

14) GAP/PGS മാനദണ്ഡങ്ങളനുസരിച്ചുള്ള പന്തൽ പച്ചക്കറി കൃഷിക്ക് 25,000/ഹെക്ടർ, പന്തൽ ഇതര പച്ചക്കറി വിളകൾക്ക് 20,000/ ഹെക്ടർ, ശീതകാല പച്ചക്കറി കൃഷിയ്ക്ക് 30,000/ ഹെക്ടർ എന്ന തോതിൽ ധനസഹായം ലഭ്യമാക്കുക.

15) മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശങ്ങളടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുക.

16) കർഷകർക്കാവശ്യമായ പമ്പ് സെറ്റ്, സ്പ്രേയർ, വീൽബാരോ മറ്റ് കൃഷിക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സഹായം നൽകൽ.

17) പുതിയ സാങ്കേതിക വിദ്യകൾ, പുത്തൻ വിളകൾ, വിളയിനങ്ങൾ തുടങ്ങിയവ കർഷകരിലേയ്ക്കെത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, പ്രദർശന തോട്ടങ്ങൾ, തീവ്രയത്ന പരിപാടികൾ, പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകൽ.

18) കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിന് കൃത്യതാ കൃഷിക്ക് പദ്ധതി സഹായം നൽകൽ.

19) ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്നും വായ്പാ സഹായം ലഭ്യമാക്കുക.

20) വിപണി ഓഡിറ്റിങ്, കമ്പ്യൂട്ടറൈസേഷൻ, വില വിവര സെന്ററിന്റെ പ്രവർത്തനം, സെയിൽസ് പ്രമോഷൻ ഇൻസെന്റീവ് എന്നിവയ്ക്കും മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി പദ്ധതി സഹായം നൽകൽ.

21) വയനാട് ജില്ലയിലെ മുട്ടിലിൽ ചക്ക സംഭരണ കേന്ദ്രം മുഖേന ചക്ക സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം നൽകുന്നതിനും ചക്കയുടെ മൂല്യവർദ്ധന പരിശീലനങ്ങൾ കർഷകർക്ക് നൽകി ചക്ക സംസ്കരണ/മൂല്യവർദ്ധന കേന്ദ്രം ആരംഭിക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതി സഹായം ലഭ്യമാക്കുന്നു.

(ബി) പച്ചക്കറി ശേഖരിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന 14 സ്വാശ്രയ കർഷക സമിതികളിൽ കേരള ബ്രാൻഡ് പഴം-പച്ചക്കറികൾക്ക് താങ്ങുവില (AIP) അഗ്രികൾച്ചറൽ ഇൻസെന്റീവ് പ്രൈസ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രകാരം പഴം-പച്ചക്കറികൾ വയനാട് വി.എഫ്.പി.സി.കെ. സംഭരിക്കുന്നുണ്ട്.

1. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, അമ്പലവയൽ
2. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, സുൽത്താൻബത്തേരി
3. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, ചീരാൽ
4. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, കണിയാംപറ്റ
5. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, മാനന്തവാടി
6. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, മുട്ടിൽ
7. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, പടിഞ്ഞാറേത്തറ
8. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, നീർവാരം
9. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, പൂത്താടി
10. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, തരിയോട്
11. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, പേര്യാ
12. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, തൊണ്ടർനാട്
13. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, വെള്ളമുണ്ട
14. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതി, വേങ്ങാപ്പിള്ളി.

## മഞ്ചേശ്വരം വൊർക്കാടിയിൽ സ്ഥിതി ചെയ്യുന്ന കൃഷി വിജ്ഞാന കേന്ദ്രം

67 (5130) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ) മഞ്ചേശ്വരം താലൂക്കിലെ വൊർക്കാടിയിൽ സ്ഥിതി ചെയ്യുന്ന കൃഷി വിജ്ഞാന കേന്ദ്രം നിലവിൽ കർഷകർക്ക് പ്രയോജനകരമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത സ്ഥാപനത്തിന് എത്ര ഭൂമിയാണ് നിലവിലുള്ളതെന്നും ഭൂമി പ്രസ്തുത സ്ഥാപനത്തിന് കൈമാറിയതാണോ പാട്ടവ്യവസ്ഥയിൽ നൽകിയതാണോയെന്നും വിശദമാക്കാമോ; സ്ഥാപനത്തിന് ഭൂമി കൈമാറിക്കിട്ടിയത് സംബന്ധിച്ച രേഖയുടെ/സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

13-8-1996-ലെ സ.ഉ.(കൈ)നമ്പർ 472/96/റവന്യൂ ഉത്തരവുപ്രകാരം ഈ സ്ഥാപനത്തിന് 16.05 ഏക്കർ ഭൂമി 25 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് നൽകിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

| ക്രമ നമ്പർ | ഉദ്യോഗസ്ഥർ | എണ്ണം | ശമ്പളം (വർഷത്തിൽ) |
|---|---|---|---|
| 1 | പ്രൊഫസർ & ഹെഡ് | 1 | 27.905 ലക്ഷം |
| 2 | അസിസ്റ്റന്റ് | 1 | 5.046 ലക്ഷം |
| 3 | സ്ഥിരം തൊഴിലാളി | 1 | 3.840 ലക്ഷം |
| ആകെ | | 3 | 36.791 ലക്ഷം |

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള സ്ഥിര ഉദ്യോഗസ്ഥരുടെയും താൽകാലിക ഉദ്യോഗസ്ഥരുടെയും വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പളയിനത്തിലും മറ്റ് ആനുകൂല്യങ്ങളായും പ്രതിവർഷം എത്ര തുകയാണ് വേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്ഥാപനത്തിലെ സ്ഥിരം ഉദ്യോഗസ്ഥരുടേയും തൊഴിലാളികളുടേയും ശമ്പള/ആനുകൂല്യ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഉദ്യോഗസ്ഥർ | എണ്ണം | ശമ്പളം (വർഷത്തിൽ) |
|---|---|---|---|
| 1 | ഫാം ഓഫീസർ | 1 | 1.614 ലക്ഷം |
| 2 | ഡ്രൈവർ | 1 | 1.634 ലക്ഷം |
| 3 | ക്ലാസ് IV | 1 | 1.522 ലക്ഷം |
| 4 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 1 | 1.716 ലക്ഷം |
| 5 | സ്കിൽഡ് അസിസ്റ്റന്റ് | 1 | 1.386 ലക്ഷം |
| 6 | വാച്ച്മാൻ | 2 | 3.960 ലക്ഷം |
| 7 | കോൺട്രാക്ട് ലേബർ | 3 | 3.762 ലക്ഷം |
| 8 | സ്കിൽഡ് ലേബർ | 1 | 1.320 ലക്ഷം |
| ആകെ | | 11 | 16.914 ലക്ഷം |

(ഡി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി വാഹനം ഉണ്ടോ; എങ്കിൽ വാഹനത്തിന്റെ വിശദവിവരങ്ങളും ഇതിനായി പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉണ്ട്. അംബാസിഡർ കാർ (KL-60-9126) ഇന്ധന/അറ്റകുറ്റ പണിയിനത്തിൽ പ്രതിവർഷം 40,000 രൂപയുടെ ചെലവ് വരുന്നുണ്ട്.

(ഇ) സ്ഥാപനത്തിന്റെ ഭരണപരമായ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഭരണപരമായ ആവശ്യങ്ങൾക്കായി പ്രതിവർഷം 54.5 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്.

(എഫ്) സ്ഥാപനത്തിൽ കർഷകർക്ക് ഗുണകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ സ്ഥാപനത്തിൽ കർഷകർക്ക് ഗുണകരമാകുന്ന കൃഷി, മൃഗസംരക്ഷണം, പോഷകം, ആരോഗ്യക്ഷേമം തുടങ്ങിയ വിവിധ കാർഷിക മേഖലകളെകുറിച്ച്

പ്രാദേശിക ഭാഷയിൽ പരിശീലനം നൽകിവരുന്നു. കൂൺ കൃഷി, തേനീച്ച വളർത്തൽ, പച്ചക്കറി കൃഷി, വെർമീ കംപോസ്റ്റിംഗ് യൂണിറ്റ് എന്നിവയുടെ പ്രദർശന യൂണിറ്റ് സ്ഥാപിക്കുകയും കർഷക പരിശീലനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. 2018 മുതൽ 2021 വരെയുള്ള കാലയളവിൽ 20 ഓളം പരിശീലന പരിപാടികൾ കർഷകർക്കായി നടത്തിയിട്ടുണ്ട്.

(ജി) പ്രസ്തുത സ്ഥാപനത്തിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ അഗ്രികൾച്ചർ ബിരുദ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഇരിമ്പിളിയം, കോട്ടയ്ക്കൽ കൃഷിഭവനുകളുടെ കെട്ടിട നിർമ്മാണം**

68 (5131) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, കോട്ടയ്ക്കൽ എന്നീ കൃഷിഭവനുകളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടങ്ങൾ തകർന്ന് വീഴാറായ അവസ്ഥയിലായതിനാൽ പ്ലാൻ ഫണ്ടിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായി RIDF പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി നിർമ്മിക്കുവാനുള്ള സ്മാർട്ട് കൃഷിഭവനുകളിൽ ഇരിമ്പിളിയം കൃഷി ഭവൻ ശിപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. കോട്ടയ്ക്കൽ കൃഷിഭവൻ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. കൃഷി ഭവന്റെ നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഫണ്ട് നീക്കിവെച്ചിട്ടില്ല. കൃഷിഭവനുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ള സ്ഥാപനങ്ങളായതിനാൽ കൃഷിഭവനുകളുടെ കെട്ടിടം പുതുക്കി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്.

## കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

69 (5132) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനകളിൽ കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ കൃഷിഭവനകളിൽ കൃഷി ഓഫീസർമാരുടെ 112 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പി.എസ്.സി.-യുടെ നിർദ്ദേശപ്രകാരം പ്രസ്തുത ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ കൃഷിഭവനകളിൽ കൃഷി ഓഫീസർമാരുടെ 112 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുകയും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പി.എസ്.സി.-യുടെ നിർദ്ദേശപ്രകാരം പ്രസ്തുത ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

## കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഒഴിവുകൾ നികത്തുന്നതിന് നടപടി

70 (5133) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനകളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്താത്തതുകാരണം കർഷകർക്കും പൊതുജനങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ കൃഷിഭവനകളിലായുള്ള കൃഷി ഓഫീസർമാരുടെ 112 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പി.എസ്.സി.-യിൽ നിന്നുള്ള നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൃഷിഭവനുകളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കൃഷി ഓഫീസർമാരുടെ 112 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽകാലിക നിയമനം നടത്തി നികത്തിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു:

| കൃഷി അസിസ്റ്റന്റ് (ജില്ല) | ഒഴിവുകൾ |
|---|---|
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 4 |
| കോട്ടയം | 4 |
| ഇടുക്കി | 13 |
| എറണാകുളം | 36 |
| തൃശ്ശൂർ | 38 |
| പാലക്കാട് | 2 |
| മലപ്പുറം | 12 |
| കോഴിക്കോട് | 57 |
| വയനാട് | 1 |
| കണ്ണൂർ | 55 |
| കാസർഗോഡ് | 1 |

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ്, പെരിങ്ങളം, കുന്നോത്ത് പറമ്പ്, കോട്ടയം മലബാർ, തൃപ്രങ്ങോട്ടൂർ എന്നീ കൃഷിഭവനുകളിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൂത്തുപറമ്പ്, പെരിങ്ങളം, കുന്നോത്ത് പറമ്പ്, കോട്ടയം മലബാർ, തൃപ്രങ്ങോട്ടൂർ എന്നീ കൃഷിഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. പെരിങ്ങളം കൃഷിഭവനിലെ കൃഷി ഓഫീസർ മാതൃത്വ അവധിയിലായതിനാൽ അഡീഷണൽ ചാർജ് ചൊക്ലി കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ നിലവിലുള്ള പതിനൊന്ന് ഒഴിവുകളിൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നുള്ള നിയമന ശിപാർശ പ്രകാരം തൃപ്രങ്ങോട്ടൂർ കൃഷിഭവനിൽ ഒരു കൃഷി അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട്.

(ഇ) കണ്ണൂർ ജില്ലയിൽ രണ്ട് വർഷമായി ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ പൂഴാതി, മട്ടന്നൂർ, ഉദയഗിരി, പള്ളിക്കുന്ന്, ചിറ്റാരിപ്പറമ്പ്, പെരളശ്ശേരി, തളിപ്പറമ്പ്, വളപട്ടണം, മാലൂർ എന്നീ കൃഷിഭവനുകളിൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പട്ടുവം, ചെറുകുന്ന്, നാറാത്ത് കൃഷിഭവനുകളിൽ സ്ഥാനക്കയറ്റം നൽകിയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒഴിവുള്ള മറ്റ് കൃഷിഭവനുകളിലേയ്ക്ക് കൃഷി ഓഫീസർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ/സ്ഥലം മാറ്റത്തിലൂടെയോ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് കൃഷി അസിസ്റ്റന്റുമാരെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ തസ്തികകളെ കുറിച്ചുള്ള പഠനം**

71 (5134) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി സംസ്ഥാനത്തെ കാർഷിക വികസന-കർഷക ക്ഷേമ വകുപ്പിലെ നിലവിലുള്ള തസ്തികകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ കാർഷിക വികസന കർഷക- ക്ഷേമ വകുപ്പിലെ നിലവിലുള്ള തസ്തികകളെ കുറിച്ച് " ഹ്യൂമൺ റിസോഴ്സ് ഡയഗോണോസ്റ്റിക്സ് ഇൻ അഗ്രികൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ്" എന്ന പഠനം നടത്തുന്നതിനായി M/s C.S Datamation Pvt Ltd എന്ന സ്ഥാപനത്തെ ടെൻഡർ നടപടി മുഖാന്തരം ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് തയ്യാറായിവരുന്നു.

(ബി) എങ്കിൽ സർക്കാർ വകുപ്പുകളിൽ ഇത്തരം പഠനം നടത്തുന്നതിലുള്ള പ്രസ്തുത ഏജൻസിയുടെ മുൻപരിചയം, രാജ്യത്തെ ഏതെങ്കിലും സർക്കാർ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത ഏജൻസി നടത്തിയ പഠന റിപ്പോർട്ട് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ വകുപ്പുകളിൽ ഇത്തരം പഠനം നടത്തുന്നതിൽ പ്രസ്തുത ഏജൻസിയുടെ മുൻപരിചയം ചുവടെ ചേർക്കുന്നു.

- കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിലെ Sub-Mission on Plant Protection & Quarantine Systems (PPQS), മാനുഷിക വിഭവശേഷി, പുനഃസംഘടന, നവീകരണം എന്നിവയെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.
- കേന്ദ്ര നാളികേര വികസന ബോർഡിനും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Directorate of Marketing & Inspection (DMI) യുടെ ശാക്തീകരണത്തിനുവേണ്ടിയും അഗ്മാർക്ക് (Agmark) ഗ്രേഡിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ ഏജൻസി പഠനം നിലവിൽ നടത്തികൊണ്ടിരിക്കുന്നു. ഇതുകൂടാതെ ഇതര കാർഷിക അനുബന്ധ മേഖലകളിലും പ്രസ്തുത ഏജൻസി 10-ൽ അധികം പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) പഠനവുമായി ബന്ധപ്പെട്ട് പ്രസ്തുത ഏജൻസി വിവര ശേഖരണത്തിനായി തയ്യാറാക്കിയ ചോദ്യാവലി വിവിധ ജില്ലകളിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഓഫീസുകളിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിവരശേഖരണത്തിന്റെ ഭാഗമായി പ്രസ്തുത ഏജൻസി വിവിധ ജില്ലകളിൽ ഫീൽഡ് സന്ദർശനം നടത്തിയതും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ പ്രവൃത്തിക്കുന്നതുമായ ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും/ഓഫീസുകളിലെയും എല്ലാ വിഭാഗം ജീവനക്കാർക്കും വിവിധ തരം ചോദ്യാവലികൾ നല്കിയിരുന്നു. വിവര ശേഖരണത്തിന്റെ ഭാഗമായി പ്രസ്തുത ഏജൻസി തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ നടത്തിയ ഫീൽഡ് സന്ദർശനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം

1. Central Soil Testing laboratory, Parottukonam

2. Fertilizer Quality Control Lab, Parottukonam

3. Pesticide Testing Lab, Parottukonam

4. Bio Fertilizer Lab, Parottukonam

5. Seed Testing Lab

6. Farm Information Bureau

7. Research testing & Training Centre, Vellayani

8. Regional Biogas Development and Training Centre, Vellayani

9. Regional Agricultural Technology &Training Centre , Kazhakootam

10. Bio Technology and Model Flori Culture Centre, Kazhakootam

11. Coconut Nursery, Kazhakootam

12. State Agriculture Management & Extension Training Institute (SAMETI), Anayara

13. Small Farmers Agri Business Consortium (SFAC)

14. Office of the Assistant Executive Engineer, Anayara

15. Principal Agricultural Office, Thiruvananthapuram

16. Directorate of Agriculture

17. Agricultural Urban Whole Sale Market, Anayara

18. State Horticulture Mission (SHM)

19. Directorate of Soil Conservation and Soil Survey

ആലപ്പുഴ

1. State Agmark Grading Laboratory

2. Soil testing Laboratory

3. Office of the Project Director , ATMA

4. Kerala Centre for Pest Management, Mancombu

5. Office of the Assistant Director of Agriculture Champakkulam

കാർഷിക മേഖലയെ മഴയുടെ അളവ്, ഭൂപ്രകൃതി, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മണ്ണിന്റെ തരം എന്നിവയുടെ അടിസ്ഥാനത്തിൽ 5 കാർഷിക പാരിസ്ഥിതിക മേഖലകളിലായി (Agro Ecological Zones) വിഭജിച്ച് ഓരോ അഗ്രോ എക്കോളജിക്കൽ സോണുകളിലെ ഒരു പഞ്ചായത്തും, പഞ്ചായത്തിലെ കൃഷിഭവനും പഠന ടീം സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

AEZ 1 - കോസ്റ്റൽ പ്ലെയിൻ - ആലപ്പുഴ ജില്ലയിലെ നെടുമുടി പഞ്ചായത്ത്

AEZ 2 - മിഡ് ലാന്റ് ലാറ്ററൈറ്റ് - മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം പഞ്ചായത്ത്

AEZ 3- ഫൂട്ട് ഹിൽസ് - എറണാകുളം ജില്ലയിലെ പല്ലാരിമംഗലം പഞ്ചായത്ത്

AEZ 4- ഹൈ ഹിൽസ് - ഇടുക്കി ജില്ലയിലെ സേനാപതി പഞ്ചായത്ത്

AEZ-പാലക്കാട് പ്ലെയിൻസ് - പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്ത്

(ഡി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനെ കൂടാതെ കൃഷിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പിൽ നിലവിലുള്ള തസ്തികകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൂടാതെ മണ്ണ് പര്യവേക്ഷണ കേന്ദ്രത്തിലെ മാനുഷിക വിഭവശേഷിയെ സംബന്ധിച്ചും സി.എസ്സ്. ഡാറ്റമേഷൻ പ്രൈവറ്റ് ലിമിറ്റഡ്, പഠനം നടത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ഡയറക്ടറും പ്രസ്തുത ഏജൻസിയും ഒപ്പിട്ട ധാരണാപത്രം അനുസരിച്ചാണ് മണ്ണ് പര്യവേക്ഷണ കേന്ദ്രത്തിലെ പഠനം നടത്തിയിട്ടുള്ളത്. ആയതിന്റെ അന്തിമ റിപ്പോർട്ട് തയ്യാറായിവരുന്നു.

## കൃഷി ഓഫീസർ തസ്തികയിലെ ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള (കാഴ്ചപരിമിതർ) ഒഴിവുകൾ നികത്തുവാനുള്ള നടപടി

72 (5135) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ നിയമനത്തിനായി കാറ്റഗറി നമ്പർ 271/2014 പ്രകാരം നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും ഭിന്നശേഷി വിഭാഗത്തിൽ (കാഴ്ച പരിമിതർ) നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്; പ്രസ്തുത റാങ്ക് പട്ടികയിൽ എത്ര എൻ.സി.എ. ഒഴിവുകൾ ഭിന്നശേഷി (കാഴ്ച പരിമിതർ) വിഭാഗത്തിനുണ്ടായിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ നിയമനത്തിനായി കാറ്റഗറി നമ്പർ 271/2014 പ്രകാരമുള്ള റാങ്ക് പട്ടികയിൽ ഭിന്നശേഷിക്കാരിലെ കാഴ്ചപരിമിതർ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ടി വിഭാഗത്തിനായുള്ള ഊഴങ്ങൾ പ്രകാരമുള്ള 7 (ഏഴ്) ഒഴിവുകൾ നിലവിലെ ചട്ടങ്ങൾ പ്രകാരം അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്.

(ബി) ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള (കാഴ്ചപരിമിതർ) ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ നിയമനത്തിനായി കാറ്റഗറി നമ്പർ 271/2014 പ്രകാരമുള്ള റാങ്ക് പട്ടികയിൽ ഭിന്നശേഷിക്കാരിലെ കാഴ്ച പരിമിതർ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ടി വിഭാഗത്തിനായുള്ള ഊഴങ്ങൾ പ്രകാരമുള്ള 7 (ഏഴ്) ഒഴിവുകൾ നിലവിലെ ചട്ടങ്ങൾ പ്രകാരം അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് കൃഷി വകുപ്പിൽ സ്ഥിരം തസ്തികകൾ

73 (5136) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പിൽ നാളിതുവരെയായി എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇങ്ങനെ സൃഷ്ടിച്ച തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ചെലവ് ഏത് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മയ്ക്കായി ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനുള്ള ചെലവ് ആത്മ പദ്ധതി ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. (60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും) കേന്ദ്രാവിഷ്കൃത പദ്ധതിയായ ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മാന്യൂർ പ്രോഗ്രാം (NNBOMP)ൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് ന്യൂ & റിന്യൂവബിൾ എനർജി വിഭാഗത്തിൽനിന്നും എല്ലാ വർഷവും ടാർജറ്റും അലോക്കേഷനും നൽകുകയും ആയത് ജില്ലകൾക്ക് വീതിച്ച് നൽകുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്കും, ജോലി നോക്കുന്ന സ്ഥിരം ജീവനക്കാർക്ക് ശമ്പളയിനത്തിലും സംസ്ഥാന ബഡ്ജറ്റിൽ 2810-00-105-99-01-പ്ലാൻ സാലറീസ് ശീർഷകത്തിൽ തുക അനുവദിച്ചു വരുന്നു. പദ്ധതി നടപ്പിലാക്കി കഴിയുന്ന മുറയ്ക്ക് അക്കൗണ്ടന്റ് ജനറൽ നൽകുന്ന യൂട്ടിലൈസേഷൻ ഓഡിറ്റ് സർട്ടിഫിക്കറ്റ് (UC) പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് ഫണ്ട് റീ-ഇംബേഴ്സ് ചെയ്തുവരുന്നു.

### ആലപ്പുഴ ജില്ലയിൽ എൽ.ഡി.സി. നിയമനം

74 (5137) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കൃഷി വകുപ്പിലെ എൽ.ഡി.സി. തസ്തികയിലേയ്ക്ക് പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഒഴിവില്ലാത്തിന്റെ പേരിൽ നിയമനം ലഭിക്കാഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ട് പ്രസ്തുത ഒഴിവുകളിൽ സ്ഥലം മാറിവന്നവരെ നിയമിച്ചതുമൂലമാണ് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തതിന് കാരണമായതെന്ന് പരിശോധിക്കുമോ; അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പിലെ ക്ലർക്ക് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ സംബന്ധിച്ച കോടതി കേസിന്റെ അടിസ്ഥാനത്തിൽ ഹെഡ് ക്ലർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം താത്കാലികമായി അസ്ഥിരപ്പെട്ടിരുന്നതിനാൽ എൻട്രി കേഡർ തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുള്ളവർക്ക് നിയമന ഉത്തരവ് നൽകുന്നതിന് താത്കാലികമായി കാലതാമസം നേരിട്ടിരുന്നു. എന്നാൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടതി ഉത്തരവിൻ പ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുള്ളതിനാൽ, നിയമന ഉത്തരവ് നൽകുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**കൃഷി വകുപ്പിൽ സൃഷ്ടിച്ച ഉന്നത തസ്തികകളും കാർഷിക പുരോഗതിയും**

75 (5138) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകളുടെ എണ്ണം 2016-ൽ എത്രയായിരുന്നുവെന്നും 2021-ൽ പ്രസ്തുത തസ്തികകളുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ?

2016-ലെ തസ്തികകളുടെ എണ്ണത്തിന്റെ വിശദാംശം അസിസ്റ്റന്റ് ഡയറക്ടർ-342 ഡെപ്യൂട്ടി ഡയറക്ടർ -125 ,ജോയിന്റ് ഡയറക്ടർ -40 ,അഡീഷണൽ ഡയറക്ടർ-10. 2016 -നുശേഷം മേൽ സൂചിപ്പിച്ച തസ്തികകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായിട്ടില്ല.

(ബി) 2016-2021 കാലയളവിൽ കൃഷി ഓഫീസർമാരുടെ എത്ര പ്രൊമോഷൻ തസ്തികകൾ (അപ്പ് ഗ്രേഡ് ചെയ്തതുൾപ്പെടെ) സൃഷ്ടിച്ചിട്ടുണ്ടെന്നും എസ്.എച്ച്.എം., ആത്മ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-2021 കാലയളവിൽ ഒരു കൃഷി ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. എസ്.എച്ച്.എം., ആത്മ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ തസ്തികകളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല.

(സി) 2016-ലെ കാർഷിക രംഗത്തെ ഉൽപ്പാദന വർദ്ധനവും അധിക തസ്തികകൾ സൃഷ്ടിച്ചതിന് ശേഷമുള്ള ഉല്പാദന വർദ്ധനവും തരംതിരിച്ച് വിശദമാക്കാമോ?

കാർഷികരംഗത്തെ ഉല്പാദന വർദ്ധനവ് വിവിധ ഘടകങ്ങളെ ആശ്രയിച്ചിട്ടുള്ളതാണ്. പുതുതായി സൃഷ്ടിച്ച തസ്തികകൾ കാർഷിക രംഗത്തെ വിജ്ഞാന വ്യാപന പ്രവർത്തനത്തിന് കൂടുതൽ പ്രയോജനപ്പെടുകയും നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് സഹായമാവുകയും ആയത് ഉല്പാദന വർദ്ധനവിന് സഹായിക്കുകയും ചെയ്യുന്നു.

(ഡി) കൃഷി വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ടുള്ള എച്ച്.ആർ.ഡി. കരട് റിപ്പോർട്ടിൽ താഴ്ന്നവിഭാഗം ജീവനക്കാർക്കെതിരെയുള്ള പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കൃഷി വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ടുള്ള എച്ച്.ആർ.ഡി. കരട് റിപ്പോർട്ടിലെ വിയോജിപ്പ് വിവിധ സംഘടനാ പ്രതിനിധികളും കൃഷി ഡയറക്ടറേറ്റിലെ ഉന്നതതല ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഡയറക്ടർ മുഖേന പ്രസ്തുത പഠനം നടത്തിയ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മാറ്റം വരുത്തിയ കരട് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഇ) കൃഷി വകുപ്പിന്റെ അടിസ്ഥാന ഓഫീസുകളിലെ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ടുള്ള എച്ച്.ആർ.ഡി. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് പുനഃസംഘടന**

76 (5139) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷക ക്ഷേമവകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കർഷകക്ഷേമ വകുപ്പ് ജീവനക്കാരുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട പഠനം നടത്തി റിപ്പോർട്ട് നൽകാൻ M/s C.S Datamation Private Ltd എന്ന സ്ഥാപനത്തെ ടെണ്ടർ നടപടി പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് ടെണ്ടർ ചെയ്ത് ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കർഷകക്ഷേമ വകുപ്പ് ജീവനക്കാരുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട പഠനം നടത്തി റിപ്പോർട്ട് നൽകാൻ M/s C.S Datamation Private Ltd എന്ന സ്ഥാപനത്തെ ടെണ്ടർ നടപടി പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ കൃഷി ഓഫീസർമാരുടെ തസ്തികകൾ

77 (5140) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കൃഷി ഭവനുകളിലാണ് കൃഷി ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ പരളുർ, കണ്ണമ്പ്ര, കരിമ്പുഴ എന്നീ കൃഷി ഭവനുകളിലാണ് നിലവിൽ കൃഷി ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത്.

(ബി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ ഒഴിവുള്ള കൃഷി ഭവനുകളിലേയ്ക്ക് കൃഷി ഓഫീസർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ സ്ഥലം മാറ്റത്തിലൂടെയോ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലാന്റേഷൻ കോർപ്പറേഷനിലെ വനിതാ ജീവനക്കാരിയുടെ പരാതി

78 (5141) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ സ്ഥാപനത്തിലെ വനിതാ ജീവനക്കാരി തൊഴിൽ സ്ഥലത്ത് ലൈംഗികമായി പീഡിപ്പിച്ചു എന്ന പരാതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൻമേൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) മാനേജിംഗ് ഡയറക്ടർക്കെതിരെ അന്വേഷണവിധേയമായി നടപടി സ്വീകരിക്കുമോ?

(എ-സി) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർക്കെതിരെ സ്ഥാപനത്തിലെ ജീവനക്കാരി തന്നെ മാനസികമായി പീഡിപ്പിച്ചുവെന്ന പരാതി നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി മുമ്പാകെ നല്കിയ പരാതി കോട്ടയം കളക്ടറേറ്റിലെ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിക്ക് (എൽ.സി.സി) കൈമാറുകയും ടി പരാതി പരിശോധിച്ച കോട്ടയം ജില്ലാ ശിശു വികസന ആഫീസറുടെ ശിപാർശ പ്രകാരം കോട്ടയം ജില്ലാ കളക്ടർ & ജില്ലാ ഓഫീസർ, ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി 12-8-2021-ലെ

DCKTM/3400/2021-M1 നമ്പർ കത്ത് പ്രകാരം പി.സി.കെ.എൽ. മാനേജിംഗ് ഡയറക്ടർക്കെതിരെ Sexual Harassment of Women at Work Place (Prevention , Prohibition and Redressal) Act 2013 Chapter 5, Section 13 (3) പ്രകാരം നടപടി സ്വീകരിക്കുവാൻ നല്കിയ ശിപാർശ ഇക്കാര്യത്തിലുള്ള നടപടിക്രമം പൂർണ്ണമായും പൂർത്തീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 25-10-2021 ലെ Agri-PU1/82/2021-Agri നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ & ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി ജില്ലാ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഗർഭിണിയായ ജീവനക്കാരിയെ ജില്ല മാറ്റി സ്ഥലം മാറ്റം ചെയ്തതായി ആരോപിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റം ചെയ്ത ഈ നടപടി റദ്ദ് ചെയ്ത് ടി ജീവനക്കാരിയെ തിരികെ പത്തനംതിട്ട ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് കോർപ്പറേഷനിൽ താല്കാലിക ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമായ സ്ഥലത്താണ്. അപ്രകാരം ജീവനക്കാരെ ആവശ്യമെന്ന് ബോദ്ധ്യപ്പെട്ട ജില്ലയിലാണ് ടിയാരിക്ക് നിയമനം നല്കിയത്. 22-6-2021 ന് ജോലിക്ക് റിപ്പോർട്ട് ചെയ്ത ജീവനക്കാരി ഗർഭിണിയാണെന്നതിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണനയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ സൗകര്യപ്രദമായ പത്തനംതിട്ട ജില്ലയിലെ കൊടുമൺ എസ്റ്റേറ്റിലേയ്ക്ക് 30-7-2021-ാം തീയതി മുതൽ നിയോഗിച്ചിരുന്നു. തുടർന്ന് 13-9-2021 തീയതി മുതൽ ടിയാരി പ്രസവാവധിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്.

### അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലെ നിലവിലെ ഒഴിവുകൾ

79 (5142) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നതിന്റെ കണക്ക് ജില്ല തിരിച്ച് അറിയിക്കുമോ; ഇവ നികത്തുന്നതിന് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 4 |
| കോട്ടയം | 4 |
| ഇടുക്കി | 13 |
| എറണാകുളം | 36 |
| തൃശ്ശൂർ | 38 |
| പാലക്കാട് | 2 |
| മലപ്പുറം | 12 |
| കോഴിക്കോട് | 57 |
| വയനാട് | 1 |
| കണ്ണൂർ | 55 |
| കാസർഗോഡ് | 1 |

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

(ബി) നിലവിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ലഭിച്ച എത്ര പേർക്ക് നിയമന ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് 110 പേരുടെ നിയമന ശിപാർശ ലഭിക്കുകയും അവർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

**കൃഷി ഫീൽഡ് ഓഫീസർ തസ്തിക**

80 (5143) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച നഗരസഭകളിലും നിലവിലുള്ള ചില നഗരസഭകളിലും കൃഷി ഫീൽഡ് ഓഫീസർ തസ്തിക ഇതുവരെയും സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തസ്തിക സൃഷ്ടിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) ഓരോ ബ്ലോക്ക് അടിസ്ഥാനത്തിലും സീനിയർ കൃഷി അസിസ്റ്റന്റുമാർക്ക് പ്രമോഷൻ നൽകി കൃഷി ഫീൽഡ് ഓഫീസർ തസ്തിക സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കൃഷി ഫീൽഡ് ഓഫീസർ തസ്തികയ്ക്ക് ഡി.ഡി.ഒ.-യുടെ അധികാരം നൽകുമോ; അതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**തിരൂർ നിയോജകമണ്ഡലത്തിൽ കൃഷിനാശ നഷ്ടപരിഹാരം**

81 (5144) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പ്രളയം, പ്രകൃതിക്ഷോഭം എന്നിവ മൂലം ഉണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി 2019-20, 2020-21, 2021-22 എന്നീ കാലയളവിൽ ലഭിച്ച അപേക്ഷകൾ എത്രയെന്നും അവയിൽ എത്ര അപേക്ഷകളിൽ എത്ര തുകവീതം അനുവദിച്ചു എന്നും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ വർഷം തിരിച്ച് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത അപേക്ഷകളിൻമേൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും അവ എപ്പോൾ പരിഗണിച്ച് നഷ്ടപരിഹാരം നൽകാനാകുമെന്നും വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ 25-10-2021 വരെ ആകെ 89 അപേക്ഷയിൽ നഷ്ടപരിഹാരം നൽകുവാൻ ബാക്കിയുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലയിലെ വളം ക്ഷാമം**

82 (5145) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കർഷകർക്ക് കൃഷിക്കാവശ്യമായ വളങ്ങളുടെ ക്ഷാമം അഭിമുഖീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ കേരളത്തിൽ വളം വിതരണം ചെയ്യുന്ന കമ്പനിക്കാരോട് അടിയന്തരമായി വയനാട് ജില്ലയിൽ വളം എത്തിക്കുവാൻ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്പോൾ ലഭ്യമായ വളങ്ങൾ ഉടൻ തന്നെ കമ്പനികൾ അവിടെ എത്തിക്കുകയുംചെയ്തു. നിലവിൽ വളം ചില്ലറ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിൽപ്പന നടത്തേണ്ടത് POS മെഷീൻ മുഖേനയാണ്. പല റീട്ടെയിൽ വില്പനക്കാരും POS മെഷീൻ മുഖേന വളം വിതരണം ചെയ്യാത്തതിനാൽ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ സ്റ്റോക്ക് POS മെഷീനിൽ കാണിക്കും. POS മെഷീനിലുള്ള നീക്കിയിരുപ്പ് സ്റ്റോക്ക് നോക്കിയാണ് ഓരോ ജില്ലയിലേയും വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നത്. ഒക്ടോബർ മാസം 11, 12 തീയതികളിൽ സംസ്ഥാനത്തൊട്ടാകെയുള്ള വളം ഡിപ്പോകളിൽ കൃഷി ഉദ്യോഗസ്ഥർ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി പരിശോധന നടത്തുകയും POS-ലുള്ള സ്റ്റോക്കും യഥാർത്ഥത്തിലുള്ള സ്റ്റോക്കും തമ്മിലുള്ള പൊരുത്തക്കേട് തിരുത്തിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവർത്തനം തുടർന്നുവരികയും ചെയ്യുന്നു.

(ബി) നിലവിൽ ഏതെല്ലാം വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഡൈ അമോണിയം ഫോസ്ഫേറ്റ് (DAP) എന്ന വളത്തിനാണ് ക്ഷാമം നേരിടുന്നത്.

(സി) കൃഷിക്കാവശ്യമായ വിവിധ വളങ്ങൾ വാങ്ങുന്നതിന് കർഷകർക്ക് സബ്സിഡി അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വില്പനശാലകളിലൂടെ വിതരണം ചെയ്യുന്നത് സബ്സിഡി നിരക്കിലുള്ള വളങ്ങളാണ്. നിലവിൽ കേന്ദ്ര ഗവൺമെന്റ് സബ്സിഡി നൽകുന്നത് വളം വിതരണം ചെയ്യുന്ന കമ്പനികൾക്കാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ കൂടി വളം ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾ കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

### മുള്ളൻപന്നി ശല്യത്തിൽ കൃഷിനാശം

83 (5146) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൻപുറങ്ങളിൽ ഉൾപ്പെടെ മുള്ളൻപന്നി ശല്യത്തിൽ വ്യാപകമായ കൃഷി നാശമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആയത് തടയുന്നതിന് കർഷകർക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നല്കാൻ സാധിക്കുകയെന്നതിന്റെ വിശദവിവരം അറിയിക്കുമോ?

മുള്ളൻപന്നി ശല്യത്തിൽ വ്യാപകമായ കൃഷിനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് കർഷകർക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. സാധ്യമാകുന്ന സ്ഥലങ്ങളിൽ കൃഷിസ്ഥലത്തിന് ചുറ്റും വേലി നിർമ്മിച്ച് മുള്ളൻപന്നിയെ അകറ്റി നിർത്തുവാൻ സാധിക്കും. കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന ഉപയോഗിച്ച വലകൾ നിലത്ത് വിരിക്കുകയും ചെടിയുടെ മുകളിലേയ്ക്ക് കുറച്ച് ഉയരത്തിൽ വയ്ക്കുകയും ചെയ്യാവുന്നതാണ്. കാർഷിക സർവ്വകലാശാല നിർദ്ദേശിക്കുന്ന ബോറപ്പ് ഉപയോഗിച്ച് മുള്ളൻപന്നിയെ അകറ്റി നിർത്താവുന്നതാണ്. കൃഷിയിടത്തിനുചുറ്റും ചെത്തികൊടുവേലി കൃഷി വേലി പോലെ ചെയ്താൽ മുള്ളൻപന്നിയെ ഒരു പരിധിവരെ അകറ്റി നിർത്താൻ സാധിക്കും. കൃഷിയിടത്തിൽ വെള്ള, ചുവപ്പ് നിറത്തിൽ ഇടവിട്ട് പ്രകാശിക്കുന്ന ബൾബുകൾ ഉള്ള ഫ്ലാഷ് ലൈറ്റ് ഉപയോഗിക്കുന്നത് മൂലം ഇവയുടെ ശല്യം കുറഞ്ഞതായി കാണപ്പെട്ടിട്ടുണ്ട്. വേപ്പ് അധിഷ്ഠിത കീടനാശിനികളായ അസാഡിറാക്ടിൻ പഴയ തുണികളിൽ കുതിർത്ത് ചെടികളിൽ കെട്ടിവച്ച് മുള്ളൻപന്നിയെ അകറ്റി നിർത്തുവാൻ സാധിക്കുന്നതാണ്. പുതിയ ചാണക വളം കൃഷിക്ക് ഉപയോഗിക്കുമ്പോൾ ഈ പ്രദേശങ്ങളിൽ മുള്ളൻപന്നിയുടെ കൃഷിനാശം കുറഞ്ഞതായി കണ്ടുവരുന്നു.

### സംഭരണ-സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

84 (5147) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനുമായുള്ള സംഭരണ-സംസ്കരണ യൂണിറ്റുകൾ കേരളത്തിൽ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

എസ്.എഫ്.എ.സി. കേരളയുടെ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധിത സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം താഴെപ്പറയുന്ന സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതിയതായി സംഭരണ-സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

10 ലക്ഷം മുതൽ 5 കോടി വരെ മൂലധനം നിക്ഷേപിച്ച് ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്കാണ് എസ്.എഫ്.എ.സി. കേരളയുടെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധിത സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം പദ്ധതിയുടെ സബ്സിഡി നൽകുന്നത്. പുതുതായി സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും

അനുവദിക്കുന്ന ലൈസൻസ്, ഫുഡ് സേഫ്റ്റി ലൈസൻസ്, ഉദ്യം രജിസ്ട്രേഷൻ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള പ്രവർത്തനാനുമതി എന്നിവ ആവശ്യമാണ്. എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള നൂതന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴിയുള്ള ആനുകൂല്യത്തിനായി സമർപ്പിക്കേണ്ടത്. പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്രവത്കരണം, ഓഫീസ് ഉപകരണങ്ങൾ, പാക്കിംഗ് യന്ത്രങ്ങൾ വാങ്ങുക, ടെക്നോളജി വാങ്ങുക, മൂല്യവർദ്ധിത പരിശീലനങ്ങളിൽ പങ്കെടുക്കുക എന്നിവയ്ക്കായി സബ്സിഡി നൽകുന്നു. ഈ പദ്ധതിയുടെ ആനുകൂല്യത്തിൽനിന്നും എണ്ണ മില്ലുകൾ, ധാന്യമില്ലുകൾ, കറിപ്പൊടി ഉൽപാദന യൂണിറ്റുകൾ, ഇഡ്ഡലി - ദോശ - അപ്പം മാവ് നിർമ്മാണ യൂണിറ്റുകൾ, ബേക്കറി യൂണിറ്റുകൾ, അരിമില്ല്/സോർട്ടെക്സ് യൂണിറ്റുകൾ, കശുവണ്ടി യൂണിറ്റുകൾ, കയർ യൂണിറ്റുകൾ, ജീവാണു വള-കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ, ജൈവവള നിർമ്മാണ യൂണിറ്റുകൾ, സോപ്പ് ഔഷധ നിർമ്മാണ യൂണിറ്റുകൾ എന്നിവയെ ഒഴിവാക്കിയിട്ടുണ്ട്. സംരംഭകർ ഓൺലൈനായി www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. പ്രോജക്ടിന്റെ വിശദാംശം, ഇനം, നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയവ അപേക്ഷയോടൊപ്പം എസ്.എഫ്.എ.സി.-ക്ക് സമർപ്പിക്കേണ്ടതുണ്ട്. യന്ത്രങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട ക്വട്ടേഷനുകൾ നിർമ്മാണ പ്രവർത്തനങ്ങൾ സാധൂകരിക്കുന്ന ബില്ലുകൾ തുടങ്ങിയവയും ലാഭനഷ്ട സ്റ്റേറ്റ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവയും എസ്.എഫ്.എ.സി.-യിൽ ഹാജരാക്കേണ്ടതുണ്ട്. കൂടാതെ കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങളുടെ വിപണനത്തിലും മൂല്യവർദ്ധനവിനും സംസ്ഥാനത്തെ പ്രാഥമിക സഹകരണ സൊസൈറ്റികളുടെ പങ്ക് ഏറെയാണ്. കേരളത്തിൽ ഉടനീളം ശൃംഘലകളുള്ള PACS ഈ മേഖലയിൽ കടന്നു വന്നാൽ കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ സാധിക്കും. ഇത്തരത്തിൽ സഹകരണ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പിന് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു ധനസഹായം കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പ്പന്നങ്ങൾ എല്ലാം തന്നെ സംഭരിക്കുന്നതിനായി പ്രാരംഭഘട്ടമെന്ന നിലയിൽ സംഭരണ വിതരണ കേന്ദ്രങ്ങൾ ഈ വർഷം ആരംഭിക്കുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. FPO-കൾ, പഞ്ചായത്ത്, PACS, SHG തുടങ്ങിയവയ്ക്കു ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. PACS കൾക്ക് കേന്ദ്ര പദ്ധതിയായ AIF -ന്റെ ആനുകൂല്യം ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം സർക്കാർ ധനസഹായമായി 50% തുക സബ്സിഡിയായി ലഭ്യമാകുന്നതാണ്. PACS-ന് പരമാവധി 25 ലക്ഷം

രൂപ സബ്സിഡിയായി ലഭിക്കുന്നതാണ്. ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം കൃഷി വകുപ്പുമായി സഹകരിച്ച നടപ്പിലാക്കാവുന്നതാണ്.

2. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 50% സബ്സിഡി നിരക്കിൽ 12.5 ലക്ഷം രൂപ വീതം 2 യൂണിറ്റുകൾ ആദ്യഘട്ടമെന്ന നിലയിൽ അനുവദിക്കാവുന്നതാണ്. AIF ഉപയോഗിച്ച് PACS-ന് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

3. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ കർഷകരിൽനിന്നും സംഭരിക്കുന്ന ഉല്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനായി 112 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. AIF ഫണ്ടിൽ ഉൾപ്പെടുത്തി ശീതീകരിച്ച വാഹനങ്ങൾ PACS-ന് വാങ്ങാവുന്നതാണ്. ഇതിന്റെ 50% സബ്സിഡി കൃഷി വകുപ്പ് നൽകുന്നതാണ്. ഒരു ജില്ലയിൽ ഒന്ന് എന്ന രീതിയിൽ 14 ശീതീകരണ വാഹനങ്ങൾ വാങ്ങാവുന്നതാണ്. കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കൃഷി വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

4. കണ്ടെയ്നർ മോഡൽ വില്പനശാലകൾ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളും മൂല്യവർധിത ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനായി കണ്ടെയ്നർ മോഡൽ വില്പനശാലകൾ രണ്ടെണ്ണം വീതം എല്ലാ ജില്ലകളിലും ആരംഭിക്കാവുന്നതാണ്. PACS, SHGs, Startups, പഞ്ചായത്ത് തുടങ്ങിയവയ്ക്ക് ഇത് ഏറ്റെടുത്തു നടത്താവുന്നതാണ്. ഇതിനായി AIF ഫണ്ട് വിനിയോഗിക്കുന്നതിനും 50 ശതമാനം സബ്സിഡിയായി പരമാവധി 4.5 ലക്ഷം രൂപ PACS-ന് അനുവദിക്കുന്നതുമാണ്. ഇത്തരത്തിൽ 28 യൂണിറ്റുകൾ PACS-ന് ആരംഭിക്കാവുന്നതാണ്. കൂടാതെ പഴം പച്ചക്കറികൾ ജില്ലകളിൽ കൈമാറ്റം ചെയ്യുന്നതിനായി വാഹന സൗകര്യത്തിനായി 42 ലക്ഷം രൂപയും 70 കർഷകമിത്രകളെ ഉപയോഗിക്കുന്നതിനായി 52.5 ലക്ഷം രൂപയും ഇക്കോ വാനിനായി 48 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ AIMS പോർട്ടലിന്റെ ഡാറ്റയുടെ അടിസ്ഥാനത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ അടിസ്ഥാനത്തിൽ കാർഷികോല്പന്നങ്ങളുടെ ഉല്പാദന പ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വിവിധ വിപണന ശൃംഘലകളെ ഏകോപിപ്പിച്ചുകൊണ്ടു ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനുള്ള നടപടികൾ

നടന്നുവരുന്നു. മൂല്യവർദ്ധനവിന് ഊന്നൽ നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ പദ്ധതികളായ SMAM, MIDH എന്നിവയുടെ സാമ്പത്തിക സഹായം കൂടി കണക്കിലെടുത്ത് 84 ലക്ഷം രൂപയുടെ പദ്ധതികൾ നടന്നുവരുന്നു. കൂടാതെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ മൂല്യ വർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രോജക്ട് അടിസ്ഥാനത്തിൽ 92 ലക്ഷം രൂപയുടെ പദ്ധതികളും നടന്നുവരുന്നു.

**വിത്തുകളുടെ സംരക്ഷണത്തിനുള്ള പദ്ധതി**

85 (5148) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത കൃഷി അറിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വിത്തുകളുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കിവരുന്നു. പദ്ധതിയിൻ കീഴിൽ ഈ വർഷം 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽവരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്കെത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും, പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. കേരളത്തിലെ കാർഷിക വിളകളുടെ ലഭ്യമായ ജനിതക സമ്പത്ത് സംരക്ഷിക്കുക, ഇപ്പോൾ പ്രചാരത്തിലില്ലാത്ത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, വൈജ്ഞാനിക ജനിതക സമ്പത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാനുള്ള സംവിധാനം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള കാർഷിക സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വിള ജനിതക വൈവിധ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിൻകീഴിൽ കേരളത്തിലെ

തനത് വിളകളുടെ ജനിതക സമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ 'Seed Gene Bank' അഥവാ വിത്ത് ജീൻ ബാങ്കിന്റെ നിർമ്മാണം 2021 ജനുവരി 25-ന് പൂർത്തിയായി. അമ്പതിനായിരത്തോളം ശേഖരണങ്ങൾ 25 മുതൽ 30 വർഷക്കാലം വരെ സംഭരിച്ചുവെക്കാനുതകുന്ന മീഡിയം ടേം സ്റ്റോറേജ് വാൾട്ടോടുകൂടിയ (Medium Term Storage Vault) ജീൻ ബാങ്കാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. നിലവിൽ ലഭ്യമായിട്ടുള്ള നാനൂറിൽ പരം പരമ്പരാഗത നെല്ലിനങ്ങളിൽ ചെമ്പാവ്, ചീര, തവളക്കണ്ണൻ, പൊന്നാര്യൻ, കറുവ, പ്രത്യേകതരം നെല്ലിനമായ നവര എന്നിവ കൃഷിയാവശ്യത്തിനും വിത്തുല്പ്പാദനത്തിനുമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വിവിധ പയറിനങ്ങളും പോഷകാഹാരഗുണങ്ങളുള്ള ചെറു ധാന്യവർഗ്ഗങ്ങളും ഘട്ടംഘട്ടമായി വിതരണം ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക നേതൃത്വത്തിൽ തെരഞ്ഞെടുത്ത കൃഷിഭവനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കുന്ന 'വിത്ത് ഗ്രാമ' പദ്ധതിയിലൂടെ പരമ്പരാഗത വിളയിനങ്ങളുടെയും ഇപ്പോൾ പ്രചാരത്തിലില്ലാത്ത ഇനങ്ങളുടെയും സംരക്ഷണവും വിത്തുൽപ്പാദനവും കർഷകർ മുഖേന നടന്നുവരികയാണ്. മാടക്കത്തറ, കുട്ടനാട്, കണ്ണൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഈ പരിപാടി പ്രാവർത്തികമാക്കി. പൊക്കാളി ഇനങ്ങളുടെ വിത്തുല്പാദനം 2021 ലെ വിരിപ്പ് സീസൺ മുതൽ എറണാകുളം ജില്ലയിൽ പള്ളിപ്പുറം പൊക്കാളി നിലങ്ങളിൽ ഇപ്പോൾ കൃഷി ചെയ്തുവരികയാണ്. പൊതുജനങ്ങളുടെയും കർഷകരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവമായ പങ്കാളിത്തത്തോടെ രൂപീകരിച്ച സമൂഹ വിള സംരക്ഷണ സംരംഭം (Community-linked biodiversity conservation programmes) നമ്മുടെ സംസ്ഥാനത്തെ നഷ്ടമായിക്കൊണ്ടിരിക്കുന്ന വിളവൈവിധ്യത്തെ സംരക്ഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. പരമ്പരാഗതമായ കാർഷിക അറിവുകൾ നമുക്ക് നഷ്ടപ്പെടാതിരിക്കാനും കാർഷികവിളകളുടെയും ജനിതക വസ്തുക്കളുടെയും സ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഈ സംരംഭം സഹായമാകുന്നു.

**അഗ്രോ സർവ്വീസ് സെന്ററുകൾ**

86 (5149) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കയാണെന്ന് അറിയിക്കാമോ?

ചുവടെ ചേർക്കുന്ന നാല് അഗ്രോ സർവ്വീസ് സെന്ററുകളാണ് കാസർഗോഡ് ജില്ലയിൽ നിലവിലുള്ളത്.

1) കാഞ്ഞങ്ങാട് ബ്ലോക്കിലെ പുല്ലൂർ പെരിയ അഗ്രോ സർവ്വീസ് സെന്റർ.

2) മഞ്ചേശ്വരം ബ്ലോക്കിലെ വോർക്കാടി തുളുനാട് അഗ്രോ സർവ്വീസ് സെന്റർ.

3) നീലേശ്വരം ബ്ലോക്കിലെ നീലേശ്വരം അഗ്രോ സർവ്വീസ് സെന്റർ.

4) പരപ്പ ബ്ലോക്കിലെ കിണാനൂർ കരിന്താളം അഗ്രോ സർവ്വീസ് സെന്റർ.

(ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിന്റെ മലയോര മേഖല കേന്ദ്രീകരിച്ച് പുതിയ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മലയോര മേഖലയുടെ കീഴിൽ വരുന്ന കള്ളാർ, കിണാനൂർ കരിന്താളം, കോടോം ബേലൂർ, പനത്തടി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പരപ്പ ബ്ലോക്കിനു കീഴിൽ നിലവിൽ കിണാനൂർ കരിന്താളം അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിച്ചുവരുന്നു. സാധാരണ രീതിയിൽ ഒരു ബ്ലോക്കിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ മാത്രമേ അനുവദിക്കാറുള്ളൂ.

**കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണം**

87 (5150) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണത്തിനായി കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്?

കൃഷി വകുപ്പിന്റെ കീഴിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള RIDF സ്കീം, കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY സ്കീം, PMKSY സ്കീം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ കുളങ്ങളുടേയും തോടുകളുടേയും സംരക്ഷണ പ്രവൃത്തികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ കുളങ്ങളുടെ/ചിറകളുടെ സംരക്ഷണത്തിനായി കൃഷി വകുപ്പിന്റെ കീഴിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) രൂപം കൊടുത്ത സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കുളങ്ങളുടേയും തോടുകളുടേയും നവീകരണ പ്രവൃത്തികൾ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു. ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതയിൽ ഉൾപ്പെടുത്തി പെരുമാട്ടി പഞ്ചായത്തിലെ ഭൂഗർഭ ജലവിതാനം പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കുളങ്ങൾ/നീരുറവകളുടെ പുനരുദ്ധാരണം, നദികളുടെ കൈവഴികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ എന്നീ പദ്ധതികളും, നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കുളങ്ങളുടെയും ചാലുകളുടെയും തോടുകളുടെയും സംരക്ഷണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും സംസ്ഥാനത്തുടനീളം മണ്ണ് പര്യവേക്ഷണ /മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്?

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XXII-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി മൈലത്തടി നീർത്തട പദ്ധതിയിലും ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XXV-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെറുമല പാലയ്ക്കാത്തടം നീർത്തട പദ്ധതിയിലും ഉൾപ്പെടുത്തി തോടുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കുളങ്ങളും ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

NABARD, RIDF, RKVY പദ്ധതിയിൻ കീഴിൽ പാടശേഖരവുമായി ബന്ധപ്പെട്ട കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. പഞ്ചായത്ത് അധീനതയിലുള്ള പൊതു കുളങ്ങളുടെ നവീകരണ പ്രവൃത്തികളാണ് സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതുമൂലം കാർഷികമേഖലയുടെ ജലസേചന സൗകര്യത്തിനും ഭൂജല വിതാനം ഉയർത്തുന്നതിനും സംരക്ഷണത്തിനും സഹായകമാകുമെന്ന് ബോധ്യപ്പെടുന്നപക്ഷം വാട്ടർ ഷെയറിംഗ് കരാറിന്റെയും പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ക്ഷേത്രക്കുളങ്ങളുടെ നവീകരണ പ്രവൃത്തികളും സഹസ്രസരോവർ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. പൊതുജല സ്രോതസ്സുകൾക്കും കുളങ്ങൾക്കും പുറമേ പഞ്ചായത്തിന്റെ അസ്സറ്റ് രജിസ്റ്ററിലുൾപ്പെട്ട കുളങ്ങളും സ്വകാര്യ വ്യക്തികൾ സർക്കാരിലേയ്ക്ക് വിട്ടുനൽകിയ പ്രദേശത്തെ കുളങ്ങളും പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് മണ്ണ് പര്യവേഷണ/മണ്ണ് സംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്നത്.

### ആലത്തൂർ മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

88 (5151) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ/മണ്ണ് സംരക്ഷണ വകുപ്പ് നടത്തിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

മണ്ണ് പര്യവേഷണ/ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആലത്തൂർ നിയോജക മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്.

പദ്ധതിയുടെ XXV-ാം ഘട്ടത്തിൽ അനുമതി നൽകിയ കിഴക്കഞ്ചേരി പഞ്ചായത്തിലെ പിട്ടുക്കാരിക്കുളമ്പ് നീർത്തട പദ്ധതി, വണ്ടാഴി പഞ്ചായത്തിലെ നേർച്ചപ്പാറ മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

49.1 ലക്ഷം രൂപ അടങ്കലുള്ള പിട്ടുക്കാരിക്കുളമ്പ് നീർത്തട പദ്ധതിയിൽ നാളിതുവരെ 25.81 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നേർച്ചപ്പാറ മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ നാളിതുവരെ 23.13 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ?

ആർ.ഐ.ഡി.എഫ്. XX-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 11 കുളങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികളുടെ വർക്ക് നോംസ്**

89 (5152) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക സർവ്വകലാശാലയിൽ തൊഴിലാളികളുടെ ജോലിയുമായി ബന്ധപ്പെട്ട് വർക്ക് നോംസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ നോംസ് സംബന്ധിച്ച ഉത്തരവിന്റെ വിശദവിവരങ്ങളും പ്രസ്തുത നോംസിന്റെ പകർപ്പും ലഭ്യമാക്കാമോ?

കേരള കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികളുടെ ജോലിത്തോത് നടപ്പിലാക്കുന്നത് 26-4-2006 തീയതിയിലെ ജി.എ./എഫ്/38727/99 നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരമുള്ള വർക്ക് നോംസ് അടിസ്ഥാനപ്പെടുത്തിയാണ്. (ഉത്തരവിന്റെയും നോംസിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു*). സർവ്വകലാശാലയ്ക്ക് സ്വന്തം നിലയിൽ നിയമങ്ങൾ ഇല്ലാത്ത വിഷയങ്ങളിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിയമാവലികളെ ആശ്രയിക്കുകയും സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബാധകമാക്കുകയും ചെയ്യാറുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാവേലിക്കര മണ്ഡലത്തിൽ കാർഷിക സർവ്വകലാശാലയുടെ സബ് സെന്റർ

90 (5153) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ ജില്ലാ കൃഷിത്തോട്ടത്തിൽ കാർഷിക സർവ്വകലാശാലയുടെ സബ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കോളേജുകളിലെ കോവിഡ് പ്രോട്ടോക്കോൾ

91 (5154) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ സയൻസ് വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസുകളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വെളിപ്പെടുത്തുമോ?

കോവിഡാനന്തരം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ സയൻസ് വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസുകളിൽ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ക്ലാസ് റൂമുകൾ, ലബോറട്ടറി തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ അണുവിമുക്തമാക്കുന്നതിന് എല്ലാ സ്ഥാപനമേധാവികൾക്കും 17-9-2021-ലെ സ.ഉ.(സാധാ)നമ്പർ 1228/ 2021/ ഉ.വി.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി അദ്ധ്യാപകരടങ്ങിയ കോവിഡ് ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) കോളേജ് ലൈബ്രറി, ലബോറട്ടറികൾ എന്നിവയിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

17-9-2021-ലെ സ.ഉ.(സാധാ)നമ്പർ 1228/ 2021/ഉ.വി.വ. ഉത്തരവ് പ്രകാരം കോളേജ് ലൈബ്രറി, ലബോറട്ടറികൾ എന്നിവിടങ്ങളിൽ ആവശ്യാനുസരണം ഹാന്റ് വാഷ്, സാനിറ്റൈസർ തുടങ്ങിയവയുടെ ലഭ്യത, വിദ്യാർത്ഥികളെ ബാച്ചുകളായി പ്രവേശിപ്പിക്കുന്നതിനുള്ള നടപടി, വിദ്യാർത്ഥികൾ കൂട്ടം കൂടുന്നില്ല, സാമൂഹിക അകലം ലംഘിക്കുന്നില്ല എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും

സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപന മേധാവികൾക്ക് നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി അദ്ധ്യാപകരടങ്ങിയ കോവിഡ് ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) കോവിഡ് പ്രോട്ടോക്കോൾ പാലനത്തിനായി ഓരോ കോളേജിനും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സാനിറ്റൈസറും മുഖാവരണങ്ങളും ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഇല്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ക്ലാസുകൾ നടത്തുന്നതിനുള്ള ചെലവുകൾ സ്ഥാപന വികസനത്തിനായിട്ടുള്ള പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സർക്കാർ അനുവദിച്ചിട്ടുള്ള നോൺ പ്ലാൻ 34 (OC) ഫണ്ടിൽ നിന്നും മറ്റുള്ള സ്ഥാപനങ്ങളിൽ അവർക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകളിൽനിന്നും വകയിരുത്തി സാനിറ്റൈസർ, മുഖാവരണം, കയ്യുറ ഇവ വാങ്ങി ഉപയോഗിച്ചുവരുന്നു.

(ഡി) ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും വാക്സിനേഷനായി സ്വീകരിച്ചിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സൗജന്യ വാക്സിൻ നൽകുന്നതിന് സ്ഥാപനതലത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി ആരോഗ്യ വിഭാഗവും ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ട് പ്രത്യേക ക്യാമ്പുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് എല്ലാ സ്ഥാപന മേധാവികൾക്കും 17-9-2021-ലെ സ.ഉ.(സാധാ)നമ്പർ 1228/2021/ഉ.വി.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ കോളേജുകളിലെ 80% വിദ്യാർത്ഥികൾക്കും എയ്ഡഡ് കോളേജുകളിലെ 81% വിദ്യാർത്ഥികൾക്കും സർക്കാർ കോളേജിലെ 87% അദ്ധ്യാപകർക്കും എയ്ഡഡ് കോളേജിലെ 76% അദ്ധ്യാപകർക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ച**

92 (5155) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. മാണി. സി. കാപ്പൻ:</u> താഴെ കാണുന്ന ചോദ്യത്തിന്ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവാര തകർച്ചയുണ്ടെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്ഥാപനങ്ങൾക്കും സർവ്വകലാശാലകൾക്കും നിലവാരതകർച്ചയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്വാശ്രയ സ്ഥാപനങ്ങൾ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ യോഗ്യതയുള്ള അധ്യാപകരോ ഇല്ലാതെ പ്രവർത്തിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അവയുടെ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

### ഉന്നത വിദ്യാഭ്യാസം ഉടച്ചുവാർക്കുവാനുള്ള വിദഗ്ദ്ധ സമിതി നിർദ്ദേശങ്ങൾ

93 (5156) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള വിദഗ്ദ്ധ സമിതി നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റം കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ, സർവ്വകലാശാല നിയമ പരിഷ്കാര കമ്മീഷൻ, പരീക്ഷാ പരിഷ്കാര കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) ഏതൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ ?

ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റംകൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ, സർവ്വകലാശാല നിയമപരിഷ്കാര കമ്മീഷൻ, പരീക്ഷാ പരിഷ്കാര കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് എത്ര ആർട്സ് ആൻഡ് സയൻസ് കോളേജുകൾ നിലവിലുണ്ട്; ഇതിൽ സ്വകാര്യ, എയ്ഡഡ് കോളേജുകൾ എത്രയെന്നും സർക്കാർ കോളേജുകൾ എത്രയെന്നും വ്യക്തമാക്കാമോ?

ആകെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 7111.

സ്വകാര്യ കോളേജുകൾ - 4822.

എയ്ഡഡ് കോളേജുകൾ - 1633.

സർക്കാർ കോളേജുകൾ - 66

(ഡി) സർവ്വകലാശാലകളുടെ അംഗീകാരമുള്ള എത്ര അൺ-എയ്ഡഡ്, സെൽഫ് ഫിനാൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

സർവ്വകലാശാലകളുടെ അംഗീകാരമുള്ള 817 അൺ-എയ്ഡഡ്, സെൽഫ് ഫിനാൻസ് ആർട്സ് & സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നു.

## സംസ്ഥാന ബജറ്റിൽ ഓരോ സർവ്വകലാശാലയ്ക്കും വകയിരുത്തിയ തുക

94 (5157) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ സർവ്വകലാശാലകൾ പദ്ധതിയിന, പദ്ധതിയേതര ഗ്രാന്റിൽ വകയിരുത്താൻ ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം അതത് വർഷങ്ങളിലെ സംസ്ഥാന ബജറ്റിൽ ഓരോ സർവ്വകലാശാലയ്ക്കും വകയിരുത്തിയ തുക, ഓരോ സർവകലാശാലയ്ക്കും അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന ബജറ്റിൽ ഓരോ സർവ്വകലാശാലയ്ക്കും വകയിരുത്തിയ തുക, ഓരോ സർവ്വകലാശാലയ്ക്കും അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ കാലയളവിൽ പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അതത് വർഷങ്ങളിൽ ഓരോ സർവ്വകലാശാലയും ചെലവഴിച്ച ആകെ തുക, പ്രസ്തുത തുകയിൽ സർവ്വകലാശാല കണ്ടിജൻസി ഫണ്ടിൽ (തനത് ഫണ്ട്) നിന്ന് ചെലവഴിക്കേണ്ടിവന്ന തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കേരള സർവ്വകലാശാല പദ്ധതിയിതര വിഹിതമായി ലഭിച്ച തുക പൂർണ്ണമായും ശമ്പളവും പെൻഷനും സർവ്വകലാശാലയുടെ ദൈനംദിന ചെലവുകൾക്കുമായി വിനിയോഗിക്കുന്നു. പദ്ധതിവിഹിതമായി ലഭിച്ച തുക സർവകലാശാലയുടെ അക്കാദമിക പ്രവർത്തനങ്ങൾക്കും അടിസ്ഥാനസൗകര്യ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസനത്തിനുമായി ചെലവഴിക്കുന്നു. മേൽ കാലയളവിൽ സർക്കാരിൽ നിന്നും ലഭിച്ച പദ്ധതി/പദ്ധതിയിതര ഗ്രാന്റ് തുകയിൽനിന്ന് മാത്രമേ മേൽപ്പറഞ്ഞ ചെലവുകൾ നടത്തിയിട്ടുള്ളൂ. ടി തുക തികയാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ സർവകലാശാലയുടെ തനത് വരുമാനത്തിൽനിന്നും ചെലവഴിക്കേണ്ടി വരുന്നുള്ളൂ. ഓരോ വർഷവും ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി നൽകിയിട്ടുണ്ട്*. മറ്റ് സർവ്വകലാശാലകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**റാങ്കിംഗ് ഫ്രെയിം വർക്ക് സംവിധാനം**

95 (5158) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്നതിനായി റാങ്കിംഗ് ഫ്രെയിംവർക്ക് സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; ദേശീയ ഏജൻസികളുടെ റാങ്കിംഗിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്ര മികവ് പുലർത്താത്ത സാഹചര്യത്തിൽ പ്രസ്തുത ഉദ്യമം ഫലപ്രദമാകുമെന്ന് വിലയിരുത്തുന്നുണ്ടോ?

National Institutional Ranking Framework (NIRF)-ന്റെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework)-(KIRF) സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2015-ൽ ആരംഭിച്ച NIRF റാങ്കിംഗിൽ സംസ്ഥാനത്തെ 4 യൂണിവേഴ്സിറ്റികളും 19 കോളേജുകളും ആദ്യത്തെ 100-ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. സംസ്ഥാനതല റാങ്കിംഗ് ഫ്രെയിംവർക്ക് രൂപീകരണം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്തെ സ്ഥാപനങ്ങളെ ദേശീയ റാങ്കിംഗിൽ ഉയർന്നുവരാനുള്ള തയ്യാറെടുപ്പുകൾക്ക് ഫലപ്രദമായി ഉപയോഗിക്കാനിടയാക്കും. ആഗോളതലത്തിൽ അംഗീകരിച്ചിട്ടുള്ള അക്കാദമിക് മാനദണ്ഡങ്ങൾക്കുപുറമേ, സംസ്ഥാനത്തിന്റെ സാംസ്കാരിക-സാമൂഹിക പശ്ചാത്തലം പ്രതിഫലിക്കുന്ന രീതിയിലുള്ള മാനദണ്ഡങ്ങളുടെയും (matrices) അടിസ്ഥാനത്തിലായിരിക്കും KIRF ചിട്ടപ്പെടുത്തുന്നത്. ഇത് സംസ്ഥാനത്തെ യൂണിവേഴ്സിറ്റി/കോളേജുകൾക്ക് അക്കാദമികവും മറ്റുമായ മികവ് പ്രകടിപ്പിക്കാനുള്ള അവസരമൊരുക്കും.

(ബി) സംസ്ഥാന ഏജൻസികളുടെ വിലയിരുത്തലിൽ അർഹതയില്ലാത്ത സ്ഥാപനങ്ങൾ ഉൾപ്പെടാനുള്ള സാധ്യത ഒഴിവാക്കുന്നതിന് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനതലത്തിൽ നടക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) വസ്തുനിഷ്ഠവും സുതാര്യവുമായിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് രൂപീകരിക്കാൻ ശ്രമിക്കുന്നത്. ഇത് അർഹതയില്ലാത്ത സ്ഥാപനങ്ങളുടെ കടന്നുവരവിന് സ്വാഭാവിക പ്രതിരോധം തീർക്കും.

(സി) റാങ്കിംഗ് ഫ്രെയിംവർക്ക് സംവിധാനം സുതാര്യമായി നടപ്പാക്കി മികച്ച അക്കാദമിക നിലവാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിന് കുട്ടികൾക്ക് അവസരം സൃഷ്ടിക്കുമോ; വിശദാംശം നൽകുമോ?

റാങ്കിംഗ് ഫ്രെയിംവർക്ക് സംവിധാനം സുതാര്യമായി നടപ്പാക്കി മികച്ച അക്കാദമിക നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിന് കുട്ടികൾക്ക് അവസരം ഉണ്ടാകും. റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ മികവുറ്റ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയുടെ പ്രോഗ്രാമുകളെയും വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കും.

### ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ്

96 (5159) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>
<u>ശ്രീ.കെ.എം.സച്ചിൻദേവ്</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് സഹായകരമായി പ്രസ്തുത സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

National Institutional Ranking Frame Work (NIRF)-ന്റെ റാങ്കിംഗ് ലഭ്യമാക്കിയിട്ടുണ്ട്. NIRF-ന്റെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework)-(KIRF)

സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ സഹായകരമായിരിക്കും. മാത്രമല്ല നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദ്ദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് ഉത്തേജകമായിരിക്കും.

(ബി) പ്രസ്തുത റാങ്കിംഗ് പ്രാവർത്തികമാക്കുന്നതിന് അടിസ്ഥാനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങളും സൂചകങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ആഗോളതലത്തിൽ അംഗീകരിച്ചിട്ടുള്ള അക്കാദമിക് മാനദണ്ഡങ്ങൾക്ക് പുറമെ, നാടിന്റെ സാംസ്കാരിക- സാമൂഹ്യ രീതികളോടിഴചേർന്ന പ്രതീക്ഷകളെയും പ്രശ്നങ്ങളെയും കൂടി തിരിച്ചറിഞ്ഞുകൊണ്ടുള്ള സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളും KIRF-ന്റെ മാനദണ്ഡങ്ങളിൽ ഉൾപ്പെടും. ഗവേഷണ ഫലങ്ങൾ, ഗവേഷണ സ്വാധീനം, പഠനപരിതസ്ഥിതി എന്നീ ആഗോളതല മാനദണ്ഡങ്ങൾക്കൊപ്പം പശ്ചാത്തല സൗകര്യങ്ങൾ, ഭിന്നശേഷി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സൗകര്യങ്ങൾ, രാജ്യാന്തര-ഇതര സംസ്ഥാന വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം, അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിൽ വനിതകളുടെ അനുപാതം, സാമ്പത്തിക പിന്നോക്കാവസ്ഥ/പരാധീനതകളുള്ള വിദ്യാർത്ഥികളുടെ തോത് എന്നീ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാവും KIRF റാങ്കിംഗ് നടത്തുക. വിദ്യാർത്ഥികളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി, സർവ്വകലാശാലകളിലും കോളേജുകളിലും ലഭ്യമായ സ്പോർട്സ്, പാഠ്യേതര സൗകര്യങ്ങൾ കൂടി KIRF-ന്റെ മാനദണ്ഡങ്ങളായി പരിഗണിക്കാനാണുദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദ്ദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് എങ്ങനെയെല്ലാം സഹായകരമാകും; വിശദമാക്കാമോ?

1. ഉന്നത വിദ്യാഭ്യാസമേഖലയിലെ വികാസത്തിന്റെ ഈ കാലഘട്ടത്തിൽ അക്കാദമിക മികവുള്ള സ്ഥാപനങ്ങളെ തിരിച്ചറിയാൻ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും സ്ഥാപനത്തിന്റെ റാങ്കിംഗ് ഒരു സൂചനയാണ്.

2. ഇത്തരം റാങ്കിംഗിനും അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ അവയുടെ ചിട്ടയായതും ക്രമമായതുമായ പ്രവർത്തനത്തിന് ഏറെ സഹായകമാണ്.

3. സ്ഥാപനങ്ങൾക്ക് KIRF റാങ്കിംഗിൽ ലഭിക്കുന്ന സ്ഥാനം വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായി കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് സഹായകരമാകും.

4. തൊഴിൽ കമ്പോളത്തിൽ, വിവിധ ഉദ്യോഗമേഖലയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യതാമാനദണ്ഡ സൂചികയായി സ്ഥാപനങ്ങളുടെ റാങ്കിംഗ് തൊഴിൽ ദാതാക്കൾ പരിഗണിക്കാറുണ്ട്.

## സർവ്വകലാശാലകളെയും കോളേജുകളെയും വിലയിരുത്തുന്നതിനുള്ള പ്രത്യേക പദ്ധതി

97 (5160) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സവിശേഷ സാമൂഹിക, അക്കാദമിക, പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ച് സർവ്വകലാശാലകളെയും കോളേജുകളെയും വിലയിരുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സർവ്വകലാശാലകളെയും കോളേജുകളെയും വിലയിരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ സ്റ്റേറ്റ് ലെവൽ അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ 2012 (Mandatory Assessment and Accreditation of Higher Education Institution) റെഗുലേഷൻ, രാജ്യത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നിർബന്ധമാക്കിയിരുന്നു. അതുപോലെതന്നെ, 2018-ലെ യു.ജി.സി. റെഗുലേഷൻ (Recognition and Monitoring of Assessment and Accreditation Agency) അനുസരിച്ച് സംസ്ഥാനതലത്തിൽ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസികൾക്ക് പ്രവർത്തനാംഗീകാരം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019-20-ൽ സർക്കാർ സാക്കിനായി പ്രത്യേകം 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ പ്രവർത്തിച്ചുതുടങ്ങുമ്പോൾ അത് യു.ജി.സി. വിഭാവനം ചെയ്ത ദിശയിലെ രാജ്യത്തെ തന്നെ പ്രഥമ കാൽവെയ്പ്പായിരിക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനൊപ്പം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ

നടത്താനും സാക്കിനാകും. നാക്ക് അക്രഡിറ്റേഷൻ, ഗ്രേഡിംഗ് പ്രക്രിയകൾക്ക് വിധേയമാകാൻ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ തയ്യാറെടുപ്പിക്കൽ ദേശീയതല വിലയിരുത്തലിന് വിധേയമാകാൻ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകൽ സർവ്വകലാശാലകൾ, സർക്കാർ-എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് പുറമേ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ കോളേജുകൾ തുടങ്ങിയവയുടെയും പ്രവർത്തനവും മികവും വിലയിരുത്തി അക്രഡിറ്റേഷനും ഗ്രേഡും നൽകൽ, അന്താരാഷ്ട്ര-അന്തർദേശീയ തലങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും ഉദിച്ചുവരുന്ന പ്രവണതകളെക്കുറിച്ചും സർവ്വകലാശാലകൾക്കിടയിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിലും അവബോധമുണ്ടാക്കി കാലത്തിനൊത്ത് മാറാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കൽ, അക്കാദമിക മികവ് വിലയിരുത്തുന്നതിന് ദേശീയ മാനദണ്ഡങ്ങൾക്ക് പുറമെ സംസ്ഥാനത്തിന്റെ സവിശേഷതകൾക്കനുസൃതമായ മാനദണ്ഡങ്ങൾ കൂടി വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന സമീപനം നടപ്പിലാക്കൽ, സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ സമീപനങ്ങളും പദ്ധതികളും ഉൾക്കൊള്ളാനും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനും സ്ഥാപനങ്ങളെ പ്രേരിപ്പിക്കൽ.

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അസ്സസ്മെന്റും അക്രഡിറ്റേഷനും പൂർത്തിയാക്കുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ നാഷണൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 കോർ വാല്യൂസിന് പുറമേ, Social Inclusiveness, Equity and Excellence, Scientific temper and secular outlook എന്നീ 3 കോർ വാല്യൂസ് കൂടി സ്ഥാപനങ്ങളെ സ്റ്റേറ്റ് സ്പെസിഫിക് ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

(ഡി) മേൽ പ്രവർത്തനങ്ങൾ മുഖേന ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസത്തിന്റെ വ്യാപനത്തോടുകൂടി സ്ഥാപനങ്ങളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്ന സാഹചര്യത്തിൽ അക്രഡിറ്റേഷൻ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന ഒരു സംവിധാനമാണ്. നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

a) വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച സൂചനകളും കോഴ്സകളെ സംബന്ധിച്ച സ്ഥാപനത്തിന്റെ അക്കാദമിക പ്രവർത്തന മികവും ഇതിലൂടെ മനസ്സിലാക്കാൻ കഴിയും.

b) അഭിരുചിക്കനുസൃതവും, ഗുണനിലവാരവും തൊഴിൽ സാധ്യതകളുമുള്ള പ്രോഗ്രാമുകൾ തെരഞ്ഞെടുക്കാൻ അക്രഡിറ്റേഷൻ വിദ്യാർത്ഥികളെ സഹായിക്കും.

c) അക്രഡിറ്റേഷനും ഫണ്ടിംഗും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായിട്ടുള്ള സാഹചര്യത്തിൽ കേന്ദ്രസർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള അക്രഡിറ്റേഷൻ ഗ്രേഡിന്റെ അടിസ്ഥാനത്തിലാണ് ഫണ്ടുകൾ ഇപ്പോൾ വിതരണം ചെയ്യുന്നത്. (ഉദാ: RUSA)

d) തൊഴിൽ ദാതാക്കൾ ഉദ്യോഗാർത്ഥികളെ വിവിധ തൊഴിൽ മേഖലയിലേയ്ക്ക് തെരഞ്ഞെടുക്കുമ്പോൾ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ നിലവാരവും പരിഗണിക്കാറുണ്ട്.

e) വാഷിംഗ്ടൺ അകോഡ് (Washington Accord) ൽ ഒപ്പുവച്ചിട്ടുള്ള രാജ്യങ്ങളിലെ എൻ.ബി.എ. അക്രഡിറ്റേഷനുള്ള പ്രോഗ്രാമുകൾ പഠിച്ചിറങ്ങിയ എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്ക് വിദേശ സർവ്വകലാശാലകളിലും തൊഴിൽ കമ്പോളത്തിലും പ്രത്യേക പരിഗണനകൾ ലഭിക്കാറുണ്ട്.

f) പുതിയ കോഴ്സകൾ അനുവദിക്കുന്നതിന് അക്രഡിറ്റേഷന് ലഭിച്ചിട്ടുള്ള ഗ്രേഡുകളും ഒരു മാനദണ്ഡമായി പരിഗണിച്ചുവരുന്നു.

**ഇ-ജേണൽ പദ്ധതി**

98 (5161) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിയിരുന്ന ഇ-ജേണൽ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നിർത്തലാക്കിയിട്ടില്ല.

(ബി) സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികളെ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ ആരംഭിച്ച കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽ നെറ്റ്) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാൾനെറ്റ് ലൈബ്രറി നെറ്റ് വർക്ക് ശൃംഖല:- സംസ്ഥാനത്തെ സർവ്വകലാശാല-കോളേജ് ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ്‌വർക്ക് സംവിധാനമായ കാൾനെറ്റ് (KALNET)-ന് ഉന്നതവിദ്യാഭ്യാസ കൗൺസിലാണ് രൂപം നൽകിയിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ലൈബ്രറികളുടെ നെറ്റ് വർക്കിലൂടെ നമ്മുടെ ലൈബ്രറികളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും മറ്റും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലാണ് Kerala Academic Libraries Network (KALNET) സംവിധാനം ചെയ്തിരിക്കുന്നത്. ഇത് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു സുപ്രധാന കാൽവെപ്പാണ്. ഡൽഹിയിലെ പബ്ലിക് ലൈബ്രറികളെ സംയോജിപ്പിച്ചുള്ള DELNET എന്ന നെറ്റ് വർക്ക് മാത്രമാണ് രാജ്യത്ത് ഇപ്പോൾ നിലവിലുള്ള സമാനമായ സംവിധാനം. സർവ്വകലാശാലയിലെ ലൈബ്രറികൾ ഉൾപ്പെടുന്ന നെറ്റ് വർക്ക് ശൃംഖല:- ഒന്നാം ഘട്ടത്തിൽ ഓരോ സർവ്വകലാശാലാ ലൈബ്രറിയും ഡിപ്പാർട്ട്മെന്റ് ലൈബ്രറിയും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി Online Public Access Catalogue (OPAC) ഉണ്ടാക്കണം. തുടർന്ന് സർവ്വകലാശാല നെറ്റ്‌വർക്ക് ശൃംഖലകൾ തമ്മിൽ ബന്ധപ്പെടുത്തി കാൾനെറ്റ് എന്ന പൊതു നെറ്റ്‌വർക്ക് സംവിധാനം പ്രവർത്തക്ഷമമാക്കും. രണ്ടാം ഘട്ടത്തിൽ അഫിലിയേറ്റഡ് കോളേജുകളിലെ ലൈബ്രറികളുടെ നെറ്റ് വർക്ക് ശൃംഖല KALNET-മായി ബന്ധിപ്പിക്കാവുന്നതാണ്. ഇതിനായി ഒരേ മാതൃകയിലുള്ള സോഫ്റ്റ്‌വെയർ ആയ കോഹ എന്ന ഓപ്പൺ സോഫ്റ്റ്‌വെയറിലേയ്ക്ക് കോളേജുകളിലെ ലൈബ്രറി പുസ്തകശേഖരം പരിവർത്തിപ്പിക്കണം.

(സി) പ്രസ്തുത നെറ്റ്‌വർക്കിൽ കോളേജ് ലൈബ്രറികളുടെ ശൃംഖല ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാൾനെറ്റ് ലൈബ്രറി നെറ്റ് വർക്ക് ശൃംഖല:- സംസ്ഥാനത്തെ സർവ്വകലാശാല-കോളേജ് ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ്‌വർക്ക് സംവിധാനമായ കാൾനെറ്റി (KALNET)-ന് ഉന്നത വിദ്യാഭ്യാസ കൗൺസിലാണ് രൂപം നൽകിയിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള

ലൈബ്രറികളുടെ നെറ്റ്‌വർക്കിലൂടെ നമ്മുടെ ലൈബ്രറികളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും മറ്റും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലാണ് Kerala Academic Libraries Network (KALNET) സംവിധാനം ചെയ്തിരിക്കുന്നത്. ഇത് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു സുപ്രധാന കാൽവെപ്പാണ്. ഡൽഹിയിലെ പബ്ളിക് ലൈബ്രറികളെ സംയോജിപ്പിച്ചുള്ള DELNET എന്ന നെറ്റ്‌വർക്ക് മാത്രമാണ് രാജ്യത്ത് ഇപ്പോൾ നിലവിലുള്ള സമാനമായ സംവിധാനം. സർവ്വകലാശാലയിലെ ലൈബ്രറികൾ ഉൾപ്പെടുന്ന നെറ്റ് വർക്ക് ശൃംഖല:- ഒന്നാം ഘട്ടത്തിൽ ഓരോ സർവ്വകലാശാലാ ലൈബ്രറിയും ഡിപ്പാർട്ട്മെന്റ് ലൈബ്രറിയും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി Online Public Access Catalogue (OPAC) ഉണ്ടാക്കണം. തുടർന്ന് സർവ്വകലാശാല നെറ്റ്‌വർക്ക് ശൃംഖലകൾ തമ്മിൽ ബന്ധപ്പെടുത്തി കാൽനെറ്റ് എന്ന പൊതു നെറ്റ്‌വർക്ക് സംവിധാനം പ്രവർത്തനക്ഷമമാക്കും. രണ്ടാം ഘട്ടത്തിൽ അഫിലിയേറ്റഡ് കോളേജുകളിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് ശൃംഖല KALNET മായി ബന്ധിപ്പിക്കാവുന്നതാണ്. ഇതിനായി ഒരേ മാതൃകയിലുള്ള സോഫ്റ്റ്‌വെയർ ആയ കോഹ എന്ന ഓപ്പൺ സോഫ്റ്റ്‌വെയറിലേയ്ക്ക് കോളേജുകളിലെ ലൈബ്രറി പുസ്തകശേഖരം പരിവർത്തിപ്പിക്കണം.

## ഗുരുവായൂർ മണ്ഡലത്തിൽ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ

99 (5162) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പുതിയതായി ഒരു കോളേജ് ആരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഗുരുവായൂർ മണ്ഡലം എം.എൽ.എ. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖാന്തരം അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിൽ നിന്നും നീഡ് അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കുകയും കോളേജ് തുടങ്ങാൻ അനുയോജ്യമായ തൊഴിലധിഷ്ഠിതമായ കോഴ്സുകൾ, കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം, സർക്കാരിന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാധ്യത എന്നിവ സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(ബി) അസാപ്-ന്റെ ഭാഗമായി ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

അസാപ്-ന്റെ ഭാഗമായി ഗുരുവായൂർ മണ്ഡലത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. നൈപുണ്യ വികസനത്തിനായി വിവിധ മേഖലകളിൽ അസാപ് നടത്തുന്ന തൊഴിലധിഷ്ഠിത പരിശീലനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്തുകൾ, കോളേജുകൾ, സോഷ്യൽ മീഡിയ എന്നിവ വഴി പൊതുസമൂഹത്തിൽ എത്തിച്ച് അനുയോജ്യമായ പരിശീലന പരിപാടികൾ നൽകിവരുന്നു. പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കുവേണ്ട നൈപുണ്യത്തെയും വൈദഗ്ദ്ധ്യത്തെയും സംബന്ധിച്ചും വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും, വ്യവസായ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനുമായി എൽ.എഫ്. കോളേജിലും, എം.ഡി. കോളേജിലും, ശ്രീകൃഷ്ണ കോളേജിലും അസാപ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഗുരുവായൂർ മണ്ഡലത്തിലുള്ള ശ്രീകൃഷ്ണ കോളേജിൽ തൊഴിൽ ലഭ്യതയുള്ള അസാപിന്റെ ആഡ് ഓൺ കോഴ്സുകൾ നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**മടപ്പള്ളി കോളേജിൽ മലയാളം ബിരുദ-ബിരുദാനന്തര കോഴ്സുകൾ**

100 (5163) <u>ശ്രീമതി കെ. കെ. രമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മേഖലയിലെ ഏക സർക്കാർ കോളേജായ മടപ്പള്ളി കോളേജിൽ മലയാളം ഐച്ഛിക വിഷയമായി ഡിഗ്രി, പി.ജി. കോഴ്സുകളില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മടപ്പള്ളി കോളേജിൽ മലയാളം ഡിഗ്രി ,പിജി കോഴ്സുകൾ നിലവിൽ അനുവദിച്ചിട്ടില്ല.

(ബി) ഇക്കാരണത്താൽ മാതൃഭാഷയിലെ ഉന്നത പഠനത്തിനും മാതൃഭാഷയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതിനുമുള്ള അവസരം പ്രദേശത്തെ വിദ്യാർത്ഥികൾക്ക് നഷ്ടമാകുമെന്ന് കരുതുന്നുണ്ടോ?

മടപ്പള്ളി കോളേജിൽ ഡിഗ്രി, പി.ജി. മലയാളം കോഴ്സുകൾ നിലവിലില്ലെങ്കിലും കോഴിക്കോട് ജില്ലയിൽ 3 സർക്കാർ കോളേജിൽ മലയാളം

ഡിഗ്രി കോഴ്സും ഒരു കോളേജിൽ മലയാളം പി.ജി. കോഴ്സുമുണ്ട്. കൂടാതെ എയ്ഡഡ് മേഖലയിൽ കോഴിക്കോട് ജില്ലയിൽ നാല് കോളേജുകളിൽ മലയാളം ഡിഗ്രി കോഴ്സും മൂന്ന് കോളേജുകളിൽ മലയാളം പി.ജി. കോഴ്സുമുണ്ട്. ഇക്കാരണത്താൽ മാതൃഭാഷ പഠനത്തിന് വിദ്യാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നില്ല.

(സി) എങ്കിൽ വടകര മേഖലയിലെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് കൂടി മാതൃഭാഷയിൽ ഉന്നത പഠനം നടത്തുന്നതിനായി മടപ്പള്ളി ഗവൺമെന്റ് കോളേജിൽ മലയാളം ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സർക്കാർ പരിഗണിച്ചുവരുന്നു.

## വണ്ടൂർ മണ്ഡലത്തിലെ കാളികാവിൽ സർക്കാർ കോളേജ് ആരംഭിക്കാൻ നടപടി

101 (5164) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ കാളികാവിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിലെ കാളികാവിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിന് കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയിന്മേൽ അനുകൂലനടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിക്കുകയും വണ്ടൂർ നിയോജകമണ്ഡലത്തിലെ കാളികാവ് പഞ്ചായത്തിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കണമെന്ന ശിപാർശ തൽക്കാലം പരിഗണിക്കാൻ കഴിയില്ല എന്ന് 16-10-2021-ലെ ബി3/ 216/2019/ഉ.വി.വ പ്രകാരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**പി.കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്**

102 (5165) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള പി.കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ എത്ര കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

ബിരുദ കോഴ്സുകൾ 1) ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 2) ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് 3) ബി.എസ്.സി ഇലക്ട്രോണിക്സ് ബിരുദാനന്തര കോഴ്സുകൾ 1) എം.കോം ഫിനാൻസ് 2) എം.എസ്.സി ഇലക്ട്രോണിക്സ്.

(ബി) ഈ ക്യാമ്പസിൽ നിലവിൽ എത്ര കുട്ടികളാണ് പഠിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഈ ക്യാമ്പസിൽ നിലവിൽ 293 കുട്ടികളാണ് പഠിക്കുന്നത്.

(സി) ഇതിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്രയെന്ന് അറിയിക്കുമോ?

പട്ടികജാതി വിഭാഗം - 59 (20%) പട്ടികവർഗ്ഗ വിഭാഗം - 174 (60%) ജനറൽ വിഭാഗം - 60 (20%)

**മാധ്യമ പഠനത്തിൽ ബിരുദ- ബിരുദാനന്തര കോഴ്സുകളുള്ള സ്ഥാപനങ്ങൾ**

103 (5166) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലാണ് മാധ്യമ പഠനത്തിൽ ബിരുദ -ബിരുദാനന്തര കോഴ്സുകളുള്ളതെന്ന് വിശദമാക്കാമോ;

(ബി) കേരളത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ ബിരുദ-ബിരുദാനന്തര മാധ്യമ പഠന കോഴ്സുകളിൽ ഒരു വർഷം എത്ര സീറ്റുകളാണുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) മാധ്യമ പഠനത്തിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന സർക്കാർ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. 1. എൻ.എം.എസ്.എം. സർക്കാർ കോളേജ്, കൽപ്പറ്റ, വയനാട്: എ.ബി.എ. മാസ് കമ്മ്യൂണിക്കേഷൻ & ജേണലിസം - 40 സീറ്റുകൾ ബി.എം.എ. ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻ

- 15 സീറ്റുകൾ 2. കേരള സർവ്വകലാശാലയുടെ കമ്മ്യൂണിക്കേഷൻ & ജേണലിസം പഠനവകുപ്പ്: മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ & ജേണലിസം (MCJ) - 22 സീറ്റുകൾ 3. കണ്ണൂർ സർവ്വകലാശാലയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ & ജേണലിസം: എം.എ ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻ - 25 സീറ്റുകൾ 4. മലയാളം സർവ്വകലാശാല : 20 സീറ്റുകൾ.

## സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഡെയ്‌ലി അലവൻസും ഹോസ്റ്റൽ അലവൻസും

104 (5167) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർ കൊളീജിയേറ്റ് സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം, താമസം എന്നിവയ്ക്കായി നൽകുന്ന തുക (ഡെ അലവൻസ്, ഹോസ്റ്റൽ അലവൻസ്) നിലവിലെ ജീവിതസാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കോളേജ് തലത്തിലെ സ്പോർട്സ്, അത്‌ലറ്റിക് മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ദിനബത്ത, നിലവിലുള്ള 50 രൂപയിൽ നിന്നും 150 രൂപയായി ഉയർത്തിയിട്ടുണ്ട്. മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഇത് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാക്കുമ്പോൾ നടപടികൾ സ്വീകരിക്കുന്നതാണ്.

## പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ

105(5168) <u>ശ്രീ. റോജി എം. ജോൺ:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഗവേഷണ മേഖലകളിലാണ് ഫെലോഷിപ്പുകൾ അനുവദിക്കുന്നതെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:- സംസ്ഥാനത്തിന്റെ പുരോഗതിക്കും നവീകരണത്തിനും ഉതകുന്ന ഗവേഷണത്തിനായി കേരള സർക്കാർ പ്രഖ്യാപിച്ചതാണ്. ചീഫ് മിനിസ്റ്ററുടെ നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് സാമൂഹ്യ സാമ്പത്തിക, കാർഷിക, വ്യാവസായിക മേഖലകളിലെ ഗവേഷണത്തിനാണ് ഫെലോഷിപ്പ് നൽകുക. 50,000 മുതൽ 1,00,000 രൂപ വരെയാണ് പ്രതിമാസ stipend നൽകുക. യോഗ്യത മാനദണ്ഡങ്ങൾ : അപേക്ഷകൻ ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ആർട്സ് ആൻഡ് ഹ്യൂമാനിറ്റീസ് എന്നീ വിഷയങ്ങളിൽ Ph.D ഉള്ള മലയാളി ആയിരിക്കണം. കേരളത്തിലെ സർവ്വകലാശാലാ/ഇൻസ്റ്റിറ്റ്യൂട്ടിൽ കേരളത്തിനെ സംബന്ധിച്ച വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന മലയാളികൾ അല്ലാത്തവർക്കും അപേക്ഷിക്കാം. Ph.D പ്രബന്ധം സമർപ്പിച്ചവർക്കും അപേക്ഷിക്കാം. സർവ്വകലാശാലകളും റെഗുലേറ്ററി കൗൺസിലുകളും അംഗീകരിച്ച MD വൈദ്യശാസ്ത്ര ബിരുദധാരികൾക്കും അപേക്ഷിക്കാം. ഇന്ത്യയിലും വിദേശത്തുമുള്ള വിദഗ്ദ്ധർക്കും അപേക്ഷിക്കാവുന്നതാണ്. 2 വർഷത്തേയ്ക്കാണ് ഫെലോഷിപ്പ്. ആവശ്യമെങ്കിൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടാവുന്നതാണ്. നോട്ടിഫിക്കേഷൻ തീയതിയിൽ അപേക്ഷകന്റെ പ്രായം 40 വയസ്സിൽ കവിയുവാൻ പാടുള്ളതല്ല. (SC/ST/OBC/ഭിന്നശേഷിക്കാർ, സ്ത്രീകൾ) എന്നിവർക്ക് 5 വർഷം ഇളവ് ലഭിക്കുന്നതാണ്. ഗവേഷണത്തിന്റെ പുരോഗതിക്ക് അനുസൃതമായാണ് ഫെലോഷിപ്പ് നൽകുക. ഗവേഷണ വിഷയത്തിന്റെ സംഗ്രഹം അപേക്ഷയോടൊപ്പം സമർപ്പിക്കണം. യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾ/സ്കൂളുകൾ/ സർവ്വകലാശാല സ്കൂൾ/ഡിപ്പാർട്ട്മെന്റ്/അംഗീകൃത ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് രജിസ്ട്രേഷൻ അനുവദിക്കുക. ആശുപത്രികൾ, വ്യവസായങ്ങൾ, സാങ്കേതിക കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ഗവേഷണം നടത്താവുന്നതാണ്. ലാബുകളും മറ്റും സ്ഥാപിക്കുന്നതിനായി 50,000 രൂപ അധികമായി നൽകുന്നതാണ്. സംസ്ഥാനത്തിന്റെ പുരോഗതിക്കാവശ്യമായ മേഖലകളിലെ ഗവേഷണമാണുദ്ദേശിക്കുന്നത്. താഴെപ്പറയുന്ന മേഖലകൾക്കാണ് മുൻഗണന നൽകുന്നത്. ആയുർവേദത്തിന്റെയും ജൈവ വൈവിദ്ധ്യത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ബയോ ഇൻഫോമാറ്റിക്സ്, കമ്പ്യൂട്ടേഷണൽ ബയോളജി, ബയോ മാനുഫാക്ചറിംഗ്, ബയോപ്രോസസിംഗ്, ജനറ്റിക് എഞ്ചിനീയറിംഗ്, സെൽ ആൻഡ് മോളിക്യുലാർ ബയോളജി, സിസ്റ്റംസ് ബയോളജി, ബയോടെക്നോളജി എന്നീ മേഖലകളിലെ ഫെലോഷിപ്പ്. റബ്ബറിന്റെയും മറ്റ് വാണിജ്യ വിളകളുടെയും പശ്ചാത്തലത്തിൽ പോളിമർ സയൻസ്

ആന്റ് ടെക്നോളജിയാണ് മറ്റൊരു മുൻഗണനാ മേഖല. ബാംബൂ, കയർ, വുഡ് തുടങ്ങിയവയുടെ കമ്പോസിറ്റുകൾക്കു കൂടി ഈ മേഖലയിൽ മുൻഗണന നൽകും. സൈബർ ഫിസിക്കൽ ഡിജിറ്റൽ ടെക്നോളജികളിലുള്ള കുതിച്ചു ചാട്ടത്തിന്റെ പശ്ചാത്തലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോർട്ടിക്സ്, ബ്ലോക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റാ അനലിറ്റിക്സ്, ഗെയിംമിംഗ്, ഓഗ്മെന്റഡ് റിയാലിറ്റി, വിർച്ച്വൽ റിയാലിറ്റി, ഡിജിറ്റൽ സെക്യൂരിറ്റി സിസ്റ്റംസ്, ജിയോ സ്പെഷ്യൽ സിസ്റ്റംസ്, ക്വാണ്ടം ടെക്നോളജി ആന്റ് ആപ്ലിക്കേഷൻസ്, സ്പെയ്സ് ടെക്നോളജീസ്, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, എഡ്ജ് കമ്പ്യൂട്ടിംഗ് എന്നിവ. ജനറ്റിക്സ്, ജീനോമിക്സ് തുടങ്ങിയ ശാസ്ത്ര ശാഖകളിൽ ഉണ്ടായിട്ടുള്ള കുതിച്ച് ചാട്ടങ്ങളെ അടിസ്ഥാനമാക്കി ജനറ്റിക്സ് മെഡിസിൻ, സ്റ്റെംസെൽ ബയോളജി, മെഡിക്കൽ ഇമേജിംഗ്, ബയോമെഡിക്കൽ ഫോട്ടോണിക്സ്, മെഡിക്കൽ ഡിവൈസസ് ആൻഡ് മോഡലിംഗ്, ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫേസ്, ജീനോമിക്സ് ഇൻ മെഡിസിൻ, സോഷ്യൽ മെഡിസിൻ പബ്ലിക് ഹെൽത്ത്, ഹെൽത്ത് സയൻസസ് ആൻഡ് ടെക്നോളജീസ്. നാശോന്മുഖമായികൊണ്ടിരിക്കുന്ന ഫോസിൽ ഇന്ധനങ്ങൾക്കുപകരം സാധ്യതകൾക്കായുള്ള അന്വേഷണം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ എനർജി സ്റ്റോറേജ്, ഫ്യൂവൽ സെൽസ്, ഇ-മൊബിലിറ്റി, ബാറ്ററി ടെക്നോളജീസ്, ഫോട്ടോ വോൾട്ടേജ്, സോളാർ തെർമൽ, ബയോ എനർജി മോഡലിംഗ്, ബയോ മാസ് റീസൈക്കളിംഗ്, കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്രവികസനത്തിനായി ഫുഡ് സയൻസ് ആൻഡ് ടെക്നോളജീസ്, ഫുഡ് പ്രോസസിംഗ്, ലാന്റ് ആന്റ് വാട്ടർ മാനേജ്മെന്റ്, അഗ്രികൾച്ചർ സയൻസസ്, വെറ്ററിനറി, ഫിഷറീസ്, ഓർഗാനിക് ഫാമിംഗ്, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, പ്രിസിഷൻ അഗ്രികൾച്ചർ, അഗ്രികൾച്ചർ ഡ്രോൺസ്, കാലാവസ്ഥ വ്യതിയാനത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് തുടർച്ചയായി ഉണ്ടായികൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് ഹൗസിംഗ് ട്രാൻസ്പോർട്ട് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ, കാലാവസ്ഥ വ്യതിയാനം, ഡിസാസ്റ്റർ മാനേജ്മെൻറ്, കാർബൺ ഫുട്പ്രിന്റിംഗ്, ഹൈഡ്രോളജിക്കൽ മോഡലിംഗ്, ലാന്റ് സ്ലൈഡ് പ്രൊഡക്ഷൻ, ഡിസാസ്റ്റർ ഫോർകാസ്റ്റിംഗ്, വേസ്റ്റ് റീസൈക്ലിംഗ്, മലിനീകരണ നിയന്ത്രണം, ഇന്നവേഷൻ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇന്നവേഷൻ ഇക്കോസിസ്റ്റം, ഇന്നവേഷൻ സ്റ്റഡീസ്, ഫ്രൂഗൽ ഇന്നവേഷൻ, ഇന്നവേഷൻ മെത്തഡോളജീസ് കേരളത്തിന്റെ തനത് സംസ്കാരം, കേരള സമൂഹത്തിലെ തുല്യത, കെട്ടുറപ്പ് എന്നിവ ഊട്ടിയുറപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആർക്കിയോളജി

ആൻഡ് മെറ്റീരിയൽ കൾച്ചർ സ്റ്റഡീസ്, മൈഗ്രേഷൻ സ്റ്റഡീസ്, കല, ചരിത്രം, ഭാഷാ, സാമൂഹ്യ ശാസ്ത്രങ്ങൾ, പരിസ്ഥിതി നിയമങ്ങൾ, ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ, കേരള സമ്പദ്ഘടനയുടെ എക്കണോമെട്രിക് മോഡലിംഗ്, കേരളത്തിലെ കോ-ഓപ്പറേറ്റീവ് മേഖലയുടെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ, ഫിൻടെക് അടക്കമുള്ള പുത്തൻ സാങ്കേതിക വിദ്യകളുടെ പ്രയോഗം തുടങ്ങിയവ.

## വർദ്ധിപ്പിച്ച ഡിഗ്രി, പി.ജി. കോഴ്സുകൾ

106 (5169) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ വരുന്ന കോളേജുകളിൽ ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് എത്ര സീറ്റുകൾ വീതം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ വരുന്ന കോളേജുകളിൽ ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് വർദ്ധിപ്പിച്ച സീറ്റുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. കേരള സർവ്വകലാശാല ഡിഗ്രി കോഴ്സുകൾക്ക് വർദ്ധിപ്പിച്ച സീറ്റുകൾ - 4530 പി.ജി. കോഴ്സുകൾക്ക് വർദ്ധിപ്പിച്ച സീറ്റുകൾ- 1182 മഹാത്മാഗാന്ധി സർവ്വകലാശാല കോളേജുകളിൽ നിന്നുള്ള അപേക്ഷ പ്രകാരം വിവിധ യു.ജി., പി.ജി. പ്രോഗ്രാമുകൾക്ക് ഓരോ അക്കാദമിക വർഷവും 25% സീറ്റുകൾ മാർജിനൽ വർദ്ധനവായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2020-21 അക്കാദമിക വർഷം കോവിഡ് സാഹചര്യം പരിഗണിച്ച് സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷ സമർപ്പിച്ച കോളേജുകളിൽ അധിക സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല അതത് വർഷങ്ങളിൽ സർക്കാർ സീറ്റ് വർദ്ധനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി സർവ്വകലാശാല ആ വർഷങ്ങളിലേക്ക് മാത്രമായി താല്കാലിക സീറ്റ് വർദ്ധനവ് അനുവദിക്കാറുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കണ്ണൂർ സർവ്വകലാശാല 2016-21 കാലയളവിൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പെർമനന്റ് ഇൻക്രീസ് നൽകിയിട്ടില്ല. സെൽഫ് ഫിനാൻസിംഗ് കോളേജായ സെന്റ് ജോസഫ് കോളേജ്, പിലാത്തറയിലെ 3 കോഴ്സുകൾക്ക് അനുബന്ധം പ്രകാരമുള്ള പെർമനന്റ് ഇൻക്രീസ് അനുവദിച്ചിട്ടുണ്ട്. ന്യുവാൽസ് LLM കോഴ്സിന് കഴിഞ്ഞ അക്കാദമിക വർഷം ഒരു സ്ട്രീമും കൂടി ഉൾപ്പെടുത്തി ആകെ സീറ്റ് 40-ൽ നിന്നും 60 ആക്കി ഉയർത്തി. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2020-21 അദ്ധ്യയന വർഷത്തിൽ ബി.എ. ഭരതനാട്യത്തിന് നിലവിലുള്ള 20 സീറ്റുകൾക്ക് പുറമെ 8 സീറ്റ് അധികമായി അനുവദിച്ചിരുന്നു. ഇതേ വർഷം ബി.എഫ്.എ.-യ്ക്ക് നിലവിലുള്ള 39

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സീറ്റുകൾക്ക് പുറമെ 9 സീറ്റുകളും അധികമായി അനുവദിച്ചിരുന്നു. മറ്റു വർഷങ്ങളിൽ സീറ്റ് വർദ്ധന ആവശ്യപ്പെടുന്ന വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശമനുസരിച്ചുള്ള 20 % മാർജിനൽ വർദ്ധനവ് നൽകിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല സർവ്വകലാശാലയുടെ കീഴിൽ വരുന്ന കോളേജുകളിൽ വർദ്ധിപ്പിച്ച സീറ്റുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കുമ്പള ഐ.എച്ച്.ആർ.ഡി. കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

107 (5170) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള ഐ.എച്ച്.ആർ.ഡി. കോളേജിലെ ക്ലാസ്സ് റൂം, ലാബ്, ലൈബ്രറി, സെമിനാർ ഹാൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തി ബജറ്റിൽ ഉൾപ്പെട്ടതാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ കുമ്പള മഞ്ചേശ്വരത്ത് പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് ക്ലാസ്സ് റൂം, ലാബ്, ലൈബ്രറി, സെമിനാർ ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 300 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതി 2019-20-ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയ്ക്ക് ടോക്കണായി 100 രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികൾക്കായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമായ പി.ഡബ്ല്യു.ഡി.-യുടെ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കോളേജ് കാമ്പസ്സിന്റെ മാസ്റ്റർ പ്ളാനും മറ്റു രേഖകളും ഉൾപ്പെട്ട പ്രൊപ്പോസൽ ഭരണാനുമതി നൽകുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് ഏതൊക്കെ നടപടിക്രമങ്ങളാണ് ശേഷിക്കുന്നതെന്നും എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(സി &ഡി) പ്രസ്തുത പ്രവൃത്തികൾക്കായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമായ പി.ഡബ്ല്യു.ഡി.-യുടെ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കോളേജ് കാമ്പസ്സിന്റെ മാസ്റ്റർ പ്ലാനും മറ്റു രേഖകളും ഉൾപ്പെട്ട പ്രൊപ്പോസൽ ഭരണാനുമതി നൽകുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്.

**ബയോ ബബിൾ മാതൃക**

108 (5171) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകൾ കോവിഡ് കാലത്ത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ബയോ ബബിൾ മാതൃക വിജയകരമാണോ; വിശദമാക്കാമോ?

അതെ. 17-9-2021 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1228/2021/ ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ എല്ലാ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഓൺ-ക്യാമ്പസ് ക്ലാസ്സുകൾ നടത്തി വരുന്നു. ഈ സുരക്ഷാ മാനദണ്ഡങ്ങൾ എല്ലാം വിജയകരമായിരുന്നു എന്നാണ് സ്ഥാപനങ്ങളിൽ നിന്നുമുള്ള റിപ്പോർട്ടുകളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

(ബി) അധ്യാപകർക്ക് വിവിധ ക്ലാസുകളിൽ അധ്യാപനം നടത്തേണ്ട സാഹചര്യത്തിൽ ബയോ ബബിൾ മാതൃക ഫലപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

17-9-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 1228/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ ക്ലാസുകൾ മുഴുവൻ വിദ്യാർത്ഥികളെയും ഉൾകൊള്ളിച്ചു കൊണ്ട് നടത്താവുന്നതും ബിരുദ ക്ലാസുകൾ ആവശ്യമെങ്കിൽ 50 ശതമാനം വിദ്യാർത്ഥികളെ ഒരു ബാച്ചായി പരിഗണിച്ച് ഇടവിട്ടുള്ള ദിവസങ്ങളിലോ ആവശ്യത്തിന് സ്ഥലം ലഭ്യമായ ഇടങ്ങളിൽ പ്രത്യേക ബാച്ചുകളായി ദിവസേനയോ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ കാമ്പസ്സിനുള്ളിൽ കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നു എന്ന് സ്ഥാപനമേധാവികൾ ഉറപ്പാക്കുവാനും ആവശ്യാനുസരണം ഹാൻഡ്‌വാഷ്, സാനിറ്റൈസർ, മുഖാവരണങ്ങൾ, തെർമൽ സ്കാനർ തുടങ്ങിയവ ഉറപ്പാക്കേണ്ടതാണെന്നും വിദ്യാർത്ഥികൾ കൂട്ടംകൂടുന്നതും സാമൂഹിക അകലം ലംഘിക്കുന്നതും അനുവദിക്കാൻ പാടില്ലാത്തതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ക്ലാസ്സുകൾ ഒറ്റ സെഷനിൽ 8.30 മുതൽ 1.30 വരെ നടത്തുന്നതാണ് അഭികാമ്യമെന്നും അല്ലെങ്കിൽ 9 മുതൽ 3 വരെ, 9.30 മുതൽ 3.30 വരെ, 10 മുതൽ 4 വരെ എന്നീ സമയക്രമങ്ങളിലൊന്ന് സൗകര്യപൂർവം തെരഞ്ഞെടുക്കാൻ കോളേജ് കൗൺസിലുകൾക്ക് അധികാരം നൽകി ആഴ്ചയിൽ 25 മണിക്കൂർ ക്ലാസ്സ് വരത്തക്ക

രീതിയിൽ ഓഫ്‌ലൈൻ, ഓൺലൈൻ ക്ലാസ്സുകൾ സമ്മിശ്രരീതിയിൽ കൈകാര്യം ചെയ്യാനും ആ രീതിയിൽ ടൈംടേബിൾ തയ്യാറാക്കുവാനും മറ്റു സെമസ്റ്ററുകളുടെ ക്ലാസ്സുകൾ ഓൺ ലൈനിൽ തന്നെ തുടരുവാനും ഇതിന് സഹായകരമായ രീതിയിൽ ടൈംടേബിൾ രൂപീകരിക്കുന്നതിന് സ്ഥാപന മേധാവികൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കുവാനും അനുവാദം നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള രീതിയിൽ 6 മണിക്കൂർ ദിവസേന ക്ലാസ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

### ഡിഗ്രി, പി.ജി. സീറ്റ് വർദ്ധിപ്പിച്ച കോളേജുകൾ

109 (5172) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ ഡിഗ്രി, പി.ജി. കോഴ്സുകൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള 5-8-2021-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ ഏതൊക്കെ കോളേജുകളിലാണ് സീറ്റ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; കോഴ്സുകൾ, സീറ്റുകളുടെ എണ്ണം എന്നിവ കോളേജ് തിരിച്ച് ലഭ്യമാക്കാമോ?

കണ്ണൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കാസർഗോഡ് ജില്ലയിലെ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട സർവ്വകലാശാല ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

### ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ ഉപരിപഠനം

110 (5173) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിൽ നിന്നും ഉപരിപഠനത്തിന് അർഹരായ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഓരോ ജില്ലയിൽ നിന്നും ഉപരിപഠനത്തിന് അർഹരായ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഓരോ ജില്ലയിലും സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ലഭ്യമായ കോഴ്സുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ ജില്ലയിലും സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലഭ്യമായ കോഴ്സുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഓരോ ജില്ലയിലും സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ സ്റ്റാറ്റ്യൂട്ടറി ലിമിറ്റ് അനുസരിച്ച് പ്രവേശനം ലഭ്യമാകുന്ന യു.ജി. സീറ്റുകളുടെ എണ്ണം എത്രയാണ്; വിവരം ലഭ്യമാക്കുമോ?

ഓരോ ജില്ലയിലും സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സ്റ്റാറ്റ്യൂട്ടറി ലിമിറ്റ് അനുസരിച്ച് പ്രവേശനം ലഭ്യമാകുന്ന യു.ജി. സീറ്റുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മാനവിക മുന്നേറ്റത്തിനുതകുന്ന ഗവേഷണ വിഷയങ്ങൾ**

111 (5174) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ വിവിധ വിഷയങ്ങളിലെ ഗവേഷണങ്ങൾക്കായി വിവിധ സർവകലാശാലകൾ, മറ്റ് ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേനയും വിവിധ പ്രോജക്ടുകളിലായും ചെലവായ തുക സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ കാലയളവിൽ അവാർഡ് ചെയ്തിട്ടുള്ള ഡോക്ടറേറ്റ് ബിരുദങ്ങളുടെ എണ്ണം എത്രയാണെന്ന് വർഷവും വിഷയവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഗവേഷണ വിഷയങ്ങൾ ഡോക്ടറേറ്റ് ബിരുദം അവാർഡ് ചെയ്യപ്പെടുന്നതിനുള്ള ഉപാധികൾ മാത്രമായി ചുരുങ്ങുന്നതായി ഈ രംഗത്തെ വിദഗ്ധർ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജനോപകാരപ്രദവും ശാസ്ത്രസാങ്കേതിക മാനവിക മുന്നേറ്റത്തിനുതകുന്നതുമായ വിഷയങ്ങളിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും ഗവേഷണഫലങ്ങൾ ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്കരണവും സാമൂഹികവത്കരണവും ലക്ഷ്യമാക്കി ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ പ്രബുദ്ധത, ഇന്ത്യയിലെ തന്നെ ആദ്യ സോഷ്യോ-അക്കാദമിക് പദ്ധതിയായി വിശേഷിപ്പിക്കപ്പെടുന്നു.

**മലപ്പുറം ജില്ലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്ന നടപടി**

112 (5175) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയെ അന്തർദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കിഫ്ബി ഫണ്ട്, പദ്ധതി വിഹിതം എന്നിവ ഉപയോഗിച്ച് ജില്ലയിലെ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട് മലപ്പുറം ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് കിഫ്ബി ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടില്ല. പദ്ധതി വിഹിതം ഉപയോഗിച്ച് സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ കൂടി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഓരോ നിർമ്മാണ പ്രവർത്തനങ്ങളും നിലവിൽ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

ഓരോ നിർമ്മാണ പ്രവർത്തനങ്ങളുടെയും നിലവിലെ അവസ്ഥയും അവയുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിവിധ സർവ്വകലാശാലകൾക്ക കീഴിലുള്ള കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്തൽ

113 (5176) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ എത്ര സർവ്വകലാശാലകളാണ് പ്രവർത്തിച്ചു വരുന്നത്; അവ ഏതൊക്കെയാണ്; ഓരോ സർവ്വകലാശാലയ്ക്കുകീഴിലും എത്ര കോളേജുകളാണുള്ളത്; അവയിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ ആകെ 10 സർവ്വകലാശാലകളാണ് പ്രവർത്തിച്ചുവരുന്നത്; ഓരോ സർവ്വകലാശാലയ്ക്കു കീഴിലുമുള്ള സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് മേഖലയിലുള്ള കോളേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. കേരള സർവ്വകലാശാല സർക്കാർ : 19 എയ്ഡഡ് - 48 അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിംഗ്- 119 പ്രൈവറ്റ് - 1

2. മഹാത്മാഗാന്ധി സർവ്വകലാശാല :സർക്കാർ - 11 എയ്ഡഡ് - 57 അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ് - 185

3. കാലിക്കറ്റ് സർവ്വകലാശാല : സർക്കാർ - 41 എയ്ഡഡ് - 60 അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ് - 294

4. കണ്ണൂർ സർവ്വകലാശാല: സർക്കാർ - 11 എയ്ഡഡ് - 17 അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ് - 80

5. കുസാറ്റ് സർവ്വകലാശാല : കോൺസ്റ്റിറ്റ്യൂവെന്റ് എഞ്ചിനീയറിംഗ് കോളേജ്-3

6. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല: സർക്കാർ - 9 സർക്കാർ സെൽഫ് ഫിനാൻസിംഗ് - 24 സെൻട്രൽ ഗവ. സെൽഫ് ഫിനാൻസിംഗ് കോളേജ് - 2 ഗവ. എയ്ഡഡ് - 3 സെൽഫ് ഫിനാൻസിംഗ് - 107.

(ബി) പ്രസ്തുത കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്തുന്നതിനായി ഓരോ സർവ്വകലാശാലയും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1974-ലെ കേരള സർവ്വകലാശാല ചട്ടം 23 (VI) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിൽ പരിശോധന നടത്താൻ സിൻഡിക്കേറ്റിനാണ് അധികാരം. 1977-ലെ കേരള സർവ്വകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട്സ്, അദ്ധ്യായം 24, സ്റ്റാറ്റ്യൂട്ട്സ് 36 പ്രകാരം പ്രസ്തുത പരിശോധന നടത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. 11-6-2021-ന് കൂടിയ സിൻഡിക്കേറ്റ് ഐറ്റം നമ്പർ 28.20.10 ആയി വിഷയം പരിഗണിച്ച്, പരിശോധന സംഘത്തെ നിയമിക്കാൻ, കോളേജുകളുടെ അഫിലിയേഷനുള്ള സിൻഡിക്കേറ്റിന്റെ സ്ഥിര സമിതി, കൺവീനറെ ചുമതലപ്പെടുത്തി. സമയബന്ധിതമായി പരിശോധന തീർക്കാനും സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല അക്കാദമിക നിലവാരം വിലയിരുത്തുന്നതിനായി, അൺ-എയ്ഡഡ് കോളേജുകൾ/ കോഴ്സുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഓരോ അക്കാദമിക വർഷവും കോളേജുകളിൽ പരിശോധനകൾ നടത്തുകയും തൃപ്തികരമാണെങ്കിൽ മാത്രമാണ് അഫിലിയേഷൻ പുതുക്കി നൽകുകയും ചെയ്യുന്നത്. ഓരോ കോളേജുകളിലും പരീക്ഷാ ഹാളിലും ക്ലാസ്സ് മുറികളിലും CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല -കാലിക്കറ്റ് സർവ്വകലാശാലയിൽ പുതിയ കോളേജുകൾ, നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 2020-21 അദ്ധ്യയന വർഷത്തിൽ നൂതന ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാല സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത 78 കോളേജുകളിൽ വിവിധ കോളേജുകളിലായി സിലബസ് അംഗീകരിച്ച 56 കോഴ്സുകൾ സർക്കാർ അനുമതിയോടെ അഫിലിയേഷൻ അനുവദിക്കുകയും ചെയ്തു. ബാക്കിയുള്ള അഫിലിയേഷൻ നടപടികൾ പൂർത്തിയായിവരുന്നു.

കണ്ണൂർ സർവ്വകലാശാല -കണ്ണൂർ സർവ്വകലാശാലയ്ക്കു കീഴിൽ കോളേജുകളുടെ NAAC റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും NAAC റാങ്കിംഗ് ഇല്ലാത്ത കോളേജുകൾക്ക് അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അതിനായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി കണ്ണൂർ സർവ്വകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) ന്റെ കീഴിൽ കോളേജുകളിലെ IQAC കോ-ഓർഡിനേറ്റർമാരെ കൂടി ഉൾപ്പെടുത്തി ഒരു ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല-ഈ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്തുന്നതിനായി അക്കാഡമിക് ആഡിറ്റ് എന്ന മാനദണ്ഡമാണ്

പ്രധാനമായി സ്വീകരിച്ചിട്ടുള്ളത്. അക്കാഡമിക് ഓഡിറ്റ് റിപ്പോർട്ട് അക്കാഡമിക് കൗൺസിൽ പോലുള്ള ഉന്നത അധികാര സമിതികൾ വിലയിരുത്തി ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ NBA അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി കോളേജുകളിലെ പ്രിൻസിപ്പൽമാർക്കും മാനേജർമാർക്കുമായി ഒരു വർക്ക്ഷോപ്പ് നടത്തിയിരുന്നു. കൂടാതെ ഇത്തരം കോളേജുകൾക്ക് പരിചയ സമ്പന്നരായ അക്രഡിറ്റഡ് കോളേജുകളിലെ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തക്ക രീതിയിലുള്ള Mentoring സംവിധാനവും നടപ്പാക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ ബിരുദ തലത്തിൽ സീറ്റുകൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

114 (5177) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള ബിരുദ തല സീറ്റുകൾ എത്ര; സർക്കാർ, എയ്ഡഡ്, സ്വാശ്രയം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ നിലവിലുള്ള ബിരുദ തല സീറ്റുകൾ സർക്കാർ, എയ്ഡഡ്, സ്വാശ്രയം എന്നിവ തരംതിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒന്നും രണ്ടും ഘട്ട അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോൾ എത്ര സീറ്റുകളിൽ പ്രവേശനം പൂർത്തിയായെന്നും ബാക്കിയുള്ള സീറ്റുകൾ എത്രയെന്നും വ്യക്തമാക്കുമോ; അപേക്ഷകരിൽ എത്രപേർക്കാണ് ഇതുവരെ പ്രവേശനം ലഭിച്ചത്; അറിയിക്കുമോ?

ഒന്ന്, രണ്ട് ഘട്ട അലോട്ട്മെന്റുകളും തുടർന്നുള്ള പ്രവേശന പ്രക്രിയകളും കഴിഞ്ഞപ്പോൾ 27-10-2021 തീയതി വരെ 19231 പേർക്ക് പ്രവേശനം ലഭിച്ചു. 29-11-2021 തീയതി വരെ പ്രവേശനം നടത്താൻ കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. 15177 സീറ്റുകളിൽ ഒഴിവുകൾ നിലനിൽക്കുന്നു. 39801 അപേക്ഷകരാണ് മലപ്പുറം ജില്ലയിൽ നിന്നും 27-10-2021 തീയതി വരെ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളത്.

(സി) ജില്ലയിലെ ഉയർന്ന വിജയ ശതമാനം കണക്കിലെടുത്ത് എല്ലാ കോളേജുകളിലും സീറ്റ് വർദ്ധിപ്പിക്കാനും കൂടുതൽ കോഴ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മലപ്പുറം ജില്ലയിലെ 50 ഓളം കോളേജുകളിൽ 2020-21 അധ്യയന വർഷത്തിൽ പുതിയ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴ്സുകളും 75 ഓളം കോളേജുകളിൽ 2021-22 അധ്യയന വർഷത്തിൽ വിവിധ കോഴ്സുകളിൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.

## കോട്ടക്കൽ മണ്ഡലത്തിലെ ടെക്നിക്കൽ ഹൈസ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

115 (5178) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തികയിലേയ്ക്ക് ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിനായി ഒരു അദ്ധ്യാപകനെ അനുവദിക്കണമെന്ന വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിലെ ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തികയും, ഇൻസ്ട്രക്ടർ ഇൻ ഇംഗ്ലീഷ് തസ്തികയും രണ്ട് വ്യത്യസ്ത തസ്തികകളായതിനാൽ പുനർനാമകരണം നടത്താൻ നിലവിൽ വ്യവസ്ഥയില്ല. ടെക്നിക്കൽ ഹൈസ്കൂളുകളുടെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുനഃപരിശോധന നടത്തി ആവശ്യമെങ്കിൽ ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തിക ഇല്ലാതാക്കി അതിനുശേഷം ഇംഗ്ലീഷ് ഇൻസ്ട്രക്ടറുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ലഭ്യമായിട്ടില്ല.

## ബി. ടെക് 2015 സ്കീം വിദ്യാർത്ഥികളുടെ സപ്ലിമെന്ററി പരീക്ഷ

116 (5179) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലെ ബി.ടെക് വിദ്യാർത്ഥികളുടെ (2015 സ്കീം) 3, 5 സെമസ്റ്ററുകളിലെ സപ്ലിമെന്ററി പരീക്ഷാ തീയതി പ്രഖ്യാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പരീക്ഷാ തീയതി പ്രഖ്യാപിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ നിലവിലെ എക്സാമിനേഷൻ റെഗുലേഷനനുസരിച്ച് എല്ലാ odd സെമസ്റ്റർ പരീക്ഷകളും odd സെമസ്റ്ററിലും എല്ലാ even സെമസ്റ്റർ പരീക്ഷകളും even സെമസ്റ്ററിലും നടത്താനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിൽ, even സെമസ്റ്റർ ആയതിനാൽ പ്രസ്തുത പരീക്ഷകളാണ് നടത്തിവരുന്നത്. 3,5 സെമസ്റ്ററുകൾ odd സെമസ്റ്റർ ആകയാൽ, അടുത്തവർഷം odd സെമസ്റ്റർ റെഗുലർ പരീക്ഷകൾക്കൊപ്പം സപ്ലിമെന്ററി പരീക്ഷകളും നടത്തുന്നതാണ്. കോഴ്സ് നീണ്ടുപോകാതെ സമയബന്ധിതമായി വാല്യുവേഷൻ പൂർത്തീകരിച്ച് റിസൾട്ട് പ്രഖ്യാപിക്കുവാനും കാര്യക്ഷമമായ പരീക്ഷാ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനുമാണ് യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് കൗൺസിൽ പ്രസ്തുത തീരുമാനം കൈക്കൊണ്ടത്.

(സി) പരീക്ഷാ തീയതി പ്രഖ്യാപിച്ച് വിദ്യാർത്ഥികളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

3, 5 സെമസ്റ്ററുകൾ odd സെമസ്റ്റർ ആകയാൽ, അടുത്തവർഷം odd സെമസ്റ്റർ റെഗുലർ പരീക്ഷകൾക്കൊപ്പം സപ്ലിമെന്ററി പരീക്ഷകളും നടത്തുന്നതാണ്. ഇതു സംബന്ധിച്ചുള്ള യൂണിവേഴ്സിറ്റി തീരുമാനം സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് നൽകിയ സ്പഷ്ടീകരണം അനുബന്ധമായി ചേർക്കുന്നു.*

## കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് പരീക്ഷ

117 (5180) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 സെപ്തംബറിലെ വിജ്ഞാപന പ്രകാരം നടന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് പരീക്ഷാർത്ഥികൾക്ക് പരീക്ഷയ്ക്കുശേഷം ചോദ്യപേപ്പർ കൊണ്ടുപോകുന്നതിന് അനുവാദമുണ്ടായിരുന്നോ; എങ്കിൽ ഏതെല്ലാം പരീക്ഷാ സെന്ററുകളിലാണ് ചോദ്യപേപ്പർ കൊടുത്തുവിട്ടതെന്നും ഏതെല്ലാം പരീക്ഷാ സെന്ററുകളിൽ ഇതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും പറയാമോ?

ഉണ്ട്. പരീക്ഷ നടത്തിയ 38 ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകിയ റിപ്പോർട്ട് പ്രകാരം 30 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ കുട്ടികൾക്ക് ചോദ്യപേപ്പർ കൊടുത്തിട്ടുണ്ട്. കാഞ്ഞങ്ങാട്, തൊടുപുഴ,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാവക്കാട്, കോട്ടയം, ചേർത്തല, ആലപ്പുഴ, വയനാട് എന്നീ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള പരീക്ഷാ കേന്ദ്രങ്ങളിലെ കുട്ടികൾക്കും മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലെ ഒരു പരീക്ഷാ കേന്ദ്രത്തിലെ കുട്ടികൾക്കും ചോദ്യപേപ്പർ നൽകിയിട്ടില്ല.

(ബി) പ്രസ്തുത വിജ്ഞാപനത്തിലെ പരീക്ഷയെ സംബന്ധിക്കുന്ന പതിനാലാമത്തെ നിർദ്ദേശത്തിൽ പരീക്ഷയ്ക്കുശേഷം ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് കൊണ്ടുപോകാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു പരീക്ഷാ സെന്ററിലും ഇത് പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം അടുത്ത പരീക്ഷ മുതൽ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ കെ.ജി.റ്റി.ഇ. പരീക്ഷ നടത്തുന്ന 38 ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം പരിശോധിച്ചതിൽ 30 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള പരീക്ഷാകേന്ദ്രങ്ങളിലും ആവശ്യപ്പെട്ട കുട്ടികൾക്ക് ചോദ്യപേപ്പർ നൽകിയിട്ടുണ്ട്. പരീക്ഷയുടെ രഹസ്യ സ്വഭാവം കണക്കിലെടുത്തുകൊണ്ട് എല്ലാ ബാച്ചുകളുടെയും പരീക്ഷ തീരുന്ന മുറയ്ക്ക് ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് തിരികെ നൽകുവാൻ നിർദ്ദേശം നൽകുന്നതാണ്.

(സി) ചില പരീക്ഷാ സെന്ററുകളിൽ ടൈപ്പ് റൈറ്റിംഗ് അസോസിയേഷൻ ഭാരവാഹികൾ എന്ന നിലയിൽ ചോദ്യപേപ്പറുകൾ മുഴുവനായി ചില വ്യക്തികൾക്ക് കൈമാറിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സെന്ററുകളിലാണ് ഇപ്രകാരം ചോദ്യപേപ്പർ കൈമാറിയതെന്ന് പരിശോധിക്കുമോ; തെറ്റായ പ്രസ്തുത പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യുന്ന സ്ഥാപന മേധാവികൾ വിദ്യാർത്ഥികൾക്കുവേണ്ടി ചോദ്യപേപ്പർ കൈപ്പറ്റിയിട്ടുണ്ട്. കണ്ണൂർ, മലപ്പുറം എന്നീ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ കീഴിലുള്ള ഓരോ പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യപേപ്പർ ഇൻസ്റ്റിറ്റ്യൂട്ടിനും സെന്റർ ഭാരവാഹികൾക്കും കൊടുത്തിട്ടുണ്ട്. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലുള്ള പരീക്ഷാ കേന്ദ്രത്തിൽ ഭാരവാഹികൾക്ക് ചോദ്യപേപ്പറിന്റെ ഒരു പകർപ്പ് നൽകിയിട്ടുണ്ട്. ഒരു പേപ്പറിന്റെ എല്ലാ ബാച്ചുകളുടെയും പരീക്ഷ അവസാനിക്കുന്ന ദിവസം പരീക്ഷാർത്ഥികൾക്ക് മാത്രമായി ചോദ്യപേപ്പർ കൊടുക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്.

(ഡി) പരീക്ഷ കഴിഞ്ഞാൽ ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് കൊണ്ടുപോകാവുന്നതാണെന്ന പ്രസ്തുത പരീക്ഷാ വിജ്ഞാപനത്തിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് ഇൻവിജിലേറ്റർമാർക്കും പരീക്ഷാ സെന്ററുകളിലെ ചീഫ് സൂപ്രണ്ടുമാർക്കും മാർഗ്ഗനിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

എല്ലാ പരീക്ഷകളും അവസാനിക്കുന്ന മുറയ്ക്ക് പരീക്ഷകളുടെ ചോദ്യപേപ്പർ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന സംവിധാനം നടപ്പിൽ വരുത്തുകയും പരീക്ഷയുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ പരീക്ഷയുടെ അടുത്ത നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതുമാണ്.

**കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ**

118 (5181) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി 2020-21 അധ്യയന വർഷം എത്ര സീറ്റുകൾ പ്രവേശനമില്ലാതെ ഒഴിഞ്ഞുകിടന്നുവെന്നറിയിക്കാമോ?

കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി 2020-21 അധ്യയന വർഷം പാർട്ട് ടൈം/ഫുൾ ടൈം വിഭാഗങ്ങളിൽ 21397 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) 1998-ന് ശേഷം ഇതുവരെ എത്ര പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ നിലവിൽ വന്നുവെന്ന് അറിയിക്കാമോ?

1998-ന് ശേഷം 87 എഞ്ചിനീയറിംഗ് കോളേജുകൾ നിലവിൽ വന്നു.

(സി) പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്നറിയിക്കാമോ?

പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അത്തരം കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുമുമ്പായി എ.ഐ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സർവകലാശാലയുടെ അഫിലിയേഷൻ കമ്മിറ്റി സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് വിശദമായ പരിശോധനകൾ നടത്തുകയും ചെയ്ത് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് അഫിലിയേഷൻ നൽകുന്നത്. അക്കാദമിക് ആഡിറ്റ് ഉൾപ്പെടെയുള്ള തുടർ ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

## വിജയശതമാനം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകൾ

119 (5182) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ് .:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇരുപത്തി അഞ്ചു ശതമാനം വിജയം നേടാത്ത കോളേജുകളുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇരുപത്തിയഞ്ച് ശതമാനം വിജയം നേടാത്ത കോളേജുകൾ ഒന്നും തന്നെയില്ല. എന്നാൽ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ചില സ്വാശ്രയ കോളേജുകൾ ഇരുപത്തിയഞ്ച് ശതമാനം വിജയം നേടിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വകലാശാല ഇക്കാര്യം പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## സാങ്കേതിക സർവ്വകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകയോഗ്യത

120 (5183) ശ്രീ. പി. അബ്ദുൽ ഹമീദ് .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെ യോഗ്യതയുമായി ബന്ധപ്പെട്ട സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ യോഗ്യതയില്ലാത്ത അധ്യാപകരുടെ നിയമനം നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ അധ്യാപക നിയമനത്തിന് എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള യോഗ്യത കൃത്യമായി ഉറപ്പാക്കുന്നുണ്ട്. എ.ഐ.സി.ടി.ഇ. 2010 റെഗുലേഷൻ പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ വിവിധ കോടതി വ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ പൂർണ്ണമായി ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. കോടതികളുടെ അന്തിമതീർപ്പുകൾ വന്ന സാഹചര്യത്തിൽ യോഗ്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് പുതിയ സ്ഥലം

121 (5184) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സ്ഥലപരിമിതി കാരണം മറ്റൊരിടത്തേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സ്ഥല പരിമിതി പരിഹരിക്കുന്നതിലേയ്ക്കായി ആധുനിക സൗകര്യങ്ങളോടുകൂടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി മറ്റൊരു സ്ഥലം കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി കോഴിക്കോട് നഗര പരിധിയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി കോഴിക്കോട് നഗര പരിധിയിൽ സ്ഥലം നിലവിൽ കണ്ടെത്തിയിട്ടില്ല.

(സി) കോഴിക്കോട് താലൂക്ക് കുന്ദമംഗലം വില്ലേജിൽ റി.സ. 401/1A2-ൽപ്പെട്ട സ്ഥലം പരിശോധിച്ച് അനുയോജ്യമാണെന്ന് ബന്ധപ്പെട്ടവർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കോഴിക്കോട് താലൂക്ക് കുന്ദമംഗലം വില്ലേജിൽ റി.സ.401/1A2-ൽപ്പെട്ട സ്ഥലവും കൂടാതെ മറ്റ് മൂന്നു സ്ഥലങ്ങളും സ്ഥാപനത്തിന്റെ ലാൻഡ് അക്വിസിഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതിൽ അനുയോജ്യമായ സ്ഥലം ഒരാഴ്ചയ്ക്കുള്ളിൽ ശിപാർശ ചെയ്യുന്നതിലേയ്ക്കുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള കോളേജിൽ നിന്ന് ഏറ്റവും അടുത്തുള്ളതും നാഷണൽ ഹൈവേ 766-ന് സമീപത്തുള്ളതുമായ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ; ഇതിനുവേണ്ടി കോഴിക്കോട് സിറ്റി പരിധിയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. കോഴിക്കോട് താലൂക്ക് കുന്ദമംഗലം വില്ലേജിൽ റി.സ.401/1A2-ൽപ്പെട്ട സ്ഥലവും കൂടാതെ മറ്റ് മൂന്ന് സ്ഥലങ്ങളും സ്ഥാപനത്തിന്റെ ലാൻഡ് അക്വിസിഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതിൽ അനുയോജ്യമായ സ്ഥലം ഒരാഴ്ചയ്ക്കുള്ളിൽ ശിപാർശ ചെയ്യുന്നതിലേയ്ക്കുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**പയ്യന്നൂർ വനിത പോളിടെക്നിക്കിനെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി**

122 (5185) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ വനിതാ പോളിടെക്നിക്കിനെ എഞ്ചിനീയറിംഗ് കോളേജാക്കി ഉയർത്തി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പയ്യന്നൂർ വനിതാ പോളിടെക്നിക്കിനെ എഞ്ചിനീയറിംഗ് കോളേജാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ കോഴ്സുകൾ**

123 (5186) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയെന്നറിയിക്കുമോ?

ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് കൊരട്ടിയിൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ടെക്നോളജി, പോളിമർ ടെക്നോളജി എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത പോളിടെക്നിക്കിൽ മെക്കാനിക്കൽ, സിവിൽ കോഴ്സുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പ്രസ്തുത പോളിടെക്നിക്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ നിലവിലില്ല.

(സി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും സാലറി ചലഞ്ചിലൂടെ പിടിച്ച തുക

124 (5187) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചിലൂടെ സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എത്ര ദിവസത്തെ ശമ്പളം ഓരോ ജീവനക്കാരിൽനിന്നും പിടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാലറി ചലഞ്ചിലൂടെ സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള 5 മാസങ്ങളിലായി ഓരോ മാസവും 6 ദിവസത്തെ ശമ്പളം വീതം പിടിച്ചിട്ടുണ്ട്.

(ബി) ജീവനക്കാർ നൽകിയ മുഴുവൻ തുകയും ട്രഷറിയിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കി തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സി-ആപ്റ്റ് ജീവനക്കാർ സാലറി ചലഞ്ചിലൂടെ നൽകിയ 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ രണ്ട് ഗഡു തുകയായ 72,62,082 രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്. ട്രഷറിയിൽ അടച്ചടി രണ്ടു ഗഡു തുക കൂടാതെ 2020 ജൂൺ മാസത്തെ ഒരു ഗഡു തുകയായ 37,27,594 രൂപ കൂടി ജീവനക്കാർക്ക് തിരികെ നൽകിയിട്ടുണ്ട്. കോവിഡ് 19-മായി ബന്ധപ്പെട്ട് അച്ചടി ജോലികൾ കാര്യമായി ലഭിക്കാത്തതിനാലും സ്ഥാപനത്തിന്റെ വരുമാനം കുറവായതിനാലും ബാക്കി തുക പ്രത്യേകമായി നിക്ഷേപിക്കാൻ സാധിച്ചില്ല.

(സി) പ്രസ്തുത തുക എന്ന് തിരികെ നൽകുമെന്ന് വ്യക്തമാക്കാമോ?

സി-ആപ്റ്റിന്റെ മുഖ്യവരുമാന സ്രോതസ്സ് ലോട്ടറി ടിക്കറ്റ് അച്ചടി ജോലിയാണ്. എന്നാൽ, കോവിഡ് മഹാമാരിയെ തുടർന്ന് അച്ചടിക്കേണ്ട ലോട്ടറി ടിക്കറ്റിന്റെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതിനാലും മറ്റ് അച്ചടി ജോലികൾ കുറവായതിനാലും സെന്ററിന്റെ വരുമാനത്തെ സാരമായി ബാധിച്ചു. ലോട്ടറി ടിക്കറ്റിന്റെ അച്ചടി പൂർണ്ണതോതിൽ പുനരാരംഭിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാകുന്ന മുറയ്ക്ക് ജീവനക്കാർക്ക് നൽകാനുള്ള 12 ദിവസത്തെ ശമ്പളം തിരിച്ച് നൽകുന്നതാണ്.

**കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സാമ്പത്തിക ക്രമക്കേടുകൾ**

125 (5188) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം 2013 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എച്ച്.ഡി.എഫ്.സി. ബാങ്കിൽ ഗഡുക്കളായി എത്ര കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്; ആയതിനുള്ള സർക്കാരിന്റെയും മ്യൂസിയം ഗവേണിംഗ് ബോഡിയുടെയും തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം എച്ച്.ഡി.എഫ്.സി. ബാങ്കിൽ 2013 മുതൽ 2021 ജൂൺ വരെ നിക്ഷേപിച്ച തുകയുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.* പ്രസ്തുത പട്ടികയിൽ 2018 നവംബറിനുശേഷം കാണിച്ചിരിക്കുന്ന നിക്ഷേപങ്ങളൊന്നുംതന്നെ പുതുതായി നടത്തിയതല്ല. എന്നാൽ കോട്ടയം സയൻസ് സിറ്റിയുടേയും ചാലക്കുടി മേഖലാ ശാസ്ത്രകേന്ദ്രത്തിലേയും പ്ലാനറ്റേറിയം ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട തുകകൾ സ്ഥിരനിക്ഷേപ കാലാവധി കഴിയുന്നതിനനുസരണമായി പുതുക്കി നിക്ഷേപിച്ചതാണ്. എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിക്ഷേപിക്കാൻ സർക്കാരിൽനിന്നും അനുമതി വാങ്ങിയിട്ടില്ല. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 2-5-2013-ൽ ചേർന്ന 34-ാമത് ഗവേണിംഗ് ബോഡിയുടെ '34.07', തീരുമാനപ്രകാരം തിരുവനന്തപുരം പ്ലാനറ്റേറിയത്തിന്റെ നവീകരണത്തിനായി വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന സാധന സാമഗ്രികൾ വാങ്ങാൻ എച്ച്.ഡി.എഫ്.സി. ബാങ്കിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് (LC) തുടങ്ങാനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചുകൊള്ളുന്നു*.

(ബി) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിന്നും പിൻവലിച്ച തുകയുടെയും നീക്കിയിരിപ്പ് നിക്ഷേപ തുകയുടെയും ഇനം തിരിച്ചുള്ള കണക്കുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണക്കുകൾ ക്രോഡീകരിച്ചുവരുന്നു.

(സി) എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള അമ്പത്തിയഞ്ച് കോടിയോളം രൂപയിൽ നിന്നും മൂന്ന് കോടി രൂപ ജീവനക്കാർ തിരിമറി നടത്തിയതുകൊണ്ടാണ് കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതെന്ന ആക്ഷേപം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ പ്രാവശ്യവും പിൻവലിച്ച തുക, പലിശയിനത്തിൽ ലഭിച്ച തുക, നീക്കിയിരിപ്പ് നിക്ഷേപം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

2013 മുതൽ എച്ച്.ഡി.എഫ്.സി. ബാങ്കിൽ കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം നിക്ഷേപിച്ച തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ക്രോഡീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത അക്കൗണ്ടിൽ തിരിമറി നടത്തിയിട്ടുണ്ടെങ്കിൽ കുറ്റക്കാരായ ജീവനക്കാരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുവാനും നഷ്ടപ്പെട്ട തുക ഈടാക്കുവാനുമുള്ള നടപടി സ്വീകരിക്കാമോ?

ക്രോഡീകരിച്ച വിവരങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## എൻ.സി.എ. ഒഴിവുകൾ സംബന്ധിച്ച് യൂണിവേഴ്സിറ്റി (രണ്ടാം ഭേദഗതി) ആക്ട് 2014-ലെ വ്യവസ്ഥകൾ

126 (5189) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി യൂണിവേഴ്സിറ്റി നിയമങ്ങൾ (രണ്ടാം ഭേദഗതി) ആക്ട് 2014-ലെ വ്യവസ്ഥകൾ ഏതെല്ലാം സർവ്വകലാശാലകൾക്കാണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ സർവ്വകലാശാലകൾക്കാണ് പ്രസ്തുത വ്യവസ്ഥകൾ ബാധകമായിട്ടുള്ളത്.

(ബി) പ്രസ്തുത ആക്ടിൽ നിലവിലുള്ള എൻ.സി.എ. ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് വ്യവസ്ഥയുണ്ടോ?

വ്യവസ്ഥയില്ല.

(സി) പ്രസ്തുത ആക്ട് നിലവിൽ വന്നശേഷം ഏതെങ്കിലും സർവ്വകലാശാലകൾ അധ്യാപക നിയമനത്തിനായി എൻ.സി.എ. വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എൻ.സി.എ. ഒഴിവിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ

എൻ.സി.എ. വിജ്ഞാപനം മാത്രമായി പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വിവിധ പഠനവകുപ്പുകളിലെ അധ്യാപക ഒഴിവുകൾ നികത്തുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾക്കൊപ്പം എൻ.സി.എ. ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ എൻ.സി.എ. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**വിദേശസർവ്വകലാശാലകളുമായി ചേർന്നുള്ള ഉന്നതപഠനം**

127 (5190) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളുടെ അക്കാദമിക ഉന്നമനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനും അതുപോലെ തന്നെ, പഠന ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റം വേണം എന്ന ലക്ഷ്യത്തോടെ ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ.

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം.

3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ.

4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.

5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം.

(ബി) വിദേശസർവ്വകലാശാലകളുമായി ചേർന്ന് ഉന്നതപഠനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തെ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

1. കണ്ണൂർ സർവ്വകലാശാല അക്കാദമിക് രംഗത്തെ സഹകരണത്തിനായി കണ്ണൂർ സർവ്വകലാശാലയ്ക്ക് താഴെ പറയുന്ന വിദേശ സർവകലാശാലകളുമായി ബന്ധങ്ങൾ ഉണ്ട്.

(1) ജർമനിയിലെ Erfurt സർവ്വകലാശാലയുമായി ധാരണാ പത്രവും Agreement for Academic Collaboration-ഉം ഒപ്പിട്ടിട്ടുണ്ട്.

(2) ഇറ്റലിയിലെ Chieti സർവ്വകലാശാലയുമായി Bilateral Agreement ഒപ്പിട്ടിട്ടുണ്ട്.

(3) അമേരിക്കയിലെ Oregon State University College of Forestry യുമായി Letter of Collaboration ഒപ്പിട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല മികച്ച സർവകലാശാലകളുമായി വിവിധ ഗവേഷണപദ്ധതികളിൽ യോജിച്ച് പ്രവർത്തിച്ചുവരുന്നു. സ്പാർക്ക് പ്രോഗ്രാം, ഡിബിറ്റി ബയോടെക്, ഊർജിത്ത് ക്ലസ്റ്റർസ്, സഫിറ പ്രൊപ്പോസൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്റ്റുഡന്റ് എക്സ്ചേഞ്ച്, കൊളാബറേറ്റീവ് റിസർച്ച് എന്നിവയും സ്പോൺസേർഡ് റിസർച്ച് പ്രൊപ്പോസൽ മുഖേനയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരു പോലെ ഗുണം ലഭിക്കുന്നതാണ്. മഹാത്മാഗാന്ധി സർവ്വകലാശാല വിവിധ വിദേശ സർവ്വകലാശാലകളുമായി കാലാകാലങ്ങളിൽ ധാരണാ പത്രത്തിൽ ഏർപ്പെടാറുണ്ട്. ടി ധാരണാപത്രങ്ങൾ വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളുമായി ചേർന്ന് ഉന്നതപഠനം സാധ്യമാക്കുന്നതിന് വിദ്യാർത്ഥികൾക്ക് സഹായകരമാകുന്നുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല കൂടി ഭാഗമായി കെ.സി.എച്ച്.ആർ. (കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്)-ന്റെ സഹകരണത്തോടെ യൂണിവേഴ്സിറ്റി ഓഫ് ലെയ്ഡൻ, നെതർലൻഡുമായി ചേർന്ന് കോസ്മോസ് മലബാറിക്കസ് എന്ന പേരിൽ ഒരു പ്രോജക്ട് ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ന്യുവാൽസ് അന്താരാഷ്ട്രതലത്തിൽ ഫാക്കൽറ്റി/ വിദ്യാർത്ഥി കൈമാറ്റം, നൈപുണ്യ വികസനത്തിലധിഷ്ഠിതമായ പാഠ്യ പദ്ധതി എന്നിവയിലൂടെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് ന്യുവാൽസിന്റെ പ്രശസ്തി ഉയർത്തുന്നതിന് സർവ്വകലാശാല ശ്രമിക്കുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഉന്നതപഠനം സാധ്യമാക്കുന്നതിനായി വിദേശ സർവ്വകലാശാലകളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല ജർമ്മനിയിലെ തുബിൻജൻ സർവ്വകലാശാലയുമായി ചേർന്ന് അക്കാദമിക-സാംസ്കാരിക വിനിമയം നടത്തുകയും ഗുണ്ടർട്ട് ചെയർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർവകലാശാല വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ഉന്നതപഠനം സാധ്യമാക്കുന്നതിന് (കേരള സർവ്വകലാശാല വിദേശ സർവ്വകലാശാലകളുമായി) ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്.

## സർവകലാശാലകളുടെ സോഫ്റ്റ്‌വെയറുകൾക്ക് ഓഡിറ്റിംഗ്

128 (5191) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം എന്നീ പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, യഥാസമയമുള്ള അപ്ഡേഷൻ എന്നിവ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ?

മഹാത്മാഗാന്ധി സർവ്വകലാശാല- സർവ്വകലാശാലയിൽ അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം എന്നീ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഓൺലൈൻ മുഖാന്തരമാണ്. ഇത് നിർവഹിക്കാൻ വേണ്ടി സർവ്വകലാശാലയിൽ ഒരു സാങ്കേതിക പരിജ്ഞാനവും, പരിചയ സമ്പത്തുമുള്ള വിഭാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം ജീവനക്കാർ കാലാകാലങ്ങളിൽ നടത്തേണ്ട ഓഡിറ്റിംഗ്, ടെസ്റ്റിംഗ്, അപ്ഡേഷൻ എന്നിവ അതത് മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പൂർത്തീകരിക്കാറുണ്ട്.

കണ്ണൂർ സർവ്വകലാശാല-കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ ജോലിചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ ഓപ്പറേറ്റിങ് സിസ്റ്റം, സോഫ്റ്റ്‌വെയർ എന്നിവയുടെ അപ്ഡേഷൻ നടന്നുവരുന്നു. കൂടാതെ സെക്യൂരിറ്റി ഫയർവാൾ സംവിധാനം നിലവിലുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - ബിരുദ-ബിരുദാനന്തര കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം തുടങ്ങിയവയ്ക്കായി പ്രവർത്തിച്ചുവരുന്ന സോഫ്റ്റ്‌വെയർ ഡെവലപ്പേഴ്സടങ്ങിയ രണ്ട് ടീമുകളും സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, യഥാസമയമുള്ള അപ്ഡേഷൻ എന്നിവ ഉറപ്പുവരുത്തുന്നുണ്ട്.

ന്യുവാൽസ് - അഡ്മിഷൻ, ഡിഗ്രി സർട്ടിഫിക്കറ്റ് മുതലായവ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിവരുന്നു. ന്യുവാൽസിൽ ഓഫീസ് ഓട്ടോമേഷൻ നടപടിക്രമങ്ങൾ നടന്നുവരുന്നു. സർവ്വകലാശാലയിൽ ഡിജിലോക്കർ സിസ്റ്റം നിലവിലുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല -MeitY (ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം) നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിനായുള്ള നയ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി, സ്റ്റേറ്റ് ഡാറ്റാ സെന്റർ II-ൽ (SDC-II, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ) വിന്യസിച്ചിട്ടുള്ള ഇ-ഗവേണൻസ് സംവിധാനം സംബന്ധിച്ച് താഴെപ്പറയുന്ന സുരക്ഷാ നടപടിക്രമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. Vulnerability Assessment (CERT-k)

2. System Performance Monitoring: DARPAN (c-DAC)

3. Penetration Testing: SDC Firewall

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ വിവിധ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം എന്നീ പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സർവ്വകലാശാല നേരിട്ട് വികസിപ്പിച്ചെടുത്തതാണ്. ആയതിനാൽ ഇതിന്റെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, അപ്ഡേഷൻ എന്നിവ സർവ്വകലാശാലയുടെ അഡ്മിഷൻ വിഭാഗവും, അക്കാദമിക് രജിസ്റ്റർ ഇൻഫർമേഷൻ സിസ്റ്റം ലാബും പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷമാണുപയോഗിക്കുന്നത്.

കാലിക്കറ്റ് സർവ്വകലാശാല - സോഫ്റ്റ്‌വെയറുകളുടെ കാര്യക്ഷമത കൃത്യത, ഗുണമേന്മ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപഭോക്താക്കൾ പരിഷ്കരണങ്ങൾ യഥാസമയം ഉൾക്കൊള്ളിക്കുന്നുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ സംബന്ധിച്ച സോഫ്റ്റ്‌വെയർ യൂണിവേഴ്സിറ്റി ഡയറക്ടറേറ്റ് ഓഫ് അഡ്മിഷന്റെ നിർദ്ദേശപ്രകാരവും പരീക്ഷ സംബന്ധിച്ച സോഫ്റ്റ് വെയർ പരീക്ഷാഭവന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുമാണ് നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ ഓഡിറ്റിംഗിന് ബാഹ്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഏജൻസികളെ നിയമിക്കാനുണ്ടായ സാഹചര്യം, ആവശ്യകത എന്നിവ വിശദമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ പ്രോഗ്രാമുകളുടെ ഗുണനിലവാരം, പുരോഗതി എന്നിവ വിലയിരുത്താനും സുരക്ഷാ ക്രമീകരണങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും രഹസ്യാത്മകത ഉയർത്തിപ്പിടിക്കുന്നതിനുമായി ഒരു ബാഹ്യ സർക്കാർ ഏജൻസി (CDAC) മുഖേന സോഫ്റ്റ്‌വെയർ ഓഡിറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ MeitY (ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം) നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിനായുള്ള നയ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി, സ്റ്റേറ്റ് ഡാറ്റാ സെന്റർ II-ൽ (SDC-II,

കേരള സ്റ്റേറ്റ് ഐടി മിഷൻ) ആണ് ഇ-ഗവേണൻസ് സംവിധാനം വിന്യസിച്ചിട്ടുള്ളത്, സംസ്ഥാന ഡാറ്റാ സെന്ററിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷൻ വിന്യസിക്കുമ്പോൾ നിർബന്ധമായും സോഫ്റ്റ്‌വെയർ സുരക്ഷാ ഓഡിറ്റ് പൂർത്തിയാക്കേണ്ടതാണ്. CERT-in (ഇന്ത്യ ഗവൺമെന്റിലെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ) മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി CERT-K ആണ് സർവ്വകലാശാലയുടെ സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുള്ളത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അഡ്മിഷൻ സോഫ്റ്റ്‌വെയർ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, യഥാസമയമുള്ള അപ്ഡേഷൻ എന്നിവ ഉറപ്പുവരുത്തുന്നതിൽ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, മെയിന്റനൻസ് തസ്തികകളിലെ ജീവനക്കാരിൽനിന്ന് വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ ഉപയോഗക്ഷമത, കൃത്യത, വേഗത എന്നിവയിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളിൽനിന്ന് അഭിപ്രായങ്ങൾ സ്വീകരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സോഫ്റ്റ്‌വെയറുകളുടെ അപ്ഡേഷനുകൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് നടത്തപ്പെടുന്നത്.

## അദ്ധ്യാപകരായ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾക്കുള്ള ഇളവുകൾ

129 (5192) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിൻഡിക്കേറ്റ് അംഗത്വം വഹിക്കുന്ന സർവ്വകലാശാല അധ്യാപകർക്ക് തങ്ങളുടെ അദ്ധ്യാപന/ഗവേഷണ പ്രവൃത്തി നിർവ്വഹിക്കുന്നതിൽനിന്നും ഇളവ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സിൻഡിക്കേറ്റ് അംഗത്വം വഹിക്കുന്ന സർവ്വകലാശാല അദ്ധ്യാപകർക്ക് തങ്ങളുടെ അദ്ധ്യാപന/ഗവേഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിൽനിന്നും ഇളവ് അനുവദിച്ചിട്ടില്ല.

## മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ബി.എ. ബിരുദ കോഴ്സ് സർട്ടിഫിക്കറ്റ് നല്കാൻ നടപടി

130 (5193) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി സർവ്വകലാശാല 13-8-2020-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ബി.എ. ബിരുദ കോഴ്സിന്റെ സർട്ടിഫിക്കറ്റ് നാളിതു വരെ ലഭ്യമായില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ?

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; സർട്ടിഫിക്കറ്റ് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

സപ്ലിമെന്ററി പരീക്ഷ ഇല്ലാത്ത എല്ലാ വിദ്യാർത്ഥികളുടെയും കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ കോളേജുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. കൺസോളിഡേഷൻ ആവശ്യമായവരുടെ സർട്ടിഫിക്കറ്റുകളും, ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റും വിദ്യാർത്ഥികൾ അപേക്ഷ നൽകുന്ന മുറയ്ക്ക് ഫാസ്റ്റ് ട്രാക്ക് രീതിയിലും ഓർഡിനറിയായും വിതരണം ചെയ്യുന്നുണ്ട്.

## സർവ്വകലാശാലകളിലെ ഡെപ്യൂട്ടേഷൻ/കരാർ നിയമന യോഗ്യത

131 (5194) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകൾ, സർവ്വകലാശാലകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിര നിയമനത്തിനും പ്രസ്തുത തസ്തികകളിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ, കരാർ നിയമനങ്ങൾക്കും ഒരേ യോഗ്യതകൾ തന്നെയാണോ നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സ്ഥിര നിയമനത്തിനുള്ള തസ്തികകൾക്കുള്ള യോഗ്യത പരിഗണിക്കുന്നത് നിലവിലെ സ്പെഷ്യൽ റൂളനുസരിച്ചാണ്. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ/കരാർ നിയമനങ്ങൾക്ക് സ്ഥിര നിയമനത്തിനുള്ള യോഗ്യതയാണ് മാനദണ്ഡമാക്കുന്നത്.

(ബി) പ്രസ്തുത സ്ഥിരം തസ്തികകളിൽ കരാർ/ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്കുള്ള യോഗ്യതയിൽ ഇളവു വരുത്തുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് അനുവദനീയമാണോ; വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥിര തസ്തികകളിൽ കരാർ/ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്കുള്ള യോഗ്യതയിൽ മാറ്റം വരുത്തുകയോ ഇളവ് വരുത്തുകയോ ചെയ്യാറില്ല. എന്നിരുന്നാലും ചില തസ്തികകളുടെ Contract/deputation നിയമനങ്ങൾ വിജ്ഞാപനം ചെയ്യുമ്പോൾ തസ്തികകളുടെ പ്രാധാന്യവും ഉദ്യോഗാർത്ഥികളുടെ ലഭ്യതയും കണക്കിലെടുത്ത് സെലക്ഷൻ കമ്മിറ്റികൾ മറ്റ് യോഗ്യതകൾ കൂടി ഉൾപ്പെടുത്താറുണ്ട്.

**മാർക്ക് ജിഹാദ് പ്രചരണം**

132 (5195) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി സർവ്വകലാശാലയിൽ കേരളത്തിൽ നിന്നുള്ള കുട്ടികൾ പ്രവേശനം നേടുന്നതിന് പിന്നിൽ മാർക്ക് ജിഹാദാണെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഈ പ്രചരണം ശരിയല്ലയെന്ന് മാധ്യമങ്ങൾ വഴി അഭിപ്രായം അറിയിച്ചു. കൂടാതെ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച അധ്യാപകനെതിരെ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയോട് കത്തുമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി അംഗീകാരം**

133 (5196) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ; സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത സർവകലാശാലയ്ക്കായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്നും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ 9 കോടി രൂപ 2021-22 വർഷത്തിൽ നീക്കി വച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സെന്റർ, ലൈബ്രറി, ക്ലാസ് റൂം, അക്കാഡമിക് സെക്ഷൻ എന്നിവയ്ക്കുവേണ്ടി കൊല്ലം കേന്ദ്രീയ വിദ്യാലയത്തിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് സൗകര്യങ്ങളൊരുക്കുന്ന പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. കുരീപ്പുഴ സി.ജെ.ഡി.എഫ് ബിൽഡിംഗിൽ സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഏതെല്ലാം ബിരുദ, ബിരുദാനന്തര കോഴ്സുകളാണ് സർവകലാശാലയിൽ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

യു. ജി. കോഴ്സുകൾ 1. ഇംഗ്ലീഷ് 2. മലയാളം 3. ഹിന്ദി 4. സംസ്കൃതം 5. അറബിക് 6. കൊമേഴ്സ് 7. ഹിസ്റ്ററി 8. ഇക്കണോമിക്സ് 9. സോഷ്യോളജി 10. ബി.ബി.എ 11. ബി.സി.എ 12. ശ്രീനാരായണഗുരു സ്റ്റഡീസ്.

പി.ജി. കോഴ്സുകൾ 1. ഇംഗ്ലീഷ് 2. മലയാളം 3. ഹിസ്റ്ററി 4. സോഷ്യോളജി 5. കോമേഴ്സ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ട്.

(സി) സർവ്വകലാശാലയുടെ കോഴ്സുകൾക്ക് പ്രത്യേക യു.ജി.സി അംഗീകാരം ആവശ്യമുണ്ടോ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ അക്കാദമിക് വർഷം യു.ജി.സി അംഗീകാരം ലഭിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. ലഭിച്ചിട്ടില്ല. ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് യു.ജി.സി.യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ പോർട്ടലിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിന്റെ നടപടികൾ നടന്നു വരുന്നു.

(ഡി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ഓഫ് ക്യാമ്പസ് സെന്ററുകൾ അനുവദിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സ്റ്റഡി സെന്റർ, പ്രോഗ്രാം സെന്റർ, വർക്ക് സെന്റർ, ലാബ് സെന്റർ എന്നിവ എന്താണെന്ന് വ്യക്തമാക്കാമോ; ഇതിനായി അപേക്ഷകൾ ക്ഷണിച്ചുവോയെന്നും ഇനിയും അപേക്ഷകൾ ക്ഷണിക്കുമോയെന്നും അറിയിക്കാമോ; ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സ്റ്റഡി സെന്റർ: സർവ്വകലാശാലയുടെ വിവിധ പ്രോഗ്രാമുകൾ നടത്തുവാൻ അർഹതയുള്ള സ്ഥാപനം.

പ്രോഗ്രാം സെന്റർ: ഒരു പ്രത്യേക വിഷയത്തിൽമാത്രം സർവ്വകലാശാലയുടെ കോഴ്സ് പ്രദാനം ചെയ്യുന്ന സ്ഥാപനം.

വർക്ക് സെന്റർ: സർക്കാർ അനുവദിച്ചിട്ടുള്ള അംഗീകൃത സ്ഥാപനം: ഈ സ്ഥാപനം വഴി സർവ്വകലാശാലയുടെ പഠന സാമഗ്രികൾ വിതരണം ചെയ്ത് വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ ലഭിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കാം.

ലാബ് സെന്റർ: സർവ്വകലാശാല നടപ്പിലാക്കാനുദ്ദേശിക്കുന്ന സയൻസ് വിഷയങ്ങൾക്കുവേണ്ടി ലബോറട്ടറി സൗകര്യങ്ങൾ നൽകാൻ തയ്യാറുള്ള സ്ഥാപനം. ഇതിനുവേണ്ടി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ഇനിയും അപേക്ഷകൾ ക്ഷണിക്കുന്നതായിരിക്കും. ലഭിച്ച അപേക്ഷകളിൽ യോഗ്യമെന്ന് കണ്ടെത്തിയ സ്ഥാപനങ്ങളുമായി കത്തിടപാട് തുടങ്ങിയിട്ടുണ്ട്. അടുത്തുതന്നെ സർവ്വകലാശാല സിൻഡിക്കേറ്റ് സമിതി സ്ഥാപനങ്ങൾ സന്ദർശിക്കുന്നതാണ്.

(എഫ്) യു.ജി.സി നിഷ്കർഷിക്കുന്ന "സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ" എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന ഓഫ് ക്യാമ്പസ് സെന്ററുകൾ ഏതെല്ലാമാണ്; സംസ്ഥാനത്തെ സഹകരണ കോളേജുകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുമോ; വ്യക്തമാക്കാമോ?

സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് സർക്കാർ നിയന്ത്രിക്കുകയോ മേൽനോട്ടം വഹിക്കുന്നതോ ആയ അഫിലിയേറ്റഡ് സ്ഥാപനങ്ങളെയാണ്. സഹകരണ കോളേജുകൾ ഈ വിഭാഗത്തിൽപ്പെടില്ല.

**സർവ്വകലാശാലകളിലെ ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി**

134 (5197) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിവിധ ഇ-ഗവേണൻസ് പദ്ധതികൾ പ്രകാരം ലക്ഷ്യമിട്ട നേട്ടങ്ങൾ, നാളിതുവരെ കൈവരിച്ച ലക്ഷ്യങ്ങൾ എന്നിവ വിശദമാക്കുമോ?

കേരള സർവ്വകലാശാല– സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കേരള സർവ്വകലാശാലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കണ്ണൂർ സർവ്വകലാശാല– ഓഫീസ് അഡ്മിനിസ്ട്രേഷൻ കടലാസ് രഹിതമാക്കുക, അനാവശ്യ കാലതാമസങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കുകയുണ്ടായി. പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ ഓട്ടോമേഷൻ നടപ്പാക്കുകയും, വിദ്യാർത്ഥികൾക്കുള്ള സേവനങ്ങൾ ഓട്ടോമേഷൻ മുഖേന ലഭ്യമാക്കുകയുമുണ്ടായി. റിക്രൂട്ട്മെന്റ് തുടങ്ങിയ മേഖലകളിലും ഓട്ടോമേഷൻ നടപ്പാക്കി. മറ്റ് പദ്ധതികൾ ചുവടെ പറയുന്നു: 1. Payroll and Pension management. 2. School of Distance Education (Smartweb). 3. Software for Single Window Admission System. 4. Biometric Punching System. 5. Portals Development and re-designing official website. 6. Hi-tech Students' Amenity Centre.

കാലിക്കറ്റ് സർവ്വകലാശാല - ഡിജിറ്റൽ ഫയൽ ഡോക്യുമെന്റ് സിസ്റ്റം (ഡി.ഡി.എഫ്.എസ്.) നടപ്പാക്കിയതിലൂടെ കടലാസ് രഹിത ഓഫീസ് സംവിധാനത്തിന് തുടക്കം കുറിക്കുകയും ഇതിലൂടെ ഫയൽ മാനേജ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാകുകയുമുണ്ടായി. ഡിജിറ്റലൈസേഷന്റെ ഭാഗമായി ഏകജാലക പ്രവേശന സംവിധാനം, പരീക്ഷകൾക്കുള്ള അപേക്ഷ, റിസൾട്ട്, ഫീ പേമെന്റ്, വൈഫൈ സംവിധാനം, ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ, ഓൺലൈൻ കോഴ്സുകൾ നടത്തുന്നതിനുള്ള സംവിധാനമായ മൂഡിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം തുടങ്ങി വിദ്യാർത്ഥികൾക്കുള്ള എല്ലാ പ്രധാന സേവനങ്ങളും ഓൺലൈനായി നടപ്പാക്കി. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഹൈപ്പർ കൺവേർജ്ഡ് ഇൻഫ്രാസ്ട്രക്ചർ അധിഷ്ഠിത വെർച്വലൈസേഷൻ, സ്വകാര്യ ക്ലൗഡ് സിസ്റ്റം എന്നിവയുടെ 5 വർഷത്തെ വാറന്റിയും 2 വർഷത്തെ സമഗ്രമായ വാറന്റിയുമുള്ള സപ്ലൈ, ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ്, കമ്മീഷൻ ചെയ്യൽ എന്ന പ്രോജക്ട് നടപ്പിലാക്കിവരുന്നു. ന്യൂവാൽസ് - C-DAC-മായി ബന്ധപ്പെട്ട് ന്യൂവാൽസിൽ ഓഫീസ് ഓട്ടോമോഷൻ നടപ്പിലാക്കിവരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല - ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ആദ്യപടിയായി സെർവർ, സ്റ്റോറേജ് നെറ്റ് വർക്കിംഗ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 86 ലക്ഷത്തോളം രൂപയാണ് ആദ്യഘട്ടത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്.

മഹാത്മാഗാന്ധി സർവ്വകലാശാല- സർവ്വകലാശാലയിലെ എല്ലാ സെക്ഷനുകളെയും കംപ്യൂട്ടർ നെറ്റ്വർക്ക് ശൃംഖലയുമായി ബന്ധിപ്പിച്ച് ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റത്തിന്റെ കീഴിലാക്കി. സർവ്വകലാശാല ഓഫീസുകളിലും പഠനവകുപ്പുകളിലും ക്യാംപസ് 'Wi-Fi' നടപ്പിലാക്കി. എല്ലാ പഠനവകുപ്പുകളിലും സ്മാർട്ട് ഡിജിറ്റൽ ക്ലാസ് റൂമുകൾ സജ്ജീകരിച്ചു. സർവ്വകലാശാലയുടെ ഓഫീസിലും ക്യാംപസിലും സിസിടിവി ക്യാമറകൾ സ്ഥാപിച്ചു. ഓഫീസ് പ്രവർത്തനങ്ങൾ

മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്കും അദ്ധ്യാപകർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ബയോമെട്രിക് പഞ്ചിംഗ് നടപ്പിലാക്കി. നൂതന സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാല, ഉന്നത ഉദ്യോഗസ്ഥർക്ക് IMG-ൽ പരിശീലനം നൽകുകയുണ്ടായി. സർവ്വകലാശാലയുടെ രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ സൂക്ഷിക്കുന്നതിനായി ഹൈകപ്പാസിറ്റി സെർവറുകൾ വാങ്ങിച്ചു. സർവ്വകലാശാലയിൽ Computerisation / Office Automation ന്റെ ഭാഗമായി താഴെ പറയുന്ന സോഫ്റ്റ്‌വെയർ പദ്ധതികൾ നടപ്പിലാക്കി. 1. UG Centralized Allotment Process. 2. PG Centralized Allotment Process. 3. CAT - Admission to Teaching Schools/ Departments. 4. VAT - Admission for Ph.D. Programme. 5. Online Certificate Portal - For Migration, Eligibility, Equivalency, Readmission & Condonation. 6. Online Application Portal - For UG/PG Certificates and Marklists. 7. E-payment portal - For various payments. 8. Exam Registration Portal - For registration of various examinations. 9. Admission Portal - Admission for various programmes. 10. Student's Grievance Portal- For submitting various grievances. 11. Result Portal - For publishing various results. 12. Employees/Faculty Portal. 13. Examination Management System.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - 'മൂഡിൽ' എന്ന സ്വതന്ത്ര പ്ലാറ്റ്ഫോം ഉപയോഗിച്ച് സർവ്വകലാശാല വികസിപ്പിച്ചെടുത്ത എൽ.എം.എസ്. മുഖേന കോവിഡ് മഹാമാരിയുടെ കാലത്ത് സർവ്വകലാശാലയിലെ അദ്ധ്യയനം പൂർണ്ണമായും ഡിജിറ്റൽ രീതിയിലേയ്ക്ക് മാറുന്നതിന് സാധിച്ചു. വിദ്യാർത്ഥികളുടെ അഡ്മിഷൻ ഓൺലൈൻ വഴിയാക്കി. സർവ്വകലാശാലയിലെ എല്ലാ പ്രോഗ്രാമുകളുടെയും പരീക്ഷാ രജിസ്ട്രേഷൻ മുതൽ ഫലപ്രഖ്യാപനംവരെ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. സർവ്വകലാശാലയിലെ ഓൺലൈൻ പേയ്മെന്റ് പോർട്ടൽ മുഖാന്തരം വിദ്യാർത്ഥികൾക്ക് എല്ലാ ആവശ്യങ്ങൾക്കുള്ള ഫീസുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്. ഫിനാൻസ് ഓട്ടോമേഷൻ, NIC-യുടെ പ്രൊപ്പോസൽ പ്രകാരം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. E-office നടപ്പാക്കുന്നതിലേയ്ക്കായി സർവകലാശാല ഐടി വിഭാഗം വികസിപ്പിക്കുന്ന FMTS (File Management Transfer System)-ന്റെ Implementation അന്തിമ ഘട്ടത്തിലാണ്. NAAC മുതലായ വിവിധ ഏജൻസികളിലേയ്ക്ക് അയയ്ക്കുന്നതിനുവേണ്ടിയുള്ള ഡാറ്റ കളക്ഷൻ സോഫ്റ്റ്‌വെയർ നിർമ്മാണം വിജയകരമായി പൂർത്തിയാക്കി.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - ഡോക്യുമെൻറ് മാനേജ്മെന്റ് സിസ്റ്റം, ബയോമെട്രിക് അറ്റൻഡൻസ്, പരീക്ഷാ വിഭാഗം, ഫിനാൻസ് വിഭാഗം എന്നീ മേഖലകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ എല്ലാപ്രവർത്തനങ്ങളും പൂർണമായും ഇ-ഗവേണൻസ് അടിസ്ഥാനപ്പെടുത്തിയാണ് നിർവ്വഹിച്ചുവരുന്നത്.

(സി) ഇ-ഗവേണൻസ് പദ്ധതികളിൽ ഓരോ ഘടകത്തിനും നാളിതുവരെ ചെലവഴിച്ച തുക, പദ്ധതികൾ പ്രകാരം ഇനിയും ആവശ്യമായിവരുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള സർവ്വകലാശാലയുമായി ബന്ധപ്പെട്ട ചെലവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കണ്ണൂർ സർവ്വകലാശാലയുമായി ബന്ധപ്പെട്ട ചെലവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിവിഹിതയിനത്തിൽ ഇ-ഗവേണൻസ് പദ്ധതിക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല ഇ-ഗവേണൻസ് പദ്ധതികളിൽ ഓരോ ഘടകത്തിനും കഴിഞ്ഞ 10 വർഷമായി ചെലവഴിച്ച തുക: 2010-11 - 3593978 രൂപ 2011-12 - 1154115 രൂപ 2012-13 - 416832 രൂപ 2013-14 - 2228400 രൂപ 2014-15 - 8354800 രൂപ 2015-16 - 12584295 രൂപ 2016-17 - 13624932 രൂപ 2017-18 - 12648534 രൂപ 2018-19 - 5089867 രൂപ 2019-20 - 4168195 രൂപ TOTAL - 63863948 രൂപ. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് ഇ-ഗവേണൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് അനുവദിച്ച 5 കോടി രൂപയിൽ ഭരണാനുമതി ലഭിച്ച 2.20 കോടി രൂപയുടെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പരീക്ഷാ ഭവനിലെ ടാബുലേഷൻ രജിസ്റ്ററിന്റെ ഡിജിറ്റലൈസേഷൻ – 55,00,000 രൂപ.

2. പരീക്ഷാഭവനിലെ സെർവറുകൾ വാങ്ങുവാൻ – 60,00,000 രൂപ

3. ബയോ മെട്രിക് പഞ്ചിംഗ് മെഷീനുകൾ വാങ്ങുവാൻ - 5,00,000 രൂപ.

4. പ്രോഗ്രാമറുകളുടെയും നെറ്റ് വർക്ക് അഡ്മിനിസ്ട്രേറ്ററുടെയും നിയമനം - 30,00,000 രൂപ.

5. സെർവർ റൂം ഡാറ്റ സെന്റർ ആക്കി മാറ്റുവാൻ – 70,00,000 രൂപ.

ആകെ തുക– 2,20,00,000 രൂപ.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - ഫിനാൻസ് ഓട്ടോമേഷൻ പ്രകാരം അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിനായി 2019 മുതൽ NIC യുമായി കരാറുണ്ട്. 2019 മാർച്ച്മാസം നാല് ലക്ഷം രൂപയും 2021 സെപ്റ്റംബർ മാസം ആറ് ലക്ഷത്തി എഴുപതിനായിരം രൂപയും നൽകിയിട്ടുണ്ട്. 2022 ജൂലായ് 31-നകം പ്രോജക്ട് പൂർത്തിയാകേണ്ട 2019-20 സാമ്പത്തിക വർഷത്തെയും 2020-21 സാമ്പത്തിക വർഷത്തെയും വരവുചെലവ് കണക്കുകൾ ഈ സോഫ്റ്റ്‌വെയറിൽ കൂടിയാണ് പൂർത്തിയാക്കിയിട്ടുള്ളത്. സർവ്വകലാശാലയിലെ ഇ-ഗവേണൻസ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ള എഴുപത്തി അഞ്ച് ലക്ഷം രൂപയിൽ നിന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സീനിയർ പ്രോഗ്രാമർ, പ്രോഗ്രാമർ, ഗ്രാജ്വേറ്റ് ട്രെയിനി പ്രോഗ്രാമർ എന്നിവരെ കരാറടിസ്ഥാനത്തിൽ ഐ.ടി. വിഭാഗത്തിൽ നിയമിക്കുകയും 59,08,076 രൂപ 2017 മുതൽ നാളിതുവരെ ശമ്പള ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - പദ്ധതി കാലാവധി കഴിഞ്ഞപ്പോൾ 15,77,936 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ ഒരു വർഷം 7 കോടി രൂപയാണ് പദ്ധതി നടത്തിപ്പിനായി വേണ്ടിവരുന്നത്.

(ഡി) ഇ-ഗവേണൻസ് പദ്ധതികളുടെ അപാകതകളും പദ്ധതികളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ?

കേരള സർവ്വകലാശാല - സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങളും ഭേദഗതികളും അതാത് സമയം കെൽട്രോണിനെ അറിയിക്കുകയും പരിഹാരം കാണുകയും ചെയ്തുപോരുന്നു. കണ്ണൂർ സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പരാതികൾ സ്വീകരിക്കുന്നതിനായി ഒരു പോർട്ടൽ ലഭ്യമാണ്. കൂടാതെ കാലാകാലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പോരായ്മകൾ പരിഹരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല- സർവ്വകലാശാലയിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്നത് UIMC (University Implementation and Monitoring Committee)- യുടെ മേൽനോട്ടത്തിലാണ്. ടി സമിതി അതാത് സമയങ്ങളിൽ സർവ്വകലാശാലയിലെ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് പരിഹരിച്ചാണ് പോകുന്നത്. കാലിക്കറ്റ് സർവ്വകലാശാലയിൽ അപാകതകളും ആക്ഷേപങ്ങളും യഥാസമയം പരിഹരിക്കുന്നുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല- CDIT മുഖാന്തരം തുടങ്ങിവച്ച പരീക്ഷ ഡിജിറ്റലൈസേഷന്റെ തുടർ പ്രവർത്തനങ്ങൾ, അപാകതകളും

ആക്ഷേപങ്ങളും പരിഹരിക്കുന്നതിനുള്ള നടപടികൾ എന്നിവ സർവ്വകലാശാല ഐ.ടി. വിഭാഗം നിർവ്വഹിച്ച് വരുന്നു. കൂടാതെ NIC-യുടെ പ്രൊപ്പോസൽ പ്രകാരം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന ഫിനാൻസ് ഓട്ടോമേഷൻ പദ്ധതിയുടെ അപാകതാ പരിഹാരം 31-7-2022 വരെ NIC-യുടെ ചുമതലയിലാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - പദ്ധതി പ്രകാരം നടപ്പിലാക്കിയ സംവിധാനങ്ങളിലുള്ള അപാകതകളും ന്യൂനതകളും പരിഹരിക്കാനായി ബന്ധപ്പെട്ട ഏജൻസികളുമായി നിരന്തരം ആശയവിനിമയം നടത്തിവരുന്നു.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല - പരാതി പരിഹാരത്തിനായി ബന്ധപ്പെട്ടവരുമായി അവലോകന യോഗങ്ങൾ/ചർച്ചകൾ നടത്തുകയും ഇ-ഗവേണൻസ് പോർട്ടലിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പരാതി പരിഹാര സംവിധാനം ഉപയോഗിക്കുകയും ചെയ്യുന്നു.

(ഇ) ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷങ്ങളിലായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥരുടെ ഔദ്യോഗിക സ്ഥാനപ്പേര്, ഓരോ പദ്ധതിയിലും ചുമതല വഹിച്ച ഘടകങ്ങളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ?

കേരള സർവ്വകലാശാല-സർവ്വകലാശാലയിൽ രൂപീകരിക്കപ്പെട്ട University Level Implementation & Monitoring Committee അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു 1. വൈസ് ചാൻസലർ – ചെയർമാൻ. 2. പ്രോ-വൈസ് ചാൻസലർ. 3. കൺവീനർ, സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി. 4. കൺവീനർ, സിൻഡിക്കേറ്റ് പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മിറ്റി. 5. രജിസ്ട്രാർ. 6. ഫിനാൻസ് ഓഫീസർ. 7. പരീക്ഷ കൺട്രോളർ. 8. ഡയറക്ടർ (പ്ലാനിംഗ് & ഡെവലപ്മെന്റ്). 9. ഡയറക്ടർ, കമ്പ്യൂട്ടർ സെന്റർ– പ്രോജക്ട് കോ-ഓർഡിനേറ്റർ.

കണ്ണൂർ സർവ്വകലാശാല-2011 മുതൽ 2018 വരെയുള്ള കാലയളവിൽ എല്ലാ ഇ-ഗവേണൻസ് പ്രോജക്ടുകളുടെയും ചുമതല വഹിച്ചിരുന്നത് കമ്പ്യൂട്ടർ പ്രോഗ്രാമറായിരുന്നു. 2018 മുതൽ ഐ.ടി. സെന്റർ ഡയറക്ടറാണ് ചുമതല വഹിക്കുന്നത്.

മഹാത്മാഗാന്ധി സർവ്വകലാശാല- സർവ്വകലാശാലയിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്നത് UIMC (University Implementation and Monitoring Committee) യുടെ മേൽനോട്ടത്തിലാണ്. UIMC അംഗങ്ങളെ താഴെ ചേർത്തിരിക്കുന്നു. 1.Vice-Chancellor. 2. Pro-Vice-Chancellor. 3. Convenor,

Syndicate Sub Committee on Finance. 4. HOD, School of Computer Sciences. 5. Registrar. 6. Controller of Examinations. 7. Finance Officer. 8. System Administrator. ഇതു കൂടാതെ രജിസ്ട്രാറുടെ മേൽനോട്ടത്തിൽ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുവാൻ ഒരു സമിതിയും നിലവിലുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ ഡാറ്റ സെന്റർ, ഡിജിറ്റൽ സ്റ്റുഡന്റ്സ് സർവ്വീസ് സെന്റർ തുടങ്ങിയവ അതതു വിഭാഗങ്ങളുടെ മേധാവികളുടെ മേൽനോട്ടത്തിലാണ് നടത്തി വരുന്നത്. ഇ-ഗവേണൻസിന്റെ ഭാഗമായുള്ള സോഫ്റ്റ്‌വെയറുകളുടെ ഇംപ്ലിമെന്റേഷൻ ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്റർ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - പരീക്ഷ ഡിജിറ്റലൈസേഷൻ ചുമതലകൾ നിർവഹിച്ചത് CDIT മുഖാന്തരം സർവകലാശാല നിയമിച്ച നോഡൽ ഓഫീസറാണ്. ഫിനാൻസ് ഓട്ടോമേഷൻ ചുമതലകൾ NIC മുഖാന്തരം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതിൽ സർവ്വകലാശാല ഭാഗത്തുനിന്ന് 3 അംഗ ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയിലെ എല്ലാവിധ ഇ-ഗവേണൻസ് പ്രവൃത്തികളും ഐ.ടി. ഓഫീസറുടെ നേതൃത്വത്തിലുള്ള സർവ്വകലാശാല ഐ.ടി. വിദഗ്ദ്ധരാണ് നിർവ്വഹിക്കുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - രജിസ്ട്രാർ, കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി എന്നിവരാണ് പദ്ധതികളുടെ ചുമതല വഹിച്ചത്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല – സർവ്വകലാശാലയിൽ ഇ-ഗവേണൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചത് ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥരാണ്.

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പഠന വകുപ്പുകൾ**

135 (5198) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള പഠന വകുപ്പുകൾ ഏതൊക്കെയെന്നും ഓരോ പഠന വകുപ്പിലും നിലവിലുള്ള പി.ജി. കോഴ്സുകൾ എത്രയെണ്ണമെന്നും വ്യക്തമാക്കാമോ?

പഠനവകുപ്പുകളിലെ പി.ജി. കോഴ്സുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ പി.ജി. കോഴ്സിനും എം.ഫിൽ.കോഴ്സിനും പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം ലഭ്യമാക്കുമോ?

പി.ജി. കോഴ്സിനും, എം.ഫിൽ. കോഴ്സിനും പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(സി) ഓരോ പഠന വകുപ്പിലും ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

ഓരോ പഠന വകുപ്പിലും ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

## അസാപിന്റെ ഇന്റേൺഷിപ്പ്/പ്ലേസ്മെന്റ് പോർട്ടൽ മുഖേനയുള്ള സേവനങ്ങൾ

136 (5199) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപിന്റെ ഇന്റേൺഷിപ്പ്/പ്ലേസ്മെന്റ് പോർട്ടൽ മുഖേനയുള്ള സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ബിരുദ വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയുടെ ഭാഗമായിട്ടുള്ള ഇന്റേൺഷിപ്പ് പൂർത്തീകരിക്കാനുള്ള അവസരം പ്രമുഖ വ്യവസായ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതര സ്ഥാപനങ്ങൾ, മൾട്ടി നാഷണൽ കമ്പനികൾ എന്നിവയിൽ ഒരു വർഷത്തേയ്ക്കുള്ള സ്റ്റൈപ്പന്റോടുകൂടി ഇന്റേൺഷിപ്പിന് അവസരം ലഭ്യമാക്കുന്നു. പ്ലേസ്മെന്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന ബിരുദധാരികൾക്ക് പ്രധാന വ്യവസായ സ്ഥാപനങ്ങളിലും ഇതര സ്ഥാപനങ്ങളിലുമുള്ള തൊഴിലവസരങ്ങൾ അറിയുവാനും, തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ പങ്കെടുക്കുവാനും സാധിക്കുന്നു.

(ബി) പ്രസ്തുത പോർട്ടലിന്റെ സേവനത്തിലൂടെ നാളിതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കാമോ?

അസാപിന്റെ പ്ലേസ്മെന്റ് പോർട്ടൽ പ്രവർത്തനക്ഷമമായത് ജനുവരി മാസം 2021 -ലാണ്. ജനുവരി മാസം മുതൽ സെപ്റ്റംബർ വരെ 192 പേർക്കാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. അസാപിന്റെ ഇന്റേൺഷിപ്പ് പോർട്ടൽ വഴി നാളിതുവരെ 612 പേരാണ് ഇന്റേൺഷിപ്പ് ചെയ്തിട്ടുള്ളത്. പോർട്ടലിന്റെ പ്രവർത്തനം

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാര്യക്ഷമമാക്കുവാൻ ജീവനക്കാരുടെയും അപേക്ഷകരുടെയും ഫീഡ്ബാക്ക് പ്രകാരം കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ, ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

(i)വിവിധ തൊഴിലവസരങ്ങളെ സംബന്ധിച്ചിട്ടുള്ള ബോധവത്കരണത്തിനായി പാനൽ ഡിസ്കഷൻസ്, വെബ്ബിനാറുകൾ എന്നിവ ലഭ്യമാക്കുന്നു.

(ii)വിവര സാങ്കേതികരംഗത്ത് തൊഴിൽ സാധ്യതയുള്ള വിവിധ നൈപുണ്യപരിശീലന പദ്ധതികൾ പ്രമുഖ വ്യവസായ സംരംഭങ്ങളുമായി ചേർന്ന് ഉദ്യോഗാർത്ഥികൾക്കായി ലഭ്യമാക്കുന്നു.

(iii) ഉദ്യോഗാർത്ഥികൾക്ക് പ്ലേസ്മെന്റിന്റെ ഭാഗമായി വരുന്ന തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ ശോഭിക്കുന്നതിനായും, അതിലേക്ക് അവരെ സജ്ജരാക്കുന്നതിനുമായി "പ്ലേസ്മെന്റ് ഗ്രൂമിങ്" പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## പൂഞ്ഞാറിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

137(5200) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ കീഴിലുള്ള അഡ്വാൻസ്ഡ് സ്കിൽസ് ഡെവലപ്മെന്റ് സെന്റർ ആയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് മുഖേന 2019 സെപ്റ്റംബർ മുതൽ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസന കോഴ്സുകൾ നൽകിവരുന്നുണ്ട്. ഗൂഗിൾ അസോസിയേറ്റ് ക്ലൗഡ് എഞ്ചിനീയർ കോഴ്സ്, ഫൗണ്ടേഷൻസ് ഓൺ റോബോട്ടിക് കോഴ്സ്, റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ കോഴ്സ് എന്നിവയിലാണ് വിദ്യാർത്ഥികൾക്ക് ഈ കാലയളവിൽ പരിശീലനം നൽകിയത്. സെന്റ് ജോർജ് കോളേജ് അരുവിത്തുറയിലും, കോളേജ് ഓഫ് എഞ്ചിനീയറിംഗ് പൂഞ്ഞാറിലും അസാപ് സെൽ രൂപീകൃതമായിട്ടുണ്ട്. പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കുവേണ്ട നൈപുണ്യത്തെയും വൈദഗ്ദ്ധ്യത്തെയും സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും, വ്യവസായ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനുമായാണ് അസാപ് സെല്ലുകൾ രൂപീകരിച്ചത്.

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എ.ഡി.ബി.-യുമായുള്ള വായ്പാ കരാർ പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് കീഴിൽ നിശ്ചയിക്കപ്പെട്ട ഘടകങ്ങളിൽപ്പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ തീരുമാനിക്കപ്പെട്ട കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ 10 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 6 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മേൽ വിവരിച്ച പ്രകാരം എ.ഡി.ബി. വായ്പാ കാലയളവിൽ ലഭിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ എണ്ണം പരിമിതമായതിനാൽ പൂഞ്ഞാർ ഉൾപ്പെടെ മറ്റ് സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നത് പരിഗണനയിലില്ല.

**വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ**

138 (5201) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ നൈപുണ്യം ആർജ്ജിക്കുന്നതിനും ബഹുഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിലേയ്ക്കുമായി സർക്കാരിന് കീഴിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിംഗ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ 75-ഓളം കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നൽകിവരുന്നു. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾമൂലം പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റെലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. വിവിധ അന്തർദേശീയ ഭാഷാ സർട്ടിഫിക്കേഷൻ ഏജൻസികളുമായി സഹകരിച്ച് ചുവടെ ചേർത്തിരിക്കുന്ന ഭാഷകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

(I) German Level A1 - Partner : Goethe - Zentrum

(II) French Level A1 - Partner : Alliance Francaise de Trivandrum

(III) Japanese Level N5 - Partner : Alumni Society of AOTS center

(IV) Communicative English Trainer - NSDC Certification. കൂടാതെ അറബിക് ഭാഷയ്ക്കായി കാലിക്കറ്റ് യൂണിവേഴ്സിറ്റി അറബിക് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് അറബിക് കോഴ്സുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കായി സംസ്ഥാനത്ത് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്കൂൾ, കോളേജുകളിലായി 121 സെന്ററുകളും (17 എണ്ണം സർക്കാർ കോളേജുകളിലും 104 എണ്ണം സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും), പൊതുജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അസാപ് പ്രൊജക്ടിൽ സ്ഥാപിച്ചിട്ടുണ്ട്. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ Transit campus-ൽ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലായി മേല്പറഞ്ഞ കോഴ്സുകളും വിദേശ ഭാഷ പരിശീലനവും നൽകിവരുന്നു.

**തിരൂരങ്ങാടി അസാപ് സ്കിൽ പാർക്ക് നിർമ്മാണം**

139 (5202) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിലെ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച തിരൂരങ്ങാടി അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ച സ്ഥലത്ത് നിർമ്മാണത്തിന് തടസ്സം നേരിട്ടതിനാൽ പ്രസ്തുത പ്രവൃത്തി പുതുപ്പറമ്പിലെ ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിലേയ്ക്ക് മാറ്റുന്നതിന് സ്ഥലം എം.എൽ.എ. കത്ത് നൽകിയിരുന്നോ?

നൽകിയിരുന്നു.

(സി) എം.എൽ.എ.-യുടെ ശിപാർശ പ്രകാരം പുതുപ്പറമ്പ് വനിതാ പോളിടെക്നിക് കോളേജിൽ ഈ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

എ.ഡി.ബി.-യുടെ സഹായത്തോടെ അസാപ് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മിക്കുവാൻ തീരുമാനമായിരുന്നു. ആദ്യഘട്ടം നിർമ്മാണം തുടങ്ങിയ 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ തിരൂരങ്ങാടി മണ്ഡലത്തിലെ

വെന്നിയൂരിൽ നിർമ്മാണമാരംഭിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് മുൻപോട്ട് പോകാൻ സാധിച്ചില്ല. സമയബന്ധിതമായി പണികഴിപ്പിക്കേണ്ടിയിരുന്ന ഈ പദ്ധതി, പിന്നീട് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുവാനുള്ള ഭൂമി അസാപ്പിനു വിട്ടുകിട്ടിയ മുൻഗണനാ ക്രമത്തിൽ, 7 സ്ഥലങ്ങളിൽ കൂടി ആരംഭിക്കുകയായിരുന്നു. അതിനാൽ എടരിക്കോട് പഞ്ചായത്ത് പുതുപ്പറമ്പ് ഗവ. വനിതാ പോളിടെക്നിക്കിന്റെ സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**അസാപിന് ആവശ്യമായ ഫണ്ട്**

140 (5203) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപിന് ലഭ്യമായിരുന്ന എ.ഡി.ബി. ധനസഹായം നിലച്ച സാഹചര്യത്തിൽ, അസാപ് മുഖാന്തരം നടത്തിവരുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഫണ്ട് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

2021-2022 സാമ്പത്തിക വർഷത്തേയ്ക്ക് അസാപ്പിന്റെ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ ബഡ്ജറ്റിൽ തനത് വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യമൊരുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷാവസാനത്തിൽ resume ചെയ്ത 53 കോടി രൂപയിൽ തനത് വർഷം 28 കോടി രൂപ ധന പുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലെ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലൂടെ കുട്ടികൾക്ക് നൈപുണ്യ വികസനം നടത്തുവാൻ അമ്പത്തിരണ്ട് കോടിയോളം രൂപയുടെ (Rs. 52,59,39975) ഒരു പ്രൊപ്പോസൽ സമഗ്ര ശിക്ഷ കേരള (SSK)ലേയ്ക്കും Knowledge Economy Mission ന്റെ ഭാഗമായി Rs. 132,16,48,437 രൂപയുടെ പ്രൊപ്പോസൽ Kerala Development and Innovation Strategic Council (K-DISC) ലേയ്ക്കും അസാപ് സമർപ്പിച്ചിട്ടുണ്ട്.

## ട്രാൻസ്ജെൻഡർ അദാലത്ത്

141 (5204) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി സർക്കാർ സംസ്ഥാനതല ട്രാൻസ്ജെൻഡർ അദാലത്ത് നടത്തുകയുണ്ടായോ; വിശദമാക്കുമോ?

ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന നീതിനിഷേധങ്ങളും അവകാശ ലംഘനങ്ങളും സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും, കുടുംബത്തിലും പൊതുസമൂഹത്തിലും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തികൾ കടന്നുപോകുന്ന അതിക്രമങ്ങൾക്ക് സർക്കാർ സംവിധാനത്തിന്റെ സാധ്യതകളുപയോഗിച്ച് പരിഹാരം കാണുന്നതിനുമായി സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2020 ജനുവരി 10-ന് സംസ്ഥാനതലത്തിൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു.

(ബി) എന്തൊക്കെയായിരുന്നു അദാലത്തിൽ മുന്നോട്ട് വയ്ക്കപ്പെട്ട പ്രധാനപ്രശ്നങ്ങൾ; വിശദാംശം വെളിപ്പെടുത്തുമോ?

ട്രാൻസ്ജെൻഡർ വ്യക്തികൾ സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെ സംബന്ധിച്ചും, സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഭവന പദ്ധതി ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നത് സംബന്ധിച്ചും, വിദ്യാഭ്യാസ പുരോഗതി കൈവരിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ചും, ആരോഗ്യ മേഖലയിൽ കൂടുതൽ പരിഗണന ലഭ്യമാകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ചും, ഐ.ഡി.കാർഡ്, റേഷൻ കാർഡ് എന്നിവ ലഭ്യമാകുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ചുമുള്ള പ്രശ്നങ്ങളാണ് അദാലത്തിൽ മുഖ്യമായും മുന്നോട്ടുവച്ചിട്ടുള്ളത്.

(സി) പ്രസ്തുത പ്രശ്നങ്ങളുടെ ശാശ്വത പരിഹാരത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഹെൽപ് ലൈൻ സംവിധാനം ഉറപ്പാക്കുന്നതിനൊപ്പം ക്രൈസിസ് ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടെ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര സാഹചര്യങ്ങളിൽ സഹായം ലഭ്യമാക്കുക, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം സംഭവിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ടി വ്യക്തികൾക്ക് അടിയന്തര സഹായം ലഭ്യമാക്കുക, അസ്തിത്വത്തിന്റെ പേരിൽ വീടുകളിൽനിന്നും പുറത്താക്കപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറുന്നതിനുള്ള സഹായം, വൈദ്യസഹായം, നിയമസഹായം, കൗൺസിലിംഗ് എന്നിവ ആവശ്യമാകുന്നപക്ഷം ആയത് അനുവദിക്കുക, പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾ, ഗുരുതര രോഗങ്ങൾ, പ്രകൃതിദുരന്തം തുടങ്ങിയ പ്രതിസന്ധികൾ നേരിടേണ്ടി വരുമ്പോൾ അവയ്ക്ക് പരിഹാരം കണ്ടെത്തുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി 'കരുതൽ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ഗ്രാന്റിന്റെ കുടിശ്ശിക**

142 (5205) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

സംസ്ഥാനത്തെ വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, യാചക പുനരധിവാസ ഭവനങ്ങൾ, ഭിന്നശേഷിക്കാർക്കായുള്ള സദനങ്ങൾ എന്നിവയ്ക്ക് നൽകാനുള്ള സർക്കാർ ഗ്രാന്റിലുള്ള കുടിശ്ശിക എന്ന് നൽകുമെന്ന് അറിയിക്കുമോ?

നടപ്പുസാമ്പത്തിക വർഷം ക്ഷേമ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് കുടിശ്ശിക താഴെപ്പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. ബാക്കി ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനാവശ്യമായ തുക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ഗ്രാന്റ് കുടിശ്ശിക**

143 (5206) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതെല്ലാം അനാഥാലയങ്ങൾക്ക് ഏത് വർഷം മുതൽ എത്ര തുക വീതമാണ് സർക്കാർ ഗ്രാന്റ് കുടിശ്ശിക നൽകാനുള്ളതെന്ന വിവരം ലഭ്യമാക്കുമോ; വിശദമാക്കുമോ?

അനാഥാലയങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം 70716391 രൂപ ഗ്രാന്റ് കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗ്രാന്റ് കുടിശ്ശിക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാന്റ് കുടിശ്ശിക നൽകാനുള്ളത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

### ഭിന്നശേഷി വിഭാഗങ്ങളുടെ സംവരണം

144 (5207) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷ കാലയളവിൽ ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം ചെയ്തിട്ടുള്ള തസ്തികകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കുടിശ്ശികയുണ്ടോയെന്നറിയിക്കാമോ; കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

വിവരം ശേഖരിച്ച് വരുന്നു.

(ബി) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ളതിൽ സെറിബ്രൽ പാൾസി ബാധിച്ചവർക്കായി എത്ര ശതമാനമാണ് നീക്കി വച്ചിട്ടുള്ളത്; ആയത് പൂർണ്ണമായും നികത്തിയിട്ടുണ്ടോയെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

ഭിന്നശേഷി സംവരണത്തിൽ, 1% ലോക്കോ മോട്ടോർ/ സെറിബ്രൽ പാൾസി വിഭാഗങ്ങൾക്കാണ്. ഭിന്നശേഷി സംവരണത്തിനായി അനുയോജ്യമെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള തസ്തികകൾക്ക് ലഭിക്കുന്ന പ്രസ്തുത സംവരണ പ്രകാരം ടി വിഭാഗത്തിന് ലഭ്യമാകേണ്ട ഒഴിവുകൾ പൂർണമായും നികത്തിയിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

### സാമൂഹ്യ സുരക്ഷ മിഷന്റെ സാമൂഹ്യ ക്ഷേമ പദ്ധതികൾ

145 (5208) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മിഷൻ മുഖേന മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016-17 മുതൽ സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

## സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ നടപടി

146 (5209) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാമൂഹിക അസമത്വങ്ങൾക്കെതിരെ കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾക്കായി വകുപ്പിന് കീഴിൽ പുതിയ പദ്ധതികൾ ആരംഭിക്കുമോ; വിശദമാക്കുമോ?

സാമൂഹ്യ അസമത്വങ്ങൾക്കെതിരെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന നിരവധിയായ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. ഇത് സംബന്ധിച്ച് പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ബി) സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ സുരക്ഷ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയതായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

1) ആങ്കൈലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നിവമൂലം ഉണ്ടാകുന്ന വൈകല്യം തടയുന്നതിനുള്ള പദ്ധതി - ശരീരത്തിലെ നട്ടെല്ലിനെയും സന്ധികളെയും പ്രധാനമായി ബാധിക്കുന്ന ഒരു തരം ആർത്രൈറ്റിസ് ആണ് Ankylosing Spondylitis (AS). ഈ രോഗം പ്രധാനമായും യുവതലമുറയെയാണ് ബാധിക്കുന്നത്. ഈ രണ്ടു രോഗങ്ങൾമൂലം ഉണ്ടാകുന്ന വൈകല്യം പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി ഒരു സമഗ്രമായ പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ ആരോഗ്യ സംരക്ഷണരംഗത്തെ പ്രൊഫഷണലുകളിലും പൊതുജനങ്ങളിലും Ankylosing Spondylitis (AS)-നെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും നേരത്തെ തന്നെ രോഗം നിർണ്ണയിക്കാനും ചികിത്സ നൽകാനും കഴിയുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കുള്ള സമഗ്ര പദ്ധതി - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ മുഖേന സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കുള്ള സമഗ്ര പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാഴ്ച പദ്ധതി**

147 (5210) ശ്രീ. പി. വി. അൻവർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ കാഴ്ച പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതർക്കുവേണ്ടി എന്തൊക്കെ കർമ്മപരിപാടികൾ നടപ്പാക്കിവരുന്നുവെന്ന് വിശദമാക്കാമോ?

കാഴ്ച പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതർക്കുവേണ്ടി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സ്മാർട്ട് ഫോൺ വിതരണവും ഇതിന്റെ ഉപയോഗം സംബന്ധിച്ച ദ്വിദിന ട്രെയിനിംഗും നടന്നുവരുന്നു.

ബി) കഴിഞ്ഞ സർക്കാർ ആരംഭിച്ച കാഴ്ച പദ്ധതി ഈ സർക്കാരും തുടരുന്നുണ്ടോ; ഈ സർക്കാരിന്റെ ആദ്യ നൂറ് ദിന പരിപാടിയുടെ ഭാഗമായി എന്തൊക്കെ കർമ്മപരിപാടി ഇതിനായി നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കാഴ്ച പദ്ധതിയിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി കാഴ്ച പരിമിതിയുള്ളവർക്കായി 102 സ്മാർട്ട് ഫോണുകൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(സി) കാഴ്ച പദ്ധതിയുടെ ഭാഗമായി നൽകുന്ന സ്മാർട്ട് ഫോണുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് കാഴ്ച പരിമിതർക്ക് ലഭ്യമാകുക; വിശദാംശങ്ങൾ നൽകാമോ?

കാഴ്ച പദ്ധതിയുടെ ഭാഗമായി നൽകുന്ന സ്മാർട്ട് ഫോണുകൾ വഴി നൽകുന്ന സേവനങ്ങളുടെ വിശദവിവരം ചുവടെ കുറിക്കുന്നു.

1. കാഴ്ച പരിമിതരെ ആൻഡ്രോയിഡ് ഉപകരണങ്ങൾ ഉപയോഗിക്കാൻ സഹായിക്കുന്ന Talk Back എന്ന സാങ്കേതിക വിദ്യയും ഇംഗ്ലീഷ്, മലയാളം ഉൾപ്പെടെ 7 ഭാഷകൾ വരമൊഴിയിൽ നിന്നും ശബ്ദ രൂപത്തിൽ മാറ്റാൻ കഴിയുന്ന Speak എന്ന സാങ്കേതിക വിദ്യയുടെ സഹായവും ലഭ്യമാണ്.

2. ലേബലുകൾ, ബാർ കോഡുകൾ, ക്യൂ ആർ കോഡുകൾ എന്നിവ ഉപയോഗിക്കാൻ സഹായിക്കുന്ന Optical Character Recognition (OCR) സൗകര്യവും ലഭ്യമാണ്.

3. കറൻസി തിരിച്ചറിയുന്നതിനുള്ള Money Reader എന്ന സാങ്കേതിക വിദ്യയുടെ സഹായം ലഭ്യമാണ്. കൂടാതെ സഞ്ചാര സ്വാതന്ത്ര്യത്തിന് സഹായിക്കുന്ന Google Map, Map Speaker, Route Monitor എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

**വയോജനങ്ങൾക്ക് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള പദ്ധതികൾ**

148 (5211) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോജനങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യപരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 'വയോമിത്രം' പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ ക്യാമ്പുകൾ നടത്തി സൗജന്യമായി ജീവിതശൈലി രോഗ നിയന്ത്രണത്തിനുതകുന്ന 110-ഓളം മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ നൽകുന്നുണ്ട്. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 85 നഗരസഭകളിലും, 6 കോർപ്പറേഷനുകളിലും, 5 ബ്ലോക്കിലും വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ശയ്യാവലംബരായ വയോജനങ്ങളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 60 രൂപ നിരക്കിൽ ധനസഹായം നൽകുന്ന 'ആശ്വാസകിരണം' പദ്ധതിയും നിലവിലുണ്ട്.

(ബി) വയോജനങ്ങൾക്കായുള്ള 'സായം പ്രഭ' ഹോമുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സായം പ്രഭാ ഹോമുകളിലെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻകയ്യെടുക്കുന്നതിനും, വയോജനങ്ങൾക്കാവശ്യമായ സേവനം ഒരുക്കുന്നതിനുമായി കെയർഗിവർമാരുടെ സേവനം ഒരുക്കിയിട്ടുണ്ട്. കൂടാതെ Yoga/Meditation സംഘടിപ്പിക്കുന്നതിനായി ഇൻസ്ട്രക്ടർമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. COVID-19 വ്യാപനം

തുടങ്ങുന്നതിന് മുൻപ് വരെ സ്ഥാപനത്തിൽ വയോജനങ്ങൾക്കായി ഒരുക്കിയ സേവനങ്ങളും സൗകര്യങ്ങളും ചുവടെ ചേർക്കുന്നു.

1. വയോജനങ്ങൾക്ക് പഞ്ചായത്തിൽ ഒത്തു കൂടുന്നതിനുള്ള സൗകര്യം.

2. ശാരീരിക, മാനസിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ.

3. മുതിർന്നവരുടെ പരിപാലനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, മാനസികവും ശാരീരികവും ആരോഗ്യപരവുമായ വിഷയങ്ങൾ ആസ്പദമാക്കിയുള്ള ക്ലാസ്.

4. മെഡിക്കൽ ക്യാമ്പ് സൗകര്യം.

5. പോഷകാഹാരക്കുറവുള്ളവർക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം ലഭ്യമാക്കുക.

എന്നാൽ COVID-19 വ്യാപനം തുടങ്ങിയത് മുതൽ വയോജനങ്ങൾക്ക് റിവേഴ്സ് ക്വാറന്റൈൻ നിഷ്കർഷിച്ചിരുന്നതിനാൽ ടി വിഭാഗത്തിന് സായംപ്രഭ ഹോമുകളിൽ എത്തിച്ചേരാൻ സാധിക്കുമായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ സേവനങ്ങൾ സായംപ്രഭാ ഹോമുകളിൽ നിന്നും നൽകാൻ സാധിച്ചിട്ടില്ല. ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനം നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) വയോമിത്രം പദ്ധതി എറണാകുളം ജില്ലയിൽ ഏതെല്ലാം തദ്ദേശഭരണസ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷനിലും, തൃപ്പൂണിത്തുറ, മരട്, തൃക്കാക്കര, ഏലൂർ, കളമശ്ശേരി, വടക്കൻ പറവൂർ, പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ, പിറവം, അങ്കമാലി, കൂത്താട്ടുകുളം എന്നീ നഗരസഭകളിലും വയോമിത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

149 (5212) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആശ്വാസ കിരണം പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്ന നടപടികൾ 'ഓൺലൈൻ' സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് ആശ്വാസകിരണം പദ്ധതി ഉൾപ്പെടെയുള്ള അപേക്ഷകൾ ഓൺലൈനിലൂടെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര പേർക്കാണ് സർക്കാർ ധനസഹായം നൽകികൊണ്ടിരിക്കുന്നത്?

പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ 95152 പേർക്കാണ് സർക്കാർ ധനസഹായം നൽകിക്കൊണ്ടിരിക്കുന്നത്.

**ഓർഫനേജ് കൺട്രോൾ ബോർഡ്**

150 (5213) ഡോ. കെ. ടി.ജലീൽ
ശ്രീ. കെ. ജെ. മാക്സി
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ നിലവിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങളാണുള്ളത്; വ്യക്തമാക്കാമോ?

കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ, വയോജന സംരക്ഷണ കേന്ദ്രങ്ങൾ, യാചക മന്ദിരം, വികലാംഗ സദനങ്ങൾ, മാനസിക രോഗ പുനരധിവാസ കേന്ദ്രം, വിഷമതകൾ നേരിടുന്ന സ്ത്രീകളെ സംരക്ഷിക്കുന്ന ഭവനങ്ങൾ, എച്ച്.ഐ.വി. രോഗബാധിതരെ സംരക്ഷിക്കുന്ന ഭവനങ്ങൾ, ക്യാൻസർ രോഗ ബാധിതരെ സംരക്ഷിക്കുന്ന ഭവനങ്ങൾ, പാലിയേറ്റീവ് കെയറുകൾ, ഡീ-അഡിക്ഷൻ സെന്ററുകൾ, ബുദ്ധി വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ എന്നീ വിഭാഗത്തിലുള്ള സ്ഥാപനങ്ങളാണുള്ളത്.

(ബി) ബോർഡിന് കീഴിൽ അഗതികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, കാൻസർ രോഗികൾ, എച്ച്.ഐ.വി. ബാധിതരുടെ മക്കൾ എന്നിവർക്കായി പ്രത്യേക ഹോമുകളുണ്ടോ; വിശദാംശം അറിയിക്കുമോ?

അഗതികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, ക്യാൻസർ രോഗികൾ, എച്ച്.ഐ.വി. രോഗബാധിതരുടെ മക്കൾ എന്നിവരെ സംരക്ഷിക്കുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന പ്രത്യേക ഹോമുകളുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരം ഹോമുകളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

വയോജന സംരക്ഷണ കേന്ദ്രങ്ങൾ-619

മാനസിക വെല്ലുവിളി നേരിടുന്നവരെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ-125

കാൻസർ രോഗികളെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ-3

എച്ച്.ഐ.വി. രോഗബാധിതരെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ-4 (സ്ഥാപനങ്ങളുടെ അഡ്രസ്സ് sjd.kerala.gov.in-ൽ OCB എന്ന ലിങ്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

(സി) ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. ഗ്രാന്റിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1100 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു.

2. സ്ഥാപനങ്ങൾക്ക് അരി, ഗോതമ്പ് തുടങ്ങിയവ റേഷൻ പെർമിറ്റ് മുഖാന്തരം നൽകിവരുന്നു.

3. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ കുടിവെള്ളം.

4. കുറഞ്ഞ നിരക്കിൽ വൈദ്യുതി.

5. ആരോഗ്യ വകുപ്പ് മെഡിക്കൽ സേവനങ്ങൾ സൗജന്യമായി നൽകുന്നു.

6. പത്താം ക്ലാസ്സ് പാസ്സാകുന്ന എല്ലാ കുട്ടികൾക്കും പ്ലസ് വൺ-ന് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുന്നു.

7. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നു.

8. താഴെ പറയുന്ന കോഴ്സുകൾക്ക് അനാഥാലയങ്ങളിലെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

a) കേരളത്തിലെ ഐ.റ്റി.ഐ./ഐ.റ്റി.സി. എന്നിവിടങ്ങളിൽ 5 സീറ്റ് വീതം.

b) ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ - ഇലക്ട്രിക്കൽ - മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം.

c) ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന് - 3%

d) ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവണ്മെന്റ് (ഫാർമസി) കോളേജുകളിൽ ഓരോ സീറ്റ് വീതം)

e) DMLT(ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം)

f) DRT(RT) കോഴ്സിന് ഒരു സീറ്റ് (കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്)

g) DOTT(OT) കോഴ്സിന് ഒരു സീറ്റ് (തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്)

h) DHI(Hi) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, PHTS-ൽ 3 സീറ്റ്, പാലക്കാട് ഗവണ്മെന്റ് പാരമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (for SC/ST)

i) ഹയർ സെക്കണ്ടറിക്കും, വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്കും അർഹതയുള്ള എല്ലാ കുട്ടികൾക്കും.

j) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്.

9. പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ ധനസഹായമായി നല്കുന്നു.

10. ക്ഷേമസ്ഥാപനങ്ങളിൽനിന്ന് പഠിച്ച കുട്ടികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്താൽ ഉദ്യോഗത്തിനായി ഇന്റർവ്യൂവിന് വിളിക്കുമ്പോൾ ഇവർക്ക് മുൻഗണനയുണ്ട്.

11. പി.എസ്.സിയിൽ ജോലിക്ക് അപേക്ഷിക്കുന്നതിന് 10 വർഷത്തെ വയസ്സിളവുണ്ട്.

**സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ**

151 (5214) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റിലൂടെയും പെർഫോമൻസ് ഓഡിറ്റിലൂടെയും ഇന്റേണൽ ഓഡിറ്റിലൂടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതോടൊപ്പം മിഷന്റെ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഗവേർണിംഗ് ബോഡിയിലും ചർച്ച ചെയ്യപ്പെടുന്നു.

(ബി) മിഷൻവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്ക് 2020-21 വർഷത്തിൽ നീക്കിവച്ചിരുന്ന തുക കൃത്യമായി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക നൽകാത്തത്; വിവരം നൽകാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാമ്പത്തിക പ്രതിസന്ധിമൂലം പല പദ്ധതികളുടെയും നടത്തിപ്പ് തടസ്സപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളിൽ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ചില പദ്ധതികളുടെ നടത്തിപ്പിൽ ചില അവസരങ്ങളിൽ കാലതാമസം വരാറുണ്ടെങ്കിലും പദ്ധതികളുടെ നടത്തിപ്പ് തടസ്സപ്പെട്ടിട്ടില്ല.

## വയോ അമൃതം പദ്ധതി

152 (5215) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാരതീയ ചികിത്സാവകുപ്പും സാമൂഹ്യ നീതിവകുപ്പും സംയുക്തമായി വയോജനങ്ങളുടെ ക്ഷേമത്തിനായി ആരംഭിച്ച വയോ അമൃതം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ) 2021-2022 സാമ്പത്തികവർഷം വയോഅമൃതം പദ്ധതി നടപ്പിലാക്കുന്നതിനായി 1,19,60,320 രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും ഫണ്ട് ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തുടരുന്നതിനായി ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

5-8-2021-ലെ സ.ഉ.(സാധാ) നമ്പർ 535/2021/സാനീവ നമ്പർ പ്രകാരം പദ്ധതി തുടരുന്നതിനായി ഉത്തരവ് നല്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് പ്രവർത്തിക്കുന്ന ഡിമെൻഷ്യ കം ഓൾഡേജ് ഹോമിലെ ഡിമെൻഷ്യ രോഗികൾക്കും വയോജനങ്ങൾക്കും ലഭ്യമായിക്കൊണ്ടിരുന്ന ഈ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ ലഭിക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രയോജനം തുടർന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയോഅമൃതം പദ്ധതി തുടരുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

153 (5216) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; ഇതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ;

(ബി) വിവിധ ധനസഹായ പദ്ധതികളിലൂടെ വിനിയോഗിച്ച തുക എത്രയാണ്; ഗുണഭോക്താക്കളുടെ എണ്ണം, പദ്ധതി തിരിച്ച് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ&ബി))സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും നിയോജക മണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാ തലത്തിൽ നടപ്പിലാക്കുന്നവയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യസുരക്ഷാമിഷൻ മുഖേന സംസ്ഥാന തലത്തിലും നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും, വിവിധ ക്ഷേമപദ്ധതികൾക്ക് വിനിയോഗിച്ചിട്ടുള്ള തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.*

**ഭിന്നശേഷി ജീവനക്കാരുടെ നിയമനം**

154 (5217) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-8-1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

18-5-2013-ലെ സ.ഉ (പി) നമ്പർ 40/13 സാ.നീ.വ. ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ചതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ ശ്രീമതി അനിത .എൻ ഫയൽ ചെയ്ത Special Leave to Appeal (Civil) No: 4266-4267 of 2021, ശ്രീമതി മായ പി. സി. മുതൽപ്പേർ ഫയൽ ചെയ്ത Special Leave to Appeal (Civil) No: 4241 of 2021, ശ്രീ. യൂസഫ് ടി. കെ. ഫയൽ ചെയ്ത SLP (Civil) No: 7155/2021 എന്നീ ഹർജികൾ നിലവിൽ പരിഗണനയിലാണ് .

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് പുനർനിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരെ ആരെയെങ്കിലും ജോലിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോയെന്നും പുനർനിയമനത്തിന് അർഹരായ മുഴുവൻ ഭിന്നശേഷി ജീവനക്കാരുടെയും തൊഴിൽ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഭിന്നശേഷി ജീവനക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പുനർനിയമനത്തിന് അർഹരായവർക്ക് 18-5-2013-ലെ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പുനർനിയമനം നൽകിയിട്ടുണ്ട് .

**ഭിന്നശേഷിക്കാരുടെ പുനർനിയമനം**

155 (5218) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

16-8-1999 മുതൽ 2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലിക നിയമനം ലഭിച്ച്, സ.ഉ.(പി) നമ്പർ 40/13 സാ.നീ.വ. തീയതി 18-5-2013 പ്രകാരം പുനർനിയമനം ലഭിച്ചതും ആർ.പി.ഡബ്ല്യൂ.ഡി ആക്ട് 2016, 14-ാം നിയമസഭയിലെ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ എന്നിവ നിലനിൽക്കെ പിരിച്ചുവിടപ്പെട്ടതുമായ ഭിന്നശേഷിക്കാർക്ക് പുനർ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

16-8-1999 മുതൽ 31-12-2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം ലഭിച്ച്, സ.ഉ.(പി) നമ്പർ 40/13 സാ.നീ.വ. തീയതി 18-5-2013 പ്രകാരം പുനർനിയമനം ലഭിച്ചതുമായ ഭിന്നശേഷി ജീവനക്കാരെ പിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പുനർനിയമനം ലഭിച്ച ജീവനക്കാരുടെ റെഗുലറൈസേഷൻ

156 (5219) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-8-1999 മുതൽ 2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചതും GO(P)No.40/13/SJD/Dtd 18-5-2013-ലെ ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ചതുമായ ജീവനക്കാരുടെ റഗുലറൈസേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി കെ എസ് & എസ് എസ് ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയതുമായ ഏകദേശം 2677 ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത ജീവനക്കാർ സർവ്വീസിൽനിന്നും പിരിഞ്ഞു പോകുന്ന മുറയ്ക്ക് ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ഉദ്യോഗാർഥികൾക്ക് സർവ്വീസിൽ പുനർ/റെഗുലർ നിയമനം നൽകിയാണ് 18-5-2013-ലെ G.O.(P)No.40/13/SJD നമ്പർ ഉത്തരവായിട്ടുള്ളത്. ഇത്തരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സ്പഷ്ടീകരിച്ച് കൊണ്ട് 3-2-2016-ലെ G.O.(P)No.1/16/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മേൽവിഷയം സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. G.O.(P)No.40/13/SJD/Dtd 18-5-2013-ലെ ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ സേവന വ്യവസ്ഥകളുമായി ബന്ധപ്പെട്ട വിഷയത്തിലെ ഹർജികൾ നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

## ഭിന്നശേഷിക്കാരുടെയും മാനസിക വെല്ലുവിളി നേരിടുന്നവരുടെയും ക്ഷേമം

157 (5220) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു.* കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കി വരുന്നത്. വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യ ഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.* എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.)* പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തു വരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. 40%മോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കിവരുന്നു. കൂടാതെ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾമൂലം തങ്ങളുടെ വീടുകളിൽ തന്നെ തുടർന്നു കൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ഇവയ്ക്കു പുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കിവരുന്നു. ആയത് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കുള്ള മുച്ചക്രവാഹന വിതരണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള മുച്ചക്ര വാഹന വിതരണ പദ്ധതി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഫണ്ടിൻെറ ലഭ്യതയ്ക്കനുസരിച്ച് മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തു വരുന്നു.

(സി) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആറ് ആശാഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഉൾപ്പെടുന്ന കോഴിക്കോട് ആശാഭവനുകീഴിൽ (സ്ത്രീകൾ) സൈക്കോസോഷ്യൽ സ്കീം പ്രകാരം കെയർ ഹോം പ്രവർത്തിക്കുന്നുണ്ട്. മാനസിക

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെല്ലുവിളി നേരിടുന്ന മുതിർന്ന പുരുഷൻമാരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ പ്രതീക്ഷാ ഭവൻ എന്ന സ്ഥാപനവും സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശാ ഭവൻ എന്ന സ്ഥാപനവും കുട്ടികളുടെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലയിൽ HMDC എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പുനരധിവാസ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1.സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി.

2. പ്രത്യാശ പദ്ധതി.

3. ഡേ കെയർ പദ്ധതി.

4 ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്.

5. ഹോം എഗൈൻ പദ്ധതി.

6. അതിജീവനം സമഗ്ര പദ്ധതി.

7. CDMRP മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കാവശ്യമായ കൗൺസലിംഗ് ഉൾപ്പെടെയുള്ള തെറാപ്പികളും പരിശീലനങ്ങളും തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കേരള സാമൂഹ്യസുരക്ഷാമിഷൻ സ്ഥാപിച്ചിട്ടുള്ള റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ വഴി നൽകി വരുന്നു. മാനസികവെല്ലുവിളി നേരിടുന്നവരെ മുഴുവൻ സമയം പരിചരിക്കുന്നവർക്ക് പ്രതിമാസം 600/രൂപ നിരക്കിൽ ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള ആശ്വാസകിരണം പദ്ധതിയിലൂടെ അനുവദിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ (കിടപ്പിലായവർ) കടുത്ത ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 700 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിൽ ഓട്ടിസം ബാധിതർക്കുവേണ്ടി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ് 19-ന്റെ സാഹചര്യത്തിൽ വീട്ടിൽ അടച്ചിട്ടുകഴിയേണ്ടിവരുന്ന ഭിന്നശേഷിക്കാർക്ക് മാനസികമായ സഹായം നൽകുന്നതിനായി സാമൂഹ്യനീതി

വകുപ്പ്, മറ്റു വകുപ്പുകളായ വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ആരോഗ്യം, വനിത ശിശു വികസനം എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തൊട്ടാകെ സഹജീവനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ, എസ്.എസ്.കെ, ബിആർസി എന്നിവിടങ്ങളിലെ പ്രത്യേക അദ്ധ്യാപകരെ സന്നദ്ധവോളന്റിയർമാരായി ഉപയോഗപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്തെ ആറ് സർക്കാർ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്) കോഴിക്കോട് ഇംഹാൻസിലും സ്ഥാപിച്ചിട്ടുള്ള ഏഴ് ഓട്ടിസം സെന്ററുകൾവഴി ഓട്ടിസം ബാധിതരായ കുട്ടികൾക്കാവശ്യമായ പരിശീലനങ്ങളും, തെറാപ്പികളും ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഓട്ടിസം ബാധിതർക്കായി 14 ജില്ലകളിൽ ഓട്ടിസം സർട്ടിഫിക്കേഷൻ മെഡിക്കൽ ബോർഡ് രൂപീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിസിൻ & റീഹാബിലിറ്റേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ഭിന്നശേഷിക്കാരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

158 (5221) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള സംസ്ഥാന/കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് പദ്ധതികളിൽ നിലവിൽ അംഗങ്ങളല്ലാത്ത ഭിന്നശേഷിക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, ബഹുവിധ വൈകല്യം എന്നിവ ബാധിച്ച ഭിന്നശേഷിക്കാർക്ക് 'നിരാമയ' ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതൊരു തുടർ പദ്ധതിയാണ്. അർഹതപ്പെട്ടവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ വർഷവും അപേക്ഷകൾ ക്ഷണിക്കാറുണ്ട്. കൂടാതെ ഉയർന്ന പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

'അനാമയം' സമഗ്ര ഇൻഷ്വറൻസ് പദ്ധതി. പ്രസ്തുത പദ്ധതിക്കായി 2235-02-101-55 NP ശീർഷകത്തിൽ 99.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നു സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാരുടെ ആരോഗ്യ സംരക്ഷണമുൾപ്പെടെയുള്ള പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ സന്നദ്ധ സംഘടനകൾ വകുപ്പിന്റെ ധനസഹായത്തോടെ പുനരധിവാസ ഹോമുകൾ നടത്തിവരുന്നു. ഇതിനു പുറമെ മാനസിക വെല്ലുവിളി നേരിടുന്ന വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിനായി മെന്റൽ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കിവരുന്നു. സമൂഹത്തിൽ പ്രത്യേക പരിഗണനയും പരിചരണവും ആവശ്യമുള്ള ബുദ്ധിവികാസ വൈകല്യമുള്ളവർക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസെബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് വൈകല്യങ്ങളുടെ പ്രതിരോധം, ചികിത്സ പുനരധിവാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി CDMRP(Community Disability Management & Rehabilitation Programme) എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഭിന്നശേഷി പരിപാലനത്തിന്റെ ഭാഗമായി തെറാപ്പികൾ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നതിനായി 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും തെറാപ്പി ചികിത്സയും അവർക്ക് വേണ്ട ഉപകരണങ്ങൾ, കൃത്രിമ അവയവങ്ങൾ എന്നിവ സൗജന്യമായി ലഭ്യമാക്കുന്നതിന് കേരള സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ പി.എം.ആർ യൂണിറ്റുകൾ, ലിംബ് ഫിറ്റിംഗ് സെന്ററുകൾ എന്നിവ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. ലിംബ് ഫിറ്റിംഗ് സെന്ററുകളിലൂടെ ചലന വൈകല്യമുള്ളവർക്കാവശ്യമായ കൃത്രിമ അവയവങ്ങളും ഉപകരണങ്ങളും നൽകി വരുന്നു. കൂടാതെ ഈ യൂണിറ്റുകൾ മുഖാന്തരം ശാരീരിക വൈകല്യങ്ങൾ പരിശോധിക്കുന്നതിനോടൊപ്പം ഐ.പി, ഒ.പി കെയർ, എക്സർസൈസ് തെറാപ്പി, ബോട്ടുലിസം, ടോക്സിൻ ഇൻജക്ഷൻ ഫോർ സ്പാറ്റിസ്റ്റിസ്, ട്രാൻസ്സ്ക്യൂട്ടേനിയസ് ഇലക്ട്രിക്കൽ നേർവ് സ്റ്റിമുലേഷൻ തുടങ്ങിയ ചികിത്സകളും നൽകിവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അനുയാത്ര പദ്ധതി**

159 (5222) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുയാത്ര പദ്ധതിയിൽ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള മെഡിക്കൽ പുനരധിവാസ (Medical Rehabilitation) പ്രവർത്തനങ്ങളാണ് നിലവിൽ അനുയാത്ര പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. വൈകല്യം പ്രതിരോധിക്കുന്നതിനും എത്രയും നേരത്തെ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ ,ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനും ഉള്ള വിവിധ പ്രോജക്ടുകളാണ് ആദ്യഘട്ടത്തിൽ അനുയാത്രയിലൂടെ നടപ്പാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞ സർക്കാരും നിലവിലെ സർക്കാരും നടപ്പാക്കിയ പുനരധിവാസ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**2013-ൽ പുനർനിയമനം ലഭിച്ച ഭിന്നശേഷിക്കാരുടെ നിയമനം**

160 (5223) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തതിനുശേഷം 2013-ൽ പുനർ നിയമനം ലഭിച്ച് നിലവിൽ ജോലി ചെയ്തുവരുന്ന ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി കെ എസ് & എസ് എസ് ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയതുമായ ഏകദേശം 2677 ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി ജീവനക്കാർ സർവ്വീസിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നും പെൻഷനായി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് സർവ്വീസിൽ പുനർ/റെഗുലർ നിയമനം നൽകിയാണ് 18-5-2013-ലെ G.O.(P)No.40/13/SJD നമ്പർ ഉത്തരവായിട്ടുള്ളത്.

**സർക്കാർ സർവ്വീസിലെ ഭിന്നശേഷി സംവരണം**

161 (5224) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ സർവ്വീസിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ സംവരണം ഈ സർക്കാർ കാലയളവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ നിലവിലുണ്ടായിരുന്ന 3% സംവരണം നാല് ശതമാനമായി ഉയർത്തിക്കൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 31-10-2019-ലെ സ.ഉ.(പി)നമ്പർ 12/2019/സാ.നീ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെ. എസ്.ആൻഡ് എസ്. എസ്.ആർ. ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ചുവരുന്നു.

**സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം വർദ്ധിപ്പിക്കാൻ നടപടി**

162 (5225) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭിന്നശേഷിക്കാർക്ക് നിയമനങ്ങളിൽ നിലവിലുണ്ടായിരുന്ന 3% സംവരണം The Rights of Persons with Disabilities Act 2016 വിവക്ഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലെ നിയമനങ്ങളിൽ 4% ആക്കി ഉയർത്തി 31-10-2019-ലെ G.O. (P) No:12/2019/SJD പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനായി കെ. എസ് & എസ്. എസ്. ആർ ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പരിശോധിച്ചുവരുന്നു.

## സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം സർക്കാർ ഏറ്റെടുക്കാൻ നടപടി

163 (5226) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചുവിട്ടത് സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ?

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചുവിടുന്നതിന് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചു വിടാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനായി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തിവന്നിരുന്ന വകുപ്പിന്റെ പദ്ധതികളായ 83 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 11 ഷെൽട്ടർ ഹോമുകൾ, 7 സ്വാധാർ ഹോമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ വനിതാ ശിശുക്ഷേമ വകുപ്പ് നേരിട്ട് നടപ്പാക്കിവരുന്നുണ്ട്.

(ബി) സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ തുടർന്നുള്ള പ്രവർത്തനം സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് വരികയാണ്.

## അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ്

164 (5227) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് വിതരണത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ആയത് എപ്പോൾ കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ അനാഥശാലാ ഗ്രാന്റിനത്തിൽ വിതരണം ചെയ്ത തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| ഓർഫനേജ് | 248505754 | 257998000 | 295480450 | 319530151 | 286089426 |
| ഓൾഡ് ഏജ് ഹോം | 1008189873 | 105300000 | 104183050 | 113800000 | 116021499 |
| ബെഗ്ഗർ ഹോം | 7995000 | 6240000 | 5604000 | 6624000 | 6077488 |
| പി .എച്ച്.ഹോം | 14092000 | 8869500 | 10320000 | 11216000 | 11082187 |

**ഇലക്ട്രിക് വാഹന ഉപഭോഗ പ്രോത്സാഹന പദ്ധതി**

165 (5228) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന ഉപഭോഗത്തിൽ കുറവില്ലാത്തതിനാൽ വായു മലിനീകരണത്തോത് വർദ്ധിക്കുന്ന സാഹചര്യത്തിൽ വിവിധ മേഖലകളിൽ എന്തെല്ലാം ഇലക്ട്രിക് വാഹന ഉപഭോഗ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും, കണക്കിലെടുത്തും ഹരിത ഊർജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10-3-2019 -ലെ ജി.ഒ. (എം.എസ്) നമ്പർ 24/2019/ട്രാൻസ് പ്രകാരം 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളായ ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, ഇലക്ട്രിക് ത്രീവീലർ എന്നിവയുടെ ഒറ്റത്തവണ നികുതി, വിലയുടെ 5% ആയി 2020- ലെ ഫിനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മറ്റു വാഹനങ്ങൾക്ക് 9% മുതൽ 21% വരെയാണ് ഒറ്റത്തവണ നികുതി ഈടാക്കുന്നത്. സർക്കാർ ഉത്തരവ് (GO(P)No.12/2021/Trans dated 23-2-2021 in SRO No.231/2021) പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങളുടെ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു

വർഷത്തെ തുകയുടെ 50% ഇളവനുവദിച്ചിട്ടുണ്ട്. മാത്രമല്ല പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 3,00,000 രൂപ വരെ വാർഷിക വരുമാനമുള്ള ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്ക് 30,000 രൂപ സബ്സിഡിയും നൽകി വരുന്നു. ഇലക്ട്രിക് വാഹനങ്ങളെ 18-10-2018-ലെ കേന്ദ്ര സർക്കാർ ഉത്തരവ് SO 5333(E) പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കി. മാത്രമല്ല കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 2-8-2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1-6-2021 മുതൽ CNG/LNG/Electrical Energy എന്നിവയിലേതിലേയ്ക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂവെന്ന് കേരള മോട്ടോർ വാഹന ചട്ടം 292A പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. (G.O.(P)No.59/2020/Trans dated 5-11-2020, G.O.(P)No.15/2021/Trans dated 24-5-2021). കെ.എസ്.ആർ.ടി.സി 50 ഇലക്ട്രിക് ബസുകൾ കൂടി കിഫ്ബി ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചതിനുശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങുന്ന കാര്യം ആലോചിക്കുന്നതാണ്. ഇ-മൊബിലിറ്റി, ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി "ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ" എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ക്യാമ്പയിൻ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) നടത്തുന്നു. ഇ.എം.സി നടത്തുന്ന " Go Electric" ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/ അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസ്സ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവിസ്സ് ലിമിറ്റഡും (സി.ഇ.എസ്.എൽ) ഇ.എം.സി-യും ചേർന്നാണ് പദ്ധതി നടത്തുവാനുദ്ദേശിക്കുന്നത്. ഇതു കൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക്ക് കാറുകൾ വാടകയ്ക്ക് നൽകുന്നതിന് ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉയർന്നുവരുന്ന പെട്രോൾ ഡീസൽ വില വർദ്ധനവുമൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽ നിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക്

ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇ.എം.സി വിഭാവനം ചെയ്ത് വരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ) ചേർന്നാണ് ഇ.എം.സി ഈ പദ്ധതി നടത്തുവാനുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 15-10-2019-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.473/2019/Trans പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 56 സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം 10 പോൾ-മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto)വാഹനങ്ങൾക്കായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആയിരത്തിൽപ്പരം വൈദ്യുത വാഹനങ്ങൾ കെ.എസ്.ഇ.ബി.എൽ-നായി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സർക്കാർ വകുപ്പുകളുടെയോ, പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിക്കുന്നതാണ്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ,

പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണനക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.യുടെ ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവ്വീസുകൾ**

166 (5229) ശ്രീ. പി. വി.അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് നടത്തുന്ന ഡിപ്പോകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ സർവ്വീസുകളിൽ നൽകുന്ന സേവനങ്ങളും സൗകര്യങ്ങളും അറിയിക്കാമോ;

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളായി സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. കണ്ടെത്തിയ സ്ഥലങ്ങളും റൂട്ടുകളും ഏതെല്ലാമാണെന്ന് അറിയിക്കാമോ; കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്താനാകുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് യാത്രക്കാരുടെ ബാഹുല്യം പരിഗണിച്ച് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മലപ്പുറം, മൂന്നാർ, ചാലക്കുടി, ഇരിങ്ങാലക്കുട യൂണിറ്റുകളിൽ നിന്നാണ് ഇതുമായി ബന്ധപ്പെട്ട് സർവ്വീസുകൾ നടത്തിവരുന്നത്. മലപ്പുറം, മൂന്നാർ യൂണിറ്റുകളിൽ നിന്നും വിവിധതരം ബസ്സുകളുപയോഗിച്ച് മൂന്നാറിലെ പ്രധാന വിനോദ സഞ്ചാര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട്, തിരക്കനുസരിച്ച് ചാർട്ടേർഡ് സ്പെഷ്യൽ സർവ്വീസുകൾ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ മൂന്നാർ, ടീ ഫാക്ടറി, ടീ മ്യൂസിയം, ടോപ്പ് സ്റ്റേഷൻ, കുണ്ടള ഡാം, ഇക്കോപോയിന്റ്, മാട്ടുപ്പെട്ടി ഡാം, ഫ്ളവർ ഗാർഡൻ എന്നിവ സന്ദർശിക്കുന്നതിനും, ടി സ്ഥലങ്ങളിൽ ചുരുങ്ങിയ വിശ്രമ സമയവും നൽകുന്നുണ്ട്. ചാലക്കുടി, ഇരിങ്ങാലക്കുട യൂണിറ്റുകളിൽനിന്നും അതിരപ്പിള്ളി, മലക്കപ്പാറ എന്നിവിടങ്ങളിലേയ്ക്ക് തിരക്ക് അധികരിക്കുന്ന അവധി ദിവസങ്ങൾ ഓർഡിനറി സ്പെഷ്യൽ സർവ്വീസുകൾ നടത്തിവരുന്നു. ഇവിടങ്ങളിലെ പ്രധാനപ്പെട്ട വ്യൂ പോയിന്റുകളിൽ സഞ്ചാരികൾക്ക് വിശ്രമ സമയത്ത് ഫോട്ടോ ഷൂട്ടിംഗ് ഉൾപ്പെടെ സമയം നൽകുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരികൾക്കായി തിരക്ക് കുറയ്ക്കുവാൻ മുൻകൂർ ബുക്കിംഗ് സ്വീകരിച്ച് സർവ്വീസുകൾ അനുവദിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) ദൈർഘ്യം അനുസരിച്ചുമുള്ള ടിക്കറ്റ് നിരക്കിൽ ആകർഷകമായ

അഡീഷണൽ സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/ മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയിൽ പുതിയ സ്ഥലങ്ങൾ കണ്ടെത്തി ആകർഷണീയമായ പാക്കേജ് ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായി BTC (Budget Tourism Cell) എന്ന ഒരു വിംഗ് രൂപീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം സർവ്വീസുകളിൽ യാത്രക്കാരുടെ രാത്രി ഉറക്കത്തിന് കെ.എസ്.ആർ.ടി.സി. ഒരുക്കുന്ന സംവിധാനങ്ങൾ എന്താണ്; സ്ലീപ്പർ ബസ്സുകൾക്ക് പകരം എ.സി. ബർത്തുകളും സ്വകാര്യത ഉറപ്പാക്കുന്ന കാരവാനുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ സ്ലീപ്പർ ബസ്സുകൾ നൽകിയിട്ടുണ്ട്. മൂന്നാറിൽ 'സ്ലിപർ ഇൻ ബസ്' എന്ന പദ്ധതി പ്രകാരം യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കി നൽകുന്നുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് ഫാമിലികൾക്ക് യാത്രചെയ്യുന്നതിനും, വിശ്രമിക്കുന്നതിനുമായി കാരവൻ പദ്ധതികളും പരിഗണനയിലാണ്.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവ്വീസുകൾ ബുക്ക് ചെയ്യുന്നതിന് ഡിപ്പോകൾക്ക് പകരം പൊതു സംവിധാനം ഏർപ്പെടുത്തുമോ; ഇതിനായി വെബ്പോർട്ടലുകൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.യുടെ ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവ്വീസുകൾ ബുക്ക് ചെയ്യുന്നതിന് ഡിപ്പോകൾക്ക് പകരം പൊതു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അബീ ബസ്, റെഡ് ബസ് തുടങ്ങിയ ഓൺലൈൻ പ്രൊവൈഡർ വഴി വെബ് പോർട്ടലുകൾ വഴിയുള്ള ബുക്കിംഗ് പരിഗണനയിലാണ്.

## കെ.എസ്.ആർ.ടി.സി. റീ സ്ട്രക്ചർ 2.0

167 (5230) ശ്രീ. വി. ശശി:
ശ്രീ പി. എസ്. സുപാൽ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിൽ പുനരുദ്ധാരണ പാക്കേജായി റീ സ്ട്രക്ചർ 2.0 പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

(എ-സി) കെ.എസ്.ആർ.ടി.സി.യിൽ പുനരുദ്ധാരണ നടപടികളുടെ തുടർച്ചയായി റീ സ്ട്രക്ചറിംഗ് 2.0 എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

അധികമുള്ള ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സമയക്രമം, ഡ്യൂട്ടി പാറ്റേൺ മുതലായവ കാലാനുചിതമായി പരിഷ്കരിച്ചുവരുന്നു. Total computerization, വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം മുതലായവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള എല്ലാ സ്ഥലങ്ങളും കോർപ്പറേഷന് ബാധ്യത ഇല്ലാത്ത രീതിയിൽ പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Consortium Bank-മായി ചർച്ച ചെയ്ത് പുതിയ ഒരു വായ്പ പാക്കേജ് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഒരു Special Purpose Vehicle (SPV) ആയ KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) സർവ്വീസ് യോഗ്യമല്ലാത്ത പഴയ ബസ്സുകൾ പുനരുപയോഗിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി.യും, ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. മൂന്നാറിൽ 'സ്ലീപർ ഇൻ' ബസ് എന്ന പദ്ധതി പ്രകാരം

യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നു.

**ചാത്തന്നൂരിൽ ജോയിന്റ് ആർ.ടി. ആഫീസ്**

168 (5231) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജോയിന്റ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിലപാട് എന്താണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ചാത്തന്നൂരിൽ ജോയിന്റ് ആർ.ടി. ആഫീസ് ആരംഭിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യം (ഫയൽ നമ്പർ - സി. 11484/2015, സി. 276/2017) സംബന്ധിച്ച് ജനപ്രതിനിധി 29-7-2017-ൽ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ചാത്തന്നൂരിൽ പുതിയ സബ് ആർ.ടി ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ജനപ്രതിനിധിയുടെ 29-7-2017-ലെ നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ, 11-10-2017, 7-2-2019 എന്നീ തീയതികളിലെ നിവേദനം ലഭിക്കുകയും, ആയത് പരിശോധിച്ച് 23-2-2019-ലെ സി1/ 276/2017/ഗതാഗതം നമ്പർ കത്ത് മുഖേന ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**ഗതാഗത വകുപ്പിന്റെ വാഹനങ്ങൾ**

169 (5232) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന് എത്ര വാഹനങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പിൽ കെ.എസ്.ആർ.ടി.സി -ക്ക് ഒഴികെ ആകെ 237 വാഹനങ്ങളാണുള്ളത്. വാഹനങ്ങൾ സംബന്ധിച്ച വിശദാംശം താഴെ കണ്ടാലും.

i. സംസ്ഥാന ജലഗതാഗത വകുപ്പ് -- 3

ii. മോട്ടോർ വാഹന വകുപ്പ് --229

iii. റോഡ് സുരക്ഷാ അതോറിറ്റി--5 കെ.എസ്.ആർ.ടി.സി.യ്ക്ക് 17 വെറ്റ്ലീസ് ബസ്സുകളടക്കം 6,202 ബസ്സുകൾ, ഇതര ആവശ്യത്തിനായി ഉപയോഗിക്കുന്ന വർക്ക്ഷോപ്പ് വാൻ 115, ഇൻഫോവീൽ 1, ആംബുലൻസ് 3, ഡീസൽ ടാങ്കർ 9, സ്റ്റാഫ് വാഹനങ്ങൾ 68 എന്നിവയടക്കം ആകെ 6,398 വാഹനങ്ങളുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. പൊതുഗതാഗത സംവിധാനത്തിനായി ഉപയോഗിക്കുന്ന ബസ്സുകൾ എത്രയെന്നും സർവ്വീസ് നടത്താതെ ഗാരേജുകളിൽ കിടക്കുന്നവ എത്രയെന്നും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ എത്രയെന്നും വിശദമാക്കാമോ?

(a) പൊതു ഗതാഗതത്തിനായി കെ.എസ്.ആർ.ടി.സി നിലവിൽ (27-10-2021) 4462 ബസ്സുകളാണ് വിവിധ ഡിപ്പോകൾക്കായി നൽകിയിട്ടുള്ളത്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്താത്ത സാഹചര്യത്തിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി 1736 ബസ്സുകൾ റിസർവ് പൂളിൽ ഉൾപ്പെടുത്തി സുരക്ഷിത കേന്ദ്രങ്ങളിൽ പാർക്ക് ചെയ്തിട്ടുണ്ട്.

(b) വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 3 സ്ലീപ്പർ ബസ്സുകളും കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ആവശ്യത്തിലേയ്ക്കായി ഒരു ബസ്സ് മൊബൈൽ മെഡിക്കൽ യൂണിറ്റായും ഉപയോഗിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്ത ബസ്സുകളിൽ നിന്നും 40 ബസ്സുകൾ ഷോപ്പ് ഓൺ വീൽസായും, 12 ബസ്സുകൾ സ്റ്റാഫ് സ്ലീപ്പറായും രൂപമാറ്റം വരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽനിന്ന് പ്രതിമാസം ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.യുടെ നൂതന സംരംഭമായ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത നാല് ബസുകൾ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി, വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി ഇനത്തിൽ പ്രതിമാസം 80,000 രൂപ ലഭിച്ച് വരുന്നു. പട്ടികജാതി വികസന വകുപ്പിനും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ്

ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ഇനത്തിൽ പ്രസ്തുത വകുപ്പ് പ്രതിമാസം 15,000 രൂപ എന്ന നിരക്കിൽ ഒരു വർഷത്തെ തുകയായ 25,20,000 രൂപ ഒടുക്കിയിട്ടുണ്ട്. കൂടാതെ മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്, Sight seeing എന്നിവ നടപ്പിലാക്കിയ ഇനത്തിൽ പ്രതിമാസം 3,55,508 രൂപ ശരാശരി തുക ലഭിച്ചുവരുന്നു. കോവിഡ് മഹാമാരി കാരണം മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്, Sight seeing എന്നീ പദ്ധതികൾക്ക് മുടക്കം വന്നിട്ടുണ്ട്. ആയതിനാൽ ലോക്ഡൗൺ നിബന്ധനകൾക്ക് കുറച്ച് ഇളവുകൾ പ്രാബല്യത്തിൽ ഉള്ള കാലയളവിലെ ശരാശരി തുകയാണ് കണക്കാക്കിയിരിക്കുന്നത്. കോവിഡ്-19 ന് മുമ്പുള്ള സാഹചര്യം പ്രാബല്യത്തിൽ വരുമ്പോൾ കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 ലോഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്.

(ഡി) യാത്രാ ഫ്യൂവൽ പദ്ധതിയിലൂടെ ലഭ്യമാകുന്ന വരുമാനവും അതിനായുള്ള പ്രതിമാസ ചെലവും വിശദമാക്കുമോ?

2021 സെപ്റ്റംബർ 15 മുതലാണ് കെ.എസ്.ആർ.ടി.സി.-യിൽ യാത്രാ ഫ്യൂവൽ ആരംഭിച്ചത്. 2021 സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 14 വരെ ഡീലർ കമ്മീഷൻ വഴിയുള്ള വരുമാനം 11.65 ലക്ഷം രൂപയാണ്. കെ.എസ്.ആർ.ടി.സി.യിലെ നിലവിലുള്ള ജീവനക്കാരെ നിയോഗിച്ചാണ് യാത്രാ ഫ്യൂവൽ പ്രവർത്തിച്ചുവരുന്നത്. ജീവനക്കാരുടെ ശമ്പളം ഒഴികെ മറ്റിനത്തിൽ ആകെ 4.22 ലക്ഷം രൂപയാണ് ടി കാലയളവിൽ ചെലവായത്.

**റോഡ് സേഫ്റ്റി ഫണ്ട്**

170 (5233) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ അനുമതി നൽകിയ പദ്ധതികളുടേയും, അതിനുവേണ്ടി അനുവദിച്ച തുകയുടേയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ 36-ാമത് യോഗത്തിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്ന പദ്ധതികൾ റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് റോഡ് സുരക്ഷാ ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നതാണ്. 36-ാമത് അതോറിറ്റി യോഗത്തിൽ അംഗീകരിച്ച മാനദണ്ഡങ്ങളും, നിശ്ചിത മാതൃകയും അനുബന്ധമായി ചേർക്കുന്നു*.

**റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കുന്നവർക്കുള്ള പാരിതോഷികം**

171 (5234) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് കേന്ദ്രപദ്ധതിയാണോ സംസ്ഥാന പദ്ധതിയാണോയെന്ന് വ്യക്തമാക്കാമോ;

(സി) പാരിതോഷികമായി നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ, 'Golden Hour'-ൽ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം റോഡപകടങ്ങളിൽപ്പെട്ടവരെ ഉടൻതന്നെ ആവശ്യമായ ചികിത്സ ലഭ്യമാക്കാനായി ആശുപത്രി, ട്രോമാ കെയർ എന്നിവിടങ്ങളിൽ നിശ്ചിത സമയപരിധിയിക്കുള്ളിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നവർക്കാണ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇത് കേന്ദ്രസർക്കാർ പദ്ധതിയാണ്. അപകടത്തിൽപ്പെട്ട ഒന്നോ അതിലധികം പേരെയോ ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് 5,000 രൂപയാണ് പാരിതോഷികമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചയിച്ചിട്ടുള്ളത്. ഒന്നിലധികം പേർചേർന്ന് അപകടത്തിൽപ്പെട്ട ഒരാളെ രക്ഷിക്കുകയാണെങ്കിൽ 5,000 രൂപ തുല്യമായി വീതിച്ച് നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഒന്നിലധികം പേർചേർന്ന് ഒന്നിലധികം പേരെ രക്ഷിക്കുകയാണെങ്കിൽ, അപകടത്തിൽപ്പെട്ട ഓരോ ആളിനും 5,000 രൂപ എന്ന നിരക്കിൽ ജീവൻ രക്ഷിച്ച ഒരോരുത്തർക്കും പരമാവധി 5,000 രൂപവരെ നൽകും. അപകടത്തിൽപ്പെട്ടവരെ വളരെ വേഗത്തിൽ ആശുപത്രിയിലെത്തിക്കുന്ന 10 പേർക്ക് (ദേശീയതലത്തിൽ) ഓരോ വർഷവും 1,00,000 രൂപ നൽകുന്നതാണ്.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതെങ്ങനെയാണെന്നും ജില്ലയിൽ ഇതിന്റെ മേൽനോട്ടം ആർക്കാണെന്നും വ്യക്തമാക്കാമോ?

അപകടത്തിൽ ജീവൻ രക്ഷപ്പെടുത്തിയ ആൾ (Good Samaritan) വിവരം പോലീസിൽ ആദ്യം അറിയിച്ചാൽ, ഡോക്ടർമാരിൽനിന്ന് വെരിഫിക്കേഷൻ ലഭിച്ചശേഷം, പോലീസ് 'Good Samaritan'-ന് acknowledgment നൽകുന്നു. ഇതിന്റെ പകർപ്പ് ജില്ലാതല സമിതിയുടെ ചെയർമാനായ ജില്ലാ മജിസ്ട്രേറ്റിന് നൽകും. 'Good Samaritan' അപകടത്തിൽപ്പെട്ടവരെ നേരിട്ട് ആശുപത്രിയിൽ എത്തിച്ചാൽ ആശുപത്രി അധികൃതർ വിശദവിവരങ്ങൾ പോലീസ് സ്റ്റേഷനിൽ നൽകണം. പോലീസ് 'Good Samaritan'-ന് acknowledgment നൽകുകയും പകർപ്പ് ജില്ലാ മജിസ്ട്രേറ്റിന് നൽകുകയും ചെയ്യണം.

(ഇ) പാരിതോഷികം നൽകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ജില്ലാതല appraisal committee, പോലീസ്/ആശുപത്രി എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച proposals ഓരോ മാസവും വിലയിരുത്തി പാരിതോഷികം നൽകേണ്ടവരുടെ പട്ടിക ഗതാഗത കമ്മീഷണർക്ക് കൈമാറുന്നതാണ്. പ്രത്യേകമായുള്ള ബാങ്ക് അക്കൗണ്ടിൽനിന്ന് പാരിതോഷികം ഗതാഗത കമ്മീഷണർ അർഹമായവർക്ക് നൽകുന്നതാണ്. ഈ അക്കൗണ്ടിൽ കേന്ദ്രസർക്കാരാണ് തുക അനുവദിക്കുന്നത്. ജില്ലാതലത്തിൽ ഇതിന്റെ മേൽനോട്ടം ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ പോലീസ് മേധാവി, ജില്ലാ മെഡിക്കൽ ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (ഗതാഗത വകുപ്പ്) എന്നിവർക്കാണ്. 'Golden Hour'-ൽ തന്നെ അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നവർക്കാണ് ഇപ്രകാരം പാരിതോഷികം നൽകുന്നത്. ഒരു വർഷം ഒരാൾക്ക് ഏറ്റവുമധികം 5 പ്രാവശ്യം മാത്രമേ പാരിതോഷികം നൽകുകയുള്ളൂ. തന്നെക്കുറിച്ചുള്ള വിവരങ്ങൾ 'Good Samaritan' നൽകുന്നില്ലെങ്കിൽ അയാൾക്ക് പാരിതോഷികം നൽകുന്നതല്ല.

## ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് പലിശ സബ്സിഡി

172 (5235) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് പലിശ സബ്സിഡി അനുവദിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് പലിശ സബ്സിഡി നിലവിൽ നൽകുന്നില്ല. എന്നാൽ ഇലക്ട്രിക് ഓട്ടോ വാങ്ങുന്നവർക്ക് സബ്സിഡി നൽകിവരുന്നുണ്ട്. സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. വാഹനത്തിന്റെ വിലയുടെ 25 ശതമാനമോ 30,000 രൂപയോ, ഇതിൽ കുറവ് ഏതാണോ അതാണ് സബ്സിഡിയായി ഇ-ഓട്ടോകൾക്ക് നൽകിവരുന്നത്.

2. 10,000 ഇ-ഓട്ടോ ഉടമകൾക്കാണ് സബ്സിഡി നൽകുന്നത്. ഇതിൽ 5000 പേർ സ്ത്രീകളായിരിക്കണം.

3. 18 വയസ്സിന് മേൽ പ്രായമായവർക്ക് സബ്സിഡിക്കായി അപേക്ഷിയ്ക്കാം.

4. അപേക്ഷകർ കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം.

5. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 3 ലക്ഷത്തിനുമേൽ ആകാൻ പാടില്ല.

6. ഒരാൾക്ക് ഒരു ഇ-ഓട്ടോയ്ക്ക് മാത്രമേ സബ്സിഡിക്ക് അപേക്ഷിക്കാൻ അനുവാദമുള്ളൂ.

7. സബ്സിഡി ലഭിച്ച ഉടമകൾ രണ്ട് വർഷത്തേയ്ക്ക് വാഹനത്തിന്റെ ഉടമസ്ഥാവകാശം കൈമാറാൻ പാടില്ല. രണ്ട് വർഷത്തിനകത്ത് ഉടമസ്ഥാവകാശം കൈമാറിയാൽ വാഹന ഉടമ സബ്സിഡി തുക പൂർണ്ണമായും സർക്കാരിന് തിരിച്ചടയ്ക്കേണ്ടതാണ്.

## ഭിന്നശേഷിക്കാർക്ക് യാത്രാ ആനുകൂല്യം

173 (5236) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാർക്ക് നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ യാത്രാ ആനുകൂല്യത്തിനുള്ള അർഹതാമാനദണ്ഡം 40% എന്നിരിക്കെ പ്രൈവറ്റ്

ബസ്സുകളിൽ പ്രസ്തുത മാനദണ്ഡം 50% ആയാണ് നിശ്ചയിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനഃപരിശോധിച്ച് അർഹതാമാനദണ്ഡം ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 5-1-1987-ലെ G.O.(P)No.1/87/PW&T എന്ന ഉത്തരവ് അനുസരിച്ച് 50% ൽ കുറയാത്ത വികലാംഗരായവർക്കാണ് പ്രൈവറ്റ് ബസ്സുകളിൽ യാത്രാസൗജന്യം അനുവദിച്ചിരിക്കുന്നത്. 1995- ലെ "Persons with Disabilities (equal opportuniter Protection of Rights and full participation) Act" അനുസരിച്ച് 40% വികലാംഗരായ വ്യക്തികൾക്ക് എല്ലാവിധ ആനുകൂല്യവും നൽകണമെന്ന വ്യവസ്ഥയുള്ളതിനാൽ 17-4-2012-ലെ G.O.(Rt) No.200/ 2012/Trans. എന്ന ഉത്തരവുവഴി കെ.എസ്.ആർ.ടി.സി. ബസുകളിൽ 40% വികലാംഗരായവർക്കും യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള യാത്രാ ആനുകൂല്യങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളിലെ പോരായ്മകൾ നികത്തി വിവിധ കാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത വിജ്ഞാപനം പുറപ്പെടുവിക്കുവാനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**ബിവറേജസ് ഔട്ട്‌ലെറ്റുകൾക്കായി കണ്ടെത്തിയ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലം**

174 (5237) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ ഏതൊക്കെ സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ഒഴിഞ്ഞ സ്ഥലങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ നടത്തുന്നത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

**ഗ്രാമവണ്ടി പദ്ധതി**

175 (5238) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമവണ്ടി പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും ഏതൊക്കെ ജില്ലകളിലാണ് ഇത് ആദ്യം നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഗ്രാമീണമേഖലകളിലും, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലും മെച്ചപ്പെട്ട പൊതുഗതാഗത സൗകര്യം ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കിയാണ് "ഗ്രാമവണ്ടി" എന്ന നൂതന പദ്ധതി 2022 ഏപ്രിൽ മാസത്തോടെ നടപ്പിലാക്കുവാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ഏത് ജില്ലയിലാണ് നടത്തുന്നതെന്ന് തീരുമാനമായിട്ടില്ല.

**കെ. എസ്. ആർ. ടി. സി. യിലെ ശമ്പള പരിഷ്കരണം**

176 (5239) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.യിലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് 27-10-2021-ന് മുഖ്യമന്ത്രിതല ചർച്ച നടന്നിട്ടുള്ളതും, വരുമാനം വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിനു വിവിധനടപടികൾ സ്വീകരിക്കണമെന്ന നിബന്ധനയോടെ ശമ്പളപരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ധാരണയായിട്ടുള്ളതുമാണ്. അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ പൂർത്തിയാക്കി ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പന്ത്രണ്ട് മണിക്കൂർ ഡ്യൂട്ടി പരിഷ്കരണം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കോവിഡ്-19 നെ തുടർന്നുള്ള യാത്രാനിയന്ത്രണങ്ങൾ ഉള്ളതിനാൽ യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് വരുമാന കുറവുള്ള ട്രിപ്പ് പരിമിതപ്പെടുത്തി ജനോപകാരപ്രദമായും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുമാണ് ഓർഡിനറി ബസ്സുകൾ 12 മണിക്കൂർ സമയക്രമത്തിൽ ക്രമീകരിച്ചിട്ടുള്ളത്. ഇത്തരം സർവ്വീസുകളിൽ നിയോഗിക്കുന്ന ജീവനക്കാർക്ക് യാത്രാതിരക്ക് തീരെകുറവുള്ള സമയങ്ങളിൽ പരമാവധി 4 മണിക്കൂർ വരെ വിശ്രമം അനുവദിച്ച് സ്പ്രെല്ലുകളായി ഡ്യൂട്ടി ക്രമീകരിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർ ആഴ്ചയിൽ 48 മണിക്കൂർ ജോലി ചെയ്യുന്ന സാഹചര്യത്തിൽ ആഴ്ചയിൽ 4 ദിവസം മാത്രം ഡ്യൂട്ടിക്ക് ഹാജരാകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. യാത്രക്കാർ കൂടുതലുള്ള പീക്ക് സമയങ്ങളിൽ സർവ്വീസ് പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ്

നിയമത്തിലെ വ്യവസ്ഥകളനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും, പ്രത്യേക സാഹചര്യങ്ങളിലും ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ തിരക്ക് വർദ്ധിച്ച് വരികയും, കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരികയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതിനനുയോജ്യമായ രീതിയിൽ ഡ്യൂട്ടികൾ പുനഃക്രമീകരിക്കുന്നത് പരിഗണനയിലാണ്.

(സി) ശമ്പളം അവസാന പ്രവൃത്തിദിനം തന്നെ വിതരണം ചെയ്യുന്നതിനും മുടങ്ങിക്കിടക്കുന്ന യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ളവ അടിയന്തരമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനംമൂലം ജനങ്ങൾ പൊതുഗതാഗത സംവിധാനം ഒഴിവാക്കുന്നതും, സാമൂഹ്യ അകലം പാലിച്ച് ബസ്സ് സർവ്വീസുകൾ നടത്തുന്നതുകാരണവും പ്രതിദിനം ശരാശരി 3.50 കോടി രൂപ മാത്രമാണ് ലഭ്യമാകുന്നത്. പ്രസ്തുത തുകയുടെ സിംഹഭാഗവും ഇന്ധന ചെലവുകൾക്കായാണ് വിനിയോഗിക്കേണ്ടിവരുന്നത്. ആയതിനാൽ പൂർണ്ണമായും സർക്കാർ ധനസഹായം ലഭ്യമാക്കിയാണ് ശമ്പള വിതരണം നടത്തിവരുന്നത്. സർക്കാർ, കെ.എസ്.ആർ.ടി.സി.ക്ക് വകയിരുത്തിയിരുന്ന 2021-22-ലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയതിനാൽ നിലവിൽ റീ-അപ്രോപ്രിയേഷൻ വഴി നടപടിക്രമങ്ങൾ പാലിച്ച് തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലാണ് നിലവിൽ ശമ്പള വിതരണം അവസാന പ്രവൃത്തി ദിവസംതന്നെ വിതരണം ചെയ്യാൻ സാധിക്കാത്തത്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം മെച്ചപ്പെട്ട് സ്വന്തം നിലയിൽ ശമ്പളവിതരണം നടത്താനുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് അവസാന പ്രവൃത്തി ദിവസം തന്നെ ശമ്പളവിതരണം നടത്തുന്നതിന് സാധിക്കുന്നതാണ്. നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് യൂണിഫോം അലവൻസുകൾ ഉൾപ്പെടെയുള്ള അലവൻസുകൾ വിതരണം ചെയ്യുന്നതാണ്.

(ഡി) തടഞ്ഞുവച്ച പ്രൊമോഷനുകളും ആശ്രിത നിയമനവും പുനഃസ്ഥാപിക്കുമോ; വിശദീകരിക്കുമോ?

നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷനെ പുനരുദ്ധാരണം ചെയ്യുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കാലാനുചിതമായി ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള അംഗബലം ക്രമീകരിച്ചുവരികയാണ്. ടി നടപടി പൂർത്തീകരിച്ച് ഓരോ തസ്തികകളുടെ എണ്ണം ക്രമപ്പെടുത്തി മാത്രമേ പ്രൊമോഷനും പുതിയ നിയമനങ്ങളും നടത്തുവാൻ നിർവ്വാഹമുള്ളൂ. നിലവിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടു പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിച്ചതിന്റെ ഭാഗമായി ജീവനക്കാരുടെ ഒഴിവില്ല. ടി റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ എല്ലാ തരം നിയമനങ്ങളും നിർത്തിവച്ച സാഹചര്യത്തിൽ ആശ്രിത നിയമനവും താൽകാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ഇ) ടിക്കറ്റ് മെഷീൻ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

GPRS, Bluetooth, RFID സംവിധാനമുള്ള 5500 ETM കൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 30-06-2021-ന് നൽകുകയുണ്ടായി. വിവിധ ഡിപ്പോകളിലേയ്ക്ക് ടി മെഷീനുകളുടെ വിതരണം പുരോഗമിച്ച് വരികയുമാണ്.

**കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ വരുമാനം ഉണ്ടാക്കാൻ നടപടികൾ**

177 (5240) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടം ചെയ്യാവുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ, കെ.എസ്.ആർ.ടി.സി. വക ഡിപ്പോകളുടെ കൈവശമുള്ള വസ്തുവകകൾ എന്നിവ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ വരുമാനം ഉണ്ടാക്കാനും നഷ്ടം നികത്തുവാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, ഹരിപ്പാട്, പത്തനംതിട്ട, മലപ്പുറം എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം,

കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നാർ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും, കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യാടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും കെ.എസ്.ആർ.ടി.സി.-യുടെ സജീവ പരിഗണനയിലുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ സ്വീകരിച്ചുവരുന്ന മറ്റ് നടപടികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള വസ്തുവകകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദീർഘകാല പാട്ടക്കരാർ വ്യവസ്ഥയിൽ നൽകാൻ പദ്ധതികളാവിഷ്കരിച്ച് വരികയാണ്. കണ്ടം ചെയ്തിരിക്കുന്ന ബസുകളിൽ ഒന്നിൽ മോഡിഫിക്കേഷൻ നടത്തി നിലവിൽ എറണാകുളം ബോട്ട് ജെട്ടിയിൽ പൊതുജനങ്ങൾക്ക് ഓയിൽ, ഗ്രീസ് തുടങ്ങിയവ വിൽക്കുന്നതിനായി 'ലൂബ് ഷോപ്പ്' ആയി പ്രവർത്തിച്ചുവരികയാണ്. അടുത്ത ഘട്ടത്തിൽ ഒരു ബസിന്റെ മോഡിഫിക്കേഷൻ പണികൾ അന്തിമ ഘട്ടത്തിലാണ്. ഇതിൽനിന്നും ഡീലർ കമ്മീഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് അധിക വരുമാനം ലഭിക്കുന്നതാണ്.

(ബി) മിൽമ ബസ് ഓൺ വീൽസ്, പെട്രോൾ പമ്പുകൾ, ഡിപ്പോയിലെ ഉപയോഗശൂന്യമായ കെട്ടിടഭാഗങ്ങളിലും വസ്തുവകകളിലും വ്യവസായങ്ങൾ എന്നിവ നടത്തി വരുമാന വർദ്ധനവുണ്ടാക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതിപ്രകാരം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി.യും ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ കൈവശം ഉള്ള വസ്തുവകകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദീർഘകാല പാട്ടക്കരാർ വ്യവസ്ഥയിൽ നൽകാൻ പദ്ധതികളാവിഷ്കരിച്ച് വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള 75 പമ്പുകൾ പൊതുമേഖല എണ്ണ കമ്പനികളുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി തുറന്ന് കൊടുക്കുമ്പോൾ വിൽപ്പന നടത്തിക്കിട്ടുന്ന കമ്മീഷൻ (ഡീലർഷിപ്പ് വകയിൽ) കെ.എസ്.ആർ.ടി.സി.യുടെ പുതിയ ടിക്കറ്റേതര വരുമാനമാണ്. ഡിപ്പോയിലെ ഉപയോഗശൂന്യമായ കെട്ടിടഭാഗങ്ങൾ ഉപയോഗിച്ച് വ്യവസായങ്ങൾ നടത്തി വരുമാന വർദ്ധനവുണ്ടാക്കുവാൻ കൊമേഴ്സ്യൽ വിഭാഗത്തിനെ കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുണ്ട്.

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ ബലക്ഷയം**

178 (5241) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 74.79 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് കെ.എസ്.ആർ.ടി.സി. നിർമ്മിച്ച വാണിജ്യസമുച്ചയം ബലക്ഷയം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കെട്ടിടത്തിന്റെ ബലക്ഷയം പരിശോധിച്ചത് ആരാണെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് ബലക്ഷയം സംബന്ധിച്ച് മദ്രാസ് ഐ.ഐ.ടി. നടത്തിയ പരിശോധനയിൽ ബലക്ഷയം കണ്ടെത്തിയിട്ടുണ്ട്.

(സി) ഇതിന്റെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക വേണ്ടിവരുമെന്ന് അറിയിക്കുമോ?

ഐ.ഐ.ടി. മദ്രാസിന്റെ തിരുത്തൽ/ശക്തിപ്പെടുത്തലിന്റെ ബി.ഒ.ക്യൂ-വും അന്തിമ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അതിനുശേഷം മാത്രമേ വേണ്ടിവരുന്ന തുകയെത്രയെന്ന് അറിയാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത തുക നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാതാക്കളിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

സ്ട്രക്ച്ചറൽ ഡിസൈൻ ദൗർബല്യത്തിന് കാരണക്കാരായ എല്ലാപേരുടെയും പേരിൽ ശക്തമായ നിയമനടപടികൾ ഉടനെ ആരംഭിക്കാനും പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തലിനും വേണ്ടിവരുന്ന തുക ഉചിതമായ നിയമനടപടികളിലൂടെ ഇവരിൽനിന്നും ഈടാക്കാനും കെ.ടി.ഡി.എഫ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി. യുമായി നടത്തിയ ഇടപാടുകൾ

179 (5242) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.-യുമായി നടത്തിവന്ന ഇടപാടുകളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഇടപാടുകളുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമായാണ് സർക്കാർ കെ.ടി.ഡി.എഫ്.സി. എന്ന സ്ഥാപനം രൂപീകരിച്ചത്. എന്നാൽ കെ.എസ്.ആർ.ടി.സി.ക്ക് പലിശരഹിത സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ആരംഭിച്ച ടി സ്ഥാപനം 11% മുതൽ 16% വരെയുള്ള

ഉയർന്ന പലിശ നിരക്കിലാണ് വിവിധ കാലയളവുകളിൽ ജീവനക്കാരുടെ ശമ്പളവും, പെൻഷനും നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.ക്ക് വായ്പകളനുവദിച്ചിരുന്നത്. തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ മുൻകയ്യെടുത്ത് പൊതുമേഖലാ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് കെ.ടി.ഡി.എഫ്.സി.യിൽ നിന്നും എടുത്തിരുന്ന വായ്പയിൽ കുടിശ്ശികയുണ്ടായിരുന്നതും, കെ.ടി.ഡി.എഫ്.സി. മുഖാന്തരം സഹകരണ ബാങ്കുകളിൽനിന്നെടുത്തിരുന്ന വായ്പയുടെ മിച്ചവും ചേർത്ത് ആകെ 1100 കോടി രൂപ 9.2% എന്ന കുറഞ്ഞ പലിശ നിരക്കിൽ 20 വർഷത്തെ ദീർഘകാല തിരിച്ചടവ് പ്രകാരം പുനഃക്രമീകരിക്കുകയും, പ്രസ്തുത തുക കെ.ടി.ഡി.എഫ്.സി.യുടെ വിഹിതമാക്കി മാറ്റി ടി കൺസോർഷ്യത്തിൽ പങ്കാളിയാക്കുകയും ചെയ്തിട്ടുണ്ട്. അതുവഴി കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.ക്ക് നൽകാനുള്ള പ്രതിമാസ വായ്പ തിരിച്ചടവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. പിന്നീട്, ടി 1100 കോടി രൂപയിൽ 950 കോടി രൂപ മറ്റ് കൺസോർഷ്യം മെമ്പർ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കെ.ടി.ഡി.എഫ്.സി.ക്ക് തിരിച്ചടച്ചിട്ടുമുണ്ട്. ഇപ്രകാരം നിലവിൽ പുതുക്കിയ കൺസോർഷ്യം വായ്പയിൽ കെ.ടി.ഡി.എഫ്.സി.യുടെ വിഹിതത്തിൽ 150 കോടി രൂപ മാത്രമാണ് കെ.എസ്.ആർ.ടി.സി. ഒടുക്കാനായി മിച്ചമുള്ളത്. ടി വായ്പയുടെ തിരിച്ചടവും കോർപ്പറേഷൻ നടത്തിവരികയാണ്. തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് കെ.ടി. ഡി.എഫ്.സി. ബി.ഒ.റ്റി. വ്യവസ്ഥയിൽ ബസ് ടെർമിനൽ കോംപ്ലക്സുകൾ പണിതിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ KTDFC-യിൽനിന്നും എടുത്തിരുന്ന വായ്പകളുടെ ആകെ തുക തിട്ടപ്പെടുത്തിയതിൽ പിഴവുണ്ടെന്ന് തർക്കം ഉന്നയിച്ചതിനെത്തുടർന്ന് സർക്കാർ തലത്തിൽ KTDFC-യുടെ പ്രതിനിധികളും, കെ.എസ്.ആർ.ടി.സി.യുടെ പ്രതിനിധികളും തമ്മിൽ ചർച്ചകൾ നടത്തി വരികയാണ്. ടി തർക്കമുള്ള തുക സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) ഇപ്പോൾ കെ.ടി.ഡി.എഫ്.സി.- യുമായി ഇടപാടുകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; പുതിയ ലോണിടപാടുകൾ തുടരുന്നുണ്ടെങ്കിൽ അതുമുഖേന കെ.എസ്.ആർ.ടി.സി. പ്രതീക്ഷിക്കുന്ന ഗുണം വ്യക്തമാക്കുമോ?

ഇപ്പോൾ കെ.എസ്.ആർ.ടി.സി.യും, കെ.ടി.ഡി.എഫ്.സി.യുമായി പുതിയ വായ്പാ ഇടപാടുകൾ ഒന്നുംതന്നെ നടത്തുന്നില്ല. ഉയർന്ന പലിശനിരക്കിലും, ഹ്രസ്വകാല തിരിച്ചടവ് രീതിയിലുമായിരുന്നു KTDFC കെ.എസ്.ആർ.ടി.സി.ക്ക് വായ്പകൾ അനുവദിച്ചിരുന്നത്. എന്നാൽ സർക്കാർ മുൻകയ്യെടുത്ത് പൊതുമേഖലാ

ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ചതുവഴി കെ.എസ്.ആർ.ടി.സി.ക്ക് കുറഞ്ഞ പലിശ നിരക്കിലും, ദീർഘകാല തിരിച്ചടവ് രീതിയിലുമാണ് വായ്പകൾ ലഭ്യമാകുന്നത്. ഇത്തരത്തിൽ കൺസോർഷ്യം വഴി ലഭ്യമായ തുക ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി., KTDFC യ്ക്ക് നൽകേണ്ട വായ്പാതുകയുടെ സിംഹഭാഗവും ഒടുക്കിയിട്ടുണ്ട്. ഇതിനാലാണ് കെ.എസ്.ആർ.ടി.സി. പുതിയ വായ്പകൾ കെ.ടി.ഡി.എഫ്.സി.യിൽനിന്നും എടുക്കാത്തത്. നിലവിലെ കൺസോർഷ്യം വായ്പയിൽ KTDFC യുടെ വിഹിതമായി 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ബസ് ഓൺ ഡിമാൻഡ് പദ്ധതി**

180 (5243) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ഓൺ ഡിമാൻഡ് പദ്ധതി പ്രകാരം സ്കൂളുകൾക്കായി ബസുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. സ്കൂൾ അധികൃതരുമായി നേരിട്ട് കരാറുണ്ടാക്കിയാണോ ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത ബസ് സർവ്വീസിന്റെ ചെലവ് എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) ഉദ്ദേശിക്കുന്നുണ്ട്. പ്രത്യേക പ്രോട്ടോക്കോൾ പ്രകാരം കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ വിവിധ സർക്കാർ/പൊതു വിദ്യാലയങ്ങൾക്കും, സ്വകാര്യ മേഖലകളിലെ സ്കൂൾ, കോളേജ് സ്ഥാപനങ്ങൾക്കും പ്രത്യേക നിരക്കിൽ കൂടുതൽ യാത്രാ സൗകര്യം ഒരുക്കുന്നതിനായി പ്രത്യേക ബസ് ആവശ്യപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതിയിൽ പ്രത്യേകമായി ബസ് നൽകുന്നതിന് സ്കൂൾ ബോണ്ട് / കോളേജ് ബോണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേകമായി കരാർ ഉണ്ടാക്കുന്നില്ല. നിലവിൽ കെ.എസ്.ആർ.ടി.സി. സാധാരണ യാത്രക്കാർക്കായുള്ള ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് ഈ സർവ്വീസ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് ഏർപ്പെടുത്തി സ്കൂൾ അധികൃതരുമായി ധാരണ ഉണ്ടാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഒരു മാസത്തെ പ്രാഥമിക ഓപ്പറേറ്റിംഗ് ചെലവുകളുടെ തുക മുൻകൂർ അടയ്ക്കുന്ന സ്കൂളുകൾക്ക് ദൈനംദിന ചാർജ്ജിന്റെ ടിക്കറ്റ് നൽകിയാണ് സ്കൂൾ

ബോണ്ട് സർവ്വീസുകൾ നടത്താൻ നിശ്ചയിച്ചിട്ടുള്ളത്. കുട്ടികളെ സ്ഥാപനങ്ങൾ നിശ്ചയിക്കും. കെ.എസ്.ആർ.ടി.സി. ബസ്സിൽ ഡ്രൈവറും കണ്ടക്ടറും ഉണ്ടായിരിക്കും. ടി സർവ്വീസിനുപയോഗിക്കുന്ന ബസ്സിന്റെ പ്രാഥമിക ഓപ്പറേറ്റിംഗ് ചെലവുകൾ ബന്ധപ്പെട്ട സ്കൂളുകൾ വഹിക്കേണ്ടതാണ്. ടി ബസ് സ്കൂളുകൾക്ക് ആവശ്യമില്ലാത്ത സമയം ട്രിപ്പ് നടത്താൻ കഴിഞ്ഞാൽ അപ്രകാരം ജനോപകാരപ്രദമായി സർവ്വീസ് നടത്തി അധികമായിവരുന്ന ചെലവുകൾ സ്വരൂപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

**ഇന്ധന വിലവർദ്ധനവും കോവിഡും കെ.എസ്.ആർ.ടി.സി.ക്കുണ്ടാക്കിയ നഷ്ടം**

181 (5244) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധന വിലവർദ്ധനവും കോവിഡ് മൂലമുള്ള ലോക്ഡൗണും തുടർന്നുള്ള നിയന്ത്രിതരീതിയിലുള്ള സർവ്വീസും മുഖേന കെ.എസ്.ആർ.ടി.സി.-ക്ക് ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് രോഗവ്യാപനത്തിന്റെ ആദ്യ ഘട്ടത്തിലും, രണ്ടാം ഘട്ടത്തിലുമായി ഏർപ്പെടുത്തിയ ലോക്ക്ഡൗണുകളും, ലോക്ക്ഡൗണിനുശേഷം ആരംഭിച്ച നിയന്ത്രിതരീതിയിലുള്ള സർവ്വീസുകളും കാരണം കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനത്തിൽ വലിയ ഇടിവ് സംഭവിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിക്ക് മുമ്പുള്ള കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ശരാശരി 6.50 കോടി രൂപയും, പ്രതിമാസ വരുമാനം ശരാശരി 190 കോടി രൂപയുമായിരുന്നത്, കഴിഞ്ഞ ഒരു വർഷമായി ടി വരുമാനത്തിന്റെ നാലിലൊന്നായി ചുരുങ്ങിയിട്ടുണ്ട്. കോവിഡ് കാലയളവിന് മുൻപ് ലഭിച്ച പ്രതിമാസ ശരാശരി വരുമാനം അടിസ്ഥാനമാക്കി 2020 ഒക്ടോബർ മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെയുള്ള ഒരു വർഷക്കാലത്തെ ആകെ വരുമാന നഷ്ടം 1414.15 കോടി രൂപയാണ്. 2020 ഒക്ടോബറിൽ ഡീസലിന് ശരാശരി ലിറ്ററിന് 68.96 രൂപയായിരുന്നു. അപ്പോഴത്തെ ശരാശരി പ്രതിദിന ഉപഭോഗം 118 KL ആണ്. എന്നാൽ ഇപ്പോൾ ഒക്ടോബർ 2021-ലെ കണക്കനുസരിച്ച് പ്രതിദിനം ലിറ്ററിന് ശരാശരി 104.96 രൂപ വിലയാണ്. എന്നാൽ നിലവിലെ ശരാശരി പ്രതിദിന ഉപഭോഗം 231 KL ആണ്. ആയതിനാൽ 2020 ഒക്ടോബറിലെ വിലയുമായി താരതമ്യം ചെയ്താൽ ലിറ്ററിന് 36 രൂപയോളം കൂടുതൽ നൽകേണ്ടിവരുന്നു.

(ബി) ഇന്ധന വിലക്കയറ്റം കെ.എസ്.ആർ.ടി.സി. യുടെ അടിത്തറ ഇളക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിക് ബസുകളോ മറ്റോ പരീക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള സർക്കാർ ആവിഷ്കരിച്ച് ഇ.വി പോളിസിയുടെ ഭാഗമായി 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ്സ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 2 ബസ്സുകൾ കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡിന് സർവ്വീസ് നടത്തുന്നതിനായി വിട്ടുനൽകിയിട്ടുള്ളതും, ശേഷിക്കുന്ന 8 ബസ്സുകൾ കോർപ്പറേഷന്റെ പക്കലും ലഭ്യമാണ്. കേരള സർക്കാരിന്റെ 2020-2021 ബഡ്ജറ്റിൽ 3000 ഡീസൽ ബസ്സുകൾ ഘട്ടംഘട്ടമായി സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടിയായി ആദ്യഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ച് 2 ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. KIIFB ഫണ്ട് ഉപയോഗിച്ച് 310 CNG ബസ്സുകൾ വാങ്ങുന്നതിനും, 50 electric ബസ്സുകൾ വാങ്ങുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**റോഡുകളുടെ സുരക്ഷിതത്വം**

182 (5245) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ ദേശീയപാത, പ്രധാന ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവയിൽ ഉണ്ടായിട്ടുള്ള അപകടമരണങ്ങളുടെ പട്ടിക ഇനം തിരിച്ച് ലഭ്യമാക്കാമോ; ഇവയുടെ കാരണം വ്യക്തമാക്കാമോ?

കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച് സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു*. അമിതവേഗത, ഡ്രൈവർമാരുടെ അശ്രദ്ധ, മൊബൈലിൽ സംസാരിച്ച് വാഹനം ഓടിക്കുന്നവരുടെ വീഴ്ച, മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ വീഴ്ച, റോഡുകളുടെ ശോച്യാവസ്ഥ, കാൽനടയാത്രക്കാരുടെയും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൈക്കിൾ യാത്രക്കാരുടെയും അലസമായ റോഡ് ഉപയോഗം ഇതൊക്കെയാണ് കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.

(ബി) റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കപ്പെട്ടശേഷം അപകടങ്ങളുടെ തോതിൽ ഉയർച്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

ഉയർച്ച ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(സി) റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം എത്ര രൂപ ചെലവഴിച്ചെന്ന് വർഷം തിരിച്ച് പ്രോജക്ടുകളുടെ പേര് സഹിതം വ്യക്തമാക്കാമോ?

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയുടെ വിവരം ചെലവഴിച്ച വർഷം തിരിച്ച് പ്രോജക്ടുകളുടെ പേര് സഹിതം അനുബന്ധമായി ചേർക്കുന്നു*.

(ഡി) റോഡ് സേഫ്റ്റി അതോറിറ്റി മുഖേന റോഡ് സുരക്ഷിതത്വത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) ബ്ലാക്ക് സ്പോട്ട് പരിഹാരനടപടികൾ- മുൻവർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച സംസ്ഥാനത്തെ ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ട് കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, പഠനം നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീംകോടതി കമ്മിറ്റിയുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയും പോലീസും പൊതുമരാമത്ത് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

2) മാതൃകാ സുരക്ഷാ വീഥി- സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. വൈപ്പിൻ - മുനമ്പം, എറണാകുളത്തെ ഇ-യാത്ര പദ്ധതി

2. കൊട്ടിയം - കുണ്ടറ, കൊല്ലം

3. മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം

4. പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി തിരുത്തുക, റോഡുകളുടെ പട്രോളിംഗ് ശക്തിപ്പെടുത്തുക, മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമറ്റ്/സീറ്റ് ബെൽറ്റ് തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തുക എന്നീ നിർദ്ദേശങ്ങൾ 23-12-2014-ന് SCCoRS നൽകിയിട്ടുണ്ട്.

3) സ്കൂൾ സുരക്ഷാ മേഖല -കുട്ടികൾക്ക് സ്കൂളുകളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിനാവിഷ്കരിച്ച പദ്ധതിയാണ് "സേഫ് സ്കൂൾ സോൺ". സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവിടങ്ങളിൽ ആവശ്യമായ സൈൻ ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാഫണ്ട് അനുവദിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരും സ്കൂൾ കുട്ടികളുമുൾപ്പെടുന്ന അപകടം കുറയ്ക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും.

4) അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത് -റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും മറ്റ് അപകടമേഖലയുള്ള പാതകളിലും അടിയന്തരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗം നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണന ക്രമത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കിവരുന്നു.

5) ഡിഫൻഡർ ട്രോമ കിറ്റ്- ട്രാഫിക് അപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ ഡിഫൻഡർ ട്രോമ കിറ്റ് വാങ്ങുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകിവരുന്നു.

6) എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് നൽകുന്ന സാമ്പത്തികപിന്തുണ NH, SH റോഡുകളിൽ പട്രോളിംഗ് ശക്തിപ്പെടുത്തുക എന്നത് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ മറ്റൊരു സുപ്രധാന നിർദ്ദേശമാണ്. കൂടാതെ മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമെറ്റ്/സീറ്റ്ബെൽറ്റ് നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുക, എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും മോട്ടോർ വാഹന വകുപ്പിനും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ഫണ്ട് നൽകിവരുന്നു. ശരിയായ പട്രോളിംഗ് ഉറപ്പാക്കാൻ വാഹനങ്ങൾ വാങ്ങുന്നതിനും പോലീസ് വകുപ്പിന് ഫണ്ട് നൽകിയിട്ടുണ്ട്.

7) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ വിവിധ ജില്ലാ റോഡ് സുരക്ഷ കൗൺസിലുകളുടെ അഭ്യർത്ഥനപ്രകാരം ടേബിൾടോപ്പ് പെഡസ്ട്രിയൻ ക്രോസ്, ബസ്ബേകൾ, സീബ്രാ ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ്റെയിൽ മുതലായ റോഡ് സുരക്ഷാ ഇനങ്ങൾക്ക് റോഡ് സുരക്ഷാഫണ്ട് നൽകിവരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പ്, റോഡ് ഓണിംഗ് ഏജൻസികളായ പൊതുമരാമത്ത് (റോഡ്സ്), പൊതുമരാമത്ത് (ദേശീയപാത) എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

8) സേഫ് കേരള പദ്ധതി റോഡ് സുരക്ഷയ്ക്ക് വേണ്ടിയുള്ള സുപ്രീം കോടതി കമ്മിറ്റി സംസ്ഥാനങ്ങളോട് ഗതാഗതനിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിട്ടുള്ളപ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "സേഫ് കേരള പദ്ധതി" റോഡ് സുരക്ഷിതമാക്കാൻ അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ചിട്ടുള്ള മൂന്ന് പ്രധാന പ്രവർത്തനമേഖലകളാണ്, 3E's എന്ന അറിയപ്പെടുന്ന Engineering, Enforcement, Education എന്നിവ. സേഫ് കേരള പദ്ധതിയാവിഷ്കരിക്കുകവഴി റോഡ് സുരക്ഷയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പുവരുത്തുകയാണ് ചെയ്തിട്ടുള്ളത്.

**ഷോപ്പ് ഓൺ വീൽസ്**

183 (5246) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പ് ഓൺ വീൽസ് പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കാളിയായിട്ടുള്ളത്; ഇതിൽ പങ്കാളിയാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഷോപ്പ് ഓൺ വീൽസ് പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കിയിട്ടുള്ളതെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ പദ്ധതിയിൽ മിൽമ, കുടുംബശ്രീ എന്നിവർ പങ്കാളികളാകുകയും ഹോർട്ടികോർപ്പ്, പട്ടികവർഗ്ഗ വികസനം വകുപ്പ്, കെ.ടി.ഡി.സി, ഡിഫറൻഷ്യലി ഏബിൾഡ് പേഴ്സൺസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (DAPCOS) എന്നിവർ പങ്കാളികളാകുവാൻ താൽപ്പര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് പ്രതിമാസ ലൈസൻസ് ഫീ, പലിശരഹിത കരുതൽ തുക എന്നിവ ഈടാക്കിക്കൊണ്ട് ഇവ അനുവദിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ്

184 (5247) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരംഭിച്ചിട്ടുണ്ട്. ഡോക്യുമെന്റുകളും, പാഴ്സലുകളും ഉൾപ്പെടുന്ന സാധന സാമഗ്രികൾ നിയമവിധേയമായി യഥാസമയം കുറഞ്ഞചെലവിൽ കൃത്യതയോടുകൂടി ആവശ്യക്കാരന് ആവശ്യമുള്ള സ്ഥലത്ത് എത്തിച്ചുകൊടുക്കലാണ് കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സിലൂടെ ഉദ്ദേശിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ നൽകിയിരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ

185 (5248) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ ദിവസവരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ പ്രയോജനം ലഭിക്കാൻ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.യുടെ ദിവസവരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ ബുക്കിംഗ് സംവിധാനം, കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

2. ഫീഡർ സർവ്വീസ് KSRTC-യുടെ യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി ഓട്ടോറിക്ഷാ ജീവനക്കാരുമായി കൈകോർത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഫീഡർ സർവ്വീസ്. കൂടാതെ ടി സേവനം ഉപയോഗിക്കുന്ന യാത്രക്കാർക്ക് KSRTC ബസുകളിൽ പ്രത്യേക ഇളവുകൾ നൽകുവാനും ഉദ്ദേശിക്കുന്നുണ്ട്.

3. BOND സർവ്വീസ് കെ.എസ്.ആർ.ടി.സി.യുടെ ദിവസവരുമാനം വർദ്ധിപ്പിക്കുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽ നിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

4. സിറ്റി സർക്കുലർ സർവ്വീസ് തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസുകളേയും മറ്റ് സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇത് ഉപയോഗിച്ച് യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" ടിക്കറ്റുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന "സ്മാർട്ട് ട്രാവൽ കാർഡുകൾ" ഏർപ്പെടുത്തുന്നുണ്ട്. ഈ പുതിയ പദ്ധതി വഴി കെ.എസ്.ആർ.ടി.സി.യുടെ ദിവസവരുമാനത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

5. ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റ് ആന്റ് ലൂബ് ഷോപ്പ് ഫ്യൂവൽ വിഭാഗത്തിൽ റീട്ടെയിൽ ഔട്ട്‌ലെറ്റ് പൊതുജനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് സൗകര്യം ഒരുക്കിയതുവഴിലഭിക്കുന്ന വരുമാനം കെ.എസ്.ആർ.ടി.സി.യ്ക്ക് പുതിയ ടിക്കറ്റേതര

വരുമാനമാണ്. കണ്ടം ചെയ്തിരിക്കുന്ന ബസുകളിൽ ഒന്നിൽ മോഡിഫിക്കേഷൻ നടത്തി നിലവിൽ എറണാകുളം ബോട്ട് ജെട്ടിയിൽ പൊതുജനങ്ങൾക്ക് ഓയിൽ, ഗ്രീസ് തുടങ്ങിയവ വിൽക്കുന്നതിനായി ലൂബ് ഷോപ്പ് പ്രവർത്തിച്ചുവരികയാണ്. കണ്ടം ചെയ്ത മറ്റൊരു ബസിന്റെ മോഡിഫിക്കേഷൻ പണികൾ അന്തിമഘട്ടത്തിലാണ്. ഇതിൽനിന്നും ഡീലർ കമ്മീഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. ഇതുമൂലം ഉപയോഗശൂന്യമായ ബസുകളെ പുനരുപയോഗിക്കുന്നതുവഴി കെ.എസ്.ആർ.ടി.സി.ക്ക് വരുമാനവർദ്ധനവിന് വഴിതെളിയുകയാണ്.

6. ഷോപ്പ് ഓൺ വീൽസ് കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കിമാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്നനിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പിനും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതും, അതുവഴി അധികവരുമാനം ലഭിക്കുന്നതിനും സാധിക്കും.

7. സ്ലീപ്പർ ഇൻ ബസ് പദ്ധതി. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

8. പരസ്യ വരുമാനം ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസ്സുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് കെ.എസ്.ആർ.ടി.സി.യിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

9. സമുദ്ര ബസ് മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾ നിലവിൽ അമിതചാർജ്ജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിച്ചിരുന്നത്. രാവിലെയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്രചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നുവെന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെപോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്നനിലയിൽ തിരുവനന്തപുരം ജില്ലയിലെ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും നഗരത്തിനുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ഫിഷറീസ് വകുപ്പിൽനിന്നും വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന വ്യവസ്ഥയിൽ ഓപ്പറേറ്റ് ചെയ്യുന്നു. മൂന്ന് ബസ്സുകൾക്കും കൂടി ഒരു വർഷം 67.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. മേൽപരാമർശിച്ച നൂതനമാർഗ്ഗങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യമായതോതിൽ വർദ്ധിപ്പിക്കാൻ സഹായിക്കുന്നതാണ്.

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ ബലക്ഷയം

186 (5249) ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യസമുച്ചയത്തിന്റെ നിർമ്മാണം ഏത് കമ്പനിയാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയം നിർമ്മിച്ചത് കെ. വി. ജോസഫ് & സൺസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനമാണ്.

(ബി) പ്രസ്തുത കെട്ടിടത്തിന് കാര്യമായ ബലക്ഷയം ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ നിയമനടപടിയുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

ബലക്ഷയം കാണുകയും നിയമനടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. ഐ.ഐ.ടി. മദ്രാസിന്റെ കയ്യിൽനിന്നും പ്രതീക്ഷിക്കുന്ന

തിരുത്തൽ/ശക്തിപ്പെടുത്തൽ വർക്കിന്റെ ബി.ഒ.ക്യൂ-വും അന്തിമറിപ്പോർട്ടും ലഭിക്കുന്നമുറയ്ക്ക് എത്ര തുകയാകുമെന്നുള്ളത് അറിഞ്ഞിട്ട് നിയമനടപടികൾ തുടങ്ങുന്നതാണ്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ ബലക്ഷയം തീർക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്നും എത്ര കോടി രൂപ ഇതിനായി ചെലവഴിക്കേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ടോ?

ഐ.ഐ.ടി. മദ്രാസിൽ നിന്നും ലഭിക്കുന്ന അന്തിമറിപ്പോർട്ടും ബി.ഒ.ക്യൂ-വും ലഭിക്കുന്നമുറയ്ക്ക് മാത്രമേ ബലക്ഷയം തീർക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്നും എത്ര കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്നും അറിയാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത തുക വാണിജ്യ സമുച്ചയം പണിത കമ്പനിയിൽനിന്നും ഈടാക്കാൻ ഈ കമ്പനിയുമായുള്ള കരാറിൽ വ്യവസ്ഥ ചെയ്തിരുന്നോ; എങ്കിൽ ഈ തുക പ്രസ്തുത കമ്പനിയിൽനിന്നും ഈടാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത വാണിജ്യസമുച്ചയം നിർമ്മിച്ച കമ്പനിയുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് തീർന്നു. Madras IIT report ന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ വീഴ്ചമൂലം ഉണ്ടായിട്ടുള്ള നഷ്ടം നിയമനടപടികൾ മൂലം നികത്തുന്നതാണ്.

**പഠനവണ്ടി**

187 (5250) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഗ്രാമവണ്ടി' പദ്ധതിപോലെ സംസ്ഥാനത്തെ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലും കോളേജുകളിലും പി.ടി.എ.യുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി.യുടെ "പഠന വണ്ടി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോവിഡ്മൂലമുള്ള പ്രത്യേക സാഹചര്യത്തിൽ വിവിധ സർക്കാർ/ സ്വകാര്യ മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രത്യേക നിരക്കിൽ കൂടുതൽ യാത്രാസൗകര്യം ഒരുക്കുന്നതിനായി പ്രത്യേക ബസ് സർവ്വീസ് ആവശ്യപ്പെട്ടാൽ ബസ് ഓൺ ഡിമാന്റ് (BOND) എന്ന പദ്ധതിയിൽപ്പെടുത്തി പ്രത്യേകമായി ബസ് നൽകുന്നതിന് സ്കൂൾ ബോണ്ട് / കോളേജ് ബോണ്ട് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് ടി സർവ്വീസ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ

എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് ഏർപ്പെടുത്തി സ്കൂൾ അധികൃതരുമായി ധാരണ ഉണ്ടാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നത്. ഒരു മാസത്തെ പ്രാഥമിക ഓപ്പറേറ്റിംഗ് ചെലവുകളുടെ തുക മുൻകൂർ അടയ്ക്കുന്ന സ്കൂളുകൾക്ക്/ കോളേജുകൾക്ക് ദൈനംദിന ചാർജ്ജിന്റെ ടിക്കറ്റ് നൽകിയാണ് ബോണ്ട് സർവ്വീസുകൾ നടത്താൻ നിശ്ചയിച്ചിട്ടുള്ളത്. കുട്ടികളെ സ്ഥാപനങ്ങൾ നിശ്ചയിക്കും. കെ.എസ്.ആർ.ടി.സി. ബസ്സിൽ ഡ്രൈവറും കണ്ടക്ടറും ഉണ്ടായിരിക്കും. ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർവ്വീസ് ആവശ്യമില്ലാത്ത സമയം ട്രിപ്പ് നടത്താൻ കഴിഞ്ഞാൽ അപ്രകാരം ജനോപകാരപ്രദമായി സർവ്വീസ് നടത്തി അധികമായിവരുന്ന ചെലവുകൾക്കുള്ള തുക സ്വരൂപിക്കുവാനും കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ട്.

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ പാട്ടക്കരാർ

188 (5251) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ പാട്ടക്കരാറുമായി ബന്ധപ്പെട്ട ട്രാൻസ്-എ 2/217/2020 ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഗ്രാമവണ്ടിയുടെ സ്പോൺസർഷിപ്പ്

189 (5252) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികളോ സ്ഥാപനങ്ങളോ കെ.എസ്.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെടേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടാണോ ഗ്രാമവണ്ടികൾ സ്പോൺസർ ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കരാറിലെ വിശദാംശം നൽകാമോ?

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കരാറിൽ ഏർപ്പെടേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടിപ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിപ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി., നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater / സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി കരാറിൽ ഏർപ്പെടേണ്ടതും, ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക, കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി നൽകുന്ന ഇൻവോയിസ്, പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലായെങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുന്നതാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ചാൽ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്ററെങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം / ഇൻഷ്വറൻസ് / സി.എഫ്. പുതുക്കൽ / പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.യ്ക്കായിരിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിനു 1 km ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.

16. RTC ആക്ടിനു വിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേര് പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്.

**കായംകുളം കള്ളിക്കാട്ട് പടീറ്റതിൽ ഗോപാലൻ കുട്ടിയുടെ ഭാര്യ വത്സയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക**

190 (5253) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ചിറക്കടവം മുറിയിൽ കള്ളിക്കാട്ട് പടീറ്റതിൽ ഗോപാലൻകുട്ടിയുടെ ഭാര്യ വത്സയ്ക്ക് 25-5-2010 തീയതിയിൽ കായംകുളം കൃഷ്ണപുരത്ത് വച്ച് കെ.എൽ. 15/3104 നമ്പർ കെ.എസ്.ആർ.ടി.സി. ബസും കെ.എൽ. 29/ബി 7186 നമ്പർ സ്കൂട്ടറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ സംഭവിച്ച നഷ്ടത്തിന് 1,79,269 രൂപ നൽകുന്നതിന് 27-3-2016 -ൽ മാവേലിക്കര മോട്ടോർ

ക്ലെയിംസ് ട്രിബ്യൂണലിന്റെ ഉത്തരവുണ്ടായിട്ടും നാളിതുവരെ പ്രസ്തുത തുക ലഭ്യമാക്കാത്തതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

കായംകുളം കൃഷ്ണപുരത്ത് KL.15/3104-ാം നമ്പർ KSRTC ബസ് ഉൾപ്പെട്ട അപകടവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ശ്രീമതി വത്സല മാവേലിക്കര മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ OP(MV) 907/2010 നമ്പരായി പെറ്റീഷൻ ഫയൽ ചെയ്തിരുന്നതും ബഹു.ട്രിബ്യൂണൽ നഷ്ടപരിഹാരമായി 1,79,269 രൂപയും പലിശയും നൽകുവാൻ ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തികപ്രതിസന്ധിമൂലം MACT നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. KELSA സംഘടിപ്പിക്കുന്ന അദാലത്തിൽ കെ.എസ്.ആർ.ടി.സി. പങ്കെടുത്തിട്ടുള്ളതും, ഏപ്രിൽ, ജൂലൈ മാസങ്ങളിൽ സംഘടിപ്പിച്ച അദാലത്തിൽ ടി കേസ് പരിഗണിച്ചിരുന്നുവെങ്കിലും തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

## 2020-21 വർഷത്തേയ്ക്കുള്ള പ്ലാൻ ഫണ്ടിൽ നിന്നും വാങ്ങുവാനുദ്ദേശിക്കുന്ന ബസുകൾ

191 (5254) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ.വി. ജോയി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തേയ്ക്കുള്ള പ്ലാൻ ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) അനുവദിച്ച തുകയിൽ നിന്നും എ.സി., സ്ലീപ്പർ, നോൺ എ.സി. ഉൾപ്പെടെയുള്ള എത്ര ബസുകൾ വാങ്ങുവാനാണ് നടപടി ആയിട്ടുള്ളത്;

(സി) ഈ ബസുകളുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-സി) കെ.എസ്.ആർ.ടി.സി.യിലെ വിവിധ പദ്ധതി നടത്തിപ്പുകൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 99.91 കോടി രൂപ നടപ്പുബഡ്ജറ്റിൽ വകയിരുത്തിയെങ്കിലും ടി ഇനത്തിൽ തനതു വർഷത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും എന്ന പദ്ധതിക്കായി

2,73,62,000 രൂപ മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. വാഹന വ്യൂഹനവീകരണത്തിനും, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 2020-21 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ബഡ്ജറ്റിൽ വകയിരുത്തിയ 50 കോടി രൂപ ഉപയോഗിച്ച് 8 എ.സി. സീറ്റർ, 20 എ.സി. സ്ലീപ്പർ, 72 നോൺ എ.സി. എയർ ബസ് ഉൾപ്പെടെ 100 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികളായിട്ടുണ്ട്. ടി ബസ്സുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും, പ്രസ്തുത ആവശ്യത്തിലേയ്ക്കുവേണ്ട തുക റിലീസ് ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ ബസ്സുകളുടെ വിതരണം 2022 ജനുവരി 31-ന് മുമ്പായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് മെച്ചപ്പെട്ടതും സുഖകരവുമായ പൊതുഗതാഗതസൗകര്യം നൽകുവാൻ പ്രീമിയം ക്ലാസ് എ.സി., സ്ലീപ്പർ ബസ്സുകൾ വാങ്ങാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പ്രീമിയം ക്ലാസ് സ്ലീപ്പർ ബസ് - 8 എണ്ണം, സെമി പ്രീമിയം എ.സി. സീറ്റർ ബസ് - 20 എണ്ണം, നോൺ എ.സി. എയർ ബസ് - 72 എന്നിങ്ങനെ ആകെ 100 ബസുകൾ വാങ്ങുന്നതിനുള്ള ഉത്തരവാണ് നൽകിയിട്ടുള്ളത്.

**ലോഫ്ലോർ ബസ് സർവ്വീസ്**

192 (5255) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലോഫ്ലോർ ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്; എത്ര ബസ്സുകൾ പ്രവർത്തനരഹിതമായി വിവിധ ഗ്യാരേജുകളിൽ സൂക്ഷിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

26-10-2021-ലെ കണക്കനുസരിച്ച് 190 എ.സി., 529 നോൺ എ.സി. ഉൾപ്പെടെ 719 ലോ ഫ്ലോർ ബസുകളാണ് സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ളത്. ഇതിൽ 106 ബസുകളാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടും സിറ്റി സർക്കുലർ സർവ്വീസായും കൂടുതൽ ബസുകൾ ഉടൻ സർവ്വീസ് ആരംഭിക്കുന്നതാണ്. നിലവിൽ, 85 എ.സി. ലോ ഫ്ലോർ ബസ്സുകളും 43 നോൺ എ.സി. ഫ്രണ്ട് എഞ്ചിൻ സെമി ലോ ഫ്ലോർ ബസ്സുകളുമുൾപ്പെടെ 128 ബസുകൾ അറ്റകുറ്റപ്പണികൾക്കായി വിവിധ വർക്ക്ഷോപ്പ് / ഡിപ്പോ ഗ്യാരേജുകളിൽ പാർക്ക് ചെയ്തിട്ടുണ്ട്.

(ബി) ഇത്രയധികം ബസ്സുകൾ പ്രവർത്തനരഹിതമാകുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ; കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ് സർവ്വീസ് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ലോഫ്ലോർ ബസ് സർവ്വീസുകൾ ലാഭകരമല്ലെന്ന് വിലയിരുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കോവിഡ് ഭീതി കാരണം ഇപ്പോഴും പൊതുജനങ്ങൾ എ.സി. ബസ്സിൽ യാത്ര ചെയ്യാൻ വിമുഖത കാണിക്കുകയാണ്. ആയതിനാൽ പരിമിതമായ എ.സി. ലോ ഫ്ലോർ ബസ്സുകളാണ് സർവ്വീസിന് ഉപയോഗിക്കുന്നത്. നിലവിലെ സാഹചര്യത്തിൽ കൂടുതൽ എ.സി. ലോ ഫ്ലോർ ബസ്സുകൾ സർവ്വീസിന് ആവശ്യമില്ലാത്തതിനാലാണ് കൂടുതൽ തുക ചെലവഴിച്ച് പ്രസ്തുത ബസ്സുകൾ സർവ്വീസിന് സജ്ജമാക്കാത്തത്. ഇതിനുപുറമെ വർദ്ധിച്ച ഇന്ധന ചെലവ്, സ്പെയർ പാർട്ട്സുകളുടെ വർദ്ധിച്ച വിലയും ലഭ്യതക്കുറവും, കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിയും പ്രസ്തുത ബസ്സുകൾ സർവ്വീസിന് സജ്ജമാക്കുന്നതിന് തടസ്സമാകുന്നുണ്ട്. ലോ ഫ്ളോർ ബസ്സുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനോപകാരപ്രദമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സിറ്റി സർക്കുലർ 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതി അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ ആദ്യ ട്രയലും രണ്ടാം ട്രയലും തിരുവനന്തപുരത്ത് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി 2021 നവംബർ മാസം മുതൽ നടപ്പിലാക്കുവാനാണ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതിയുണ്ട്. സമുദ്രബസ് പദ്ധതി മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന ദരിദ്രരായ വനിതാ തൊഴിലാളികൾ നിലവിൽ അമിതചാർജ്ജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലെയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നുവെന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിക്കുള്ളിൽ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ്

ലഭ്യമാകുന്നരീതിയിൽ ഫിഷറീസ് വകുപ്പിന് കരാർവ്യവസ്ഥയിൽ നൽകി സർവ്വീസ് വിജകരമായി നടത്തിവരുന്നു. ഇത്തരം സർവ്വീസുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ലോ ഫ്ളോർ ബസ്സുകളുപയോഗിച്ച് വിനോദസഞ്ചാരികൾക്കായുള്ള സർവ്വീസ് കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസ്സുകളിലും, ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങൾ യാത്രക്കാരുടെ ഒപ്പം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന്റെ വിവരശേഖരണം നടത്തി വ്യാപനമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ബൈപ്പാസ് റൈഡർ / ചെയിൻ സർവ്വീസുകൾ / വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ ലോ ഫ്ളോർ എ.സി. ബസ്സുകൾ കൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ, ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം - കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങൾ കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാസൗകര്യവും അതുവഴി വരുമാന വർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തിവച്ച എ.സി. ബസ്സുകളടക്കം വീണ്ടും സർവ്വീസ് നടത്തുന്നതിന് മേൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. KURTC-യുടെ കീഴിൽ സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസ്സുകൾ (AC & non-AC) ലാഭകരമാണോ എന്ന കണക്ക് പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല. എന്നാൽ KURTC-യുടെ വാർഷിക അക്കൗണ്ട്സ് 2015-16 വരെ തയ്യാറാക്കിയിട്ടുണ്ട്. ടി വർഷത്തെ കണക്കനുസരിച്ച് KURTC-യ്ക്ക് 34.25 കോടി രൂപ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

**ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ നടപടി**

193 (5256) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിർമ്മാണപ്രവർത്തനങ്ങളിൽ കെ.എസ്.ആർ.ടി.സി. ചീഫ് എഞ്ചിനീയർ ഗുരുതരക്രമക്കേടുകൾ നടത്തിയെന്നും പ്രസ്തുത ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്ത് വിജിലൻസ് അന്വേഷണം നടത്തണമെന്നുമുള്ള ധനകാര്യ

പരിശോധനാവിഭാഗത്തിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്സ് & സിവിൽ വർക്ക്സ്) ശ്രീമതി ആർ. ഇന്ദു വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുരുതരക്രമക്കേടുകൾ നടത്തിയെന്നും, പ്രസ്തുത ഉദ്യോഗസ്ഥയെ സസ്പെൻഡ് ചെയ്ത് വിജിലൻസന്വേഷണം നടത്തണമെന്നുമുള്ള ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് സർക്കാർ 22-1-2021-ൽ കെ.എസ്.ആർ.ടി.സി.-ക്കു ലഭ്യമാക്കിയിരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി ടിയാളുടെ കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ അന്യത്രസേവനത്തിന് കെ.എസ്.ആർ.ടി.സി. അനുവദിച്ചിരുന്ന നിരാക്ഷേപപത്രം 22-10-2021-ന് പിൻവലിച്ച് 23-10-2021 തീയതിയിൽ VLC1/12987/20 പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ കെ.എസ്.ആർ.ടി.സി.യിൽനിന്നും മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം അവധിയിൽ പ്രവേശിച്ചെങ്കിലും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ച സാഹചര്യം വ്യക്തമാക്കുമോ?

ശ്രീമതി ആർ. ഇന്ദു, കെ.എസ്.ആർ.ടി.സി.യുടെ സേവനത്തിൽ ആയിരിക്കവേ കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ അന്യത്ര സേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പരിഗണിച്ച് അന്യത്രസേവനത്തിന് നിരാക്ഷേപപത്രം അനുവദിക്കുകയുമാണുണ്ടായത്.

(സി) എറണാകുളം ഡിപ്പോയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും പന്ത്രണ്ട് ബേഗ്യാരേജുകളുടെയും നിർമ്മാണത്തിൽ ഗുരുതരമായ അപാകതകളുണ്ടെന്ന് കണ്ടെത്തിയിട്ടും കരാറുകാരന് വൻതുക അനുവദിച്ച് സർക്കാരിന് കോടികളുടെ നഷ്ടം ഉണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇത് തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ച് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ പരിശോധനാവിഭാഗം നൽകിയ ശിപാർശയിൽ കെ.എസ്.ആർ.ടി.സി., ചീഫ് എഞ്ചിനീയർ നടപ്പിലാക്കി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തരം അന്വേഷണം നടത്തണമെന്നും കെ.എസ്.ആർ.ടി.സി., എറണാകുളം

ഡിപ്പോയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും 12 ബേഗ്യാരേജിന്റെയും നിർമ്മാണത്തിലെ അപാകതമൂലം സർക്കാരിനുണ്ടായ 1,39,53,244 രൂപയുടെ നഷ്ടം ചീഫ് എഞ്ചിനീയറിൽ നിന്നും ഈടാക്കണമെന്നുള്ള ധനകാര്യ (പരിശോധനാ വിഭാഗം) വകുപ്പിന്റെ ശിപാർശയിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ വിമാനത്താവളത്തിൽ നിന്നും കാസർഗോഡ് ജില്ലയിലേയ്ക്ക് കൂടുതൽ ബസ് സർവ്വീസ്**

194 (5257) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിൽനിന്നും കാസർഗോഡ് ജില്ലയിലേയ്ക്കും തിരിച്ചും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ അനുവദിക്കുമോ?

കാസർഗോഡ്-കണ്ണൂർ റൂട്ടിൽ കോവിഡ് വ്യാപനത്തിന് മുമ്പ് നടത്തിയിരുന്ന എല്ലാ സർവ്വീസുകളും നിലവിലും നടത്തിവരുന്നുണ്ട്. കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് കൂടുതൽ യാത്രാസൗകര്യം ഒരുക്കുന്നതിനും അതുവഴി കോർപ്പറേഷന്റെ വരുമാനവർദ്ധനവിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ഈ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന്, 2021 മാർച്ച് മാസം നടത്തിവന്നിരുന്ന എല്ലാ സർവ്വീസുകളും ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ സംവിധാനത്തിൽനിന്നും ബസ് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകളും ക്രമീകരിച്ചിട്ടുണ്ട്.

## കോതമംഗലത്ത് പുതിയ ബസ് ടെർമിനൽ നിർമ്മാണം

195 (5258) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും 1.87 കോടി രൂപ അനുവദിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി PWD യാണ്. നിലവിൽ പഴയ കെട്ടിടം പൊളിച്ചുമാറ്റാത്തതിനാൽ ടെർമിനൽ നിർമ്മാണത്തിന്റെ പ്രവൃത്തി തുടങ്ങിയിട്ടില്ല.

(ബി) പഴയ കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ പുതിയ ബസ് ടെർമിനലിന്റെ നിർമ്മാണം സാധ്യമാകൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് മൂന്ന് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും വാല്യുവേഷൻ കൂടുതലായതിനാൽ ആരും ടെണ്ടർ എടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ ടെണ്ടർ വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതി വരുത്തി പഴയ കെട്ടിടം അടിയന്തരമായി പൊളിച്ചുമാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് മൂന്ന് തവണ ലേലം വിളിച്ചെങ്കിലും നിശ്ചയിച്ച ലേലതുക ആരിൽനിന്നും ലഭിച്ചില്ല. നാലാമത്തെ തവണ വിളിച്ച ലേലത്തിന്റെ തുക അംഗീകരിച്ചു.

(ഇ) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പുതിയ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയത്തിന്റെ നിർമ്മാണ ചെലവ്

196 (5259) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ 54 കോടി രൂപ ചെലവ് കണക്കാക്കി നിർമ്മാണം ആരംഭിച്ച കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം 2015-ൽ പൂർത്തിയായപ്പോൾ ചെലവ് 74.63 കോടി രൂപയായി ഉയർന്ന സാഹചര്യം വ്യക്തമാക്കുമോ?

ബസ് ടെർമിനൽ കോംപ്ലക്സ് പണി ചെയ്യുന്ന സമയത്തുണ്ടായ സാധനസാമഗ്രികളുടെ അളവിലുണ്ടായ വ്യത്യാസം, അഡീഷണൽ ഐറ്റം, എക്സ്ട്രാ ഐറ്റംസ്, ഒറ്റത്തവണ കെട്ടിടനികുതി കോർപ്പറേഷനിൽ അടയ്ക്കേണ്ടി വന്ന ഫീ, മറ്റു സ്റ്റാറ്റ്യൂട്ടറി ഫീ, ആർക്കിടെക്ട് ഫീസ്, ഡിസൈൻ സ്കൂട്ടിണി ഫീസ്, പരസ്യ ഫീസ്, അപ്രൈസ്സൽ ഫീസ്, പണി നടത്തുന്നതിനുവേണ്ടി ചെയ്യേണ്ടിവന്ന സ്റ്റാഫിന്റെ ശമ്പളം ഇവയെല്ലാം തുക കൂടുന്നതിനുകാരണമായി.

## കാസർഗോഡ് ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസുകൾ

197 (5260) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് എത്ര ബസ് സർവ്വീസുകൾ നടത്തിവന്നിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബസ്സുകളുടെ റൂട്ടും പ്രതിദിന വരുമാനവും എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി))ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 52 സർവ്വീസുകൾ നടത്തിവന്നിരുന്നു. പ്രസ്തുത സർവ്വീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും റൂട്ടിലെ സർവ്വീസ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വീസുകളൊന്നുംതന്നെ റദ്ദുചെയ്തിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാസർഗോഡ് ഡിപ്പോയിൽ എത്ര ഡ്രൈവർമാരും കണ്ടക്ടർമാരും ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാസർഗോഡ് ഡിപ്പോയിൽ 148 ഡ്രൈവർമാരും 194 കണ്ടക്ടർമാരും ഉണ്ടായിരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഡ്രൈവർമാരെയും കണ്ടക്ടർമാരെയും സ്ഥലം മാറ്റിയിട്ടുണ്ടെന്നും പകരം നിയമനം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുസ്ഥലം മാറ്റത്തിലൂടെ കാസർഗോഡ് യൂണിറ്റിൽ നിന്നും 9 ഡ്രൈവർമാരെ വിവിധ യൂണിറ്റുകളിലേയ്ക്കും, വിവിധ യൂണിറ്റുകളിൽ നിന്നും 19 ഡ്രൈവർമാരെ കാസർഗോഡ് യൂണിറ്റിലേയ്ക്കും സ്ഥലം മാറ്റിയിട്ടുണ്ട്.

(എഫ്) ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവ് കാരണം കാസർകോഡ് ഡിപ്പോയിൽനിന്ന് നിലവിലുള്ള സർവ്വീസ് റദ്ദ് ചെയ്യേണ്ടിവന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവ് കാരണം കാസർഗോഡ് ഡിപ്പോയിൽനിന്ന് നിലവിലുള്ള സർവ്വീസുകളൊന്നും തന്നെ റദ്ദ് ചെയ്തിട്ടില്ല.

**കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയം പാട്ടത്തിന് നൽകുന്നതിനുള്ള നടപടി**

198 (5261) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യസമുച്ചയം മുപ്പതുവർഷത്തെ പാട്ടത്തിന് നൽകാനുള്ള തീരുമാനത്തിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. വാണിജ്യസമുച്ചയം പാട്ടത്തിനു നൽകുന്നതിനുള്ള ടെണ്ടറിലെ വ്യവസ്ഥകൾ കെ.ടി.ഡി.എഫ്.സി.ക്കോ കെ.എസ്.ആർ.ടി.സി.ക്കോ ഗുണകരമല്ലെന്ന് ധനകാര്യ വകുപ്പ് കണ്ടെത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് മാവൂർ റോഡിലെ വാണിജ്യസമുച്ചയം 30 വർഷത്തെ പാട്ടത്തിന് നൽകാനുള്ള തീരുമാനമെടുക്കുന്നതിനുമുൻപ് ധനവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) എങ്കിൽ ധനകാര്യ വകുപ്പിന്റെ എതിർപ്പ് മറികടന്നുകൊണ്ട് പാട്ടക്കരാർ സ്വകാര്യ കമ്പനിയെ ഏല്പിക്കാനുണ്ടായ കാരണം വിശദീകരിക്കാമോ?

വിവിധ കാരണങ്ങളാൽ വർഷങ്ങളോളം പാട്ടത്തിന് കൊടുക്കാനാകാത്ത സ്ഥിതിവിശേഷം നിലനിന്നതുകൊണ്ടാണ് 5-8-2019-ലെ G.O. (Ms) 41/2019/TRANS, 19-2-2021-ലെ G.O. (Ms) 8/2021/TRANS എന്നിവ പ്രകാരം പാട്ടക്കരാർ അലിഫ് ബിൽഡേഴ്സിന് നൽകിയത്.

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണത്തിലെ അപാകത

199 (5262) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണത്തിലെ അപാകത സംബന്ധിച്ച മദ്രാസ് ഐ.ഐ.ടി.യുടെ റിപ്പോർട്ട് വരുന്നതിന് മുൻപ് കെട്ടിടത്തിന്റെ നടത്തിപ്പ് ചുമതല ഒരു സ്വകാര്യ സ്ഥാപനത്തെ ഏല്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

ഏല്പിച്ചിരുന്നു. ഇ-ടെണ്ടറിൽ ഏറ്റവും ഉയർന്നവാടക രേഖപ്പെടുത്തിയ അലിഫ് ബിൽഡേഴ്സിന് 19-2-2021 തീയതിയിലുള്ള GO.(Ms)No. 8/ 2021/

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

TRANS എന്ന സർക്കാർ ഉത്തരവ് പ്രകാരം 30 വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 26-8-2021-ൽ കെ.റ്റി.ഡി.എഫ്.സി, കെ.എസ്.ആർ.ടി. സി, അലിഫ് ബിൽഡേഴ്സ് എന്നിവർ ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവെച്ച് കോഴിക്കോട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി) മദ്രാസ് ഐ.ഐ.ടി. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപുതന്നെ കെട്ടിടം ഒരു സ്വകാര്യസ്ഥാപനത്തെ ഏല്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

ഐ.ഐ.ടി, മദ്രാസ് പഠന റിപ്പോർട്ട് കെട്ടിടത്തിന്റെ നിലവിലെ ലീസിന്റെ ടെണ്ടർ നടപടികളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട ഒരു സംഗതിയല്ല.

(സി) പ്രസ്തുത സമുച്ചയം സ്വകാര്യസ്ഥാപനത്തെ ഏൽപ്പിച്ചപ്പോൾ ഉണ്ടാക്കിയ കരാറിലെ പ്രധാന വ്യവസ്ഥകൾ വിശദമാക്കാമോ?

17 കോടി രൂപ തിരിച്ച് നൽകേണ്ടാത്ത നിക്ഷേപവും, ആദ്യ 18 മാസം വാടകരഹിത കാലാവധിയും അതിനുശേഷം മാസം 43.20 ലക്ഷം രൂപ മാസവാടകയും എല്ലാ മൂന്ന് വർഷത്തിലൊരിക്കൽ വാടകയുടെ 10% വർദ്ധനവും, 30 വർഷ വാടകക്കാലാവധിക്കുശേഷം കെട്ടിടം തിരികെ കെ.റ്റി.ഡി.എഫ്.സി.ക്ക് നൽകുക എന്നിവയാണ് പ്രധാന കരാർവ്യവസ്ഥകൾ.

(ഡി) കോഴിക്കോട് നഗരത്തിലെ സാധാരണ കെട്ടിടത്തിന് ചതുരശ്ര അടിക്ക് 175 രൂപ വരെ വാടക ഈടാക്കുമ്പോൾ പ്രസ്തുത സമുച്ചയത്തിൽ 13 രൂപയായി തീരുമാനിച്ചത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ് ഒറ്റ യൂണിറ്റായി വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 4 E-ടെണ്ടറുകൾ ക്ഷണിക്കുകയും, അതിൽ 3 ടെണ്ടറുകളിൽ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയ അലിഫ് ബിൽഡേഴ്സിന് വാടകയ്ക്ക് നൽകുകയുമാണുണ്ടായത്. അലിഫ് ബിൽഡേഴ്സ് ക്വാട്ട് ചെയ്ത തുക കണക്കാക്കിയാൽ വാടകയ്ക്ക് നൽകാവുന്ന കെട്ടിടത്തിലെ സ്ഥലത്തിന് ചതുരശ്ര അടിക്ക് 30/- രൂപ നിരക്കാണ്. തുലനം ചെയ്യാവുന്ന കോഴിക്കോട് ഐ.ടി. പാർക്കിൽ ശരാശരി വാടക ചതുരശ്ര അടിക്ക് 35/- രൂപയാണ് .

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയ നടത്തിപ്പ് കരാർ**

200 (5263) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയത്തിന്റെ നടത്തിപ്പ് കരാറിനായി ആദ്യമായി ടെണ്ടർ ക്ഷണിച്ചത് എന്നായിരുന്നു; ഈ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും ക്വാട്ട് ചെയ്ത തുകകളുടെയും വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയത്തിന്റെ നടത്തിപ്പ് കരാറിനായി ആദ്യമായി ടെണ്ടർ ക്ഷണിച്ചത് 25-3-2015-നാണ്. ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. എന്നാൽ തുകയൊന്നും ക്വാട്ട് ചെയ്തിട്ടില്ല. ടിയാന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു. ശ്രീ. അബ്ദുൾ റഹിമാൻ പോത്ത് വാത്, പെരുമണ്ണ, വാളകം പി.ഒ, മലപ്പുറം ജില്ല - 676 508.

(ബി) സമുച്ചയത്തിന്റെ നടത്തിപ്പിനായി ഏത് സ്ഥാപനവുമായിട്ടായിരുന്നു ആദ്യമായി കരാറിൽ ഏർപ്പെട്ടത്; ചതുരശ്ര അടിക്ക് എത്ര രൂപ നിരക്കിലാണ് കരാർ ഉറപ്പിച്ചത്; കരാർ പ്രകാരം പ്രതിമാസ വാടകയും ഡെപ്പോസിറ്റ് തുകയും എത്ര വീതമായിരുന്നു; കരാറിലെ മറ്റ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ; കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ ഉടമകളുടെയും പാർട്ട്നർമാരുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

സമുച്ചയത്തിന്റെ നടത്തിപ്പിനായി M/s. അലിഫ് ബിൽഡേഴ്സ് എന്ന സ്ഥാപനവുമായിട്ടാണ് ആദ്യമായി കരാറിൽ ഏർപ്പെട്ടത്. ഇ-ടെണ്ടറിൽ സമുച്ചയത്തിന് മൊത്തമായി മാസവാടക 43,20,000 രൂപയ്ക്കാണ്. ഈ തുക, വാടകയ്ക്ക് നൽകാവുന്ന സ്ഥലത്തിന് ചതുരശ്ര അടിക്ക് ഏകദേശം 30 രൂപ നിരക്കായിവരും. തിരികെ നൽകേണ്ടതില്ലാത്ത കരുതൽധനമായി 17 കോടി രൂപ ആദ്യ 18 മാസം വാടകരഹിത കാലാവധിയും, എല്ലാ മൂന്ന് വർഷത്തിലൊരിക്കൽ വാടകയുടെ 10% വർദ്ധനവും, 30 വർഷ കാലാവധിക്കുശേഷം കെട്ടിടം തിരികെ കെ.റ്റി.ഡി.എഫ്.സി.-ക്ക് നൽകുക എന്നിവയുമാണ് പ്രധാന കരാർവ്യവസ്ഥകൾ. കരാർ ഏറ്റെടുത്ത സ്ഥാപനമായ അലിഫ് ബിൽഡേഴ്സിന്റെ പാർട്ട്നർമാരുടെ പേരുവിവരങ്ങൾ താഴെനൽകുന്നു.

1. ശ്രീ. അബ്ദുൾ കലാം, കീലത്ത്, കുമാരനല്ലൂർ, കോഴിക്കോട് - 673602.

2. ശ്രീ. സലീന മൊയ്തീൻ, കരുവീട്ടിൽ, തിരുവമ്പാടി. പി.ഒ, തിരുവമ്പാടി, കോഴിക്കോട് -673603.

3. ശ്രീ. അബ്ദുൾ സമ്മദ് മൊഹമ്മദ്, കെ.പി.വീട്, റൗളത്ത് മൻസിൽ മാട്ടൂർ, കണ്ണൂർ - 670 302.

4. ശ്രീ. മാണിക്കോത്ത് മുഹമ്മദ് ഷാജ് മഹൽ അഴീക്കൽ, ന്യൂ മാഹി കണ്ണൂർ - 673 311.

(സി) പ്രസ്തുത കരാർ പിന്നീട് റദ്ദാക്കുകയുണ്ടായോ; എങ്കിൽ കരാർ റദ്ദാക്കുന്നതിനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ; കരാർ സംബന്ധിച്ച് ധനകാര്യ വകുപ്പും ഗതാഗത വകുപ്പും എതിർപ്പ് അറിയിച്ചിരുന്നോ; എങ്കിൽ എന്തൊക്കെയായിരുന്നു വകുപ്പുകൾ ചൂണ്ടിക്കാണിച്ചതെന്ന് അറിയിക്കാമോ;

(ഡി) കരാർ റദ്ദാക്കിയതിനുശേഷം പുതിയ കരാർ നിലവിൽ വന്നത് എന്നായിരുന്നു; പുതിയ കരാറുണ്ടാക്കുന്നതിൽ കാലതാമസമുണ്ടായതിന് കാരണങ്ങളെന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ഇ) ഏതു സ്ഥാപനവുമായിട്ടായിരുന്നു രണ്ടാമത്തെ കരാറിൽ ഏർപ്പെട്ടത്; ചതുരശ്ര അടിക്ക് എത്ര രൂപ നിരക്കിലാണ് കരാർ ഉറപ്പിച്ചത്; കരാർ പ്രകാരം പ്രതിമാസ വാടകയും ഡെപ്പോസിറ്റ് തുകയും എത്ര വീതമായിരുന്നു; കരാറിലെ മറ്റ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ ഉടമകളുടെയും പാർട്ട്നർമാരുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

(ഡി-ഇ) റദ്ദാക്കിയിട്ടില്ല. 5-8-2019- ലെ G.O.(Ms) No. 41/2019/Trans പ്രകാരമുള്ള ടെണ്ടർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ പുതുക്കിയ ടെണ്ടർ വിളിക്കാനാണ് തീരുമാനിച്ചത്. കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച് പൊതുലേലം (Public auction) നടത്താനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചത്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ കാലതാമസം ഒഴിവാക്കാനാണ് അലിഫ് ബിൽഡേഴ്സിന് നൽകാൻ തീരുമാനിച്ചത്.

(എഫ്) പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ നടത്തിപ്പിനായി പുറംകരാർ നൽകേണ്ടതില്ലെന്നും വകുപ്പ് നേരിട്ട് നടത്തുന്നതാണ് ലാഭകരമെന്നും ഗതാഗത വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായോ; ഇത് സംബന്ധിച്ച് ധനകാര്യവകുപ്പ് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയത്; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പ് അഭിപ്രായപ്പെട്ടിട്ടില്ല. BOT എഗ്രിമെന്റ് പ്രകാരം ലാഭം ലഭിക്കത്തക്കതരത്തിൽ പൊതുലേലം (Public auction) നടത്താനാണ് ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടത്.

## ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ പ്രവർത്തനങ്ങൾ

201 (5264) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബസ് സർവ്വീസ് എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ജനോപകാരപ്രദമായും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതരത്തിലും ക്രമീകരണങ്ങൾ നടത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021 നവംബർ മാസത്തിൽ പ്രസ്തുത ബസ് സർവ്വീസ് ആരംഭിക്കാനാണുദ്ദേശിക്കുന്നത്.

(സി) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണപ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി ഗുരുവായൂർ ബസ് സ്റ്റേഷനിൽ യാത്രക്കാർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തി അത്യാധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് KSRTC-യുടെ Project Management Consultant ആയ M/s. SILK Ltd-നെ ചുമതലപ്പെടുത്തിക്കൊണ്ട് 8-7-2021-ന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഡിപ്പോയിൽ ഇന്ധന പമ്പ് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ?

ആദ്യഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ യാത്രാ ഫ്യൂവൽസ് എന്ന പേരിൽ 8 സ്ഥലങ്ങളിലാണ് പൊതുജനങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കുന്നതിന് സൗകര്യം ഒരുക്കിയത്. അടുത്തഘട്ടങ്ങളിൽ തുടങ്ങാനിരിക്കുന്ന പത്ത് പമ്പുകളിൽ ഗുരുവായൂർ ഡിപ്പോയും ഉൾപ്പെട്ടിട്ടുണ്ട്.

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം

202 (5265) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യസമുച്ചയത്തിന്റെ നിർമ്മാണത്തിനായി കരാർ നൽകിയതും നിർമ്മാണം തുടങ്ങിയതും എന്നൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്രശ്നങ്ങൾ പഠിക്കാൻ മദ്രാസ് ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ചുമതലപ്പെടുത്തിയ തീയതി വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട് കെ.എസ്.ആർ.ടി.സി വാണിജ്യസമുച്ചയത്തിന് കരാർ നല്കിയത് 27-2-2009-നാണ്. നിർമ്മാണം തുടങ്ങിയത് 26-3-2009-നാണ്. പ്രസ്തുത കെട്ടിടത്തിന്റെ പ്രശ്നങ്ങൾ പഠിക്കാൻ മദ്രാസ് ഐ.ഐ.ടി യെ 10-8-2018 -ൽ ചുമതലപ്പെടുത്തിയിരുന്നു.

(സി) പ്രസ്തുത സമുച്ചയത്തിന്റെ പ്രശ്നങ്ങൾ പഠിക്കാൻ മദ്രാസ് ഐ.ഐ.ടി.യെ ചുമതലപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ബസ് ടെർമിനൽ കോംപ്ലക്സ് കോഴിക്കോട് കെട്ടിടത്തിന്റെ ബസ് ബേ ഫ്ലോർ സ്ലാബിലും അതിനു താഴത്തെ ഫ്ലോറിലും സ്ലാബിലും (ബി1 &ബി 2 നില) ഉള്ള വിള്ളലുകൾ കെ.റ്റി.ഡി.എഫ്.സിയാണ് കണ്ടെത്തിയത്. ബസ് ബേ ഫ്ലോറിലെ വിള്ളലുകൾ പരിശോധിച്ച് പരിഹാരറിപ്പോർട്ട് നൽകുന്നതിനുവേണ്ടി കേരള പി.ഡബ്ല്യൂ.ഡി. സ്ട്രക്ചറൽ വിംഗിനെയാണ് ആദ്യമായി സമീപിച്ചത്. എന്നാൽ ഇത്തരം പ്രൂഫ് ചെക്കിങ്ങ് പണികൾ അവർ ഏറ്റെടുക്കില്ലെന്നറിയിച്ചു. അതിനാൽ കോഴിക്കോട് എൻ.ഐ.റ്റി.-യെ മേൽ പരിശോധനയ്ക്കുവേണ്ടി സമീപിച്ചു. അവരും ഇത്തരം സ്ട്രക്ചറൽ സ്ക്രൂട്ടിണി വർക്കുകൾ ചെയ്യില്ല എന്നറിയിച്ചതിൻപ്രകാരമാണ് ഐ.ഐ.ടി. മദ്രാസിനെ പരിശോധനയ്ക്കും റിപ്പോർട്ടുസമർപ്പണത്തിനും വേണ്ടി ഏൽപ്പിച്ചത്.

(ഡി) ഈ കെട്ടിടത്തിന്റെ ഏറ്റവും അടിയിലുള്ള 9 തൂണുകൾക്ക് വിള്ളലുകളും ശേഷിക്കുന്ന നൂറോളം തൂണുകൾക്കു ചെറിയ പ്രശ്നങ്ങളുമുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്ന മദ്രാസ് ഐ.ഐ.ടി.യുടെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഏറ്റവും അടിയിലുള്ള തൂണുകളിൽ വിള്ളലില്ല. സ്ലാബുകളിലും ബീമുകളിലുമാണ് വിള്ളലുകളുള്ളത്. റിപ്പോർട്ടിൽ പ്രസക്തഭാഗത്ത് പറയുന്നത് "നിലവിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണ്. ബേസ്മെന്റ് ബി1 ഫ്ലോറിലെ സ്ലാബുകളിൽ മൾട്ടിപ്പിൾ ക്രാക്കുള്ളതിനാലും ബീമുകളിലെ ക്രാക്കുകൾ ന്യൂട്രൽ ആക്സിസും മറികടന്നുപോയതിനാലും ബസ് ടെർമിനലിന്റെ ബസ് ബേ ഫ്ലോർ മദ്രാസ് ഐ.ഐ.ടി. മുഖാന്തരം തിരുത്തൽ/ശക്തിപ്പെടുത്തൽ ജോലികൾ പൂർത്തീകരിക്കുന്നതുവരെ ബസ് ഓപ്പറേഷൻ പാടുള്ളതല്ല" എന്നാണ്.

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയത്തിന്റെ ബലക്ഷയം

203 (5266) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് സമുച്ചയത്തിന് ചോർച്ചയും ബലക്ഷയവും ഉണ്ടെന്ന മദ്രാസ് ഐ.ഐ.ടി.യുടെ റിപ്പോർട്ട് സംസ്ഥാന വിജിലൻസ് പരിശോധിച്ച് ശരിവയ്ക്കുകയുണ്ടായോ; എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് പ്രസ്തുത റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോഴിക്കോട് മാവൂർ റോഡിലുള്ള കെ.എസ്.ആർ.ടി.സി-യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി., ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ബലക്ഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തിയ മദ്രാസ് ഐ.ഐ.റ്റി. 5-10-2021-ൽ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള അന്വേഷണത്തിനായി ടി റിപ്പോർട്ട് സംസ്ഥാന വിജിലൻസിനെ ഏൽപ്പിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഈ പദ്ധതിക്കായി എത്ര സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിക്കാനാണ് പ്ലാൻ തയ്യാറാക്കിയിരുന്നത്; പദ്ധതിക്കായി തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് തുകയുടെയും നിർമ്മാണം പൂർത്തിയായപ്പോൾ ചെലവായ തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് ബിൽഡിംഗ് 3,85,445 സ്ക്വയർ ഫീറ്റ് ചെയ്യാനാണ് എസ്റ്റിമേറ്റ് ഇട്ടത്. 54 കോടി രൂപയായിരുന്നു മൊത്തം അടങ്കൽ തുക. പൂർത്തീകരിച്ചപ്പോൾ കെട്ടിടത്തിന്റെ വിസ്തീർണ്ണം 4,09,605 ചതുരശ്ര അടിയും ചെലവായ തുക 74.79 കോടി രൂപയുമായി.

(സി) പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് എന്നായിരുന്നുവെന്നും ആരൊക്കെയാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും അറിയിക്കാമോ; പങ്കെടുത്ത സ്ഥാപനങ്ങളുടെയും ലേലതുകകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് ബിൽഡിംഗിന്റെ നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചത് 28-06-2008-ൽ ആയിരുന്നു. ടെണ്ടറിൽ പങ്കെടുത്തത് താഴെ പറയുന്ന കോൺട്രാക്ടർമാർ ആയിരുന്നു. അവരുടെ പേരു വിവരവും ലേലതുകയും ഇപ്രകാരമാണ്.

1. M/s. Ramky Infrastructure Private Ltd- PAC (36.21 cr) യുടെ 57.7% above

2. M/s KV Joseph & son-PAC (Rs.36.21 Cr) യുടെ 29.2% above.

(ഡി) കെട്ടിടത്തിന്റെ നിർമ്മാണ കരാറൊപ്പിട്ട തീയതിയും നിർമ്മാണ ചുമതല നൽകിയത് ആർക്കാണെന്നും അറിയിക്കുമോ?

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമ്മാണ കരാർ ഒപ്പിട്ട തീയതി 27-2-2009 ആണ്. കെ.വി.ജോസഫ് & സൺസ് പ്രൈവറ്റ് ലിമിറ്റഡ് കൊച്ചി എന്ന സ്ഥാപനത്തിനാണ് നിർമ്മാണ കരാർ കൊടുത്തത്.

(ഇ) പ്രസ്തുത സമുച്ചയം പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിവരുന്ന തുക, കാലയളവ് എന്നിവ വിശദമാക്കാമോ?

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സുമായി ബന്ധപ്പെട്ട് പഠനം നടത്തിയ മദ്രാസ് ഐ.ഐ.റ്റി സമർപ്പിച്ച റിപ്പോർട്ടിൽ ബലക്ഷയത്തിന് ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ട് പ്രകാരമുള്ള തിരുത്തൽ /ശക്തിപ്പെടുത്തൽ വർക്കിന്റെ ബി.ഒ.ക്യൂ.-വും ഐ.ഐ.ടി. തന്നെയാണ് സമർപ്പിക്കുന്നത്. ഇതുവരെ അതിന്റെ അന്തിമറിപ്പോർട്ടും ബി.ഒ.ക്യൂ.-വും സമർപ്പിച്ചിട്ടില്ല. അതിനുശേഷം മാത്രമേ തുക എത്രയെന്ന് പറയാൻ സാധിക്കുകയുള്ളൂ.

(എഫ്) ടി കെട്ടിടത്തിന് ബലക്ഷയമുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ആദ്യമായി അറിയിച്ചത് ആരാണെന്നും എന്തിന്റെ അടിസ്ഥാനത്തിലാണ് ബലക്ഷയം സംബന്ധിച്ച പഠനം നടന്നതെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

ബസ് ടെർമിനൽ കോംപ്ലക്സ് കോഴിക്കോട് കെട്ടിടത്തിന്റെ ബസ് ബേ ഫ്ലോർ സ്ലാബിലും അതിനുതാഴത്തെ ഫ്ലോറിലും സ്ലാബിലും (ബി 1 & ബി 2 നില) ഉള്ള വിള്ളലുകൾ കെ.റ്റി.ഡി.എഫ്.സി. തന്നെയാണ് കണ്ടെത്തിയത്. ആ വിള്ളലുകൾ വലുതായിവരുന്നത് കണ്ടിട്ടാണ് ഐ.ഐ.ടി.-യുടെ പഠനം നടത്താൻ തീരുമാനിച്ചത്.

## മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡീസൽ - പെട്രോൾ പമ്പ്

204 (5267) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സ്ഥലത്ത് പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമാകുന്ന രീതിയിൽ ഡീസൽ - പെട്രോൾ പമ്പ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ആദ്യഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസ് എന്ന പേരിൽ 8 ഔട്ട്ലെറ്റുകളിൽ പൊതുജനങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. അടുത്ത ഘട്ടങ്ങളിൽ എത്രയുംവേഗം തുടങ്ങാനിരിക്കുന്ന പമ്പുകളിൽ മാനന്തവാടി ഡിപ്പോയും ഉൾപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണ്.

(ബി) പഴയ കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്ത് കൂടുതൽ വരുമാനദായകമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

മാനന്തവാടി ഡിപ്പോയിൽ തുടങ്ങാനുദ്ദേശിക്കുന്ന പമ്പിന്റെ സാദ്ധ്യതാപഠനം നടത്തി കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ വരുമാനം ഉറപ്പാക്കുമെന്ന് ബോദ്ധ്യമായാൽ പഴയ ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്ത് പമ്പ് തുടങ്ങുന്നത് പരിഗണിക്കുന്നതാണ്.

## ആലത്തൂർ ഡിപ്പോയിൽനിന്നും സർവ്വീസ് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

205 (5268) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ആരംഭിച്ചതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് നിർത്തലാക്കിയിട്ടുള്ളത്;

(ബി) ഏതെല്ലാം റൂട്ടുകളിൽ സർവ്വീസ് നടത്തിയിരുന്ന ബസ്സുകളാണ് നിർത്തലാക്കിയത്; വിശദമാക്കാമോ;

(സി) ആയത് പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) കോവിഡ് ആരംഭിച്ചതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വടക്കഞ്ചേരി യൂണിറ്റിൽ നിന്നുമുള്ള താഴെപ്പറയുന്ന നാല് സർവ്വീസുകൾ മാത്രമാണ് നിർത്തലാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥലം | സമയം |
|---|---|---|
| 1 | പഴയന്നൂർ | 07.20 |
| 2 | അമ്പിട്ടൻതരിശ് | 06.30 |
| 3 | തേൻകുറിശ്ശി-പാലക്കാട് | 08.15 |
| 4 | പോത്തുണ്ടി | 06.50 |

എന്നീ സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്. കോവിഡ്-19 -ൽ ഇളവ് വന്നതിന്റെ ഭാഗമായി പൊതുഗതാഗതം പുനഃസ്ഥാപിച്ചപ്പോൾ മേൽ റൂട്ടുകളിൽ സർവ്വീസ് നടത്തിയിരുന്നെങ്കിലും, യാത്രക്കാർ കുറഞ്ഞതിനാലാണ് ടി സർവ്വീസുകൾ നിർത്തിവച്ചത്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ കോർപ്പറേഷന്റെ എല്ലാ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. എന്നാൽ ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും, യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നതോടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ ഈ മേഖലയിൽ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുകപോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്താൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ കെ.എസ്.ആർ. ടി.സി. സ്വീകരിച്ചുവരികയാണ്.

**തിരുവനന്തപുരം ജില്ലയിലെ സമുദ്ര ബസ് പദ്ധതി**

206 (5269) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പ് സഹകരിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയ സമുദ്ര ബസ് പദ്ധതി വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾ അമിതചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിച്ചുവരുന്നത്. രാവിലെയും രാത്രിയിലും പല

സ്ഥലങ്ങളിൽ നിന്നും യാത്രചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നുവെന്ന് മാത്രമല്ല, രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും, തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ, പ്രത്യേക നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകുകയും, നിലവിൽ വിജയകരമായി സർവ്വീസ് നടത്തിവരികയും ചെയ്യുന്നു. ആവശ്യമനുസരിച്ച് എല്ലാ ജില്ലകളിലും ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

## കുട്ടനാടിന്റെ ഉൾപ്രദേശങ്ങളിൽ പൊതുഗതാഗതത്തിന് സ്വകാര്യവാഹനങ്ങൾക്കും അനുമതി

207 (5270) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ ഉൾപ്രദേശങ്ങളിൽ പൊതുഗതാഗതം ലഭ്യമാക്കാൻ സ്വകാര്യവാഹനങ്ങൾക്കും അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിലെ മോട്ടോർ വാഹന നിയമമനുസരിച്ച് സ്വകാര്യ വാഹനങ്ങൾ പൊതുഗതാഗതത്തിനുപയോഗിക്കാൻ സാധിക്കുകയില്ല.

(ബി) കുട്ടനാടിന്റെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ?

ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ പുനരുദ്ധാരണ പണികൾ നടക്കുന്നതിനാൽ ചങ്ങനാശ്ശേരിയിൽ നിന്നും പൊങ്ങ വരെ മാത്രമാണ് സർവ്വീസ് നടത്തുവാൻ കഴിയുന്നത്. ഇത് പരിഹരിക്കുന്നതിനായി ചങ്ങനാശ്ശേരി - ആലപ്പുഴ റോഡിൽ നിലവിൽ രാവിലെ 05.15 മുതൽ രാത്രി 20.30 വരെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ കെ.എസ്.ആർ.ടി.സി. -യുടെ എല്ലാ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. കുട്ടനാടൻ മേഖലകളിലും യാത്രക്കാരുടെ ആവശ്യപ്രകാരം രണ്ടാം ഘട്ട കോവിഡ് വ്യാപനത്തിന് മുമ്പ്

നടത്തിയിരുന്ന എല്ലാ പ്രധാന സർവ്വീസുകളും ട്രിപ്പുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളായ ചമ്പക്കുളം, കാവാലം, പുളിങ്കുന്ന്, ചതുർത്ഥ്യാകരി, കായൽപ്പുറംപ്പള്ളി, വടക്കൻ വെളിയനാട്, കൈനടി-കാവാലം, കുന്നംക്കരി, പൊങ്ങ, ചമ്പക്കുളം എന്നിവിടങ്ങളിലേയ്ക്കായി നിലവിൽ 33 ഷെഡ്യൂളുകളിലായി 220 ട്രിപ്പുകൾ ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 11 ഷെഡ്യൂളുകളിലായി 35 ട്രിപ്പുകൾ ആലപ്പുഴ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോവിഡാനന്തര സാഹചര്യത്തിൽ യാത്രക്കാർ ആവശ്യപ്പെടുന്നതനുസരിച്ചാണ് സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളത്. കുട്ടനാട്ടിൽ എ.സി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ യാത്രാപ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് കരുതുന്നു.

**ആലപ്പുഴ മൊബിലിറ്റി ഹബ്ബ് പദ്ധതി**

208 (5271) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നടന്നുവരുന്ന മൊബിലിറ്റി ഹബ്ബ് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതാണ്. ടി പദ്ധതിയുടെ പ്രവൃത്തികൾ ചെയ്യുന്നത് M/s. INKEL എന്ന സ്ഥാപനമാണ്. കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തിക്കായി ടെസ്റ്റ് പൈലിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴയിലെ ഗ്യാരേജ് മാറ്റി സ്ഥാപിക്കുന്നതിനായി, കലവൂരിൽ Temporary Garage-ന്റെ നിർമ്മാണ പ്രവൃത്തികളിൽ Forting, Coloumn Pedestal, Washing bay forting എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. Back filling work 90 ശതമാനം പൂർത്തീകരിച്ചു. Fabrication work പുരോഗമിച്ചുവരികയാണ്. KIIFB ഫണ്ടുപയോഗിച്ച് Special Purpose Vehicle ആയ INKEL മുഖേന നടത്തുന്ന ടി പ്രവൃത്തിക്കായി സർക്കാരിൽ നിന്നും 493.06 കോടിക്കുള്ള ഭരണാനുമതിയും KIIFB യിൽ നിന്നും Phase I -നുള്ള Civil and Structural Work കൾക്ക് 129.12 കോടിയുടെ (ഭൂമി ഏറ്റെടുക്കുന്നതിന് 3.23 കോടിയും ഉൾപ്പെടെ) സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്.

### കാസർഗോഡ് ജില്ലയിലെ റോഡ്സുരക്ഷാ ഫണ്ട് വിനിയോഗം

209 (5272) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുൻ സർക്കാരിന്റെ കാലത്ത് റോഡ് സുരക്ഷാഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികൾ എത്രയെന്ന് അറിയിക്കാമോ;

(ബി) അവ ഏതെല്ലാമെന്നും എത്ര തുക ഓരോ പ്രവൃത്തിക്കും ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

(എ&ബി) രണ്ട് പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചത്. ചേർത്തല മുതൽ മഞ്ചേശ്വരം (കാസർകോഡ്) വരെ Camera Surveillance System ന് 14,96,165 രൂപയും ജസലൂരിൽ ട്രാഫിക് സിഗ്നലിന് 12,83,734 രൂപയും അനുവദിച്ചു.

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ പുതിയ പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

നിർദ്ദേശിച്ചിട്ടില്ല.

### ഭാരത് സീരീസ് ഏകീകൃത രജിസ്ട്രേഷൻ സംവിധാനം

210 (5273) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്കുള്ള ഏകീകൃത രജിസ്ട്രേഷൻ സംവിധാനമായ ഭാരത് സീരീസ് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത രജിസ്ട്രേഷൻ സംവിധാനം നിലവിൽ വന്നാൽ സംസ്ഥാനത്തിന്റെ നികുതിയിൽ കുറവുണ്ടാകുമെന്ന ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ?

(എ&ബി) കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലയിലെയും കുറഞ്ഞത് നാലു സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെയും ജീവനക്കാർക്ക് മാത്രമാണ് ഏകീകൃത ' BH' സീരീസ് രജിസ്ട്രേഷൻ ബാധകമായിട്ടുള്ളത്. വാഹനവിലയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ 8% മുതൽ 12% വരെയാണ് ഇത്തരം വാഹനങ്ങൾക്ക് നികുതി ഈടാക്കുന്നത്. കേരളത്തിൽ GST ഉൾപ്പെടെ വാഹനവിലയുടെ 9% മുതൽ 21% വരെയാണ് നികുതി ഈടാക്കിവരുന്നത്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന നിരക്ക് കേരളത്തിൽ നിലവിലിരിക്കുന്ന വാഹന നികുതി

നിരക്കിനെക്കാൾ കുറവായതിനാൽ സർക്കാരിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഓൺലൈൻ സേവനം**

211 (5274) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഉപഭോക്താക്കൾ ഓൺലൈനായി അപേക്ഷയും ഫീസും നൽകിയശേഷം അപേക്ഷയിലെ പിശകുമൂലം ആയത് ക്യാൻസൽ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ അപേക്ഷാഫീസ് തിരികെ നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

മോട്ടോർ വെഹിക്കിൾസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള അപേക്ഷകളും ഫീസും നിലവിൽ പരിവാഹൻ (വാഹൻ-സാരഥി) എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേനയാണ് സമർപ്പിക്കുന്നത്. അപേക്ഷയിലെ പിശകുമൂലം അത് ക്യാൻസൽ ചെയ്യുവാനുള്ള സംവിധാനവും പ്രസ്തുത സോഫ്റ്റ‌വെയറിൽ ലഭ്യമാണ്. എന്നാൽ ക്യാൻസൽ ചെയ്യപ്പെടുന്ന അപേക്ഷകളുടെ ഫീസ് റീഫണ്ടിനായുള്ള അപേക്ഷ സമർപ്പണം കേരള ഇ-ട്രഷറി സോഫ്റ്റ്‌വെയറിലെ റീഫണ്ട് മൊഡ്യൂൾ മുഖേനയാണ് ചെയ്യേണ്ടത്. റീഫണ്ടിനായി 27-7-2016 തീയതിയിലെ എം.ഐ.ടി.-5/1881/ടി.സി./2014 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ നടപടിക്രമം പാലിച്ച് കാലതാമസമില്ലാതെ റീഫണ്ട് അനുവദിക്കുന്നുണ്ട്.

(ബി) അപേക്ഷ ക്യാൻസൽ ചെയ്യാൻ ഓൺലൈനിലൂടെ അപേക്ഷിച്ചാൽ നിശ്ചിത സമയംകൊണ്ട് ക്യാൻസലേഷൻ അപ്രൂവ് ചെയ്ത് അപേക്ഷകന് പുതുതായി അപേക്ഷിക്കാനുള്ള അവസരമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വാഹൻ സേവനങ്ങളിൽ തെറ്റായി അപേക്ഷകൾ സമർപ്പിച്ചാൽ ആയത് അപേക്ഷകർക്കുതന്നെ പിൻവലിക്കുന്നതിനുള്ള സംവിധാനവും അല്ലാത്തപക്ഷം ഓഫീസിൽനിന്നും ഡിസ്പ്പോസ് ചെയ്യുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ഈ ഓപ്ഷനിലൂടെ അപേക്ഷ പിൻവലിക്കുകയോ, ഡിസ്പ്പോസ് ചെയ്യുകയോ ചെയ്താൽ വീണ്ടും പുതിയ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) 27-1-2021-ലെ 2020007392 നമ്പർ അപേക്ഷ പ്രോസസ്സ് ചെയ്ത് അപേക്ഷകന് ഇ-ട്രഷറി വഴി തുക ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഇല്ല. ഇ-ട്രഷറി വഴി അപേക്ഷിച്ച സ്ലിപ്പും അനുബന്ധരേഖകളും നാളിതുവരെ ഹാജരാക്കിയിട്ടില്ല.

(ഡി) KL-01-P-8136 നമ്പർ ഇരുചക്രവാഹനത്തിന്റെ ഉടമയ്ക്ക് 2021 ജനുവരി മാസം നൽകാനുള്ള റീഫണ്ട് തുക നൽകാൻ സത്വരനടപടി സ്വീകരിക്കുമോ?

ഇ-ട്രഷറി സൈറ്റിൽ നൽകിയിട്ടുള്ള റീ-ഫണ്ട് അപേക്ഷയുടെ സ്ലിപ്പും അനുബന്ധ രേഖകളും ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് റീ-ഫണ്ട് നൽകുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ പെൻഡിംഗിലുള്ള ഡ്രൈവിംഗ് ടെസ്റ്റിനുള്ള അപേക്ഷകൾ

212 (5275) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വിവിധ ആർ.ടി. ഓഫീസുകളിൽ ഡ്രൈവിംഗ് ടെസ്റ്റിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; ഓഫീസ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

| ആർ. ടി. ഓഫീസ് | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|
| ആർ.ടി ഓഫീസ്, പാലക്കാട് | 12365 |
| സബ് ആർ.ടി ഓഫീസ്, പട്ടാമ്പി | 3681 |
| സബ് ആർ.ടി ഓഫീസ്, ഒറ്റപ്പാലം | 8009 |
| സബ് ആർ.ടി ഓഫീസ്, മണ്ണാർക്കാട് | 4682 |
| സബ് ആർ.ടി ഓഫീസ്, ആലത്തൂർ | 6754 |
| സബ് ആർ.ടി ഓഫീസ്, ചിറ്റൂർ | 2672 |

(ബി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി ഡ്രൈവിംഗ് ടെസ്റ്റിന് അഡീഷണൽ ബാച്ചുകൾ അനുവദിച്ച് കെട്ടിക്കിടക്കുന്ന ഡ്രൈവിംഗ് ടെസ്റ്റിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഉൾനാടൻ ജലഗതാഗതത്തിന് ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി**

213 (5276) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത വകുപ്പും വിനോദസഞ്ചാര വകുപ്പും സമന്വയിപ്പിച്ചുകൊണ്ട് ഉൾനാടൻ ജലഗതാഗതത്തിനായി ബോട്ട് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുകയെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതി നിലവിൽ പരിഗണനയിലില്ല.

(ബി) മയ്യഴിപ്പുഴയിൽ പെരിങ്ങത്തൂർ മുതൽ മയ്യഴി വരെ ബോട്ട് സർവ്വീസ് ആരംഭിക്കുന്നത് യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുമെന്ന കാര്യം പരിശോധിക്കുമോ?

വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കും പ്രയോജനപ്പെടുന്ന രീതിയിൽ മയ്യഴിപ്പുഴയിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമെങ്കിൽ വിദഗ്ധസമിതിയെ ഉപയോഗിച്ച് പഠനം നടത്തി സർവ്വീസുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

(സി) ചരിത്ര പ്രാധാന്യമുള്ളതും പ്രകൃതി രമണീയവുമായ മയ്യഴിപ്പുഴയിൽ പെരിങ്ങത്തൂർ, മോന്താൽ, കക്കടവ്, പാത്തിക്കൽ എന്നീ ബോട്ടുജെട്ടികളെ യോജിപ്പിച്ചുകൊണ്ട് പെരിങ്ങത്തൂരിൽനിന്നും മാഹിയിലേയ്ക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് വകുപ്പ് മുൻകയ്യെടുക്കുമോ; എങ്കിൽ ആയതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുകയെന്ന് വിശദമാക്കുമോ?

ചരിത്ര പ്രാധാന്യമുള്ള മയ്യഴിപ്പുഴയിൽ-മാഹി ഭാഗങ്ങളിലേയ്ക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ സാഹചര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി സർവ്വീസുകളാരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

**കൊറ്റി - കോട്ടപ്പുറം ജലഗതാഗത പാതയുടെ പുനരുദ്ധാരണം**

214 (5277) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത സംവിധാനം പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കൊറ്റി - കോട്ടപ്പുറം ജലഗതാഗത പാതയുടെ പുനരുദ്ധാരണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കൊറ്റി - കോട്ടപ്പുറം ജലപാത നിലവിൽ ഗതാഗത യോഗ്യവും ഈ റൂട്ടിൽ ബോട്ട് സർവ്വീസുകൾ നടക്കുന്നതുമാണ്. കൊറ്റി - കോട്ടപ്പുറം ജലപാതയിലെ ഉൾനാടൻ ജലഗതാഗത വകുപ്പിന് കീഴിലുള്ള ബോട്ട് ജെട്ടികളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി ഉതിനൂർ കടപ്പുറം ബോട്ട് ജെട്ടിയുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത് മൂന്ന് മാസം കൊണ്ട് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഫണ്ടുപയോഗിച്ച് പുതിയ ബോട്ട് ജെട്ടികളുടെ നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഈ റൂട്ടിൽ അതിവേഗ ബോട്ട് സർവ്വീസ് ആരംഭിക്കാൻ നടപടികളുണ്ടാകുമോ; വിശദമാക്കുമോ?

കൊറ്റി-കോട്ടപ്പുറം ജലപാതയിലെ ആഴം വർദ്ധിപ്പിച്ച് ബോട്ടുജെട്ടികൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അതിവേഗ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ജലഗതാഗത വകുപ്പിലെ പൊതുസ്ഥലംമാറ്റം**

215 (5278) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വർഷങ്ങൾക്കുശേഷം ജലഗതാഗത വകുപ്പിൽ നടപ്പാക്കുന്ന പൊതുസ്ഥലംമാറ്റത്തിൽ മിനിസ്റ്റീരിയൽ, ഡോക് ആൻഡ് റിപ്പയർ എന്നീ വിഭാഗങ്ങളെ ഒഴിവാക്കി ഓപ്പറേറ്റിംഗ് വിഭാഗത്തെമാത്രം ഉൾക്കൊള്ളിച്ചതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ?

മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഭൂരിപക്ഷം തസ്തികകളും വകുപ്പിന്റെ കേന്ദ്രകാര്യാലയത്തിലാണുള്ളത്. നാമമാത്രമായ തസ്തികകൾ മാത്രമാണ് മറ്റ് മേഖലാകാര്യാലയങ്ങളിലുള്ളത്. ആയതിനാൽ വകുപ്പിന്റെ കേന്ദ്രകാര്യാലയത്തിൽ സർക്കാർ ഉത്തരവ്(പി)നമ്പർ 3/2017/ഉ.ഭ.പ.വ. തീയതി 25-2-2017-ലെ മാനദണ്ഡങ്ങൾ പാലിച്ച് സീറ്റ്/സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കിയിട്ടുള്ളതാണ്. മേഖലാ കാര്യാലയങ്ങളിൽ ടി സർക്കാർ ഉത്തരവുപ്രകാരമുള്ള സീറ്റ്/സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഡോക്ക് ആൻഡ് റിപ്പയർ വിഭാഗത്തിലെ തസ്തികകൾ ഭൂരിപക്ഷവും ആലപ്പുഴ മേഖലയിലായതിനാൽ റിപ്പയർ വിഭാഗം തസ്തികകളുടെ ജോലിസ്വഭാവം കണക്കിലെടുത്ത് അപേക്ഷകൾ ലഭ്യമാകുന്നവ പരിഗണിച്ച് പരിമിതമായ ജീവനക്കാരെ മാത്രമാണ് മറ്റ് മേഖലകളിലേയ്ക്ക് സ്ഥലം മാറ്റാൻ കഴിയുന്നത്. ആയത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വീസിൽ നിന്ന് വിരമിക്കാൻ രണ്ടുവർഷം മാത്രം അവശേഷിക്കുന്ന ജീവനക്കാരെ സ്ഥലംമാറ്റാൻ കഴിയില്ലെന്ന 25-2-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 3/2017-ന് വിരുദ്ധമായി സ്ഥലംമാറ്റ ലിസ്റ്റ് തയ്യാറാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർവ്വീസിൽനിന്ന് വിരമിക്കാൻ രണ്ടുവർഷം മാത്രം അവശേഷിക്കുന്ന ജീവനക്കാരെ സംബന്ധിക്കുന്ന 25-2-2017-ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 3/2017/ഉ.ഭ.പ.വ. -ലെ നിർദ്ദേശങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പൊതുസ്ഥലം മാറ്റത്തിനുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 2021 ഫെബ്രുവരി മാസം അടിസ്ഥാനപ്പെടുത്തി ഉദ്യോഗത്തിൽനിന്നും വിരമിക്കാൻ 2 വർഷം മാത്രമുള്ള ജീവനക്കാരെ സ്ഥലംമാറ്റപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ആരോഗ്യപരമോ കുടുംബപരമോ ആയ കാരണങ്ങളാൽ അവശതയനുഭവിക്കുന്ന ജീവനക്കാർക്ക് അർഹമായ പരിഗണന സ്ഥലംമാറ്റ ലിസ്റ്റിൽ നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെട്ട 25-2-2017 തീയതിയിലെ സർക്കാർ ഉത്തരവ് (പി)നമ്പർ 3/2017/ഉ.ഭ.പ.വ. പാലിച്ചാണ് സ്ഥലംമാറ്റത്തിനുള്ള കരട് സാധ്യതാപ്പട്ടിക പ്രസിദ്ധീകരിക്കുന്നത്. ആയതിന്മേൽ ആക്ഷേപങ്ങളുള്ള പക്ഷം ആയവ പരിശോധിക്കുന്നതിനായി ജീവനക്കാർക്ക് അവസരം നൽകിയിട്ടുള്ളതും ലഭ്യമായ ആക്ഷേപങ്ങൾ നാലംഗ കമ്മിറ്റി പരിശോധിക്കുകയും പരിഗണനാർഹമായ അപേക്ഷകൾ പുനഃപരിശോധിച്ച് അന്തിമപ്പട്ടിക തയ്യാറാക്കുകയും ചെയ്യുന്നു.

(ഡി) നിശ്ചിത ശതമാനം സീനിയറായ ജീവനക്കാരെ ഉൾപ്പെടുത്തി പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നത് പരിഗണിക്കുമോ?

പൊതുസ്ഥലം മാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചും സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തിയുമാണ് പൊതുസ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുള്ളത്.

(ഇ) സ്ഥലംമാറ്റ ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജലഗതാഗത വകുപ്പിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കൽ**

216 (5279) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ വർഷങ്ങളായി സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന ജലഗതാഗത വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ 18-8-1975-ലെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യു, റിപ്പയർ ആൻഡ് മെയിന്റനൻസ് വിഭാഗത്തിന്റെ 29-12-1988-ലെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 81/ 88/ പി.ഡബ്ല്യൂ.ആൻഡ്.റ്റി. എന്നിവയാണ്. ആയത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത റൂൾ രൂപീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ബാധകമല്ല.

**ബോട്ട് ലാസ്കറായി ജോലി ചെയ്തിരുന്ന ജോസഫ് കെ.യു. -ന്റെ കുടുംബത്തിന് ഫാമിലി പെൻഷൻ**

217 (5280) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കറായി ജോലി ചെയ്തിരുന്ന ജോസഫ് കെ. യു. -ന്റെ മരണശേഷം അദ്ദേഹത്തിന്റെ കുടുംബത്തിന് ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി നൽകിയിരുന്ന അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ജോസഫ് കെ. യു.-ന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ലിസി ജോസഫിന് ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി വകുപ്പിൽ ലഭിച്ച അപേക്ഷ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്കയയ്ക്കുകയും അവിടെനിന്നും ശ്രീമതി ലിസി ജോസഫിന് ഫാമിലി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുമുണ്ട്. പെൻഷൻ കൈപ്പറ്റിയിട്ടുള്ളതായ വിവരം ശ്രീമതി ലിസി ജോസഫ് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിയുടെ സർവ്വീസ് ബുക്ക് ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ജോസഫ് കെ. യു. -ന്റെ സർവ്വീസ് ബുക്ക് സംസ്ഥാന ജലഗതാഗത വകുപ്പിൽ നിലവിൽ സൂക്ഷിച്ചിട്ടുണ്ട്. വകുപ്പിന്റെ ചങ്ങനാശ്ശേരി മേഖലാ കാര്യാലയത്തിലാണ് സൂക്ഷിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് പ്രധാനപ്പെട്ട തടസ്സം എന്താണെന്ന് വിശദീകരിക്കാമോ; ഈ തടസ്സങ്ങൾ മാറ്റി അനന്തരവകാശിക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പെൻഷൻ നല്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല.

(ഡി) കെ. യു. ജോസഫിന്റെ പെൻഷൻ ബുക്കിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**ഗുരുവായൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

218 (5281) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടത്തിയതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരും തുകയും അടങ്ങിയ വിശദമായ പട്ടിക ലഭ്യമാക്കുമോ?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതുകളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടമായ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയിലുൾപ്പെടുത്തി യാതൊരു പദ്ധതികളും നിലവിൽ പൂർത്തീകരിച്ചിട്ടില്ല.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തുന്നതിനായി ലഭിച്ച പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

പരിശോധിച്ചുവരുന്നു.

**പ്ലേ ഫോർ ഹെൽത്ത് പദ്ധതി**

219 (5282) ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് സ്കൂളുകളിലേയ്ക്കും സ്പോർട്സ് കൗൺസിലിന്റെ അക്കാദമികളിലേയ്ക്കുമുള്ള സെലക്ഷൻ നടപടികളുടെ നിലവാരമുയർത്തി കൂടുതൽ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കായികവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് നിലവാരമുയർത്തി കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചുവരികയാണ്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ, സ്പോർട്സ് അക്കാഡമികളിലേയ്ക്ക് ഈ വർഷം അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളീബോൾ എന്നീ കായികയിനങ്ങളിലേയ്ക്ക് എല്ലാ ജില്ലയിൽവച്ചും മറ്റ് കായികയിനങ്ങൾക്ക് ആറ് ജില്ലകളിൽവച്ചും സോണൽ സെലക്ഷൻ നടത്തുകയുണ്ടായി. കോളേജ് സ്പോർട്സ് അക്കാദമികളിലേയ്ക്കുള്ള സെലക്ഷൻ നടത്തിയത് അതത് കോളേജും ജില്ലാ സ്പോർട്സ് കൗൺസിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും സംയുക്തമായാണ്. മേൽ സെലക്ഷൻ നടപടികൾ സുതാര്യവും പരാതിരഹിതവുമായി നടത്തുന്നതിന് പ്രത്യേകശ്രദ്ധ പുലർത്തിയിട്ടുണ്ട്.

(ബി) പ്രൈമറി വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്ലേ ഫോർ ഹെൽത്ത് പദ്ധതി നിലവിലുണ്ടോ; എങ്കിൽ പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉണ്ട്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലാണ് നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ സ്കൂളുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികവകുപ്പും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയും സഹകരിച്ചുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതിക്കായി 2018-ൽ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 2020-21-ൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ, കായിക സൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടത്തിയത്. കേരള സ്പോർട്സ് കൗൺസിലിലെ പരിശീലകർ, ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ പരിശീലകർ/കായിക അദ്ധ്യാപകർ, കായികയുവജനകാര്യാലയത്തിലെ ഉദ്യോഗസ്ഥർ, കായിക എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഞ്ചിനീയർമാർ എന്നിവരുൾപ്പെടെ 20 പേർക്കാണ് പ്രസ്തുത പരിശീലനം നൽകിയിട്ടുള്ളത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം പരിശീലന പരിപാടിയിൽ പങ്കെടുത്ത ട്രെയിനേഴ്സ് വഴി മറ്റ് പരിശീലകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതി

220 (5283) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയിൽ എത്ര കളിക്കളങ്ങൾ നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയിലുൾപ്പെടുത്തി യാതൊരു പദ്ധതികളും നിലവിൽ പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**ആലപ്പുഴ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

221 (5284) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി ആലപ്പുഴ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ ഏറ്റെടുക്കേണ്ട പദ്ധതികളുടെ മുൻഗണനാ ലിസ്റ്റ് എം.എൽ.എ. ലഭ്യമാക്കുന്നമുറയ്ക്ക് ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആര്യാട് മിനി സ്റ്റേഡിയം നിർമ്മാണത്തിനുള്ള മണ്ണ് പരിശോധന എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേഡിയത്തിന്റെ അന്തിമ ഡിസൈനും പ്ലാനും പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

222 (5285) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ നിലവിൽ ഏതൊക്കെ കായികയിനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായികയിനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". 9 കായികയിനങ്ങളിൽനിന്നും ദേശീയ

അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച്. മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം 4 കായികയിനങ്ങളിൽ പരിശീലനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കായികയിനത്തിൽ 20 കുട്ടികളെന്ന കണക്കിലാണ് നിലവിൽ പരിശീലനം നൽകാനുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഹോക്കി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഹോക്കി ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല.

## സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് പദ്ധതി

223 (5286) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് നടപ്പാക്കുന്ന സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് പദ്ധതിയിലൂടെ ഏതൊക്കെ കായികയിനങ്ങൾക്കാണ് പ്രോത്സാഹനം നൽകുന്നത്; ഈ പദ്ധതിയിലേയ്ക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നാളിതുവരെ എത്ര കായികതാരങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

(എ & ബി) കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി 2020-21 ൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ കായിക പരിശീലകർ/അദ്ധ്യാപകർ, കായികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്കാണ് പരിശീലനം നടത്തിയത്. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പരിശീലനം ലഭിച്ച കായിക പരിശീലകർ/അദ്ധ്യാപകർവഴി മറ്റ് പരിശീലകരിലേയ്ക്കും കായികതാരങ്ങളിലേയ്ക്കും പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്. സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ,

കായികസൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടത്തിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാംവഴി കായികപരിശീലകർ ഉൾപ്പെടെ 20 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**സ്കൂൾ ഗ്രൗണ്ടുകളിൽ കളിക്കള നിർമ്മാണം**

224 (5287) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകൾക്ക് കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ സ്കൂളുകളുടെ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടുകൾ ഏറ്റെടുത്ത് കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ & ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി സർക്കാരിന്റെ സജീവപരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കളിസ്ഥലത്തിലും സ്ഥലലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായികവിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്ലെറ്റ്, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്നമുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ

പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എ.-മാർ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണുദ്ദേശിക്കുന്നത്.

## മലപ്പുറം ജില്ലയിൽ നീന്തൽക്കുളം

225 (5288) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ ഉപരിപഠനത്തിനുൾപ്പെടെ നീന്തൽ അധിക യോഗ്യതയായി പരിഗണിക്കപ്പെടുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനായി എല്ലാ ജില്ലകളിലും കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കുമോ?

എല്ലാ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ സ്പോർട്സ് കൗൺസിലിന് കീഴിൽ നീന്തൽക്കുളങ്ങൾ പ്രവർത്തിക്കുന്നുണ്ട്?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനുകീഴിൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നീന്തൽക്കുളങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ നീന്തൽക്കുളം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

മലപ്പുറം ജില്ലയിൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്ന അഞ്ച് പദ്ധതികളിൽ നീന്തൽക്കുളത്തിന്റെ നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ട്.

1) എടപ്പാൾ മിനി സ്റ്റേഡിയം

2) നിലമ്പൂർ മിനി സ്റ്റേഡിയം

3) താനൂർ സ്റ്റേഡിയം

4) പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്

5) പി.മൊയ്തീൻകുട്ടി മെമ്മോറിയൽ ഇൻഡോർ സ്പോർട്സ് കോംപ്ലക്സ്.

മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിനുകീഴിൽ നീന്തൽക്കുളം ആരംഭിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

**കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം**

226 (5289) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക് മെഡലെന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കായികതാരങ്ങൾക്ക് പരിശീലനം നൽകാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ & ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". 9 കായികയിനങ്ങളിൽനിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച് മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിപ്രകാരം 4 കായികയിനങ്ങളിൽ പരിശീലനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കായികയിനത്തിൽ 20 കുട്ടികളെന്ന കണക്കിലാണ് നിലവിൽ പരിശീലനം നൽകാനുദ്ദേശിക്കുന്നത്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

227 (5290) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

2019 - 20 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിലെ കരിന്തളം പഞ്ചായത്തിലെ കിനാനൂരിൽ ഇ.കെ. നായനാർ സ്മാരക സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായും 20 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഡി.പി.ആർ കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പാണ് ഏറ്റെടുത്തിട്ടുള്ളത്. കൂടാതെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മിക്കാനായി 58.14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയുടെ കീഴിലായതിനാൽ കായിക യുവജനകാര്യാലയവുമായി ധാരണാ പത്രത്തിലേർപ്പെടേണ്ടതുണ്ട്. പ്രസ്തുത ധാരണാപത്രം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതി**

228 (5291) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് കളിസ്ഥലങ്ങൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; എത്ര തുകയാണ് ഒരു കളിസ്ഥലത്തിന് പരമാവധി അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി വിശദമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഓരോ കളിസ്ഥലത്തും സ്ഥല ലഭ്യതയ്ക്കും,

ഫണ്ടിനനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്കുവേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ച് വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എ.മാർ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണുദ്ദേശിക്കുന്നത്.

(സി) ദേശീയ കായിക മത്സരങ്ങളിൽ മികവ് പുലർത്താനാകുന്ന കായിക ഇനങ്ങളുടെ പരിശീലന സൗകര്യങ്ങൾ ഇത്തരം കളിസ്ഥലങ്ങളിൽ ഏർപ്പെടുത്തുമോ; ഇത്തരത്തിൽ കളിസ്ഥലങ്ങൾ സജ്ജീകരിക്കാനാകുമോ എന്നറിയിക്കാമോ?

പരിശോധിക്കാവുന്നതാണ്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലസൗകര്യങ്ങളുള്ള സ്കൂൾ ഗ്രൗണ്ടുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനാകുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പ്രദേശത്തെ സർക്കാർ സ്കൂളുമായോ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണിക്കുന്നതാണ്. പദ്ധതി ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്തു നടത്താനാണുദ്ദേശിക്കുന്നത്.

## കായിക വിദ്യാഭ്യാസ നയം

229 (5292) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടി മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള മേഖലയിൽ കായിക വിദ്യാഭ്യാസത്തിന് പുതിയ നയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കായിക വിദ്യാഭ്യാസത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള കരിക്കുലം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കായിക മേഖലയിലെ ദേശീയ, അന്തർദ്ദേശീയ തലങ്ങളിലുള്ള നൂതന സംവിധാനങ്ങളെക്കുറിച്ച് അറിവുള്ളവരെക്കൂടി കരിക്കുലം കമ്മിറ്റിയിൽ ഉൾപ്പെടുത്തി പ്രസ്തുത കരിക്കുലം നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

(എ-സി) കായിക രംഗത്തെ കേരളത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കാനും കായിക രംഗത്തെ പുതിയ വികാസങ്ങളെ ഉൾക്കൊണ്ട് ഒരു പുതിയ കായിക നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക രംഗത്തിന്റെ പുരോഗതിക്കായി ഒരു വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകുകയും പുതിയ കായിക നയത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. സ്പോർട്സ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വികസന പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി ബഹു. കായിക, വിദ്യാഭ്യാസ മന്ത്രിമാർ 22-09-2021 -ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്കായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കുന്നതിലേയ്ക്കായി കരിക്കുലം കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും പൊതു സിലബസ്സിനോടൊപ്പം കായിക വിഷയങ്ങൾ കൂടി അധികമായി സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണവേളയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതിയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുന്നതാണ്. ഇതിലേയ്ക്കാവശ്യമായ ഗവേഷണ പഠനങ്ങൾ എസ്.സി.ഇ.ആർ.ടി.യുടെ

നേതൃത്വത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയ്ക്ക് അനുഗുണമാകുന്ന തരത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതായിരിക്കും. കായിക നയം രൂപീകരിക്കുന്നതിന് കായിക രംഗത്തെ വിദഗ്ദ്ധരുൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്.

## കായികരംഗത്ത് മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

230 (5293) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കായിക രംഗത്ത് മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം കായിക ഇനങ്ങളിലാണ് പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതെന്നും ഇതിനായി ഈ സർക്കാർ ചെയ്ത പ്രവർത്തനങ്ങളും അറിയിക്കാമോ;

(സി) സ്കൂൾതലത്തിൽതന്നെ പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ?

(എ-സി) സംസ്ഥാനത്ത് കായികതാരങ്ങളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ഓരോ കായിക ഇനത്തിലും അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി വിവിധ ഗ്രാസ് റൂട്ട് പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കിക്കോഫ് ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഓരോ സെന്ററിലും 25 കുട്ടികൾക്ക് വീതമാണ് പരിശീലനം നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടപരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്.

ഹൂപ്സ് -സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

പഞ്ച് - സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽനിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക.

സ്പ്ലാഷ് - ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്നനിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഗവ. ഹയർ സെക്കന്ററി

സ്കൂൾ കുന്നംകുളത്ത് തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെ തട്ടിലുള്ള വിദ്യാർത്ഥികൾക്ക് ചിട്ടയായ രീതിയിൽ ശാസ്ത്രീയമായ കായികപരിശീലനം നൽകുകയെന്നതാണ് ഉദ്ദേശം. ഏഴ്, എട്ട് ക്ലാസ്സുകളിൽ 30 കുട്ടികൾ വീതം ഉൾപ്പെടുത്തി ഡിവിഷൻ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്.

കേരള ഷൂട്ടിംഗ് അക്കാഡമി- ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു.

സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി -അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്ന പദ്ധതിയാണിത്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നടത്തുന്നത്. പ്രസ്തുത അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ജൂഡോക്ക - സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് - കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതിക്കായി 2018-ൽ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 2020-21-ൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. സ്പോർട്സ്

മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ, കായിക സൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടത്തിയത്.

പ്ലേ ഫോർ ഹെൽത്ത് - കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കുവേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ - കായികക്ഷമതയും ആരോഗ്യവും ഉറപ്പുവരുത്താനായി കായികയുവജനകാര്യാലയത്തിന് കീഴിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിച്ചുവരുന്നുണ്ട്.

സയൻസ് & ടെക്നോളജി അസസ്സ്മെന്റ് ഓഫ് സ്റ്റുഡൻസ് - ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20-ൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിട്ടുണ്ട്.

ബയോപ്സിടെസ്റ്റ് - ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കായിക അടിസ്ഥാന സൗകര്യങ്ങൾ - സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന് കൈമാറി. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും സൗകര്യങ്ങളും നടന്നുവരുന്നു.

ഓപ്പൺ ജിം - സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കാൻ നടപടികൾ പുരോഗമിക്കുകയാണ്. ലളിതമായ ഉപകരണങ്ങളിലൂടെ ജനങ്ങളെ വ്യായാമത്തിന് പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

കായികക്ഷമതാ മിഷൻ - എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽ തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്.

ഓപ്പറേഷൻ ഒളിമ്പ്യ - കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) കായിക പ്രതിഭകളായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും തൊഴിൽ ലഭ്യതയ്ക്കുമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് അവരുടെ കായിക മികവുകൾക്കനുസരിച്ച് മാനദണ്ഡപ്രകാരം അഡ്മിഷന് ശിപാർശ ചെയ്തുവരുന്നുണ്ട്. മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി

പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം, ഓരോ വർഷത്തേയും 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കിവച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിനുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം, സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് സീനിയർ നാഷണൽ/നാഷണൽ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുകയും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയും ചെയ്യുന്ന കായിക താരങ്ങളെ നിയമനത്തിനായി പരിഗണിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങളെയും സ്പോർട്സ് ക്വാട്ടാ നിയമനത്തിന് പരിഗണിക്കുന്നുണ്ട്.

**കാസർഗോഡ് മണ്ഡലത്തിലെ കളിസ്ഥലങ്ങൾ**

231 (5294) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും കീഴിലുള്ള കളിസ്ഥലങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഫണ്ട് അനുവദിക്കുമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ എയ്ഡഡ് സ്കൂളുകളുടെയും കീഴിലുള്ള കളിസ്ഥലങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കളിസ്ഥലങ്ങളിൽ ആധുനിക സ്റ്റേഡിയം നിർമ്മിക്കാൻ പര്യാപ്തമായത് ഏതാണെന്ന് വ്യക്തമാക്കാമോ; അതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

ആധുനിക സ്റ്റേഡിയം നിർമ്മിക്കാൻ പര്യാപ്തമായവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പാക്കാനാണുദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായിക വകുപ്പും ബാക്കി തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി വിശദമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എ.മാർ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണുദ്ദേശിക്കുന്നത്.

**കായിക പ്രതിഭകൾക്കുള്ള ആനുകൂല്യങ്ങൾ**

232 (5295) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കായിക പ്രതിഭകൾക്ക് പുതിയ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

കായിക പ്രതിഭകൾക്കായുള്ള പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി ദേശീയ, അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ച് മെഡൽ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് പ്രൈസ് നൽകിവരുന്നുണ്ട്. ടോക്യോ 2020 ഒളിമ്പിക്സിൽ മെഡൽ നേടിയ ഹോക്കി ടീമിലെ അംഗമായ ശ്രീ. പി. ആർ. ശ്രീജേഷിനും ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളി കായികതാരങ്ങൾക്കും 2020-ലെ ഖേലോ ഇൻഡ്യ യൂത്ത് ഗെയിംസിൽ പങ്കെടുത്ത് വിജയിച്ച കായികതാരങ്ങൾക്കും ക്യാഷ് പ്രൈസ് നൽകിയിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ തലത്തിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും സ്കോളർഷിപ്പും നൽകുന്നുണ്ട്. കായികതാരങ്ങൾക്ക് അവരുടെ കായിക മികവ്, പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ചികിത്സാസഹായം, കായികോപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി സാമ്പത്തിക ആനുകൂല്യവും അനുവദിച്ചുവരുന്നുണ്ട്.

(ബി) വേണ്ടത്ര സാമ്പത്തിക ഭദ്രതയും പരിശീലന സൗകര്യങ്ങളും ലഭിക്കാത്തതിനാൽ കായിക പ്രതിഭകൾക്ക് പൂർണ്ണമായും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ അത്തരം പ്രതിഭകൾക്ക് പ്രൈമറി സ്കൂൾതലം മുതൽ സർക്കാർ ചെലവിൽ വിദഗ്ധ പരിശീലനത്തിന് സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) വേണ്ടത്ര സാമ്പത്തിക ഭദ്രതയില്ലാത്ത കായികപ്രതിഭകൾക്കും മറ്റുള്ളവരോടൊപ്പം തന്നെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള സാഹചര്യമുണ്ട്. അത്തരം പ്രതിഭകൾക്ക് പ്രൈമറി സ്കൂൾ തലം മുതൽ സർക്കാർ ചെലവിൽ വിദഗ്ധ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന്റെ ഭാഗമായി "ഓപ്പറേഷൻ ഒളിമ്പ്യ" എന്നൊരു പദ്ധതി നടപ്പിലാക്കുകയും നിലവിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകളും കൂടാതെ മികച്ച കായിക താരങ്ങളെ വാർത്തെടുക്കാനും കായിക താരങ്ങളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിനുമായി സംസ്ഥാനത്തൊട്ടാകെയുള്ള കായിക അക്കാഡമികൾ മുഖേന എട്ടാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായികതാരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനവും നൽകിവരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകി വരുന്നു.

**അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ**

233 (5296) ശ്രീ. ടി. പി .രാമകൃഷ്ണൻ :
ശ്രീ. എം. നൗഷാദ് :
ശ്രീമതി ഒ .എസ് അംബിക :
ശ്രീ. എൻ. കെ. അക്ബർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ കായികതാരങ്ങൾക്ക് നൽകിവരുന്ന പെൻഷൻ നിലവിൽ എത്ര രൂപയാണ്?

സംസ്ഥാനത്ത് അവശ കായികതാരങ്ങൾക്ക് നിലവിൽ പ്രതിമാസം 1300 രൂപയാണ് പെൻഷനായി നൽകിവരുന്നത്. എന്നാൽ 55 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള അവശ കായികതാരങ്ങൾക്ക് പഴയ നിരക്കായ 600 രൂപയാണ് പ്രാബല്യത്തിലുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) പെൻഷന് അർഹതയുള്ള കായിക താരങ്ങളുടെ കുടുംബ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പെൻഷന് അർഹതയുള്ള കായിക താരങ്ങളുടെ കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് എത്ര പേർ നിലവിൽ അവശ കായികതാര പെൻഷൻ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ 80 പേർക്ക് അവശ കായികതാര പെൻഷൻ നൽകിവരുന്നുണ്ട്.

(ഇ) പുതുതായി എത്രപേർ പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; പെൻഷൻ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

അവശ കായികതാരങ്ങൾക്കുവേണ്ടി പുതിയതായി അപേക്ഷ ക്ഷണിച്ചിട്ടില്ല. 2010-11-ലാണ് അവശ കായികതാര പെൻഷനുവേണ്ടി അവസാനമായി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. പ്രസ്തുത പെൻഷനുവേണ്ടി പുതിയതായി അപേക്ഷ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അവശ കായികതാര പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരും പ്രതിവർഷം 1,00,000-ന് താഴെ വരുമാനമുള്ളവരും, കായികരംഗത്ത് താഴെപ്പറയുന്ന യോഗ്യതകൾ ഉള്ളവരെയുമാണ് അവശ കായിക താര പെൻഷനുവേണ്ടി പരിഗണിക്കുന്നത്.

1) 65 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ (അന്തർജില്ലാ/സംസ്ഥാന തല സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുത്തിരിക്കണം).

2) 60 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ (അന്തർജില്ലാ/ സംസ്ഥാനതല സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനങ്ങൾ നേടിയിരിക്കണം).

3) കളരിപ്പയറ്റ്/അഭ്യാസികൾ (അന്തർ ജില്ലാ/സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്തിരിക്കണം) പുതുക്കിയ ഉത്തരവ് പ്രകാരം അവശ കായിക താരങ്ങളുടെ ഏറ്റവും കുറഞ്ഞ പ്രായപരിധി 60 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

## കുട്ടനാട്ടിൽ പുതിയ സ്പോർട്സ് സ്കൂൾ

234 (5297) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിൽ പുതിയ സ്പോർട്സ് സ്കൂളും മറ്റ് സൗകര്യങ്ങളും നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കാസർഗോഡ് കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം

235 (5298) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം കേന്ദ്ര സർക്കാരിന്റെ 'ഖേലോ ഇന്ത്യ' സ്കീമിൽ ഉൾപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിന്റെ പദ്ധതിരേഖ തയ്യാറാക്കി സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഉദുമ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് കായിക യുവജനകാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉദുമ സ്റ്റേഡിയം ഉൾപ്പെടെ 3 പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ പ്രഖ്യാപിച്ച ഖേലോ ഇന്ത്യാ സ്കീം 31-3-2021-നോടകം അവസാനിച്ചു. പിന്നീട് 2021-22 കാലയളവിൽ പരമാവധി മൂന്ന് പദ്ധതികൾ മാത്രമേ ഖേലോ ഇന്ത്യാ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളിൽനിന്ന് അനുയോജ്യമായ പദ്ധതികൾ മുൻഗണനാക്രമമനുസരിച്ച് തീരുമാനിക്കുന്നതിനും അടിയന്തരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**തദ്ദേശ സ്ഥാപനങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ**

236 (5299) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ സ്ഥാപിക്കുന്നതിന് കായിക വകുപ്പിന് കീഴിൽ എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയലെറ്റ്, മറ്റ്

അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ച വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുകളുടേയോ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എ.-മാർ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണുദ്ദേശിക്കുന്നത്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡി.പി.ആർ. നൽകിയാൽ ഭരണാനുമതി ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

അപേക്ഷ ലഭിച്ചാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

**വയക്കര ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഇൻഡോർ സ്റ്റേഡിയം**

237 (5300) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വയക്കര ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ വയക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 2021-22 ബഡ്ജറ്റിൽ 2 കോടി രൂപ അടങ്കലായും ടോക്കൺ പ്രൊവിഷനായി 100 രൂപയും അനുവദിച്ചിരുന്നു. നിലവിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുള്ള

പ്രവൃത്തികളുടെ മാത്രം ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ടോക്കൺ തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണത്തിനുള്ള നടപടികൾ മുൻഗണനാ ക്രമത്തിൽ സ്വീകരിക്കുന്നതാണ്.

## കോട്ടയ്ക്കൽ ഇരിമ്പിളിയം പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മാണം

238 (5301) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് കായിക വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ക്രമ.നമ്പർ 2542 പ്രകാരം 4 കോടി രൂപയും തനത് സാമ്പത്തിക വർഷത്തിൽ ടോക്കൺ പ്രൊവിഷൻ ആയി 100 രൂപയും കായിക വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. 2021-22 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. വിശദമായ എസ്റ്റിമേറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ള പദ്ധതികൾ പരിഗണിക്കുന്നതാണ്.

(സി) ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ പ്രവൃത്തിക്കായി ടോക്കൺ പ്രൊവിഷൻ മാത്രം നൽകിയിട്ടുണ്ട്.

## പ്ലേ ഫോർ ഹെൽത്ത് പദ്ധതി

239 (5302) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്ലേ ഫോർ ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും എവിടെയൊക്കെ എങ്ങനെ നടപ്പിലാക്കുമെന്നും അറിയിക്കാമോ?

(എ&ബി) കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി സ്കൂളുകളിലെ കായികക്ഷമതാ പിരീഡ് ഉപയോഗപ്രദമാക്കി കളിയും പാട്ടും, ഡാൻസുമൊക്കയായി കുട്ടികളിൽ സാമൂഹികവും, സാംസ്കാരികവുമായ ജീവിതത്തിനുതകുന്ന മൂല്യങ്ങൾ പരിചയപ്പെടുത്തുകയെന്നതും ഈ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന സെന്ററുകളുടെ വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**കായികതാരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

240 (5303) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയും പ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ. കൂടാതെ കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽനിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾക്കും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല.

**ഗ്രാസ് റൂട്ട് ലെവൽ ട്രെയിനിംഗ് പദ്ധതി**

241 (5304) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കായികതാരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ഓരോ കായിക ഇനത്തിലും അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി വിവിധ ഗ്രാസ് റൂട്ട് പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിക്കോഫ്- ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച

പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

ഹൂപ്സ് - സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം - ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

പഞ്ച് - സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്.

സ്പ്ലാഷ് - ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ കുന്നംകുളത്ത് തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ജൂഡോക്ക - സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്.

ഓപ്പറേഷൻ ഒളിമ്പ്യ - കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ

കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്‌ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്.

എലൈറ്റ് സ്കീം- മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വളർന്നുവരുന്ന കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷനുകൾ, ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം എന്നിവിടങ്ങളിലെ ആസ്തി വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിരവധി പ്രവൃത്തികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. ജി.വി. രാജ സ്പോർട്സ് സ്കൂൾ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ഇതിനോടകം തന്നെ ആധുനിക നിലവാരത്തിലുള്ള 400 മീ 6 ലെയ്ൻ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ്, ഹോക്കി ടർഫ്, ഇൻഡോർ സ്റ്റേഡിയം, ബാസ്ക്കറ്റ് ബോൾ കോർട്ട് (2 എണ്ണം) എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സ്മാർട്ട് ക്ലാസ്സ് റൂം, ലാബുകൾ, സിക്ക് റൂം എന്നിവയും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ /സ്കൂൾ കണ്ണൂർ ജി.വി.എച്ച്.എസ്.എസിനെ സർക്കാർ സ്പോർട്സ് സ്കൂളായി പ്രഖ്യാപിച്ചിട്ടുണ്ട്. മൈലം ജി.വി. രാജ സ്കൂളിന് സമാനമായ സൗകര്യങ്ങൾ ഇവിടെ സജ്ജമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ /സ്കൂൾ 2019 - 20 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതി വിഹിതത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ അംഗീകാരം നൽകിയിട്ടുണ്ട്. സ്വാഭാവിക പുൽത്തകിടിയോടുകൂടിയ 11' ഫുട്ബോൾ ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം, ഗ്യാലറി എന്നിവ നിലവിൽ സ്കൂൾ ഗ്രൗണ്ടിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഖേലോ ഇന്ത്യ പദ്ധതി

പ്രകാരം 400 മീ അത്‌ലറ്റിക് ട്രാക്ക് പണികൾ നടന്ന് വരികയാണ്. കൂടാതെ സ്കൂൾ കോമ്പൗണ്ടിൽ റീജിയണൽ സ്പോർട്സ് മെഡിസിൻ സെന്റർ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരണാവസ്ഥയിലാണ്.

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നത് അതത് സ്ഥാപനങ്ങൾ തന്നെയാണ്. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സ്പോർട്സ് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് ഹോസ്റ്റൽ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി എല്ലാ സ്പോർട്സ് അക്കാഡമികളിലും കൃത്യമായ ഇൻസ്പെക്ഷൻ നടത്താറുണ്ട്. ആയത് പ്രകാരം സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികളിലും ജില്ലാ സ്പോർട്സ് അക്കാഡമികളിലും കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലാ സ്പോർട്സ് അക്കാഡമികളിൽ വേണ്ടിവരുന്ന അത്യാവശ്യം സിവിൽ വർക്കുകളുടെയും പർച്ചേസുകളുടെയും ചെലവ് വഹിക്കുന്നതിന് എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും ഫണ്ട് അനുവദിക്കുകയും പ്രസ്തുത തുക ചെലവഴിച്ച ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്ത് നൽകുകയും ചെയ്യുന്നു.

(ഡി) പരിശീലനവും മറ്റുംമൂലം ക്ലാസുകൾ നഷ്ടമാകുന്ന കായിക വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

പരിശീലനവും മറ്റുംമൂലം ക്ലാസ്സുകൾ നഷ്ടമാകുന്ന കായിക വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ലഭ്യമാക്കുന്നതിനായി ഓൺലൈനിലൂടെയും ഓഫ് ലൈനിലൂടെയും അദ്ധ്യാപകർ പരിശീലനം നൽകിവരുന്നു. ബി.എഡ്. യോഗ്യതയുള്ള വാർഡൻ കം ട്യൂട്ടർമാരെയും ദിവസവേതന അടിസ്ഥാനത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് സ്കൂളിലും നിയമിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ്

കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളിലേയും കോളേജിലേയും കായിക വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവർ പഠിക്കുന്ന സ്കൂളിലോ കോളേജിലോ സ്പെഷ്യൽ ക്ലാസ്സുകൾ നൽകുകയും ചാമ്പ്യൻഷിപ്പിന് പോകുന്ന അവസരങ്ങളിൽ ഇവർക്ക് ഹാജർ അനുവദിക്കുകയും മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായികയിനങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധിച്ച് അർഹമായ ഗ്രേസ് മാർക്ക് നൽകുയും ചെയ്യുന്നുണ്ട്.

**കായിക വകുപ്പിന് പുതിയ മേഖല ഓഫീസുകൾ**

242 (5305) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും സജീവവുമാക്കുന്നതിന് കായിക, യുവജന ഡയറക്ടറേറ്റിന്റെ മേഖല ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് മേഖല ഓഫീസുകൾ തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും സജീവവുമാക്കുന്നതിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ രണ്ട് മേഖല ഓഫീസുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വടക്കൻ മേഖലയിലെ പ്രവർത്തനങ്ങൾക്കായി കോഴിക്കോട് കേന്ദ്രമായും മധ്യകേരളത്തിലെ പ്രവർത്തനങ്ങൾക്കായി എറണാകുളം കേന്ദ്രമായുമാണ് റീജിയണൽ ഓഫീസുകൾ സ്ഥാപിക്കുന്നത്. കോഴിക്കോട് വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലും എറണാകുളത്ത് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലുമായി പ്രസ്തുത ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിക്കുന്ന സ്പോർട്സ് മെഡിസിൻ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത കേന്ദ്രങ്ങൾ എന്നത്തേയ്ക്ക് പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ സ്പോർട്സ് മെഡിസിൻ സെന്റർ ആരംഭിക്കുന്നതിനായി പ്രീഫാബ് കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. കണ്ണൂർ ജില്ലയിൽ നിലവിലുള്ള സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ കെട്ടിടത്തോട് ചേർന്നാണ് സ്പോർട്സ് മെഡിസിൻ സെന്റർ സജ്ജമാക്കുന്നത്. ഇതിനായുള്ള പ്രവൃത്തികൾ നിലവിൽ അവസാന ഘട്ടത്തിലാണ്. രണ്ടു ജില്ലകളിലേയും സ്പോർട്സ് മെഡിസിൻ സെന്ററുകളിലേക്കാവശ്യമായ ഫിസിയോതെറാപ്പി ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂരിലേയും തൃശ്ശൂരിലേയും സ്പോർട്സ് മെഡിസിൻ സെന്ററുകൾ ഡിസംബർ ആദ്യവാരത്തോടെ പ്രവർത്തനമാരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കളിസ്ഥലങ്ങൾക്കനുയോജ്യമായ ഭൂമി**

243 (5306) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളുടെ കീഴിൽ കളിസ്ഥലങ്ങൾക്ക് അനുയോജ്യമായ ധാരാളം ഭൂമിയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉടമസ്ഥാവകാശം മാറ്റാതെതന്നെ ഇവ കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് സാധിക്കുമോയെന്ന് കായിക വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ഇത്തരം ഭൂമി ബന്ധപ്പെട്ട തദ്ദേസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്താൻ ജില്ല സ്പോർട്സ് കൗൺസിലുകൾക്ക് നിർദ്ദേശം നൽകുന്നത് പരിഗണിക്കുമോ?

(എ&ബി) കിഫ്ബി പദ്ധതികളുടെ ഭാഗമായി തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ച വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കൂടാതെ ഇതര വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങൾക്ക് അനുയോജ്യമായ ഭൂമി സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ സ്പോർട്സ് ക്ലബ്ബുകൾ

244 (5307) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ രജിസ്ട്രേഷനുള്ളതും അംഗീകാരമുള്ളതുമായ സ്പോർട്സ് ക്ലബ്ബുകളുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്പോർട്സ് ക്ലബ്ബുകളൊന്നും തന്നെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടില്ല. മാവേലിക്കര നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷനുള്ളതും അംഗീകാരമുള്ളതുമായ സ്പോർട്സ് ക്ലബ്ബുകളുടെ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

## ദേശീയ സിവിൽസർവ്വീസ് കായികമേള ടീമുകളുടെ കോച്ചും മാനേജരും

245 (5308) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഏതൊക്കെ ടീമുകൾ ദേശീയ സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത കായികമേളയിൽ ടീമുകളുടെ കോച്ച്, മാനേജർ എന്നീ നിലകളിൽ പങ്കെടുത്ത ജീവനക്കാരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സിവിൽ സർവ്വീസ് കായിക മേളയിൽ പങ്കെടുത്ത ടീമുകളും പ്രസ്തുത ടീമുകളുടെ കോച്ച്, മാനേജർ എന്നിവരുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) കായികരംഗവുമായി ബന്ധമില്ലാത്തവരാണ് മാനേജർ, കോച്ച് എന്നീ നിലകളിൽ സംസ്ഥാന ടീമിനെ പ്രതിനിധീകരിക്കുന്നത് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സെക്രട്ടേറിയേറ്റ് സ്പോർട്സ് അസോസിയേഷൻ നിർദ്ദേശിക്കുന്ന വ്യക്തികളെയാണ് ദേശീയ സിവിൽ സർവ്വീസ് കായിക മേളയിൽ പങ്കെടുക്കുന്നതിനുള്ള കേരള ടീമിന്റെ കോച്ചായും മാനേജരായും നിയോഗിച്ചുവരുന്നത്.

(ഡി) ഈ വർഷം മുതൽ കോച്ച്, മാനേജർ എന്നിവരുടെ പാനൽ തയ്യാറാക്കി ഇന്റർവ്യൂ നടത്തിയശേഷം അവരെ ടീമിനൊപ്പം ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ഇ) കോച്ച്, മാനേജർ പദവികളിലേയ്ക്ക് എൻ.ഐ.എസ്. കോച്ചിംഗ് സർട്ടിഫിക്കറ്റ്/ബി.പി.എഡ്./എം.പി.എഡ്. യോഗ്യതയുള്ള ജീവനക്കാർക്ക് മുൻഗണന നൽകുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ;

(എഫ്) കോച്ച്, മാനേജർ പദവികളിലേയ്ക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർ, ദേശീയ കായിക മേളയിൽ മെഡൽ ലഭിച്ചവർ, ഗസറ്റഡ് തസ്തികയിലുള്ളവർ തുടങ്ങിയ ഉദ്യോഗസ്ഥർക്ക് മുൻഗണന നൽകുമോ; വിശദമാക്കാമോ;

(ജി) കോച്ച്, മാനേജർ എന്നിവരുടെ നിയമന യോഗ്യത സംബന്ധിച്ച് സർക്കാർ നിബന്ധനകൾ പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ?

(ഡി&ജി) പരിശോധിക്കാവുന്നതാണ്.

## കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് സ്പോർട്സ് മീറ്റ്

246 (5309) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നടത്തുകയെന്ന് വിശദമാക്കാമോ?

ഉണ്ട്. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റിനു മുന്നോടിയായി ജില്ലാ സിവിൽ സർവ്വീസ് മീറ്റുകൾ നടത്തേണ്ടതുണ്ട്. ജില്ലാ സിവിൽ സർവ്വീസ് മീറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റ് നടത്തുന്നതാണ്.

(ബി) പ്രസ്തുത കായികമേള റൊട്ടേഷൻ അടിസ്ഥാനത്തിലോ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലോ ഓരോരോ ജില്ലകളിൽ നടത്താൻ തീരുമാനമെടുക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(സി) കായികയിനങ്ങളുമായോ കായികരംഗവുമായോ ഒരു ബന്ധവുമില്ലാത്ത ജീവനക്കാർ പ്രസ്തുത മീറ്റുകളിൽ പങ്കെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സർക്കാർ ഉദ്യോഗസ്ഥരുടെ കായികക്ഷമതയും മികവും പരിപോഷിപ്പിക്കുന്നതിന് നടത്തുന്ന മേളയാണ് സിവിൽ സർവ്വീസ് മീറ്റ്. മീറ്റിൽ പങ്കെടുക്കുന്നതിന് ജീവനക്കാർക്ക് കായികരംഗമായോ കായികയിനങ്ങളുമായോ ബന്ധമുണ്ടാകണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടില്ല.

**ഫുട്ബോൾ ടർഫ് ഗ്രൗണ്ടുകൾ**

247 (5310) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-21 കാലയളവിൽ നിർമ്മിച്ച ഫുട്ബോൾ ടർഫ് ഗ്രൗണ്ടുകൾ എത്രയെണ്ണമെന്നും ഇവയിൽ എത്ര ടർഫ് ഗ്രൗണ്ടുകൾ സർക്കാർ നിയന്ത്രണത്തിലുണ്ടെന്നും എത്രയെണ്ണം സർക്കാരിതര നിയന്ത്രണത്തിലുണ്ടെന്നും ജില്ല തിരിച്ച് കണക്ക് നൽകാമോ; ഈ ഗ്രൗണ്ടുകൾക്ക് എന്തെങ്കിലും നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) 2016-21 കാലയളവിൽ പുതിയതായി എത്ര ഇൻഡോർ ബാഡ്മിന്റൺ കോർട്ടുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇവയിൽ സർക്കാർ നിയന്ത്രണത്തിലുള്ളത് എത്രയാണെന്നും സ്വകാര്യ വ്യക്തികളുടെ/ക്ലബ്ബുകളുടെ നിയന്ത്രണത്തിലുള്ളവ എത്രയാണെന്നും ജില്ല തിരിച്ച് കണക്ക് നൽകാമോ; ഇവയിൽനിന്നും സർക്കാരിന് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) കായിക വകുപ്പിന്റെ നിയന്ത്രണത്തിൽ 2016-2021 കാലയളവിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും/കിഫ്ബി ധനസഹായത്തോടെയും വിവിധ ജില്ലകളിൽ ഫുട്ബോൾ ടർഫുകളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രൗണ്ടുകൾക്ക് കായികവകുപ്പിന്റെ കീഴിൽ നികുതി ഏർപ്പെടുത്തിയിട്ടില്ല. കായിക വകുപ്പ് മുഖേന 2016-21

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലയളവിൽ പുതിയതായി നിർമ്മിച്ച മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളുടെ ബാഡ്മിന്റൺ കോർട്ടുകൾ ഉൾപ്പെടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പഞ്ചായത്തുകളിൽ 2016-21 കാലയളവിൽ 274 ഫുട്ബോൾ ടർഫുകളും 111 ബാഡ്മിന്റൺ കോർട്ടുകളും നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. ഗ്രാമപഞ്ചായത്തുകൾ ഇൻഡോർ ബാഡ്മിന്റൺ കോർട്ടുകൾക്ക് വസ്തു നികുതി ഈടാക്കുന്നുണ്ട്. കൂടാതെ ഫുട്ബോൾ ടർഫിനെ കെട്ടിടമാക്കി കണക്കാക്കി വസ്തു നികുതി ഈടാക്കുന്നതിനും ലൈസൻസ് വരുമാനം ലഭിക്കുന്നതിനും ഇൻഡോർ കോർട്ടുകളിൽ നിന്നും ലൈസൻസ് വരുമാനം ലഭിക്കുന്നതിനുമായി നിലവിലെ 2011- ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഇതരവകുപ്പുകളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ നടപടി**

248 (5311) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇവ തിരിച്ചുപിടിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതിനായി സർവ്വെ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വെ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾ നടന്നുവരികയുമാണ്. അപ്രകാരം സർവ്വെ നടത്തി സർവ്വെ കമ്മീഷണർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ (കെട്ടിട നമ്പർ ഉൾപ്പെടെ) പരാമർശിക്കേണ്ടതാണെന്ന് 2019-ലെ വഖഫ് റൂൾസ് 4(2) (21)-ൽ നിഷ്കർഷിക്കുന്നുണ്ട്. 1995 ലെ വഖഫ് നിയമത്തിൽ 2013-ൽ ഉണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51(1-A), 104-A(1) എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വില്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. മേൽ നിയമ ഭേദഗതി വരുന്നതുവരെ വഖഫ് വസ്തു വില്പനയും, കൈമാറ്റവും ബോർഡനുമതിയോടുകൂടി നടത്താവുന്നതായിരുന്നു. ബോർഡ് അനുമതിയില്ലാതെ നടത്തിയിട്ടുള്ള വില്പന,

വസ്തുകൈമാറ്റം, വഖഫ് വസ്തു അന്യാധീനപ്പെടൽ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്കോ, ബോർഡിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ വഖഫ് നിയമം 52, 54 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വഖഫ് ആക്ട്, സെക്ഷൻ 54 പ്രകാരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കാനുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം കയ്യേറ്റം ഒഴിപ്പിക്കാനുള്ള ഉത്തരവ് വഖഫ് ട്രൈബ്യൂണൽ പുറപ്പെടുവിയ്ക്കേണ്ടതാണ്.

(സി) 2011-16 കാലയളവിൽ സംസ്ഥാനത്ത് ഏതൊക്കെ വഖഫ് ഭൂമിയാണ് ലീസിന് നൽകിയിട്ടുള്ളതെന്നും എത്ര ഭൂമി വീതം എത്ര കാലത്തേയ്ക്ക് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

2011-16 കാലയളവിൽ സംസ്ഥാനത്ത് ലീസിന് നൽകിയിട്ടുള്ള വഖഫ് ഭൂമി, എത്ര ഭൂമി വീതം എത്ര കാലത്തേയ്ക്ക് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നതടക്കമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**തിരുവനന്തപുരം- കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ**

249 (5312) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കന്യാകുമാരി റെയിൽ പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ നിർവ്വഹണത്തിന്റെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

തിരുവനന്തപുരം - കന്യാകുമാരി റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി, തിരുവനന്തപുരം മുതൽ പാറശ്ശാല വരെയുള്ള പൊന്നുംവില നടപടികളിന്മേൽ സർക്കാർ തലത്തിലും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലും കൃത്യമായ ഇടവേളകളിൽ തുടർച്ചയായി അവലോകന യോഗങ്ങൾ നടത്തിവരുന്നു. 26-7-2021-ൽ ചീഫ് സെക്രട്ടറി സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി, ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു. കായിക വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 4-9-2021-ൽ നടത്തിയ ചർച്ചയിലും ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലുള്ള ടി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഘട്ടംഘട്ടമായി സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാതല അവലോകന യോഗങ്ങളിൽ അർത്ഥന അധികാരി, പൊന്നുംവില ഓഫീസർ എന്നിവരുമായി ചർച്ച ചെയ്യുകയും, മാർഗ്ഗനിർദ്ദേശം നൽകുകയും കൂട്ടായ തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്. മൂന്ന ഘട്ടങ്ങളായി തിരിച്ചിട്ടുള്ള ടി ബൃഹത് പദ്ധതിയിൽ ആദ്യ ഘട്ടത്തിന്റെ 11(1) വിജ്ഞാപനം 1-2-2021-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തയ്യാറാക്കുന്ന നടപടികളും സർവ്വേ നടപടികളും പുരോഗമിച്ചു വരുന്നതുമാണ്. ഇതോടൊപ്പം രണ്ടാം ഘട്ടത്തിന്റെ 6(1) വിജ്ഞാപനം പരസ്യപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മൂന്നാം ഘട്ടത്തിന്റേത് ഉൾപ്പെടെ ഇതിൽ ഉൾപ്പെട്ടുവരുന്ന മറ്റ് പദ്ധതികൾക്കായി 23-9-2021-ന് അർത്ഥനാധികാരി ലഭ്യമാക്കിയ ശേഷിക്കുന്ന അർത്ഥനകളിലെല്ലാംതന്നെ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ ധനുവച്ചപുരം ലെവൽ ക്രോസിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി അനുവാദം നൽകുമോ; വ്യക്തമാക്കാമോ?

തിരുവനന്തപുരം - കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി ധനുവച്ചപുരം ലെവൽ ക്രോസിനുമുകളിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള അഭ്യർത്ഥന ലഭിച്ചിട്ടില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണറും ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടില്ലെന്ന് റെയിൽവേ അധികൃതരും അറിയിച്ചിട്ടുണ്ട്.

### മഞ്ചേശ്വരം റെയിൽവേ സ്റ്റേഷനിൽ ഫുട്ട് ഓവർ ബ്രിഡ്ജ്

250 (5313) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം റെയിൽവേ സ്റ്റേഷനിൽ ഫുട്ട് ഓവർ ബ്രിഡ്ജ് സൗകര്യമില്ലാത്തതിനാൽ നിരവധിപേർ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റെയിൽവേ സ്റ്റേഷനിൽനിന്ന് ഇരു ഭാഗത്തേയ്ക്കും ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ വർഷം തന്നെ പ്രസ്തുത ഫുട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിച്ച് യാത്രക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## മൃഗസംരക്ഷണവും ക്ഷീര വികസനവും കർമ്മ പദ്ധതി

251 (5314) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവും ക്ഷീര വികസനവും മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കർമ്മ പരിപാടി രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന നൂതന പദ്ധതികൾ:

വൈക്കോൽ ബെയിലിംഗ് യൂണിറ്റ്: ക്ഷീര സംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയിൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

കറവ പരിശീലനം: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

ഇടുക്കി പാക്കേജ്: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതു ലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം: 50 പശുക്കളിൽ കൂടുതലുള്ള ഡയറി ഫാമുകൾ ആധുനികവൽക്കരണത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

മൃഗസംരക്ഷണ വകുപ്പ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ RKI പദ്ധതിയിലുൾപ്പെടുത്തി ചുവടെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

1. പശുവളർത്തൽ പദ്ധതി - രണ്ട് പശുക്കൾ ഉള്ള ഒരു യൂണിറ്റിന് പശു ഒന്നിന് 30000 രൂപ വീതം സഹായം.

2. ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം - 25000 രൂപ സഹായം.

3. ക്ഷീര മേഖലയിലെ യന്ത്രവൽക്കരണം - പരമാവധി 1,00,000 രൂപ സബ്സിഡി.

4. ശാസ്ത്രീയമായി പശുക്കുട്ടി വളർത്തൽ പദ്ധതി - 4 മുതൽ 32 മാസം വരെ പ്രായമുള്ള പശുക്കുട്ടിക്ക് 12500 രൂപ സഹായം.

(ബി) പ്രസ്തുത മേഖലയിലെ സംരംഭകത്വം, അടിസ്ഥാന സൗകര്യ വികസനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വ്യക്തമാക്കാമോ?

സംരംഭകത്വം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമാക്കി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കാവുന്നതാണ്. അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര

സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിപണനം ചെയ്തു വരുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുനഃസംഘടനയും എന്ന പദ്ധതിയിൽ 2900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫോർ വെറ്ററിനറി സർവ്വീസസ് എന്ന ഘടകത്തിൽ 100 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 50 ലക്ഷം രൂപയും, വെറ്ററിനറി പോളിക്ലിനിക്കുകളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും, ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു.

**മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

252 (5315) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി വഴി മൃഗസംരക്ഷണ മേഖലയിലെ തദ്ദേശീയമായി രൂപപ്പെട്ടുവരുന്ന പ്രോജക്ടുകൾക്ക് വകുപ്പിന്റെ ധനസഹായമായ 5 ലക്ഷം രൂപ വീതം നൽകുന്നു. ടി പദ്ധതി പ്രകാരം അതത് പഞ്ചായത്തുകൾക്ക് വേണമെങ്കിലും വിഹിതം പദ്ധതിക്ക് നൽകാം. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളാണ് മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(ബി)പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ, വിശദാംശം നൽകുമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി നടപ്പിലാക്കുന്നു. 14 പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ നൽകുന്നു. അതത് പഞ്ചായത്തിന് കീഴിലുള്ള മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ

പ്രോജക്ട് രൂപീകരിച്ച് ജില്ല അധ്യക്ഷന്റെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

സംസ്ഥാനതലത്തിൽ 14 ജില്ലകളിലെയും 14 പഞ്ചായത്തുകളിലാണ് മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി നടപ്പിലാക്കിവരുന്നത്. ഓരോ ജില്ലയിലും ജില്ലാമൃഗസംരക്ഷണ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, ചീഫ് വെറ്ററിനറി ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയാണ് പദ്ധതിക്ക് അംഗീകാരം നല്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഓരോ പഞ്ചായത്തുകളിലെയും മൃഗസംരക്ഷണമേഖലയിലെ പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ പദ്ധതികളിൽ താല്പര്യമുള്ളവരെ കണ്ടെത്തി ഗ്രൂപ്പുകളായി തിരിക്കുകയും, ഓരോ വിഭാഗത്തിന്റെയും ആവശ്യപ്രകാരം ഉല്പാദനം, സംഭരണം, വിപണനം, അതുപോലെ ഈ മേഖലയുടെ വളർച്ചയ്ക്ക് വേണ്ട കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളും നല്കിവരുന്നു.

## തീറ്റവിലയിലെ വർദ്ധനവ്

253 (5316) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മാണി സി. കാപ്പൻ :
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിത്തീറ്റയുടെയും കാലിത്തീറ്റയുടെയും അനിയന്ത്രിതമായ വിലവർദ്ധനവ് കാരണം കോഴി കർഷകരും ക്ഷീര കർഷകരും ഈ മേഖലയിൽ നിന്നും പിൻവാങ്ങാൻ സാധ്യതയുണ്ടാകുമെന്നത് പരിഗണിച്ച് സർക്കാർ അടിയന്തര ഇടപെടൽ നടത്തുമോ?

പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡും, സഹകരണ പ്രസ്ഥാനമായ മിൽമയും കാലിത്തീറ്റയുടേയും, കോഴിത്തീറ്റയുടേയും വിപണിയിലെ വില പിടിച്ചു നിർത്തുന്നതിൽ ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കളുടെ വില കൂടിനിന്ന സാഹചര്യത്തിലും മിൽമ വില വർദ്ധിപ്പിക്കാതെ ഗുണനിലവാരമുള്ള തീറ്റ നൽകുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. കർഷകർക്ക് ഗുണമേന്മയേറിയ കോഴിത്തീറ്റ മിതമായ നിരക്കിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിക്കുന്ന ഫാക്ടറിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കോഴിത്തീറ്റ ഉല്പാദിപ്പിക്കാനുപയോഗിക്കുന്ന അസംസ്കൃത വസ്തുവായ സോയാബീനിന്റെ അഭൂതപൂർവ്വമായ വിലക്കയറ്റം കോഴി കർഷകരെ ബാധിച്ച അവസരത്തിൽ സർക്കാരിന്റെ സമയബന്ധിതമായ ഇടപെടൽ മൂലം പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് അതുല്യം ലെയർ, അതുല്യം ഗ്രോവർ, കൈരളി എന്നീ ബ്രാൻഡ് കോഴിത്തീറ്റകൾ വിപണിയിൽ ലഭ്യമാക്കിയിരുന്നു. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയ സാഹചര്യത്തിൽ, ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള നൂതന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വൈക്കോൽ ബെയിലിംഗ് യൂണിറ്റ് പദ്ധതിയും നടപ്പാക്കുന്നുണ്ട്.

**മൃഗസംരക്ഷണ മേഖലയിലെ തൊഴിൽ സാധ്യതകൾ**

254 (5317) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. മാത്യു ടി. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലം തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടാൻ മൃഗസംരക്ഷണ, ക്ഷീരവികസന രംഗങ്ങളിൽ കൂടുതൽ ഉപജീവന മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

കോവിഡ് കാലം തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടുന്നതിനായി ക്ഷീരവികസന വകുപ്പ് ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കാനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപമെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന

പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കോവിഡുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കോവിഡ് 19 - ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക്ഡൗൺ കാലയളവിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്ക് തീറ്റ വാങ്ങുന്നതിന് ദുരന്ത നിവാരണ ഫണ്ടിൽ (SDRF) നിന്ന് 2020-21 സാമ്പത്തിക വർഷം ലഭിച്ച അഞ്ചുകോടി രൂപ തീറ്റ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ആയതു പ്രകാരം അനുവദിച്ചു കിട്ടിയ 5 കോടി രൂപയും സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾക്ക് തീറ്റ നൽകുന്നതിനും കോവിഡുമൂലം നിരീക്ഷണത്തിൽ കഴിയുന്ന കർഷകരുടെ പശുക്കൾക്ക് തീറ്റ നൽകുന്നതിനുമായി വിനിയോഗിച്ചു.

**കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ്**

255 (5318) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ് നടത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ് നടത്തുന്ന പ്രവൃത്തി പൂർണ്ണമായി പൂർത്തീകരിച്ചിട്ടില്ല. ഇതുവരെ 5,31,000 -നുമേൽ ഭവനങ്ങളുടെ ജിയോ മാപ്പിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി മൃഗസംരക്ഷണമേഖലയിൽ പ്രയോജനം ചെയ്യുന്നതല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൃഗസംരക്ഷണ വകുപ്പിലെ ജിയോ മാപ്പിംഗ് സംവിധാനത്തിൽ കർഷക ഭവനങ്ങളെ ഉൾപ്പെടുത്തിയതുമൂലം കർഷകരുടെ ഉരുക്കളെ ബാധിക്കുന്ന പകർച്ച വ്യാധികൾ, മറ്റ് രോഗങ്ങൾ എന്നിവ സംബന്ധിച്ച് സമയബന്ധിതമായി നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതനുസരിച്ച് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജിയോ മാപ്പിംഗ്

സംവിധാനം പൂർത്തിയാക്കുന്നതോടുകൂടി അടിയന്തര മൃഗചികിത്സയടക്കം വിവിധ സർക്കാർ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ ഏതെങ്കിലും മൃഗത്തിന് സാംക്രമിക രോഗബാധയുണ്ടായാൽ നിമിഷ നേരം കൊണ്ട് ടി മൃഗം നിൽക്കുന്ന പ്രദേശത്തിന് ചുറ്റുമുള്ള കർഷകരേയും അവരുടെ ഉരുക്കളേയും തിരിച്ചറിയുന്നതിനുവേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. മാത്രമല്ല ഓരോ വർഷവും ഓരോ പ്രദേശത്തും പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള രോഗങ്ങളെപ്പറ്റി കർഷകർക്ക് മുൻകൂർ വിവരം നൽകാനും ആവശ്യമായ മുൻകരുതൽ സ്വീകരിക്കാനും വകുപ്പിനും സാധിക്കുന്നതാണ്. പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ പ്രസ്തുത വീടുകളിൽ അടിയന്തര സേവനം എത്തിക്കുന്നതിനും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ വകുപ്പിലെ ഏതൊരു ഫീൽഡ് തല ജീവനക്കാരനും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു കർഷകന്റെ വീട്ടിലും ഭൂമിക മൊബൈൽ ആപ്പിന്റെ സഹായത്തോടുകൂടി പരസഹായമില്ലാതെ കൃത്യമായി എത്തിച്ചേരാൻ കഴിയുന്നതാണ്. നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന എമർജൻസി നൈറ്റ് സർവ്വീസിലെ ഡോക്ടർമാർക്ക് സഹായം ആവശ്യമുള്ള കർഷകരുടെ വീട്ടിൽ കൃത്യമായി എത്തിച്ചേരുന്നതിന് ഇത് ഉപകരിക്കുന്നുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

256 (5319) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല.

**കോഴിത്തീറ്റയുടെ വില വർദ്ധനവ്**

257 (5320) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിത്തീറ്റയുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് പുറത്തിറക്കുന്ന അതുല്യം ലെയർ, അതുല്യം ഗ്രോവർ, കൈരളി എന്നീ ബ്രാൻഡ് കോഴിത്തീറ്റകൾ വിപണിയിൽ വിലക്കുറവിൽ ലഭ്യമാണ്. കൂടാതെ കർഷകർക്ക് ഗുണമേന്മയേറിയ കോഴിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിക്കുന്ന കോഴിത്തീറ്റ ഉല്പാദന ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) കടക്കെണിയിലായ കോഴി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി നിലവിലുണ്ട്.

**വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ**

258 (5321) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

37.

(ബി) ഡോക്ടർമാരെ നിയമിക്കാത്തതിനാൽ ഏതെങ്കിലും വെറ്ററിനറി ആശുപത്രികളുടെ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

ഇല്ല.

(സി) വെറ്ററിനറി ആശുപത്രികളിൽ മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മൃഗാശുപത്രികളിൽ മരുന്നുകൾ വകുപ്പ് തലത്തിൽ വിതരണം ചെയ്യുന്നതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത ഫണ്ടുപയോഗിച്ചും മരുന്ന് വാങ്ങാറുണ്ട്. ഇത്തരത്തിൽ മരുന്ന് വാങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കുടപ്പനക്കുന്നിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഫാർമസി

259 (5322) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിച്ചുവരുന്ന മൃഗസംരക്ഷണ വകുപ്പിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഒരു റഫറൽ ആശുപത്രിയും, പൊതുമേഖലയിൽ സംസ്ഥാനത്ത് ഇത്തരത്തിലുള്ള ആദ്യ സംരംഭവുമാണ്. മൂന്നു ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന റഫറൽ ആശുപത്രിയാണെങ്കിലും ഗുരുതര രോഗങ്ങൾ, അപകടങ്ങളിൽപ്പെടുന്ന മൃഗങ്ങൾ എന്നിവയ്ക്ക് റഫറൻസ് ഇല്ലാതെയും ചികിത്സ നൽകുന്നുണ്ട്. ഇവിടെ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. മെഡിസിൻ, സർജറി, ഗൈനക്കോളജി വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള ചികിത്സയും ശസ്ത്രക്രിയകളും നടത്തപ്പെടുന്നു.

2. ഒരു വെറ്ററിനറി പത്തോളജിസ്റ്റിന്റെ നേതൃത്വത്തിൽ ഇവിടെ ചികിത്സയ്ക്കെത്തുന്ന മൃഗങ്ങളുടെ പരിശോധനയ്ക്കായി ലബോറട്ടറി സൗകര്യം.

3. ഡിജിറ്റൽ എക്സ്റേ സംവിധാനം.

4. ഇലക്ട്രോ കാർഡിയോഗ്രാം.

5. അൾട്രാസൗണ്ട് സ്കാനിംഗ് വിത്ത് കളർ ഡോപ്ലർ.

6. ഫാർമസി.

(ബി) ഈ ആശുപത്രിയിൽ ഫാർമസി പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ആശുപത്രിയിൽ എത്തുന്ന മൃഗങ്ങളുടെ ചികിത്സയ്ക്കായി, ഫണ്ടിന്റെ ലഭ്യത അനുസരിച്ചുള്ള മരുന്നുകൾ വാങ്ങി ശേഖരിച്ച് ഉപയോഗിക്കുന്നതിന് ഒരു ഫാർമസി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഫാർമസി ഉടനടി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ ആശുപത്രിയിലെ ചികിത്സയ്ക്കാവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനാവശ്യമായ ഫണ്ടിന്റെ വലിയ അപര്യാപ്തത നിലവിലുണ്ട്. ഈ സാഹചര്യത്തിൽ പൊതു ജനങ്ങൾക്ക് ഇവ ലഭ്യമാക്കാൻ ഒരു ന്യായവില മരുന്നു കട (ഫെയർ പ്രൈസ് മെഡിക്കൽ ഷോപ്പ്) തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി ഒരു ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപികരിക്കേണ്ടതുള്ളതിനാൽ ആയതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ വെറ്ററിനറി ഡോക്ടർമാരുടെ അപര്യാപ്തത**

260 (5323) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ വളർത്തുമൃഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായാണോ മൃഗാശുപത്രികളിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നതെന്ന് അറിയിക്കാമോ; എങ്കിൽ അനുപാതം എത്രയെന്ന് വിശദമാക്കാമോ?

പഞ്ചായത്തുകളിലെ വളർത്തുമൃഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായല്ല മൃഗാശുപത്രികളിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നത്.

(ബി) കന്നുകാലികളടക്കമുള്ള വളർത്തുമൃഗങ്ങൾ കൂടുതലുള്ള പഞ്ചായത്തുകളിൽ മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് അമിതജോലിഭാരം അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെറ്ററിനറി ഡോക്ടർമാർ അടക്കമുള്ള കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതുതായി വെറ്ററിനറി സബ് സെന്ററുകൾ ആരംഭിച്ചും നിലവിലുള്ള സബ് സെന്ററുകൾ അപ്ഗ്രേഡ് ചെയ്തും പുനർവിന്യാസം നടത്തിയും പ്രസ്തുത പ്രതിസന്ധി പരിഹരിക്കാനാകുമോയെന്ന് വിശദമാക്കാമോ?

ഈ വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ഡി) നിലമ്പൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ മൃഗ സംരക്ഷണ വകുപ്പ് ജീവനക്കാരുടെ എണ്ണവും അനുവദിച്ചുള്ള തസ്തികകളും നിലവിലുള്ള ഒഴിവുകളുടെ എണ്ണവും അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൃഗാശുപത്രികളിലെ എൻ.എച്ച്.എം. ഫണ്ടിന്റെ ലഭ്യത

261 (5324) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ മൃഗാശുപത്രികളിൽ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് പദ്ധതികളൊന്നും നടപ്പാക്കി വരുന്നില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള മൃഗാശുപത്രികളിൽ എൻ.എച്ച്.എം. ഫണ്ട് ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കീഴിലുള്ള മൃഗാശുപത്രികളിൽ പദ്ധതികളൊന്നും നടപ്പാക്കി വരുന്നില്ല.

(സി) നിലവിൽ എൻ.എച്ച്.എം. ഫണ്ട് പ്രസ്തുത ആശുപത്രിക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുത ഫണ്ട് ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി നിലവിൽ പരിഗണനയിലില്ല.

## വെറ്ററിനറി ഡോക്ടർമാരുടെ സേവനം

262 (5325) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽകാലിക വെറ്ററിനറി ഡോക്ടർമാരുടെ രാത്രികാല സേവനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകാനാണ് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് 2020-21 വർഷം മുതൽ എല്ലാ ബ്ലോക്കുകളിലും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം

സേവനം ലഭിക്കുക. അടിയന്തര ജീവൻ രക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നു. കർഷകരുമായി ബന്ധപ്പെടുന്നതിനാവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കാൻ തുക അനുവദിക്കുന്നു. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം, കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നു. വെറ്ററിനറി ഡോക്ടർമാരുടെ രാത്രികാലസേവനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി വെറ്ററിനറി ഡോക്ടർമാരുടെ അഭാവമുള്ളിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും വെറ്ററിനറി സർജൻമാരെ ലഭ്യമായില്ലെങ്കിൽ വാക്ക് ഇൻ ഇന്റർവ്യൂ വഴി ഈ ഒഴിവുകൾ നികത്താനും പ്രസ്തുത നിയമനം 90 ദിവസത്തിൽ കവിയരുതെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും വെറ്ററിനറി സർജൻമാരെ ലഭിക്കുന്ന അവസരത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ വഴി നിയമിച്ച വെറ്ററിനറി ഡോക്ടർമാരുടെ സേവനം അടിയന്തരമായി അവസാനിപ്പിക്കേണ്ടതാണെന്നും എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്ഥിരം വെറ്ററിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 31 വെറ്ററിനറി സ്ഥാപനങ്ങളിൽ 24 മണിക്കൂർ സേവനം ഏർപ്പെടുത്തിയതിലൂടെ ടി സ്ഥാപനങ്ങളിൽ സ്ഥിരം വെറ്ററിനറി ഡോക്ടർമാരുടെ സേവനം 2 ഷിഫ്റ്റുകളിലായി രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും തുടർന്ന് രാത്രി കാല വെറ്ററിനറി ഡോക്ടർമാരുടെ സേവനവും നൽകിവരുന്നു.

## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ നിയമനം

263 (5326) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ വിവിധ ജില്ലകളിലെ അനുപാത വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് കാരണം എന്തെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ നിയമനം ജില്ലാതല നിയമനമായതിനാൽ, ടി തസ്തികയിൽനിന്നും ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികകളിലേയ്ക്ക് സംസ്ഥാനതല സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച് ജീവനക്കാർ അതാത് ജില്ലകളിൽ തുടരുകയും, എൻട്രി കേഡറായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ

ഗ്രേഡ് II ലെ ഒഴിവുകൾ കൂടാതെ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികകളിലുണ്ടാകുന്ന എല്ലാ ഒഴിവുകളും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവായി കണക്കാക്കി ജില്ലകളിൽനിന്നും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒരു നടപടിയായിരുന്നു സ്വീകരിച്ചു വന്നിരുന്നത്. വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II, ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ ആകെ അനുവദനീയ തസ്തികകൾ 2779 ആണ്. അതിൽ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികകൾ 1388 ആണ്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികകളിലെ ജീവനക്കാർക്ക് സംസ്ഥാനതല പൊതുസ്ഥലംമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് ടി തസ്തികയിലെ ചുരുക്കം ചില ജീവനക്കാർ ശ്രീമതി റംല. എൻ. എസ്. മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (E) 738/2017 നമ്പർ കേസ് ഫയൽ ചെയ്യുകയും, ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 11-4-2018 -ലെ OA No.738/2017 കേസിലെ ഉത്തരവ് പ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ എന്നീ വിഭാഗങ്ങൾക്ക് സംസ്ഥാനതലത്തിൽ പൊതുസ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഡയറക്ടർക്ക് വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ടി ഉത്തരവിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

(i) സംസ്ഥാനതല തസ്തികകളായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ എന്നീ തസ്തികയിലെ ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റം അനുവദിക്കണം.

(ii) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II പ്രമോഷൻ വേക്കൻസി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയും, നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികയിലെ ഒഴിവിൽ പ്രമോഷൻ നടത്താതെ ടി ഒഴിവ് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II വേക്കൻസിയായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടി അവസാനിപ്പിക്കണം.

(iii) സംസ്ഥാനതല കേഡർ സ്ട്രെങ്ത്തിനനുസരിച്ച് ജില്ലാ തലത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ എന്നിവരുടെ കേഡർ സ്ട്രെങ്ത് ഫിക്സ് ചെയ്യണം. ടി ഉത്തരവിനെതിരെ ബഹു.കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട OP(KAT)247/2018 കേസിൽ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന് ഇടക്കാല സ്റ്റേ അനുവദിച്ചെങ്കിലും, ബഹു.ഹൈക്കോടതി 12-11-2019 -ൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ടി ഉത്തരവിനെതിരെ ബഹു.സുപ്രീം

കോടതിയിൽ ഫയൽ ചെയ്യപ്പെട്ട SLP(C)6348/2020 നമ്പർ കേസും 16-2-2020-ലെ ഉത്തരവ് പ്രകാരം ബഹു.സുപ്രീംകോടതി dismiss ചെയ്തിട്ടുള്ളതുമാണ്. OP(KAT)247/2018 കേസിൽ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12-11-2019 -ലെ ഉത്തരവിൽ , O.P(KAT) Nos.256 and 312 of 2018 are allowed, deleting the portions where the Tribunal exceeds its jurisdiction insofar as directing the State to fix seniority District-wise in different categories of posts discernible from the General Rules. We affirm the order of the Tribunal with respect to the LSI Grade-I being a State-wise post. We set aside the directions otherwise as to how the seniority has to be fixed in the different categories of posts as per the Special Rules; which is the prerogative of the State and the anomalies if any have not arisen for adjudication in the instant O.As എന്ന് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ CP(C)EKM No.153/2019 in OA (EKM)1227/19 കോടതി അലക്ഷ്യ ഹർജി ഒഴിവാക്കുന്നതിനും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികയിലെ ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിനുമായി വകുപ്പിലെ LI Gr I & AFO തസ്തികയിലെ ജീവനക്കാർക്ക് സംസ്ഥാനതല പൊതുസ്ഥലംമാറ്റം അനുവദിച്ചതിൻപ്രകാരം ജില്ലകളിലെ LI Gr II തസ്തികകളുടെ (ജില്ലാതല തസ്തിക) എണ്ണം നിജപ്പെടുത്തുകയും, LI Gr I & AFO തസ്തികയിലെ (സംസ്ഥാനതലം) ഒഴിവുകൾ LI Gr II ഒഴിവായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടി അവസാനിപ്പിക്കുന്നതിനും, പകരം LI Gr II ഒഴിവുകൾ മാത്രം പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും 11-02-20-ലെ സ.ഉ(സാധാ)46/2020/ എ.എച്ച്.ഡി. നമ്പർ പ്രകാരം ഉത്തരവാകുകയുണ്ടായി. ആയതനുസരിച്ചുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിക്കുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പുറത്തിറക്കിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം അനുപാത ക്രമീകരണത്തിനായി പുറത്തിറക്കിയ ഉത്തരവ് ഉദ്യോഗാർത്ഥികളെ ബാധിക്കുന്നതിനെതിരെ വകുപ്പിന് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ വകുപ്പ് പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ വരാൻ പോകുന്ന ജില്ലാതല റാങ്ക് ലിസ്റ്റുകളിൽനിന്നും അതാത് ജില്ലകളിലെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തി ഉദ്യോഗാർത്ഥികളെ അനുപാത ക്രമീകരണത്തിന്റെ ഭാഗമായി പുനർവിന്യസിക്കാമെന്നിരിക്കേ ചില ജില്ലകളിൽ പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികൾക്ക് നിയമന നിരോധനം ഏർപ്പെടുത്തുന്ന തരത്തിലുള്ള മൃഗസംരക്ഷണ വകുപ്പിന്റെ നടപടി പിൻവലിക്കുന്നതിനുള്ള നിർദ്ദേശം നൽകാമോ?

11-2-2020-ലെ സ.ഉ.(സാധാ)നമ്പർ 46/2020/AHD ലെ നിർദ്ദേശം (iv) പ്രകാരം അതായത്, "പ്രൊമോഷനിലും, LI Gr I/AFO തസ്തികയിലെ ജീവനക്കാർക്ക് സംസ്ഥാനതല പൊതുസ്ഥലംമാറ്റം നൽകുമ്പോഴും, LI Gr II : Gr I + AFO അനുപാതം ജില്ലകളിൽ 1:1 അനുപാതത്തിന് പുറത്താണെങ്കിൽ, ഡി.ആർ.ബി. ചട്ടം ലംഘിച്ച് LI Gr II മാരെ നിയമിക്കാതിരിക്കാൻ LI Gr II അനുപാതം 1:1 അനുപാതത്തിന് മുകളിലുള്ള ജില്ലകളിൽ LI Gr II മാരെ 1:1 അനുപാതത്തിന് മുകളിൽ തൽകാലത്തേയ്ക്ക് നിലനിർത്താനും, ടി കുറവ് പരിഹരിക്കുന്നതിന് LI Gr II മാരുടെ എണ്ണം 1:1 അനുപാതത്തിനുതാഴെയുള്ള മറ്റ് ജില്ലകളിൽ LI Gr II എണ്ണം കഴിഞ്ഞ് നിലനിൽക്കുന്ന ഒഴിവിലേയ്ക്ക് സംസ്ഥാനതല തസ്തികയിലെ ജീവനക്കാരെ (LI Gr I & AFO) 1:1 അനുപാത പരിധി കഴിഞ്ഞ് തൽകാലത്തേയ്ക്ക് നിലനിർത്താനും, അപ്രകാരം ഇപ്പോൾ LI Gr II: Gr I + AFO തസ്തികകളിൽ എണ്ണത്തിൽ വ്യത്യാസമുള്ള ജില്ലകളിൽ കാലക്രമേണ 1:1 അനുപാതവ്യത്യാസം പരിഹരിക്കാവുന്നതുമാണ്. നിലവിലെ LI Gr II ഒഴിവുകൾ റേഷ്യോ പാലിച്ചുകൊണ്ട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഡയറക്ടർതലത്തിൽ സ്വീകരിച്ചുവരുന്നു.

(ഡി) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ഉത്തരവിന്റെ ഭാഗമായി പ്രമോഷൻ, റിട്ടയർമെന്റ്, മറ്റ് കാരണങ്ങൾ എന്നിവയാൽ ഒരു ജില്ലയിലുണ്ടായ ഒഴിവുകൾ മറ്റേതെങ്കിലും ജില്ലകളിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

20-8-2021-ലെ AHD/1299/2021- K4 നമ്പർ പ്രൊമോഷൻ മുഖേനയുണ്ടായ ആകെ 34 ഒഴിവുകളിൽ (LI Gr II), 17 ഒഴിവുകൾ അതാത് ജില്ലകളിൽ റേഷ്യോ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (യഥാക്രമം, കൊല്ലം - 6, പത്തനംതിട്ട - 3, ആലപ്പുഴ - 1, ഇടുക്കി - 4, പാലക്കാട് - 1, വയനാട് - 1); ബാക്കിയുള്ള 17 ഒഴിവുകൾ, അതായത് റേഷ്യോ പ്രകാരം LI Gr II excess ആയിട്ടുള്ള ജില്ലകളിലെ, LI Gr II - Gr I ആയി പ്രൊമോഷനായതിലൂടെ ഉണ്ടായവയാണ്. ടി ജീവനക്കാരെ Gr I ആയി അതാത് ജില്ലകളിൽ

നിലനിർത്തിയിട്ടുള്ളതിനാൽ (റേഷ്യോ ക്രമീകരിക്കുന്നതിന്) ടി ഒഴിവ് വീണ്ടും excess ആയ ജില്ലയിൽ നികത്താൻ DRB ചട്ടപ്രകാരം നിർവ്വാഹമില്ല.

(ഇ) പ്രസ്തുത തസ്തികയിൽ അതാത് ജില്ലകളിലുണ്ടാകുന്ന ഒഴിവ് അതാത് ജില്ലാ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യുന്നതിനും അതാത് ജില്ലയിൽ നിലവിൽ വരാൻ പോകുന്ന റാങ്ക് പട്ടികയിൽനിന്ന് നിയമനം നടത്തുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ റേഷ്യോ പ്രകാരം ഡി.ആർ.ബി. ചട്ടങ്ങൾ പാലിച്ചുകൊണ്ട് അതാത് ജില്ലകളിലെ പി.എസ്.സി. യിലാണ് റിപ്പോർട്ട് ചെയ്തുവരുന്നത്.

**കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം**

264 (5327) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ?

2018 -ലെ പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകളുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ 95 സ്ഥാപനങ്ങളിൽ കേടുപാടുകൾ ഉണ്ടായതുമൂലം 23 കോടിയുടെ നഷ്ടമുണ്ടായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം 21,99,47,640 രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2,68,13,400 രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65,80,000 രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി. 2019 -ലെ പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിൽ 294 പശുക്കൾ, 101 കിടാരികൾ, 60 എരുമകൾ, 475 ആടുകൾ, 381723 കോഴികൾ, 6466 താറാവുകൾ, 66 മുയലുകൾ എന്നിവയും 847 കാലിത്തൊഴുത്തുകൾ പൂർണ്ണമായും, 3693 തൊഴുത്തുകൾ ഭാഗികമായും നഷ്ടപ്പെട്ടു.

87 കോഴി ഷെഡ്ഡുകളും, 32 ആട് ഷെഡ്ഡുകളും നഷ്ടപ്പെട്ടിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് 2019 -ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019- ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടിരൂപ ധനസഹായമായി വിതരണം ചെയ്തു.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2018-ൽ പ്രളയവുമായി ബന്ധപ്പെട്ട് നാളിതുവരെ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം (21,99,47,640 രൂപ) ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തു. കൂടാതെ 2,68,13,400 രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് (3.01 കോടി രൂപ) ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തു.

## പാൽ ഉല്പാദന രംഗത്ത് പുതിയ പദ്ധതികൾ

265 (5328) ശ്രീ. തോമസ് കെ. തോമസ് :
ശ്രീ. കെ.പി.മോഹനൻ :
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ മികച്ചയിനം പശുക്കളെയും എരുമകളേയും കർഷകർക്ക് നല്കുവാൻ പുതിയ പദ്ധതി ആവിഷ്കരിക്കുമോയെന്ന് അറിയിക്കാമോ?

ക്ഷീരമേഖലയിൽ ഭാവിയിലേയ്ക്ക് ആവശ്യമായ കാലിസമ്പത്ത് സംസ്ഥാനത്തുതന്നെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷം മുതൽ കിടാരി പാർക്ക് പദ്ധതിക്ക് തുടക്കമിട്ടു. നിലവിൽ 4 കിടാരി പാർക്കുകളിലായി 300 കിടാരികളെ വളർത്തുന്നു. ശാസ്ത്രീയപരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽനിന്ന് ആരോഗ്യകരവും അത്യുല്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ പദ്ധതി

സഹായിക്കുന്നു. നാളിതുവരെ 4 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 68.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കിടാരികൾ പ്രസവിച്ച് കറവപശുക്കളാകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കർഷകർക്ക് മിതമായ വില ഈടാക്കി നൽകുകയാണ് ചെയ്യുന്നത്. കൂടാതെ ഇതര സംസ്ഥാനങ്ങളിൽനിന്നും എരുമകളെയും പശുക്കളെയും വാങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു+ 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി) എന്നിവയാണ് പദ്ധതികൾ.

(ബി) കുടുംബശ്രീയിലെ അയൽക്കൂട്ടങ്ങൾക്ക് ഡയറി ഫാമുകൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡയറി ഫാമുകൾ ആരംഭിക്കാൻ സന്നദ്ധരാകുന്ന അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക സ്ഥിതി, ഫാം നടത്താനുള്ള സൗകര്യം, മറ്റ് അവശ്യ ഘടകങ്ങൾ എന്നിവ വിലയിരുത്തിയ ശേഷമേ ഇത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പദ്ധതികൾ**

266 (5329) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗോസമൃദ്ധി പദ്ധതിയിലൂടെ എത്ര പശുക്കളെയാണ് നാളിതുവരെ ഇൻഷ്വർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; ഈ പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ നടപടിയുണ്ടാകുമോയെന്ന് അറിയിക്കാമോ?

2017 മുതൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിലൂടെ പശു, എരുമ വിഭാഗത്തിലുള്ള 1,58,777 ഉരുക്കളെ നാളിതുവരെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പഞ്ചായത്തിലെ കന്നുകാലികളുടെ എണ്ണത്തിന് ആനുപാതികമായ പ്രീമിയം സബ്സിഡി തുക വകുപ്പിന്റെ മൃഗാശുപത്രികളിൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ ടി പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലുമുള്ള മൃഗാശുപത്രികളിലും ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് ക്ഷീര കർഷകരെയും കന്നുകാലികളെയും ഉൾപ്പെടുത്തിയ ക്ഷീരസാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃശ്ശൂർ ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി

267 (5330) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

2016-17-ൽ വെള്ളാങ്കല്ലൂർ, 2017-18-ൽ ചാഴൂർ, 2018-19-ൽ കോലഴി, 2020-21-ൽ പാണഞ്ചേരി, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുരുവായൂർ മണ്ഡലത്തിൽ നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി)പ്രസ്തുത മണ്ഡലത്തിലെ മൃഗാശുപത്രികൾ/ഡിസ്പെൻസറികളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ മൃഗാശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവ ചുവടെ ചേർക്കുന്നു.

(1) ചാവക്കാട് വെറ്ററിനറി ഹോസ്പിറ്റൽ.

(2) കടപ്പുറം വെറ്ററിനറി ഡിസ്പെൻസറി.

(3) പൂക്കോട് വെറ്ററിനറി ഡിസ്പെൻസറി.

(4) ഗുരുവായൂർ വെറ്ററിനറി ഡിസ്പെൻസറി.

(5) ഒരുമനയൂർ വെറ്ററിനറി ഡിസ്പെൻസറി.

(6) പുന്നയൂർ വെറ്ററിനറി ഡിസ്പെൻസറി.

(7) പുന്നയൂർക്കുളം വെറ്ററിനറി ഡിസ്പെൻസറി.

(8) ഏങ്ങണ്ടിയൂർ വെറ്ററിനറി ഡിസ്പെൻസറി.

(9) വൈലത്തൂർ വെറ്ററിനറി ഡിസ്പെൻസറി.

(10) തൈക്കാട് വെറ്ററിനറി ഡിസ്പെൻസറി.

മൃഗസംരക്ഷണ വകുപ്പിന്റെ 4,32,000 രൂപയുടെ ഫണ്ട് ഉപയോഗിച്ച് പുന്നയൂർക്കുളം വെറ്ററിനറി ഡിസ്പെൻസറിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## കോവിഡ് സമാശ്വാസ കാലിത്തീറ്റ ധനസഹായ പദ്ധതി

268 (5331) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതി 2021-22 പ്രകാരമുള്ള കോവിഡ് സമാശ്വാസ കാലിത്തീറ്റ ധനസഹായ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2021-22-ലെ ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതി പ്രകാരമുള്ള 11.23 കോടി രൂപയുടെ പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 2.04 ലക്ഷം ക്ഷീരകർഷകർക്ക് 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

2020-21-ൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 11.83 കോടി രൂപ ചെലവഴിച്ച് 1.82 ലക്ഷം കർഷകർക്ക് 2.95 ലക്ഷം ചാക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. 2021-22-ൽ കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജ് നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ എത്ര രൂപയുടെ കാലിത്തീറ്റയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

3,46,840 രൂപയുടെ കാലിത്തീറ്റയാണ് മണലൂർ മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുള്ളത്.

## പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

269 (5332) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പശുവളർത്തൽ പദ്ധതി - (രണ്ട് പശുക്കൾ ഉള്ള ഒരു യൂണിറ്റിന് പശു ഒന്നിന് 30000 രൂപ വീതം സഹായം).

2. കാലിത്തീറ്റ നൽകൽ പദ്ധതി- (ഒരു യൂണിറ്റിന് 1000 രൂപ വീതം 6 മാസത്തേയ്ക്ക് 6000 രൂപ സഹായം).

3. ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം- (25000 രൂപ).

4. ക്ഷീര മേഖലയിലെ യന്ത്രവൽക്കരണം - (പരമാവധി 1,00,000 രൂപ സബ്സിഡി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും പഞ്ചായത്ത് തലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാനത്തെ പ്രതിവർഷ പാൽ ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പ്രതിവർഷ പാൽ ഉല്പാദനം 25.42 ലക്ഷം മെട്രിക് ടൺ ആണ്.

(സി) സംസ്ഥാനത്തെ പ്രതിവർഷ പാൽ ഉപഭോഗം എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പ്രതിദിന പാൽ ഉപഭോഗം ശരാശരി 87.5 ലക്ഷം ലിറ്റർ ആണ്. പ്രതിവർഷം കണക്കാക്കുമ്പോൾ ഏകദേശം 31937.5 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്തിന് ആവശ്യമായി വരുന്നു.

**ക്ഷീരഗ്രാമം പദ്ധതി**

270 (5333) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരഗ്രാമം പദ്ധതി എവിടെയൊക്കെ അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

നാളിതുവരെ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ വിവരം നിയോജകമണ്ഡലം തിരിച്ച് അനുബന്ധമായി ചേർക്കുന്നു*

**ചാത്തന്നൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

271 (5334) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷീരഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ 6 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1800 ലിറ്റർ പാൽ ശരാശരി സംഭരിച്ചുകൊണ്ടിരുന്ന ഈ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയതിനുശേഷം ദിനംപ്രതി ശരാശരി 3300 ലിറ്റർ പാൽ ശേഖരിക്കാൻ കഴിഞ്ഞു. നിലവിൽ പഞ്ചായത്തിന്റെ പാലുൽപ്പാദനം മെച്ചപ്പെടുകയും ഗുണഭോക്താക്കളെല്ലാം പശുവളർത്തൽ ഒരു പ്രധാന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപജീവനമാർഗ്ഗമായി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഇത്തരത്തിലുള്ള നൂതന പദ്ധതികളിൽ ആകൃഷ്ടരായി വളരെയധികം പുതിയ സംരംഭകരും കർഷകരും ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാക്കിയ വിവിധ ആനുകൂല്യങ്ങൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) പ്രസ്തുത പദ്ധതി കൂടുതൽ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിന് ക്ഷീര വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ക്ഷീരവൃത്തിക്കനുയോജ്യമായ പഞ്ചായത്തുകളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്.

**മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി**

272 (5335) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖലയിലേയ്ക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനായി ആരംഭിച്ച മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ പാലുല്പാദനം മെച്ചപ്പെടുകയും ഗുണഭോക്താക്കളെല്ലാം പശുവളർത്തൽ ഒരു പ്രധാന ഉപജീവനമാർഗ്ഗമായി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ നൂതന പദ്ധതികളിൽ ആകൃഷ്ടരായി വളരെയധികം പുതിയ സംരംഭകരും കർഷകരും ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പുതിയ സംരംഭകർക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ?

മിൽക്ക്ഷെഡ് ഡെവലപമെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. മിൽക്ക് ഷെഡ് ഡെവലപമെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്.

(സി) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻഗണന നൽകുന്നത് പശുവളർത്തൽ ഉപജീവനമായി സ്വീകരിച്ചിട്ടുള്ള ക്ഷീരകർഷകർ, വനിതാ ക്ഷീരകർഷകർ, ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീരകർഷകർ എന്നിവർക്കാണ്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ കന്നുകാലി സമ്പത്തിലും പാലുല്പാദനത്തിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്ന ഉരുക്കളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് എത്തിക്കുന്നത്. ഉല്പാദനക്ഷമത കൂടിയ പശുക്കളെയാണ് വകുപ്പ് മുഖേന ധനസഹായത്തോടെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഈ പദ്ധതിയിൽ വാങ്ങുന്നത്. ഇത് സംസ്ഥാനത്തിന്റെ കാലിസമ്പത്തിനോടൊപ്പം പാലുല്പാദനവും വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്നു.

(ഇ) യുവ ക്ഷീരകർഷകരെ ഈ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

യുവ ക്ഷീരകർഷകരെ ആകർഷിക്കുന്നതിനും സംരംഭകത്വം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമാക്കിയും ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപമെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം

ലഭിക്കുന്നതാണ്. അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നു. കൂടാതെ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു.

## വർക്കല മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി

273 (5336) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചിറയിൻകീഴ്, അഴൂർ, വെമ്പായം, കരകുളം, വിളപ്പിൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വർക്കല മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ക്ഷീരവൃത്തിക്ക് അനുയോജ്യമായ പഞ്ചായത്തുകളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്.

## പൂഞ്ഞാർ മണ്ഡലത്തിലെ ക്ഷീരവികസന പ്രവർത്തനങ്ങൾ

274 (5337) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

മിൽക്ക്ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധന സഹായ പദ്ധതികൾ, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ഗുണനിലവാര ലാബുകളുടെ ശാക്തീകരണം, ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ്, കാറ്റിൽ ഫീഡിംഗ് സബ്സിഡി പദ്ധതികൾ കൂടാതെ ക്ഷീരകർഷക ക്ഷേമനിധി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ തുടങ്ങിയ പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്തുകളൊന്നും ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

(സി) പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ക്ഷീരവൃത്തിക്കനുയോജ്യമായ പഞ്ചായത്തുകളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്.

**ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീര സംഘങ്ങൾ**

275 (5338) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ക്ഷീര വികസന വകുപ്പ് മുഖാന്തരം തീറ്റപ്പുൽകൃഷി വികസന പദ്ധതിക്കായി 10,61,000 രൂപയും, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിക്കായി 36,86,000 രൂപയും, ക്ഷീരസംഘങ്ങളുടെ നവീകരണത്തിനായി 12,04,000 രൂപയും, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 57,200 രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. ആയതുപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര സംഘങ്ങളുടെയും ക്ഷീര കർഷകരുടെയും എണ്ണം ലഭ്യമാക്കാമോ?

മാനദണ്ഡങ്ങൾക്കനുസൃതമായി പുതിയ ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നതിന് തടസ്സമില്ല. തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര സംഘങ്ങളുടെയും ക്ഷീര കർഷകരുടെയും എണ്ണം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

276 (5339) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അനുബന്ധം 'എ' ആയും* ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അനുബന്ധം 'ബി ' ആയും ചേർത്തിരിക്കുന്നു*

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ ക്ഷീര ഗ്രാമം പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

## ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം

277 (5340) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കോവിഡ് സമാശ്വാസമായി ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്ത വകയിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം 1,35,08,800 രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 1,08,56,000 രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) എത്ര ബാഗ് കാലിത്തീറ്റയാണ് ഈ പദ്ധതി പ്രകാരം ചെലവഴിച്ചതെന്നും ഓരോ ബ്ലോക്കിലും എത്ര കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി

278 (5341) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശാസ്താംകോട്ട, തൈക്കാട്ടുശ്ശേരി, ഭരണിക്കാവ്, മാവേലിക്കര, ചേർപ്പ്, വടക്കാഞ്ചേരി, പഴയന്നൂർ, ചൊവ്വന്നൂർ, ചാവക്കാട്, ആലത്തൂർ, അട്ടപ്പാടി, ചിറ്റൂർ, കൊല്ലങ്കോട്, കുഴൽമന്ദം, മലമ്പുഴ, മണ്ണാർക്കാട്, നെന്മാറ, ഒറ്റപ്പാലം, പാലക്കാട്, പട്ടാമ്പി, ശ്രീകൃഷ്ണപുരം, തൃത്താല, നീലേശ്വരം, പരപ്പ, കാഞ്ഞങ്ങാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൊഴിൽ കാർഡുള്ള കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, പശു വളർത്തൽ ഉപജീവനമാക്കിയവർ എന്നിവർക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ടി പദ്ധതി നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**കർഷകർക്ക് വിതരണം ചെയ്യുന്ന പശുക്കളുടെ പരിപാലനം**

279 (5342) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന പശുക്കളെ അവ ലഭിക്കുന്ന കർഷകർ കൃത്യമായി പരിപാലിക്കുന്നുണ്ടോയെന്ന് വകുപ്പ് പരിശോധന നടത്താറുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) കർഷകർക്ക് വിതരണം ചെയ്യുന്ന പശുക്കളെ എത്ര വർഷം വളർത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കർഷകർക്ക് വിതരണം ചെയ്യുന്ന പശുക്കളെ കുറഞ്ഞത് 3 വർഷം വളർത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) കർഷകർക്ക് വിതരണം ചെയ്യുന്ന പശുക്കളെ ഇറച്ചിക്കായി കൈമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

## തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം

280 (5343) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭരണസമിതിക്ക് നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് കേരള സഹകരണ സംഘം നിയമപ്രകാരം അധികാരവും അവകാശവുമുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയന്റെ ഭരണച്ചുമതല 16-2-2021 മുതൽ അഡ്മിനിസ്ട്രേറ്റർ ഏറ്റെടുക്കുകയും തുടർന്ന് 1-6-2021-ൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ഭരണച്ചുമതല കൈമാറുകയും ചെയ്തു. കേരള സഹകരണ നിയമം വകുപ്പ് 33 (1A) 2 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കുണ്ട്.

(ബി) കേരള സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി ഭരണ സമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയെ അധികാരമേല്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി ഭരണസമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ റദ്ദ് ചെയ്തിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പിന് തൊട്ടുമുൻപുള്ള പൊതുയോഗത്തിൽ ബൈലോ ഭേദഗതി വരുത്തി പൊതുയോഗം അംഗീകരിക്കുകയും കൂടാതെ, കേരള സഹകരണ സംഘം നിയമം വകുപ്പ് 28 (1k) പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട ഭരണസമിതി അംഗങ്ങളുടെ ജില്ലാ പ്രാതിനിധ്യവും, സംവരണവും (5 ജനറൽ, 3 വനിത, 1 SC/ST) തീരുമാനിച്ച് പൊതുയോഗത്തിന്റെ അംഗീകാരം ലഭിച്ചിരിക്കേണ്ടതുമാണ്. പൊതു യോഗത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് ഭരണസമിതി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കേണ്ടത്.

(സി) ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി അറിയിക്കാമോ; തെരഞ്ഞെടുപ്പ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഭരണസമിതി തെരഞ്ഞെടുപ്പ് തീയതി തീരുമാനിച്ചിട്ടില്ല. തെരഞ്ഞെടുപ്പിന് തൊട്ടുമുൻപുള്ള പൊതുയോഗത്തിൽ ബൈലോ ഭേദഗതി വരുത്തി പൊതുയോഗം അംഗീകരിക്കുകയും കൂടാതെ, കേരള സഹകരണ സംഘം നിയമം വകുപ്പ് 28 (1k) പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട ഭരണസമിതി അംഗങ്ങളുടെ ജില്ലാ പ്രാതിനിധ്യവും സംവരണവും (5 ജനറൽ, 3 വനിത, 1 SC/ST) തീരുമാനിച്ച് പൊതു യോഗത്തിന്റെ അംഗീകാരം തേടേണ്ടതുമാണ്. പൊതുയോഗത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണസമിതി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കേരള സഹകരണ നിയമം അനുസരിച്ച് പ്രസ്തുത യൂണിയനിൽ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം അനുവദനീയമാണോയെന്ന് വ്യക്തമാക്കാമോ; ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം നടത്തുന്നതിന് ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങേണ്ട ആവശ്യമുണ്ടോ; ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങാത്ത നിയമനങ്ങൾ നിയമപരമായി നിലനിൽക്കുമോ; ഇത് സംബന്ധിച്ച നിയമ വ്യവസ്ഥ വ്യക്തമാക്കാമോ?

കേരള സഹകരണ ചട്ടം 185 A പ്രകാരം ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം അനുവദനീയമാണ്. ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം നടത്തുന്നതിന് ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങേണ്ട ആവശ്യമുണ്ട്. കേരള സഹകരണ ചട്ടം 185 A- യിലെ ഇത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ പ്രകാരമാണ് ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നടത്തേണ്ടത്.

(ഇ) ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങാതെ ഡെപ്യൂട്ടേഷൻ മുഖേന നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഇപ്രകാരം നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ബോധ്യമാകുന്നപക്ഷം നടപടി കൈക്കൊള്ളുന്നതിന് രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

### വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങൾ

281 (5344) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ 56 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സംഘങ്ങളിലെ സ്ഥിരം ജീവനക്കാരുടെയും താൽകാലിക ജീവനക്കാരുടെയും എണ്ണം സംഘം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ

282 (5345) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ പേര്, നമ്പർ, സ്ഥലം തുടങ്ങിയവ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) പ്രസ്തുത സംഘങ്ങളിലെ സ്ഥിരം ജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത സംഘങ്ങളിലെ സ്ഥിരം ജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും എണ്ണം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

## വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനം

283 (5346) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വെറ്ററിനറി കോളേജുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

രണ്ട്.

(ബി) സംസ്ഥാനത്ത് വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തെക്കൻ കേരളത്തിലുൾപ്പെടുന്ന ഏതെങ്കിലും ജില്ലയിൽ പുതിയതായി ഒരു കോളേജ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സർവ്വകലാശാലയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വെറ്ററിനറി യൂണിവേഴ്സിറ്റി റീജിയണൽ റിസർച്ച് & ട്രെയിനിംഗ് സെന്ററുകൾ (VURRTC) ആരംഭിക്കുന്നത് സംബന്ധിച്ചും പരിശോധിച്ചുവരുന്നു. കൂടാതെ, സർവ്വകലാശാലയുടെ ഗവേഷണ, വിജ്ഞാന-വിപണന മേഖലകൾ ശക്തിപ്പെടുത്തുന്ന കാര്യവും പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10.00 a.m.]

## II അടിയന്തരപ്രമേയം

മി സ്പീക്കർ: ഓർഡർ....ഓർഡർ... റൂൾ 50.

സംസ്ഥാനത്ത് പെട്രോൾ ഡീസൽ വില ഉയർന്ന നിരക്കിലെത്തി നിൽക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും ലഭിക്കുന്ന അധിക ഇന്ധന നികുതി വേണ്ടെന്നുവയ്ക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

### പെട്രോൾ/ ഡീസൽ വില വർദ്ധന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ ഗൗരവമുള്ള വിഷയമാണ് നമ്മുടെ രാജ്യത്തെ പെട്രോൾ, ഡീസൽ വില ഇങ്ങനെ കുതിച്ചുകയറുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും കേരളവുമെടുത്ത് പരിശോധിച്ചാൽ ഈ വിലവർദ്ധനവ് ജനജീവിതം ദുഃസ്സഹമാക്കുന്നതാണ്. സംസ്ഥാനങ്ങളിലെ ഓരോ ദിവസത്തെയും കണക്കെടുത്താൽ വില ഏറ്റവും ഉയർന്നുനിൽക്കുന്ന രാജസ്ഥാനിൽ പെട്രോളിന് 121 രൂപയും ഡീസലിന് 112 രൂപയുമാണ്. ഓരോ സംസ്ഥാനത്തിന്റെയും കണക്ക് ഞാൻ പറയുന്നില്ല. ഇങ്ങനെയെടുത്താൽ എല്ലാ സംസ്ഥാനങ്ങളിലും ഇതിന്റെ പ്രശ്നമുണ്ട്. കേരളത്തിലും അതുണ്ട്. ഇത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. എന്നാൽ പെട്രോൾ, ഡീസൽ വില വർദ്ധനവിന്റെ യഥാർത്ഥ കാരണം നമ്മൾ തിരിച്ചറിയേണ്ടതാണ്. അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് സംയുക്തമായി പ്രവർത്തിക്കുകയും വേണം. ഇന്ത്യയിൽ എല്ലാ സംസ്ഥാനത്തും ഇത് വർദ്ധിക്കുന്നു എന്നുള്ളതുകൊണ്ട് ഇതുസംബന്ധിച്ച് വിശദീകരിക്കേണ്ട ഉത്തരവാദിത്വം പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനുമുണ്ട്. പെട്രോൾ, ഡീസൽ വില നിർണ്ണയ അധികാരം സംസ്ഥാന സർക്കാരിനല്ല. ഇത് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം കമ്പോളത്തിന് ആദ്യം വിട്ടുകൊടുത്തത് യു.പി.എ. സർക്കാരാണ്. എൻ.ഡി.എ.യും അതേ സമീപനമാണ് തുടരുന്നത്. അന്നുമുതൽ തുടങ്ങിയതാണ് വിലയിലെ ഈ കുതിച്ചുകയറ്റം. അതിനുശേഷം വന്ന എൻ.ഡി.എ. സർക്കാർ കഴിഞ്ഞ ഏഴ് വർഷംകൊണ്ട് സെസ്സും, അഡീഷണൽ സ്പെഷ്യൽ ഡ്യൂട്ടി എന്ന പേരിലും പുതിയ നികുതികൾ കൊണ്ടുവരികയും അവ അനിയന്ത്രിതമായി വർദ്ധിപ്പിക്കുകയും ചെയ്തു.

ക്രൂഡ് ഓയിൽ വിലയിൽ കുറവ് വന്നാൽപ്പോലും പെട്രോൾ, ഡീസൽ വിലയിൽ കുറവ് വരാത്ത രീതിയിലാണ് സെസ്സും, അഡീഷണൽ സ്പെഷ്യൽ ഡ്യൂട്ടിയും വർദ്ധിപ്പിച്ചിരിക്കുന്നത്. കമ്പോളത്തിന് വിട്ടുകൊടുത്തുവെന്ന് പറഞ്ഞെങ്കിലും കമ്പോളത്തിന് വിട്ടുകൊടുത്തിരിക്കുകയല്ല. കമ്പോളത്തിൽ വില കുറയുമ്പോൾ വിലകൂട്ടുന്നൊരു സമ്പ്രദായമാണിപ്പോൾ സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി വഴി തീരുമാനിക്കുന്നത്. അടിസ്ഥാന എക്സൈസ് നികുതി 2016-ൽ 9.48 രൂപയായിരുന്നു. അഡീഷണൽ എക്സൈസ് ഡ്യൂട്ടി 1.4 രൂപയായി കുറച്ചു. കാരണം അഡീഷണൽ എക്സൈസ് ഡ്യൂട്ടി സ്റ്റേറ്റിന് പങ്കുവയ്ക്കേണ്ടതാണ്. അത് 9.48 രൂപയുണ്ടായിരുന്നത് 1.4 രൂപയായി കുറയ്ക്കുകയും അതിനുപകരം പങ്കുവയ്ക്കേണ്ടാത്ത സെസ്സ് അഡീഷണൽ നികുതി, കൃഷി സെസ്സ് തുടങ്ങിയ ഇനങ്ങളിലായി 31.50 രൂപ ഇപ്പോൾ കേന്ദ്രം പിരിച്ചെടുക്കുകയുമാണ്. സംസ്ഥാനങ്ങളുമായി നികുതി പങ്കുവയ്ക്കുന്നതിൽ ശ്രീ. നരേന്ദ്ര മോഡിയുടെ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന നയം യു.പി.എ. സർക്കാരിൽ നിന്നാണ് കണ്ടുപഠിച്ചത്. 2014-ൽ ഒരു ലിറ്റർ പെട്രോളിന് 8.27 രൂപയായിരുന്നു സെസ്സും സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയും. എന്നാൽ ഫെബ്രുവരി 2021 ആയപ്പോൾ ഇത് 31.50 രൂപയായി വർദ്ധിപ്പിച്ചു. ഇതേ കാലയളവിൽ ഒരു ലിറ്റർ ഡീസലിന്റെ സെസ്സും അഡീഷണൽ സ്പെഷ്യൽ ഡ്യൂട്ടിയും 2.10 രൂപയിൽനിന്നും 30 രൂപയായി വർദ്ധിപ്പിച്ചു. പെട്രോൾ നികുതിയുടെ വർദ്ധനവ് 281 ശതമാനവും ഡീസലിന്റെ സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി വർദ്ധനവ് 1325 ശതമാനവുമാണ്. എന്നാൽ കേരളത്തിൽ ഈ കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ഒരിക്കൽപ്പോലും പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. എന്നുമാത്രമല്ല 2018-ൽ പെട്രോൾ നികുതി നിരക്ക് 30.08 ശതമാനമായും ഡീസൽ 22.76 ശതമാനമായും കുറയ്ക്കുകയാണ് ചെയ്തത്. സംസ്ഥാനത്തിന് വീതം വച്ചുനൽകാൻപോലും സാധിക്കാത്ത തരത്തിൽ നികുതി ഘടന മാറ്റുകയും അവയിൽ അമിതമായ വർദ്ധനവ് ചുരുങ്ങിയ കാലം കൊണ്ട് വരുത്തുകയും ചെയ്ത കേന്ദ്രനയത്തിനെതിരെയാണ് യഥാർത്ഥത്തിൽ നമ്മൾ അണി ചേരേണ്ടത്. കേന്ദ്ര സർക്കാരിൽനിന്ന് ഇതിന്മേലുള്ള ആവശ്യമായ നടപടികളുണ്ടാകേണ്ടതുണ്ട്. അതിനായുള്ള സമ്മർദ്ദം സംസ്ഥാന സർക്കാരിൽ നിന്നുമുണ്ടാകും. അത്തരം കാര്യങ്ങളിൽ ഒരുമിച്ച് നിൽക്കുകയാണ് വേണ്ടത്. ഇല്ലാത്ത നികുതി അവർ നടപ്പിലാക്കിയതാണ്. 30-32 രൂപ ഒരു ലിറ്ററിൽ കുറയുന്ന തരത്തിലേക്ക് സംയുക്തമായ പ്രവർത്തനമാണ് വേണ്ടത്. അതുകൊണ്ട് ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ എടുക്കേണ്ട നിലപാടുകളെ സംബന്ധിച്ച് മാത്രം പറഞ്ഞുകൊണ്ടും അല്ലെങ്കിൽ അതിനകത്ത് കൂടുതൽ ഗൗരവം നൽകിക്കൊണ്ടും കാര്യങ്ങൾ ഉന്നയിക്കുന്നതല്ല ശരി. അതുകൊണ്ട് സഭാനടപടികൾ നിർത്തി വച്ചുകൊണ്ട് ഈ പ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്നാണ് അഭിപ്രായം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ശ്രീ. നരേന്ദ്ര മോദിയും, ശ്രീ. അമിത് ഷായും കേന്ദ്രസർക്കാരും കക്കാനിറങ്ങുമ്പോൾ ഫ്യൂസ് ഊരിക്കൊടുക്കുന്ന ഏർപ്പാട് ഈ സർക്കാർ നിർത്തണമെന്ന് പറയാൻ ഞങ്ങളാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞ മറുപടിയിൽപ്പോലും കോൺഗ്രസ്സിനെ വിമർശിക്കാനുള്ള ത്വരയാണ് പ്രകടിപ്പിച്ചത്. എനിക്ക് ഈ പ്രതികരണം ഒന്ന് അറിയണമെന്നുണ്ടായിരുന്നു. കോൺഗ്രസ്സിനെ വിമർശിക്കാനുള്ള ത്വരയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ അത് ശരിയാണെന്ന് കാണിക്കാനുള്ള വ്യഗ്രത അപ്പുറത്തുനിന്ന് വരുന്നതിന്റെ ആവേശമെന്താണെന്ന് എനിക്കറിയാം. ജനരോഷത്തിൽനിന്ന് സംഘപരിവാർ സർക്കാരിനെ രക്ഷിക്കാനുള്ള ക്വട്ടേഷൻ കേരളത്തിലെ ഇടതുപക്ഷമെടുക്കരുതെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. നിങ്ങൾ കോൺഗ്രസ്സിന്റെ തീരുമാനത്തെക്കുറിച്ച് എത്ര കുറ്റം പറഞ്ഞാലും അടിസ്ഥാനപരമായ വസ്തുത നിലനിൽക്കുന്നുണ്ട്. 2014-ൽ ഒരു ഭാരതീയൻ ഒരു പെട്രോൾ പമ്പിൽ പോയി ഒരു ലിറ്റർ എണ്ണയടിക്കുമ്പോൾ ആ വ്യക്തി നൽകുന്ന വിലയുടെ 63 ശതമാനം ബേസിക് പ്രൈസും 34 ശതമാനം ടാക്സുമായിരുന്നു. 70 രൂപയും ചില്വാനവുമായിരുന്നു വില. പക്ഷേ ഈ കണക്ക് മനസ്സിലാകാൻ വേണ്ടിയാണ്, 100 രൂപയാണ് ഒരു വ്യക്തി അന്ന് പെട്രോൾ പമ്പിൾ അടയ്ക്കേണ്ടിയിരുന്നതെങ്കിൽ 63 രൂപ എണ്ണയുടെ വിലയും 34 രൂപ നികുതിയുമായിരുന്നു. 2021-ൽ 110 രൂപയാണ് ഒരു വ്യക്തി ഈ കേരളത്തിന്റെ മണ്ണിൽ പെട്രോൾ അടിക്കേണ്ടിവരുന്നതെങ്കിൽ അതിൽ കേവലം 36 ശതമാനമാണ് അടിസ്ഥാന എണ്ണയുടെ വിലയെന്നത് മറച്ചുവച്ചിട്ട് കോൺഗ്രസ്സിനെ കുറ്റംചാരാൻ പറ്റുമോ. 36 ശതമാനം ബേസിക് പ്രൈസും 60 ശതമാനം നികുതിയുമടയ്ക്കേണ്ടി വരുന്നതിന്റെ ഗതികേടിൽ ഈ നാട്ടിലെ ജനങ്ങൾ നിൽക്കുമ്പോൾ അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് പറയുന്നത് എവിടത്തെ മര്യാദയാണ്. ജനങ്ങൾ ഇത്രയും വലിയ ദുരിതമനുഭവിച്ചുകൊണ്ടിരിക്കു മ്പോൾ അത് ചർച്ച ചെയ്യാൻ ഈ സഭയ്ക്ക് സമയമില്ലെന്ന നിലപാടെടുക്കുന്നത് എന്ത് ജനാധിപത്യ ബോധമാണ്. 110 രൂപയ്ക്ക് എണ്ണയടിക്കുമ്പോൾ 66 രൂപ നികുതി നൽകേണ്ടി വരുന്ന ഗതികേടിൽനിന്ന് ഈ നാട്ടിലെ ജനങ്ങളെ മോചിപ്പിക്കണമെന്ന് ഒരുമിച്ച് ആവശ്യപ്പെടേണ്ടവർ തന്നെയാണ് നമ്മൾ. ഞാൻ ഒരു കാര്യം കൂടി ഓർമിപ്പിക്കാൻ ആഗ്രഹിക്കുന്നു. രാജസ്ഥാനിലെ എണ്ണയുടെ വില എത്രയാണെന്ന് നോക്കാതെ കേരളത്തിന് ലഭിച്ച അധിക നികുതി വരുമാനം വേണ്ടെന്നുവച്ച രണ്ട് ചങ്കില്ലെങ്കിലും മനുഷ്യത്വമുള്ളൊരു മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഭരിച്ചിരുന്ന സംസ്ഥാനമാണ് കേരളം എന്ന് വിനീതമായി ഓർമ്മപ്പെടുത്തുന്നു. രാജസ്ഥാനിലെ വില വർദ്ധനവിനെതിരെയാണ്

പ്രസംഗിക്കേണ്ടതെങ്കിൽ, അവിടെയൊരു സീറ്റ് കിട്ടുമോയെന്ന് അന്വേഷിച്ച് അവിടെപ്പോയി പ്രസംഗിക്കാമായിരുന്നല്ലോ. കേരളത്തിലെ ജനങ്ങൾ വിവിധ മണ്ഡലങ്ങളിൽനിന്ന് എന്നെയും നിങ്ങളെയും തെരഞ്ഞെടുത്ത് അയച്ചിരിക്കുന്നത് ഈ നാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രശ്നം ഈ നിയമസഭയ്ക്കകത്ത് ഉന്നയിക്കാൻ വേണ്ടിയാണ്. നിങ്ങളെ അധികാരമേൽപ്പിച്ചിരിക്കുന്നത് രാജസ്ഥാനിലെ ജനങ്ങൾ എന്ത് ചെയ്യുന്നുവെന്ന് നോക്കി കേരളത്തിൽ തീരുമാനമെടുക്കാനല്ല. കേരളത്തിൽ ഇതിനുമുമ്പ് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഭരിച്ചിരുന്നപ്പോൾ നാലുതവണ അറുന്നൂറിലധികം കോടി രൂപയുടെ അധിക നികുതി വരുമാനം വേണ്ടെന്നുവച്ച് കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസമാകാൻ ശ്രമിച്ചതിന്റെ മോഡൽ നമ്മുടെ മുമ്പിൽ നിലനിൽക്കുകയാണ്. എന്തിനാണ് ഇങ്ങനെ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നത്? കോൺഗ്രസ്സിനെതിരെ പറയുന്നതിന്റെ പകുതിയെങ്കിലും ബി.ജെ.പി-ക്കെതിരെ പറയാൻ തയ്യാറാകണ്ടേ? ഇവിടെ എണ്ണ വില നിയന്ത്രണം എടുത്തുകളഞ്ഞതിന്റെ പേരിലാണോ ഈ വില വർദ്ധനവ്? നിങ്ങൾ ഇതൊക്കെ പഠിക്കാൻ തയ്യാറാകണ്ടേ? കോൺഗ്രസ് എണ്ണയുടെ വില നിയന്ത്രണം എടുത്തുകളഞ്ഞതുകൊണ്ടാണ് ഇവിടെ വില വർദ്ധനവുണ്ടാകുന്നതെന്നാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം. ഒരു ലിറ്റർ ഡീസലിന് 106.11 രൂപ കൊടുക്കേണ്ടിവരികയാണ്. പ്രിയമുള്ളവരെ, കോൺഗ്രസ് ഡീസലിന്റെ എണ്ണവില നിയന്ത്രണം കമ്പനികളെ ഏൽപ്പിച്ചിട്ടില്ലായിരുന്നുവെന്നത് വിനീതമായി ഓർമ്മപ്പെടുത്താൻ ശ്രമിക്കുന്നു. അത് ഏൽപ്പിച്ചത് ശ്രീ. നരേന്ദ്ര മോദി സർക്കാരാണ്. ശ്രീ. നരേന്ദ്ര മോദിയുടെ സർക്കാരാണ് ആ തീരുമാനമെടുത്തതെന്ന് അടിവരയിട്ട് പറഞ്ഞുകൂടെ? ഒരു ലിറ്റർ പെട്രോളിന് 112 രൂപ 70 പൈസ ഇന്ന് കൊടുക്കണം. 2021 നവംബർ 1-ന് 110 രൂപ പെട്രോളിന് കൊടുക്കുമ്പോൾ നിങ്ങൾ കൊടുക്കേണ്ടിവരുന്ന അടിസ്ഥാനവില എന്നത് 47 രൂപ 29 പൈസയാണെന്ന് എന്റെ സഹപ്രവർത്തകർ ഓർക്കണം. 47 രൂപ 29 പൈസയെന്നാൽ അർത്ഥം എണ്ണയുടെയോ ക്രൂഡ് ഓയിലിന്റെയോ വിലയുടെ വർദ്ധനവ് മൂലമുണ്ടായതല്ല ഈ വിലവർദ്ധനവ് എന്നതാണ്. ഇത് നികുതി ഭീകരതയാണ് - State sponsored tax terror. കോൺഗ്രസ് എണ്ണവില നിയന്ത്രണം കൊടുത്തതുകൊണ്ടാണോ ഞാൻ പമ്പിൽ 112 രൂപയും കൊടുക്കേണ്ടിവരുന്നതെന്ന് ഒരുവട്ടം ചിന്തിച്ചിട്ട് പറയണം. കൊടുക്കുന്ന വിലയുടെ പകുതിയിൽ താഴെപ്പോലും അടിസ്ഥാന വിലയില്ലാതെയിരിക്കുമ്പോൾ വിലയെക്കാൾ കൂടുതൽ നികുതി കൊടുക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. അടിസ്ഥാനവിവരമില്ലാത്തവർ ആരും ഇവിടെ എന്റെ മുമ്പിൽ ഇരിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. നികുതി

തീരുമാനിക്കുന്നത് കമ്പനികളല്ല, സർക്കാരുകളാണ്. അത് മറന്നിട്ട് വ്യാജപ്രചരണം നടത്തുന്നത് ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും ബി.ജെ.പി.-യുടെയും സംഘ്പരിവാറിന്റെയും ഗവൺമെന്റിനെതിരായുള്ള ജനരോഷം തിരിച്ചുവിടാനുള്ള ക്വട്ടേഷനാകുമെന്ന മിനിമം രാഷ്ട്രീയ ബോധമെങ്കിലും ഇടതുപക്ഷമെന്ന് സ്വയം അവകാശപ്പെടുന്നവർ കാണിക്കണ്ടേ? തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾപോലും ഇവിടെ വന്ന് ചോദിക്കുകയാണ്, കോൺഗ്രസിന്റെ എണ്ണ വില നിയന്ത്രണം കാരണമല്ലേ ഈ വിലക്കയറ്റം കേരളത്തിന്റെ മണ്ണിലുണ്ടായതെന്ന്. അല്ല, നികുതി ഭീകരതകൊണ്ടാണ്. സംസ്ഥാനവും കേന്ദ്രവുമുണ്ടാക്കുന്ന നികുതി ഭീകരതയാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. കോൺഗ്രസിനെ കുറ്റം പറയുന്നവർ മനസ്സിലാക്കേണ്ടത്, 70 കൊല്ലം കോൺഗ്രസ് ഈ നാട് ഭരിച്ച് 2014-ൽ അധികാരമൊഴിയുമ്പോൾ ഒരു ലിറ്റർ ഡീസലിന് കോൺഗ്രസ് ചുമത്തിയിരുന്ന നികുതി 3.46 രൂപയായിരുന്നു. ഇപ്പോൾ ശ്രീ. നരേന്ദ്ര മോദി ചുമത്തിയിരിക്കുന്ന നികുതി 31.83 രൂപയാണ്. എണ്ണയുടെ വില നിയന്ത്രണമാണോ; എണ്ണ വിലയുമായി ബന്ധപ്പെട്ട വർദ്ധനവാണോ? കോൺഗ്രസിന്റെ കാലത്ത് ഒരു ലിറ്ററിന് 3.46 രൂപ നികുതി ചുമത്തിയിരുന്നത്. ഇപ്പോൾ സെൻട്രൽ എക്സൈസ് ഡ്യൂട്ടി 31 രൂപ 83 പൈസയാക്കുന്നത് കോൺഗ്രസിന്റെ തീരുമാനംകൊണ്ടാണെന്ന് ഇപ്പോഴും പ്രചരിപ്പിക്കുന്നത് ആരെ രക്ഷിക്കാൻ വേണ്ടിയാണ്? കോൺഗ്രസിന്റെ കാലത്ത്, 1947-2014 വരെയുള്ള കാലയളവിൽ അവസാനം ഭരണമൊഴിയുമ്പോൾ ഒരു ലിറ്റർ പെട്രോളിന് ചുമത്തിയിരുന്ന നികുതി 9.20 രൂപയായിരുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഈടാക്കുന്നത് 32.98 രൂപയാണ്. എണ്ണവില നിയന്ത്രണം കമ്പനികൾക്ക് കൊടുത്തതിന്റെ പേരിലാണോ നികുതി കൂടുന്നത്? അങ്ങനെയാണെങ്കിൽ 2021 ജനുവരി മുതൽ ഫെബ്രുവരി അവസാനം വരെ ഇന്ത്യാ രാജ്യത്ത് എണ്ണ വില വർദ്ധന നടക്കുന്നില്ല. Stand still pause. ഞാൻ വിഷയം മാത്രമാണ് പറയുന്നത്. എനിക്ക് അല്പം സമയം തരണം. കേരളത്തിലെ ജനങ്ങൾ ഇതുപോലെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സംഭവത്തെ സഭയ്ക്കകത്ത് ചർച്ച ചെയ്യുമ്പോൾ ഈ സമയക്രമത്തിന്റെ പേരുപറഞ്ഞ് പരിമിതപ്പെടുത്തരുത്. ഞാൻ വിഷയത്തിന് പുറത്തുപോയി സംസാരിക്കുന്നേയില്ല. എണ്ണ വില നിയന്ത്രണം കമ്പനികളുടെ മാത്രമായിരുന്നെങ്കിൽ എന്തുകൊണ്ട് 2021 ജനുവരി മുതൽ ഫെബ്രുവരി അവസാനം വരെ ഒരു വിലവർദ്ധനവും ഇന്ത്യാ രാജ്യത്തുണ്ടാകുന്നില്ല? കാരണം വളരെ സിമ്പിൾ ആണ്. നാല് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുകയായിരുന്നു. എന്നുപറഞ്ഞാൽ, ഇത് കമ്പനികളല്ല നിയന്ത്രിക്കുന്നത്. ഇത് തീരുമാനിക്കുന്നത് രാഷ്ട്രീയ നേതൃത്വമാണ്. ബി.ജെ.പി.-യും ശ്രീ. നരേന്ദ്ര

മോദിയും ശ്രീ. അമിത് ഷായുമാണ് ഇത് തീരുമാനിക്കുന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞതും ഇന്ധനവില കൂടാൻ തുടങ്ങി. ഇന്നും വില വർദ്ധിച്ചു. പത്ര മാധ്യമങ്ങളിൽ റിപ്പോർട്ടുകൾ വരുന്നുണ്ട്. 'ഇന്നും മാറ്റമില്ല, ദുരന്തം തന്നെ, ദുരിതം തന്നെ', 'എഴാം ദിനവും ഇന്ധനവില കൂടി, പൊള്ളിച്ച്', മനോരമയിൽ പറയുന്നു. മാതൃഭൂമിയിൽ ഒന്നാം പേജിൽ വന്നത് 'എരിതീയിൽ' എന്നാണ്. സമാനതകളില്ലാത്ത കൊള്ള കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കുന്നതിനുപകരം തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി ഇതെല്ലാം കോൺഗ്രസിനെ കൊണ്ടുണ്ടായതെന്ന് നിങ്ങൾ നടത്തുന്ന പ്രസംഗം ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. 74,300 കോടി രൂപയുടെ നഷ്ടം ഒരു സാമ്പത്തിക വർഷമുണ്ടായപ്പോൾ എണ്ണയുടെ വില നിയന്ത്രണം മാറ്റേണ്ടിവന്നു. എന്നാൽ ഇപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില ഒരുവേള കോവിഡ് കാലത്ത് 20 ഡോളർ വരെയായിട്ടും അതിന്റെ ഒരു ഗുണവും ജനങ്ങൾക്ക് കൊടുക്കരുതെന്ന് തീരുമാനിച്ച കേന്ദ്ര സർക്കാരിന്റെ തീരുമാനമാണ് ഇതിന്റെ പിന്നിലെന്ന് ആർക്കാണ് അറിയാത്തത്. ലോകത്തെ ഏത് രാജ്യമെടുത്ത് പരിശോധിച്ചാലും ഇക്കാര്യം മനസ്സിലാക്കാവുന്നതേയുള്ളൂ. ജപ്പാൻ 107.66 രൂപ, ചൈന 95.42 രൂപ, തായ്‌ലൻഡ് 90.81 രൂപ, മാൽഡീവ്സ് 89.81 രൂപ, നേപ്പാൾ 81.28 രൂപ, ഭൂട്ടാൻ 81.54 രൂപ, ബംഗ്ലാദേശ് 77.98 രൂപ, ശ്രീലങ്ക 68.35 രൂപ, ഇന്തൊനേഷ്യ 59.65 രൂപ, പാകിസ്ഥാൻ 59.27 രൂപ, ഇന്ത്യ 110 രൂപ എന്നിങ്ങനെയാണ് വില. എന്തൊരു ഗതികേടാണിത്? ഇതിലെ ഒന്നാം പ്രതി രാജ്യം ഭരിക്കുന്ന ഗവൺമെന്റ് തന്നെയാണ്. രാജ്യമെന്നാൽ മോദിയും ഷായുമല്ലെന്ന് ഈ രാജ്യത്തെ ജനങ്ങൾ പറയണം. ഇത്രയും വലിയൊരു ദുരന്തവും ദുരിതവും സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ വാക്സിൻ കൊടുക്കാനെന്ന് പറഞ്ഞ് ഇന്ത്യാ രാജ്യത്ത് ചെലവഴിച്ച തുക 35,000 കോടി രൂപയാണ്. എക്സൈസ് ഡ്യൂട്ടിയിലൂടെ തീരുവ വർദ്ധനവിലൂടെ കേന്ദ്രഗവൺമെന്റ് 3,90,000 കോടി രൂപയാണ് ഈ വർഷം ലക്ഷ്യമിടുന്നത്. ജനങ്ങളെ വഴി തടയുന്നതിൽ ആസ്വാദനം കണ്ടെത്തുന്നവരല്ല ഞങ്ങൾ. അവിടെയുണ്ടാകുന്ന അനിഷ്ട സംഭവങ്ങൾ ആരാധനയോടെ കാണുന്നവരുമല്ല. പക്ഷേ, പാകിസ്ഥാൻ 59 രൂപ ഒരു ലിറ്ററിന് കൊടുക്കേണ്ടി വരുമ്പോൾ 110 രൂപ കേരളത്തിലെ ജനങ്ങളിൽനിന്ന് പിഴിയുമ്പോൾ വീണ്ടും മൗനം അവലംബിച്ച് അടിമകളായി നിൽക്കാൻ തൽകാലം ഈ നാട്ടിലെ ജനങ്ങൾക്കും പ്രതിപക്ഷത്തിനും മനസ്സില്ലായെന്ന് ഉറച്ച് പറയേണ്ട അവസരവും സമയവുമാണ്. ഇത് പോരാടേണ്ട സമയമാണ്. കേന്ദ്രത്തിന്റെ അടിമകളല്ല നമ്മൾ. സംസ്ഥാനം നികുതി കുറയ്ക്കാൻ തയ്യാറാകണം. അങ്ങനെ

നികുതി കുറച്ച ഒരാളാണ് മുൻമുഖ്യമന്ത്രി, കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങളെ ഉയർത്തിപ്പിടിച്ചയാൾ. നിങ്ങൾ മാതൃക കാണിക്കണം. മോറൽ ക്ലയിമുണ്ടാക്കണം. ആവശ്യപ്പെടുകയും പോരാടുകയും ചെയ്യണം. ജനം പാചക വാതകത്തിന് വിലയായി 1000 രൂപ കൊടുക്കേണ്ടിവരുന്നു. വാണിജ്യ സിലിണ്ടർ വില 2000 കടക്കുന്നു. പെട്രോൾ 110 രൂപയും ഡീസൽ 106 രൂപയുമാണ്. ഇത് പകൽക്കൊള്ളയാണ്; അതിന് കൂട്ടുനിൽക്കാൻ കഴിയില്ല. അതിനെതിരെ പ്രതിഷേധമുയരണം. ആ പ്രതിഷേധത്തിന് കളമൊരുക്കാൻ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ജനങ്ങൾക്കുവേണ്ടി ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണെന്നുള്ളതിന് യാതൊരു തർക്കവുമില്ല. കേരളത്തിലെ ഏതൊരു വ്യക്തിക്കും അതേ അഭിപ്രായമാണ്. ഇതിനകത്ത് ഫോക്കസ് കൊടുക്കുന്ന രീതിയാണ് പ്രധാനം. കേന്ദ്ര ഗവൺമെന്റിന്റെ, ബി.ജെ.പി. ഗവൺമെന്റിന്റെ നയങ്ങൾ കൊണ്ടാണ് ഇത് വരുന്നത്. ആ പ്രമേയത്തിനകത്ത്, സംസ്ഥാന സർക്കാർ നികുതി കുറയ്ക്കുന്നില്ല എന്നുള്ള തരത്തിലാണ് ഇപ്പോഴും പറയുന്നത്. അത് തെറ്റിദ്ധരിപ്പിക്കുന്നതാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. കോവിഡ് കാലത്ത് പല സംസ്ഥാനങ്ങളിലും ഇന്ധന നികുതി വർദ്ധിപ്പിച്ചപ്പോൾ നികുതി വർദ്ധിപ്പിക്കാതിരുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഞാൻ വസ്തുതയാണ് പറയുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇന്ധന നികുതി കുറവ് വരുത്തിയെന്ന് പറയുന്ന അവകാശവാദവും പൊള്ളയാണെന്ന് എനിക്ക് പറയേണ്ടി വരുന്നു. കണക്കുകൾ പറയേണ്ടി വരുമ്പോൾ ഞാൻ അത് പറയാം. 2011 മുതൽ 2015 വരെയുള്ള യു.ഡി.എഫ്. ഭരണകാലത്ത് മൂന്ന് തവണ നിരക്കിൽ കുറവ് വരുത്തി. 13 തവണയാണ് പെട്രോളിന്റെ നികുതി കൂട്ടിയത്. 2011-ൽ 26.64 ശതമാനമായിരുന്ന നികുതി 2015 ആയപ്പോൾ 31.8 ശതമാനമായി വർദ്ധിപ്പിച്ചു. ഡീസലിന്റെ കാര്യത്തിൽ ഇതേ കാലയളവിൽ രണ്ട് തവണ നികുതി കുറയ്ക്കുകയും 6 തവണ കൂട്ടുകയും ചെയ്തു. 2011 ജൂൺ മാസത്തിൽ 22.6 ശതമാനമായിരുന്ന നികുതി 2015 ആയപ്പോൾ 24.52 ആയി വർദ്ധിപ്പിച്ചു. ഇത് ഇവിടത്തെ കണക്കുകളാണ്. നികുതി കുറച്ചതുകൊണ്ട് ആ കാലത്ത് 620 കോടി രൂപയുടെ നികുതിയിളവ് നൽകിയ യു.ഡി.എഫ്. സർക്കാർ ആ കാലയളവിൽത്തന്നെ നികുതി വർദ്ധിപ്പിച്ചതിലൂടെ ഏകദേശം അതിന്റെ നാലിരട്ടി തുക അധിക നികുതിയായി പിരിച്ചെടുത്തുവെന്നുള്ളത് നേരത്തെയുള്ള കണക്കുകളിൽനിന്ന് വ്യക്തമാണ്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന്റെയും ഡീസലിന്റെയും നികുതി ഇന്നേവരെ കൂട്ടിയിട്ടില്ല. മാത്രമല്ല, നിലവിലെ നിരക്കുകൾ കുറയ്ക്കുകയാണുണ്ടായത്. ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ

2018-ലാണ് പെട്രോളിന്റെ നികുതി 30.08 ശതമാനമായും ഡീസലിന്റെ നികുതി 22.76 ശതമാനമായും കുറച്ചത്. ഇങ്ങനെ നികുതി കുറച്ചതുകാരണം അന്നത്തെ നിരക്കനുസരിച്ച് 509 കോടി രൂപയാണ് നികുതിയിളവായി ജനങ്ങൾക്ക് ലഭിച്ചത്. പെട്രോളിയത്തിന്റെ വിലക്കയറ്റംകൂടി കണക്കാക്കിയാൽ കുറഞ്ഞത് 1500 കോടി രൂപയെങ്കിലും ജനങ്ങൾക്ക് നികുതിയിളവായി ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിനോടൊപ്പം ഒരു കണക്കുകൂടി പറയാം, സമയത്തിന്റെ പരിമിതി കാരണം ഞാൻ എല്ലാ കണക്കുകളും എടുത്തു പറയുന്നില്ല. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് ആകെ പെട്രോളിയത്തിൽനിന്നുള്ള നികുതി വരുമാനത്തിൽ 94 ശതമാനത്തോളം വർദ്ധനവ് വന്നപ്പോൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് അത്രയും വന്നില്ല, 15 ശതമാനം മാത്രമേ വന്നുള്ളൂ. ഇൻഫ്ലേഷന്റെ നിരക്കുപോലും വന്നിട്ടില്ല എന്നുള്ള കണക്കടക്കം ഇതിലുണ്ട്. ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞാലും പെട്രോളിയത്തിന്റെ വില കുറയാത്തത് എന്തുകൊണ്ടാണെന്നതിനെക്കുറിച്ച് കുറെ കാര്യങ്ങൾ ഇവിടെ വിശദീകരിച്ചു. 1972 മുതൽ ഓയിൽ പൂൾ അക്കൗണ്ട് എന്നൊരു സംവിധാനമുണ്ടായിരുന്നു. അത് കോൺഗ്രസ്സിന്റെ ഭരണകാലത്ത് തുടങ്ങിയതാണ്. അന്തർദ്ദേശീയ മാർക്കറ്റിൽ വില അധികമായാൽ ഈ ഓയിൽ പൂൾ അക്കൗണ്ടിൽനിന്ന് പണം ഇട്ട് സബ്സിഡി കൊടുക്കുമായിരുന്നു. അങ്ങനെ ബാലൻസിംഗിനു വേണ്ടിയുള്ള ഒരു കുഷ്യൻ ആയിരുന്നു ഓയിൽ പൂൾ അക്കൗണ്ട്. എന്നാൽ അത് യു.പി.എ. സർക്കാരിന്റെ സമയത്തുതന്നെ നിർത്തലാക്കി. എന്നാൽ ഇവിടെയിപ്പോൾ അതുംപോയി. വില കുറഞ്ഞാലും കൂടിയാലും അതിനെ ബാധിക്കുന്നില്ല. ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ വില കുറഞ്ഞാലും അത് കുറയ്ക്കുന്നില്ല, വില കൂടിയാൽ വീണ്ടും കൂട്ടും എന്ന നിലയിലേയ്ക്ക്, വില കുറയുമ്പോഴും കൂട്ടുന്ന തരത്തിലേയ്ക്ക് ഇപ്പോഴുള്ള സമ്പ്രദായം വരികയാണ്. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ ഭരണ കാലത്ത് തുടങ്ങിവച്ച ഭരണ പരിഷ്കാരങ്ങളുടെ ഭാഗമാണ് ഇതെന്നുള്ള വസ്തുത പറയാതിരിക്കാൻ കഴിയില്ല. ഓയിൽ പൂൾ അക്കൗണ്ട് പോയതും പെട്രോളിന് ആദ്യം നിയന്ത്രണം എടുത്തുകളഞ്ഞതും കോൺഗ്രസ്സിന്റെ ഭരണകാലത്താണ്. (...ബഹളം...) ആദ്യം ഓയിൽ പൂൾ അക്കൗണ്ട് നിർത്തി. അതിനുശേഷം ഒന്നാം യു.പി.എ. സർക്കാർ വന്ന സമയം ഇടതുപക്ഷത്തിന്റെ പിന്തുണകൂടി അതിലുണ്ടായിരുന്നതുകൊണ്ട് വീണ്ടും ഈ കാര്യത്തിൽ കുറച്ചുകൂടി കൺട്രോൾ വന്നു. അതിനുശേഷം യു.പി.എ. രണ്ടാം സർക്കാർ വന്നപ്പോൾ ഇത് പൂർണ്ണമായും നിർത്തലാക്കി. പെട്രോളിന്റെ വിലനിർണ്ണയാവകാശം ആദ്യമായി കമ്പോളത്തിന് വിട്ടുകൊടുത്തത് കോൺഗ്രസ്സാണ്, യു.പി.എ. ഗവൺമെന്റാണ്. എനിക്ക് ഇതിൽ രാഷ്ട്രീയം പറയേണ്ട കാര്യമില്ല. (...ബഹളം...) പ്രതിപക്ഷത്തിരിക്കുന്നവർ ബഹളമുണ്ടാക്കിയാൽ സംസാരിക്കാൻ എനിക്ക് കൂടുതൽ സമയം വേണ്ടിവരും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കൂ. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ രാജ്യസഭാംഗം ആയിരുന്നപ്പോൾ ഇത്തരം കാര്യങ്ങൾക്കെതിരെ Statutory motion കൊടുത്ത ആളാണ്. എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. ഈ വില നിർണ്ണയാവകാശം ആദ്യം എടുത്തുകളയാൻ തുടങ്ങിയപ്പോഴും രണ്ടാമത് ശ്രീ. അരുൺ ജെയ്റ്റ്ലി വന്നപ്പോഴും ഇടതുപക്ഷ സർക്കാർ ഈ കാര്യത്തിൽ വ്യക്തമായ അഭിപ്രായം പറഞ്ഞവരാണ്. പെട്രോളിന്റെ വില വർദ്ധനവ് തുടങ്ങിയത് അന്നാണ്. ...(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹളമുണ്ടാക്കി നിർത്തേണ്ട കാര്യമില്ല, ഞാൻ പറയാനുള്ളത് പറയുകയാണ്. രേഖയിൽ കാണുമല്ലോ; മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കോവിഡ് കാലത്ത് യു.പി., ഗോവ, ഹരിയാന, ഛത്തീസ്ഗഢ്, കർണ്ണാടക മുതലായ സംസ്ഥാനങ്ങൾ ഇന്ധന നികുതി വർദ്ധിപ്പിച്ചപ്പോൾ കേരളം വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇപ്പോൾ ആന്ധ്രാപ്രദേശ്, കർണ്ണാടക, മദ്ധ്യപ്രദേശ്, ഒഡീഷ, പഞ്ചാബ്, രാജസ്ഥാൻ, തെലുങ്കാന മുതലായവ സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന നികുതി കേരളത്തെക്കാൾ കൂടുതലാണ്. പെട്രോൾ വിലയുടെ കാര്യത്തിൽ കേരളം ഇന്ന് പതിനൊന്നാം സ്ഥാനത്താണ്. കോൺഗ്രസ്സ് ഭരിക്കുന്ന രാജസ്ഥാനിലും ഭരണത്തിന്റെ ഭാഗമായുള്ള മഹാരാഷ്ട്രയിലും നമ്മളെക്കാളും വളരെ കൂടുതലാണ് ആ സംസ്ഥാനങ്ങളിലെ പെട്രോളിന്റെ വില. (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, രാജസ്ഥാനിൽ പെട്രോളിന് 121 രൂപയാണ്. ഡീസലിന് 112.71 രൂപയാണ്. കേരളത്തെക്കാളും 10 രൂപയെങ്കിലും അധികമാണ്. ഇതുപോലെ ഓരോ സംസ്ഥാനങ്ങളുടെയും കണക്കുകൾ കേൾക്കാൻ ബഹുമാനപ്പെട്ട കോൺഗ്രസ്സ് സുഹൃത്തുക്കൾ തയ്യാറാവുകയാണെങ്കിൽ ഞാൻ പറയാം. ഛത്തീസ്ഗഢിൽ പെട്രോളിനും ഡീസലിനും 110 രൂപയാണ്. ഇതെല്ലാം കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. ബി.ജെ.പി.-യുടെ കണക്കുണ്ട്. അവരാണല്ലോ ഇതെല്ലാം കൊണ്ടുവന്നത്. (...ബഹളം...) ബി.ജെ.പി.-യെക്കുറിച്ച് പറയാം. കേന്ദ്രനയമനുസരിച്ച് 26-5-2014-ൽ ഒരു ലിറ്റർ പെട്രോളിന് 8.276

ആയിരുന്ന സെസ്സ്. സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഫെബ്രുവരി 2021 ആയപ്പോൾ 31.5 ആക്കി. അവിടെ ബി.ജെ.പി. യാണ് എക്സൈസ് ഡ്യൂട്ടി കൂട്ടിയത്. കേന്ദ്ര സർക്കാർ മുഴുവൻ വാങ്ങിച്ചെടുക്കുകയാണ്. 251 ശതമാനമാണ് വർദ്ധനവ്. ഡീസലിന്റെ കാര്യത്തിൽ 26-5-2014-ൽ ഒരു ലിറ്ററിന് 2.10 പൈസയായിരുന്നത് ഇപ്പോൾ 14 മടങ്ങ് വർദ്ധിച്ച് 30 രൂപയായി. ഇങ്ങനെ എന്തിനാണ് വർദ്ധിപ്പിക്കുന്നത് എന്നുള്ളത് നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇങ്ങനെ വർദ്ധിപ്പിക്കുന്ന സ്പെഷ്യൽ സെസ്സിന്റെ വിഹിതം സംസ്ഥാനങ്ങൾക്ക് കൊടുക്കേണ്ട. 3,80,000 ത്തോളം കോടി രൂപയെങ്കിലും കേന്ദ്ര ഗവൺമെന്റിന് ഇതിൽനിന്നു മാത്രം വരും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ 3,90,000 രൂപ അല്ല. പെട്രോളിന്റെയും ഡീസലിന്റെയും അഡീഷണൽ സെസ്സിൽനിന്ന് മാത്രം ഏകദേശം 3,90,000 രൂപയെങ്കിലും കേന്ദ്രഗവൺമെന്റിന് ലഭിക്കുമെന്നാണ് ഏകദേശ കണക്ക്. ശതമാനം കൂട്ടുന്നതിനെ സംസ്ഥാന സർക്കാർ വിമർശിക്കുന്നു. ഒരു സംസ്ഥാനത്തിനും അതിന്റെ പങ്ക് ലഭിക്കുന്നതേയില്ല. എല്ലാ സംസ്ഥാനങ്ങളും പറയുന്നതാണ്. ഈ ഒരു സ്ഥിതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാടിനെതിരെ ശക്തമായിട്ടുള്ള അഭിപ്രായം സംസ്ഥാന സർക്കാർ പറഞ്ഞിട്ടുണ്ട്, നമ്മൾ പങ്കെടുക്കുന്ന കമ്മിറ്റികളിലും പറഞ്ഞിട്ടുണ്ട്. ഇങ്ങനെയൊരു പ്രതിസന്ധി വരുമ്പോൾ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നിലപാട് എന്താണ്? ഇത് സംസ്ഥാനങ്ങളുടെ ആകെ പ്രശ്നമാണ്. കോൺഗ്രസ്സ് ഭരിക്കുന്നു എന്നുള്ളതുകൊണ്ടല്ല ഞാൻ രാജസ്ഥാനെക്കുറിച്ച് സൂചിപ്പിച്ചത്. പ്രതിപക്ഷവും ഭരണപക്ഷവുമായാലും സംസ്ഥാനങ്ങൾക്ക് നിലനിൽക്കാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങളുടെ ആകെ ഒരു സാമ്പത്തിക സ്ഥിതി ഇന്ത്യാരാജ്യത്തിന്റെ ഫെഡറലിസം തുടങ്ങിയ പ്രശ്നങ്ങളെ ബാധിക്കുന്നതാണ്. അതുകൊണ്ട് CWC (കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി) പറഞ്ഞിടത്തെങ്കിലും നിങ്ങൾക്ക് നിന്നുകൂടെ; എന്റെ കൈവശം ഇരിക്കുന്നത് കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയുടെ പ്രമേയമാണ്. നരേന്ദ്ര മോദി ഗവൺമെന്റിന്റെ പെട്രോൾ, ഡീസൽ വില വർദ്ധനവ് സംബന്ധിച്ച് കൊള്ളയടിയാണെന്നും ഡീസലിന്റെ എക്സൈസ് ഡ്യൂട്ടിയിൽ 820 ശതമാനവും പെട്രോളിന്റേതിൽ 288 ശതമാനവുമാണ് വർദ്ധനവെന്നും ജനങ്ങളോടുള്ള വഞ്ചനയ്ക്കെതിരെ ഒരുമിച്ച് നിൽക്കണമെന്നും അവർ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ വരുമ്പോൾ ബി.ജെ.പി.-ക്ക് അനുകൂലമായി നിലപാട് എടുക്കുന്നത് ഇടതുപക്ഷ സർക്കാരാണോ? കഴിഞ്ഞ ദിവസം ജി.എസ്.ടി. കൗൺസിലിലൂൾപ്പെടെ ഞങ്ങൾ പറഞ്ഞതാണ്. ഞങ്ങൾക്ക് വിമർശനമൊന്നും കേട്ടാൽ വിഷമമില്ല. ഇന്നലെ ഒരു പ്രശസ്തനായ സിനിമാനടൻ ജോജുവിനെ ആരാണ് വഴിയിൽവച്ച് അഭിപ്രായ വ്യത്യാസമുണ്ടാക്കി വണ്ടി അടിച്ച് പൊട്ടിച്ചത്. എന്നിട്ട് മദ്യപിച്ചതാണെന്ന് കപടമായ പ്രചരണം നടത്തിയത് ആരാണ്? പരിശോധനയിൽ അദ്ദേഹം മദ്യപിച്ചിട്ടില്ലല്ലോ. ഞാൻ ഒരു ഉദാഹരണം പറയാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്ലിഫ് ഹൗസിലേയ്ക്ക് മാർച്ച് നടത്തിയപ്പോൾ

അവിടെപ്പോയി വലിയ ഷോ കാണിച്ചല്ലോ? ആ സ്ത്രീയുടെ പേര് ഞാൻ സൂചിപ്പിക്കുന്നില്ല. എന്തെങ്കിലും തർക്കം ഉണ്ടാക്കിയോ? അതുകൊണ്ട് വിമർശിക്കുന്നവരോടൊന്നും ഞങ്ങൾക്ക് അങ്ങനെയൊരു പ്രശ്നമില്ല. ഇവിടെ രാജസ്ഥാന്റെ പേര് കേട്ടാൽ, പണ്ടൊരു സിനിമയിൽ 'പോളണ്ട് എന്ന് പറയരുത്' എന്ന് പറഞ്ഞതുപോലെയാണ്. രാജസ്ഥാനെന്ന് പറഞ്ഞുകൂട എന്നത് ശരിയാണോ? ബി.ജെ.പി.-യുടെ വില വർദ്ധിപ്പിക്കുന്ന നിലപാടിനെതിരായി അതിശക്തമായിട്ടുള്ള നിലപാട് ഞങ്ങൾ സ്വീകരിക്കുന്നുണ്ട്. നമുക്ക് സംയുക്തമായി ഇതിനെതിരായിട്ടുള്ള പ്രവർത്തനം നടത്താം. യാതൊരു സംശയവും അതിനകത്തില്ല. നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കൂടുതൽ ഉത്തരവാദിത്തത്തോടെ പെരുമാറേണ്ട ആളാണ്. അക്കാര്യത്തിൽ അദ്ദേഹത്തിന് കൂടുതൽ ബാദ്ധ്യതയുണ്ട്. ഇത് മാത്രമല്ല, 6 ലക്ഷം കോടി രൂപ നാഷണൽ മോണിറ്റൈസേഷൻ പോളിസി എന്ന നിലയിൽ പൊതുവിലുള്ള ആസ്തി മുഴുവൻ വിൽക്കാൻ തീരുമാനിച്ചതിനെക്കുറിച്ചും കോൺഗ്രസ്സിന്റെ പ്രവർത്തന സമിതി പറഞ്ഞിട്ടുണ്ട്. കേരളത്തിൽ വരുമ്പോൾ മാത്രം അത് പറയാതിരിക്കും. കോൺഗ്രസ്സിന്റെ ആ സമീപനം, കേരളത്തിനകത്ത് പറയാതിരിക്കുകയെന്നുള്ളത് ശരിയല്ല. ഈ നയം തെറ്റാണെന്നുള്ളതിന് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല. സംസ്ഥാനങ്ങളുടെ താല്പര്യം സംരക്ഷിക്കണം. സംസ്ഥാനങ്ങൾ വലിയ കടക്കെണിയിലാണ്. 6400 കോടി രൂപയാണ് കഴിഞ്ഞ വർഷം കിട്ടിയ കേന്ദ്ര ഡിവിസിബിൾ പൂളിൽനിന്ന് ഈ വർഷം കുറവ് വന്നത്. 2.45 ശതമാനം ഉണ്ടായിരുന്നത് 1.92 ആക്കി. ഒറ്റവർഷത്തെ കുറവാണ് 6400 കോടി രൂപ. അതുപോലെ കോമ്പൻസേഷൻ 13000 കോടി രൂപ ഈ വർഷം കിട്ടുന്നത്, അടുത്ത വർഷംതൊട്ട് ഇല്ല. ഓരോ സംസ്ഥാനത്തിന്റെയും പ്രശ്നങ്ങൾ ഇങ്ങനെ നിൽക്കുകയാണ്. ഈ ടാക്സിന്റെ ഭാഗമായി പത്തോ അഞ്ഞൂറോ മുന്നൂറോ കോടി രൂപ കിട്ടുന്നുണ്ടാവും. പക്ഷേ 3,90,000 കോടി രൂപ ആകെ കളക്ട് ചെയ്ത് ഇതുവരെയില്ലാത്തത് സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടിയായി വാങ്ങിച്ചെടുക്കുമ്പോൾ അതിനെതിരായി ജോയിന്റായി പറയേണ്ടതല്ലേ; അതിൽ ഇടതുപക്ഷ ഗവൺമെന്റിനെ മാത്രം അറ്റാക്ക് ചെയ്യുകയും പരോക്ഷമായി ബി.ജെ.പി.-യെ സഹായിക്കുകയും ചെയ്യുന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല, അത് ജനങ്ങൾക്കൊപ്പം നിൽക്കുന്നതല്ല, ഈ കാര്യം പ്രതിപക്ഷം അംഗീകരിക്കുമെന്ന് കരുതുന്നു. ഇവിടെ പ്രതിപക്ഷം ആവശ്യപ്പെടുന്നതുപോലെ പ്രത്യേകമായി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തുടർച്ചയായ ഏഴാം ദിവസവും പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ വർദ്ധനവുണ്ടായിരിക്കുകയാണ്. രാജ്യത്തെ ജനങ്ങൾ വലിയ ഉത്കണ്ഠയിലാണ്. ഈ മഹാമാരി കാലത്ത് പെട്രോളിയം ഉല്പന്നങ്ങൾക്കുണ്ടാകുന്ന വില വർദ്ധനവ് രൂക്ഷമായ വിലക്കയറ്റത്തിനും ജീവിതം താറുമാറാകുന്നതിനും കാരണമായിത്തീരുകയാണ്. ഇത് എങ്ങോട്ടാണ് പോകുന്നതെന്നുള്ള ഉത്കണ്ഠയിൽ ജനങ്ങൾ നിൽക്കുകയാണ്. ഞങ്ങൾ സമാധാനപരമായി സമരം നടത്തിയ ആളുകളാണ്. ഇന്നലെയും ഞങ്ങൾ കൊച്ചിയിൽ സമരം നടത്തി. ആ സമരത്തെത്തുടർന്ന് ചില വാർത്തകളുണ്ടായി. എന്തിനുവേണ്ടിയാണ് ഞങ്ങൾ സമരം നടത്തിയതെന്ന് പൊതുസമൂഹം വിലയിരുത്തട്ടെ. ദയവുചെയ്ത് എങ്ങനെ സമരം നടത്തണമെന്ന് നിങ്ങൾ ഞങ്ങളെ ഉപദേശിക്കരുത്. ഈ രാജ്യത്തിന് കിട്ടിയ സ്വാതന്ത്ര്യം അട്ടിമറിക്കാൻ, സാധാരണക്കാർ സഞ്ചരിച്ചിരുന്ന തീവണ്ടിക്ക് ബോംബ് വച്ച് മറിച്ച, കൽക്കട്ട തീസിസ് മുതൽ ഈ രാജ്യത്ത് അക്രമസമരം നടത്തുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി, എങ്ങനെ സമരം നടത്തണമെന്ന് ഞങ്ങളെ പഠിപ്പിക്കാൻ വരണ്ട. കേരളത്തിൽ നിങ്ങൾ നടത്തിയ സമരചരിത്രമെന്താണ്? കേരളത്തിൽ അക്രമസമരങ്ങളുടെ പരമ്പര നടത്തിയ ആളുകളാണ് നിങ്ങൾ. ഞങ്ങൾ ഒരാളെപ്പോലും ഉപദ്രവിക്കാതെ നടത്തിയ സമരമായിരുന്നു അത്. നിങ്ങൾ സമരം നടത്തുന്ന സ്ഥലത്തേയ്ക്കാണ് ഒരാൾ വന്ന് ബഹളമുണ്ടാക്കിയതെങ്കിൽ അയാളുടെ സ്ഥിതിയെന്താകുമായിരുന്നു? അയാൾക്കുവേണ്ടി ഇന്ന് അനുശോചന യോഗം ചേരേണ്ടിവന്നേനെ. ഞങ്ങൾ അയാളെ ദേഹോപദ്രവമൊന്നും ഏല്പിച്ചില്ല. സാധാരണ കോൺഗ്രസ് നടത്തുന്ന രീതിയിലായിരുന്നില്ല ആ സമരം. അത്രയും സമ്മർദ്ദം ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായതുകൊണ്ടാണ് ഞങ്ങൾക്ക് ആ സമരവുമായി മുന്നോട്ടു പോകേണ്ടിവന്നത്. തിരുവനന്തപുരത്ത് പെട്രോളിന് 112 രൂപയും ഡീസലിന് 105 രൂപയുമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് പറഞ്ഞതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. സമര സ്ഥലത്തുണ്ടായ ഒരു സംഭവത്തെക്കുറിച്ച് അങ്ങ് പ്രതികരിച്ചത് ഞാൻ കേട്ടു. അങ്ങയുടെ പ്രസിഡന്റ് പ്രതികരിച്ചതും ഈ സമൂഹം കേട്ടു. ഒരു കാര്യവുമറിയാതെ അദ്ദേഹത്തെ മദ്യപാനിയായി ചിത്രീകരിക്കുന്ന നിലപാട് സ്വീകരിക്കാൻ പാടുണ്ടോ? സാധാരണഗതിയിൽ ഒരു കാര്യത്തെ നമ്മൾ അങ്ങനെയാണോ കാണുക; എന്താണെന്ന് അന്വേഷിക്കണ്ടേ? അന്വേഷിക്കുന്നതിനുമുമ്പ് നടന്ന അക്രമത്തെ ന്യായീകരിക്കുന്ന നിലപാടെടുക്കുന്നത് ശരിയാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് അന്വേഷിക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. സമരത്തിലേയ്ക്ക് ഇങ്ങനെയൊരാൾ കടന്നുവന്ന് പ്രശ്നമുണ്ടാക്കിയാൽ സ്വാഭാവികമായും സമരക്കാർ

വയലന്റാകുമല്ലോ. ഇയാൾ ലക്കുകെട്ടാണ് വന്ന് സംസാരിക്കുന്നത്, അതുകൊണ്ട് നിങ്ങൾ സമാധാനം പാലിക്കണമെന്ന് പോലീസുദ്യോഗസ്ഥരാണ് സമരക്കാരോട് പറഞ്ഞത്. ആ വിവരമാണ് ഞങ്ങൾ കൊടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതന്വേഷിക്കു. (....ബഹളം......) ഞാൻ കേരളത്തിലെ മുഖ്യമന്ത്രിയോടാണ് സംസാരിക്കുന്നത്, നിങ്ങളോടല്ല. നിങ്ങൾ വെറുതെ ബഹളമുണ്ടാക്കുകയാണ്. ഞാൻ അദ്ദേഹത്തോടല്ലേ മറുപടി പറയുന്നത്. ഏത് സാഹചര്യത്തിലാണ് അവിടെ ബഹളമുണ്ടാക്കിയതെന്ന് അന്വേഷിക്കാനുള്ള സംവിധാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ട്. അങ്ങും കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനം നടത്തി ഈ സ്ഥാനത്തുവന്ന ആളാണല്ലോ? അങ്ങ് അന്വേഷിക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ഇവിടത്തെ പ്രധാന പ്രശ്നം ഡീറെഗുലേഷനെ സംബന്ധിച്ചുള്ളതാണ്. വില നിയന്ത്രണാധികാരം നേരത്തെയുണ്ടായിരുന്നില്ലേ? ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതുമുതൽ നമ്മുടെ പോളിസികളിൽ എത്രയോ മാറ്റങ്ങൾ വന്നിരിക്കുന്നു. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണാധികാരം സർക്കാരിനായിരുന്നു. 2010-ൽ അന്നത്തെ യു.പി.എ. ഗവൺമെന്റ് പെട്രോളിന്റെമാത്രം വില നിയന്ത്രണാധികാരം ഓയിൽ കമ്പനികൾക്ക് കൊടുത്തു; അതായത് ഡീറെഗുലേറ്റ് ചെയ്തു. അങ്ങനെ ചെയ്യാനുള്ള കാരണമെന്താണ്? അതുസംബന്ധിച്ച് വേറെ ആര് പറഞ്ഞാലും കുഴപ്പമില്ല, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങനെയായിരുന്നില്ല പറയേണ്ടത്. ഡീറെഗുലേറ്റ് ചെയ്യാനുള്ള കാരണം, അന്ന് ഇന്റർനാഷണൽ മാർക്കറ്റിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന്റെ ഏറ്റവും ഉയർന്ന വില 145 ഡോളർ വരികയാണ്. അപ്പോൾ നമുക്ക് ഓയിൽ പൂളുണ്ട്. ഓയിൽ പൂളിൽനിന്ന് പണമെടുത്ത് 82 ശതമാനം ക്രൂഡ് ഓയിൽ ഇംപോർട്ട് ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. ഇവിടെ വളരെ കുറച്ചുമാത്രമേയുള്ളൂ. 82 ശതമാനം ക്രൂഡ് ഓയിൽ ഇംപോർട്ട് ചെയ്യുന്ന രാജ്യത്ത് 2008-ൽ ബാരലിന് 145 ഡോളർ വർദ്ധിച്ചപ്പോൾ ഓയിൽ പൂളിലെ പണം മതിയാകാതെ വന്നു. അപ്പോൾ ഈ ഓയിൽ കമ്പനികൾക്കുണ്ടായിരിക്കുന്ന നഷ്ടം നികത്തേണ്ടത് ആരാണ്? കേന്ദ്രസർക്കാരാണ്. ഇന്ത്യയിലെ സർക്കാരിനെന്നല്ല, ലോകത്തിലെ ഒരു സർക്കാരിനും ആ കടം നികത്താൻ കഴിയില്ല. 2008-ൽ രണ്ട് ലക്ഷം കോടി രൂപയോളം ബാദ്ധ്യത ഗവൺമെന്റിന് ഓയിൽ കമ്പനികളോടുണ്ടായി. സ്വാതന്ത്ര്യത്തിനുശേഷമുള്ള ഏറ്റവും വലിയ ബാദ്ധ്യത. ഇന്റർനാഷണൽ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില വർദ്ധനവും കുറവും അനുസരിച്ച് മാറ്റാൻവേണ്ടി ഓയിൽ കമ്പനികൾ പെട്രോളിനെ ഡീറെഗുലേറ്റ് ചെയ്തു. അത് ശരിയാണെന്ന് ഞാൻ സമ്മതിക്കുന്നു. 2014-ൽ ശ്രീ. നരേന്ദ്രമോദി സർക്കാർ ഡീസലും ഡീറെഗുലേറ്റ് ചെയ്തു. ഇപ്പോഴത്തെ

വിലക്കയറ്റവും ഡീറെഗുലേറ്റ് ചെയ്തതും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറയുമ്പോഴാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭിപ്രായ വ്യത്യാസമുള്ളത്. ഡീറെഗുലേഷൻ കണക്കനുസരിച്ച് 2008-ൽ അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് 145 ഡോളർ വന്നപ്പോൾ പെട്രോളിന് 50 രൂപ 56 പൈസയും ഡീസലിന് 34 രൂപയുമായിരുന്നു. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് വില കുറയുമ്പോൾ ഇവിടെ പെട്രോളിനും ഡീസലിലും വില കുറയണം. അന്ന് ക്രൂഡ് ഓയിലിന് 145 ഡോളറുണ്ടായിരുന്നത് ഇന്ന് രാവിലെ 82 ഡോളറാണ്. ഡീറെഗുലേഷന്റെ നിർദ്ദേശമനുസരിച്ച് കേരളത്തിൽ ഇന്ന് 30 രൂപയ്ക്ക് പെട്രോൾ ലഭിക്കേണ്ടതാണ്. ഗുണപരമായ അർത്ഥത്തിലാണ് ഞാൻ പറയുന്നത്. യഥാർത്ഥത്തിൽ ഡീറെഗുലേഷൻ മുഖേന ഇതിന് വില കൂട്ടുകയല്ല വേണ്ടത്, വില കുറയണം. 2008-ലെ കണക്കനുസരിച്ച് ഇന്ന് അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് 82 ഡോളർ ആണെങ്കിൽ 30 രൂപയ്ക്ക് ഡീസൽ കിട്ടണം. എന്നാൽ ഇന്ന് 112 രൂപയ്ക്കാണ് പെട്രോൾ കിട്ടുന്നത്. പെട്രോളിന് ഡീറെഗുലേഷൻ നടത്തിയത് യഥാർത്ഥത്തിൽ നമുക്ക് ഗുണകരമാണ്. അതിന്റെ ഗുണമാണ് രാജ്യത്തെ ഉപഭോക്താക്കൾക്ക് കിട്ടേണ്ടിയിരുന്നത്. അതിനെയാണ് നിങ്ങൾ വളച്ചൊടിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ഡീറെഗുലേഷനിലൂടെ ഉപഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ വിലയിൽ ഡീസലും പെട്രോളും കിട്ടുമായിരുന്നു. നിങ്ങൾ അതിനെയാണ് തെറ്റിദ്ധരിപ്പിക്കുന്നത്. ഇവിടെ എന്താണ് സംഭവിക്കുന്നത്? അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വിലകൂട്ടുമ്പോൾ അത് ജനങ്ങളുടെ തലയിൽ വയ്ക്കും; വിലകുറയുമ്പോൾ ജനങ്ങൾക്ക് അതിന്റെ ആനുകൂല്യം നൽകാതെ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുന്നു. ഞാൻ കേന്ദ്രസർക്കാരിനെക്കുറിച്ചും ബി.ജെ.പി.-യെക്കുറിച്ചുമാണ് പറയുന്നത്. നരേന്ദ്രമോദി സർക്കാർ വില കൂട്ടുമ്പോൾ അത് മുഴുവൻ ജനങ്ങളുടെ തലയിൽ വയ്ക്കും. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോൾ അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് കിട്ടുന്നതിനുപകരം എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കും. അതുകൊണ്ടാണ് 2014-ൽ അവർ അധികാരത്തിൽ നിന്നിറങ്ങിപ്പോകുമ്പോൾ ഇവിടെ എക്സൈസ് ഡ്യൂട്ടി 9 രൂപയിൽ ചില്വാനം ആയിരുന്നത് ഇപ്പോൾ 32 രൂപയായി വർദ്ധിച്ചത്. അതാണ് വിലവർദ്ധനവിന്റെ കാരണം. അതുകൊണ്ടാണ് ഈ വിഷയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിൽ ഇത് നികുതി ഭീകരതയാണെന്നും ഇത് ടാക്സ് ടെററിസമാണെന്നും പറഞ്ഞത്. അതായത്, ജനങ്ങളുടെമേൽ ക്രൂരമായി നികുതി അടിച്ചേല്പിക്കുന്ന നികുതി ടെററിസം ആണെന്നാണ് പറഞ്ഞത്. അത് പറയുമ്പോൾ, ഡീറെഗുലേഷനെ കണക്ട് ചെയ്യുന്നത് എന്തിനുവേണ്ടിയാണ്; എന്തിനാണ് കോൺഗ്രസ്സിനെ അപമാനിക്കുന്നത്? അതാണ് പൊളിറ്റിക്കലായി

ഞങ്ങൾ ഒരു സ്റ്റേറ്റ്മെന്റ് നടത്തിയത്. നിങ്ങൾ യു.പി.എ. ഗവൺമെന്റിനെക്കുറിച്ച് പറയുന്നതിലൂടെ ബി.ജെ.പി. ചെയ്യുന്ന മഹാപരാധത്തെ മറച്ചുവയ്ക്കുകയും അതിനെ dilute ചെയ്യുകയും ചെയ്യുകയാണ്. യു.പി.എ. ഗവൺമെന്റ് ഒരപരാധവും ചെയ്തിട്ടില്ല. അവർ ചെയ്ത ആ തീരുമാനം, administrative decision കൃത്യമായി ഈ ഗവൺമെന്റ് പാലിച്ചിരുന്നുവെങ്കിൽ ഇന്ന് ലോകത്ത് ഒരിടത്തുമില്ലാത്ത കുറഞ്ഞവിലയിൽ പെട്രോളും ഡീസലും നമുക്ക് കിട്ടുമായിരുന്നു.

ഇനി സംശയമുള്ളവരോട് ഒരു ചോദ്യം കൂടിയുണ്ട്. എൽ.പി.ജി.-ക്ക് ഡീറെഗുലേറ്റ് ചെയ്തിട്ടില്ല. എൽ.പി.ജി.-യുടെ price administering control ഇപ്പോഴും കേന്ദ്രഗവൺമെന്റിൽ തന്നെയാണ്. എന്നിട്ട് വില കുറയുന്നുണ്ടോ? വില കുറയുന്നില്ലെന്നുമാത്രമല്ല, അവിടെയും ഇഷ്ടംപോലെ നികുതി കൂട്ടിക്കൊണ്ടിരിക്കുകയാണ്. 2020 ജൂൺ മുതൽ ഗ്യാസ് സിലിണ്ടറിന്റെ സബ്സിഡി കിട്ടുന്നുണ്ടോ; അത് ആരുടെയെങ്കിലും ബാങ്കിൽ വരുന്നുണ്ടോ? വാണിജ്യ ഗ്യാസ് സിലിണ്ടറിന്റെയും ഗാർഹിക ഗ്യാസ് സിലിണ്ടറിന്റെയും സബ്സിഡൈസ്ഡ് സിലിണ്ടറിന്റെയും വില വർദ്ധിച്ചു. എല്ലാത്തിന്റെയും വില വർദ്ധിച്ചു; അവിടെ regulation ഉണ്ട്; അത് regulated ആണ്. Price administered system vests on Government of India. പക്ഷെ, അതിന്റെ യാതൊരു ഗുണഫലവും നമുക്ക് ലഭിക്കുന്നില്ല. കാര്യങ്ങൾ അറിയാതെ നിങ്ങൾ സംസാരിക്കുന്നത് ശരിയല്ല. കേന്ദ്രസർക്കാരിന്റെ നികുതി കഴിഞ്ഞ 6 വർഷംകൊണ്ട് 300 ശതമാനമാണ് കുതിച്ചുയർന്നത്. അതാണ് ഈ വിലവർദ്ധനവിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം. 2014 മുതൽ 2020 കഴിഞ്ഞപ്പോഴേയ്ക്കും, 6 കൊല്ലംകൊണ്ട് 300 ശതമാനം നികുതി വർദ്ധിപ്പിച്ചു. സ്റ്റേറ്റിന്റെ നികുതി 30.08 ശതമാനവും ഡീസലിന്റേത് 22.76 ശതമാനവുമാണ്. ഞങ്ങൾ എന്താണ് പറഞ്ഞത്; സ്റ്റേറ്റ് ഗവൺമെന്റ് ശ്രദ്ധിക്കണം. നികുതി അവിടെ വർദ്ധിപ്പിക്കുമ്പോൾ; basic value കൂടുമ്പോൾ, അതനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനവും വർദ്ധിക്കുകയാണ്. അധികനികുതി വരുമാനം സംസ്ഥാനത്തിന് ഉണ്ടാകുകയാണ്.

നേരത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തും KGST വർദ്ധിപ്പിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും KGST വർദ്ധിപ്പിച്ചിട്ടുണ്ട്. ഞാൻ അതിൽ തർക്കമൊന്നും പറയുന്നില്ല. പക്ഷെ, ഒരു സന്ദിഗ്ദ്ധഘട്ടം വന്നപ്പോൾ ആളുകൾക്ക് ദോഷം വരാതിരിക്കാൻവേണ്ടിയാണ് മൂന്നുപ്രാവശ്യം ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് അത് കുറച്ചത്. അതുകൊണ്ട് 649 കോടി രൂപയുടെ ഗുണം അന്ന് ജനങ്ങൾക്കുണ്ടായി. ഇപ്പോൾ അധികനികുതി വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി മാത്രമല്ല, അധികനികുതി വരുമാനം

2,190 കോടി രൂപയാണ് കഴിഞ്ഞ 5 കൊല്ലംകൊണ്ടുണ്ടായത്. ആറാമത്തെ വർഷത്തിലേയ്ക്ക് നിങ്ങളുടെ ഗവൺമെന്റ് കടക്കുകയാണ്. ആറാമത്തെ വർഷം വരുമ്പോൾ അതിന്റെ വരുമാനം വീണ്ടും വർദ്ധിക്കുകയാണ്. ആ വരുമാന വർദ്ധനവിൽനിന്ന് നിങ്ങൾ കുറച്ച് തുക fuel subsidy ആയി കൊടുക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. നിങ്ങൾക്ക് കിട്ടുന്ന അധികവരുമാനം മുഴുവൻ നിങ്ങൾ വേണ്ടെന്ന് വയ്ക്കേണ്ട. സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധിയിലാണെന്നുള്ള യാഥാർത്ഥ്യം ഞങ്ങൾക്കറിയാം. സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം മുഴുവൻ ഉപേക്ഷിക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. വിലവർദ്ധിക്കുമ്പോൾ നമ്മൾ അതിനെ രാഷ്ട്രീയമായി എതിർക്കുകയും ബഹളമുണ്ടാക്കുകയും ചെയ്യും. നിങ്ങൾ ഞങ്ങളുടെ സമരത്തെപ്പറ്റി എന്തൊക്കെയാണ് പറഞ്ഞത്?

യു.പി.എ. ഗവൺമെന്റ് കേന്ദ്രം ഭരിക്കുന്ന സമയത്ത്; ഇവിടെ യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് നിങ്ങൾ 5 ഹർത്താലുകൾ നടത്തി. ഇപ്പോൾ ഡീസലിനും പെട്രോളിനും വിലകൂട്ടിയപ്പോൾ ഒരു ഹർത്താലും സമരവും ഉണ്ടായിരുന്നില്ല. കേന്ദ്രം നികുതി വർദ്ധിപ്പിക്കുമ്പോൾ നിങ്ങൾ ഏറ്റവും കൂടുതൽ സന്തോഷിക്കുകയാണ്. കാരണം നിങ്ങൾക്ക് ഇവിടെയും വരുമാനം വർദ്ധിക്കുമെന്നുള്ള ധാരണയാണുള്ളത്. നിങ്ങൾ അതിന്റെ സന്തോഷത്തിലാണ്. ഞങ്ങൾക്ക് വിരോധമില്ല, നിങ്ങൾ അന്ന് 5 ഹർത്താലുകൾ നടത്തിയതാണ്. ഏത് കാലത്താണ്? ക്രൂഡ് ഓയിലിന്റെ വില അന്താരാഷ്ട്ര മാർക്കറ്റിൽ 145 ഡോളർ വന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് ചക്രശ്വാസം വലിക്കുന്ന കാലത്ത്; കേന്ദ്രഗവൺമെന്റ് നിവൃത്തിയില്ലാതെ ചെയ്തപ്പോഴാണ് നിങ്ങൾ ഹർത്താലുമായി വന്നത്. ഫോറിൻ എക്സ്ചേഞ്ച് വേണം. ഇതെല്ലാമുണ്ടാക്കി കഷ്ടപ്പെട്ട് 82 ശതമാനം ക്രൂഡ് ഓയിൽ മുഴുവൻ ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന്; ഇത്രയും ഉയർന്ന വില ഉണ്ടാക്കാൻ കേന്ദ്രഗവൺമെന്റ് ചക്രശ്വാസം വലിക്കുന്ന കാലത്ത് നിങ്ങൾ 5 ഹർത്താലുകൾ നടത്തിയ ആളുകളാണ്. അന്ന് സ്റ്റേറ്റ് ഗവൺമെന്റിനോടും പിൻവലിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടു. നിങ്ങൾ 10 കൊല്ലം കഴിയുമ്പോൾ എങ്ങനെയാണ് ഇത് മറക്കുന്നത്? 10 കൊല്ലം കഴിഞ്ഞപ്പോൾ ഇങ്ങനെയൊരു സംഭവം ഇല്ലാത്ത മട്ടിൽ നേരെ ആ കസേരയിൽ ചെന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും വില കുറയ്ക്കണമെന്ന് ഇവിടെ പ്രസംഗിച്ച ആളുകളാണ്. ഞങ്ങൾ അങ്ങനെ പറയുന്നില്ല. ഉദാഹരണമായി, കെ.എസ്.ആർ.ടി.സി., സ്കൂളുകൾക്ക് ബസ് കൊടുക്കാമെന്ന് പറഞ്ഞു. സ്കൂളുകൾക്ക് ബസ് കൊടുക്കുന്നതിന് എത്ര രൂപയാണ്; ഒരു ദിവസം 100 കിലോമീറ്റർ വരെയുള്ളതിന് 5,500 രൂപയാണ്. ഒരു കെ.എസ്.ആർ.ടി.സി. ബസ്

ഓടാൻ 20 ദിവസത്തേയ്ക്ക് 1,10,000 രൂപ വേണം. ഒരു കുട്ടിക്ക് സ്കൂളിൽ പോകണമെങ്കിൽ 157 രൂപ കൊടുക്കണം. ഒരു ദിവസം 157 രൂപ കൊടുത്ത് ഏത് കുട്ടിയാണ് സ്കൂളിൽ പോകുന്നത്? അപ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്? ഇത്തരം ഘട്ടങ്ങളിൽ സ്കൂളുകൾ തുറക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ് ഓടണം. 'ഞങ്ങൾക്ക് അധികവരുമാനം കിട്ടിയിട്ടുണ്ട്; ഞങ്ങൾ കെ.എസ്.ആർ.ടി.സി.-ക്ക് fuel subsidy കൊടുക്കുകയാണ്; സൗജന്യമായി കുട്ടികളെ സ്കൂളിൽ എത്തിക്കാം' എന്നു പറഞ്ഞെങ്കിൽ; നിങ്ങൾ അത് ചെയ്തിരുന്നെങ്കിൽ എന്ത് നന്നായിരുന്നു, എന്ത് ഭംഗിയായിരുന്നേനെ.

ഫിഷെർമെൻ കമ്മ്യൂണിറ്റി; വള്ളത്തിൽ പോകുന്നവരും ബോട്ടിൽ പോകുന്നവരും; കേരളത്തിന്റെ സൈന്യം കഷ്ടപ്പെടുകയാണ്. ബോട്ട് പോയില്ലെങ്കിൽ മുതലാളി മാത്രമല്ല, ബോട്ടിലെ തൊഴിലാളികളും വിഷമിക്കും. മത്സ്യബന്ധന ബോട്ടുകൾക്കും മത്സ്യബന്ധന വള്ളങ്ങൾക്കും ഒരു ലിറ്ററിന് 20 രൂപവച്ച് ഇന്ധന സബ്സിഡി കൊടുക്കാൻ നിങ്ങൾക്ക് കഴിയില്ലേ; മുഴുവൻ ഫ്രീ കൊടുക്കേണ്ട. ഓട്ടം കിട്ടാതെ ഇവിടത്തെ ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി മുഴുവൻ തകർന്നുകിടക്കുന്നു. ടാക്സികൾ, ഓട്ടോറിക്ഷകൾ; ആ ഓട്ടോറിക്ഷക്കാരന് 5 ലിറ്റർ ദിവസേന സബ്സിഡി നിരക്കിൽ കൊടുത്തുകഴിഞ്ഞാൽ ഉച്ചയ്ക്ക് അയാൾക്ക് ഭക്ഷണം കഴിക്കാനുള്ള പൈസ കിട്ടും. ഒരു ടാക്സിക്കാരന് കൊടുക്കാമല്ലോ. അങ്ങനെ എവിടെയെല്ലാമാണോ സബ്സിഡി കൊടുക്കേണ്ടത് ഗവൺമെന്റ് അങ്ങനെ ചെയ്യണം. ഒരു മഹാമാരിയുടെയും സാമ്പത്തിക മാന്ദ്യത്തിന്റെയും വിഷമത്തിൽപ്പെട്ട് ഉഴലുന്ന ജനങ്ങളെ എങ്ങനെ സഹായിക്കാൻ കഴിയും; ഏറ്റവും പാവപ്പെട്ടവരെ എങ്ങനെ സഹായിക്കാൻ കഴിയും എന്ന് ചിന്തിക്കണം. കേന്ദ്രഗവൺമെന്റ് അവരുടെ നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ആനുപാതികമായി ഈ സംസ്ഥാനത്തിനും അധികവരുമാനം ലഭിക്കുന്നുണ്ട്. ആ അധികവരുമാനത്തിൽനിന്നും fuel subsidy പോലും കൊടുക്കാതെ, ബി.ജെ.പി.-യെയും നരേന്ദ്രമോദി സർക്കാരിനെയും രക്ഷപ്പെടുത്താനാണ് നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങൾ പറഞ്ഞ ഡീറെഗുലേഷൻ മാഞ്ഞുപോയില്ലേ? ആ ഡീറെഗുലേഷനെക്കുറിച്ച് ഇനിമുതൽ നിങ്ങൾ സംസാരിക്കുമ്പോൾ യു.പി.എ. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ ഡീറെഗുലേഷൻ വളരെ ഗംഭീരമായിരുന്നുവെന്ന് സംസാരിക്കണം. അതുകൊണ്ട് ഗുണമുണ്ടായിരുന്നുവെന്ന് നിങ്ങൾ മാറ്റി പറയണം. ഈ പ്രധാനപ്പെട്ട വിഷയം, രാജ്യത്തെ ജനങ്ങളെ മുഴുവൻ ബാധിക്കുന്ന വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതിനേക്കാൾ ഗൗരവമുള്ള ഒരു വിഷയം സത്യത്തിൽ വേറെയില്ല. ഇന്ന് ജനരോഷം ഏറ്റവും കൂടുതൽ ഉയർന്നുവന്നിട്ടുള്ള ഒരു വിഷയമാണിത്. ദിവസേന വാർത്ത കാണുമ്പോൾ ജീവിതം വഴിമുട്ടിപ്പോകുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലയുടെ ഗ്രാഫ് കുത്തനെ കൂടിക്കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണ്ടേ? കേന്ദ്രഗവൺമെന്റിനോട് പറഞ്ഞാൽ കേന്ദ്രഗവൺമെന്റ് കേൾക്കുന്ന പ്രശ്നമില്ല. നമ്മൾ യോജിച്ച് പ്രക്ഷോഭം നടത്തിയാലും ഒന്നുമുണ്ടാകാൻ പോകുന്നില്ല. ഇതിലും വലിയ പ്രക്ഷോഭമാണ് കർഷകർ നടത്തുന്നത്. അവർ മൈൻഡ് ചെയ്യുന്നുണ്ടോ? കേന്ദ്രഗവൺമെന്റിനു മുന്നിൽ സാധാരണക്കാർ, തൊഴിലാളികൾ, common man എന്നിവർ ഉയർത്തുന്ന പ്രശ്നങ്ങളൊന്നും അവരുടെ മുന്നിലില്ല. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ജനജീവിതം നാനാതുറകളിലും വഴിമുട്ടുന്നു. നമുക്ക് എന്ത് ചെയ്യാൻ സാധിക്കും; നമുക്ക് അതിനുള്ള മനസ്സുണ്ട്; എന്നുള്ള ഒരു സന്ദേശമെങ്കിലും കൊടുക്കണ്ടേ; അതാണ് പ്രശ്നം. ഇങ്ങനെയൊരു സാഹചര്യം യു.ഡി.എഫ്. ഗവൺമെന്റിനുമുന്നിൽ അന്ന് വന്നപ്പോൾ വലിയതോതിൽ അല്ലെങ്കിലും അധികം കിട്ടുന്നതിൽനിന്ന് ഒരു ഭാഗമെങ്കിലും നമ്മൾ സാക്രിഫൈസ് ചെയ്ത് ഒരു സന്ദേശം കൊടുക്കാൻ കഴിഞ്ഞു. അങ്ങനെ ചില സംസ്ഥാനങ്ങൾ ചെയ്യുന്നുണ്ട്. അതാണ് ഞങ്ങളുടെ അടിയന്തരപ്രമേയത്തിന്റെ കാതലായ വശം. സംസ്ഥാന ഗവൺമെന്റിനോട് പറയാനുള്ളത്, പ്രതിഷേധിക്കുമ്പോൾതന്നെ, നിയന്ത്രണംവിട്ട ബാണംപോലെ പൊയ്ക്കൊണ്ടിരിക്കുന്ന വില, നൂറു രൂപ കടക്കും എന്നുള്ളതായിരുന്നു കുറേക്കാലമുണ്ടായിരുന്ന വാർത്ത, പക്ഷെ, ഇപ്പോൾ 112 രൂപയായി. ജനജീവിതം ഗത്യന്തരമില്ലാത്ത സ്ഥിതിയിലാണ്. അതുകൊണ്ടുതന്നെ ഞങ്ങൾ ജനങ്ങളോടൊപ്പമാണ് എന്ന് കാണിക്കാനെങ്കിലും ഗവൺമെന്റ് ചില കൺസഷൻസ് കൊടുക്കേണ്ടതാണ്. നിങ്ങളോട് യോജിച്ചുകൊണ്ട്, പ്രതിപക്ഷത്തിന്റെയും പ്രൊട്ടസ്റ്റ് കേന്ദ്രഗവൺമെന്റിനോടാണ്. അതേസമയം കേരള ഗവൺമെന്റ് കൊടുക്കുന്ന സന്ദേശം, ഇതിന് അനുകൂലമാകാനുള്ള ഒരു നടപടി ചർച്ചയിൽ എടുക്കാമായിരുന്നു. അത് എടുക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ് : സർ, ഡീറെഗുലേറ്റ് ചെയ്തതാണ് പ്രസ്തുത പ്രശ്നമെന്ന് പറയുമ്പോൾ, ഡീസലിന് ഡീറെഗുലേഷൻ നടന്നിട്ടില്ലല്ലോ. അക്കാരണത്തിന്റെ പേരിൽ ഡീസലിന്റെ വില വർദ്ധിപ്പിക്കാൻ പാടുള്ളതല്ല. കേന്ദ്രസർക്കാരിന്റെ നയമാണ് ഏറ്റവും മുഖ്യമായിട്ടുള്ളത്. ഈ വർദ്ധനവിൽ ഒരു നല്ല ഭാഗം, 32.9 രൂപ ഡീസലിനും 31.8 രൂപ പെട്രോളിനുമായി നിൽക്കുകയാണ്.

ഏതാണ്ട് തുല്യമായ രീതിയാണ്. ഇത് ഏറ്റവും പ്രതിഷേധാർഹമാണ്. ജനങ്ങളെ കൊള്ള ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക നികുതി, ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കുറച്ചു എന്നുള്ളതും നിങ്ങൾക്കറിയാമല്ലോ. കെ.എസ്.ആർ.ടി.സി.ക്കും കടലിൽ പോകുന്ന തൊഴിലാളികൾക്കുമെല്ലാം ഫ്യൂവൽ സബ്സിഡി കൊടുക്കാൻ തയ്യാറാകുന്ന ഒരു സമീപനം ഈ സർക്കാർ സ്വീകരിച്ചുകൊണ്ട്, വില വർദ്ധനവ് മൂലമുള്ള വിഹിതം മുഴുവൻ ഞങ്ങളെടുക്കുന്നില്ല എന്നുള്ള നയം സ്വീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ നയത്തിനെതിരെ ഉറച്ച നിലപാട് സ്വീകരിക്കണം. ഇത് ചർച്ചയാക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ജനജീവിതം വളരെയധികം ദുഃസ്സഹമായിരിക്കുന്ന കാലഘട്ടമാണിത്. ഇന്ധന വില വർദ്ധനവ് പല തരത്തിലും പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ജീവിക്കാൻ മാർഗ്ഗമില്ലാതെ നിൽക്കുന്ന ജനങ്ങളുടെ മേൽ ഇരുട്ടടിയാണ് കേന്ദ്രസർക്കാർ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിൽ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന ഒരു വിഷയമാണ് ഞങ്ങൾ ചൂണ്ടിക്കാട്ടിയത്. അധിക നികുതി ഒഴിവാക്കുവാനുള്ള ഒരു യാഥാർത്ഥ്യബോധത്തിലേക്ക് സർക്കാർ കടന്നുവരണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഇത്തരത്തിലുള്ള വില വർദ്ധനവുമൂലം സാധാരണ ജനങ്ങളാണ് ദുരിതമനുഭവിക്കുന്നത്. പരസ്പരം കുറ്റപ്പെടുത്തലും, പഴിചാരലുകളുമല്ല നമുക്കാവശ്യം. കൃത്യമായ ചർച്ചയും ഇടപെടലുകളും നടപടിയുമാണ് ആവശ്യം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) പാചക വാതക വില വർദ്ധനവ്

ശ്രീ. കെ. വി. സുമേഷ്: സർ, പാചക വാതക വില വർദ്ധനവ് പിൻവലിക്കണമെന്നും ഗാർഹിക പാചക വാതകത്തിന് സബ്സിഡി നൽകുന്നത് പുനരാരംഭിക്കണമെന്നുമുള്ള ആവശ്യത്തിന്മേൽ കേന്ദ്ര ഗവൺമെന്റിൽ യുക്തമായ ഇടപെടൽ നടത്തുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധ ധനമന്ത്രിയിലൂടെ ക്ഷണിക്കുകയാണ്. ടാക്സ് ടെററിസം ഇന്ത്യയിൽ ആരംഭിച്ചത് കോൺഗ്രസ് സർക്കാരാണ്. ഇന്ത്യയിൽ പെട്രോളിന്റെ വില തീരുമാനിക്കാനുള്ള അവകാശം സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചവർ പാത വെട്ടിത്തുറന്നിട്ടതുമൂലം ബി.ജെ.പി. അതിതീവ്ര വലതുപക്ഷ നയങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുകയാണ്. അതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷംകൊണ്ട്, 410 രൂപയിൽ നിന്ന് 1000 രൂപയിലേയ്ക്ക് ഗാർഹിക പാചകവാതകത്തിന്റെ വില എത്തി. ഹോട്ടലുകളിലുൾപ്പെടെ ഉപയോഗിക്കുന്ന വാണിജ്യ പാചകവാതകത്തിന് 2000 രൂപയോടടുത്തു. ഇന്നത്തെ എല്ലാ വാർത്താ മാധ്യമങ്ങളും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേശാഭിമാനിയുടേത് വളരെ ശ്രദ്ധേയമായ ഒരു ക്യാപ്ഷനാണ്. 'ജീവിക്കാൻ സമ്മതിക്കില്ല'. ഇന്ത്യയിലെ സാധാരണ മനുഷ്യനെ ജീവിക്കാൻ സമ്മതിക്കാത്ത കടുത്ത സാമ്പത്തിക പരിഷ്കാരത്തിന്റെ കേന്ദ്രഭൂമിയായി ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യയെ മാറ്റുകയാണ്. അതിനെതിരെ എൽ.ഡി.എഫ്. സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിനെതിരെയുള്ള രാഷ്ട്രീയ പോരാട്ടത്തിൽ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന് ക്ലാസെടുക്കാൻ പ്രതിപക്ഷം വരരുത്. ഏറ്റവും ശക്തമായ നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വില കുറയ്ക്കാനാവശ്യമായ ശക്തമായ നിലപാടുകൾ സ്വീകരിച്ചില്ലെങ്കിൽ ഇന്ത്യയിൽ സാധാരണ മനുഷ്യന് ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യം നമ്മുടെ നാട്ടിലുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. കോവിഡിന്റെ ഭാഗമായി വളരെയേറെ ബുദ്ധിമുട്ടാണ് നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്നത്. അതിന്റെ ഭാഗമായി നിത്യവരുമാനത്തിൽ കുറവുണ്ടാകുന്ന സാഹചര്യത്തിൽ, റിസർവ് ബാങ്കിന്റെ മുൻ ഗവർണറായിരുന്ന ശ്രീ. രഘുറാം രാജൻ കഴിഞ്ഞ ദിവസം പറഞ്ഞത് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പരിഷ്കാരമെന്നത് വികലമാണെന്നും 20-25 വർഷക്കാലം പിന്നിട്ടാലും ഇപ്പോൾ എടുത്ത് ചാടിയ കുഴപ്പത്തിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിയില്ലെന്നുമാണ്. ജി.എസ്.ടി., നോട്ട് നിരോധനമുൾപ്പെടെ സ്വയം വരുത്തിവച്ച സാമ്പത്തിക അപചയത്തിന്റെ ഭാഗമായാണ് ഈ പ്രതിസന്ധി

ഇന്ത്യയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഈ സാമ്പത്തിക പരിഷ്കാരമാണ് കടുത്ത നിലയിലേയ്ക്കുള്ള ടാക്സ് ടെററിസത്തിലേയ്ക്ക് നയിക്കുന്നതെന്നതാണ് യാഥാർത്ഥ്യം. കേരളത്തിൽ ഏതാണ്ട് 80.70 ശതമാനം ഉണഭോക്താക്കളെ ബാധിക്കുന്ന അതീവ ഗൗരവമായ ഒരു വിഷയമാണിത്. ഒരു ഫെഡറൽ സ്റ്റേറ്റ് എന്ന നിലയിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടായാൽ മാത്രമെ ഇത് പരിഹരിക്കാൻ സാധിക്കു. പാചകവാതക സബ്സിഡി നിർത്തലാക്കിയിട്ട് ഒന്നര വർഷമായി. അതോടൊപ്പം പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് പിൻവലിക്കാനാവശ്യമായ ഇടപെടൽ സംസ്ഥാന സർക്കാർ നടത്തണമെന്ന് ശ്രദ്ധ ക്ഷണിക്കലിലൂടെ ധനമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2013 വരെ സബ്സിഡി നിരക്കിൽ പാചകവാതക സിലിണ്ടർ നൽകുന്ന രീതിയാണ് നിലനിന്നിരുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 2013-ൽ രണ്ടാം യു.പി.എ. സർക്കാർ ഈ രീതി അവസാനിപ്പിക്കുകയും ഡി.ബി.റ്റി. (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) സ്കീം നടപ്പിലാക്കുകയും ചെയ്തു. അതായത് ഉപഭോക്താക്കൾ മാർക്കറ്റ് വില നൽകി സിലിണ്ടർ വാങ്ങുക, അതിന്റെ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്ന രീതിയായിരുന്നു അത്. ഇതിനോടൊപ്പം സബ്സിഡി സിലിണ്ടറുകളുടെ എണ്ണവും കുറച്ചു. ഈ തീരുമാനം ഭാവിയിൽ സബ്സിഡി എന്നന്നേയ്ക്കുമായി ഇല്ലാതാക്കുമെന്ന അപകടം അന്നേതന്നെ ഇടതുപക്ഷം ചൂണ്ടിക്കാണിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 35,605 കോടി രൂപയാണ് പാചക വാതക സബ്സിഡിക്കായി നീക്കിവച്ചത്. 2020-21 വർഷത്തിൽ സബ്സിഡിക്കായി നീക്കിവച്ച തുക 25,520 കോടി രൂപയായി കുറഞ്ഞു. 2021-22-ൽ പാചകവാതകത്തിന്റെ സബ്സിഡിക്കുവേണ്ടി 12,450 കോടി രൂപ മാത്രമാണ് കേന്ദ്രബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. എന്നാൽ രണ്ടാം എൻ.ഡി.എ. സർക്കാരിന്റെ തുടക്കത്തിൽ 2020 മേയ് മുതൽ ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി അയച്ചുകൊടുത്തിരുന്നത് നിർത്തിവച്ചിരിക്കുകയാണ്. ഒന്നാം മോദി സർക്കാരിന്റെ കാലം മുതൽ പടിപടിയായി പാചക വാതക വില വർദ്ധിപ്പിച്ചു. കോവിഡ് മഹാമാരി രൂക്ഷമായിരുന്ന കാലഘട്ടത്തിൽ വില വർദ്ധന രൂക്ഷമായി. 2020 മേയ് മാസം 581 രൂപ മാത്രം വിലയുണ്ടായിരുന്ന 14.2 കിലോ സിലിണ്ടറിന് 2021 ഒക്ടോബർ മാസം അവസാനം 940.50 രൂപയായി വർദ്ധിച്ചു. ഈ കാലയളവിൽ 61 ശതമാനം വർദ്ധനവാണ് പാചക വാതകത്തിനുണ്ടായത്. അന്താരാഷ്ട്ര മാർക്കറ്റിലെ,

പ്രത്യേകിച്ചും സൗദി ആരംകോ എന്ന കമ്പനിയുടെ വിലയ്ക്കനുസരിച്ചാണ് പാചക വാതക വിലയെന്നായിരുന്നു കേന്ദ്ര സർക്കാർ പറഞ്ഞിരുന്നത്. ഇതനുസരിച്ച് നോക്കിയാൽ 2014 -15 സാമ്പത്തിക വർഷത്തിൽ ഒരു മെട്രിക് ടൺ എൽ.പി.ജി.-യുടെ അന്താരാഷ്ട്ര വില 880 ഡോളറായിരുന്നത് 2016-17-ൽ 394 ഡോളറായും, 2021-22 സാമ്പത്തിക വർഷത്തിൽ 382 ഡോളറായും കുറഞ്ഞു. ഇതേസമയം ഗാർഹിക പാചകവാതകത്തിന്റെ വില 2014-15-ൽ 432 രൂപയായും 2016-17-ൽ 476 രൂപയായും 2021-22-ൽ 900 രൂപയായും വർദ്ധിക്കുകയാണുണ്ടായത്. വില കൂടാനുള്ള പ്രധാന കാരണം പാചക വാതകത്തിന്റെ സബ്സിഡി എടുത്തുകളഞ്ഞതാണ്. കൊട്ടിഘോഷിച്ച് കേന്ദ്രസർക്കാർ നടപ്പിലാക്കിയ കുറഞ്ഞ നിരക്കിൽ പാവപ്പെട്ടവർക്ക് പാചക വാതകം നൽകുന്ന പ്രധാൻമന്ത്രി ഉജ്ജ്വൽ യോജനയുടെ ഗുണഭോക്താക്കളായ പാവങ്ങൾ ആദ്യതവണ സിലിണ്ടർ വാങ്ങിയശേഷം ഉയർന്ന വില കാരണം പാചക വാതകം ഉപയോഗിക്കുന്നത് അവസാനിപ്പിച്ചു എന്ന് 2019-ലെ സി. & എ.ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്. ചരക്കുസേവന നികുതി നിയമം നിലവിൽ വരുന്നതിന് മുമ്പ് പാചക വാതകത്തിന്റെ മൂല്യവർദ്ധിത നികുതി 5 ശതമാനമായിരുന്നു. ചരക്ക് സേവന നികുതി നിയമം വന്നപ്പോൾ നിലവിൽ നികുതി 5 ശതമാനമായി നിലനിർത്തിയെങ്കിലും ഇതിൽ 2.5 ശതമാനം കേന്ദ്രത്തിനും 2.5 ശതമാനം സംസ്ഥാനത്തിനും എന്ന നിലയിലേക്ക് മാറി. സംസ്ഥാനത്തിന് 2.5 ശതമാനത്തിന്റെ നഷ്ടം സംഭവിക്കുകയും ചെയ്തു. നികുതി നിരക്ക് ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പും ഇപ്പോഴും മാറ്റമില്ലാതെ തുടരുന്നതിനാൽ പാചകവാതകത്തിന്റെ വിലക്കയറ്റത്തിന് നികുതി നിരക്കുമായി ബന്ധമില്ല എന്ന് കാണാവുന്നതാണ്. വൻതോതിൽ മണ്ണെണ്ണയുടെ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചതോടെ കോവിഡ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുന്ന സാധാരണക്കാർ ഏകദേശം 900 രൂപ നിരക്കിലുള്ള എൽ.പി.ജി. സിലിണ്ടർ വാങ്ങാൻ നിർബന്ധിതരായിരിക്കുകയാണ്. ഇത് സ്ഥിതി രൂക്ഷമാക്കുകയാണ്. രണ്ടാം യു.പി.എ. സർക്കാർ തുടക്കം കുറിച്ച സാമ്പത്തിക നയവും ആ നയം വളരെ വേഗത്തിൽ നടപ്പിലാക്കുന്ന എൻ.ഡി.എ. സർക്കാരുമാണ് പാചകവാതക വില വർദ്ധനവിന്റെ കാരണക്കാർ. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എൽ.പി.ജി. സിലിണ്ടറുകളുടെ വില കുറയ്ക്കണമെന്നും സബ്സിഡി പുനഃസ്ഥാപിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ ഈ നയത്തിനെതിരെ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ പ്രതിഷേധം ഉയർത്തേണ്ട സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും കേന്ദ്രസർക്കാരിലേയ്ക്ക് സമ്മർദ്ദം ചെലുത്തുന്നതുൾപ്പെടെയുള്ള ഇടപെടലുകൾ തുടരുന്നതാണ്.

ശ്രീ. കെ. വി. സുമേഷ് : സർ, ജി.എസ്.ടി.-യിൽ പാചക വാതകത്തെ ഉൾപ്പെടുത്തിയാൽ വില കുറയുമെന്നൊരു ആവശ്യം ഉയരുന്നുണ്ട്. അത് സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരത്തെ ജി.എസ്.ടി.-യിൽ പെട്രോളിയം ഉൽപ്പന്നങ്ങളും പാചക വാതകവും കൊണ്ടുവന്നാൽ വില കുറയുമെന്നൊരു പ്രചാരണമുണ്ടായിരുന്നു. അത് തെറ്റാണെന്നുള്ള വസ്തുതകൾ പുറത്ത് വന്നിരിക്കുകയാണ്. നേരത്തെ ഇക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. പാചകവാതത്തിന് നേരത്തെ നികുതി 5 ശതമാനമായിരുന്നു; ഇപ്പോഴും 5 ശതമാനം നികുതിയാണുള്ളത്. 900 രൂപയുടെ ഒരു സിലിണ്ടറിന് 45 രൂപയേ നികുതിയായിട്ടുള്ളൂ. അതിൽ പകുതി കേന്ദ്ര സർക്കാരിനും പകുതി സംസ്ഥാന സർക്കാരിനും എന്ന നിലയിൽത്തന്നെയാണ് തുടരുന്നത്. പെട്രോളിയം വില വർദ്ധനയെ സംബന്ധിച്ച് നേരത്ത ഇവിടെ ചർച്ച നടന്നപ്പോൾ പറഞ്ഞു. ഇതിൽ ശതമാനം വളരെ കുറവാണ്. പക്ഷെ വില വർദ്ധിക്കുന്നതിന് യാതൊരു ന്യായവുമില്ല. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ഏകദേശം ഇരട്ടിയായി വർദ്ധിച്ചതിന്, അന്തർദ്ദേശീയ മാർക്കറ്റിലെ വിലയുമായി യാതൊരു ബന്ധവുമില്ല. ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ വില കുറയുമെന്ന് പറയുന്നത് ഏറ്റവും വലിയ തെറ്റാണെന്ന് തെളിയിക്കുന്നതാണ് ഗ്യാസിന്റെ വില വർദ്ധനവ്. ഗ്യാസിന് വിലയുടെ 5 ശതമാനമാണ് ടാക്സുള്ളത്. ഇതിന് 45 രൂപ മാത്രം ടാക്സ് വാങ്ങുമ്പോഴാണ് ഗ്യാസിന് ഭീമമായ വില വാങ്ങുന്നത്. ഗ്യാസ് ഇപ്പോൾ ജി.എസ്.ടി.-യിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പെട്രോളിയം ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽപോലും ഗുണമുണ്ടാകില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

11.00 A.M.]

## 2. മെഡിക്കൽ പി.ജി. കോഴ്സുകളിൽ എസ്.ഇ.ബി.സി. സംവരണം

ശ്രീ. പി. ഉബൈദുള്ള: സർ, മെഡിക്കൽ പി.ജി. കോഴ്സുകളിൽ എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് നൽകിവരുന്ന സംവരണം 30 ശതമാനമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെയും നിയമസഭയുടെയും ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ലക്ഷ്യമിട്ടാണ് നമ്മുടെ രാജ്യത്ത് ഭരണഘടനാനുസൃതമായ സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. സാമൂഹിക പിന്നാക്ക അവസ്ഥയാണ് സംവരണത്തിന്റെ അടിസ്ഥാനതത്വമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഒട്ടേറെ വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുള്ള സംവരണം ഏർപ്പെടുത്തിയപ്പോഴും സംവരണത്തിന്റെ അടിസ്ഥാനമെന്താണെന്ന് നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. സമീപകാലത്ത് വന്ന സുപ്രീംകോടതി വിധികളിൽപോലും സാമൂഹിക പിന്നാക്കാവസ്ഥ തന്നെയാണ് സംവരണത്തിന്റെ മാനദണ്ഡമെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന ജനസംഖ്യയുടെ 60 മുതൽ 65 ശതമാനം വരെയുള്ള ജനവിഭാഗങ്ങൾ സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവരാണെന്നത് വസ്തുതയാണ്. പിന്നാക്ക വിഭാഗങ്ങൾ എന്ന് പൊതുവെ പറയപ്പെടുന്ന ഈ ജനസമൂഹത്തിന് സംസ്ഥാനത്തെ മെഡിക്കൽ, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ നേരിടുന്ന സംവരണ നിഷേധത്തിന്റെ ഗൗരവമായ വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

സംസ്ഥാനത്തെ മെഡിക്കൽ ബിരുദ കോഴ്സുകളിൽ പിന്നാക്ക വിഭാഗങ്ങളായ എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് നിലവിൽ നൽകി വരുന്ന സംവരണം 30 ശതമാനമാണ്. ഇതിൽ ഈഴവ, മുസ്ലീം, ലത്തീൻ കത്തോലിക്ക, പിന്നാക്ക ഹിന്ദു, പിന്നാക്ക ക്രിസ്ത്യൻ, വിശ്വകർമ്മ അനുബന്ധ സമുദായങ്ങൾ, ധീവര അനുബന്ധ സമുദായങ്ങൾ, കുശവ, കുടുംബി തുടങ്ങിയ വിഭാഗങ്ങൾക്ക് 30 ശതമാനം സംവരണത്തിനകത്ത് ഉപസംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുൾപ്പെടെ പി.ജി. കോഴ്സുകളിൽ ജനസംഖ്യയുടെ മഹാഭൂരിപക്ഷം വരുന്ന എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് നാളിതുവരെയും നൽകിയിരുന്ന സംവരണം ആകെ 9 ശതമാനമായിരുന്നു. ഈഴവ വിഭാഗങ്ങൾക്ക് മൂന്നും മുസ്ലീങ്ങൾക്ക് രണ്ടും ലത്തീൻ കത്തോലിക്ക, പിന്നാക്ക ഹിന്ദു, പിന്നാക്ക ക്രിസ്ത്യൻ, കുടുംബി വിഭാഗങ്ങൾക്ക് ഓരോ ശതമാനം വീതവുമാണ് നിലവിലെ സീറ്റ് സംവരണം. ഈ സംവരണം ബിരുദ കോഴ്സുകൾക്ക് തുല്യമായി 30 ശതമാനമാക്കി ഉയർത്തണമെന്നത് കാലങ്ങളായുള്ള ആവശ്യമാണ്. 93-ാം ഭരണഘടന ഭേദഗതി പ്രകാരമുള്ള കേന്ദ്ര വിദ്യാഭ്യാസ നിയമമനുസരിച്ച് പിന്നാക്ക സമുദായങ്ങൾക്ക് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും 27 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. ഓരോ സംസ്ഥാനത്തും നിലവിലുള്ള ഉയർന്ന സംവരണം തുടരാനും അനുമതിയുണ്ട്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ പിന്നാക്ക സമുദായങ്ങൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം അനുവദിക്കുന്നത്. അതിൻപ്രകാരം നിലവിലുള്ള സംവരണം 30 ശതമാനമാണ്. പ്രൊഫഷണൽ കോഴ്സ് എന്നാൽ ബിരുദമെന്നോ ബിരുദാനന്തര ബിരുദമെന്നോ ഉള്ള വേർതിരിവ് കുമാരപിള്ള കമ്മീഷൻ പറഞ്ഞിട്ടില്ല. അതിനാൽ 30 ശതമാനം സംവരണം ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സിനും അർഹതയുണ്ട്. എന്നാൽ ഇത് ഇതുവരെയും അനുവദിച്ചിരുന്നില്ല. കേന്ദ്ര നിയമം വന്നതോടുകൂടി അനുവദിക്കാൻ

നിർബന്ധിതമായപ്പോൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 9 ശതമാനം സംവരണം അനുവദിക്കാനാണ് ശിപാർശ ചെയ്തത്. മെഡിക്കൽ പി.ജി. കോഴ്സുകളിലെ ഒ.ബി.സി. വിഭാഗങ്ങളിലെ പ്രാതിനിധ്യക്കുറവ് സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഈ വിഷയത്തിൽ സർക്കാരിനെ ഉപദേശിക്കേണ്ട സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽനിന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉപദേശം തേടി. പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, മെഡിക്കൽ, ആയുർവ്വേദ വിദ്യാഭ്യാസ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി കമ്മീഷൻ ഹിയറിംഗ് നടത്തുകയും ചെയ്തു. കമ്മീഷന്റെ റിപ്പോർട്ട് 2021 ഫെബ്രുവരി 26-ന് സർക്കാരിന് സമർപ്പിച്ചു. വിഷയം സവിസ്തരം പരിശോധിച്ച കമ്മിഷൻ മെഡിക്കൽ, ദന്തൽ പി.ജി. കോഴ്സുകളിലെ എസ്.ഇ.ബി.സി. സംവരണം 30 ശതമാനമാക്കി ഉയർത്തണമെന്നാണ് സർക്കാരിന് ശിപാർശ നൽകിയത്. മാസങ്ങളോളം ഈ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചില്ലെന്നത് ഖേദകരമാണ്. കഴിഞ്ഞ സഭാ സമ്മേളനകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും പിന്നാക്ക വിഭാഗ വികസന വകുപ്പുമന്ത്രിക്കും കത്ത് നൽകുകയുണ്ടായി. 27-10-2021-ന് ചേർന്ന മന്ത്രിസഭായോഗം മെഡിക്കൽ പി.ജി. കോഴ്സുകളിൽ 2021-22 അദ്ധ്യയന വർഷം മുതൽ എസ്.ഇ.ബി.സി. സംവരണം 27 ശതമാനമാക്കി ഉയർത്താൻ തീരുമാനിച്ചതായി വാർത്തകളിൽ കണ്ടു. 2022-23 വർഷം മുതൽ ദന്തൽ പി.ജി. കോഴ്സുകളിലും ഈ സംവരണം നടപ്പാക്കുമെന്നും പറയുന്നുണ്ട്. 30 ശതമാനം സംവരണത്തിനാണ് പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിന് ഉപദേശം നൽകിയത്. ഏത് സാഹചര്യത്തിലാണ് ഇത് 27 ശതമാനമാക്കി സർക്കാർ തീരുമാനിച്ചത് എന്ന് മനസ്സിലാകുന്നില്ല. ആരോഗ്യവകുപ്പിന് കീഴിലുള്ള ഒട്ടേറെ പി.ജി. കോഴ്സുകളിൽ ഇപ്പോഴും എസ്.ഇ.ബി.സി. സംവരണം 9 ശതമാനത്തിൽ തന്നെ തുടരുകയാണ്. ഈ കോഴ്സുകളൊന്നും മന്ത്രിസഭാ തീരുമാനത്തിന്റെ പരിധിയിൽ വന്നിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. ആയുർവ്വേദം, ഹോമിയോ പി.ജി. കോഴ്സുകൾ, ഡി.എൻ.ബി., പോസ്റ്റ് എം.ബി.ബി.എസ്., ഫാർമസി പി.ജി., എം.എസ്‌സി. നഴ്സിംഗ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എം.എസ്‌സി. എം.എൽ.ടി., എം.എസ്‌സി. ഓഡിയോളജി, എം.എസ്‌സി. സ്പീച്ച് ലാംഗ്വേജ്, പത്തോളജി തുടങ്ങിയ പല പ്രൊഫഷണൽ കോഴ്സുകളിലും എസ്.ഇ.ബി.സി. സംവരണം 9 ശതമാനം മാത്രമാണ്. ഈ കോഴ്സുകളിലെല്ലാം സാമ്പത്തിക സംവരണം 10 ശതമാനമാണെന്നത് സർക്കാർ കാണാതെ പോകരുത്. ആരോഗ്യ വകുപ്പിനുകീഴിലുള്ള പി.ജി. ഡിപ്ലോമ കോഴ്സുകളിലെല്ലാം എസ്.ഇ.ബി.സി. സംവരണം 30 ശതമാനമാക്കി ഉയർത്താൻ അടിയന്തര നടപടിയുണ്ടാകണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്ന ബിരുദ കോഴ്സുകൾക്ക് 30 ശതമാനവും പി.ജി. മെഡിക്കൽ കോഴ്സുകൾക്ക് 9 ശതമാനവും സംവരണമാണ് കഴിഞ്ഞ അദ്ധ്യയന വർഷംവരെ എസ്.ഇ.ബി.സി. വിഭാഗത്തിന് നൽകിവന്നിട്ടുള്ളത്. ഈ വർഷം മുതൽ പി.ജി. മെഡിക്കൽ പ്രവേശനത്തിന് സർവ്വീസ് ക്വാട്ട ഏർപ്പെടുത്തണമെന്ന സുപ്രീംകോടതി ഉത്തരവും എസ്.ഇ.ബി.സി. സംവരണം ഉയർത്തണമെന്ന പിന്നാക്ക സമുദായ കമ്മീഷന്റെ ശിപാർശയും കണക്കിലെടുത്ത് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ പി.ജി. പ്രവേശന സംവരണ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് കാണുകയും പി.ജി. മെഡിക്കൽ, മെഡിക്കൽ, ദന്തൽ സംവരണ വിഹിതം പുനർനിശ്ചയിക്കുന്നതിനുള്ള പരിശോധന ആരംഭിക്കുകയും പ്രവേശന നടപടികൾ ഉടൻ ആരംഭിക്കേണ്ടിയിരുന്ന 2021-22-ലെ എം.ഡി.എസ്. പ്രവേശനത്തിന് സംവരണം തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് പി.ജി. മെഡിക്കൽ കോഴ്സുകളിലെ സംവരണ വിഹിതം നിശ്ചയിക്കുന്നത് വിവിധഘട്ടങ്ങളിലായി സർക്കാർ വിശദമായി പരിശോധിക്കുകയും എസ്.സി. വിഭാഗത്തിന് 8 ശതമാനം, എസ്.ടി. വിഭാഗത്തിന് 2 ശതമാനം, എസ്.ഇ.ബി.സി. 27 ശതമാനം, ഇ.ഡബ്ല്യു.എസ് 10 ശതമാനം, പി.ഡി. 5 ശതമാനം, സർവ്വീസ് ക്വാട്ട 10 ശതമാനം എന്ന രീതിയിൽ സംവരണവിഹിതം ഏർപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. എം.ഡി.എസ്. പ്രവേശനത്തിന് 2022-23 അദ്ധ്യയന വർഷം മുതലാണ് ഇത് ബാധകമാക്കുകയെന്ന് തീരുമാനിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ സാഹചര്യങ്ങളിലാണ് പി.ജി. മെഡിക്കൽ കോഴ്സുകളിൽ നിലവിൽ എസ്.ഇ.ബി.സി.ക്ക് നൽകി വന്നിരുന്ന 9 ശതമാനം സംവരണം 27 ശതമാനമാക്കി ഉയർത്തുവാൻ സർക്കാർ തീരുമാനിച്ച് നടപടി സ്വീകരിച്ചത്. ആരോഗ്യവകുപ്പിന് കീഴിലുള്ള മറ്റ് പി.ജി. കോഴ്സുകളിലെല്ലാം എസ്.ഇ.ബി.സി സംവരണം, പി.ജി. മെഡിക്കൽ, മെഡിക്കൽ, ദന്തൽ കോഴ്സുകൾക്ക് നിശ്ചയിച്ച അനുപാതം ഉയർത്തി നിശ്ചയിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ വിശദമായ പഠനം നടത്തി 2021 ഫെബ്രുവരിയിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ മെഡിക്കൽ, ദന്തൽ പി.ജി. കോഴ്സുകളിലെ എസ്.ഇ.ബി.സി. സംവരണം 30 ശതമാനമാക്കി ഉയർത്തണമെന്നാണ് ഉപദേശം നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ? സർക്കാർ ഇപ്പോൾ 27

ശതമാനം സംവരണം നൽകാനാണ് തീരുമാനമെടുത്തിരിക്കുന്നത്. അതോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റേതെങ്കിലും കോഴ്സുകൾ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണ നഷ്ടമുണ്ടായിട്ടുണ്ടോയെന്നത് സംബന്ധിച്ച് പരിശോധന നടത്തി ആയത് ഉണ്ടായിട്ടുണ്ടെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ രണ്ട് ചോദ്യങ്ങൾക്കുമുള്ള ഉത്തരം പറഞ്ഞുകഴിഞ്ഞതാണ്. എങ്കിലും ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. ഇതുവരെ പി.ജി. മെഡിക്കൽ കോഴ്സുകൾക്ക് നൽകിയിരുന്ന സംവരണം 9 ശതമാനത്തിൽനിന്നും 27 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന എസ്.ഇ.ബി.സി. സംവരണം 27 ശതമാനമാണ്. യു.ജി. കോഴ്സുകൾക്ക് എസ്.ഇ.ബി.സി. വിഭാഗത്തിന് 30 ശതമാനം സംവരണവും നൽകുന്നുണ്ട്. ഇപ്പോഴാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി സർവ്വീസ് ക്വാട്ടക്കൂടി പി.ജി. കോഴ്സുകൾക്ക് ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചത്. നമ്മുടെ സംവരണ മാനദണ്ഡങ്ങളെല്ലാം പാലിച്ചുകൊണ്ടും കമ്മീഷന്റെ ശിപാർശയ്ക്കനുസരിച്ചും നൽകാൻ കഴിയുന്ന പരമാവധി സംവരണം നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. മറ്റു കോഴ്സുകളെ സംബന്ധിച്ച കാര്യവും സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## IV സബ്മിഷൻ

### 1. ബ്ലഡ് ബാങ്കും കാർഡിയോളജി വിഭാഗവും

ശ്രീ. സി. ആർ. മഹേഷ്: സർ, കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്കും കാർഡിയോളജി വിഭാഗവും അടിയന്തിരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് എന്റെ സബ്മിഷൻ. 1956-ൽ കേവലം ഒരു ഡിസ്പെൻസറിയായി പ്രവർത്തനം ആരംഭിച്ച ആശുപത്രി 1967-ൽ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയായി മാറി. കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ ഒ.പി. ഉള്ള താലൂക്ക് ആശുപത്രിയാണ് ഇപ്പോൾ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി. ഏകദേശം 1700-ഓളം രോഗികളാണ് ദിനംപ്രതി ഈ ആശുപത്രിയെ ആശ്രയിക്കുന്നത്. ഇരുന്നൂറോളം കിടപ്പുരോഗികളും അവിടെ സ്ഥിരമായി ഉണ്ട്. നഗരത്തിന്റെ ഹൃദയഭാഗത്ത് ദേശീയപാതയ്ക്ക് സമീപം പ്രവർത്തിക്കുന്ന എന്ന പ്രത്യേകതയും ഈ താലൂക്ക് ആശുപത്രിക്കുണ്ട്. ദേശീയ പാതയിൽ ഏറ്റവും കൂടുതൽ അപകടങ്ങളും അപകടമരണങ്ങളും നടക്കുന്നത് ഓച്ചിറ മുതൽ കണ്ണേറ്റുവരെയുള്ള ഈ ആശുപത്രിയുടെ പരിധിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലാണ്.

അപകടങ്ങളിൽപ്പെടുന്നവർ ആദ്യം ചികിത്സയ്ക്കായി സമീപിക്കുന്നത് ഈ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലാണ്. പിന്നീട് ചികിത്സയ്ക്ക് ആശ്രയിക്കാവുന്ന സർക്കാർ ആശുപത്രികളിൽ ഒരെണ്ണം ഇരുപത്തിയഞ്ച് കിലോമീറ്റർ ദൂരമുള്ള കൊല്ലം ജില്ലാ ആശുപത്രിയാണ്. മറ്റൊരെണ്ണം അമ്പത്തിയൊന്ന് കിലോമീറ്റർ ദൂരമുള്ള ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയുമാണ്. രക്തം ലഭ്യമാകാത്തതു കാരണം അപകടത്തിൽ ഗുരുതരമായി പരിക്കുപറ്റുന്ന രോഗികളെ മേൽപ്പറഞ്ഞ ആശുപത്രികളിലേക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്. കൂടാതെ എല്ലാ മാസവും നൂറ്റിനാൽപ്പതോളം പ്രസവങ്ങൾ നടക്കാറുണ്ട്. അതിൽതന്നെ മുപ്പതു ശതമാനത്തോളം സിസേറിയനാണ്. കൂടാതെ ദിവസവും പത്തോളം മേജർ ഓപ്പറേഷനുകളും പതിനഞ്ചോളം മൈനർ ഓപ്പറേഷനുകളും ഈ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ നടക്കുന്നുണ്ട്. ഈ കോവിഡ് കാലത്തും ഓപ്പറേഷൻ തിയേറ്റർ അടയ്ക്കാതെ മുടക്കം കൂടാതെ പ്രവർത്തിച്ച ആശുപത്രിയാണിത്. ആയതിനാൽ അടിയന്തിരമായി ഒരു ബ്ലഡ് ബാങ്ക് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയാണ്. താലൂക്കിൽ ഹൃദയസംബന്ധമായ അസുഖങ്ങൾക്ക് ചികിത്സ തേടുന്നവരുടെ എണ്ണം കൂടിവരികയാണ്. ഹൃദ്രോഗംമൂലം മരിക്കുന്നവരുടെ എണ്ണവും കൂടിവരികയാണ്. എല്ലാ ദിവസവും കാഷ്വാലിറ്റിയിൽ അഞ്ചോളം ഹാർട്ട് അറ്റാക്ക് കേസുകൾ റിപ്പോർട്ട് ചെയ്യുന്നു. ഇത്രയും കൂടുതൽ കേസുകൾ വരുന്ന ഈ താലൂക്ക് ആശുപത്രിയിൽ ഒരു കാർഡിയോളജി വിഭാഗത്തിന്റെ അഭാവം കാരണം നേരത്തെ പറഞ്ഞതുപോലെതന്നെ കൊല്ലം-ആലപ്പുഴ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ആശുപത്രികളിലേയ്ക്കുള്ള യാത്രാമദ്ധ്യേ രോഗി മരണപ്പെടുന്നു. യഥാസമയം ചികിത്സ ലഭിക്കുമായിരുന്നുവെങ്കിൽ ഈ മരണങ്ങളെല്ലാം ഒഴിവാക്കാമായിരുന്നു. കർഷകരും കർഷകത്തൊഴിലാളികളും കശുവണ്ടി, കയർ തൊഴിലാളികളും മത്സ്യത്തൊഴിലാളികളും മറ്റു കൂലിവേല ചെയ്ത് ഉപജീവനം നടത്തുന്നവരുമായ ആയിരക്കണക്കിന് സാധാരണക്കാരുടെ അഭയകേന്ദ്രമായ ഈ താലൂക്ക് ആശുപത്രിയിൽ ഒരു കാർഡിയോളജി യൂണിറ്റ് ആരംഭിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതുകൂടി പൂർത്തിയാകുന്നതോടുകൂടി പശ്ചാത്തല സൗകര്യം യഥേഷ്ടം ലഭ്യമാകും. ആയതിനാൽ ബ്ലഡ് ബാങ്കും കാർഡിയോളജി വിഭാഗവും അടിയന്തരമായി അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ വിനയപൂർവ്വം ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കൊല്ലം ജില്ലയിൽ ദേശീയപാതയുടെ അരികിൽ സ്ഥിതിചെയ്യുന്ന

ആശുപത്രി, ബഹു. അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തീരദേശമേഖലയിലുള്ള ആശുപത്രി, ഈ രണ്ടു പ്രാധാന്യവുംകൂടി കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ആശുപത്രിയുടെ വികസനത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും അതിന്റെ തുടർച്ചയായിത്തന്നെ പദ്ധതികൾ പൂർത്തീകരിക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്തുവരുന്നത്. ഈ ആശുപത്രിയിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബും ഒരു എക്സ്റേ യൂണിറ്റുമുണ്ട്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഒഫ്താൽമോളജി, ഇ.എൻ.ടി, ദന്തൽ അനസ്തേഷ്യ, ഡെർമറ്റോളജി, സൈക്യാട്രി, ടി.ബി. ആൻഡ് ചെസ്റ്റ് സ്പെഷ്യാലിറ്റി എന്നീ വിഭാഗങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ഗൈനക്കോളജി സേവനം എന്നിവയ്ക്കു പുറമെ ഇ.സി.ജി. എടുക്കുന്നതിനുള്ള സൗകര്യങ്ങൾ, ആഴ്ചയിൽ ഒരിക്കലുള്ള പ്രമേഹ ക്ലിനിക്, സാംക്രമികേതര രോഗ ക്ലിനിക്, ഡയാലിസിസ് യൂണിറ്റ്, എച്ച്.ഐ.വി.-എയ്ഡ്സ് സംയോജിത കൗൺസിലിംഗ് ആൻഡ് ടെസ്റ്റിംങ് സെന്റർ എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാമിങ്ങിന്റെ ഭാഗമായി ഈ ആശുപത്രിയിൽ ഫോളോ അപ്, കീമോതെറാപ്പി സേവനങ്ങൾ വികസിപ്പിക്കുന്നതിനായി 2021-2022 വർഷം പ്ലാൻ ഫണ്ടിൽ പതിനഞ്ചു ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടുകൂടി കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. (കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്)-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയും കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച ഡി.പി.ആർ. പരിഗണിച്ച് 64.93 കോടി രൂപയ്ക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ ആശുപത്രിയിൽ ഒരു രക്തസംഭരണ യൂണിറ്റാണ് നിലവിൽ പ്രവർത്തിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേയ്ക്കാവശ്യമായ സ്ക്രീൻഡ് രക്തയൂണിറ്റുകൾ ഏറ്റവും അടുത്തുള്ള രക്തബാങ്കായ കൊല്ലം ജില്ല ആശുപത്രിയിൽനിന്നുമാണ് സംഭരിക്കുന്നത്. ഇതിലേക്കായി ഒരു ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഹബ് ആൻഡ് സ്പോട്ട് മോഡലാണ് രക്തബാങ്കുകളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തു സ്വീകരിച്ചുവരുന്നത്. രക്തബാങ്കുകളിൽനിന്നും ശേഖരിക്കപ്പെടുന്ന രക്തം അഞ്ച് നിർബന്ധിത രക്തപരിശോധനകൾക്കു വിധേയമാക്കുകയും രക്തഘടകങ്ങളായി വേർതിരിച്ച്

സൂക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ സൂക്ഷിക്കുന്ന രക്തം രക്തസംഭരണ യൂണിറ്റുകളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്ന പ്രക്രിയയാണ് നിലവിൽ അനുവർത്തിച്ചുവരുന്നത്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് പ്രതിവർഷം 2000 യൂണിറ്റ് രക്തം ആവശ്യമുള്ള ആശുപത്രിയിലാണ് രക്തബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 900 യൂണിറ്റ് രക്തമേ ആവശ്യമായി വരുന്നുള്ളൂ. ആർദ്രം മിഷന്റെ ഭാഗമായി ജില്ലകളിലെ തെരഞ്ഞെടുത്ത ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടംഘട്ടമായി ആരംഭിക്കുന്ന നടപടി നടന്നുവരുന്നുണ്ട്. ഇതിനായി കൊല്ലം ജില്ലയിൽ കൊല്ലം ജില്ലാ ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെ കാർഡിയോളജി യൂണിറ്റ് നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. തുടക്കത്തിൽ പറഞ്ഞതുപോലെ ഈ ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യംകൂടി കണക്കിലെടുത്തുകൊണ്ട് ആ രീതിയിലുള്ള വികസന പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

## 2. വലപ്പാട് കോതകുളം ബീച്ചിൽ മിനി ഹാർബർ

ശ്രീ. സി. സി. മുകുന്ദൻ: സർ, വലപ്പാട് കോതകുളം ബീച്ചിൽ മിനി ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തൃശ്ശൂർ ജില്ലയിലെ തെക്കേയറ്റത്ത് എറണാകുളം ജില്ലയിൽ മുനമ്പം ഹാർബറും വടക്കേയറ്റത്ത് ചേറ്റുവ ഹാർബറുമാണ് നിലവിലുള്ളത്. ഈ രണ്ടു ഹാർബറുകളും തമ്മിൽ നാൽപ്പത്തിയെട്ടു കിലോമീറ്റർ ദൂരമുണ്ട്. കയ്പമംഗലം, നാട്ടിക, മണലൂർ, ഗുരുവായൂർ എന്നീ മണ്ഡലങ്ങളിലെ മത്സ്യത്തൊഴിലാളികൾ കിലോമീറ്ററുകളോളം സഞ്ചരിച്ചാണ് ഹാർബറുകളിലേയ്ക്കും തിരിച്ച് വീടുകളിലേയ്ക്കും പോകുന്നത്. തൃശ്ശൂർ ജില്ലയിലെ തീരദേശത്തിന്റെ മദ്ധ്യഭാഗത്തുള്ള വലപ്പാട് ഗ്രാമപഞ്ചായത്തിലെ കോതകുളം ബീച്ചിൽ ആറ് ഏക്കർ പുറമ്പോക്കുഭൂമിയുണ്ട്. ഈ സ്ഥലം അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള നടപടി വലപ്പാട് ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചു വരുന്നു. മിനിഹാർബർ സ്ഥാപിക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ സ്ഥലമാണ് കോതകുളം ബീച്ചിലുള്ളത്. ഈ സ്ഥലത്ത് മിനിഹാർബർ സ്ഥാപിക്കുന്നതിനായി ഇൻവെസ്റ്റിഗേഷനും ഡാറ്റ കളക്ഷനും ചെയ്യുന്നതിനുവേണ്ടി ഹാർബർ എൻജിനീയറിംഗ് വകുപ്പിൽനിന്നും ആവശ്യമായ തുക അനുവദിച്ച് ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും മിനി ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ തുക ഹാർബർ എൻജിനീയറിംഗ് വകുപ്പിൽനിന്നോ കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റ് മുഖാന്തിരമോ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): തൃശ്ശൂർ ജില്ലയിലെ തീരപ്രദേശത്ത് ചേറ്റുവയ്ക്കും അഴീക്കോടിനും മധ്യഭാഗത്ത് കയ്പമംഗലമെന്ന സ്ഥലത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അന്നത്തെ എം.എൽ.എ.-യായിരുന്ന ശ്രീമതി ഗീതാ ഗോപിയുടെ ആവശ്യപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി 2013-ൽ അറുപത്തിരണ്ടു ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ ബേപ്പൂർ സബ്ഡിവിഷൻ മുഖേന പുരോഗമിച്ചുവരുന്നു. ഇവിടുത്തെ പ്രശ്നം എന്തെന്നാൽ വലപ്പാട് കോതകുളത്തിന് സമീപമുള്ള മുനമ്പം, ചേറ്റുവ ഹാർബറുകളിലേയ്ക്കുള്ള ദൂരം യഥാക്രമം ഇരുപത്തിനാലു കിലോമീറ്ററും ഇരുപത്തിയൊന്ന് കിലോമീറ്ററുമാണ്. മാത്രമല്ല കോതകുളത്തുനിന്നും അഞ്ചു കിലോമീറ്റർ മാത്രമാണ് ഇപ്പോൾ പറയുന്ന കയ്പമംഗലത്തെ ഹാർബർ ആരംഭിക്കുന്നതിന് പഠനം നടത്തിവരുന്നത്. ഗവൺമെന്റ് എടുത്തിരിക്കുന്ന ഒരു പൊതുസമീപനമുണ്ട്. നമുക്ക് ഇപ്പോൾ ഹാർബറുകൾ ആവശ്യത്തിൽ കൂടുതലായിട്ടുണ്ട്. ഇതിന്റെ പ്രശ്നം എന്താണെന്നുവച്ചാൽ, സുനാമിക്കുശേഷം കടലിന്റെ ഒഴുക്കിന്റെയും ആവാസവ്യവസ്ഥയുടെയും അനിർവ്വചനീയമായ വ്യതിയാനം, ആഗോളതാപനം എന്നിവ കണക്കിലെടുത്ത് കേരളതീരത്ത് കൂടുതൽ ഹാർബറുകൾ വേണോ വേണ്ടയോ എന്ന നയപരമായ ഒരു പ്രശ്നം നമ്മൾ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്പോൾ നമ്മൾ എടുത്തിരിക്കുന്ന സമീപനം, നിലവിലുള്ള ഹാർബറുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ട് പുതിയ ഹാർബറുകൾ ആരംഭിക്കുന്നതിനെപ്പറ്റി ചർച്ചചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഒരു നയപരമായ തീരുമാനം എടുക്കേണ്ട വിഷയമായതിനാൽ പഠനം നടത്തി റിപ്പോർട്ട് വന്നതിനുശേഷം മാത്രമെ ഇതിന്റെ നടപടി ക്രമങ്ങളുമായിട്ട് മുന്നോട്ടുപോകുവാൻ കഴിയൂവെന്നാണ് ഇപ്പോൾ പറയുവാനുള്ളത്.

## 3. ഹീമോഫീലിയ രോഗികൾക്കുള്ള ധനസഹായം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ജനനം മുതൽ മരണംവരെ രോഗാവസ്ഥയിൽ കഷ്ടപ്പെടുന്നവരാണ് ഹീമോഫീലിയ ബാധിതർ. ഹീമോഫീലിയ രോഗികൾ അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ ബുദ്ധിമുട്ട് പറഞ്ഞറിയിക്കാൻ സാധിക്കില്ല, അത്രമേൽ വലുതാണ്. അതോടൊപ്പം അവരുടെ മാതാപിതാക്കൾ അനുഭവിക്കുന്ന പ്രശ്നങ്ങളും വളരെ ഗുരുതരമാണ്. ഞാൻ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ ഹീമോഫീലിയ സെന്റർ ആരംഭിക്കുകയും സൗജന്യമായി മരുന്നുകൊടുക്കുന്ന റോയൽ മെഡിസിൻ എന്ന പദ്ധതി കൊണ്ടുവരികയും ചെയ്തു. അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ആ വിഷയം പരിഗണിച്ച് ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി കാരുണ്യ പദ്ധതിയിലൂടെ മരുന്ന് കൊടുക്കുകയും അത് ഇപ്പോഴും

തുടർന്നുകൊണ്ടിരിക്കുകയുമാണ്. അന്നുമുതൽ ഹീമോഫീലിയ രോഗികൾക്ക് 1000 രൂപയുടെ ധനസഹായം കൊടുത്തുകൊണ്ടിരുന്നു. ഈ ധനസഹായം കേരളത്തിൽ 1600 പേർക്കാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അവരെ സാമ്പത്തികമായി സഹായിക്കാൻ മാസംതോറും കൊടുക്കുന്ന തുകയാണത്. ഇപ്പോൾ ആറ് മാസമായി ബി.പി.എൽ/എ.പി.എൽ വ്യത്യാസം പറഞ്ഞ് ഹീമോഫീലിയ രോഗികൾക്ക് കൊടുക്കുന്ന ധനസഹായം സർക്കാർ നിർത്തിവച്ചിരിക്കുകയാണ്. കേവലം 1600 ആളുകൾ മാത്രമേയുള്ളൂ. തെലുങ്കാന ഗവൺമെന്റ് ഹീമോഫീലിയ രോഗികൾക്ക് മാസം 10000 രൂപയാണ് ധനസഹായമായി നൽകുന്നത്. ഈ രോഗം ഒരിക്കലും ഭേദപ്പെടുത്താൻ കഴിയില്ല. രക്തം കട്ടപിടിക്കാനുള്ള 8-ഉം 9-ഉം ഫാക്ടറുകൾ ഇല്ലാത്ത അവസ്ഥയാണ് ഈ രോഗത്തിന് കാരണമാകുന്നത്. ആൺകുട്ടികൾക്ക് മാത്രം കണ്ടുവരുന്ന അസുഖം കൂടിയാണിത്. ഹീമോഫീലിയ രോഗികൾക്ക് കൊടുക്കുന്ന മരുന്ന് ജില്ലാ ആശുപത്രികളിൽ മാത്രമാക്കി നിജപ്പെടുത്താൻ ഇപ്പോൾ സർക്കാർ തീരുമാനിക്കുന്നുവെന്ന് അറിയാൻ കഴിഞ്ഞു. അങ്ങനെയുണ്ടാവരുത്. ഹീമോഫീലിയ രോഗികൾക്ക് നടക്കാൻ കഴിയില്ല. കിലോമീറ്ററുകൾ സഞ്ചരിച്ച് ജില്ലാ ആശുപത്രിയിൽ പോകാൻ അവർക്ക് ബുദ്ധിമുട്ടാണെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. ഇപ്പോൾ കൊടുക്കുന്നതു പോലെതന്നെ മരുന്നുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വഴി കൊടുക്കണം. അതുകൂടാതെ ഹീമോഫീലിയ രോഗികൾക്ക് ധനസഹായമായി മാസംതോറും നൽകുന്ന 1000 രൂപ എല്ലാവർക്കും കൊടുക്കാനും ആ തുക വർദ്ധിപ്പിക്കാനുമുള്ള കാരുണ്യം ഈ ഗവൺമെന്റ് കാണിക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളിലൊന്നാണ് സമാശ്വാസ പദ്ധതി. ഈ പദ്ധതി മുഖേന ഹീമോഫീലിയ രോഗബാധിതർക്കുപുറമെ, വൃക്കരോഗ ബാധിതർക്കും കരൾ വീക്കം, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും സിക്കിൾസെൽ അനീമിയ രോഗബാധിതർക്കും ഇപ്പോൾ ഈ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. നേരത്തെ ബി.പി.എൽ./എ.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. സമാശ്വാസ പദ്ധതികളിലെ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ബി.പി.എൽ. വിഭാഗങ്ങൾക്ക് മുൻഗണന നൽകാൻ തീരുമാനിച്ചു. ഈ മാനദണ്ഡങ്ങൾ പാലിച്ച് ബന്ധപ്പെട്ട രേഖകൾ

ഹാജരാക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് 2021 ജൂലൈ വരെയുള്ള കുടിശ്ശിക കൊടുത്തിട്ടുണ്ട്. അവശേഷിക്കുന്നവർക്കുകൂടി കുടിശ്ശിക തീർത്തുകൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗക്കാർക്ക് ധനസഹായം അനുവദിച്ചതിനുശേഷം ഹീമോഫീലിയ ബാധിതരായ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും സഹായം അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ട്രൈബൽ വിഭാഗത്തിലെ സിക്കിൾസെൽ അനീമിയ രോഗബാധിതർക്ക് കൃത്യമായി ധനസഹായം നൽകിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തികമായ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് ആദ്യപരിഗണന നൽകിയശേഷം എ.പി.എൽ. വിഭാഗക്കാരുടെ അപേക്ഷ പരിഗണിച്ച് സഹായം നൽകുന്നതാണ്.

4. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ ഫണ്ട്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബി.ജെ.പി. നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെന്റ് സമീപനം തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്ന നിലയിലാണ്. തൊഴിലുറപ്പ് പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് കഴിഞ്ഞവർഷം അനുവദിച്ചത്, 1,01,500 കോടി രൂപയാണെന്നാണ് റിപ്പോർട്ട്. ഈ വർഷം വകയിരുത്തിയത് 73,000 കോടി രൂപയാണ്, അതായത് 35% കുറവുവരുത്തി. ഈ സാമ്പത്തികവർഷം കേരളത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം 3827.69 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തിന് ഇതുവരെയും അനുവദിച്ചിട്ടുള്ളത് 1572.51 കോടി രൂപയാണ്. കേരളത്തിന് കിട്ടാൻ ബാക്കി നിൽക്കുന്നത് 2255.18 കോടി രൂപയാണ്. കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 62.35 ലക്ഷമാണ്. ഈ തൊഴിലാളികളിൽ സജീവമായി തൊഴിൽരംഗത്തുള്ളവർ, നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ 25.59 ലക്ഷമാണ്. കേരളത്തിലെ ഒരു തൊഴിലാളിക്ക് ഒരു ദിവസം കൊടുക്കുന്ന കൂലി 291 രൂപ. ഈ പദ്ധതി കേരളത്തിലെ സാധാരണ ജനങ്ങൾക്ക് വലിയ ആശ്വാസമാണ് നൽകുന്നത്. ഗ്രാമീണമേഖലയിൽ തൊഴിൽ ലഭ്യതയിലും വികസനത്തിലും തൊഴിലുറപ്പ് പദ്ധതി വലിയ പങ്ക് വഹിച്ചുവരികയാണ്. പാർലമെന്ററി സമിതിതന്നെ ശിപാർശ ചെയ്തത്, തൊഴിൽദിനങ്ങൾ ഇന്ത്യയിലാകെ 200 ദിവസമാക്കണമെന്നാണ്. രാജ്യത്തെ പൊതു ആവശ്യം 200 തൊഴിൽ ദിനങ്ങളും 600 രൂപ കൂലിയുമാണ്. തൊഴിൽ നൽകുന്നതിൽ കേരളം തന്നെയാണ് മാതൃക കാണിക്കുന്നത്. ഇവിടെ സ്ത്രീകൾക്ക് വൻതോതിൽ തൊഴിലവസരങ്ങൾ നൽകുന്നു. പട്ടികവർഗ്ഗ വിഭാഗം വലിയതോതിൽ ഈ തൊഴിലിനെ ആശ്രയിക്കുന്നു. ഈ മേഖലയിൽ ട്രൈബൽ പ്ലസ് എന്നപേരിൽ 200 ദിവസം ജോലി നൽകുന്ന പ്രത്യേക പദ്ധതി നടപ്പിലാക്കുകയാണ്. കേന്ദ്രസർക്കാരിന്റെ നിലപാട് ഈ മേഖലയിലെല്ലാം വലിയ

പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. തൊഴിലാളി ക്ഷേമത്തിൽ കേരളം മാതൃകയാണ്. കേരളത്തിൽ ഈ വിഭാഗം തൊഴിലാളികൾക്ക് ഫെസ്റ്റിവെൽ അലവൻസ് നൽകിയിട്ടുണ്ട്. ഈ വിഭാഗം തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി നിയമം പാസ്സാക്കി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് കേരളം. ഈ സാഹചര്യത്തിൽ കേന്ദ്രത്തിന്റെ ഈ സമീപനം കേരളത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതുകൊണ്ട് കേരളത്തിന് അനുവദിച്ച തുക കുടിശ്ശിക ഉൾപ്പെടെ പൂർണ്ണമായി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ പൊതുവികാരം ശക്തമായി ഉയർത്തണം. വലിയ ഉത്കണ്ഠയാണ് ഇക്കാര്യത്തിൽ ഉയർന്നുവന്നിരിക്കുന്നത്. ഇതിന് പരിഹാരം കാണത്തക്കവിധത്തിൽ കേരളത്തിന്റെ പൊതുവികാരം മനസിലാക്കി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വളരെ ഗുരുതരമായേക്കാവുന്ന ഒരു വിഷയമാണ് ശ്രീ. ടി. പി. രാമകൃഷ്ണൻ ഈ സബ്മിഷനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. 2020-21 സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിക്കായി 61,500 കോടി രൂപയാണ് കേന്ദ്രസർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത്. കോവിഡ് പാക്കേജിന്റെ ഭാഗമായി 40,000 കോടി രൂപ അധികമായി വകയിരുത്തിയതിനാൽ ആകെ ബഡ്ജറ്റ് വിഹിതം 1,01,500 കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ സാമ്പത്തികവർഷം രാജ്യത്തിൽ തൊഴിലുറപ്പുപദ്ധതിക്കുവേണ്ടി മാറ്റിവച്ചത് 1,01,500 കോടി രൂപയായിരുന്നെങ്കിലും 1,11,443 കോടി രൂപയാണ് ചെലവഴിച്ചത്. നടപ്പുസാമ്പത്തികവർഷം കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ച ബഡ്ജറ്റ് വിഹിതം 73,000 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ തൊഴിലുറപ്പ് ബഡ്ജറ്റ് വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 28,500 കോടി രൂപയുടെയും കഴിഞ്ഞ വർഷം ചെലവഴിച്ച തുകയെ അപേക്ഷിച്ച് 38,443 കോടി രൂപയുടെയും കുറവാണ് ഇതിലൂടെ സംഭവിച്ചിരിക്കുന്നത്. നടപ്പുവർഷം നാളിതുവരെ രാജ്യത്താകെ 70410 കോടി രൂപ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്. അതായത്, നീക്കിവച്ചതിന്റെ 96.45% തുകയും ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിന് ഇനി അഞ്ചുമാസക്കാലം അവശേഷിക്കുന്ന സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് സാധ്യതയുണ്ട്. പദ്ധതിയിൽ

ജോലിചെയ്യുന്ന തൊഴിലാളികളുടെ വേതനം, ജീവനോപാധി, ആസ്തികളടക്കം വ്യക്തിഗത ആസ്തികൾ നിർമ്മിച്ച ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക എന്നിവ വൈകുന്നത് ഇന്നത്തെ കോവിഡ് സാഹചര്യത്തിൽ ഗുരുതരമായ സാമ്പത്തിക-സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് കണക്കാക്കുന്നു. കഴിഞ്ഞവർഷം കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ആദ്യം 8 കോടി തൊഴിൽദിനങ്ങളാണ് അനുവദിച്ചിരുന്നത്. എന്നാൽ കോവിഡ് പാക്കേജിന്റെ ഭാഗമായി മൊത്തം 10.23 കോടി തൊഴിൽദിനങ്ങൾ എത്തിക്കാൻ സാധിച്ചു. അതിനായി ആകെ 3867 കോടി രൂപ സംസ്ഥാനത്ത് ചെലവഴിച്ചിരുന്നു. എന്നാൽ 2021-22 വർഷത്തേയ്ക്ക് 7.5 കോടി തൊഴിൽദിനത്തിനുള്ള ലേബർ ബഡ്ജറ്റാണ് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇതിനായി 4057 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഈ വർഷം നാളിതുവരെ കേന്ദ്രസർക്കാർ വിഹിതമായി 1572 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 3827 കോടി രൂപയാണ് കേന്ദ്രഗവൺമെന്റിൽനിന്നും നാം പ്രതീക്ഷിച്ചിരുന്നത്. നമ്മുടെ സംസ്ഥാനത്തുതന്നെ അംഗീകരിച്ച ലേബർ ബഡ്ജറ്റ് അനുസരിച്ച് 2255 കോടി രൂപ ലഭിക്കേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റ് നീക്കിവച്ച തുക മുഴുവൻ ഇതിനകം ചെലവഴിച്ച സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റ് അടിയന്തരമായി കൂടുതൽ തുക വകയിരുത്താത്തപക്ഷം അടുത്ത അഞ്ചുമാസക്കാലം ഇന്ത്യയിലും കേരളത്തിലും തൊഴിലുറപ്പുപദ്ധതി സ്തംഭനാവസ്ഥയിലായേക്കുമെന്ന വിഷയം സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയ തുക കൃത്യമായി ചെലവഴിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എങ്കിലും വരുന്ന അഞ്ചുമാസക്കാലം കടുത്ത പ്രതിസന്ധി നേരിടാൻ പോകുകയാണെന്ന കാര്യം നാം തിരിച്ചറിയേണ്ടതാണ്. ഇപ്പോൾത്തന്നെ പണി ചെയ്തവർക്കുള്ള കൂലിയിനത്തിൽ 305.56 കോടി രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ കൂടുതൽ പണം അനുവദിച്ചാലേ ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. കഴിഞ്ഞ കാലങ്ങളിലെല്ലാം രാജ്യത്താകമാനം ജനറലായിട്ടായിരുന്നു പണം അനുവദിച്ചിരുന്നതെങ്കിൽ, കഴിഞ്ഞ ഏപ്രിൽ മാസം മുതൽ ജാതിയടിസ്ഥാനത്തിലുള്ള ഫണ്ടുവിതരണമാണ് നടത്തുന്നത്, ഈ രീതി നമുക്ക് വലിയ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എസ്.സി., എസ്.ടി., ജനറൽ എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് ഇപ്പോൾ ഫണ്ട് അനുവദിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എസ്.ടി. വിഭാഗങ്ങൾക്ക്, ജനറൽ വിഭാഗങ്ങൾക്ക് നൽകുന്നതുപോലെ നൂറുദിവസം തൊഴിലുറപ്പ് പദ്ധതിയിലൂടെ പണി നൽകുമ്പോൾ അധീഷണലായി കൂടുതൽ വരുമാനമുണ്ടാക്കുന്നതിനായി നൂറ് അധിക തൊഴിൽ ദിനങ്ങൾകൂടി

അനുവദിക്കുന്നതിന്റെ ഭാഗമായാണ് 'ട്രൈബൽ പ്ലസ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പക്ഷെ, ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ജാതിയടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കാൻ തുടങ്ങിയതിനാൽ ആ പദ്ധതിയും വലിയ പ്രയാസമായി മാറിയിരിക്കുകയാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കാണ് മുൻഗണന കൊടുക്കേണ്ടത്, എന്നാൽ കേന്ദ്ര ഗവൺമെന്റ് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കുന്നില്ലെന്ന് മാത്രമല്ല, ജനറൽ വിഭാഗങ്ങൾക്ക് അനുവദിച്ചതിനുശേഷമാണ് ഈ വിഭാഗങ്ങൾക്ക് നൽകുന്നത്. അത് വലിയ പ്രയാസമാണുണ്ടാക്കാൻപോകുന്നത് എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, അതിനുവേണ്ട നടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അതിനുള്ള നിലപാട് സ്വീകരിച്ചില്ലെങ്കിൽ കടുത്ത പ്രതിസന്ധി തൊഴിലുറപ്പുമേഖലയിൽ ഉണ്ടാകുമെന്ന് തിരിച്ചറിയേണ്ടതുണ്ട് എന്നതാണ് ഇതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

5. ദേശീയ പാത സ്ഥലം ഏറ്റെടുക്കലിന് നഷ്ടപരിഹാരം

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മലപ്പുറം ജില്ലയിലെ ദേശീയ പാത സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടമാകുന്ന സർക്കാർ സ്ഥാപനങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. മലപ്പുറം ജില്ലയിലെ ദേശീയ പാതയ്ക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മോനിയൂർ വെളിമുക്ക് ജി.എം.എൽ.പി. സ്കൂൾ, ചേളാരി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മോനിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, തേഞ്ഞിപ്പലം വില്ലേജാഫീസ്, ഇടിമുഴിക്കൽ അംഗനവാടി, കാലിക്കറ്റ് യൂണിവേഴ്സിറ്റി തുടങ്ങിയ നിരവധി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും സ്ഥലവും നഷ്ടപ്പെടുകയാണ്. ഇത്തരം സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ഭൂരിപക്ഷവും പൂർവ്വികർ പൊതുതാൽപര്യം മുൻനിർത്തി നൽകിയതാണ്. എന്നാൽ ഇത്തരം ഭൂമി ലഭിച്ചത് വിലയാധാരത്തിലൂടെയല്ലാത്തതിനാൽ ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാര തുക നൽകാൻ സാധിക്കില്ലെന്നാണ് റവന്യൂ വകുപ്പ് അറിയിച്ചിരിക്കുന്നത്. മേൽ സൂചിപ്പിച്ച സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടം നഷ്ടപ്പെട്ടാൽ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലവും കെട്ടിടം നിർമ്മിക്കാനുള്ള തുകയും എങ്ങനെ കണ്ടെത്തും? കൂടാതെ കെട്ടിടം നഷ്ടമാകുന്ന സ്ഥാപനങ്ങളുടെ നഷ്ടപരിഹാരത്തുക, കെട്ടിടം നിർമ്മിച്ചത് ഏത് ഫണ്ടുപയോഗിച്ചാണോ അവർക്ക് കൈമാറുമെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് കെട്ടിടം നഷ്ടമാകുന്ന സ്ഥാപനങ്ങൾക്ക് നഷ്ടപരിഹാരത്തുക തിരികെ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

സങ്കീർണ്ണമാക്കുകയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ലഭിക്കാൻ കാലതാമസമെടുക്കുകയും ചെയ്യും. ആയതിനാൽ ദേശീയ പാതാ വികസനത്തിന്റെ ഭാഗമായി സ്ഥലം നഷ്ടപ്പെടുന്ന സ്ഥാപനങ്ങൾക്ക് സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കെട്ടിടം നഷ്ടപ്പെടുന്ന സ്ഥാപനങ്ങളുടെ നഷ്ടപരിഹാരം, സ്ഥാപനങ്ങളുടെ പരിപാലനച്ചുമതലയുള്ള ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചുനൽകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. ആ അർത്ഥത്തിൽത്തന്നെ സർക്കാർ അതിനെ കാണുകയും ചെയ്യുന്നുണ്ട്. മലപ്പുറം ജില്ലയിലെ ദേശീയ പാതാ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടമാകുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ എന്നീ സ്ഥാപനങ്ങൾക്ക് നഷ്ടപരിഹാരത്തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകളുൾപ്പെടുത്തി സംസ്ഥാന സർക്കാർ 2017-ലെ ജി. ഒ. (എം.എസ്) 302/2017/റവന്യൂ, അടക്കം ഉത്തരവ് പുറപ്പെടുവിച്ചത് 26-8-2017-ൽ ആണ്. അതിനുശേഷം 2018 ഡിസംബറിൽ കേന്ദ്ര ഗതാഗതവും ഹൈവേയും മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ പാതാ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന്റെ ഉത്തരവിലെ നിർദ്ദേശങ്ങളിൽനിന്ന് വ്യക്തമായ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കേന്ദ്ര ഗതാഗതവും ഹൈവേയും മന്ത്രാലയം 2018-ൽ പുറപ്പെടുവിച്ച ദേശീയ പാതാ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയെയാണ് സർക്കാർ ഭൂമിയായി കണക്കാക്കേണ്ടത്. ഇത്തരം ഭൂമികൾ നഷ്ടപരിഹാരമൊന്നുമില്ലാതെതന്നെ കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഭൂമിയേറ്റെടുക്കുന്ന അവസരത്തിൽ, സർക്കാർ ഫണ്ട് ഉപയോഗിക്കാതെ അവരുടെ സ്വന്തം ഫണ്ടുപയോഗിച്ച് വാങ്ങിയ ഭൂമിക്കുമാത്രമാണ് നഷ്ടപരിഹാരം അനുവദിക്കാൻ കഴിയുന്നത്. കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഉടമസ്ഥതയിലുള്ള ഭൂമി, സർക്കാർ ഭൂമിയെന്ന നിർവ്വചനത്തിൽ വരില്ലെന്നതാണ് നമ്മുടെ നിലപാട്. ആയതിനാൽ ഇത്തരം ഭൂമിക്കും അതിലെ കുഴിക്കൂർ ചമയങ്ങൾക്കും നഷ്ടപരിഹാരം നൽകാവുന്നതാണ്. ഇപ്രകാരം ഭൂമിയേറ്റെടുക്കുന്ന

അവസരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് രാജ് ആക്ടുപ്രകാരം കൈമാറിയിട്ടുള്ള സർക്കാർ സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭൂമിയേറ്റെടുക്കുന്നപക്ഷം നഷ്ടപരിഹാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലാണോ, സ്കൂൾ മേലധികാരിയുടെ അക്കൗണ്ടിലാണോ, സർക്കാർ ഹെഡ് ഓഫ് അക്കൗണ്ടിലാണോ നൽകേണ്ടതെന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. ഈ വിഷയം സംസ്ഥാനത്താകമാനം നിലനിൽക്കുന്ന ഒരു പ്രശ്നമാണ്. ഈ വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്. എത്രയും വേഗം ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അങ്ങയെ അറിയിക്കുകയാണ്.

6. കാരേറ്റ് തടയണ നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലും സമീപത്തെ മടവൂർ പഞ്ചായത്തിലും ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കിളിമാനൂർ ജലവിതരണ പദ്ധതിയിൽ വർഷം മുഴുവനും ജലവിതരണം ഉറപ്പാക്കേണ്ടതുണ്ട്. വേനൽക്കാലത്ത് വാമനപുരം നദിയിലെ ജലനിരപ്പ് വല്ലാതെ താഴുന്ന സാഹചര്യമുണ്ട്. ഇതിനെത്തുടർന്നുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിനായി വാമനപുരം നദിക്കുകുറുകെ കാരേറ്റ് പാലത്തിന് സമീപം തടയണ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു. തടയണ നിർമ്മാണം അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കേണ്ട ആവശ്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം, ആ പ്രദേശത്തെ പ്രധാനപ്പെട്ട വിഷയമായിത്തന്നെയാണ് കാണുന്നത്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലും സമീപത്തെ മടവൂർ ഗ്രാമപഞ്ചായത്തിലും ശുദ്ധജല വിതരണം നടത്തുന്നത് കാരേറ്റ് പാലത്തിന് സമീപം വാമനപുരം നദിയുടെ കരയിൽ സ്ഥിതി ചെയ്യുന്ന കിളിമാനൂർ ജലവിതരണ സ്കീം വഴിയാണ്. എന്നാൽ വേനൽക്കാലത്ത് വാമനപുരം നദിയിൽ ജലത്തിന്റെ അളവ് കുറയുന്നതിനാൽ ടി സ്കീമിൽ പമ്പിംഗിനുള്ള ജലലഭ്യത കുറയുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആ സാഹചര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. ഇതുസംബന്ധിച്ച് 2019-ൽ അന്നത്തെ എം.എൽ.എ. ശ്രീ. ബി. സത്യൻ, വകുപ്പിലെ ഉന്നതതല ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം നടത്തുകയും കാരേറ്റ് പാലത്തിനു മുകളിലായി ഒരു തടയണ നിർമ്മിക്കാൻ പദ്ധതി വിഭാവനം ചെയ്യുകയും ചെയ്തിരുന്നു. 4.78 ലക്ഷം

രൂപ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുവേണ്ടി നൽകി. ആയതിൻപ്രകാരം തടയണ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി.-യിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഡിസൈനർ എത്രയും പെട്ടെന്ന് അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കും. വരുന്ന ബഡ്ജറ്റിൽ പ്രയോറിറ്റി നിശ്ചയിച്ച് പ്രഥമ പരിഗണന കൊടുത്ത് ഈ വിഷയം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

7. വൈദ്യുതി സബ്സ്റ്റേഷന് സ്ഥലം അനുവദിക്കൽ

ശ്രീ. കെ. പ്രേംകുമാർ: കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം അനുവദിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 2011-ലാണ് കടമ്പഴിപ്പുറത്തെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിതമാകുന്നത്. എന്നിട്ടും തുടർച്ചയായ വൈദ്യുതി തടസ്സത്തിന് ഒരു പരിഹാരവും കാണാൻ കഴിയാത്ത സ്ഥിതിയാണ്. മഴക്കാലത്ത് വൈദ്യുതി മുടക്കം പതിവാകുന്ന സ്ഥിതിയാണുള്ളത്. തോണിക്കഴി, മണ്ണൂർ, കടമ്പഴിപ്പുറം, പുഞ്ചപ്പാടം എന്നീ 11 കെ.വി. ഫീഡറുകളിലൂടെയാണ് കടമ്പഴിപ്പുറം സെക്ഷനിലേയ്ക്ക് വൈദ്യുതി എത്തുന്നത്. സ്വന്തമായി സപ്ലൈഫീഡിംഗ് ലഭിക്കുന്ന ഫീഡേഴ്സ് കടമ്പഴിപ്പുറത്തില്ല. ടെയിൽഎന്റ് ഫീഡേഴ്സാണ് അവിടെയുള്ളത്. കടമ്പഴിപ്പുറം കൊല്ലിയാരി ഭാഗത്ത് കടമ്പഴിപ്പുറം സെക്ഷനിലേയ്ക്ക് വരുന്ന നാല് ഫീഡേഴ്സിന്റേയും സംഗമസ്ഥലമുണ്ട്. അതിന് കെ.എസ്.ഇ.ബി.-യുടെ അനുമതിയാണ് ആവശ്യം. 4-7-2016-ന് 1.5 കോടി രൂപയുടെ അനുമതി കെ.എസ്.ഇ.ബി. നൽകിയിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ 24 സെന്റ് സ്ഥലം, വിട്ടുകിട്ടുകയോ ലീസ് ലാൻഡായി കിട്ടുകയോ ചെയ്താൽ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കും. വാടകയ്ക്ക് പ്രവർത്തിക്കുന്ന നിലവിലെ സെക്ഷൻ ഓഫീസ് ഇതിനോട് ചേർക്കാനും കഴിയും. കടമ്പഴിപ്പുറം മേഖലയിലെ 12,000 ഉപഭോക്താക്കൾക്കും സമീപത്തുള്ള, ശ്രീകൃഷ്ണപുരം, കോങ്ങാട്, അമ്പലപ്പാറ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് ഭാഗികമായും സൗകര്യം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. മഴക്കാലങ്ങളിലെ വൈദ്യുതി മുടക്കം ഒഴിവാക്കാനും തുടർച്ചയായ വൈദ്യുതി തടസ്സത്തിന് പരിഹാരം കാണാനും കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന്, ജലവിഭവ വകുപ്പിന്റെ സ്ഥലം അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറത്തുള്ള കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് സ്ഥലം KSEB 33 KV സബ് സ്റ്റേഷനും സെക്ഷൻ ഓഫീസും നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള അനുമതി സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ.

സൂചിപ്പിച്ചത്. പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ബന്ധപ്പെട്ട ജലവിഭവ (പദ്ധതി വിഭാഗം-1) ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. KSEB ആവശ്യപ്പെട്ട ഭൂമി കടമ്പഴിപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 77-ൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ ഐ.പി. 230-ാം സർവ്വേ നമ്പരിൽ ഉൾപ്പെട്ടിട്ടുള്ളതും ഇടതുകര കനാലിന്റെ ചെയിനേജ് 25/150 കിലോമീറ്ററിനും 25/250 കിലോമീറ്ററിനും ഇടയിലുള്ളതാണെന്നും പ്രസ്തുത 15 സെന്റ് സ്ഥലത്ത് നിലവിൽ മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും നടക്കുന്നില്ലായെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള നിബന്ധനകൾക്കും നിയമങ്ങൾക്കും വിധേയമായി ഭൂമി വിട്ടുകിട്ടണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ടുവച്ചത്. ഇത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതൊരു ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെയും അതിലെ കെട്ടിടങ്ങളുടെയും വില ഈടാക്കേണ്ടതുണ്ട്. അപ്രകാരം വില നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആ സ്ഥലം വിട്ടുകൊടുക്കുന്നതിന് തയ്യാറാണ്.

## 8. ചമ്രവട്ടം റെഗുലേറ്റർ -കം -ബ്രിഡ്ജ്

ശ്രീ. എൻ. കെ. അക്ബർ: സർ, ചമ്രവട്ടം റെഗുലേറ്ററിൽനിന്ന് ഗുരുവായൂർ, പൊന്നാനി, കുന്നംകുളം മണ്ഡലങ്ങളിൽപ്പെടുന്ന പാടശേഖരങ്ങളിൽ നെൽകൃഷിക്ക് വെള്ളം എത്തിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് വിഭാവനം ചെയ്തിട്ടുള്ളത് പൊന്നാനി, ഗുരുവായൂർ, കുന്നംകുളം മണ്ഡലങ്ങളിലെ കൃഷിക്കാവശ്യമായ ജലം സംഭരിക്കുന്നതിനാണ്. ടി റെഗുലേറ്ററിൽനിന്നും ജലം ബിയ്യം കായൽ വഴി നൂറടി തോടിൽ എത്തുന്നതും ഗുരുവായൂർ, കുന്നംകുളം കോൾ പടവുകളിലെ കൃഷിക്ക് ജലം ലഭിക്കുന്നതുമാണ്. ചാവക്കാട് നഗരസഭയിലെ മത്തിക്കായൽ പാടശേഖരം വരെ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. എന്നാൽ റെഗുലേറ്ററിൽനിന്നും ബിയ്യം കായലിലേയ്ക്ക് ജലം എത്തിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിൽ മാത്രമാണ്. 14 കോടി രൂപയുടെ പദ്ധതി ആസൂത്രണം ചെയ്തെങ്കിലും ആയത് നടപ്പായിട്ടില്ല. ഗുരുവായൂർ, കുന്നംകുളം മണ്ഡലങ്ങളിലെ പുന്നയൂർക്കുളം, പുന്നയൂർ, ചാവക്കാട് നഗരസഭ, വടക്കേക്കാട്, കാട്ടകാമ്പാൽ മേഖലയിലെ കൃഷി മഴയെ ആശ്രയിച്ച് മാത്രമാണ് നടക്കുന്നത്. ബണ്ടിൽ ശേഖരിക്കുന്ന വെള്ളം മാത്രമാണ് ആശ്രയം. ഇക്കാരണത്താൽ വരൾച്ചാ സമയത്തും അതിവർഷ സമയത്തും കൃഷി നടത്തുന്നതിന് കൃഷിക്കാർ ബുദ്ധിമുട്ട് നേരിടുകയാണ്. ചമ്രവട്ടം റെഗുലേറ്ററിൽ നിന്നും ജലം ലഭ്യമായാൽ കാർഷിക രംഗത്ത് ഈ മേഖലയിൽ വൻ

മുന്നേറ്റമുണ്ടാക്കാൻ സാധിക്കുന്നതാണ്. മാത്രമല്ല, വെള്ളപ്പൊക്ക സമയത്ത് ടി ജലം ചമ്രവട്ടം റെഗുലേറ്റർ വഴി കടലിലേയ്ക്ക് ഒഴുക്കി വിടുന്നതിനും സാധിക്കുന്നതാണ്. പദ്ധതിയുടെ എസ്റ്റിമേറ്റ് ഇതുവരെയും ആയിട്ടില്ല. പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഭാരതപുഴയ്ക്ക് കുറുകെ ചമ്രവട്ടം എന്ന സ്ഥലത്ത് 978 മീറ്റർ നീളത്തിൽ പണിതിട്ടുള്ള ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് വിഭാവനം ചെയ്തിട്ടുള്ളത് പൊന്നാനി, ഗുരുവായൂർ, കുന്നംകുളം മണ്ഡലങ്ങളിലെ കൃഷിക്കാർക്കാവശ്യമായ ജലസേചനത്തിനാണ്. 4-2-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം ചമ്രവട്ടം റെഗുലേറ്റർ- കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 19-2-2021-ൽ കരാർ വയ്ക്കുകയും 25-2-2021-ൽ സ്ഥലം കൈമാറി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പ്രവൃത്തി ചെയ്യുന്നതിനുള്ള 431.565 മെട്രിക് ടൺ ലോഹ ഷീറ്റുകൾ കരാറുകാരൻ 19-5-2021-ൽ ഇറക്കുകയും ചെയ്തു. ഹോട്ട് റോൾഡ് ഷീറ്റ് പൈലുകളുടെ Physical and Engineering Properties പരിശോധിക്കുന്നതിനായി സാമ്പിളുകൾ KERI, Peechi-യിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 24-8-2022 വരെയാണ്. പുഴയിലെ ജലനിരപ്പ് താഴുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കും. ചമ്രവട്ടം റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ ഗ്രാവിറ്റി ഫ്ലോയിൽ കായലിൽ വെള്ളം എത്തിക്കുന്ന പ്രവൃത്തി പ്രാവർത്തികമാകുകയുള്ളൂ.

പൊന്നാനി താലൂക്കിലുൾപ്പെടുന്ന തവനൂർ പഞ്ചായത്തിലെ നേഡറ്റ് എന്ന സ്ഥലത്തെ പഴയകടവിൽനിന്നും റോഡിന്റെ വശത്തുകൂടി 90 സെന്റീമീറ്റർ വ്യാസമുള്ള Ductile Iron പൈപ്പുപയോഗിച്ച് തവനൂരിലെ പ്രകൃതിദത്തമായ തോട്ടിലേയ്ക്ക് വെള്ളമെത്തിച്ച് പിന്നീട് പന്തേപ്പാലം തോട്ടിലെത്തുകയും തുടർന്ന് അതിലൂടെ ജലം കാലടി പഞ്ചായത്തിലെ മുതലക്കുഴിയിലെത്തുകയും അവിടെനിന്നും തോട് രണ്ടായി തിരിഞ്ഞ് ചെറിയ തോട് വഴി നേരിട്ട് ബിയ്യം കായലിലേയ്ക്കും മറ്റൊരു തോട് വഴി മാണൂർ കായലിലേയ്ക്കും ജലമെത്തിക്കുവാനും അതേ വഴി കുണ്ടയാർ വലിയ തോട്ടിലൂടെ ജലം ബിയ്യം കായലിലേയ്ക്ക് എത്തിക്കുവാനും കഴിയുന്ന തരത്തിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. തോടുകളിലൂടെ ഒഴുകുന്ന ജലത്തെ നിയന്ത്രിക്കുവാൻ പുതിയ വി.സി.ബി.കൾ നിർമ്മിക്കേണ്ടതും പഴയവയെ നവീകരിക്കേണ്ടതും തോടിന് ഇരുവശവും പലയിടങ്ങളിലും ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതും ആവശ്യമായതിനാൽ അവയുംകൂടി ഉൾപ്പെടുത്തിയാണ് ചമ്രവട്ടം റെഗുലേറ്ററിൽനിന്ന് ബിയ്യം കായലിലേയ്ക്ക് ജലം എത്തിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക സർവ്വേ കഴിഞ്ഞിട്ടുണ്ട്. DSR-2018 പ്രകാരം എസ്റ്റിമേറ്റ്

തയ്യാറാക്കി വരികയാണ്. ഇതൊരു വിവിധോദ്ദേശ്യ പദ്ധതിയാണ്. മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ രണ്ട് നഗരസഭകൾക്കും പത്തിലേറെ പഞ്ചായത്തുകൾക്കും ഈ പ്രവൃത്തിയുടെ പ്രയോജനം ലഭിക്കും. പ്രസ്തുത പഞ്ചായത്തുകളിൽ ബിയ്യം കായലിനോടും നൂറടി തോടിനോടും ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാനും ബിയ്യത്തിന്റെ ആയക്കെട്ട് വിസ്തീർണ്ണം വർദ്ധിപ്പിക്കാനും അതിലൂടെ പ്രസ്തുത പ്രദേശങ്ങളിൽ നിലവിലുള്ളതിനേക്കാൾ അധികം സ്ഥലങ്ങളിലേയ്ക്ക് പുഞ്ച കൃഷി വ്യാപിപ്പിക്കുവാനും സാധിക്കും. ഇക്കാര്യം വളരെ ഗൗരവമായിട്ടാണ് കാണുന്നത്. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 9. ഖാദി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ഡി. കെ. മുരളി: സർ, പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവുമധികം ബുദ്ധിമുട്ടുന്ന ഒരു വിഭാഗമാണ് ഖാദി വസ്ത്രങ്ങൾക്കുവേണ്ടി നൂൽ നെയ്തെടുക്കുന്ന തൊഴിലാളികൾ. വ്യവസായ വകുപ്പിന്റെ കീഴിൽ ആയിരത്തോളം നൂൽനെയ്ത്ത് കേന്ദ്രങ്ങളിലായി പതിനായിരത്തിൽപ്പരം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഇതിൽ 90 ശതമാനം ആളുകളും സ്ത്രീകളാണ്. എന്നാൽ നൂൽനെയ്ത്തിനാവശ്യമായ സ്ലൈവർ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമല്ലാതാകുന്നതിന്റെ പേരിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയാണ്. പത്തിനുതാഴെ ദിവസങ്ങൾ മാത്രം തൊഴിൽ ചെയ്യുന്ന മാസങ്ങളുണ്ട്. തൊഴിൽ ചെയ്യാൻ കഴിയാത്ത മാസങ്ങളുമുണ്ട്. ഇവരുടെ വേതനവും തുച്ഛമാണ്. സ്വാഭാവികമായും ഈ ദിവസങ്ങളിലെ തൊഴിൽ നഷ്ടത്തിന്റേതായ വേതനക്കുറവും അവരുടെ ജീവിതത്തിൽ വലിയ ബുദ്ധിമുട്ടുകളാണ് സൃഷ്ടിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഇവർക്ക് മിനിമം വേജസെല്ലാം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും യഥാസമയം മിനിമം വേജസ് അലോട്ട് ചെയ്താൽ മാത്രമെ ഇവർക്കത് ലഭിക്കുകയുള്ളൂ. കഴിഞ്ഞ ജൂലൈ മാസം മുതൽ കുടിശ്ശികയുണ്ട് എന്നാണറിയുന്നത്. അതത് മാസംതന്നെ ഇത് ലഭിക്കാത്തതുകാരണം മറ്റ് തൊഴിലിനൊന്നും പോകാൻ കഴിയാത്ത ഇവർ സാമ്പത്തികമായി വളരെ കഷ്ടപ്പെടുകയാണ്. ജോലി നഷ്ടപ്പെടുന്ന ദിവസങ്ങൾക്കുകൂടി മിനിമം വേജസ് നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്നതാണ് ഇവരുടെ പ്രധാനമായ ആവശ്യങ്ങളിലൊന്ന്.

ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അപേക്ഷകൾ യഥാസമയം തീരുമാനമാകാതെ ജില്ലാ പ്രോജക്ട് ഓഫീസുകളിൽ വച്ചുതാമസിപ്പിക്കുന്നതും മറ്റൊരു ബുദ്ധിമുട്ടാണ്. ഇതുകാരണം ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ സ്ലൈവർ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ മാസവും തൊഴിൽ ലഭിക്കുന്നതിനും മിനിമം വേജസ് യഥാസമയംതന്നെ ലഭ്യമാക്കാനും ക്ഷേമനിധി ആനുകൂല്യങ്ങൾ താമസംവിനാ അനുവദിക്കാനും ആവശ്യമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗൗരവമായ പരിഗണന അർഹിക്കുന്ന വിഭാഗത്തെ സംബന്ധിച്ചാണ് ബഹുമാന്യനായ അംഗം സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ് പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ പന്തീരായിരത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. പല പ്രതിസന്ധികളേയും നേരിട്ടുകൊണ്ടാണ് ഈ മേഖല മുന്നോട്ടുപോകുന്നത്. പ്രധാനമായും ഉത്സവകാല വിൽപ്പനയെയാണ് ആശ്രയിക്കുന്നത്. പ്രതിസന്ധികൾക്കിടയിലും സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യാൻ സാധിച്ചതുകൊണ്ട് വലിയ പ്രതിസന്ധിയിലേയ്ക്ക് തൊഴിലാളികൾ പോയിട്ടില്ല. റിബേറ്റ്, വരുമാനപൂരക പദ്ധതിപ്രകാരമുള്ള തുക, പ്രൊഡക്ഷൻ ഇൻസെന്റീവ് മുതലായവ വിതരണം ചെയ്തു. പദ്ധതി തുകയും സമയാസമയങ്ങളിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരുമാനപൂരക പദ്ധതി പ്രകാരം 23 കോടി രൂപ അനുവദിക്കുകയും പൂർണ്ണമായും തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനുവേണ്ടി 5 കോടി രൂപ അനുവദിച്ചു. അതിൽ 4 കോടി രൂപ വിതരണം ചെയ്തു. ഉത്സവകാലങ്ങളിൽ ഏർപ്പെടുത്തിയ റിബേറ്റ് നൽകുന്നതിന് 14 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി; 12 കോടി രൂപ അനുവദിച്ചുനൽകി. സർക്കാർ വിതരണം ചെയ്ത കോവിഡ് ഭക്ഷണ കിറ്റിൽ ഖാദി മാസ്കുകൾ ഉൾപ്പെടുത്തിയത് ഈ മേഖലയെ താങ്ങിനിർത്തുന്നതിന്റെ ഭാഗമായാണ്. ഇതുമൂലം വലിയ ഉണർവ് ഈ മേഖലയിലുണ്ടായി. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഖാദി തൊഴിലാളികളുടെ മിനിമം കൂലി അതാത് മാസം നൽകണമെന്ന ആവശ്യം സർക്കാർ പരിഗണനയിലുണ്ട്. തൊഴിലാളികളുടെ പുതുക്കിയ മിനിമം വേതനം കഴിഞ്ഞ 2018 സെപ്റ്റംബർ മാസം മുതൽ നിലവിൽ വന്നിട്ടുണ്ട്. ഈ നിരക്കിൽനിന്നും ശരാശരി 40 ശതമാനം വർദ്ധനവ് ഓരോ തൊഴിലാളിക്കുമുണ്ടാകുന്ന വിധമാണ് പരിഷ്കരണമുണ്ടായിട്ടുള്ളത്. ഇതോടൊപ്പം ഇതിന്റെ പുനരുദ്ധാരണം ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. പുതിയപുതിയ ഡിസൈനുകൾ ഖാദി ഇപ്പോൾ വിപണിയിലിറക്കാൻ ശ്രമിക്കുന്നുണ്ട്. ഇതുകൂടാതെതന്നെ ഒരു മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നുണ്ട്. ഐ.ഐ.ടി. ചെന്നൈ, ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവരുമായി ചർച്ചകൾ നടത്തിവരുന്നുണ്ട്. ഇതിനുമുൻപുതന്നെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് നിരവധി ശിപാർശകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. 5-ാം തീയതി ആ കമ്മിറ്റിയുടെ ആദ്യയോഗം ചേരുന്നുണ്ട്.

ഖാദി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് 1000 രൂപവീതം കഴിഞ്ഞ രണ്ട് വർഷമായി പ്രത്യേകം സഹായം അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം കോവിഡ് ബാധിതരായ ഖാദി ബോർഡിലെ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും 2000 രൂപവീതം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. അസംസ്കൃത വസ്തുക്കൾ സുലഭമായി ലഭിക്കുന്നതിനായി ഖാദി ബോർഡിന്റെ ഏറ്റുകുടുക്കയിലെ കോട്ടൺ പ്രോസസിംഗ് യൂണിറ്റ് ഘട്ടംഘട്ടമായി ആധുനികവൽക്കരിച്ചു കൊണ്ടിരിക്കുകയാണ്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകുന്നതാണ്.

## 10. ആലക്കോട് ബാറിലെ തൊഴിലാളി പ്രശ്നം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കണ്ണൂർ ജില്ലയിലെ ആലക്കോട് പ്രവർത്തിച്ചുവരുന്ന എലഗൻസ് ബാർ എന്ന മദ്യവ്യാപാരസ്ഥാപനത്തിലെ മുപ്പതോളം തൊഴിലാളികൾക്ക് ജോലി നിഷേധിച്ചിട്ട് 10 മാസം കഴിയുകയാണ്. ബാറുടമകൾ ഒരു തൊഴിൽ നിയമവും അംഗീകരിക്കാതെ അവർ തീരുമാനിച്ച ഒരു സംഖ്യയുടെ ചെക്ക് തൊഴിലാളികൾക്ക് അയച്ചുകൊടുത്ത് തൊഴിലിൽനിന്നും പിരിച്ചുവിടുന്ന അസാധാരണ നടപടിയാണ് സ്വീകരിച്ചത്. കോവിഡ് കാലത്ത് തൊഴിൽസ്ഥാപനം അടച്ചിടുകയോ തൊഴിലാളികൾക്ക് ജോലി നിഷേധിക്കുകയോ ചെയ്യാൻ പാടില്ല എന്ന ലേബർ കമ്മീഷണറുടെ നിർദ്ദേശം തള്ളിക്കളഞ്ഞാണ് ബാർ അടച്ചിട്ട് തൊഴിലില്ലാത്ത സ്ഥിതിയുണ്ടാക്കിയത്. കണ്ണൂർ ജില്ലാ ഷോപ്പ് & എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയ്മെന്റ് യൂണിയന്റെ നേതൃത്വത്തിൽ കുറച്ചുനാളായി സത്യാഗ്രഹ സമരം നടന്നുവരികയാണ്. ലേബർ ഓഫീസർ ഇടപെട്ടിട്ടും പ്രശ്നം പരിഹരിക്കാൻ ഉടമകൾ തയ്യാറാകുന്നില്ല. കഴിഞ്ഞ രണ്ട് മാസമായി കോടതി ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് നേരത്തെ ജോലി ചെയ്തുവന്നിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നിഷേധിച്ച്, പുറമേനിന്ന് ആളുകളെ കൊണ്ടുവന്ന് ബാർ പ്രവർത്തിച്ചു വരികയാണ്. കോടതി ഉത്തരവിൽ ജോലി ചെയ്യുന്നവർക്കുള്ള സംരക്ഷണമാണ് പറഞ്ഞിട്ടുള്ളത്. അതിനെയാണ് ബാറുടമകൾ ദുർവ്യാഖ്യാനം ചെയ്ത് തൊഴിൽ നിയമത്തിനു വിരുദ്ധമായ സമീപനം സ്വീകരിച്ചുവരുന്നത്. അതുകൊണ്ട് അന്യായമായ രീതിയിൽ ജോലി നിഷേധിച്ച് മറ്റ് തൊഴിലാളികളെ വച്ച് ജോലി ചെയ്യിപ്പിക്കുന്ന നിയമവിരുദ്ധ നടപടിയിൽ അടിയന്തരമായി ഇടപെടലുണ്ടാകണമെന്നും തൊഴിൽ നിഷേധിക്കപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ടി. ഐ. മധുസൂദനൻ ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. കണ്ണൂർ ജില്ലയിലെ കരുവാഞ്ചൽ ടൗണിൽ കഴിഞ്ഞ 9 വർഷത്തോളമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ഹോട്ടൽ എലഗൻസ് എന്ന സ്ഥാപനം യാതൊരു മുന്നറിയിപ്പും കൂടാതെ അടച്ചുപൂട്ടിയതിനെത്തുടർന്ന് ഏകദേശം നാല്പത്തിയഞ്ചോളം വരുന്ന ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെട്ടതായും തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് സി.ഐ.ടി. യൂണിയൻ ഏര്യാ കമ്മിറ്റി പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ ലേബർ ഓഫീസറുടെ അദ്ധ്യക്ഷതയിൽ 16-7-2020, 4-8-2020, 18-8-2020, 24-8-2020, 6-10-2020, 15-10-2020, 27-10-2020 എന്നീ തീയതികളിൽ ഏഴ് തവണ ഇരുകക്ഷികളെയുമുൾപ്പെടുത്തി വ്യവസായ തർക്ക നിയമ പ്രകാരം അനുരഞ്ജന ചർച്ചകൾ വിളിച്ചു ചേർക്കുകയും പ്രസ്തുത ചർച്ചയിൽ സ്ഥാപനം വില്പന നടത്താൻ പോവുകയാണെന്നും തൊഴിലാളികൾക്ക് നിയമാനുസൃതമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ചെക്ക് രൂപത്തിൽ രജിസ്റ്റേർഡ് തപാലിൽ നൽകിയിട്ടുണ്ടെന്നും മാനേജ്മെന്റ് അറിയിക്കുകയുണ്ടായി. എന്നാൽ തൊഴിലാളികൾ പ്രസ്തുത ചെക്ക് നിരസിച്ച് അവർക്ക് ജോലി തിരികെ ലഭിക്കണമെന്ന ആവശ്യം യൂണിയൻ മുഖേന തുടർചർച്ചകളിൽ ഉന്നയിച്ചെങ്കിലും മാനേജ്മെന്റ് അത് അംഗീകരിക്കാൻ തയ്യാറായില്ല. ഇരുകക്ഷികളും അവരുടെ വാദങ്ങളിൽ ഉറച്ചുനിൽക്കുന്നതിനാൽ തർക്കം പരിഹരിക്കാൻ സാധിക്കാതെ വന്നതിനെത്തുടർന്ന് ഉന്നതതല ഇടപെടലിനായി കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് തർക്കം കൈമാറുകയും റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 13-8-2021, 7-9-2021, 25-10-2021 എന്നീ തീയതികളിൽ വീണ്ടും 3 തവണ ചർച്ച നടത്തുകയുമുണ്ടായി. ഈ ചർച്ചകളിലെല്ലാം ഇരുകക്ഷികളും അവരവരുടെ വാദങ്ങളിൽ ഉറച്ചുനിൽക്കുന്നതിനാൽ തർക്കം പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യമാണുണ്ടായത്. തുടർന്ന് തർക്കം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികളുടെ യോഗം 2021 നവംബർ മാസം ഒന്നിന് അഡീഷണൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ നടന്നു. എന്നാൽ ഈ ചർച്ചയിൽ അനുരഞ്ജനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. അതിനെത്തുടർന്ന് അടിയന്തരമായി ലേബർ കമ്മീഷണർ നേരിട്ട് നവംബർ മാസം 11-ന് രാവിലെ 11.00 മണിക്ക് ഇരുകക്ഷികളുമായി ചർച്ച നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

## V റിപ്പോർട്ടുകളുടെ സമർപ്പണം

1. 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്.

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമർപ്പിക്കുന്നു.

2. 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീമതി ദെലീമ: സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ

(രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഈ ബിൽ ആദ്യം അവതരിപ്പിച്ചപ്പോൾത്തന്നെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ച് സഭയിൽ വ്യക്തമാക്കിയതിനാൽ ഒരു ദീർഘമായ പ്രസംഗത്തിന് ഞാൻ മുതിരുന്നില്ല. ഇതിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണുള്ളത്; ഒന്ന്, മിൽമയുമായി ബന്ധപ്പെട്ട ക്ഷീരമേഖലയിലെ ആനന്ദ് മാതൃക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഒരു നിർവ്വചനമുണ്ടാക്കുക, അതിന് കൃത്യമായ ഒരു വിശദാംശം തയ്യാറാക്കുക എന്നതാണ്. 40 വർഷത്തിലേറെയായെങ്കിലും സഹകരണ നിയമത്തിൽ ഇത്തരം സംവിധാനമുണ്ടായിരുന്നില്ല. മറ്റൊന്ന്, അറുന്നൂറോളം ക്ഷീരസഹകരണ സംഘങ്ങൾക്ക് മുമ്പ് അഫിലിയേഷൻ നൽകാതെ പല കാരണങ്ങൾകൊണ്ടും മാറ്റിവച്ചിരുന്നു. യഥാർത്ഥ ക്ഷീരകർഷകന് ഈ സംഘങ്ങളിൽ അംഗത്വം ലഭ്യമാകാനും അങ്ങനെയുള്ള സംഘങ്ങളിൽനിന്ന് മേഖലാ യൂണിയനിൽ അഫിലിയേഷൻ ലഭിക്കാനുമെല്ലാം സഹായിക്കുന്നതാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്ന മറ്റ് പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം, ഡോ. വർഗ്ഗീസ് കുര്യൻ മോഡൽ, 3 ടേം അല്ലെങ്കിൽ 15 വർഷം ഭരണസമിതി അംഗങ്ങൾക്ക് കാലാവധി നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഭേദഗതിയുമുണ്ട്. അതുപോലെ ആഡിറ്റ് ക്ലാസിഫിക്കേഷൻ അനുസരിച്ച് 'എ' അല്ലെങ്കിൽ 'ബി' ക്ലാസിഫിക്കേഷനുള്ളവർക്കാണ് നിശ്ചിത പാൽ മേഖലാ യൂണിയൻ നൽകുന്ന വ്യവസ്ഥവഴി അഫിലിയേഷൻ കൊണ്ടുവന്നിരിക്കുന്നത്. കടലാസ് സംഘങ്ങളെയെല്ലാം ഒഴിവാക്കാൻ കഴിയുന്ന രൂപത്തിലുള്ള ഭേദഗതിയുമുണ്ട്. മറ്റൊന്ന്, ഈ മേഖലയിൽ അമ്പത് ശതമാനത്തോളം വനിതകളാണ് ക്ഷീരകർഷകരായിട്ടുള്ളത്. പക്ഷെ അവർക്ക് ഭരണസമിതിയിലെവിടെയും പ്രാതിനിധ്യമില്ല. അതുകൊണ്ട് 50 ശതമാനത്തോളമെങ്കിലും പ്രാതിനിധ്യം അവർക്ക് കിട്ടത്തക്ക വിധത്തിൽ ഒന്നുകിൽ പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ് എന്ന രൂപത്തിൽ ലഭിക്കത്തക്ക രീതിയിലുള്ള ഭേദഗതിയാണ് നിർദ്ദേശിക്കുന്നത്. മേഖലാ യൂണിയന്റെ ചെയർമാൻമാർക്ക് രണ്ട് ടേം എന്ന രൂപത്തിൽ കാലാവധി നിശ്ചയിക്കുന്നതാണ് മറ്റൊരു ഭേദഗതി. ഈ കാര്യത്തിൽ പെർഫോർമെൻസ് ആഡിറ്റ് വേണമെന്ന കാര്യം നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലെ നിയമനവുമായി ബന്ധപ്പെട്ട സുതാര്യത ഉറപ്പുവരുത്താൻ സഹായിക്കുന്നതിന് കുറ്റമറ്റ രീതിയിലുള്ള ഒരു ബോർഡ്/ഉന്നതസമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

ഇത്തരം ശിപാർശ വന്നിട്ടുള്ളത് ലിഡാ ജേക്കബ് കമ്മീഷന്റെ റിപ്പോർട്ടിന്മേലാണ്. ഇത് ഒരു എക്സ്പെർട്ട് കമ്മിറ്റിയാണ്. ഇതിനുപുറമെ ഒരു ഹൈ ലെവൽ കമ്മിറ്റിയും ഇതുസംബന്ധിച്ച് ശിപാർശ നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഡിസ്ട്രിക്ട് ബാങ്കുകളുടെ ലയനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ എം. എസ്. ശ്രീറാം കമ്മീഷൻ ശിപാർശയനുസരിച്ച് 14 ജില്ലാ ബാങ്കുകളെയും യോജിപ്പിച്ച് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാനും അതോടൊപ്പം പലിശയിൽ കുറവ് ലഭിക്കാനും ഒരു two Tier System സഹകരണ മേഖലയിൽ വരികയാണ്. കേരളത്തിന് സ്വന്തമായി ഒരു ബാങ്ക്/കേരളബാങ്ക് എന്ന Brand name ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ഇത്തരത്തിൽ ഈ ബില്ലിലെ രണ്ട് ഭേദഗതികളും സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് ഭേദഗതിയോടുകൂടി നേരത്തെ സമർപ്പിച്ചിരുന്നു. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

12.00 Noon]

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. മലപ്പുറം ജില്ലാ സഹകരണബാങ്കിനെ കേരള ബാങ്കുമായി സംയോജിപ്പിക്കുന്നതിനും മിൽമയുടെ മൂന്ന് മേഖലാ സഹകരണ ക്ഷീരോൽപ്പാദന യൂണിയനുകളിലെ ഭരണസമിതികളിലേയ്ക്ക് മൽസരിക്കുന്നതിന് ഒരു ക്ഷീര കർഷകന് പരമാവധി മൂന്ന് തവണ അല്ലെങ്കിൽ 15 വർഷമെന്ന കാലയളവ് നിജപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് 1-4-2021 മുതൽ ഇന്ത്യയിലെ എല്ലാ സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകൾക്കും ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ടിലെ 44 (എ) വകുപ്പനുസരിച്ച് ഒരു ജില്ലാ ബാങ്കിന്റെ ഷെയർ ഹോൾഡർമാരുടെ യോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷമുള്ള തീരുമാനപ്രകാരമാണ് ബാങ്കുകളുടെ ലയനം സാധ്യമാകുന്നത്. മലപ്പുറം ജില്ലാ സഹകരണബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള വ്യവസ്ഥ മേൽപ്പറഞ്ഞ കേന്ദ്ര നിയമത്തിന് വിരുദ്ധമാണ്. ഒരു ഓർഡിനൻസിലൂടെ ഇപ്രകാരം സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കേരള ബാങ്ക് രൂപീകരണ വേളയിൽ സ്വതന്ത്രമായി നിൽക്കുന്നതിനുള്ള ആവശ്യം ഉന്നയിച്ച് മലപ്പുറം ജില്ലാ ബാങ്ക് കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി അനുകൂലമായ വിധി നൽകുകയും ചെയ്തു. തുടർന്ന് തെരഞ്ഞെടുപ്പിലൂടെ പുതിയ ഭരണസമിതി നിലവിൽവന്നു. ഇപ്രകാരം നിയമവിധേയമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ സഹകരണ

ബാങ്കിനെ മേൽപ്പറഞ്ഞ പ്രകാരം കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായ രീതിയിൽ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിനോട് യോജിക്കാൻ സാധിക്കുകയില്ല. അത് ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ നടപടിയാണ്. കേരളത്തിൽ നിലവിലുള്ള മൂന്ന് മേഖലാ സഹകരണ ക്ഷീരോൽപ്പാദന യൂണിയനുകളിലെ ഭരണസമിതിയിലേയ്ക്ക് മൽസരിക്കുന്നതിന് ഒരു ക്ഷീര കർഷകന് പരമാവധി മൂന്ന് തവണ അല്ലെങ്കിൽ 15 വർഷമെന്ന കാലയളവ് ഒരു ഭേദഗതിയിലൂടെ നിജപ്പെടുത്തുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന് വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായ നടപടിയാണ്. മിൽമയുടെ മൂന്ന് മേഖലാ യൂണിറ്റുകളും സംസ്ഥാന ഫെഡറേഷനിൽ മാത്രം ഒരു കർഷകന് രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ചെയർമാൻ പദവി വഹിക്കാൻ കഴിയില്ലെന്ന ഭേദഗതി വ്യവസ്ഥയും ജനാധിപത്യ വിരുദ്ധമായതിനാൽ അംഗീകരിക്കാൻ സാധിക്കില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലോ കേരളത്തിൽ പ്രവർത്തിക്കുന്ന മറ്റു സഹകരണ സംഘങ്ങളിലോ ജനാധിപത്യ ഭരണം നിലനിൽക്കുന്ന ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെയുള്ളവയിലോ ഇത്തരത്തിൽ ഒരു വ്യവസ്ഥയില്ല. ഈ ബില്ലിലെ വ്യവസ്ഥകളോട് ആദ്യമായി വിയോജിപ്പ് രേഖപ്പെടുത്താനുള്ള കാരണങ്ങൾ മേൽപ്പറഞ്ഞവയാണ്. വളരെ ഗഹനമായി ബിൽ അവതരണവേളയിൽത്തന്നെ സംസാരിച്ചതാണ്, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് മറുപടി പറഞ്ഞതുമാണ്. പ്രധാനപ്പെട്ട സഹകാരികളൊക്കെ ഈ വിഷയവുമായി ബന്ധപ്പെട്ട് സംസാരിച്ചിട്ടുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല, വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ, ഈ ബില്ലുമായി ബന്ധപ്പെട്ട പ്രധാന വിയോജനക്കുറിപ്പാണ് പറയുന്നത്. ആനന്ദ് മാതൃകാ സംവിധാനത്തിൽ പാലിന്റേയും പാൽ ഉൽപ്പന്നങ്ങളുടേയും വിപണനം നടത്തേണ്ട ഉത്തരവാദിത്വം മേഖലാ യൂണിയനുകളുടേതാണ്. ക്ഷീര കർഷകരിൽനിന്നും പാൽ സംഭരിച്ച് മേഖലാ യൂണിയനുകൾക്ക് നൽകുകയെന്നതാണ് പ്രാഥമിക സംഘങ്ങളുടെ ചുമതല. ക്ഷീര സംഘങ്ങൾ സംഭരിച്ച് നൽകുന്ന പാലിന്റെ സംസ്കരണം, പാൽ ഉൽപ്പാദനം, നിർമ്മാണം, വിപണനം തുടങ്ങിയവ മേഖലായൂണിറ്റുകളുടെ ചുമതലയാണ്. ആനന്ദ് മാതൃകാ സംവിധാനത്തിനും തത്വങ്ങൾക്കുമെതിരായ നിയമഭേദഗതി, അംഗങ്ങളായ ക്ഷീര സംഘങ്ങളും മേഖലായൂണിയനുകളും തമ്മിൽ അനാരോഗ്യകരമായ മൽസരത്തിന് വഴിവയ്ക്കും. തിരുവനന്തപുരം, എറണാകുളം, മലബാർ എന്നീ മൂന്ന് മേഖലാ യൂണിയനുകളാണ് മിൽമയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ 40 വർഷത്തെ മിൽമയുടെ ക്രമാനുഗതമായ പുരോഗതി വ്യക്തമാക്കുന്ന ഈ സംവിധാനം പ്രായോഗികവും കാര്യക്ഷമവുമാണ്. എന്നാൽ ഈ ഭേദഗതിപ്രകാരം നിലവിലുള്ള മേഖലായൂണിയനുകളുടെ പ്രവർത്തന പരിധി രണ്ട് ജില്ലകളായി വരുന്നത് ദോഷം ചെയ്യും. സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ക്രെഡിബിലിറ്റി

ഇതിലൂടെ നഷ്ടപ്പെടുകയും ചെലവുകൾ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യും. സാധാരണ ഒരു സഹകരണ സംഘത്തിൽ അംഗമാകാനുള്ള യോഗ്യത പരാമർശിക്കുന്നത് സംഘങ്ങളുടെ നിയമാവലിയിലാണ്. എന്നാൽ ഇവിടെ മറ്റൊരുതരം സഹകരണസംഘത്തിനും ഇല്ലാത്ത രീതിയിൽ അംഗത്വം നേടാനുള്ള യോഗ്യത ദുഷ്ടലാക്കോടെ സഹകരണ നിയമത്തിന്റെ ഭാഗമായിരിക്കുകയാണ്. ആനന്ദ് മാതൃകാ സഹകരണ സംഘങ്ങൾക്ക് ആരംഭം കുറിച്ച ഗുജറാത്ത് ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലും അംഗത്വം ലഭിക്കുന്നതിന് 90 ദിവസം മതിയെന്നിരിക്കെ ഇവിടെ മാത്രം അത് ഇരട്ടിയാക്കി (180 ദിവസമെന്ന്) നിശ്ചയിക്കുന്നത് കർഷകദ്രോഹ നടപടിയാണ്. അതുപോലെ കാലിത്തീറ്റയുടേയും മറ്റും വിലവർദ്ധനവ് കാരണം മുഴുവൻ പാലും ക്ഷീരസംഘങ്ങളിൽ കുറഞ്ഞ വിലയ്ക്ക് നൽകി തൊഴിൽ ലാഭകരമായി നടത്താൻ സാധിക്കുകയില്ലെന്നുള്ളതാണ് സത്യം. എന്നാൽ അംഗത്വം ലഭിക്കുന്നതിനുപോലും 500 ലിറ്റർ പാൽ നൽകിയിരിക്കണമെന്ന വ്യവസ്ഥ അപ്രായോഗികമായതിനാൽ മിക്ക കർഷകർക്കും ഇക്കാരണത്താൽ അംഗത്വം നിഷേധിക്കപ്പെടാൻ ഭേദഗതി വഴിയൊരുക്കും. മാത്രമല്ല ഈ ഭേദഗതിമൂലം എല്ലാ ക്ഷീര സംഘങ്ങളിലും വോട്ടർമാരുടെ എണ്ണം ഗണ്യമായി കുറയുകയും ജനാധിപത്യ പ്രക്രിയതന്നെ അട്ടിമറിക്കപ്പെടുകയും ചെയ്യും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 500 ലിറ്റർ പാൽ ഒരു കർഷകൻ നൽകിയിട്ടുണ്ടെങ്കിൽ മാത്രമേ മെമ്പർഷിപ്പ് നൽകുകയുള്ളൂവെന്ന് പറയുന്നത് തികച്ചും ബാലിശമാണ്. സാധാരണ നമ്മുടെ നാട്ടിൻപുറത്തുള്ള എത് കർഷകനാണ് 500 ലിറ്റർ പാൽ കൊടുക്കാൻ കഴിയുക? അത് കുറെയധികം ആളുകൾ നടത്തുന്ന ഫാമിനുമാത്രം കഴിയുമെന്നല്ലാതെ സാധാരണക്കാരായ കർഷകർക്ക് 500 ലിറ്റർ പാൽ ഒരു മാസം കൊടുക്കുകയെന്നുള്ളത് ഒരിക്കലും കഴിയാത്ത കാര്യമാണ്, അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, തീർച്ചയായിട്ടും. എല്ലാ ക്ഷീരസംഘങ്ങളിലും വോട്ടർമാരുടെ എണ്ണം ഗണ്യമായി കുറയുകയും ജനാധിപത്യ പ്രക്രിയ അട്ടിമറിക്കപ്പെടുകയും ചെയ്യുന്നു. നിലവിൽ ക്ഷീരസംഘങ്ങളിൽ അംഗങ്ങളായ ഒരു വലിയ വിഭാഗം സാധാരണ ക്ഷീര കർഷകർക്ക് ഈ ഭേദഗതിമൂലം വോട്ടവകാശം നഷ്ടപ്പെടുകയും നിക്ഷിപ്ത താൽപ്പര്യക്കാരുടെ കൈകളിൽ സംഘത്തിന്റെ ഭരണം എത്തിച്ചേരുകയും ചെയ്യും. ഇത്തരത്തിൽ തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദന യൂണിയന്റേയും സംസ്ഥാന ഫെഡറേഷന്റേയും ഭരണം

പിടിച്ചെടുക്കുകയെന്ന ഉദ്ദേശ്യത്തോടെ കൊണ്ടുവന്ന ഈ ഭേദഗതികൾക്ക് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണമേഖലയെ പ്രത്യേകമായി പ്രതിപാദിക്കേണ്ട ആവശ്യമില്ല. നമ്മുടെ സഹകരണമേഖലയ്ക്ക് ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ട്. ഇന്ന് സഹകരണ മേഖലയ്ക്കുണ്ടായ എല്ലാ പുരോഗതിക്കും കാരണം നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളാണ്. നിഷ്കാമകർമ്മികളായ ഒട്ടനവധി സഹകാരികളുടെ കഠിനാദ്ധ്വാനം അതിന്റെ പിന്നിലുണ്ട്. ഇതുമായി ബന്ധപ്പെട്ട നിയമ നടപടികളിലേയ്ക്ക് വരുമ്പോൾ അതിന്റെ നാനാവശങ്ങളെ സംബന്ധിച്ച് നമ്മൾ ആലോചിക്കണം, അതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തണം. നമ്മുടെ സഹകരണമേഖലയുടെ ചരിത്രം പരിശോധിച്ചാൽ മതി. നൂറ്റാണ്ടുകളായി നിലനിൽക്കുന്നൊരു സംവിധാനം നമുക്കുണ്ട്. എല്ലാ പരിഷ്കരണ നടപടികളും നമ്മുടെ കൂട്ടായ ചർച്ചയുടെ ഭാഗമായിട്ടാണ് നടപ്പിലാക്കുന്നത്. അതാണ് നമ്മുടെ പുരോഗതിക്ക് കാരണം. നമ്മുടെ സഹകരണമേഖലയെന്ന് പറഞ്ഞാൽ ലോകത്തിന് മാതൃകയാണ്. അത്രമാത്രം നമ്മൾ ഒരുമിച്ച് നിന്നുള്ള കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായി കെട്ടിപ്പടുത്ത, ഇന്ന് ഏകദേശം രണ്ട് ലക്ഷം കോടി രൂപ നിക്ഷേപമുള്ള ഒരു വലിയ സംവിധാനമായി മാറി. നമുക്കറിയാം കഴിഞ്ഞ നോട്ട് നിരോധനം, നമ്മൾ ഈ നിയമസഭയ്ക്കകത്ത് ഒരുമിച്ച് നിന്ന് റെസലൂഷൻ പാസ്സാക്കി. ഒരുമിച്ച് നമ്മൾ ഇതിനെതിരെ സമരം ചെയ്തു. അതിന്റെ അനന്തരഫലം നമുക്കെല്ലാപേർക്കും അറിയാം. നോട്ട് നിരോധനത്തിന്റെ മറവിൽ സഹകരണമേഖലയെ തകർക്കുന്നതിനുവേണ്ടി വലിയ ശ്രമങ്ങൾ നടന്നു. ആദായനികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് വകുപ്പ്, എനിക്ക് നന്നായിട്ടറിയാം, ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഈ സഭയിലുണ്ട്, അന്ന് കള്ളപ്പണം കണ്ടെടുക്കുന്നതിനുവേണ്ടി മലപ്പുറം ജില്ലയിലെ ജില്ലാ ബാങ്ക് മുതൽ ഇനി കയറിയിറങ്ങാത്ത ഒരു സഹകരണ സ്ഥാപനങ്ങളുമില്ല. ഒരു നയാപൈസയുടെ കള്ളപ്പണംപോലും കണ്ടെത്താൻ സാധിച്ചില്ല. ആദായനികുതി വകുപ്പും അതുപോലെ എൻഫോഴ്സ്മെന്റും നമ്മുടെ ബാങ്കുകളിൽ കയറിയിറങ്ങി. ആ നിലയിൽ ഇതിനെ തകർക്കാൻ ശ്രമിക്കുന്ന എല്ലാ നീക്കങ്ങളേയും നമ്മൾ ഒരുമിച്ചുനിന്ന് എതിർത്ത പാരമ്പര്യമാണ് സഹകരണമേഖലയ്ക്കുള്ളത്. ഈ അമാൽഗമേഷൻ നിയമവുമായി ബന്ധപ്പെട്ട് ഫലപ്രദമായ ചർച്ച നടന്നിട്ടില്ല. അത് തീർത്തും എനിക്ക് പറയാൻ സാധിക്കും, ഞാൻ ശ്രീറാം കമ്മിറ്റിയുടെ മുൻപിൽ സ്റ്റേറ്റ്മെന്റ് കൊടുത്ത ആളാണ്. ഞാൻ അന്ന് സംസ്ഥാന സഹകരണബാങ്കിന്റെ ഭരണസമിതി അംഗമാണ്. മുൻമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ ഇരിക്കുന്നുണ്ട്. അന്ന് 14 ജില്ലാ ബാങ്കുകളിൽ 13 ജില്ലാ ബാങ്കും ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. പാലക്കാട് ജില്ലാ ബാങ്ക് മാത്രമാണ് അന്ന് എൽ.ഡി.എഫ്. ഭരിക്കുന്നത്. ഞാൻ പറയുന്നു, സമ്മിശ്രപ്രതികരണം ഉണ്ടായിട്ടുണ്ട്. ഇങ്ങനെ

സമ്മിശ്രപ്രതികരണമുണ്ടാകുമ്പോൾ എന്താണ് ചെയ്യേണ്ടത്? ഇതുമായി ബന്ധപ്പെട്ട് നമ്മൾ കൂടിയിരുന്ന് കാര്യങ്ങൾ ചർച്ച ചെയ്യണം, എന്നിട്ട് അതിൽ നിന്ന് ഒരു തീരുമാനമെടുക്കണം. പൊളിറ്റിക്കൽ ലീഡർഷിപ്പുമായി സംസാരിക്കണം. ഇവിടെ നിയമസഭയ്ക്കകത്ത് അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുണ്ട്, പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറും അതുപോലെതന്നെ മറ്റ് നേതാക്കളുമുണ്ട്. അവരോടെല്ലാം കൂടിയാലോചിച്ച് ഒരു തീരുമാനത്തിൽ വന്നിരുന്നെങ്കിൽ ഇതുപോലെയുള്ള ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ലെന്നാണ് എന്റെ അഭിപ്രായം. പ്രത്യേകിച്ച് മലപ്പുറം ജില്ലാ ബാങ്കിന്റെ നാൾവഴികൾ നിങ്ങൾ പരിശോധിക്കുക. ഗവൺമെന്റ് കൊണ്ടുവന്ന എല്ലാ പരിഷ്കരണ നടപടികളുടെയും മുമ്പിൽത്തന്നെ മലപ്പുറം ജില്ലാ ബാങ്ക് ഉണ്ടായിരുന്നു. ആ തരത്തിലുള്ള പ്രവർത്തനം ഞങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. ഗവൺമെന്റ് കൊണ്ടുവന്ന യാതൊരു നടപടിയും ഞങ്ങൾ തിരസ്കരിച്ചിട്ടില്ല. എന്നാൽ ഇവിടെ ആ തരത്തിലുള്ള ഒരു ചർച്ചയുമുണ്ടായില്ല. കേരള ബാങ്ക് എന്ന പ്രഖ്യാപനം വന്നതിനു ശേഷമാണ് ചർച്ചകളുമായി അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി രംഗത്തുവന്നത്. നമുക്കറിയാം 'കേരള ബാങ്ക്' രൂപീകരണമെന്നത് കഴിഞ്ഞ തവണതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞതാണ്. അതിലൊന്നും ഞങ്ങൾക്ക് വിരോധമില്ല, പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ നിങ്ങൾക്ക് നടപ്പിലാക്കേണ്ടിവരും. പ്രത്യേകിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള ലയനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് നമ്മുടേതായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നഷ്ടപ്പെട്ടു, പകരം നമുക്കൊരു ബാങ്ക് വേണം. അതുമായി ബന്ധപ്പെട്ട് ആലോചനയും മറ്റും നടന്നു. പ്രത്യേകിച്ച് സഹകരണ മേഖലയിൽ അത്തരത്തിലുള്ള ഒരു നടപടിയുമായി മുമ്പോട്ടുപോകുമ്പോൾ ഇതിന്റെ ഘടനാപരമായ കാര്യങ്ങളിൽ നല്ല രീതിയിലുള്ള ചർച്ച ആവശ്യമായിരുന്നു. ഇപ്പോൾ കേരള ബാങ്കിന്റെ മൊത്തത്തിലുള്ള സ്വഭാവം എന്താണ്? തെരഞ്ഞെടുപ്പ് നടന്നല്ലോ.....

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ച നടത്താനായി ഗവൺമെന്റോ, ഗവൺമെന്റിന് നേതൃത്വംകൊടുക്കുന്ന രാഷ്ട്രീയ നേതൃത്വമോ തയ്യാറായില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. അത് വാസ്തവമാണോയെന്ന് അങ്ങ് ആത്മാർത്ഥമായി ആലോചിക്കണം. നമ്മുടെ സംസ്ഥാനത്ത് ഒരു ജനഹിതംതന്നെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. കേവലം രാഷ്ട്രീയ കക്ഷി നേതാക്കന്മാരുമായുള്ള ചർച്ച മാത്രമായിരുന്നില്ല നടന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ജനങ്ങൾക്കുമുമ്പിൽ സമർപ്പിച്ച പ്രകടനപത്രികയിൽ സഹകരണ മേഖലയെ സംബന്ധിച്ച് പറഞ്ഞ സുപ്രധാനമായ ഒരു വിഷയം കേരള ബാങ്കിന്റെ രൂപീകരണമായിരുന്നു. സംസ്ഥാനത്തുടനീളം വളരെ ഗൗരവത്തോടെ ജനങ്ങൾക്കിടയിൽത്തന്നെ ചർച്ച വന്നതാണ്. അതിന്റെകൂടി അംഗീകാരമാണ് തെരഞ്ഞെടുപ്പ് വിജയം എന്നുകരുതുന്നവരാണ് ഞങ്ങൾ. ആ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാണ് കേരള ബാങ്ക് രൂപീകരണം പഠിക്കുന്നതിനായി ശ്രീറാം കമ്മിറ്റിയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലാ ബാങ്കിൽ മാത്രമല്ല, ബാങ്കിന്റെ കീഴിലുള്ള ശാഖകളിലടക്കം സഹകാരികളുമായുള്ള യോഗത്തിൽ പങ്കെടുത്തുകൊണ്ട് ചർച്ച നടത്തിയിരുന്നു, മലപ്പുറത്ത് മാത്രമല്ല, കേരളത്തിലെ 14 ജില്ലകളിലും അവർ സഹകാരികളുമായും മറ്റ് പല മേഖലകളിലുള്ളവരുമായും ഇത്തരത്തിൽ ചർച്ച നടത്തിയാണ് അവസാനം റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ട് സമർപ്പിക്കപ്പെടുകയും അത് അംഗീകരിക്കപ്പെടുകയും ചെയ്തശേഷവും കേരള ബാങ്ക് രൂപീകരണത്തിന്റെ ഓരോ ഘട്ടത്തിലും ബഹുമാനപ്പെട്ട രാഷ്ട്രീയ നേതാക്കന്മാരുമായി വിശേഷിച്ച് യു.ഡി.എഫ്.-ലെ രാഷ്ട്രീയ നേതാക്കന്മാരുമായി, അതിൽത്തന്നെ സഹകരണ മേഖലയ്ക്ക് കൂടുതൽ സംഭാവന നൽകുന്ന മുസ്ലീം ലീഗിന്റെ നേതൃത്വവുമായി നിരവധി പ്രാവശ്യം ചർച്ചകൾ നടത്തിയിരുന്നു. ഞാൻ മാത്രമല്ല, കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയും ഈ പ്രശ്നത്തിൽ ചർച്ച നടത്തി, അദ്ദേഹം കേരളത്തിലെ ഏറ്റവും വലിയ സഹകാരിയാണെന്ന് അങ്ങേയ്ക്ക് നന്നായറിയാം, അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച നല്ല പാരമ്പര്യം അങ്ങേയ്ക്കുമുണ്ട്. അദ്ദേഹംതന്നെ നേരിട്ട് ചർച്ച നടത്തി, ഞാൻ അദ്ദേഹത്തിന്റെ ദൂതനായും പോയിരുന്നു. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെയിരിപ്പുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ദൂതനായിപ്പോയിത്തന്നെ ഞാൻ ഇക്കാര്യങ്ങൾ ധാരാളമായി സംസാരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് സംസാരിച്ചില്ലെന്ന് പറയരുത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കേരള ബാങ്കുമായി ബന്ധപ്പെട്ടുകൊണ്ട്, അതിന്റെ രൂപീകരണം, അതിന്റെ ഘടനാപരമായ കാര്യങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച തീരുമാനങ്ങളെല്ലാം കൈക്കൊണ്ട ശേഷമാണ് ചർച്ച നടത്തിയത്, അപ്പോഴേക്കും സമയം കഴിഞ്ഞിരുന്നു, വണ്ടി വിട്ടശേഷം കൈ കാട്ടിയതുകൊണ്ട് കാര്യമുണ്ടോ? പ്രത്യേകിച്ച് മലപ്പുറം ജില്ലാ ബാങ്ക് എന്ന വിഷയം ഞങ്ങൾ വൈകാരികമായി കാണും. കാലങ്ങളായി യു.ഡി.എഫ് ഭരിക്കുന്ന ഒരു സഹകരണ സ്ഥാപനമാണ്. ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ സഹകരണ വകുപ്പുമന്ത്രിയായിരിക്കുമ്പോൾത്തന്നെ എല്ലാ പരിഷ്കരണ പ്രവർത്തനങ്ങളുമായും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സഹകരിച്ചിട്ടില്ലേ? ഭവന നിർമ്മാണ പദ്ധതി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി തുടങ്ങിയവയിലെല്ലാം മലപ്പുറം ജില്ലാ

സഹകരണ ബാങ്കും അതുപോലെ തന്നെ ജില്ലയിലെ മറ്റ് സഹകരണ സ്ഥാപനങ്ങളും സഹകരിച്ചിട്ടുണ്ട്. ആ നിലയ്ക്കാണ് ഗവൺമെന്റിന്റെ നടപടികളുമായി സഹകരിച്ച് നാളിതുവരെ മുമ്പോട്ടുപോയത്. അക്കാര്യം നമ്മുടെ പ്രിയപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും അറിയാമല്ലോ, ഞാൻ മലപ്പുറം ജില്ലാബാങ്കിന്റെ പ്രസിഡന്റായിരുന്ന സമയത്ത് അദ്ദേഹം കോട്ടയം ജില്ലാബാങ്കിന്റെ പ്രസിഡന്റായിരുന്നു. നമ്മളൊക്കെ ഒരുമിച്ച് പ്രവർത്തിച്ചതാണല്ലോ. എൽ.ഡി.എഫ്. ഭരിക്കുന്ന സമയത്ത് യു.ഡി.എഫ്. ന്റെ കയ്യിലുള്ള ഏക ബാങ്ക് മലപ്പുറം ജില്ലാബാങ്കാണ്. പക്ഷേ ആ നിലയ്ക്കല്ല നമ്മൾ ഈ മേഖലയിൽ പ്രവർത്തിച്ചിരിക്കുന്നത്. നമ്മൾ ഒരുമിച്ച്, കൂട്ടായി പരസ്പര വിശ്വാസത്തോടെയായിരുന്നു ഇക്കാര്യങ്ങളൊക്കെ ചെയ്തിരുന്നത്, അത് ഇനിയും തുടരണമെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ അർത്ഥപൂർണ്ണമായ ചർച്ച നടത്താമെന്ന് പറഞ്ഞിട്ടുണ്ട്. ഞങ്ങളും അതുതന്നെയാണ് പറഞ്ഞത്. മലപ്പുറം ജില്ലാ ബാങ്കിൽ 4200 കോടി രൂപ നിക്ഷേപമുണ്ട്, ഇത്രയും നിക്ഷേപമുള്ള, 3500 കോടി രൂപ വായ്പ നൽകിയിരിക്കുന്ന, ഏകദേശം 130 അംഗ സംഘങ്ങളുള്ള, ഈ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 4 കോടി രൂപ ലാഭമുള്ള ഒരു സ്ഥാപനമാണത്. ഇങ്ങനെ എല്ലാ നിലയിലും സംഭാവന അർപ്പിക്കുന്ന ഒരു ബാങ്കാവുമ്പോൾ ഇങ്ങനെയൊരു സംവിധാനം വരുമ്പോൾ, സ്വാഭാവികമായും അതിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്ന ഒരു വിഷയം വരികയാണെങ്കിൽ ഞങ്ങൾ ഇടപെടും, അതിൽ ഞങ്ങളെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. അതേസമയം സ്റ്റേറ്റ് ലെവലിൽ ഒരു വിഷയം വരുമ്പോൾ അതുമായി ബന്ധപ്പെട്ട് സഹകരിക്കാവുന്ന രീതിയിൽ സഹകരിക്കുകയും ചെയ്യും. അതാണ് ഞങ്ങളുടെ കീഴ്‌വഴക്കം, അതേ ഞങ്ങൾ ചെയ്തിട്ടുമുള്ളൂ. സഹകരണമേഖലയുടെ നാൾവഴി പരിശോധിച്ചാൽ നിങ്ങൾക്കത് ബോധ്യമാകും. അതുകൊണ്ടാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. ഇവിടെ ഞങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ, ഞങ്ങളുടെ പരാതികൾ എന്നിവ പരിശോധിച്ച് ചർച്ച ചെയ്ത് ഒരു തീരുമാനത്തിൽ എത്തണമെന്നാണ് ഞങ്ങൾക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇങ്ങനെ ഒറ്റപ്പെട്ടുപോകുമ്പോഴുള്ള ബുദ്ധിമുട്ടും പ്രയാസവും ഞങ്ങൾക്ക് നന്നായറിയാം. അതുകൊണ്ട് ഇക്കാര്യത്തിൽ അർത്ഥവത്തായ ചർച്ചകൾ നടക്കണം, തീരുമാനങ്ങളുണ്ടാകണം. ഇതിന്റെ ഘടനാപരമായ മാറ്റം അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എന്തുചെയ്യാൻ സാധിക്കുമെന്ന കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഞാൻ മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കൂടുതലായി പോകുന്നില്ല.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, നമ്മുടെ ബില്ലിന്റെ യഥാർത്ഥത്തിലുള്ള സത്ത ക്ഷീരകർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതാകണം എന്നതാണ്. ഒന്നോ രണ്ടോ ലിറ്റർ പാൽ അളക്കുക, അവർ അതിന്റെ ഭരണസമിതിയിൽ വരിക, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൊണ്ടുപോകുക തുടങ്ങിയ സംവിധാനം അവസാനിപ്പിക്കണ്ടേ?

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ ബാങ്കിന്റെ ഡയറക്ടറാണ്. ഇവിടെ 13 ജില്ലകളിലെ ജില്ലാബാങ്കുകളും അർബൻ ബാങ്കുകളുമെല്ലാം ലയിച്ച് കേരള ബാങ്ക് എന്ന സംവിധാനം യാഥാർത്ഥ്യമായി. മലപ്പുറം ജില്ലാ ബാങ്ക് മാത്രം മാറി നിൽക്കുന്നത് നമ്മുടെ കേരളത്തിന് ഭൂഷണമാണോ, ഇതുകൂടി ലയിച്ച് കേരള ബാങ്കിനെ മുന്നോട്ടുകൊണ്ടുപോകാൻ സഹകരിക്കേണ്ടതിനുപകരം ഇതിൽനിന്നും മാറിനിന്ന് ഇതുവരെ ഇക്കാര്യത്തിൽ ചെയ്തതെല്ലാം അപരാധമാണെന്ന രീതിയിൽ വ്യാഖ്യാനിക്കുന്നത് ശരിയാണോ? നമുക്ക് ഒത്തൊരുമിച്ച് പോകുന്നതല്ലേ നല്ലത്, അതുകൊണ്ട് നിങ്ങൾ ഒരു പുനരാലോചന നടത്തണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, എന്തുകൊണ്ടാണ് ഞങ്ങളുടെ വിയോജിപ്പ് എന്നതിനെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സംസാരിച്ചത്. അത് പരിശോധിക്കാനും പഠിക്കാനും നിങ്ങൾ തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. മറ്റുകാര്യങ്ങളിലേയ്ക്ക് പോകുന്നില്ലെന്ന് ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചു. വളരെ ഫലവത്തായതും ക്രിയാത്മകമായതുമായ ചർച്ചകൾ ഈ ബില്ലിന്റെ അവതരണവേളയിൽ നടത്തിയതാണ്. അതുകൊണ്ടാണ് ഞാൻ എന്റെ പ്രസംഗം നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കാത്തത്. ഈ മേഖലയിൽ നടക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങൾക്കും ഞങ്ങളുടെയെല്ലാം പൂർണ്ണമായ സഹകരണമുണ്ടാകുമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിരവധിയായ നിയമനിർമ്മാണങ്ങൾ നടത്തി ലോകത്തിനുതന്നെ മാതൃകയായ കേരള നിയമസഭയിൽ ഇപ്പോൾ നടത്തുന്ന നിരവധിയായ പുതിയ ബില്ലുകളുടെ അവതരണം, പ്രത്യേകിച്ച് സഹകരണമേഖലയെ ബാധിക്കുന്ന വളരെ പ്രസക്തമായ ചില വിഷയങ്ങൾ കൂട്ടിച്ചേർക്കുന്നതിനുവേണ്ടി നടത്തുന്ന ഈ ബിൽ അവതരണം യഥാർത്ഥത്തിൽ വളരെ വിശാലമായ നമ്മുടെ സഹകരണ മുന്നേറ്റത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നതാണ്. ഇവിടെ അവതരിപ്പിക്കപ്പെട്ട പല നിർദ്ദേശങ്ങളും കൂട്ടിച്ചേർക്കുന്ന പുതിയ വകുപ്പുകൾ പലതും സഹകരണ

നിയമത്തിന്റെ സ്പിരിറ്റിനെതിരാണ്. അതിൽ ഏറ്റവും മുമ്പിൽ നിൽക്കുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള നിയമനിർമ്മാണമാണ്. സഹകരണമേഖലയുടെ പൊതുവായ നന്മയ്ക്ക് പകരം സഹകരണമേഖലയെ തങ്ങളുടെ വരുതിയിൽ വരുത്തുന്നതിനുവേണ്ടി തികച്ചും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള ഈ ഭേദഗതി കേരളത്തിലെ സഹകരണ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്നുള്ള കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. ഗ്രാമീണ മേഖലയുടെ വികസനത്തിന് ഏറ്റവും നിർണ്ണായകമായ പങ്ക് വഹിച്ച മേഖലയാണ് ഇത്. ഒരു കാലത്ത് കൊള്ളപ്പലിശക്കാരിൽനിന്നും സമ്പന്ന വർഗ്ഗത്തിന്റെ എല്ലാ ചൂഷണത്തിൽനിന്നും അവരുടെ കരാളഹസ്തങ്ങളിൽനിന്നും കേരള ജനതയെ മോചിപ്പിച്ച് സാമൂഹ്യനീതിയും അവസര സമത്വവും ഉറപ്പുവരുത്തിയ മഹത്തായ ഒരു പ്രസ്ഥാനമാണ് കേരളത്തിന്റെ സഹകരണ പ്രസ്ഥാനം. ഇന്ന് ആ സഹകരണ പ്രസ്ഥാനം സകല മേഖലകളിലേയ്ക്കും വളർന്ന് പന്തലിച്ച് കേരളത്തിലെ ഗ്രാമീണ ജനതയ്ക്ക് മാറ്റിനിർത്താൻ സാധിക്കാത്ത ഒരു അവിഭാജ്യഘടകമായി മാറിയിട്ടുണ്ട്. രാജ്യത്ത് കൂടുതൽ സഹകരണ സംഘങ്ങളുള്ള സംസ്ഥാനങ്ങളുണ്ടെങ്കിലും ഏറ്റവും മികച്ച സഹകരണ സ്ഥാപനങ്ങളുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ സഹകരണ ബാങ്കുകളിലെ നിക്ഷേപം പരിശോധിക്കുമ്പോൾ 60 ശതമാനത്തോളം നിക്ഷേപങ്ങളും കേരളത്തിലെ സഹകരണ മേഖലയിലാണെന്ന് വരുമ്പോൾ, അത് ചൂണ്ടിക്കാണിക്കുന്നത് കേരളത്തിന്റെ സഹകരണ മേഖലയുടെ വിശ്വാസ്യതയാണ്. പ്രവർത്തന മികവും വിശ്വസ്തതയും കാര്യക്ഷമമായ ജനാധിപത്യ ക്രമവുമാണ് കേരളത്തിലെ സഹകരണ മേഖലയുടെ ശക്തി സ്രോതസ്സ്. നിയതമായ ഭരണക്രമവും ജനകീയ ഇടപെടലും സാധ്യമാകുന്ന സംഘങ്ങൾ ഇന്ന് കേരളത്തിലാണ് കൂടുതലും. അതാണ് നമ്മുടെ വിശ്വാസ്യത. ക്രിയാത്മക രാഷ്ട്രീയ സാമൂഹ്യ ഇടപെടലാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയത്. അതിൽ ഒരു രാഷ്ട്രീയ പാർട്ടി മാത്രമല്ല കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളും അതിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ ഈ മുന്നേറ്റത്തെ ദോഷകരമായി ബാധിക്കുന്ന ഭേദഗതികളും തീരുമാനങ്ങളും കൈക്കൊള്ളുന്നത് പുരോഗമന സംസ്ഥാന സർക്കാരിന് ഭൂഷണമാണോയെന്നുള്ളതാണ് ഞാനിവിടെ ചോദിക്കാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ നിയന്ത്രിക്കാനും അവയെ തങ്ങളുടെ വരുതിയിൽ വരുത്താനുള്ള ശ്രമങ്ങൾ ആരുടെ ഭാഗത്ത് നിന്നുണ്ടായാലും നമുക്കത് അംഗീകരിക്കാൻ സാധ്യമല്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾക്കും 2020-ലെ ബാങ്കിംഗ് റെഗുലേഷൻ ഭേദഗതി നിയമം 1-4-2021 മുതൽ ബാധകമാണ്. ഈ നിയമത്തിലെ 44 (എ) വകുപ്പുപ്രകാരം ഒരു ജില്ലാബാങ്കിന്റെ ഷെയർ ഹോൾഡർമാരുടെ യോഗത്തിന്റെ

മൂന്നിൽ രണ്ട് ഭൂരിപക്ഷ തീരുമാനപ്രകാരമാണ് ബാങ്കുകളുടെ ലയനം സാധ്യമാകുക. സഹകരണ സ്ഥാപനങ്ങൾ അംഗങ്ങളാൽ നിയന്ത്രിതമായുള്ള സ്ഥാപനമാണ്. ഇതിന്റെ നിയന്ത്രണാധികാരം സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ അധികാരമുള്ളത് പൊതുയോഗത്തിനാണ്. ആസ്തി ബാധ്യതകളുടെ സംയോജനം, വിഭജനം തുടങ്ങിയ സുപ്രധാന തീരുമാനങ്ങൾ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി മാത്രമേ സാധ്യമാകുകയുള്ളൂ എന്നതാണ് നിയമം. എന്നാൽ അതിപ്പോൾ കേവല ഭൂരിപക്ഷമെന്നാക്കി. എന്നിട്ടും മലപ്പുറം ജില്ലാ ബാങ്കിൽ 32 നെതിരെ 97 വോട്ടുകൾക്ക് ഈ നീക്കത്തെ പരാജയപ്പെടുത്തി. മാത്രവുമല്ല ബാങ്കുകളുടെ ലയനത്തിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന് ബാങ്കിംഗ് റെഗുലേഷൻ ആക്ട് നിഷ്കർഷിക്കുന്നുണ്ട്. ഈ നിയമത്തിനെതിരാണ് സംസ്ഥാന നിയമം. അതുകൊണ്ടുതന്നെ ഇത് നിലനിൽക്കുന്നതല്ല. നഷ്ടത്തിൽ പോകുന്ന കേരള ബാങ്കിലേയ്ക്കാണ് വളരെയേറെ മികച്ച നിലയിൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മലപ്പുറം ജില്ലാബാങ്കിനെ ലയിപ്പിക്കുന്നത്. അവിടെ തെരഞ്ഞെടുക്കപ്പെട്ട 18 അംഗ ഭരണ സമിതിയെ പിരിച്ചുവിടാനാണ് ഈ നിയമം. ഇത് ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നതാണ്. സംസ്ഥാനത്തെ ജില്ലാ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ചപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് സ്വന്തം നിലയിൽ നിൽക്കുകയും ഇത് സംബന്ധിച്ച് കോടതിയെ സമീപിക്കുകയും ചെയ്തതാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വാസ്തവ വിരുദ്ധമായിട്ടുള്ള ഒരുകാര്യം പറഞ്ഞതുകൊണ്ട് ക്ലാരിഫൈ ചെയ്യാൻവേണ്ടി പറയുന്നതാണ്. കേരള ബാങ്ക് രൂപീകരിച്ചശേഷം അത് നഷ്ടത്തിലാണെന്ന് പറയുന്നത് വസ്തുതകൾക്ക് നിരക്കാത്തതാണ്. 2020-21 സാമ്പത്തിക വർഷത്തെ പ്രവർത്തന ലാഭം 61.99 കോടി രൂപയാണ്. രൂപീകരണശേഷമുള്ള രണ്ട് സാമ്പത്തിക വർഷങ്ങളിലും ബാങ്ക് പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി മുൻവർഷത്തെ അപേക്ഷിച്ച് 428 കോടി രൂപയുടെ (243 ശതമാനം) വർദ്ധനവാണുണ്ടായത്. ജീവനക്കാരുടെ 2017 മുതലുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കിയതും 2019 മുതലുള്ള ഡി.എ. കുടിശ്ശിക നൽകിയതുമാണ് വലിയ വർദ്ധനവിന് കാരണമായത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ജില്ലാസഹകരണ ബാങ്കുകൾ ഈ ആവശ്യങ്ങൾക്കായി തത്തുല്യമായ കരുതൽതുക സൂക്ഷിച്ചിരുന്നില്ല. ബാങ്കിന്റെ പ്രവർത്തന ലാഭം മുൻവർഷത്തെ അപേക്ഷിച്ച് കുറയുന്നതിന് കാരണമായത് ഇതാണെന്ന് അങ്ങ് മനസ്സിലാക്കണം. നഷ്ടത്തിലല്ല ഇന്നും ലാഭത്തിലാണ് ബാങ്ക് പ്രവർത്തിക്കുന്നത്. 428 കോടി രൂപയുടെ അധിക ചെലവ് വന്നെങ്കിലും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

<u>ശ്രീ. സജീവ് ജോസഫ്: </u>സർ ഞാൻ മനസ്സിലാക്കിയത് ഇപ്പോൾ രൂപീകൃതമായിരിക്കുന്ന കേരള ബാങ്ക് ആയിരം കോടി രൂപയോളം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നാണ്. ഏത് രേഖയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞതെന്ന് എനിക്ക് വ്യക്തമായിട്ടില്ല. സ്വതന്ത്ര അധികാരമുള്ള ഒരു ഭരണസമിതി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ നിയമസഭയിലെ ഭൂരിപക്ഷത്തിന്റെ ബലത്തിൽ നിയമനിർമ്മാണം നടത്തി ജനാധിപത്യ വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നത് എപ്പോഴും ജനാധിപത്യവിരുദ്ധ നിലപാടുമായി മുന്നോട്ടുപോകുന്ന കേന്ദ്ര സർക്കാരിന്റെ നടപടികളെ ഓർമ്മിപ്പിക്കുന്ന നടപടിയാണെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. മലപ്പുറം ജില്ലാബാങ്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധിനേടി. തുടർന്ന് ജനാധിപത്യപരമായ തെരഞ്ഞെടുപ്പിലൂടെ അവിടെ ഒരു ഭരണസമിതി നിലവിൽ വന്നു. ആ ഭരണ സമിതി സ്വതന്ത്രമായി പ്രവർത്തിക്കുമ്പോഴാണ് കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള നീക്കം നടക്കുന്നത്. സഹകരണ നിയമത്തിലെ ഉദ്ദേശ്യത്തെ സംബന്ധിച്ച് ആക്റ്റിലെ ആമുഖത്തിൽ പറയുന്ന autonomous democratic തത്വങ്ങൾ, സെൽഫ് ഗവേർണിംഗ് കോ-ഓപ്പറേറ്റീവ് പ്രിൻസിപ്പിൾസിന് വിരുദ്ധമായിട്ടുള്ളതാണ്. ആ ഭേദഗതി ഒഴിവാക്കണമെന്നാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടാനുള്ളത്. ഓർഡിനൻസിനെതിരെയുള്ള റിട്ട് അപ്പീലിൽ ഏകദേശം എട്ട് കേസ്സുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഒരു status quo നിലനിൽക്കുകയാണ്. ഇത് നിലവിലുള്ളപ്പോൾ ഈ ബിൽ ഭേദഗതി ചെയ്യുന്നത് നിയമസഭയുടെ പവിത്രതയ്ക്ക് കളങ്കം ചാർത്തും. മാത്രവുമല്ല കോടതി നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പ് നടത്തി ഭരണ സമിതി മുന്നോട്ടുപോകുമ്പോൾ അതിനെ അട്ടിമറിക്കാനാണ് ഈ ബിൽ. ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദ പ്രകാരം അതിപ്രധാനവും അടിയന്തരവുമായ ഘട്ടത്തിലാണ് ഓർഡിനൻസ് ഇറക്കുന്നത്. ഇവിടെ അത്തരമൊരു സന്ദർഭത്തിലല്ല, യാതൊരു അടിയന്തര സാഹചര്യവുമില്ലാത്ത ഘട്ടത്തിലാണ് ബഹുമാനപ്പെട്ട ഗവർണ്ണറെകൊണ്ട് ഓർഡിനൻസ് ഇറക്കിയിട്ടുള്ളത്. അതിന് ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ നിർദ്ദേശവും വേണമെന്നിരിക്കെയാണ് ജനാധിപത്യ വിരുദ്ധമായി ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കുകളുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പി. അബ്ദുൽ ഹമീദ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജില്ലാ ബാങ്കുകളെ രക്ഷിക്കാനും സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താനുമെന്ന വ്യാജേന കേരള ബാങ്ക് രൂപീകരിക്കുമ്പോൾ നിരവധിയായ ന്യായവാദങ്ങൾ ഇവിടെ ഉയർത്തുകയുണ്ടായി. പക്ഷേ ആ

ന്യായവാദങ്ങളെല്ലാം ശരിയല്ലായെന്ന് തെളിയിക്കുന്നതാണ് കഴിഞ്ഞ നാളുകളിലെ കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിലൂടെ നമ്മൾ മനസ്സിലാക്കുന്നത്. കണ്ണൂർ ജില്ലാ ബാങ്ക് സഹകരണ സംഘങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നേരത്തെ പതിനഞ്ച് ശതമാനത്തിൽപ്പരം ലാഭവിഹിതം നൽകിയിരുന്നു. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഗവൺമെന്റ് പറഞ്ഞത് പത്തുശതമാനം ലാഭവിഹിതം നൽകുമെന്നാണ്. പക്ഷേ നാളിതുവരെ ആ വാക്ക് പാലിച്ചില്ല. പ്രാഥമിക ബാങ്കുകൾക്ക് പത്തുശതമാനം ലാഭവിഹിതം നൽകുമെന്നുള്ള വാക്ക് പാലിക്കപ്പെടാൻ സർക്കാരിന് സാധിച്ചിട്ടില്ല. അതുപോലെ ജില്ലാ ബാങ്കുകളിലെ അംഗബാങ്കുകളുടെ ഷെയർ തിരിച്ചുനൽകുന്നില്ല. സാധാരണഗതിയിൽ കൃത്യമായി തിരിച്ചുനൽകുന്ന സാഹചര്യമുണ്ടായിരുന്നു. ഇവിടെ കേരള ബാങ്ക് രൂപീകരിച്ചതോടെ അംഗബാങ്കുകൾക്ക് അവരുടെ ഷെയർ കൃത്യമായി നൽകാത്ത സാഹചര്യമുണ്ടായിരിക്കുന്നു. സംഘങ്ങൾക്ക് പലിശ നിരക്ക് കുറയ്ക്കുമെന്ന് പറഞ്ഞു. ഇതുവരെ പലിശനിരക്ക് കുറഞ്ഞ വായ്പകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ഇൻകം ടാക്സ് റിട്ടേൺ ചെയ്യാത്ത സാധാരണക്കാരന് ലോൺ കിട്ടാത്ത അവസ്ഥയാണുള്ളത്. അടിയന്തരഘട്ടങ്ങളിൽ ജില്ലാ ബാങ്കുകളിൽനിന്നും അഞ്ചുലക്ഷവും പത്തുലക്ഷവും ഇരുപത് ലക്ഷവും ലോൺ എടുക്കാൻ സാധിക്കുമായിരുന്നു. പക്ഷേ ഇന്ന് നാഷണലൈസ്ഡ് ബാങ്കുകളിൽ അല്ലെങ്കിൽ ഷെഡ്യൂൾഡ് ബാങ്കുകളിൽ ആവശ്യപ്പെടുന്നതുപോലെ ഇൻകം ടാക്സ് റിട്ടേൺ ഉൾപ്പെടെയുള്ള നിരവധിയായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സാധാരണക്കാരന് ലോൺ നിഷേധിക്കുകയാണ്. പ്രാഥമിക കാർഷിക ബാങ്കുകൾക്കല്ലാതെ മറ്റ് സംഘങ്ങൾക്കൊന്നും വായ്പകൾ ലഭിക്കുന്നില്ല. ഇതെല്ലാം പുതിയ കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം വന്ന സംഭവങ്ങളാണ്. നിയമനങ്ങൾ നടക്കുന്നില്ല, പുതിയ ബാങ്ക് വന്നതോടുകൂടി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല. നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. അവിടെയെല്ലാം താൽക്കാലിക നിയമനങ്ങൾ അനധികൃതമായി നടത്തുകയാണ്. ഇതാണോ പുതിയ കേരള ബാങ്കിന്റെ നയമെന്ന് ഈ സന്ദർഭത്തിൽ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 50 ലക്ഷം രൂപ ലോണെടുക്കുമ്പോൾ 25000 രൂപ സർവ്വീസ് ചാർജ്ജ് വാങ്ങുകയാണ്. നാഷണലൈസ്ഡ് ബാങ്കിൽപ്പോലും ഈടാക്കാത്ത തുകയാണ്. ഒരു കൊള്ളയാണ് ഇതിന്റെ പിന്നിൽ നടക്കുന്നത്. മറ്റ് സഹകരണസംഘങ്ങൾക്ക് അപെക്സ് ബോഡി ഉണ്ടാക്കുമെന്ന് പറഞ്ഞു. പക്ഷേ നാളിതുവരെയായി അത് രൂപീകരിക്കാൻ സാധിച്ചിട്ടില്ല. അതുപോലെ നിയമനങ്ങളിൽ അമ്പത് ശതമാനം സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കായി സംവരണം ചെയ്യുമെന്ന് പറഞ്ഞു. അതുസംബന്ധിച്ചും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബാങ്കിന്റെ ആധുനികവത്ക്കരണം സംബന്ധിച്ച് നിരവധി പ്രഖ്യാപനങ്ങളുണ്ടായി. പക്ഷേ

എൻ.ആർ.ഐ. അക്കൗണ്ട്, എ.ടി.എം. സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ആധുനികവത്ക്കരണത്തിൽ ഒട്ടും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. നിലവിലുണ്ടായിരുന്ന കോഴിക്കോട് ജില്ലാ ബാങ്കിന്റെ എൻ.ആർ.ഐ. അക്കൗണ്ടുപോലും പ്രവർത്തനം നടത്താൻ കഴിയാത്ത അവസ്ഥയിൽ അതിനുള്ള ലൈസൻസ് നിഷേധിച്ചിരിക്കുകയാണ്. എ.ടി.എം.-ന്റെ സാങ്കേതിക പിഴവിനെക്കുറിച്ച് ഇവിടെ പരാതികളുയർന്നിരിക്കുകയാണ്. നിരവധി പേർക്ക് ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെട്ടു. ഇതെല്ലാം പുതിയ കേരള ബാങ്ക് വന്നതിനുശേഷമുണ്ടായിട്ടുള്ള സംഭവങ്ങളാണ്. അതുകൊണ്ട് കേരളത്തിന്റെ സാമൂഹ്യ സമ്പദ്‌വ്യവസ്ഥയിൽ ഗ്രാമീണ മേഖലയുടെ ഉയർത്തെഴുന്നേൽപ്പിന് നാന്ദി കുറിച്ച, അതിശക്തമായ സംഭാവനകൾ നൽകിയ സഹകരണ മേഖലയുടെ സുഗമമായ നടത്തിപ്പിന് വിഘാതമായി നിൽക്കുന്ന രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ടുള്ള മാറ്റങ്ങൾ, ഭേദഗതികൾ ഒഴിവാക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മിൽമയെ സംബന്ധിച്ച് അതിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന നിരവധിയായ നിർദ്ദേശങ്ങളാണ് പുതിയ ഭേദഗതിയിലുള്ളത്. 'കേരളം കണി കണ്ടുണരുന്ന നന്മയാണ് മിൽമ' എന്നാണ് നാം വിശേഷിപ്പിക്കുന്നത്. അതിൽ വെള്ളം ചേർത്ത് നശിപ്പിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ കാർഷിക അനുബന്ധമേഖലകളിൽ ഉദാത്തമായ മാതൃകയാണ് സഹകരണ ക്ഷീര വികസന മേഖല. സഹകരണ മേഖലയിൽ ഉല്പാദന സംഭരണ സംസ്കരണ വിതരണ മേഖലകൾ നിയന്ത്രിക്കപ്പെടുന്ന സവിശേഷമായ സാഹചര്യം ക്ഷീര മേഖലയ്ക്കുമാത്രം അവകാശപ്പെട്ടതാണ്. സംസ്ഥാനത്താകെ പശുവളർത്തുന്ന ഏകദേശം എട്ടുലക്ഷം കുടുംബങ്ങളിൽ ഭൂരിഭാഗവും സഹകരണ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം തേടുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം രജിസ്റ്റർ ചെയ്ത ക്ഷീര സംഘങ്ങൾ പാലുല്പാദനം, സംഭരണം, പ്രാദേശിക വിപണനം, കാലിത്തീറ്റ വിതരണം, വികസനപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ നിസ്തുലമായ സംഭാവനയാണ് നിർവ്വഹിക്കുന്നത്. കാർഷിക മേഖലയിൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യമുള്ളതും സ്ഥിരമായ വിലയും വിപണിയും ഉറപ്പാക്കാൻ കഴിയുന്നതുമായ മേഖലയാണ് ക്ഷീരമേഖല. ദേശീയതലത്തിൽത്തന്നെ ഏറ്റവും ഉയർന്ന പാൽ വില നിശ്ചയിച്ച സംസ്ഥാനം കേരളമാണ്. ഉല്പാദന മേഖലയിൽ അധികോല്പാദനം ആവശ്യമായിവരുന്നതും ക്ഷീര മേഖലയിലാണ്. ഏറെ പരിമിതമായ സാഹചര്യങ്ങളിൽ ഏറ്റവും കുറഞ്ഞ ലാഭത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ ഏറ്റവും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതുമായ സ്ഥാപനമാണ് സഹകരണ ക്ഷീര സംഘങ്ങൾ. കേരളത്തിലെ ക്ഷീര കർഷകരെ പ്രാഥമിക

സഹകരണ സംഘത്തിൽനിന്നും അകറ്റി, വൻകിട ഫാം ഉടമകൾക്കും അതിന്റെ കോർപ്പറേറ്റുകൾക്കും മുതലാളിമാർക്കും മിൽമയിൽ പിടിമുറുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് പതിനാറാം വകുപ്പിന്റെ ഭേദഗതി. നിലവിൽ ഒന്നോ രണ്ടോ പശുക്കളുള്ള യഥാർത്ഥ ക്ഷീരകർഷകന് 500 ലിറ്റർ ആറുമാസത്തിനുള്ളിൽ അളക്കാൻ കഴിയാത്ത സാഹചര്യമാണ് പലപ്പോഴും നിലവിലുള്ളത്. ഇത്തരത്തിൽ 500 ലിറ്റർ പാൽ സംഘത്തിലേയ്ക്ക് നൽകുന്നില്ലെങ്കിൽ, 180 ദിവസം പാൽ അളക്കുന്നില്ലെങ്കിൽ ക്ഷീര സഹകരണസംഘത്തിൽ സജീവ അംഗമായി തുടരാൻ അയോഗ്യത കൽപ്പിക്കപ്പെടുകയാണ്. ഇത് സാധാരണ ക്ഷീരകർഷകരെ സംഘത്തിൽനിന്നും അകറ്റി നിർത്താൻ മാത്രമേ സഹായിക്കൂ. ക്ഷീര സംഘങ്ങൾ രൂപീകരിച്ചത് എന്തിനാണോ അതിന്റെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യം എന്തിനാണെന്നുള്ള കാര്യം മറന്നുകൊണ്ടാണ് ഇപ്പോൾ ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. സഹകരണ തത്വങ്ങൾക്കെതിരായ ഭേദഗതി റദ്ദാക്കണം. നിലവിൽ മിൽമ ഡയറക്ടർ ബോർഡിലേയ്ക്കുവന്നത് ഭൂരിഭാഗവും ഫാം ഉടമസ്ഥരാണ്. അത് ഈ മേഖലയെയും കോർപ്പറേറ്റ്‌വത്ക്കരിക്കുന്നതിനുള്ള ശ്രമമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ക്ഷീരസഹകരണ സംഘത്തിലെ അംഗത്വത്തിന് ഇത്തരത്തിലുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ക്ഷീരകർഷകരെ ദോഷമായി ബാധിക്കും. അവർക്ക് പിടിച്ചുനിൽക്കാൻ സാധിക്കാതെ വരും. മിൽമയ്ക്ക് പാൽ നൽകുന്ന സംഘങ്ങൾക്ക് മാത്രമേ അഫിലിയേഷൻ നൽകൂ എന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ. മിൽമയ്ക്ക് പാൽ നൽകാത്ത സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഒട്ടും ഗുണകരമാകില്ല. ഇത് മിൽമയെ തകർക്കാനുള്ള നീക്കത്തിന്റെ ഭാഗമായി മാത്രമേ കണക്കാക്കാൻ സാധിക്കൂ. ഇതുമൂലം സ്വകാര്യ കമ്പനികൾക്ക് ക്ഷീരകർഷകരെ ചൂഷണം ചെയ്യാൻ സാധിക്കും. കർഷകർക്ക് പാൽ ലഭിക്കാനും വിപണി നിലനിർത്താനുമുള്ള മിൽമയുടെ പങ്ക് കാണാതിരിക്കാൻ സാധിക്കുകയില്ല. 28-ാം വകുപ്പിന്റെ ഭേദഗതി എടുത്തുപറയേണ്ടതാണ്. ഈ ഭേദഗതിയിലൂടെ മിൽമയുടെ മൂന്ന് മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകളിൽ മാത്രം ഭരണ സമിതിയിലേയ്ക്ക് മത്സരിക്കുന്നതിൽ ഒരു ക്ഷീരകർഷകൻ അഥവാ ക്ഷീര സംഘം പ്രസിഡന്റിന്റെ കാലാവധി പരമാവധി മൂന്നുതവണ അല്ലെങ്കിൽ പതിനഞ്ച് വർഷമെന്ന് നിശ്ചയിച്ചിരിക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്, ജനാധിപത്യ വിരുദ്ധമാണ്. ഇത് അംഗീകരിക്കാൻ സാധ്യമല്ല. ഒരു കർഷകന് രണ്ടു ടേമിൽ കൂടുതൽ തുടർച്ചയായി പ്രസിഡന്റ് പദവി വഹിക്കാൻ കഴിയില്ലെന്ന ഭേദഗതിയും ജനാധിപത്യ വിരുദ്ധമാണ്. അതുകൊണ്ടുതന്നെ ഈ ഭേദഗതികൾ ഒഴിവാക്കി സഹകരണ മേഖലയെയും ക്ഷീര മേഖലയെയും സംരക്ഷിക്കാനും നാം ഉയർത്തിപ്പിടിച്ച ജനാധിപത്യമൂല്യങ്ങൾ കാത്തുസൂക്ഷിക്കാനും സർക്കാർ

തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഈ ബിൽ ഭേദഗതി ചെയ്യുന്നതിന് എന്റെ വിയോജിപ്പ് ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു. നന്ദി.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ബാങ്കുകളുടെ ലയനവും കേരള ബാങ്കിന്റെ രൂപീകരണവും സംബന്ധിച്ചാണ് ആദ്യത്തെ ഭാഗത്തിൽ പറയുന്നത്. ഇപ്പോഴത്തെ ന്യൂജനറേഷൻ ബാങ്കുകളുമായി കോംപീറ്റ് ചെയ്യാൻ പര്യാപ്തമായ രീതിയിൽ ഒരു ബാങ്കിനെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള ബാങ്ക് രൂപീകരിച്ചത് എന്നാണ് സഹകരണ ബാങ്കുകളുടെ ലയനത്തെ ന്യായീകരിച്ചുകൊണ്ട് സർക്കാർ പരക്കെ പറയുന്നത്. നമ്മളാരും വിയോജിക്കാത്തൊരു കാര്യം ഞാൻ പറയാം, കേരളത്തിന്റെ സമ്പദ്ഘടനയുടെയും രാഷ്ട്രീയ-സാമൂഹിക പുരോഗതിയുടെയും കഴിഞ്ഞകാല ചരിത്രത്തിൽ നിർണ്ണായക പങ്കുവഹിച്ച മേഖലയാണ് സഹകരണമേഖല. അതിൽ ആർക്കും വിയോജിപ്പുണ്ടാകുകയില്ല. എല്ലാ സർക്കാരുകളുടെ കാലത്തും കാലാകാലങ്ങളിൽ വളർച്ച നേടുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത ഒരു മേഖലയാണ് സഹകരണ മേഖല. താഴെത്തട്ടിലുള്ള സഹകരണ സൊസൈറ്റികൾ അടക്കമുള്ള സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും നിർവ്വഹിച്ചുവന്നിരുന്ന റോൾ എന്താണെന്ന് പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. Mainstream Banking അല്ലെങ്കിൽ ബാങ്കിംഗിൽ മെയിൻസ്ട്രീമിൽ നിൽക്കുന്ന ബാങ്കുകൾക്ക് ചെയ്യാൻ കഴിയാത്ത അല്ലെങ്കിൽ അവർ ചെയ്യാത്ത, അവരുടെ പ്രയോരിറ്റിയല്ലാത്ത മേഖലകളിലെ ഗ്യാപ്പ് ഫിൽ ചെയ്താണ് നമ്മുടെ സഹകരണ സ്ഥാപനങ്ങൾ മുന്നോട്ടുവന്നത്. നിക്ഷേപകന്റെ ഭാഗത്തുനിന്നാണെങ്കിലും കസ്റ്റമറുടെ ഭാഗത്തുനിന്നാണെങ്കിലും അവർ നിർവ്വഹിച്ചുവന്നിരുന്ന റോൾ അതാണ്. ന്യൂജനറേഷൻ ബാങ്കുകളുമായി കോംപീറ്റ് ചെയ്യാൻ ഒരു ബാങ്കുണ്ടാക്കണമെന്ന് നിങ്ങൾ പറയുന്നു. ഈ രാജ്യത്തെ ബാങ്കിംഗ് മേഖലയ്ക്ക് നേതൃത്വം നൽകുന്ന ആർ.ബി.ഐ. അടക്കം ബാങ്കിംഗ് സെക്ടർ ഓപ്പൺ ചെയ്യുകയും നിരവധിയായ പ്രൈവറ്റ് ഫോളോവേഴ്സ് വരികയും ന്യൂ ജനറേഷൻ ബാങ്കുകൾ വരികയും അവിടെ മത്സരമുണ്ടാകുകയും ആ മത്സരത്തിന്റെ ഭാഗമായി സർവ്വീസുകൾ കൂടുതൽ വർദ്ധിപ്പിക്കുകയും ഉദാരവത്കരിക്കുകയും ചെയ്യുന്ന പ്രക്രിയ ഒരു ഭാഗത്ത് നടക്കുന്നുണ്ട്. ഏറ്റവും താഴെത്തട്ടിലെ സാധാരണ ജനങ്ങൾക്ക് നേരിട്ട് സേവനങ്ങൾ നൽകിയിരുന്ന, ന്യൂ ജനറേഷൻ ബാങ്കുകളുടെയോ മെയിൻസ്ട്രീം ബാങ്കുകളുടെയോ പാരാമീറ്റേഴ്സിലും ക്രൈറ്റീരിയയിലും അടാക്ടീവല്ലാത്ത

കസ്റ്റമേഴ്സിനെ cater ചെയ്യുന്ന നമ്മുടെ നാട്ടിലെ ബാങ്കുകളാണ് സഹകരണ മേഖലയിലുള്ള കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നുപറയുന്ന ജില്ലാ സഹകരണ ബാങ്കുകൾ. അതിനെ ലയിപ്പിച്ച് ന്യൂജനറേഷൻ ബാങ്കുകളുമായി മത്സരത്തിന് പോകുമ്പോൾ ഇവിടെ ആര് cater ചെയ്യും, ഇവിടെ ആ ഗ്യാപ്പ് ആര് നികത്തും; അതിനെന്ത് സംവിധാനമാണുള്ളത്? ഞാൻ അതിന്റെ ഫാക്ട്സിലേയ്ക്ക് വരികയാണ്. ലയനം കൊണ്ടുണ്ടായിട്ടുള്ളത് പുതിയ നേട്ടങ്ങളുടെ പട്ടിക എന്നാണല്ലോ പറയുന്നത്. എന്റെ കയ്യിലുള്ള ചുരുക്കം ചില ഫാക്ട്സ് ഞാൻ പറയാം. വിയോജിപ്പുണ്ടെങ്കിൽ, തെറ്റുണ്ടെങ്കിൽ പറഞ്ഞാൽ ഞാൻ തിരുത്താൻ തയ്യാറാണ്. 31-3-2019 വരെ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളിൽ ചിലതും ലാഭത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ 29-11-2019-ൽ 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം ആകെ നഷ്ടം 1,150 കോടി രൂപയായി മാറി. ഇതിന് പ്രധാനകാരണം 600 കോടി രൂപ നഷ്ടത്തിലായിരുന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കും സമാന നഷ്ടംപേറുന്ന മറ്റ് ജില്ലാ ബാങ്കുകളെയും കേരള ബാങ്കിൽ സംയോജിപ്പിച്ചതാണ്. ഈ പോയിന്റിൽ അങ്ങ് വിയോജിപ്പ് പറയുമെന്ന് എനിക്ക് തോന്നുന്നില്ല. കേരളത്തിലെ നിരവധിയായ ജില്ലാ സഹകരണ ബാങ്കുകൾ ലാഭത്തിലും നല്ലനിലയിലും പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. അതിൽ ഭീകരമായ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന അല്ലെങ്കിൽ വലിയ ബാദ്ധ്യത വരുത്തിവച്ചിരുന്ന ബാങ്കുകളെ സംയോജിപ്പിച്ച്, മോശം പ്രവർത്തനം നടത്തിയവരുടെ പ്രവർത്തനത്തെ കോമ്പൻസേറ്റ് ചെയ്യാൻ നന്നായി പ്രവർത്തിച്ചവരെ നിങ്ങൾ ആഡ് ചെയ്ത് മൊത്തത്തിൽ 1,150 കോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് കേരള ബാങ്കിനെ ലാൻഡ് ചെയ്യിച്ചുവെന്നതാണ് ആദ്യത്തെ പ്രക്രിയ. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നൊരു ബാങ്കാണ്. ഇനി അതിനെക്കൂടി ലയിപ്പിച്ചിട്ടുവേണം മൊത്തത്തിൽ അതുകൂടി നഷ്ടത്തിലാകാൻ. 31-3-2020-ലെ കണക്കനുസരിച്ച് കേരള ബാങ്കിന്റെ നഷ്ടം 776 കോടി രൂപയായി കുറഞ്ഞു. സംസ്ഥാന സർക്കാർ 400 കോടി രൂപ മൂലധനമായി നൽകിയതുകൊണ്ടു മാത്രമാണ് ഇതുസംഭവിച്ചത്. സഹകരണ മേഖലയിൽ മാത്രമല്ല. ഞാൻ ഇത് പറയാൻ കാരണം, ലയന പ്രക്രിയ നടത്തിയതുകൊണ്ട് സാധാരണ ജനങ്ങളുടെ ജീവിതത്തെ ഇത് എങ്ങനെ ബാധിക്കുന്നുവെന്ന് നിങ്ങൾ ചിന്തിക്കണം. 1,150 കോടി രൂപയുടെ കടം കുറയ്ക്കാൻവേണ്ടി ഖജനാവിൽനിന്നും 400 കോടി രൂപ നിങ്ങൾക്ക് ഇൻഫ്യൂസ് ചെയ്യേണ്ടിവന്നില്ലേ; അത് എന്തുകൊണ്ടാണ്? കേരള

ബാങ്കിന് ലൈസൻസും അനുമതിയും കിട്ടുന്നതിനുവേണ്ടി, അതിന്റെ ഫിനാൻഷ്യൽ ഹെൽത്ത് വർദ്ധിപ്പിക്കുന്നതിനായി ഖജനാവിൽനിന്നും 400 കോടി രൂപ പോയി. ആ പണം ആർക്ക് കിട്ടേണ്ടതാണ്; എവിടെ ചെലവഴിക്കേണ്ടതായിരുന്നു; കോവിഡ് പ്രതിസന്ധിവന്ന് സാമ്പത്തികമാന്ദ്യം പേറുന്ന സമയത്ത്, ഇത് ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂഷന്റെ unhealthy stage മാറ്റാനുള്ള സമയമായിരുന്നോ; The timing was so bad. സംസ്ഥാന സർക്കാർ ഫിനാൻഷ്യലി സ്റ്റെഡിയായി നിൽക്കുമ്പോഴും ധാരാളം കാശ് കയ്യിലുള്ളപ്പോഴും നിങ്ങൾ ഇതുപോലൊരു proactive step-ന് പോയിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു. നമ്മൾ ഒരു സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുമ്പോൾ, ഓരോ സ്റ്റെപ്പെടുക്കുമ്പോഴും വളരെ ശ്രദ്ധിച്ചാണ് ചെയ്യേണ്ടത്. എന്നാൽ ഏറ്റവും പ്രതിസന്ധിയിൽ നിൽക്കുന്ന സമയത്ത് പ്രതിസന്ധിയുടെ ആഴം വീണ്ടും കൂട്ടുന്ന നടപടികൾ വീണ്ടും എടുത്തുവെന്നതാണ് എന്റെ ആക്ഷേപം. 31-3-2020-ലെ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 6,126 കോടി രൂപയാണ്. 2021 മാർച്ച് മാസം ആകുമ്പോഴേയ്ക്കും 5738 കോടി രൂപയായി കുറഞ്ഞുവെന്ന് കാണാം. മുൻ ഡി.സി.ബി.-കളിലെ N.P.A. (Non Performing Assets) ആയി തുടരുന്ന ഭൂരിഭാഗം വായ്പകളും വായ്പക്കാരന്റെ തിരിച്ചടവ് ശേഷി മാനിക്കാതെ ബാക്കി നിൽപ്പ് തുക മുഴുവനായി പുതുക്കി നൽകിയതുമൂലവും വായ്പക്കാരന്റെ അനുമതിയില്ലാതെ വായ്പകൾ റീ-ഷെഡ്യൂൾ ചെയ്തതുമൂലവുമാണ് ഇത്തരം കുറവുകൾ വന്നിട്ടുള്ളത്. ഇതൊക്കെ കണക്കിലെ കളികളാണ്. പലപ്പോഴും കണക്കുപറയുന്നത് ഇങ്ങനെയാണ്. കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം എൻ.പി.എ. ഇത്രയായി കുറഞ്ഞു; എങ്ങനെയാണ് കുറഞ്ഞത് എന്നാണ് ഞാൻ അങ്ങോട്ട് പറഞ്ഞത്. അതായത് റീഷെഡ്യൂളിംഗിലൂടെ താൽക്കാലികമായി കടലാസിൽ വരുത്തിയ മാറ്റമാണ്. ഇത്തരത്തിൽ പുതുക്കി നൽകിയ വായ്പകൾ ഏതാണ്ട് മുഴുവനും ഇതിനകംതന്നെ എൻ.പി.എ. ആയി മാറിക്കഴിഞ്ഞു. 2021-2022 സാമ്പത്തികവർഷം അവസാനിക്കുമ്പോഴേയ്ക്കും ബാങ്കിനെ ഇത് വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുമെന്ന് നിശ്ചയമാണ്. ഉദാഹരണത്തിന് 30-9-2021-ൽ ലഭ്യമായ കണക്ക് പരിശോധിച്ചാൽ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി മുൻ വർഷത്തിന്റെ ഇരട്ടിയായി, ഏകദേശം 11,700 കോടി രൂപയായി എന്നുള്ളത് ഒട്ടും ആശാസ്യകരമായ ഒന്നല്ല. തിരിച്ചടവ് നോക്കാതെ എൻ.പി.എ. വായ്പകൾ പുതുക്കിനൽകുന്നതും പുനർക്രമീകരിക്കുന്നതുമായ കാര്യങ്ങൾ ബാങ്ക് അവസാനിപ്പിച്ചില്ലെങ്കിൽ ദുരന്തമായിരിക്കും ഫലം. കേരള ബാങ്ക് ന്യൂജനറേഷൻ ബാങ്കുമായി കോംപീറ്റ് ചെയ്യാൻവേണ്ടി വളരെ പ്രൊഫഷണൽ സമീപനം

സ്വീകരിച്ച് പ്രൊഫഷണൽ ബാങ്കിംഗിലേയ്ക്ക് പോകുന്നുവെന്ന നിങ്ങളുടെ അവകാശവാദത്തിനുള്ള മറുപടിയാണ് ഞാനിപ്പോൾ പറഞ്ഞത്. എൻ.പി.എ.-കളെ റീ-ഷെഡ്യൂൾ ചെയ്ത് കടലാസിൽ മാറ്റിയതുകൊണ്ട് കാര്യമില്ല. ഇന്നല്ലെങ്കിൽ നാളെ, you will have to come out with the real figures, then the whole bank will be in trouble, ഒന്നാന്തരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബാങ്കുകളെ മുക്കിക്കൊല്ലാൻ വേണ്ടി മാത്രമായി ഈ ലയനം മാറും. ഇത്തരം പ്രതിസന്ധി നേരിടുന്ന കേരള ബാങ്കിലേയ്ക്ക് സാമാന്യം നല്ലരീതിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ചേർക്കാൻ നടക്കുന്ന ശ്രമങ്ങളിൽനിന്നും സർക്കാർ പിൻവാങ്ങണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഒരു പരീക്ഷണമെന്ന നിലയ്ക്ക് മലപ്പുറം ബാങ്കിന്റെ കാര്യം അവിടെ നിൽക്കട്ടെ; ബാക്കി പതിമൂന്ന് ബാങ്കുകളുമായി നിങ്ങൾ മുന്നോട്ടുപോകൂ; ഒരു മത്സരമെന്നുള്ള നിലയ്ക്ക് അവരും മുന്നോട്ടുപോകട്ടെ; Let us see which will work, നിങ്ങൾ ധൃതി കൂട്ടേണ്ട കാര്യമില്ലല്ലോ; We can look for five years. കേരള ബാങ്ക് നന്നായി വർക്ക് ചെയ്യുന്നുണ്ടെങ്കിൽ മലപ്പുറം ബാങ്കിനെക്കൂടി പിന്നീട് ചേർക്കാം. നിങ്ങളുടെ അപ്രോച്ച് പോസിറ്റീവാണെങ്കിൽ, നന്മയെ കരുതിയാണെങ്കിൽ അങ്ങനെ ചെയ്യാമല്ലോ; 30-3-2020-ൽ കേരള ബാങ്കിന്റെ മൂലധന പര്യാപ്തത അതായത് സി.ആർ.എ.ആർ. എന്നത് ഒൻപത് ശതമാനത്തിൽ കുറയാൻ പാടില്ലായെന്ന് ആർ.ബി.ഐ. നിഷ്കർഷിച്ചിരുന്നു. One of the criteria അതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അച്ചീവ് ചെയ്യേണ്ട ടാർജറ്റിൽ ഒന്ന് അതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ 2020 മാർച്ച് മാസം കേവലം 6.25 ശതമാനം മൂലധനപര്യാപ്തത മാത്രമാണ് ബാങ്കിന് നേടാൻ സാധിച്ചത്. സംസ്ഥാന സർക്കാർ നൽകിയ 400 കോടി രൂപയും ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് PACS (Primary Agricultural Credit Society)-ൽ നിന്നും Perpetual Debt Instruments-ൽനിന്നും നിർബന്ധിത നിക്ഷേപം നടത്തിയ പണവും ഉപയോഗിച്ചാണ് 6.25 എന്ന സ്ഥിതിയിലെങ്കിലും ബാങ്ക് എത്തിച്ചേർന്നത്. 31-3-2021-ലെ സ്ഥിതി എന്തെന്നറിയാൻ നബാർഡിന്റെ അന്തിമ പരിശോധന റിപ്പോർട്ട് വരുന്നതുവരെ കാത്തിരിക്കേണ്ടതായിട്ടുണ്ട്. ഞാൻ വീണ്ടും ആവർത്തിക്കുന്നത്, കേരള ബാങ്കിന്റെ ഫിനാൻഷ്യൽ ഹെൽത്തിന്റെ സ്ഥിതിയെന്താണെന്ന് അറിയാൻ വേണ്ടിയാണ്. കേരള ബാങ്ക് രൂപീകരിച്ചതിനു ശേഷം തുടർച്ചയായി മൂന്ന് വർഷമെങ്കിലും PACS-കൾക്ക് ഉയർന്ന ഡിവിഡന്റ് വാഗ്ദാനം ചെയ്തത് ഇതുവരെ നടപ്പിലായിട്ടില്ല. ഡിവിഡന്റ് ലഭിക്കാത്തതിനാലും ഷെയർ ക്യാപിറ്റലായി നിക്ഷേപിച്ച തുക പിൻവലിക്കാൻ സാധിക്കാത്തതിനാലും ബഹുഭൂരിപക്ഷം വരുന്ന PACS-കളും കടുത്ത സാമ്പത്തിക ഞെരുക്കത്താൽ

പ്രവർത്തനബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ധൂർത്തിനും ധാരാളിത്തത്തിനും ഒരു കുറവുമില്ല. റിസർവ് ബാങ്കിന്റെ ലൈസൻസ് ലഭിക്കുന്നതിനുമുമ്പുതന്നെ ലയന സമ്മേളനങ്ങൾ, നെയിംബോർഡ് മാറ്റൽ, അനുമതിയില്ലാതെ ഓഫീസ് തുറക്കൽ ഇത്യാദി പ്രവർത്തനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപയാണ് ബാങ്ക് ചെലവഴിച്ചത്. ടെണ്ടർ നൽകാതെയാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നതുകൂടി ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുകയാണ്. ഇത്തരം പ്രവൃത്തികൾ ബാങ്കിനെ കൂടുതൽ ശോഷിപ്പിക്കാൻ മാത്രമേ സഹായിക്കുകയുള്ളൂ. ലക്ഷങ്ങൾ ചെലവഴിച്ച് മുഴുവൻ ശാഖകളിലും ഓഫീസുകളിലും മറ്റും ബ്രാൻഡ് നെയിം മാത്രം വച്ച് സ്ഥാപിച്ച ബോർഡുകൾ, റിസർവ് ബാങ്കിന്റെ നിർദ്ദേശത്തെത്തുടർന്ന് മാറ്റി കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നാക്കി സ്ഥാപിച്ചതിന് ലക്ഷങ്ങൾ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരം ധൂർത്തുകൾ അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനുള്ള നീക്കമുണ്ടാകുമോ? അതുപോലെ സേവനങ്ങളെക്കുറിച്ച് നോക്കുകയാണെങ്കിൽ, കേരള ബാങ്ക് രൂപീകരണത്തിന് മുമ്പുതന്നെ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും സ്വന്തം നിലയിൽ സി.ബി.എ. സൗകര്യവും മെച്ചപ്പെട്ട മറ്റ് സേവനങ്ങളും നൽകിപ്പോന്നിട്ടുണ്ട്. ന്യൂജൻ ബാങ്കുകൾ നൽകുന്ന സേവനങ്ങൾ നൽകുകയെന്ന വാഗ്ദാനത്തോടും എസ്.ബി.ടി., എസ്.ബി.ഐ.-യിൽ ലയിച്ചപ്പോഴുണ്ടായ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടുംകൂടിയാണ് കേരള ബാങ്ക് രൂപീകരിക്കപ്പെട്ടിട്ടുള്ളത് എന്നാണ് പറയുന്നത്. ഇത് പൊള്ളയാണെന്ന് നിലവിലെ സംഭവ വികാസങ്ങളും ഇതിനോടകം പറഞ്ഞ കാര്യങ്ങളിൽനിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടാകും. കെ.എസ്.സി.ബി. (കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്) മുൻ ഡി.സി.ബി. (ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്)-യിൽ ലയിച്ച് കേരള ബാങ്കായെന്ന് അവകാശപ്പെടുമ്പോഴും ഇരുബാങ്കുകളും വ്യത്യസ്തമായാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. സംയോജനം നടന്നുവെന്ന ധാരണ പരത്താൻവേണ്ടി ഉദ്യോഗസ്ഥരെ അങ്ങോട്ടുമിങ്ങോട്ടും സ്ഥലംമാറ്റം നടത്തി. ചില രാഷ്ട്രീയ താൽപ്പര്യങ്ങൾ ഉപയോഗപ്പെടുത്തി ആളുകളെ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയതുകൊണ്ടുമാത്രം ലയനം എന്ന പ്രക്രിയയാവില്ല. യഥാർത്ഥത്തിൽ അത് ലയിച്ച് പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ, അതിന്റെ അമാൽഗമേഷൻ സ്റ്റെപ് ബൈ സ്റ്റെപ് ആയിട്ടാണ് നടക്കേണ്ടത്. അതല്ലാതെ ഇതുപോലുള്ള ഫോഴ്സ്ഡ് അമാൽഗമേഷൻസൊന്നും ഗുണകരമാകുമെന്ന പ്രതീക്ഷ എനിക്കില്ല. ഒട്ടും സയന്റിഫിക് അപ്രോച്ചല്ല എന്നാണ് അതിനെക്കുറിച്ച് പറയേണ്ടത്. ജീവനക്കാരുടെ ശമ്പളം ഏകീകൃതമായി നൽകാൻ സാധിക്കാതെ അതാത്

ബാങ്കുകൾതന്നെയാണ് ഇപ്പോഴും നൽകിവരുന്നത്. സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്വന്തം അക്കൗണ്ടിലെ ബാലൻസ് പോലുമറിയാൻ നിർവ്വാഹമില്ല. ഇടപാടുകാർക്ക് മുൻ കെ.എസ്.സി.ബി.-യിലെ ഏതെങ്കിലും ശാഖയിൽച്ചെന്ന് ഡി.സി.ബി.-കളിലെ ശാഖകളിലേയ്ക്കോ തിരിച്ചോ പണം നിക്ഷേപിക്കാനോ പിൻവലിക്കാനോ സാധ്യമല്ല. ഇത്തരത്തിലുള്ള അടിസ്ഥാനപരമായ കാര്യങ്ങൾപോലും നിർവ്വഹിക്കാതെ 'കേരളമാകെ കേരള ബാങ്കിലേയ്ക്ക്' എന്ന പരസ്യവാചകം മാത്രം പറഞ്ഞതുകൊണ്ട് ഒന്നും നടക്കില്ല. കേരള ബാങ്ക് രൂപീകരിക്കപ്പെട്ടതുകൊണ്ട് ഇടപാടുകാർക്കെന്നല്ല, ബാങ്കിലെ ജീവനക്കാർക്കും ഗുണമില്ല. രൂപീകരണത്തിനുശേഷം ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ തടഞ്ഞുവച്ചിരിക്കുകയാണ്. കേഡർ സംയോജനത്തിന്റെയും സീനിയോറിറ്റിയുടെയും തർക്കങ്ങൾ ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. കേരള ബാങ്ക് രൂപീകരിച്ച് രണ്ടുവർഷം തികയുമ്പോഴും സർക്കാരും ബാങ്കും ഇത്തരം കാര്യങ്ങളൊന്നും പരിഹരിക്കാതെ ഇരുട്ടിൽ തപ്പുകയാണ്. ഈ നടപടിമൂലം 29-11-2019-നുശേഷം റിട്ടയർ ചെയ്തതും ചെയ്യുന്നതുമായ ജീവനക്കാർക്ക് ശമ്പളയിനത്തിലും പെൻഷൻ ഇനത്തിലും ഭീമമായ നഷ്ടം സഹിക്കേണ്ടി വരുന്നുണ്ട്. തന്മൂലം ബാങ്കിൽ ജീവനക്കാർ അസ്വസ്ഥരാണ്. ഇത് പരിഹരിക്കപ്പെടേണ്ടതാണ്. കേരള ബാങ്ക് നിലവിൽവന്ന് രണ്ടുമാസത്തിനകം പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് ബാങ്കിന് ലഭ്യമാകുമെന്നാണ് പറഞ്ഞിരുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, യഥാർത്ഥത്തിൽ നിലവിൽ കേരള ബാങ്കിലെ ജീവനക്കാർക്ക് കൊടുക്കുന്നതിനേക്കാൾ ശമ്പളം കൊടുക്കണമെന്നാണോ അങ്ങയുടെ വ്യക്തിപരമായ അഭിപ്രായം? ഇപ്പോൾത്തന്നെ നമ്മുടെ രാജ്യത്തുള്ള ദേശസാൽകൃത ബാങ്കുകളിലെ ജീവനക്കാർക്ക് കിട്ടുന്നതിലുമധികം ശമ്പളമാണ് കേരള ബാങ്കിലെ ജീവനക്കാർക്ക് ലഭിക്കുന്നത്. ഞാൻ ഒരു കണക്ക് അങ്ങയോട് പറഞ്ഞല്ലോ. എല്ലാവർക്കും അധിക ശമ്പളം കൊടുക്കുകയാണ്. വളരെ വലിയ ശമ്പളമാണ് അവർക്ക് കൊടുക്കുന്നത്. അങ്ങ് അവരുടെതന്നെ ഫിനാൻഷ്യൽ പൊസിഷൻ അഥവാ ബാലൻസ് ഷീറ്റിലെ കാര്യമാണ് പറഞ്ഞത്. അങ്ങ് പറയുന്നത് അക്യുമുലേറ്റഡ് ലോസിന്റെ കാര്യമാണ്. 29-11-2019-ൽ 1151 കോടി രൂപയായിരുന്നത് 31-3-2020 ആയപ്പോൾ 776.26 കോടി രൂപയും 31-3-2021 ആയപ്പോൾ 714.27 കോടി രൂപയുമായി. 61.99 കോടി രൂപ കുറഞ്ഞു. CRAR (Capital to Risk Weighted Assets Ratio) 2019-ൽ 6.26-ഉം 2020-ൽ 7.30-ഉം

2021-ൽ 10.18-ഉം ആണ്. ആ നിലയിൽ കേരള ബാങ്ക് രൂപീകരിക്കപ്പെട്ടതിനു ശേഷം അത് മുന്നോട്ടുതന്നെയാണ് വന്നിട്ടുള്ളത്. പ്രവർത്തന ലാഭമെന്ന് ഞാൻ പറഞ്ഞത് തൻവർഷ പ്രവർത്തന ലാഭമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ക്ലാരിഫൈ ചെയ്യാം. ശമ്പളം വർദ്ധിപ്പിക്കുക എന്നതിൽ ഏകീകൃതമായ ശമ്പള രീതി നടപ്പിലാക്കിയിട്ടുണ്ടോ എന്നുള്ളതാണ് ഞങ്ങൾ പരാമർശിച്ചത്. അങ്ങ് പറഞ്ഞ ഒരു കാര്യം ഞാൻ സ്പെസിഫിക്കായി പറയട്ടെ, കേരള ബാങ്ക് നിലവിൽ വന്ന് രണ്ട് മാസത്തിനകം പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് ബാങ്കിന് ലഭ്യമാകുമെന്ന് അങ്ങ് പറഞ്ഞല്ലോ. ഇത് അങ്ങ് നിഷേധിക്കുമോ? എന്നാൽ രണ്ട് വർഷമായിട്ടും ഇത് ലഭ്യമായിട്ടില്ല എന്നുള്ള കാര്യം അംഗീകരിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇവിടത്തെ പാർലമെന്റംഗങ്ങളും നിരന്തരം റിസർവ് ബാങ്കിനെ സമീപിച്ച് ഈ ലൈസൻസ് കൊടുക്കരുത് എന്നാവശ്യപ്പെട്ടതിന്റെ പരിശോധനയുടെ ഭാഗമായിട്ടാണ് ഇത് വൈകിക്കൊണ്ടിരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ഇതിനുമുമ്പ് പ്രവാസി നിക്ഷേപം സ്വീകരിക്കുന്ന ലൈസൻസ് മറ്റ് ജില്ലാ ബാങ്കുകൾക്ക് സാധ്യമായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആർ.ബി.ഐ.-യുടെ കീഴിലാണ് ഇതിന്റെ കാര്യങ്ങളെല്ലാം വരുന്നത്. അങ്ങനെ വരുമ്പോൾ നമ്മുടെ വലിയൊരു സോഴ്സ് ഓഫ് ഇൻവെസ്റ്റ്മെന്റ്/ സോഴ്സ് ഓഫ് ഫണ്ട് ജനറേഷൻ കട്ടായി പോകുകയാണ്. ഈ ബാങ്ക് രൂപീകരിച്ചതുകൊണ്ട് അങ്ങനെയൊരു പ്രശ്നം നമുക്ക് വന്നില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇനി ഞാൻ രണ്ടാമത്തെ കാര്യത്തിലേയ്ക്ക് വരാം. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ, ഈ ലൈസൻസ് കിട്ടാതെ വരുമ്പോൾ ആ നിലയ്ക്ക് ജില്ലാ സഹകരണ ബാങ്കുകൾ ഇതുവരെ സ്വീകരിച്ചിട്ടുള്ള പ്രവാസി നിക്ഷേപങ്ങൾ തിരിച്ച് നൽകേണ്ട സ്ഥിതിയുണ്ടാകില്ലേ? ലൈസൻസില്ലാതെ അത് ഹോൾഡ് ചെയ്ത് വയ്ക്കാൻ പറ്റുമോ? ഒരു പരിശോധന വന്നാൽ, എന്തെല്ലാം കുറ്റങ്ങളാണ് കണ്ടുപിടിക്കേണ്ടത് എന്നറിയാനായി ശ്രീ. അമിത് ഷായെപ്പോലുള്ള ആളുകൾ നോക്കിയിരിക്കുകയാണ്. ആ സമയത്ത് ഇത് വീണ്ടും കുനിന്മേൽ കുരുവായി മാറും. മര്യാദയ്ക്ക് മുന്നോട്ടുപൊയ്ക്കൊണ്ടിരുന്ന ജില്ലാ ബാങ്കുകളെ വലിയ പ്രതിസന്ധിയിലേയ്ക്ക് കൊണ്ടെത്തിക്കുന്ന സ്ഥിതിയാകും എന്ന ഭയമാണ് ഞാൻ പങ്കുവയ്ക്കുന്നത്. ഒരു കാര്യംകൂടി ഞാൻ പറയട്ടെ. ദയവായി ഇവിടെ ഇത്

രാഷ്ട്രീയമായി കാണരുത്. ഇവിടെ ജില്ലാ ബാങ്കുകൾ നഷ്ടത്തിലേയ്ക്ക് പോയത് എങ്ങനെയാണെന്ന് പരിശോധിക്കണം. ഈ സംസ്ഥാനത്ത് കൊടുത്തിരിക്കുന്ന ഏറ്റവും വലിയ വായ്പ ഏതെന്നറിയുമോ? ഞാൻ മനസ്സിലാക്കിയത് തെറ്റാണെങ്കിൽ അങ്ങേയ്ക്ക് തിരുത്താം. എന്റെ ഓർമ്മ ശരിയാണെങ്കിൽ, കമ്മ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയ ഇവിടത്തെ ഒരു സഹകരണ സംഘമായ റബ്കോയ്ക്കാണ് ഈ സംസ്ഥാനം ഏറ്റവും വലിയ വായ്പ കൊടുത്തത്. സംസ്ഥാന സഹകരണ ബാങ്ക് കൊടുത്തിരിക്കുന്ന ഏറ്റവും വലിയ വായ്പയാണിത്. ഒരു രൂപപോലും തിരിച്ചടച്ചിട്ടില്ല. നിങ്ങളവിടെ കെട്ടിടം കെട്ടി, എസ്.എഫ്.ഐ.-യ്ക്കും ഡി.വൈ.എഫ്.ഐ.-യ്ക്കും ചിന്തയ്ക്കും മറ്റുമെല്ലാം വാടകയ്ക്ക് നൽകി. ഇത് നടന്ന കാര്യമാണ്. ഈ രാജ്യത്തെ ജനങ്ങളുടെ പണമാണെടുത്തത്. അതിന്റെ പേരിൽ കർഷകന് ബുദ്ധിമുട്ടുണ്ടായി. സംസ്ഥാന സഹകരണ ബാങ്കിന്റെ കടബാധ്യത വർദ്ധിച്ചുപോയതുകൊണ്ട് നാല് ശതമാനം പലിശയ്ക്ക് കിട്ടുമായിരുന്ന കാർഷിക വായ്പയ്ക്ക് ഇവിടത്തെ ബാങ്കുകൾ അർഹരല്ലാതായി മാറിയില്ലേ. നിങ്ങൾ പാർട്ടിയുണ്ടാക്കാൻ പോയതാണ്. ആ പൈസ എവിടെനിന്നാണ് തിരിച്ചടച്ചത്. ഈ രാജ്യത്തെ ആളുകൾക്ക് കൊടുക്കേണ്ടിയിരുന്ന പണം നിങ്ങൾ കൊണ്ടുപോയി ധൂർത്തടിച്ച് സഹകരണ സ്ഥാപനമുണ്ടാക്കി നിങ്ങളുടെ പ്രസ്ഥാനം നടത്തി അവരെ പരിപോഷിപ്പിച്ചതിന് 356 കോടി രൂപ ഖജനാവിൽനിന്നെടുത്ത് കൊടുത്തില്ലേ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പ്രിയപ്പെട്ട ഡോ. മാത്യു കുഴൽനാടൻ, നമ്മുടെ സംസ്ഥാനത്ത് വളരെ നല്ലനിലയിൽ പ്രവർത്തനം നടത്തണമെന്നും റബ്ബർ കർഷകരെ സഹായിക്കണമെന്നുമൊക്കെയുള്ള നിലയിൽ ആരംഭിച്ചതാണ് റബ്കോ എന്ന സ്ഥാപനം. അതിന് വായ്പ <u>കൊടുത്തു</u> എന്നുപറയുന്നത് വാസ്തവമാണ്. ആ വായ്പയ്ക്കെല്ലാംതന്നെ അവശ്യം വേണ്ട പിന്തുണ കൊടുത്തിട്ടുണ്ട്. ഇന്ന് റബ്കോയുടെ മൂല്യമാകെ പരിശോധിച്ചാൽ കേരള ബാങ്ക് കൊടുത്ത വായ്പയുടെ നാലിരട്ടിയുണ്ട്. അത് മറന്നുകൊണ്ട് സംസാരിക്കരുത്. ആ സ്ഥാപനത്തിന് നഷ്ടം വന്നിട്ടുണ്ടെന്നത് വാസ്തവമാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങ് മുൻ മന്ത്രിയായതുകൊണ്ട് ഒരു കാര്യം സ്പെസിഫിക്കായി ചോദിക്കട്ടെ, റബ്കോ 356 കോടി രൂപ വായ്പയെടുത്തിട്ട് എത്ര രൂപ തിരിച്ചടച്ചു എന്ന് പറയാമോ? മൂല്യത്തിന്റെയും ആസ്തിയുടെയും കാര്യം പറഞ്ഞല്ലോ. അങ്ങ് മുൻ സഹകരണ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. ഈ സംസ്ഥാനത്തെ ഏറ്റവും വലിയ വായ്പയിൽ എത്ര രൂപ തിരിച്ചടച്ചു എന്ന് പറയാൻ കഴിയുമോ? തിരിച്ചടച്ചില്ല. അത് ഈ ഖജനാവിൽനിന്ന് അടയ്ക്കേണ്ടിവന്നു. അവിടെയാണ് ഈ ദുര്യോഗം. നിങ്ങൾ ഈ ബാങ്കിനെ ഉപയോഗിച്ച് പാർട്ടി വളർത്താൻ പോയി, പാർട്ടിക്കാർക്ക് ജോലി <u>കൊടുത്തു</u>. കുഴപ്പമില്ല.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇങ്ങനെയൊന്നും സംസാരിക്കാൻ പാടില്ല. ........... (മൈക്ക് ഓഫ്)..........

<u>മി. ചെയർമാൻ</u>: അദ്ദേഹം വഴങ്ങിയില്ല. അങ്ങ് ഇരിക്കണം.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, റബ്കോ സി.പി.ഐ.(എം.)-ന്റേതല്ലേ? കേരള ബാങ്ക് രൂപീകരണത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ഞങ്ങൾ ചോദ്യം ചെയ്യുമ്പോൾ അതിന് ഉദാഹരണമായി ഒരു കേസ് ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ഇതുപോലെ വേറെ എത്ര കേസ് പറയണം? ഒരു കേസ് മാത്രമെ ഞാൻ പറഞ്ഞുള്ളൂ. ഒടുവിൽ ഇതിന്റെയെല്ലാം ബാദ്ധ്യത ഖജനാവിൽ വന്നുചേരുന്ന സ്ഥിതിയാണ്.

<u>മി. ചെയർമാൻ</u>: സമയമായി.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, രണ്ടു മിനിട്ട്. പ്രധാനപ്പെട്ട കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. മിൽമയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാത്തതുകൊണ്ടാണ്. രേഖയിൽ വരണം എന്നാഗ്രഹിക്കുന്നതുകൊണ്ട്, ഇവിടെ സഹകരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് വരാൻവേണ്ടി ഞാൻ പറയുകയാണ്. ഞാൻ ഒരേയൊരു കാര്യം മാത്രമേ പറയുന്നുള്ളൂ. നിങ്ങൾ മിൽമയിൽ ഇപ്പോൾ നടത്തുന്നത് ഡിഫറൻഷ്യൽ ട്രീറ്റ്മെന്റാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ........... (മൈക്ക് ഓഫ്) .............

<u>മി. ചെയർമാൻ</u>: പ്ലീസ്..... പ്ലീസ്..... ഇരിക്കൂ. അദ്ദേഹം വഴങ്ങിയില്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, മിൽമയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ ഇപ്പോൾ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത് ഡിഫറൻഷ്യൽ ട്രീറ്റ്മെന്റാണ്. സഹകരണ മേഖലയിൽ നിങ്ങൾക്ക് നിയമമുണ്ടാക്കാം. എല്ലാ സഹകരണ സ്ഥാപനങ്ങളെയും ഒന്നുപോലെ നിയന്ത്രിക്കുന്ന നിയമമുണ്ടാക്കാനാണ് നിങ്ങൾക്ക് അവകാശമുള്ളത്. അതല്ലാതെ ഒരു സഹകരണ മേഖലയ്ക്ക് ഒരു നിയമം, മറ്റൊരു സഹകരണ മേഖലയ്ക്ക് മറ്റൊരു നിയമം, താൽപ്പര്യമുള്ളവർക്ക് വേറെ നിയമം എന്നപോലെയൊന്നും ഉണ്ടാക്കാൻ കഴിയില്ല. അത് നേരത്തെ പറ്റുമായിരുന്നു. ഇപ്പോൾ അതിന് കഴിയില്ല. കാരണം, 97-ാം ഭരണഘടനാ ഭേദഗതി വന്നതിനുശേഷം കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രൂപീകരിക്കുക എന്നുള്ളത് മൗലികാവകാശമാണ്. അതിൽനിന്ന് നിങ്ങൾ ഡിഫറൻഷ്യൽ ട്രീറ്റ്മെന്റിന് പോകുമ്പോൾ, ഒന്നുകിൽ ഈ സംസ്ഥാനത്തെ എല്ലാ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും രണ്ട് ടേമിൽ കൂടുതൽ ആർക്കും ഭരണത്തിലിരിക്കാൻ പറ്റില്ല എന്ന് വരണം. ഏതെങ്കിലും ഒരു കസേരയെ വേട്ടയാടാൻവേണ്ടി, ഏതെങ്കിലുമൊരു കസേര പിടിച്ചെടുക്കാൻവേണ്ടി ഒരു നിയമനിർമ്മാണം നടത്തുന്നത്

ജനാധിപത്യത്തിൽ അങ്ങേയറ്റം പരിഹാസ്യമാണ്. ജനാധിപത്യത്തിൽ പോരാടിയാണ് വിജയിക്കേണ്ടത്. അല്ലാതെ ഏതെങ്കിലുമൊരു കസേര നേടാൻവേണ്ടി നിയമനിർമ്മാണം നടത്തി അവരെ അയോഗ്യരാക്കി അവിടെ കയറിയിരിക്കാനുള്ള ശ്രമത്തിന് കൂട്ടുനിന്നാൽ, അങ്ങയുടെ ഈ നിയമം കോടതിക്ക് മുമ്പിൽ നിലനിൽക്കുമെന്ന് വിചാരിക്കുന്നില്ല എന്ന് ഈ നിയമസഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം, മൗലികാവകാശങ്ങൾക്കെതിരായി നിയമം നിർമ്മിക്കാനുള്ള അവകാശം ഈ സഭയ്ക്കില്ല. മിൽമയ്ക്കുവേണ്ടി മാത്രമായി അങ്ങ് ഒരു നിയമം കൊണ്ടുവന്നാൽ അത് നിലനിൽക്കാനുള്ള സാധ്യത കുറവാണ് എന്ന് ഒരു ഓർമ്മപ്പെടുത്തൽകൂടി നടത്തിക്കൊണ്ട് അൽപസമയം കൂടുതലെടുത്തതിൽ ക്ഷമാപണം നടത്തിക്കൊണ്ട് ഞാൻ നിർത്തുന്നു, നന്ദി.

1.00 PM]

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ സഹകരണ രംഗത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയ പാർട്ടികളേയും രാഷ്ട്രീയ പാർട്ടി സംവിധാനങ്ങളേയുമൊക്കെ വിമർശിക്കുന്നതുകേട്ടു. കേരളത്തിൽ വീക്ഷണം ദിനപ്പത്രം വീണ്ടും തുടങ്ങുന്നതിനു വേണ്ടി അന്നത്തെ സഹകരണ വകുപ്പുമന്ത്രിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് സഹകരണ രംഗത്തുനിന്ന് സമാഹരിച്ച സംഖ്യയും തൃശ്ശൂരിൽ അത് ആരംഭിച്ചതുമായി ബന്ധപ്പെട്ട ചരിത്രം വിസ്താരഭയംകൊണ്ട് ഇവിടെ വിശദീകരിക്കുന്നില്ല. സഹകരണ ബാങ്കുകളെ കറവപശുവാക്കുകയെന്ന ലക്ഷ്യം വിജയിപ്പിക്കുക എന്നതിനുവേണ്ടിയാണ് മലപ്പുറത്തെ മാത്രം മാറ്റിനിർത്തിക്കൊണ്ട് എന്തുകൊണ്ട് ഈ നിയമം നിർമ്മിച്ചുകൂടായെന്ന് ചോദിക്കുന്നത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കണമെന്ന് ആ ബാങ്കിലെ ജീവനക്കാർ പൂർണ്ണമായും ആവശ്യപ്പെടുകയാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കുന്നതോടുകൂടി മാത്രമേ തങ്ങൾക്ക് നബാർഡ് ഉൾപ്പെടെയുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ കുറഞ്ഞ പലിശയിനത്തിലുള്ള വായ്പകൾ ലഭിക്കുകയുള്ളൂവെന്ന് അവിടത്തെ എല്ലാ ഇടപാടുകാർക്കും നല്ലവണ്ണം അറിയാം. സ്വാഭാവികമായും മൂന്ന് തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തിൽ നിന്നും ജില്ലാതലത്തിലുള്ള സംവിധാനം എടുത്തുമാറ്റുന്നതോടുകൂടി ഒന്ന് മുതൽ മൂന്ന് ശതമാനം വരെ പലിശയിളവ് ഗുണഭോക്താവിന് ലഭിക്കുകയാണ്. ത്രീ ടയർ

സംവിധാനം മാറ്റി ടൂ ടയർ സംവിധാനത്തിലേയ്ക്ക് വരുമ്പോൾ ഗുണഭോക്താവിനുണ്ടാകുന്ന ഗുണങ്ങൾ ഇല്ലാതാക്കണമെന്ന് ആഗ്രഹിക്കുന്നത് ഒരിക്കലും ഗുണഭോക്താവല്ല. ബാങ്കിന്റെ പത്തോ പതിനഞ്ചോ വരുന്ന ഡയറക്ടർ ബോർഡ് മെമ്പർമാർ മാത്രമാണ് അത് ആഗ്രഹിക്കുന്നത്. അവർക്കാണ് കറവ വറ്റിയാലുണ്ടാകുന്ന പ്രയാസം അനുഭവവേദ്യമാകുന്നത്. നമുക്കെല്ലാവർക്കും ബാങ്കിംഗ് റെഗുലേഷൻ നിയമമറിയാം. അതിനുവേണ്ടി ഇപ്പോഴും വാദിക്കുകയാണ്. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തെക്കുറിച്ച് ഇവിടെയിങ്ങനെ വർത്തമാനം പറയുകയും കേന്ദ്ര നിയമത്തെ ഉയർത്തിക്കാണിക്കുകയും ചെയ്യുമ്പോൾ സഹകരണം ഒരു സ്റ്റേറ്റ് സബ്ജക്ടാണെന്ന് നിങ്ങൾ വിനയപൂർവ്വം അംഗീകരിക്കണം. അതൊരു സ്റ്റേറ്റ് സബ്ജക്ടാണ് എന്നതുകൊണ്ടുതന്നെ പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടായാൽ മാത്രമേ സംസ്ഥാന നിയമസഭകളിൽ പകുതിയിലധികം നിയമസഭകളുടെ അംഗീകാരമുണ്ടായാൽ മാത്രമേ ഇത് ഭേദഗതി ചെയ്യാൻ കഴിയുകയുള്ളൂയെന്ന് പാർലമെന്റിൽ 2012-ൽ യു.പി.എ. ഗവൺമെന്റ് അവതരിപ്പിച്ച ബാങ്കിംഗ് ഭേദഗതി നിയമത്തിനും 97-ാം ഭരണഘടനാ ഭേദഗതി നിയമത്തിനുമുള്ള സുപ്രീംകോടതിയുടെ ഒരു തിരുത്തലായിരുന്നു 2021 ജൂലൈയിൽ സംഭവിച്ചത്. സംസ്ഥാന വിഷയങ്ങളിൽ തീരുമാനമെടുക്കുമ്പോൾ ഈ രീതിയിലായിരിക്കണമെന്ന വളരെ കൃത്യമായ നിർദ്ദേശമായിരുന്നു സുപ്രീംകോടതിയുടെ ആ വിധിയിലൂടെയുണ്ടായത്. അത്തരം ഒരു വിധി മുന്നിൽകണ്ടുകൊണ്ടാണ് 2020-ലെ കോവിഡിന്റെ മറവിൽ ബി.ജെ.പി. ഗവൺമെന്റ് ഒരു പുതിയ ബില്ലുണ്ടാക്കാനുള്ള പരിശ്രമം നടത്തിയത്. ആ ബില്ലും ഇതേ രീതിയിൽ പരാജയപ്പെടുകയാണുണ്ടാകുക. അപ്പോഴാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിൽ നേരത്തെ ഇവിടെ സൂചിപ്പിച്ച ശ്രീ. അമിത് ഷായെപ്പോലെയുള്ള ആളുകൾ ഒരു സഹകരണ മന്ത്രാലയം രൂപീകരിച്ച് ആർ.ബി.ഐ.-യ്ക്ക് തുല്യമായ ഒരു സംവിധാനം അഖിലേന്ത്യാതലത്തിൽ സൃഷ്ടിച്ച് ഇതിനെ കയ്യടക്കാൻ വേണ്ടിയുള്ള പരിശ്രമം നടത്തുന്നത്. ഈ പരിശ്രമത്തെ യോജിച്ചുനിന്ന് നേരിടുമ്പോൾ അതിന് പ്രാപ്തമായ ഒരു സംവിധാനം ഒരു ബദലെന്ന രീതിയിൽ നമുക്ക് രൂപപ്പെടുത്താൻ കഴിയേണ്ടതുണ്ടെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ മാറ്റങ്ങളിലും നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. കേവലം ഒരു സാമ്പത്തിക സ്ഥാപനമെന്ന നിലയ്ക്കുമാത്രമല്ല മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലയിലും ഇടപെടുന്ന ജീവനാഡിയായി പ്രവർത്തിച്ച ഒന്നാണ്. കേരളത്തിലെ ഭൂപരിഷ്കരണവും വിദ്യാഭ്യാസ ബില്ലും ജനകീയാസൂത്രണവും വായനശാല സാക്ഷരത പ്രസ്ഥാനങ്ങളും കുടുംബശ്രീ- പൊതുജനാരോഗ്യനയങ്ങളും പോലെ സഹകരണ പ്രസ്ഥാനവും ഇതിനോടൊപ്പം നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ടെന്ന് നാം മനസ്സിലാക്കണം. ജനകീയ സമരങ്ങളും ജനകീയ

ഇടപെടലുകളുമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ വളർത്തിയതെന്ന് നാം തിരിച്ചറിയണം. ആദ്യകാലങ്ങളിൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനെന്ന നിലയിൽ നാം രൂപീകരിച്ച ഐക്യനാണയ സംഘങ്ങളായിരുന്നു എങ്കിൽ ഇന്ന് കോർപ്പറേറ്റുകളോട് മത്സരിക്കാവുന്ന തരത്തിലേയ്ക്ക് ഉയർന്ന സഹകരണ സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. ഇതിന് ഉദാഹരണമാണ് വാഗ്ഭടാനന്ദൻ വിഭാവനം ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. 1904-ൽ ഇന്ത്യയിൽ ആദ്യ സഹകരണ ആക്ട് നിലവിൽ വന്നു. 1914-ൽ തിരുവതാംകൂറിൽ കേരളത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം ആരംഭിച്ചു. രണ്ടാം ലോക മഹായുദ്ധമുണ്ടാക്കിയ ക്ഷാമം, കാർഷിക മേഖലയിലെ തകർച്ച, കർഷക മുന്നേറ്റങ്ങളുടെ തുടക്കം, ദേശീയ പ്രസ്ഥാനത്തിന്റെ ഇടപെടൽ ഇതെല്ലാം സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്ക് കാരണമായി. ജന്മി-കുടിയാൻ വ്യവസ്ഥയ്ക്കെതിരായ ഒരു പ്രതിഷേധം കൂടിയായിരുന്നു സഹകരണ പ്രസ്ഥാനം. ഭൂപരിഷ്കരണത്തിന്റെ ഗുണം ലഭിക്കാൻ സഹകരണ പ്രസ്ഥാനം വലിയ പങ്കുവഹിച്ചിട്ടുണ്ട്. മഹാനായ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ നടന്ന ഭൂപരിഷ്കരണ നിയമത്തിലൂടെ സാധാരണ കൃഷിക്കാരന്റെ കരങ്ങളിലേയ്ക്ക് ഭൂമിയെത്തിയപ്പോൾ അവന്റെ കയ്യിൽ മൂലധനമുണ്ടായിരുന്നില്ല. മൂലധനം, വളം, കീടനാശിനി ഇതെല്ലാം ലഭ്യമാക്കുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് ചെറുതല്ല. ഭൂപരിഷ്കരണത്തെ അട്ടിമറിക്കാൻ കഴിയാതെ പോയതുപോലും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ കരുത്താണ്.

സംഘപരിവാറിന്റെ കേരളത്തിലേയ്ക്കുള്ള കടന്നുവരവിനെ ചെറുക്കുന്ന കാര്യത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ കരുത്ത് ദിനേശ് ബീഡി സഹകരണ സംഘത്തിലൂടെ നാം കണ്ടതാണ്. എ.കെ.ജി. വിഭാവനം ചെയ്ത ഇന്ത്യൻ കോഫി ബോർഡ് തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള ഒരു വലിയ പ്രസ്ഥാനമാണ് എന്ന് നാം കാണേണ്ടതുണ്ട്. ഇവിടെ കേരള ബാങ്ക് വരുമ്പോൾ സ്വാഭാവികമായും നമ്മുടെ നാട്ടിലെ പണം നമ്മുടെ നാട്ടിൽതന്നെ ചെലവഴിക്കാൻ കഴിയുന്ന, അല്ലെങ്കിൽ ഉപയോഗിക്കാൻ കഴിയാവുന്ന ഒരു സാഹചര്യം രൂപപ്പെടും. കാത്തലിക് സിറിയൻ ബാങ്കുൾപ്പെടെയുള്ള കേരളത്തിലെ കൊമേഴ്സ്യൽ ബാങ്കുകൾ നൂറ് രൂപ നിക്ഷേപം വാങ്ങുമ്പോൾ തിരിച്ച് 37 രൂപ മാത്രമാണ് കേരളത്തിൽ വായ്പയായി കൊടുക്കുന്നത്. എസ്.ബി.ഐ.-യിൽ അത് 47 രൂപയും ഫെഡറൽ ബാങ്കിൽ അത് 40 രൂപയും സൗത്ത് ഇന്ത്യൻ ബാങ്കിൽ അത് 50 രൂപയുമാണ്. കേരളത്തിന്റെ നിക്ഷേപം വിദേശത്തേയ്ക്കും കോർപ്പറേറ്റുകൾക്കുമായി കൊണ്ടുപോകുക എന്നതാണ് ഈ സംവിധാനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ കൊണ്ടുപോകുന്ന സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ ചില്ലിക്കാശുപോലും

പുറത്തുപോകില്ലെന്ന് ഉറപ്പുവരുത്തുന്നത് കേരള ബാങ്കാണ്. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ മറ്റ് കൊമേഴ്സ്യൽ ബാങ്കുകളോട് കിടപിടിക്കുന്ന ഒന്നായി അതിനെ മാറ്റേണ്ടതുണ്ട്. അങ്ങനെ മാറ്റണമെങ്കിൽ നാം ഒറ്റക്കെട്ടായി നിൽക്കണം. ബാങ്കിംഗ് സംവിധാനത്തെയും സഹകരണ പ്രസ്ഥാനങ്ങളെയും തകർക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന കേന്ദ്ര ഭരണാധികാരികളുടെ മുന്നിൽ ഒറ്റക്കെട്ടായി പ്രതിഷേധിക്കുന്നതിനുപകരം കോടാലി കൈകളായി നിൽക്കരുത് എന്നാണ് പ്രതിപക്ഷത്തോട് ഞങ്ങൾക്ക് വിനയപൂർവ്വം പറയാനുള്ളത്. കേരള ബാങ്ക് വഴി ഒട്ടേറെ ആനുകൂല്യങ്ങൾ നൽകാൻ കഴിയും. തീർച്ചയായും അത്തരത്തിലുള്ള ഒരു പ്രവർത്തനത്തിന് സഹായകരമായ ഒരു നിലപാട് നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. ഇവിടെ തൊഴിലാളികൾക്ക് തടസ്സമില്ല, ഇടപാടുകാർക്ക് ഗുണം ചെയ്യുന്ന, ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഉറപ്പാക്കുന്ന, ചില്ലിക്കാശ് പുറത്തുപോകുന്നില്ല, നബാർഡ് പോലുള്ള സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ ഇടപാടുകാർക്ക് ലഭിക്കുന്ന, എല്ലാത്തിനും ഉപരിയായി സംഘപരിവാർ നവലിബറൽ അജണ്ടകളെ പ്രതിരോധിക്കുകയാണ് കേരള ബാങ്ക് ചെയ്യുന്നത്. ഇതൊരു ഇടതുപക്ഷ ബദലാണ്. നിയമപരമായും ധാർമ്മികമായും ജനോപകാരപ്രദമായും ഏത് കാര്യമെടുത്താലും കേരള ബാങ്ക് മികച്ചതാണ്. പിന്നെ ഇതിനെ എതിർക്കുന്നത് എന്തിനാണ്? അത് ചില നിഗൂഢ താൽപ്പര്യങ്ങൾ വച്ചുകൊണ്ടാണ്. പ്രതിപക്ഷത്തിന് അത്തരമൊരു നിഗൂഢ താൽപ്പര്യമുണ്ടാകില്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ക്ഷീര വ്യവസായരംഗത്ത് അല്ലെങ്കിൽ സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് കാലഘട്ടത്തിന്റേതായ ഒരു മാറ്റം ഈ ബിൽ മുന്നോട്ടുവയ്ക്കുകയാണ്. ആജീവനാന്തം പദവികളിൽ ഒരാൾ തുടരണമെന്ന് നിങ്ങൾ പറയുന്നുണ്ടോ? അങ്ങനെയെങ്കിൽ പ്രതിപക്ഷനേതാവിന്റെ മാറ്റങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നമ്മൾ പരിശോധിക്കണ്ടേ? ആജീവനാന്തം പദവിയിൽ ഒരാൾ തുടരുക എന്നുള്ളത് പുതിയ കാലഘട്ടത്തിന് വിരുദ്ധമാണ്. ആളുകൾ മാറിമാറി വരട്ടെ. ഒരാൾ നിരന്തരമായി ഒരു പദവിയിൽ ഇരുന്നാലുണ്ടാകുന്ന കുറവുകളെ സംബന്ധിച്ചും ദൂഷിപ്പുകളെ സംബന്ധിച്ചുമൊക്കെ നമുക്ക് ഓരോരുത്തർക്കുമറിയാം. കേരളത്തിൽ അന്തർ ജില്ലാ യാത്രാനിരോധനം നിലനിൽക്കുന്ന കാലത്തുപോലും മിൽമ ചെയർമാന്റെ വാഹനം പ്രതിമാസം 5000 കിലോമീറ്ററിലധികം യാത്ര ചെയ്തു എന്നാണ് പറയുന്നത്. ഈ വാഹനത്തിന്റെ 16 ടയറുകളാണ് മാറ്റിയത്. അപ്പോൾ സ്ഥിരമായി ഒരാൾ ഇങ്ങനെ നിലനിൽക്കുന്ന ഘട്ടത്തിൽ സ്വാഭാവികമായും ഇതൊക്കെയുണ്ടാകും. അധികാരം തുടർച്ചയായി വന്നാൽ അഹങ്കാരമുണ്ടാകും എന്നുപറഞ്ഞത് നിങ്ങൾതന്നെയാണ്. തുടർച്ചയായി അങ്ങനെ അധികാരത്തിലിരിക്കുന്നത് നന്നല്ല എന്ന് തിരിച്ചും മറിച്ചും പറയുന്നത് ശരിയല്ല. കേരളത്തിലെ ക്ഷീര സംഘങ്ങളുടെ മാനേജുമെന്റ് കമ്മിറ്റിയിൽ ഒരാൾ

ജീവിതകാലം തുടരാതിരിക്കുക, അവിടെ സ്ത്രീകൾക്കുകൂടി പങ്കാളിത്തമുണ്ടാക്കുക എന്നിവയാണ് ലക്ഷ്യംവയ്ക്കുന്നത്. ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവരിൽ കൂടുതലും സ്ത്രീകളാണ്. അവർക്ക് അതിന്റെ ഭരണത്തിൽ പങ്കാളിത്തം കൊടുക്കുന്നതിന്, വൈസ് പ്രസിഡന്റ് സ്ഥാനമുൾപ്പെടെ നൽകുന്ന രീതിയിലാണ് ഈ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പ്രസിഡന്റ് സ്ഥാനവും കൊടുക്കാം. ജീവനക്കാരെ നിയമിക്കുന്നതിൽ സുതാര്യതയുണ്ടാകണം. തങ്ങൾക്ക് താൽപ്പര്യമുള്ളവർക്ക് മാർക്ക് കൊടുത്ത് അവരെ ഉദ്യോഗത്തിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ തടയേണ്ടതുണ്ട്. അതിന് സഹായകരമാണ് റിക്രൂട്ട്മെന്റ് കമ്മിറ്റി. അതുപോലെ ക്ഷീര സംഘങ്ങളിൽ അംഗത്വം നേടുന്നവർ ക്ഷീര കർഷകർ തന്നെയായിരിക്കണം. അത്യാവശ്യം തൊഴുത്തും പശുവും ചാണകവുമൊക്കെയായി ബന്ധമുണ്ടായിരിക്കണ്ടേ? ടയർ മാറ്റാൻവേണ്ടി മാത്രം ചെയർമാന്റെ പദവിയിലിരുന്നാൽ പോരല്ലോ. പാൽ കറക്കുകയും കൊടുക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്യുന്നവർ അംഗങ്ങളായി വരിക എന്നുള്ളതാണ്. പല കടലാസ് സംഘങ്ങളെയും ആ രംഗത്ത് നിലനിൽക്കുന്ന തെറ്റായ പ്രവണതകളെയും അവസാനിപ്പിക്കാൻ ഇത് സഹായകരമാകും. ആ നിലയിൽ കാലോചിതമായി മുന്നോട്ടുവച്ച ഈ ഭേദഗതികളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സബ്ജക്ട് കമ്മിറ്റി പാസ്സാക്കിയ റിപ്പോർട്ടാണ് നമ്മുടെ മുന്നിലുള്ളത്. ഒരു ചെറിയ മാറ്റംപോലും അതിലുണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ ഈ ബില്ലിൽ ഒതുങ്ങിനിന്നുകൊണ്ട് നിയമപരമായും വസ്തുതാപരവുമായ കാര്യങ്ങൾ മാത്രമേ അവതരിപ്പിക്കുന്നുള്ളൂ. മുൻപ് സംസാരിച്ചതുകൊണ്ട് ആവർത്തനവിരസത ഉണ്ടാകുമെങ്കിൽ ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒന്നാമതായി പറയുന്നത് അമാൽഗമേഷൻ സംബന്ധിച്ച് തന്നെയാണ്. Banking Regulation (Amendment) Act, 2020 സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കും ജില്ലാ ബാങ്കുകൾക്കും 1-4-2021 മുതൽ ബാധകമാക്കി ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ ഇറക്കിയത് 23-12-2020-നാണ്. അതിൽ 5-ാമത്തെ കണ്ടീഷൻ, 'The scheme of amalgamation shall be presented to the shareholders of the StCB/ DCCBs. A resolution shall be passed by 2/3rd of the majority of the shareholders, both in number and value, present and voting at a General Body Meeting of StCB and each DCCB as required

under section 44(A) read with section 56 of the Banking Regulation Act, 1949' എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ 7-3-2019-നം 18-7-2019-നം രജിസ്ട്രാർ വിളിച്ചുചേർത്ത മലപ്പുറം ജില്ലാ ബാങ്കിന്റെ ജനറൽ ബോഡി യോഗത്തിൽ 129 പേരാണ് പങ്കെടുത്തത്. ആ 129 പേരിൽ 97 അംഗങ്ങൾ ഈ ലയന പ്രമേയത്തെ എതിർത്തു, 32 അംഗങ്ങൾ മാത്രമാണ് അനുകൂലിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ജില്ലാ കളക്ടറുടെ നിരീക്ഷണത്തിലാണ് ഈ യോഗം നടന്നത്. 29-9-2021-ന് ചേർന്ന ജനറൽ ബോഡി യോഗം വീണ്ടും ഐകകണ്ഠ്യേന ഈ ലയനത്തെ എതിർത്തു. അതുകൊണ്ട് ഞാൻ സൂചിപ്പിക്കുന്നത് സെൻട്രൽ ആക്ടിന് വിരുദ്ധമായ ഒരു നിയമം പാസ്സാക്കാനുള്ള legislative competence നമുക്കുണ്ടോ? സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബില്ലിനെതിരായി ഏതെങ്കിലും ഒരു ജില്ലാ പഞ്ചായത്ത് ഒരു നിയമം പാസ്സാക്കിയാൽ എങ്ങനെയുണ്ടാകും? അതുകൊണ്ട് സെൻട്രൽ ആക്ടിന് വിരുദ്ധമായി ഒരു ബിൽ ഇവിടെ പാസ്സാക്കുന്നത് നിയമപരമായി നിലനിൽക്കുകയില്ല.

രണ്ടാമതായി, അതിലെ 4b വകുപ്പ് പ്രകാരം Gross NPA below 7%-ഉം Net NPA below-5%-ഉം ആവണമെന്നാണ്. അത് രണ്ടും ജില്ലാ ബാങ്കാണെങ്കിലും സംസ്ഥാന സഹകരണ ബാങ്കാണെങ്കിലും പാലിച്ചിട്ടില്ല. റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിയന്ത്രണത്തിൽ സ്വതന്ത്രമായി നിൽക്കാൻ മലപ്പുറം ജില്ലാ ബാങ്ക് ജനറൽ ബോഡി തീരുമാനിച്ചതിനെ നിയമനിർമ്മാണത്തിലൂടെ എതിർത്ത് തോൽപ്പിക്കുന്നത് സഹകരണ ജനാധിപത്യത്തെ ഇല്ലാതാക്കലാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം. രണ്ടാമത്തേത്, 'The basic regulatory criteria-യിൽ 4 a-യിൽ പറയുന്നത്, "The State Government shall verify that there are no Court Orders prohibiting or staying the proposal for amalgamation' എന്നാണ്. Now, at present there are 8 or 9 writ appeals pending before the honourable High Court of Kerala, i.e. W.A.Nos.708/2021 to 713/2021, 715/2021 to 717/2021. ഇതിൽ 28-4-2021-നാണ് ഹൈക്കോടതി സിംഗിൾ ബെഞ്ച് എതിരായി വിധിച്ചത്. ആ ഉത്തരവിന്റെ ഓപ്പറേറ്റീവ് പോർഷൻ ഇങ്ങനെയായിരുന്നു. അതിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചീഫ് സെക്രട്ടറി, റിസർവ് ബാങ്ക് എന്നിവരാണ് ഒഫിഷ്യൽ റെസ്പോണ്ടൻസ്. 'However, I direct the respondents to take steps to table the bill to replace the ordinance.' അതാണല്ലോ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ 9 അപ്പീലിലും കൂട്ടിച്ചേർന്നൊരു കോമൺ ഉത്തരവാണിത് 4-5-2021-ന് ഈ ഉത്തരവിനെ സ്റ്റേ ചെയ്തുകൊണ്ട് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഉത്തരവിട്ടു. അത് ചീഫ്

സെക്രട്ടറിക്കും അറിവുള്ളതാണ്. അദ്ദേഹം ഒരു കക്ഷിയാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും റിസർവ് ബാങ്കും കക്ഷികളാണ്. അപ്പോൾ അറിഞ്ഞുകൊണ്ട് അത് കാണാത്ത രീതിയിൽ ഈ ബിൽ അവതരിപ്പിക്കുന്നത് നിയമപരമായി തെറ്റാണ് എന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

മൂന്നാമത്തേത്, Article 213 of Indian Constitution, Power of Governor to promulgate Ordinances during recess of Legislature, ഞാനൊരിക്കലത് വായിച്ചതാണ്. എന്നാലും ഒരിക്കൽക്കൂടി വായിക്കുകയാണ്, '(1) If at any time, except when the Legislative Assembly of a State is in session, or where there is a Legislative Council in a State, except when both Houses of the Legislature are in session, the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinance...' എന്നാണ് പറയുന്നത്. എന്താണ് അത്ര അടിയന്തര സാഹചര്യം; അടുത്തത് പറയുന്നത്, 'Provided that the Governor shall not, without instructions from the President, promulgate any such Ordinance if-', ഇവിടെ അത്രമാത്രം അടിയന്തരപ്രധാന്യമുള്ള Extraordinary Circumstance എന്താണ്; ഒരു ഭരണസമിതി ഇവിടെ പ്രവർത്തിക്കുന്നില്ലേ? ഒരു പ്രത്യേകമായ സാഹചര്യവുമില്ല. അക്കാരണത്താൽ ബഹുമാനപ്പെട്ട സുപ്രീംകോടതി Writ Petition (Civil) No.502/2021 വിധിയിൽ പറയുന്നത്, 'The Ordinance was declared null and void'. കാരണം പ്രസിഡന്റിനായാലും ഗവർണർക്കായാലും അവരുടെ മനസ് Satisfy ചെയ്യുന്ന കാര്യങ്ങൾ ജുഡീഷ്യൽ സ്ക്രൂട്ടിനിക്ക് വിധേയമാണ്. അത് ശരിയല്ലെങ്കിൽ ഇതുപോലെ 'null and void' ആയും 'ultra vires to the Constitution' ആയും വിധിക്കാൻ സുപ്രീംകോടതി തയ്യാറായത്. അതുകൊണ്ട് ഈ ഓർഡിനൻസ് Article 213(2)(a) എന്ന വകുപ്പ് ഒരിക്കലും പാലിച്ചിട്ടില്ല. 'Every such Ordinance shall be laid before the Legislative Assembly of the State, or where there is a Legislative Council in the State, before both the House, and shall cease to operate at the expiration of six weeks from the reassembly of the Legislature,...' Cease to exist അങ്ങനെയാണെങ്കിൽ ഇവിടെ ഏഴോളം ഓർഡിനൻസുകളാണ് ഇറക്കിയത്. ഒന്നും നിയമസഭയുടെ മുമ്പിൽ വച്ചില്ല. ഈ ബിൽ അവതരിപ്പിക്കുന്ന സമയത്ത് ഒരു സ്റ്റേറ്റ്മെന്റ് മാത്രം വച്ചാൽ മതിയോ; ഭരണഘടനയുടെ 213(2)(a) വകുപ്പ് പാലിക്കേണ്ടതല്ലേ? It is mandatory. അതാണ് സുപ്രീംകോടതി പറഞ്ഞത്. അതും ഇവിടെ പാലിച്ചിട്ടില്ല.

ഭരണഘടനയുടെ Article 14 -Equality before law, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെ ബാങ്കുകൾക്കും ജില്ലാ ബാങ്കുകൾക്കും അതിലെ പ്രമേയം അംഗീകരിക്കാൻ മൂന്നിലൊന്ന് ഭൂരിപക്ഷം വേണം. പക്ഷേ, മലപ്പുറത്തിന് ബാധകമല്ല, against Article 14 of the Constitution. Then, against Article 19 (1)(c) -Protection of right "to form associations and unions or co-operative societies". മലപ്പുറം ജില്ലാ ബാങ്കിന് ആ മൗലികാവകാശമില്ലേ; Article 43 B - Protection of Co-operative Societies - 'The states shall endeavour to promote voluntary formation, autonomous functioning, democratic control and professional management of co-operative societies.'. ഇതും ഇവിടെ ഹനിക്കപ്പെടുകയാണ്. ഭരണഘടനാപരമായ മൗലികാവകാശങ്ങൾക്കും മറ്റ് ആർട്ടിക്കിളുകൾക്കും വിരുദ്ധമായിട്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത് എന്നാണ് ഞങ്ങൾ സൂചിപ്പിക്കുന്നത്.

മറ്റൊന്ന്, ത്രീ ടയറിൽനിന്നും ഒരു ടയർ ഒഴിവാക്കിയുള്ള ഘടനാപരമായ മാറ്റമാണ്. അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് സൂചിപ്പിക്കുന്നത്. നബാർഡിൽ നിന്നും വായ്പ ലഭിച്ചാൽ നബാർഡ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനുനൽകുന്ന പലിശയിൽ അല്പം ജില്ലാ ബാങ്കെടുത്തുകൊടുക്കും. അതുകൊണ്ടാണ് താഴെയുള്ള Primary Agricultural Co-operative Societies (PACS)-ന് ബുദ്ധിമുട്ടുണ്ടാവുക എന്നതാണ് വാദമെങ്കിൽ ഇന്ന് ഞങ്ങൾ ചെയ്യുന്നത്, നബാർഡിൽ നിന്നും ലഭിച്ച 200 കോടി രൂപ അവർ പറയുന്ന അതേ പലിശ നിരക്കിലാണ് താഴെത്തട്ടിലുള്ള ബാങ്കുകൾക്ക് കൊടുക്കുന്നത്. ആ ഒരു നിർദ്ദേശം ഇതിലുണ്ടായാൽ മതിയല്ലോ. രണ്ട്, DCB (District Co-operative Bank) ഇല്ലാതായാൽ ഇതിനെ റെഗുലേറ്റ് ചെയ്യാനും കൺട്രോൾ ചെയ്യാനും സംവിധാനമുണ്ടാവുകയില്ല എന്നാണ്. Section 2 of the Kerala Co-Operative Societies Act is amended. അങ്ങനെയാണെങ്കിൽ ഞങ്ങൾക്ക് RBI-യുടെ ലൈസൻസുണ്ടല്ലോ. ഞങ്ങളെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റെഗുലേറ്റ് ചെയ്യും, നബാർഡ് കൺട്രോൾ ചെയ്യും. എന്താണ് അവിടെ പ്രയാസം, എന്താണ് പ്രശ്നം; ഡോ. മാത്യു കുഴൽനാടൻ ഒരുപാട് കാര്യങ്ങൾ സൂചിപ്പിച്ചു. New generation Bank-കളുമായി വെല്ലുവിളിക്കാനാണെങ്കിൽ, മലപ്പുറം ജില്ലാ ബാങ്കിന് കോർ ബാങ്കിംഗുണ്ട്. അതാണ് പ്രധാനപ്പെട്ട ആവശ്യം. ഞങ്ങൾക്ക് ATM, RTGS (Real Time Gross Settlement), NEFT (National Electronic Funds Transfer), POS (Point of Sale), Cheque Truncation System എന്നീ സംവിധാനങ്ങളുണ്ട്. ഇതൊക്കെയല്ലേ New generation bank-ന് വേണ്ടത്. അതെല്ലാം ഞങ്ങളിപ്പോൾ കൈകാര്യം ചെയ്യുന്നുണ്ട്. അപ്പോൾ അതിനു വേണ്ടിയാണ് ലയിപ്പിക്കുന്നതെന്ന് പറയുന്നതിൽ അർത്ഥമില്ല. പിന്നെ പറയുന്നത്,

13 ജില്ലാ ബാങ്കുകളും ലയിച്ചില്ലേ, പിന്നെ 'എന്താണ് നിങ്ങൾക്ക് പ്രയാസം എന്നാണ്. ബഹുമാനപ്പെട്ട മുൻമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും ഇവിടെയുണ്ട്. എങ്ങനെയാണ് ഈ 13 ബാങ്കുകൾ ലയിച്ചത്; ഇവിടെ 5 ബാങ്കുകൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നിയന്ത്രണത്തിലായിരുന്നല്ലോ; കാസർഗോഡ്, വയനാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ കോൺഗ്രസ്സ് ഭരിക്കുന്ന ബാങ്കുകളായിരുന്നു. എങ്ങനെയാണ് ലയിച്ചത്; കാസർഗോഡ് പ്രമേയം കൊണ്ടുവന്നപ്പോൾ ബി.ജെ.പി.-യും സി.പി.ഐ.(എം).-ഉം തമ്മിലുള്ള രഹസ്യധാരണയനുസരിച്ച് ബി.ജെ.പി. ഹാജരാകാത്തപ്പോഴാണ് ഇത് പാസ്സാകാത്തത്. വയനാട്, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകൾക്ക് മൂന്നിൽരണ്ട് ഭൂരിപക്ഷമില്ലായെന്ന് സർക്കാരിനറിയാം. അതുകൊണ്ട് സെക്ഷൻ 14-ന് ഈ നിയമസഭ ഒരു അമെന്റ്മെന്റ് കൊണ്ടുവന്നു. 14-ാം വകുപ്പനുസരിച്ച് മൂന്നിൽ രണ്ടിന്റെ ഭൂരിപക്ഷമുണ്ടായാൽ മാത്രമേ ലേലം പാടുള്ളൂ എന്നാണ്. അതാണ് 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ നിയമം. അതുകൊണ്ട് മാത്രമാണ് 14(a) വകുപ്പുകൊണ്ടുവന്ന് Simple majority മതിയെന്ന് നിഷ്കർഷിച്ച്, നിർബന്ധിച്ച് നിയമപരമായി ഇല്ലാത്തത് ഈ അസംബ്ലിയിൽ പാസ്സാക്കിപ്പിച്ചിട്ടാണ് കോൺഗ്രസ് ഭരിക്കുന്ന ഈ ജില്ലാ ബാങ്കുകളെ ലയിപ്പിക്കാൻ തീരുമാനിച്ചത്. അതല്ലാതെ ഇവർ പറയുന്നതുപോലെ 13 ബാങ്കുകളിൽ 5 ബാങ്കുകൾ സ്വമേധയാ തീരുമാനിച്ചതല്ല. ഞങ്ങളടക്കം 6 ബാങ്കുകളാണ് അങ്ങനെയുള്ളത്. ജീവനക്കാർ അനുകൂലമായിരുന്നുവെന്ന് ഇവിടെ പറഞ്ഞു. ജില്ലയിലെ ഒരു ബാങ്ക് ഭരണസമിതി വരുന്നതിനുമുൻപ് അനുകൂലമായിരുന്നുവെന്നാണ് പറയുന്നത്. ജീവനക്കാർ ഞങ്ങളുടെ കൂടെയായിരുന്നു. എന്നാൽ ഒരു മന്ത്രിയും ഒരു ഗവൺമെന്റും ജീവനക്കാരെ വിളിച്ചുവരുത്തി അവരോട് സംസാരിച്ച് ഇന്നയിന്ന കാര്യങ്ങൾക്ക് നേട്ടങ്ങളും ആനുകൂല്യങ്ങളുണ്ടാകും, അതുകൊണ്ട് നിങ്ങൾ ഇതിനെ അനുകൂലിക്കണമെന്നു പറഞ്ഞാൽ ഏത് ജീവനക്കാരനാണ് അനുകൂലിക്കാതിരിക്കുക. ഞങ്ങളെ ഒഴിവാക്കിയപ്പോഴും ഞങ്ങൾ ശമ്പളപരിഷ്കരണം നടപ്പാക്കി. ഇവർ പ്രൊമോഷൻ നൽകാതിരുന്നപ്പോൾ ഞങ്ങൾ മുഴുവൻ ജീവനക്കാർക്കും പ്രൊമോഷൻ നൽകാൻ തീരുമാനിച്ചു. പിന്നെ ഞങ്ങൾക്ക് എതിരായി അവർ നിൽക്കുമോ; അതുകൊണ്ട് ബില്ലിൽ പറയുന്നത് ഷെയർ ഹോൾഡേഴ്സിനെ സംബന്ധിച്ചാണ്, ജീവനക്കാരെക്കുറിച്ചല്ല. അത് മറക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇനി വസ്തുതാപരമായ കാര്യങ്ങൾ പറയാം. എന്തിനാണ് ഞങ്ങൾ എതിർക്കുന്നതെന്ന് പറയാം. ജില്ലാ ബാങ്ക് എന്നുപറയുന്നത് പിന്നാക്ക ജില്ലയായ മലപ്പുറത്ത് യു.ഡി.എഫ്.-ന്റെ നേതാക്കൾ നട്ടുനനച്ച് വളർത്തിയ ഒരു വലിയ വടവൃക്ഷമാണ്. ഇവിടെ ശ്രീ. അബ്ദുൽ ഹമീദ് സൂചിപ്പിച്ചല്ലോ; ഇന്നതിന് 54 ബ്രാഞ്ചുകളുണ്ട്. പതിറ്റാണ്ടുകളായി അത് ലാഭത്തിലാണ്

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 4,500 കോടി രൂപയുടെ നിക്ഷേപവും 4,200 കോടിയിലധികം രൂപയുടെ വായ്പയുമുണ്ട്. ആയിരക്കണക്കിന് ആളുകൾക്കാണ് ഈ വായ്പയൊക്കെ ഞങ്ങൾ നൽകുന്നത്. ലയിപ്പിച്ചാൽ അവരെ സഹായിക്കാൻ ഞങ്ങൾക്ക് സാധിക്കുമോ; രണ്ടാമതായി, രജിസ്ട്രാറുടെ നിർദ്ദേശമനുസരിച്ച് നിബന്ധനകൾക്കുവിധേയമായി OTS (One Time Settlement) നടക്കുമ്പോൾ മലപ്പുറം ജില്ലയിലെ ആയിരക്കണക്കിന് സഹകാരികൾക്ക് പലിശയിൽ ഇളവ് നൽകാൻ സാധിക്കുന്നു. ഇനി അത് ഞങ്ങൾക്ക് സാധിക്കുകയില്ല. ഇവിടത്തെ കോമൺ ഗുഡ് ഫണ്ടിൽനിന്ന് ഹാർട്ട് പേഷ്യന്റ്സിനും കാൻസർ രോഗികൾക്കും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ ഉന്നമനത്തിനുവേണ്ടി ഞങ്ങൾ എത്രയോ തുക ചെലവാക്കുന്നു. ഇനി കോമൺ ഗുഡ് ഫണ്ട് ഞങ്ങൾക്ക് കാണാൻപോലും സാധിക്കില്ല. അയ്യായിരത്തി ഒരുന്നൂറിൽപ്പരം ഡെയ്‌ലി വേജസ്സുകാരെ കേരള ബാങ്കിൽ നിയമിച്ചുവെന്നത് നമ്മൾ മുൻപ് കേട്ടു. പക്ഷേ ഡെയ്‌ലിവേജസ് അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ നിയമിക്കാൻ സാധിക്കുമോ? ഇല്ല. ഇവിടെ ആർക്കെങ്കിലും ഒരു പരസ്യം നൽകാൻ സാധിക്കുമോ; നിങ്ങളെല്ലാവരും ബാങ്ക് നടത്തുന്ന ആളുകളല്ലേ? ജില്ലാ ബാങ്കുകൾ നടത്തുന്ന ആളുകളാണ് നിങ്ങൾ. എത്ര ആളുകളാണ് ദിവസവും സമീപിക്കുന്നത്, അവരെ സഹായിക്കാൻ സാധിക്കുമോ; അവസാനമായി, ഇവിടത്തെ പലിശയും ഡെപ്പോസിറ്റ് തുകയും വായ്പാത്തുകയും നിർണ്ണയിക്കുന്നതിൽ എന്തെങ്കിലും പങ്കുണ്ടാകുമോ; ഇതിനെല്ലാം മലപ്പുറം ജില്ലയിലെ ജനങ്ങൾ ബ്രാഞ്ച് കമ്മിറ്റി ഓഫീസിലേയ്ക്കോ ലോക്കൽ കമ്മിറ്റി ഓഫീസിലേയ്ക്കോ അല്ലെങ്കിൽ ഏരിയാ കമ്മിറ്റി ഓഫീസിലേയ്ക്ക് പോകേണ്ടി വരില്ലേ?

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇതിൽ പറയാനുള്ളത്, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പരസ്യത്തിനുവേണ്ടി ബ്രാഞ്ച് ഓഫീസിലേയ്ക്ക് പോകണം, ആ രീതിയിലുള്ള പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. കാരണം, സഹകരണ ബാങ്കുകളെ സി.പി.ഐ.(എം) പരസ്യം പിടിക്കുന്ന രീതിയിൽ അദ്ദേഹം സമർത്ഥിച്ചെടുക്കാൻ ശ്രമിക്കുന്നത് ശരിയല്ല. രണ്ടാമത്തേത്, ഈ ബില്ലിനകത്ത് വരുന്നത് ലീഗിന്റെ മാത്രം അഭിപ്രായമാണ്. കാരണം കോൺഗ്രസ്സിന്റെ ഒറ്റ അംഗം ഈ ഫ്ലോറിലില്ല, ഈ ബില്ലിനെ കോൺഗ്രസ് അനുകൂലിക്കുന്നു. അതുകൊണ്ടാണ് കോൺഗ്രസ്സിന്റെ ഒരൊറ്റ അംഗംപോലും ഫ്ലോറിലില്ലാത്തത്.

മി. ചെയർമാൻ: ഡോ. മാത്യു കുഴൽനാടനുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, അദ്ദേഹം തിരിയാത്തതുകൊണ്ട് ഇരിക്കുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, പോയിന്റ് ഓഫ് ഓർഡർ. കോൺഗ്രസ്സിന്റെ ഒരംഗംപോലും സഭയിലില്ലെന്ന പരാമർശം രേഖയിലുണ്ടാകാൻ പാടില്ല, കാരണം ഞാൻ കോൺഗ്രസ്സുകാരനാണ്, ഞാൻ ഇവിടെയുണ്ട്. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: രണ്ട് കാര്യവും പരിശോധിക്കാം.*

ശ്രീ. യു. എ. ലത്തീഫ്: സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ പ്രസിഡന്റാണ് ഞാൻ. രണ്ട്, അതിന്റെ വൈസ് പ്രസിഡന്റെന്ന് പറയുന്നത് മലപ്പുറം ജില്ലാ യു.ഡി.എഫ്.-ന്റെ ചെയർമാൻകൂടിയായ ശ്രീ. അജയ് മോഹനനാണ്.

മി. ചെയർമാൻ: അങ്ങ് മാസ്ക് ഉപയോഗിക്കൂ.

ശ്രീ. യു. എ. ലത്തീഫ്: സർ, ഇവിടെ യു.ഡി.എഫ്. ഭരിക്കുന്ന ഒരു ജില്ലാ ബാങ്കാണ്. മുസ്ലീം ലീഗ് പ്രസിഡന്റും കോൺഗ്രസ് വൈസ് പ്രസിഡന്റുമാണ്. ഞാൻ അവസാനിപ്പിക്കുന്നു. ചർച്ച വേണമെന്ന് ശ്രീ. പി. അബ്ദുൽ ഹമീദ് പറഞ്ഞു. ഞാൻ അവിടേയ്ക്കാണ് വരുന്നത്. അത് ഒരു സി.പി.ഐ.(എം.) നേതൃത്വമുള്ള ബാങ്കാണ്. അത് അംഗീകരിക്കുമല്ലോ? അതിന്റെ പ്രസിഡന്റായാലും ഭരണസമിതിയായാലും അങ്ങനെയാണ്. ഞങ്ങളെയുംകൂടി ആ സി.പി.ഐ.(എം) ബാങ്കിലേയ്ക്ക് ലയിപ്പിക്കാനാണ് 99:41-ന്റെ ഭൂരിപക്ഷമുള്ള ഈ സഭ തീരുമാനിക്കുന്നത്. ഈ ബിൽ പാസ്സാകുമെന്നതിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമൊന്നുമില്ല. പക്ഷേ, ഞങ്ങളുമായി ഒരു ചർച്ച നടത്തണം. ആ ചർച്ചയിൽ ഞങ്ങൾക്കുള്ള ഗ്രീവൻസസ് പരിഹരിക്കണം. അതിൽ ഒന്ന്, ഈ നിയമത്തിന്റെ തടസ്സങ്ങൾ നീക്കണം. രണ്ട്, ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി ഇവർ പറയുന്ന എല്ലാ വാദങ്ങളും കേട്ടതിനുശേഷമാണ് day to day അഡ്മിനിസ്ട്രേഷനുവേണ്ടി ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തത്. എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും വിമർശനങ്ങളും കേട്ടുകൊണ്ടാണ് ഈ ഭരണസമിതിയെ തെരഞ്ഞെടുത്തത്. അതുപോലെ ഒരു ഭരണസമിതിയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും പേരിൽ ഒരു ഗവേണിംഗ് ബോഡിയോ day to day അഡ്മിനിസ്ട്രേഷനുവേണ്ടി നൽകണമെന്ന് അഭിപ്രായപ്പെടുകയാണ്. അതാണ് ഞങ്ങൾക്ക് ഗവൺമെന്റിന്റെ മുന്നിൽ വയ്ക്കാനുള്ളത്. ഇതിനുശേഷം ഞങ്ങളെ ആർ.ബി.ഐ.-ലേയ്ക്കോ കേന്ദ്ര ഗവൺമെന്റിലേയ്ക്കോ ഹൈക്കോടതിയിലേയ്ക്കോ സുപ്രീം കോടതിയിലേയ്ക്കോ അയയ്ക്കരുത്. ഞങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാണ്. യു.ഡി.എഫ്.-ന്റെ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 18071/ഇ.ബി./2021/നി.സെ. തീയതി 3-11-2021) സഭാരേഖയിൽ നിലനിർത്തി.

നേതാക്കന്മാർ ഈ സഭയിൽ തന്നെയുണ്ടല്ലോ, അവരുമായി ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പറഞ്ഞ ലീഗലും ഫാക്ച്വലുമായ കാര്യങ്ങൾകൊണ്ട് ബില്ലിനെ എതിർക്കുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പല അംഗങ്ങളും മാസ്ക് ധരിച്ചിട്ടില്ല. മാസ്ക് നിർബന്ധമായും ധരിക്കണമെന്ന് ചെയർ റൂൾ ചെയ്തിട്ടുള്ളതാണ്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ബില്ലുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളിൽ ഉയർന്നുവന്ന സൃഷ്ടിപരമായ വിമർശനങ്ങളെയും ക്രിയാത്മക നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട മലപ്പുറം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുകൂടിയായ ശ്രീ. യു. എ. ലത്തീഫ് അതുപോലെതന്നെ പ്രമുഖ സഹകാരിയായ ശ്രീ. പി. അബ്ദുൽ ഹമീദ് മാഷുമെല്ലാം ഇവിടെ ചർച്ചയിൽ ഉയർത്തികൊണ്ടുവന്ന പ്രശ്നം ഇതുസംബന്ധിച്ച് കൂടുതൽ ചർച്ചകൾ വേണം, അങ്ങനെയെങ്കിൽ ചർച്ചകളിലൂടെ നമുക്ക് യോജിപ്പിലെത്താം എന്നാണ്. ഗവൺമെന്റ് തുറന്ന മനസ്സോടെ പറയുന്നു, ചർച്ചകൾക്കെപ്പോഴും ഗവൺമെന്റ് തയ്യാറാണ്, ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. മുമ്പ് ചർച്ചകളേ നടത്തിയിട്ടില്ലെന്ന അങ്ങയുടെ വാദത്തിന്, ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി മുമ്പ് നടത്തിയ ചർച്ചകൾ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. അതിൽ അപര്യാപ്തതയുണ്ടെങ്കിൽ നമുക്ക് വീണ്ടും ചർച്ച നടത്തി ഈ രംഗത്ത് യോജിപ്പുണ്ടാക്കി കേരള ബാങ്ക് കേരളത്തിന്റേത് എന്ന ആശയം യാഥാർത്ഥ്യമാക്കാം. അതിൽ ബഹുമാന്യനായ മലപ്പുറം ജില്ലാ ബാങ്ക് പ്രസിഡന്റിനോട് എനിക്ക് പറയാനുള്ളത്, ഇന്നലെ കേരളപ്പിറവി ദിനമായിരുന്നു. ഇന്ന് ഐക്യകേരളം ജന്മമെടുത്തിട്ട് 65 വയസ് തികഞ്ഞ് രണ്ടാമത്തെ ദിവസമാണ്. "ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം; കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ". മലപ്പുറമെന്ന് കേൾക്കുമ്പോഴല്ല ചോര തിളയ്ക്കേണ്ടത്, കേരളം എന്ന് കേൾക്കുമ്പോഴാണ് ചോര തിളയ്ക്കേണ്ടത്. അങ്ങനെ അങ്ങ് വിശാലമായ മനഃസ്ഥിതിയിൽ ഇതിനെ എടുക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. (....ബഹളം....) മലപ്പുറം ഉൾപ്പെടുന്ന കേരളം. അതുകൊണ്ട് കേരളത്തിൽനിന്ന് വേറിട്ട് മലപ്പുറമെന്ന രൂപത്തിൽ പോയിക്കൂടാ. എല്ലാം ചേർന്ന ഒരു മതനിരപേക്ഷ ഭാരതം, ഒരു ഐക്യകേരളം, ആ കേരളത്തിന്റെ ഐക്യം നിലനിർത്തിപ്പോകാൻ ഈ സംയോജനം അനിവാര്യമാണ്. ഏത് ചർച്ചയ്ക്കും തയ്യാറാണെന്ന കാര്യം സൂചിപ്പിക്കുകയാണ്.

ഇനി ഇവിടെ ചർച്ചകളിലൂടെ ഉയർത്തിക്കൊണ്ടുവന്ന പ്രശ്നങ്ങളിലെ കുറെ കാര്യങ്ങൾ ബിൽ അവതരിപ്പിച്ചപ്പോൾത്തന്നെ ബഹുമാനപ്പെട്ട അംഗം യു. എ. ലത്തീഫ് സൂചിപ്പിച്ചതാണ്. അന്ന് അതിനെല്ലാം മറുപടി പറഞ്ഞതാണ്. അതെല്ലാം ആവർത്തിക്കപ്പെടേണ്ടതില്ല. ചെറിയ കാര്യങ്ങൾ സൂചിപ്പിക്കാതെ പോകാനും കഴിയില്ല. അതുകൊണ്ട് ഓരോന്നായി നമുക്കെടുക്കാം. ബഹുമാനപ്പെട്ട ശ്രീ. പി. അബ്ദുൽ ഹമീദ് സാഹിബ് ആദ്യംതന്നെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട പ്രാധാന്യം വിശദീകരിച്ചത് വളരെ ശരിയാണ്. എൽ.ഡി.എഫ്.-ഉം. യു.ഡി.എഫ്.-ഉം രാഷ്ട്രീയമില്ലാത്തവരുമെല്ലാം ചേർന്ന് മഹത്തായ സംഭാവനയാണ് സഹകരണ മേഖലയ്ക്ക് നൽകിയത്. സഹകരണ മേഖല ഇന്ന് കരുത്ത് പ്രാപിച്ച്, ദേശീയ തലത്തിൽ ഒരുപക്ഷെ ക്രെഡിറ്റ് സംഘം ഏറ്റവും മുന്നിട്ടുനിൽക്കുന്നത് കേരളത്തിലാണ്. ദേശത്തിനുതന്നെ സംഭാവന നൽകികൊണ്ട് മുന്നോട്ടുവരുമ്പോൾ ആഗോള സഹകരണ രംഗത്തും കേരളം മുന്നിട്ടുനിൽക്കുകയാണ്. ആ കാര്യത്തിൽ സംശയമില്ല. സഹകരണ പ്രസ്ഥാനം തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടായിയെന്ന് അദ്ദേഹം പറഞ്ഞു. ഒരു നൂറ്റാണ്ടിനും അപ്പുറമായിയെന്നാണ് എനിക്ക് തോന്നുന്നത്. 1904-ലാണ് ആദ്യത്തെ ക്രെഡിറ്റ് സൊസൈറ്റി നിയമം വരുന്നത്. അതിനുമുമ്പ് ഇതുണ്ടാകാനുള്ള ഒരു പശ്ചാത്തലമെന്നത് 1875-ലെ ഡെക്കാൻ കലാപമാണ്. ആ ഡെക്കാൻ കലാപത്തിൽ കൃഷിക്കാർ ഉയർത്തിക്കൊണ്ടുവന്ന പ്രശ്നങ്ങളുണ്ട്. ഹുണ്ഡിക വിരുദ്ധ, ജന്മി വിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി അവർ ഉയർത്തിക്കൊണ്ടുവന്ന കലാപത്തിനൊരു പരിഹാരം കാണണമെന്ന ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ് സഹകരണ മേഖലയിലേയ്ക്ക് കടന്നുവന്നതും 1904-ൽ ആദ്യത്തെ ക്രെഡിറ്റ് നിയമം ഇന്ത്യയിൽ വന്നതും. ഇങ്ങനെയാണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഇപ്പോൾ 2021 ആണ്, ഒരു നൂറ്റാണ്ടിലേറെ ആയിരിക്കുന്നു. അങ്ങയുടെ കാഴ്ചപ്പാടിനോട് യോജിക്കുന്നു. അങ്ങനെ വിപുലവും വിശാലവുമായ കാഴ്ചപ്പാടിൽ നമ്മൾ വളർത്തിക്കൊണ്ടുവന്ന സഹകരണ മേഖല ഇന്ന് ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും പടർന്നുപന്തലിച്ച് പുത്തൻ കാഴ്ചപ്പാടുകളുമായി മുന്നോട്ടുവന്നുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണ്. അതുകൊണ്ട് അതിന് ക്ഷീണം സംഭവിക്കുന്ന ഒരു സ്ഥിതിയുമുണ്ടാകാൻ പാടില്ല. മാത്രമല്ല, സംസ്ഥാനത്ത് എപ്പോഴെല്ലാം പ്രശ്നങ്ങളും പ്രതിസന്ധികളും ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ദുരന്തങ്ങളും ദുരിതങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ടോ ആ സന്ദർഭങ്ങളിലെല്ലാം ബലിഷ്ഠമായ കരങ്ങളുമായി അത്തരം രംഗത്തെ സമാശ്വസിപ്പിക്കാൻ മുന്നോട്ടുവന്ന സമാന്തര സാമ്പത്തിക സങ്കേതം സഹകരണ മേഖലയാണെന്ന് നമുക്കെല്ലാം അഭിമാനത്തോടെ പറയാൻ കഴിയും. അതിനൊരു തർക്കവുമില്ല.

ഇനി ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കാം. അദ്ദേഹം ആദ്യം പ്രധാനമായും ക്ഷീര മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഉന്നയിച്ചത്. അതിൽ ആദ്യമായി സൂചിപ്പിക്കേണ്ടത്, അതിൽ നിഷ്കർഷിച്ചിരിക്കുന്ന 500 ലിറ്റർ പാൽ കൊടുക്കുന്നതിനെ ഇവിടെ തർക്കപ്രശ്നമായി ഉന്നയിച്ചു. സബ്ജക്ട് കമ്മിറ്റി ചേർന്നപ്പോൾ അതിനെ സംബന്ധിച്ചുള്ള ഒരു അഭിപ്രായം ബഹുമാനപ്പെട്ട സജീവ് ജോസഫ് എം.എൽ.എ.-യും സബ്ജക്ട് കമ്മിറ്റിയിലെ മറ്റംഗങ്ങളും ചൂണ്ടിക്കാണിച്ചതനുസരിച്ച് അതിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതിൽ '120 ദിവസം 90 ലിറ്റർ പാൽ' എന്നാക്കി ചുരുക്കിയിട്ടുണ്ട്. മാത്രമല്ല, ഇവിടെ ഒരു കാര്യംകൂടിയുണ്ട്. 500 ലിറ്റർ പാൽ എന്നുപറയുമ്പോൾ ഒരു ദിവസം 2.78 ലിറ്റർ പാൽമാത്രമേ വരുന്നുള്ളൂവെന്ന് തിരിച്ചറിയണം. വലിയ അളവ് പറയുന്നതു കേൾക്കുമ്പോൾ ഇത്രയും പാൽ ഉണ്ടാകുമെന്ന് ആളുകൾ വിചാരിക്കും. ഒരു ദിവസം 2.78 ലിറ്റർ പാൽ ഉണ്ടാക്കിയാൽ ഒരു കൃഷിക്കാരന് അവിടെ അംഗത്വം ലഭിക്കും. 120 ദിവസമത്രയും പാൽ അളക്കുകയും വേണം. 500 ലിറ്റർ പാൽ എന്നാണ് മത്സരിക്കാനുള്ള യോഗ്യതയുടെ ഭാഗമായി പറയുന്നത്. അതേസമയം അംഗത്വം ലഭിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഒന്നുകൂടി ലഘൂകരിച്ച് 120 ദിവസത്തിനുള്ളിൽ 90 ലിറ്റർ പാൽ അളക്കുന്ന രൂപത്തിൽ വന്നത്. അപ്പോൾ ആ രൂപത്തിൽ ക്രമീകരിച്ചിട്ടുണ്ട്. അതാണ് അന്ന് ചൂണ്ടിക്കാണിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മറ്റൊന്ന്, എന്തുകൊണ്ടാണ് ടേൺ നിയോഗിക്കുന്നത് എന്നതിനെ സംബന്ധിച്ചാണ്. അത് രാജ്യത്ത് നിലവിലുണ്ട്, ഭരണഘടനാ വിരുദ്ധമല്ല. അതിൽ പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളത് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 2002-ൽ വകുപ്പ് 44 പ്രകാരം ടേൺ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന്റെ ചെയർമാനും വൈസ്ചെയർമാനും ടേം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ രാജ്യത്ത് ഒരു നിയമവുമില്ലെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. നിയമമുണ്ട്, അത് നടപ്പിലായിട്ടുണ്ട്. സർക്കാർ ഇപ്പോൾ ടേം വ്യവസ്ഥ കൊണ്ടുവന്നു. ഡോ. വർഗ്ഗീസ് കുര്യൻ വിഭാവന ചെയ്ത മോഡൽ ബൈലായ്ക്ക് അനുസൃതമായാണ് പാലിന്റെ അളവ് നമ്മൾ നിശ്ചയിച്ചത്. അതുകൊണ്ട് അതിനെ തെറ്റായ രൂപത്തിൽ വ്യാഖ്യാനിക്കരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. 120 ദിവസത്തിനുള്ളിൽ 90 ദിവസം പാൽ അളന്നാൽ അംഗത്വം ലഭിക്കുമെന്ന മാറ്റവും വരുത്തിയുണ്ടെന്ന കാര്യം ഇവിടെ സൂചിപ്പിക്കുന്നു. പിന്നെ അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം, ഫാം ഉടമകൾ മാത്രമാണ് ഇടതുപക്ഷ പ്രതിനിധികളെന്നാണ്. അല്ല, ഇപ്പോഴുള്ള ഇടതുപക്ഷ ജനപ്രതിനിധികളാരും ഫാം ഉടമസ്ഥൻമാരല്ലെന്ന കാര്യം സൂചിപ്പിക്കുകയാണ്. അക്കാര്യം ശ്രീ. സജീവ് ജോസഫാണ് സൂചിപ്പിച്ചത്.

ഈകാര്യത്തിൽ പ്രധാനമായും ചെയർമാൻ സ്ഥാനം പിടിക്കാനോ അല്ലെങ്കിൽ ഭരണം പിടിക്കാനോ എന്ന നിലയിലല്ല. മറിച്ച് മുമ്പ് 35 വർഷംവരെയായ ഭരണ സമിതി അംഗങ്ങൾ മിൽമയിൽ തുടർന്നിരുന്നു. യഥാർത്ഥത്തിൽ അവർക്ക് പാൽ ഉല്പാദിപ്പിക്കുന്ന എരുമയോ പശുവോ ഉണ്ടോയെന്ന് ചോദിച്ചാൽ ഇല്ല. മറ്റുചില സ്ഥലത്തുനിന്നും പാൽ വാങ്ങി പേരിൽവച്ച് കണക്ക് കാണിച്ച് അങ്ങനെ വരുന്ന കൂട്ടരാണ്. ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് യഥാർത്ഥ കൃഷിക്കാരൻ എന്നുള്ളതാണ്. ഇത്രയും പാൽ അളക്കുന്നവർക്ക് ഒരു പശു അല്ലെങ്കിൽ ഒരു എരുമ ഉണ്ടെന്ന് ബോധ്യപ്പെടുത്തണം. ഈ ക്രമമനുസരിച്ച് പാലും അളക്കണം. അങ്ങനെ വരുന്ന ഒരാൾക്കുമാത്രമേ അംഗത്വം ലഭിക്കൂ.

അതോടൊപ്പം ഇതുവരെ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ വനിതകളെ അവഗണിക്കപ്പെട്ടിരുന്നു. നമുക്കെല്ലാം അറിയാവുന്നതുപോലെ സമൂഹത്തിൽ വനിതകളെ എല്ലാ രംഗത്തും തുല്യസ്ഥാനത്തേയ്ക്ക് വളർത്തിക്കൊണ്ടുവരുന്ന 'സമം' പരിപാടിയിലേയ്ക്ക് കടന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 50 ശതമാനം റിസർവേഷൻ ഗവൺമെന്റ് നൽകി. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ വനിതകൾക്ക് ഒരു റിസർവേഷനുണ്ട്. ആ കാര്യത്തിൽ നിഷ്കർച്ചിരിക്കുന്നത് ഒരു ചെയർമാൻ അല്ലെങ്കിൽ വൈസ് ചെയർമാൻ, പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ് ഈ ഒരു പദവിയിലേയ്ക്ക് വനിതകൾ വരണമെന്നാണ്. അതിലെവിടെയാണ് സർക്കാരിന് ദുരുദ്ദേശ്യമുള്ളത്; എവിടെയാണ് സംഘം പിടിക്കാനുള്ള ലക്ഷ്യം? ഒന്നുമല്ല, സദുദ്ദേശത്തോടെയാണ് ആ കാര്യം തീരുമാനിച്ചിരിക്കുന്നത്. അതിലെ ആഡിറ്റുകൾ ഭാവിയിൽ പെർഫോമൻസ് ആഡിറ്റാകണം. അതിലെ ആഡിറ്റുകളിൽ വളരെ കാലതാമസം വരുത്തുന്നു. ധാരാളം കാലം ദീർഘിപ്പിക്കുന്നു. വലിയ രൂപത്തിലുള്ള അരാജകത്വം വരുന്നു. അത് അവസാനിപ്പിക്കാൻ സ്റ്റാറ്റ്യൂട്ടറി ആഡിറ്റും പെർഫോമൻസ് ആഡിറ്റും വേണം. രണ്ടും വേണമെന്നതാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആ കാര്യത്തിലും വ്യക്തത വരുത്തിക്കൊണ്ടുള്ള നീക്കമാണ് നടത്തിയിട്ടുള്ളത്.

മറ്റൊന്ന് നിയമനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഒരു സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഏഴംഗ സമിതിയെ പ്രത്യേകിച്ച് ഗവൺമെന്റ് സെക്രട്ടറിമാരും ഡയറക്ടർമാരുമെല്ലാം ഉൾക്കൊള്ളുന്ന തരത്തിൽ ഇപ്പോൾ കുറ്റമറ്റ രൂപത്തിൽ ഒരു ബോർഡ് രൂപീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഈ രംഗത്ത് യഥാർത്ഥത്തിൽ കസേര പിടിക്കാനല്ല അല്ലെങ്കിൽ ഏതെങ്കിലും സംഘം പിടിക്കാനല്ല, മറിച്ച് യഥാർത്ഥ കൃഷിക്കാരന്റേതായി നമ്മുടെ മിൽമ മാറണം. ആ കാര്യത്തിൽ മലബാർ സംഘത്തിന്റെയും എറണാകുളം കേന്ദ്രീകരിച്ചുള്ള

മേഖലയുടെയും തെരഞ്ഞെടുപ്പ് നടന്നപ്പോൾ എല്ലാ സംഘങ്ങളും ഭൂരിപക്ഷ പ്രമേയം പാസ്സാക്കി. അതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസം കൂടാതെ പാസ്സാക്കി പൊതുവിൽ വന്ന ഒരു സ്ഥിതിയായിരുന്നു അന്ന് ആദ്യത്തെ ഘട്ടത്തിൽ തെരഞ്ഞെടുപ്പിലുണ്ടായത്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും അംഗീകരിക്കുകയാണ്. എന്നാൽ രണ്ട് ടേൺ എന്നുള്ളത് മിൽമയിൽ മാത്രമായി നിജപ്പെടുത്തുന്നതിന് പിന്നിലുള്ള കാര്യം എന്താണ്; അങ്ങനെയാണെങ്കിൽ സഹകരണ സ്ഥാപനങ്ങളിൽ യു.ഡി.എഫ്.-ലും എൽ.ഡി.എഫ്.-ലുമൊക്കെ കാലാകാലങ്ങളായി തുടരുന്നവരുണ്ടല്ലോ; ഇവർക്കുമാത്രമായി നിജപ്പെടുത്താനുള്ള കാരണം എന്താണ്?

ശ്രീ. വി. എൻ. വാസവൻ: സർ, സഹകരണ ആക്ടുമായി ബന്ധപ്പെട്ട മിൽമയെയും ഡി.സി.ബി.-കളെയും മാത്രമാണ് നമ്മൾ എടുത്തത്. അടുത്ത സഭാസമ്മേളനം വരുമ്പോഴേയ്ക്കും സമഗ്ര നിയമഭേദഗതി വരുമെന്നത് കഴിഞ്ഞ സഭയിൽത്തന്നെ ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ഇത് ചർച്ച ചെയ്ത പ്രശ്നമാണ്. അന്നേരം ഞാൻ ഇതിനെക്കുറിച്ച് വിശദീകരിച്ചു. നമ്മുടെ ലക്ഷ്യം ഈ രംഗത്തേയ്ക്ക് ഇത്തരമൊരു മാറ്റം കൊണ്ടുവരണം. ഇത് ഗുജറാത്ത് മോഡലിൽ, ഡോ. വർഗ്ഗീസ് കുര്യന്റെ സംഘങ്ങളിലൊക്കെ നടപ്പിലാക്കി വന്ന കാര്യമാണ്. പല സ്ഥലത്തുനിന്നും വന്നുകൊണ്ടിരിക്കുന്ന ക്രമക്കേടുകൾക്ക് ഒരു മാറ്റമുണ്ടാക്കാൻ അത് സഹായകരമാകും. അതുകൊണ്ട് സമഗ്ര നിയമഭേദഗതി വരുമ്പോൾ അങ്ങ് ഇപ്പോൾ ഉന്നയിച്ച ആശയങ്ങൾ ഉൾപ്പെടുത്തികൊണ്ട് വിപുലവും വിശാലവുമായ രൂപത്തിലേയ്ക്ക് കടക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ സഭയിൽ അന്നുണ്ടായിരുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഓർമ്മിക്കുമെന്ന് തോന്നുന്നു. രണ്ട് ടേം എന്നുള്ള നിലയിൽ അന്ന് കൊണ്ടുവന്നു. അന്ന് സഭയുടെ എല്ലാഭാഗത്തുനിന്നും അത് ഒഴിവാക്കണമെന്ന നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ വിത്ഡ്രോ ചെയ്യുകയാണുണ്ടായത്. വീണ്ടും അതിനെ സംബന്ധിച്ച് ആലോചിക്കേണ്ട ഒരു സന്ദർഭം വന്നിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, അതിന് സമഗ്ര നിയമ ഭേദഗതി വരുമ്പോൾ എല്ലാവരുടേയും സഹായം ആവശ്യമാണ്. ആ സമയത്ത് നിങ്ങളുടെയെല്ലാം ശ്രദ്ധക്ഷണിച്ചുകൊണ്ട് അതിന് വിപുലമായ രൂപത്തിലുള്ള ഒരു ശില്പശാലയും മേഖലാടിസ്ഥാനത്തിലുള്ള സഹകാരികളുടെ സംഗമവുമൊക്കെ ചേർന്ന് അതുസംബന്ധിച്ച അഭിപ്രായം തേടി കുറ്റമറ്റൊരു നിയമം ഈ നിയമസഭയിൽ

സമീപകാല ഭാവിയിൽ അവതരിപ്പിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്. അതിന്റെ കരട് ആയിട്ടുണ്ടെന്ന വിവരവും അറിയിക്കുകയാണ്. ഈ സഭാ സമ്മേളനത്തിൽ എല്ലാംകൂടി പരിഗണിക്കാൻ സമയമില്ലാത്തതിനാലാണ് എടുക്കാത്തത്.

ഇനിയുള്ളത് കേരള ബാങ്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേയ്ക്ക് വരുമ്പോൾ പ്രധാനമായും ഇവിടെ ചൂണ്ടിക്കാണിച്ച ആദ്യത്തെ ഒരു നിയമ പ്രശ്നത്തിന് ഞാൻ അന്ന് മറുപടി പറഞ്ഞതാണ്. കേരള ഹൈക്കോടതിയുടെ വിധി നിൽക്കുമെന്നാണ് ബഹുമാനപ്പെട്ട യു. എ. ലത്തീഫ് സാഹിബ് സൂചിപ്പിക്കുന്നത്. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധിയുടെ അവസാന ഭാഗം ഇങ്ങനെയാണ്, 'However, I direct the respondent to initiate steps to table the bill to replace the ordinance to fulfil the constitutional mandate.' കേരള ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഈ വിധി വന്നതിനെതിരെയാണ് നിങ്ങൾ ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെ പോയത്. ഡിവിഷൻ ബഞ്ചാകട്ടെ ഈ കാര്യത്തിൽ സ്റ്റേ ചെയ്തില്ല, status quo ആണ് പറഞ്ഞത്. നിങ്ങളുടെ ബാങ്കിന്റെ നിലവിലുള്ള ക്രമം തുടരാമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അതിനാൽ ഈ രംഗത്ത് കോടതിയുടെ സ്റ്റേ ഉണ്ടെന്നുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നില്ലെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു കാര്യം, ബാങ്കിംഗ് റെഗുലേഷൻസ് ആക്ടിന്റെ ഭേദഗതി നിലവിൽ വന്നത് 1-4-2021-ലാണ്. എന്നാൽ സഹകരണ ഭേദഗതി ഓർഡിനൻസ് 15-1-2020-ൽ നിലവിൽവന്നു. അതിനാൽ അതിനുശേഷമാണ് ഇത് കൊണ്ടുവന്നതെന്ന വാദവും ശരിയല്ലെന്ന് സൂചിപ്പിക്കുകയാണ്. പിന്നീട് ഇവിടെ ചൂണ്ടിക്കാണിച്ച ചില പ്രശ്നങ്ങൾ, ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടനും ഈ വിഷയത്തിൽ തെറ്റായ ചില സ്റ്റേറ്റ്മെന്റ് നടത്തിയതിനെത്തുടർന്ന് ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ തിരുത്തിയിരുന്നു. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ലെങ്കിലും അത് പറഞ്ഞുപോകേണ്ടതുണ്ട്. ഒന്ന്, സംയോജനംവഴി ഇപ്പോഴും നഷ്ടത്തിൽ ഓടുന്നുവെന്ന അങ്ങയുടെ വാദം ശരിയല്ല, ഈ വർഷത്തെ സ്റ്റേറ്റ്മെന്റ് പരസ്യപ്പെടുത്തി ഞങ്ങൾ പത്രസമ്മേളനം നടത്തിയിരുന്നു. കേരള ബാങ്കിന് 61.99 കോടി രൂപയാണ് ലാഭം. അതേസ്ഥാനത്ത് സി.ആർ.എ.ആർ. (Capital to Risk Assets Ratio)-ന്റെ കാര്യം പറയുമ്പോൾ ആ കാര്യത്തിൽ 400 കോടി രൂപ കൊടുത്തില്ലേയെന്ന് ചോദിച്ചത് ശരിയാണ്. അതിനെ സംബന്ധിച്ച് അങ്ങ് മനസ്സിലാക്കേണ്ടത്, സാധാരണഗതിയിൽ ഗവൺമെന്റ് ബഡ്ജറ്റിൽനിന്ന് ഒരു ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിലേയ്ക്ക് പണം നീക്കിവച്ചാൽ അത് റിട്ടേൺ ആകും. മറിച്ച് ഇത് മൂലധന ചെലവിനുവേണ്ടിയല്ല, എന്നുവച്ചാൽ നിത്യനിദാന

ചെലവിനുവേണ്ടിയല്ല കൊടുക്കുന്നത്. ആ റിട്ടേണുള്ള ഒരു കേസ്സിനുവേണ്ടി പണം നൽകി, നാടൻ ഭാഷയിൽ പറഞ്ഞാൽ പണം എറിഞ്ഞ് പണത്തെ കൊള്ളിക്കുകയെന്നാണ്, റിട്ടേൺ ഉണ്ടാക്കി. സി.ആർ.എ.ആർ.-ന്റേത് സമയത്തിനുള്ളിൽ കൊടുത്തില്ലെങ്കിൽ ആർ.ബി.ഐ. ലൈസൻസ് നൽകുകയില്ല. ആ ലൈസൻസ് കൃത്യമായി വാങ്ങാൻവേണ്ടി സ്വാഭാവികമായും ഗവൺമെന്റിന് കാശ് കൊടുക്കേണ്ടതായിവരും. അങ്ങനെ 400 കോടി രൂപ കൊടുത്തിരുന്നു. അതുകൊണ്ട് ഇപ്പോൾ സി.ആർ.എ.ആർ.-ന്റേതിന് ആർ.ബി.ഐ. ലൈസൻസെല്ലാം തരുന്ന രൂപത്തിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ഏഴേ പോയിന്റ് സംതിങ് അല്ല. 10.18 ആണ് എന്ന കാര്യം സൂചിപ്പിക്കുന്നു. ഇതാണ് നിലവിലെ വസ്തുത.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതുപോലെ എൻ.പി.എ. 40 ശതമാനത്തിലേറെ നിൽക്കുന്നതായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. എന്നാൽ അതല്ല; ഇപ്പോൾ 14.40 ശതമാനമാണ്. മാത്രമല്ല വായ്പകൾ റീ-ഷെഡ്യൂൾ ചെയ്തുവെന്ന് അങ്ങ് സൂചിപ്പിച്ചു. ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിലുള്ള ബാങ്കുകളിലൊന്നും തോന്നുന്നതുപോലെ റീ-ഷെഡ്യൂൾ ചെയ്യാൻ കഴിയില്ല. ആർ.ബി.ഐ.-യുടെ കർശനമായ പരിശോധനകളും അവരുടെ നിർദ്ദേശങ്ങൾ പാലിച്ചും അംഗീകരിച്ചുകൊണ്ടും മാത്രമേ ചെയ്യാൻ കഴിയൂ. അതുകൊണ്ട് ഇത് റീ-ഷെഡ്യൂൾ ചെയ്തുകൊണ്ടാണ് 40 ശതമാനം എന്നത് 14.41 ശതമാനം ആക്കിയതെന്ന ബഹുമാനപ്പെട്ട മെമ്പറുടെ വാദം ശരിയല്ല. അതുതെറ്റാണെന്ന കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചതിന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ മറുപടി പറഞ്ഞു; അത് ഞാൻ ആവർത്തിക്കുന്നില്ല. പി.എസ്.സി.-ക്ക് എന്തുകൊണ്ട് റിപ്പോർട്ട് ചെയ്തില്ലെന്ന് ചോദിച്ചു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. സമീപ ദിവസങ്ങളിൽ അഡ്വൈർട്ടൈസ്മെന്റ് വരും. അത്രയും കാര്യങ്ങളിലേയ്ക്ക് നീങ്ങിക്കഴിഞ്ഞുവെന്ന കാര്യം അറിയിക്കുകയാണ്. മലപ്പുറം ബാങ്കിന് കോർബാങ്കിംഗ്, നെറ്റ് ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, RTGS, NEFT തുടങ്ങിയ സൗകര്യങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട ശ്രീ. യു. എ. ലത്തീഫ് ഉൾപ്പെടെയുള്ളവർ സൂചിപ്പിച്ചിരുന്നു. ഞാൻ അത് സമ്മതിക്കുന്നു; പക്ഷേ അത് സ്വന്തമാണോ? അഞ്ച് കോടി രൂപ ആക്സിസ് ബാങ്കിൽ അല്ലെങ്കിൽ മറ്റൊരു ബാങ്കിൽ നിക്ഷേപിച്ചാൽ അവർ നമുക്കുവേണ്ടി ഈ സൗകര്യങ്ങളെല്ലാം ഒരുക്കിത്തരും. അങ്ങനെ ചെയ്യുന്ന ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ കേരളത്തിലുണ്ടായിരുന്നു. ഈ പറയുന്ന ഇന്റർനെറ്റ് ബാങ്കിംഗ്, നെറ്റ് ബാങ്കിംഗ്, എ.ടി.എം., RTGS, NEFT തുടങ്ങിയവയെല്ലാം കേരള ബാങ്കിന് സ്വന്തമാകുന്ന

പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ആ ഐ.ടി. ഇന്റഗ്രേഷന്റെ കിക്ക് ഓഫ് കഴിഞ്ഞ ദിവസം കൊച്ചിയിൽ നടന്നുവെന്ന യാഥാർത്ഥ്യംകൂടി അങ്ങയെ അറിയിക്കുകയാണ്. സമീപകാല ഭാവിൽ ഇത് യാഥാർത്ഥ്യമാകും. അതുകൊണ്ട് ആ പ്രശ്നങ്ങൾ അവശേഷിക്കുന്നില്ല.

പ്രാഥമിക ബാങ്കുകളുടെ ഇന്റഗ്രേഷൻ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിച്ചു. അതിന്റെ അവസാനഘട്ടത്തിലെത്തി നിൽക്കുന്നുവെന്ന കാര്യംകൂടി ഇപ്പോൾ ഇവിടെ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് ഈ വിഷയത്തിൽ സൂചിപ്പിച്ച അടിസ്ഥാനപരമായ വസ്തുതകൾ തിരുത്തുന്നു. ശരിയായ രൂപത്തിലെടുക്കുമ്പോൾ ലാഭത്തിലെത്തിയിരിക്കുന്നു, ഇത് കുറച്ചുകൊണ്ടു വന്നിരിക്കുന്നു, ബിസിനസ് രംഗത്ത് പുരോഗതി വന്നിരിക്കുന്നു. അതിനെക്കാളെല്ലാമുപരി അങ്ങയോട് വിനയപൂർവ്വം അറിയിക്കാനുള്ള ഒരു കാര്യം, 769 ശാഖകൾക്കും ആർ.ബി.ഐ.-യുടെ ലൈസൻസ് ലഭിച്ചിരിക്കുന്നു. അതൊരു ചെറിയ കാര്യമല്ല. ആ രീതിയിലേയ്ക്ക് കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രൂപത്തിൽത്തന്നെ മുന്നോട്ടുവന്നിരിക്കുന്നു. കേരള ബാങ്കും സഹകരണ മേഖലയും വായ്പ നൽകിയിട്ടുള്ളത് റബ്കോയ്ക്ക് മാത്രമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. അങ്ങ് ഒരു കാര്യം വിട്ടുപോയി, അങ്ങയുടെ മുന്നിലുള്ള റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും വായ്പ നൽകിയിട്ടുണ്ട്. അതിനെക്കുറിച്ച് എന്തുകൊണ്ടാണ് പറയാതിരുന്നത്? അഗ്രീൻകോയ്ക്ക് നൽകിയിട്ടുണ്ട്. എവിടെയെത്തി അവയെല്ലാം? അഗ്രീൻകോ കടലാസ് സംഘമായിപ്പോയി. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇപ്പോൾ ഫംഗ്ഷൻ ചെയ്യുന്നുണ്ടെന്ന് വിചാരിക്കാം. അതിൽ ഒരു രൂപപോലും തിരിച്ചടച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. അതിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അദ്ദേഹം പറയാതിരുന്നൊരു കാര്യം ഞാൻ കൂട്ടിച്ചേർത്തുവെന്നേയുള്ളൂ. അതുകൊണ്ട് അവർക്കുമാത്രമായി നൽകി ഇക്കാര്യങ്ങൾ നിർവ്വഹിച്ചുവെന്ന് പറയുന്നത് യാഥാർത്ഥ്യമല്ല.

ആർ.ബി.ഐ.-യുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് യഥാർത്ഥത്തിൽ ബോർഡും ലോഗോയും സ്ഥാപിച്ചിട്ടുള്ളത്. ആർ.ബി.ഐ. പ്രത്യേകം നിർദ്ദേശം നല്കിയിരുന്നു. പിന്നെ പ്രാഥമിക സംഘങ്ങളുടെ ജീവനക്കാർക്ക് കെ.എസ്.സി.ബി. (കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്)-യിൽ സംവരണം അനുവദിച്ചിട്ടുണ്ട്. നിയമനം നടത്താൻ പി.എസ്.സി.-യെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. കെ.വൈ.സി. നോംസ് എല്ലാ ബാങ്കുകൾക്കും ബാധകമാണ്. ഡി.സി.ബി. (ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്)-യെ ഒഴിവാക്കിയിട്ടില്ല. അതുപോലെ കെ.എസ്.സി.ബി. രണ്ട് വർഷങ്ങളിലും, ഈ ഒരു വർഷം മാത്രമല്ല കഴിഞ്ഞ വർഷവും, ലാഭത്തിലാണെന്ന് അറിയിക്കുകയാണ്. പുതിയ ഓഫീസ് ആരംഭിച്ചുവെന്ന്

പറഞ്ഞിരുന്നു; അത് ആരംഭിച്ചിട്ടില്ല. സി.ബി.എസ്. ഉടൻ നടപ്പാക്കുന്നതാണ്. ഐ.ടി. ഇന്റഗ്രേഷനെക്കുറിച്ച് ഞാൻ പറഞ്ഞു. ആർ.ബി.ഐ. നിർദ്ദേശ പ്രകാരം കൂടുതൽ ലോൺ അനുവദിക്കാൻ കൂടുതൽ ഷെയർ ഇൻഫ്യൂസ് ചെയ്യേണ്ടിവരും. നഷ്ടം നികത്തുന്നതിനല്ല ഷെയർ ഇൻഫ്യൂസ് ചെയ്യുന്നത്. അതുകൂടി തിരിച്ചറിയണമെന്ന കാര്യം സൂചിപ്പിക്കുകയാണ്.

ഇനിയൊരു സന്തോഷ വാർത്തകൂടി അറിയിക്കാം. അതുകൂടി കേൾക്കുമ്പോഴാണ് നിങ്ങൾക്ക് മനസ്സിലാകുക. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബ് സംസ്ഥാനത്ത് ജില്ലാ ബാങ്കുകളുടെ ലയനത്തിന് പഞ്ചാബ് സ്റ്റേറ്റ് ബാങ്കിന് അനുവാദം നൽകിയപ്പോൾ ആർ.ബി.ഐ. കേരള രേഖകളെടുത്ത് ഒരു രേഖ ഇറക്കിയിരിക്കുന്നു. ഇപ്പോൾ ജില്ലാ ബാങ്കുകൾ ലയിപ്പിക്കുന്നതിനുള്ള എസ്.ഒ.ആർ., ആർ.ബി.ഐ. ഇറക്കിയിട്ടുണ്ട്. കേരളത്തിന്റെ മോഡൽ അവർ തേടിവന്ന് വാങ്ങുകയും ചെയ്തു. അപ്പോൾ കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിൽ ഇത് ബാധകമാക്കാനായി ഇക്കാര്യങ്ങളിലേയ്ക്ക് പോയിരിക്കുന്നു എന്നതാണ് വസ്തുത. കേരള ബാങ്കിനെ ക്വാട്ട് ചെയ്തും കേരളത്തെ ക്വാട്ട് ചെയ്തും സർക്കുലർ ഇറക്കുന്നത് നമുക്ക് അഭിമാനമല്ലേ; അതോ അപമാനമാണോ? അതുകൊണ്ട് ഇക്കാര്യത്തെ മറ്റൊരു തലത്തിലെടുക്കരുത്. രണ്ട് കാര്യത്തിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ വന്നിട്ടുള്ള, ഈ വിഷയത്തിൽത്തന്നെ സഹകാരികളുടെ ധാരാളം കേസുകൾ ഹൈക്കോടതിയിൽ വന്നു. ഇത്തരത്തിൽ കാര്യങ്ങൾ നടത്താനായി ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമ ഭേദഗതി. അപ്പോൾ ആ വാദം നിലനിൽക്കില്ല. രണ്ടാമതായി, മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ കാര്യംസംബന്ധിച്ച് ഞാൻ കഴിഞ്ഞ നിയമസഭയിൽത്തന്നെ പറഞ്ഞതാണ്. നമ്മുടെ അഞ്ച് ബാങ്കുകൾ അങ്ങനെ പാസ്സാക്കിയിരുന്നു, അതിനുശേഷം 21 കേസ് ഹൈക്കോടതിയിൽ വന്നു. ബഹുമാനപ്പെട്ട കോടതി അത് ശരിവയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് സിംഗിൾ മെജോരിറ്റിയിൽ കാര്യങ്ങൾ നടന്നത്. പൊതുവിൽ ഇവിടെ ചർച്ചയിലുയർത്തിയ പ്രശ്നങ്ങളിതാണ്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, പാൽ നല്ല നിലയിൽ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവന്ന്, അതിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം, വിപണനം ഇതെല്ലാം ഭംഗിയായി നടത്താൻ വേണ്ടിയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത് എന്നാണ്. അതിന് മറ്റൊരു ദുരുദ്ദേശ്യവുമില്ല. അതുകൊണ്ട് അതിനെ ആ രീതിയിൽ കാണരുത്. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം' എന്നുപറഞ്ഞതുപോലെ ദുരുദ്ദേശ്യത്തോടുകൂടി ചില സൂചനകൾ പറഞ്ഞത് നിലനിൽക്കില്ലെന്നകാര്യം കൂടി പറഞ്ഞ് ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ ......

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following amendment:

147. In section 2(ac) and 2(pa) proposed to be inserted in the principal Act by Clause 2(i) and 2(iii) respectively shall be recast as follows:

(i) "(ac) Anand Pattern Milk Co-operative Society" means a Primary Dairy Co-operative Society, otherwise known as 'Ksheerolpadaka Sahakarana Sangham', registered on or after the 1st day of January 1980, and functioning as per the model bye-laws of Anand Pattern, with the principal objective of procurement and marketing of milk and milk products and pouring marketable surplus of milk to the Regional Co-operative Milk Producers' Union and for providing inputs to the dairy farmers, within the area of operation of the society;"

(ii) "(pa) "Recruitment Committees" means the committees constituted under section 80BB of this Act;"

Shri Manjalamkuzhi Ali: Sir, I move the following amendments:

157. In section 2(ac) proposed to be inserted in the principal Act by Clause 2(i) after the words "objective of" the words "promoting production" shall be inserted.

182. In Section 2(ac)proposed to be inserted in the principal Act by Clause 2(i) after the word "farmers" the words "and to build up viable dairy industry in the state" shall be inserted.

Smt. K. K. Rema: Sir, I move the following amendments:

164. In section 2(ac) proposed to be inserted in the principal Act by Clause 2(i) after the word "chilling" the symbol and words "and processing of milk, production of milk products and" shall be inserted.

172. In section 2(ac), proposed to be inserted in the principal Act, by Clause 2(i), after the word "operation" the symbol and words "as specified in the bye-laws" shall be inserted.

226. The proviso to section 2 (ia) proposed to be substituted in the principal Act by Clause 2(ii) shall be deleted.

248. In section 2(pb) proposed to be inserted in the principal Act by Clause 2(iii) after the word "processing" the symbol and words "of milk, production of milk products" shall be inserted.

Shri P. Abdul Hameed: Sir, I move the following amendments:

166. In section 2(ac) proposed to be inserted in the principal Act by Clause 2(i) for the words "milk and milk products" the words "milk and related products" shall be substituted.

183. In Section 2(ac)proposed to be inserted in the principal Act by Clause 2(i) the symbol ";"occuring after the word "Farmers" shall be deleted.

201. In section 2(ia) proposed to be substituted in the principal Act by Clause 2 (ii) for the word "object" the word "aim" shall be substituted.

221. In Section 2(ia) proposed to be substituted in the principal Act by Clause 2(ii), for the word "existed" the word "survive" shall be substituted.

222. In Section 2(ia) proposed to be substituted in the principal Act by Clause 2(ii) before "74H" the symbol "," shall be inserted.

223. In Section 2(ia) proposed to be substituted in the principal Act by Clause 2(ii), for the word "ceased" the word "halt" shall be substituted.

231. In the proviso to section 2 (ia) proposed to be substituted in the principal Act by Clause 2(ii) the symbol ";" shall be deleted.

237. In section 2(pa) proposed to be inserted in the principal Act by Clause 2(iii) after the word "means" the symbol", " shall be inserted.

238. In section 2(pa) proposed to be inserted in the principal Act by Clause 2(iii) before the word "80BB" the symbol " , " shall be inserted.

258. In section 2(pb) proposed to be inserted in the principal Act by Clause 2 (iii) the word "revenue" shall be deleted.

Smt. Daleema: Sir, I move the following amendment:

167. In section 2(ac), proposed to be inserted in the principal Act, by Clause 2(i), before the words "milk products" the words "procurement or production and marketing of" shall be inserted.

Shri P. Ubaidulla: Sir, I move the following amendments:

194. In Section 2 (ia) proposed to be substituted in the principal Act by Clause 2(ii) for the words "Primary Agricultural Credit Societies Urban Co-op Banks" the words "any type of Primary Societies and Federal and Central Societies" shall be substituted.

198.In section 2(ia) proposed to be substituted in the principal Act by Clause 2 (ii) after the words "Urban-Co-operative Banks" the words "other commercial and marketing societies" shall be inserted.

209. In section 2(ia) proposed to be substituted in the principal Act by Clause 2(ii), for the word "raise" the word "collect" shall be substituted.

219. In Section 2(ia) proposed to be substituted in the principal Act by Clause 2(ii) for the words "or associate members" the word "and associate members" shall be substituted.

220. In Section 2(ia) proposed to be substituted in the principal Act by Clause 2(ii), after the words "associate members" the words "and institutions"shall be instered.

227. In the proviso to section 2 (ia) proposed to be substituted in the principal Act by Clause 2(ii) the words "it shall continue as such for a period of two years from the date of commencement of the Kerala Co-operative Societies (Amendment) Act 2021." shall be deleted.

244. In section 2(pa) proposed to be inserted in the principal Act by Clause 2(iii) after the word "Regional" the word "and rural" shall be inserted.

Shri U. A. Latheef: Sir, I move the following amendment:

199. In section 2(ia) proposed to be substituted in the principal Act by Clause 2 (ii) after the words "Urban-Co-operative Banks" the words "except Malappuram District Co -operative Bank" shall be inserted.

Shri K. U. Jenish Kumar: Sir, I move the following amendment:

257. In section 2(pb) proposed to be inserted in the principal Act by Clause 2 (iii) the words "comprising two or more revenue districts" shall be deleted.

Shri A. N. Shamseer: Sir, I move the following amendment:

259. In section 2(pb) proposed to be inserted in the principal Act by Clause 2 (iii), shall be recast as follows:

"(pb) "Regional Co-operative Milk Producers' Union" is a central society having Anand Pattern Primary Dairy Co-operative Societies as their members with the principal objective of procurement, processing and marketing of milk or production and marketing of milk products within its area of operation"

Dr. Mathew Kuzhalnadan: Sir, I move the following amendment:

260. In section 2(pb) proposed to be inserted in the principal Act by Clause 2 (iii), shall be recast as follows:

"Regional Cooperative Milk producers union is a central society having Primary Dairy cooperative societies otherwise known as ksherolpadaka sahakarana sangham as their members with the principal objective of undertaking procurement, processing and marketing of Milk and Milk products and to provide technical financial and production input assistance to their member societies and dairy farmers with in their area of operation"

(സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, മോൻസ് ജോസഫ്, മഞ്ഞളാംകുഴി അലി, രമേശ് ചെന്നിത്തല, റോജി എം. ജോൺ, ടി. വി. ഇബ്രാഹിം, ടി. സിദ്ദിഖ്, പി. സി. വിഷ്ണുനാഥ്, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, ടി. പി. രാമകൃഷ്ണൻ, പി. കെ. ബഷീർ, എം. വിൻസെന്റ്, പി. ടി. തോമസ്, സി. ആർ. മഹേഷ്, കെ. ബാബു (നെന്മാറ), സി. കെ. ഹരീന്ദ്രൻ, ഡോ. എം. കെ. മുനീർ, ഡോ. എൻ. ജയരാജ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 149, 150 എന്നീ നമ്പർ ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും 152, 153 എന്നീ നമ്പർ ഭേദഗതികൾ 151-ാം നമ്പർ ഭേദഗതിക്കും 161-ാം നമ്പർ ഭേദഗതി 160-ാം നമ്പർ ഭേദഗതിക്കും 169, 170 എന്നീ നമ്പർ ഭേദഗതികൾ 171-ാം നമ്പർ ഭേദഗതിക്കും 175, 176 എന്നീ നമ്പർ ഭേദഗതികൾ 174-ാം നമ്പർ ഭേദഗതിക്കും 178, 179 എന്നീ നമ്പർ ഭേദഗതികൾ 177-ാം നമ്പർ ഭേദഗതിക്കും 188-ാം നമ്പർ ഭേദഗതി 187-ാം നമ്പർ ഭേദഗതിക്കും 192, 193 എന്നീ നമ്പർ ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും 196, 197 എന്നീ നമ്പർ ഭേദഗതികൾ 195-ാം നമ്പർ ഭേദഗതിക്കും 203, 204 എന്നീ നമ്പർ ഭേദഗതികൾ 202-ാം നമ്പർ ഭേദഗതിക്കും 205, 207,208 എന്നീ നമ്പർ ഭേദഗതികൾ 206-ാം നമ്പർ ഭേദഗതിക്കും 211, 212, 214 എന്നീ നമ്പർ ഭേദഗതികൾ 213-ാം നമ്പർ ഭേദഗതിക്കും 216, 218 എന്നീ നമ്പർ ഭേദഗതികൾ 217-ാം നമ്പർ ഭേദഗതിക്കും 225-ാം നമ്പർ ഭേദഗതി 226-ാം നമ്പർ ഭേദഗതിക്കും 240, 241 എന്നീ നമ്പർ ഭേദഗതികൾ 239-ാം നമ്പർ ഭേദഗതിക്കും 242-ാം നമ്പർ ഭേദഗതി 243-ാം നമ്പർ ഭേദഗതിക്കും 254, 255 എന്നീ നമ്പർ ഭേദഗതികൾ 256-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 147-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 157, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 164, 172, 226, 248 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 166, 183, 201, 221, 222, 223, 231, 237, 238, 258 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 194, 198, 209, 219, 220, 227, 244 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

2.00 PM]

മൂന്നാം വകുപ്പ്

Shri P. Abdul Hameed : Sir, I move the following amendment.

263. In section 8A(4) proposed to be added in the principal Act by Clause 3, for the word " contained" the word " included" shall be substituted.

Shri P. Ubaidulla :Sir, I move the following amendments.

264.In section 8A(4) proposed to be added in the principal Act by Clause 3, for the words " in this Act" the words " in the provisions of this Act" shall be substituted.

265. In section 8A(4) proposed to be added in the principal Act by Clause 3, for the word " rules" the word " Rules" shall be substituted.

267. In section 8A(4) proposed to be added in the principal Act by Clause 3, after the word " Regional" the word " Rural shall be inserted.

271.In Section 8A(4) proposed to be added in the principal Act by Clause 3, for the words " the area of operation" the word " jurisdiction shall be substituted.

Shri Manjalamkuzhi Ali :Sir, I move the following amendment.

268. In section 8A(4) proposed to be added in the principal Act by Clause 3, (i) for the word " milk" the words " promotingproduction," shall be substituted.

(ii) after the word " sales" the words " of milk" shall be inserted.

Shri O. R. Kelu :Sir, I move the following amendment.

269. In section 8A(4) proposed to be added in the principal Act by Clause 3, for the words " milk procurement and sales" the words and symbols " procurement, processing and marketing of milk or production and marketing of milk products" shall be substituted.

<u>Smt. K. K. Rema</u> :Sir, I move the following amendment.

270. In Section 8A(4) proposed to be added in the principal Act by Clause 3, after the word " procurement" the symbol & words " ,production of by products" shall be inserted.

<u>Shri A. K. M. Ashraf</u> :Sir, I move the following amendment.

272.In Section 8A(4) proposed to be added in the principal Act by Clause 3, for the words " area of operation" the word " jurisdiction" shall be substituted.

സർവ്വശ്രീ ടി. ജെ. വിനോദ്, മോൻസ് ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, ഷാഫി പറമ്പിൽ, എ. പി. അനിൽകുമാർ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.

<u>മി. സ്പീക്കർ</u>:273, 274 എന്നീ നമ്പർ ഭേദഗതികൾ 272-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 264, 265, 267, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following official amendment.

278.In the fifth proviso to Section 16(1) proposed to be inserted in the principal Act by Clause 4, shall be recast as follows:" Provided also that in the case of Anand Pattern Milk Co-operative Societies, no dairy farmers other than those who own one or more milch cows or buffaloes and residing within the area of operation of the society or running dairy farms in their own land or in leased land within the area of operation of the society and pouring milk not less than ninety days within a period of one hundred and twenty days in a year to the society, shall be admitted as members"

Shri P. Abdul Hameed :Sir, I move the following amendments.

279. In the fifth proviso to Section 16(1) proposed to be inserted in the principal Act by Clause 4, the symbol " , " after the words " Anand Pattern Milk Co-operative Societies" shall be deleted.

280.In the fifth proviso to Section 16(1) proposed to be inserted in the principal Act by Clause 4, the word " milch " shall be deleted.

Shri K. P. Kunhammed Kutti Master : Sir, I move the following amendment.

283.In the fifth proviso to Section 16(1) proposed to be inserted in the principal Act by Clause 4, for the word " poured" the word " sells" shall be substituted.

Shri K. P. A. Majeed :Sir, I move the following amendment.

285.In the fifth proviso to Section 16(1) proposed to be inserted in the principal Act by Clause 4, for the words " five hundred " the words " four hundred" shall be substituted.

Shri P. Mammikutty :Sir, I move the following amendment.

289. In the fifth proviso to section 16(1) proposed to be inserted in the principal Act by Clause 4 for the words " for a period of" the words " in not less than" shall be substituted.

Shri P. Ubaidulla :Sir, I move the following amendment.

290. In the fifth proviso to section 16(1) proposed to be inserted in the principal Act by Clause 4 for the words " one hundred and eighty days" the words " six months" shall be substituted.

Shri Sebastian Kulathunkal :Sir, I move the following amendment.

296. In the Fifth proviso to section 16(1) proposed to be inserted in the principal Act by Clause 4, for the words " One hundred and eighty" the words " Two hundred" shall be substituted.

Smt. K. K. Rema :Sir, I move the following amendment.

299. In the Fifth proviso to section 16(1) proposed to be inserted in the principal Act by Clause 4, after the word " members" the words " on their written request" shall be inserted.

(സർവ്വശ്രീ സി. എച്ച്. കുഞ്ഞമ്പു, രമേശ് ചെന്നിത്തല, കെ. പി. എ. മജീദ്, നജീബ് കാന്തപുരം, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, ടി. ഐ. മധുസൂദനൻ, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 286, 287, 288 എന്നീ നമ്പർ ഭേദഗതികൾ 285-ാം നമ്പർ ഭേദഗതിക്കും 293, 294 എന്നീ നമ്പർ ഭേദഗതികൾ 292-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ അവതരിപ്പിച്ച 278-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 278-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 279, 280 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following official amendment.

303.Section 16 B(1)(b) and section 16 B(2) proposed to be inserted in the principal Act by Clause 5 is recast as follows:

(i) " (b) is not owning at least one milch cow or buffalo, by rearing them in a cattle shed or in a farm set up either in his/her own land or in a leased land, within the area of coperation of the society.

(ii) (2) Only an active member referred to in sub-section (1) shall be eligible to become a member of the committee of an Anand Pattern Milk Co-operative Society and to continue as a member of such committee."

Shri P. Ubaidulla : Sir, I move the following amendments.

305.In section 16 B(1) proposed to be inserted in the principal Act by Clause 5 the word " active" shall be deleted.

319.In section 16B(1) (a) proposed to be inserted in the principal Act by Clause 5 for the words " one hundred and eighty days" the words " six months" shall be substituted.

321.In section 16B(1) (a) proposed to be inserted in the principal Act by Clause 5 for the words " twelve months" the words " the year" shall be substituted.

Shri D. K. Murali : Sir, I move the following amendment.

307.In section 16 B(1) (a) proposed to be inserted in the principal Act by Clause 5 for the word " pouring" the word " selling" shall be substituted.

Smt. K. K. Rema :Sir, I move the following amendments.

308. In section 16 B(1) (a) proposed to be inserted in the principal Act by Clause 5 for the word " five" the word " three" shall be substituted.

323.In section 16B(1)(b) proposed to be inserted in the principal Act by Clause 5, the words " in a cattle shed" shall be deleted.

Shri Murali Perunelly :Sir, I move the following amendment.

314.In section 16B(1) (a) proposed to be inserted in the principal Act by Clause 5 for the word " for" the words " is not less than" shall be substituted.

Shri K. P. A. Majeed : Sir, I move the following amendment.

315.In section 16B(1) (a) proposed to be inserted in the principal Act by Clause 5 for the words " one hundred and eighty" the words " one hundred and twenty" shall be substituted.

Dr. M. K. Muneer : Sir, I move the following amendment.

316.In section 16B(1) (a) proposed to be inserted in the principal Act by Clause 5 for the words " one hundred and eighty" the words " one hundred and twenty" shall be substituted.

Shri Sebastian Kulathunkal: Sir, I move the following amendment.

320.In section 16B(1) (a) proposed to be inserted in the principal Act by Clause 5 for the words " one hundred and eighty" the words " two hundred" shall be substituted.

Shri Saneeshkumar Joseph: Sir, I move the following amendment.

322. Section 16B(1) (a) proposed to be inserted in the principal Act by Clause 5 shall be recast as follows: " (a) is not pouring milk not less than 200 litres to the society for ninety days during the preceding twelve months"

Shri Manjalamkuzhi Ali :Sir, I move the following amendments.

327.In section 16B(1) proposed to be inserted in the principal Act by Clause 5, following proviso shall be inserted; " provided the death or loss of milch cow or buffalo during the year is the reason for not satisfying the conditions specified in the clause, it shall not be considered for ceasing his/her eligibility as an active member"

336. In Section 16B(2) proposed to be inserted in the principal Act by Clause 5 for the words " managing committee" the word " Managing Committee" shall be substituted wherever it occurs.

Shri P. Abdul Hameed :Sir, I move the following amendment.

335.In Section 16B(2) proposed to be inserted in the principal Act by Clause 5 insert the symbol " ," before the word " managing committee" wherever it occurs.

Shri A. Prabhakaran :Sir, I move the following amendment.

337. In Section 16B(2) proposed to be inserted in the principal Act by Clause 5 for the word " and" the word " or" shall be substituted.

(സർവ്വശ്രീ മോൻസ് ജോസഫ്, രമേശ് ചെന്നിത്തല, റോജി എം. ജോൺ, കെ. ബാബു (തൃപ്പൂണിത്തുറ), പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 309, 310, 311 എന്നീ നമ്പർ ഭേദഗതികൾ 312-ാം നമ്പർ ഭേദഗതിക്കും 317-ാം നമ്പർ ഭേദഗതി 316-ാം നമ്പർ ഭേദഗതിക്കും 329, 330, 332 എന്നീ നമ്പർ ഭേദഗതികൾ 328-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ അവതരിപ്പിച്ച 303-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ 303-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 305, 319, 321 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 308, 323 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ് കുമാർ ജോസഫ് അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 327, 336 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following official amendment.

338. In Clause 6, (i) In section 28(6) the words and symbols

“ Notwithstanding anything contained in this Act or rules made thereunder or bye-laws of a Regional Co-operative Milk Producers' Union,” the words and symbols “ Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union or in any other law, Judgement or Decree or Orders of any court or Tribunal for the time being in force,” shall be substituted.

(ii) Section 28(7) and 28(7)(a) shall be recast as follows: “ (7) Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union or in any other law, judgement or Decree or Orders of any court or Tribunal, for the time being in force, the President of an Anand Pattern Milk Co-operative Society, which is a member of the Regional Co-operative Milk Producers' Union shall be eligible to contest the elections to the committee of the Regional Co-operative Milk Producers' Union and hold office as a member of the committee of the Regional Co-operative Milk Producers' Union, only if the Anand Pattern Milk co-operative Society to which he/she belongs, satisfies the following conditions, namely:-

(a) the society is placed in audit classification A or B, as prescribed, during the last audit conducted; and” .

(iii) In section 28(8) the words and symbol “ Notwithstanding anything contained in this Act or rules made thereunder,” the words and symbols “ Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union or in any other law, Judgement or Decree or Orders of any court or Tribunal, for the time being in force,” shall be substituted.

Shri N. A. Nellikkunnu:Sir, I move the following amendment.

362.In section 28(6) proposed to be inserted in the principal Act by Clause 6, for the words “ three terms or fifteen years” the words “ four terms or twenty years” shall be substituted.

Shri K. D. Prasenan :Sir, I move the following amendment.

368.In the first proviso to section 28(6), proposed to be inserted in the principal Act by Clause 6, for the words and symbols " (Amendment)" the words and symbols " (Second Amendment)" shall be substituted.

Shri A. K. M. Ashraf :Sir, I move the following amendment.

369.The second proviso to section 28(6), proposed to be inserted in the principal Act by Clause 6 shall be deleted.

Smt. U. Prathibha :Sir, I move the following amendments.

376.Section 28(7), proposed to be inserted in the principal Act by Clause 6, the word " only" shall be deleted.

384.In section 28(7) (b), proposed to be inserted in the principal Act by Clause 6 the words " committee of the", shall be deleted.

Shri Manjalamkuzhi Ali :Sir, I move the following amendments.

379.In section 28(7) (a) proposed to be inserted in the principal Act by Clause 6 for the word " audit" , the words " Annual Performance Audit" shall be substituted.

382.In section 28(7) (b) proposed to be inserted by the principal Act by Clause 6 for the word " Producers" , the word and symbol " Producers' " shall be substituted.

393.In section 28(8) proposed to be inserted in the principal Act by Clause 6, the words " managing committee" the words " Managing Committee" shall be substituted.

Shri M. Rajagopalan :Sir, I move the following amendment.

380.In section 28(7) (a) proposed to be inserted in the principal Act by Clause 6, for the word " and" , the word" or" shall be substituted.

Shri I. B. Satheesh :Sir, I move the following amendment.

389.In the proviso to section 28(7)(b) proposed to be inserted in the principal Act by Clause 6, the words " to Anand Patternmodel bye laws" shall be deleted.

Shri Sebastian Kulathunkal :Sir, I move the following amendment.

390.In the proviso to section 28(7)(b) proposed to be inserted in the principal Act by Clause 6, after the words " Anand Pattern" the words " Milk Co-operative Societies" shall be inserted wherever it occurs.

Shri P. P. Sumod :Sir, I move the following amendment.

397. In section 28(8) proposed to be inserted in the principal Act, by Clause 6, for the word " Societies" the word " Society" shall be substituted.

(സർവ്വശ്രീ മോൻസ് ജോസഫ്, രമേശ് ചെന്നിത്തല, എം. നൗഷാദ്, ടി. സിദ്ദിഖ്, എ. രാജ, കെ. കെ. രാമചന്ദ്രൻ, ജി. സ്റ്റീഫൻ, പി. വി. ശ്രീനിജിൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എൻ. ജയരാജ്, ശ്രീമതി ശാന്തകുമാരി കെ. എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 340 മുതൽ 359 വരെയുള്ള ഭേദഗതികൾ 339-ാം നമ്പർ ഭേദഗതിക്കും 363, 364 എന്നീ നമ്പർ ഭേദഗതികൾ 362-ാം നമ്പർ ഭേദഗതിക്കും 370, 371 എന്നീ നമ്പർ ഭേദഗതികൾ 369-ാം നമ്പർ ഭേദഗതിക്കും 374-ാം നമ്പർ ഭേദഗതി 373-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ അവതരിപ്പിച്ച 338-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ 338-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 376, 384 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 379, 382, 393 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following official amendment.

398. In Clause7:- (i) In Section 28AB(3) for the words and symbol " Notwithstanding anything contained in this Act or rules made thereunder or the bye-laws of a Regional Co-operative Milk Producers' Union," the words and symbols " Notwithstanding anything contained in this Act or

the rules made thereunder or the bye-laws of a Regional Co-operative milk Producers' Union or in any other law, Judgement or Decree or Orders of any court or Tribunal, for the time being in force," shall be substituted.

(ii) the words " and its apex society" shall be omitted.

(iii) Section 28AB(4) Shall be recast as follows: " (4) Notwithstanding anything contained in this Act or the rules made thereunder or the bye-laws of an Anand Pattern Milk Co-operative Society or in any other law, Judgement or Decree or Orders of any court or Tribunal, for the time being in force, either the President or the Vice President of Anand Pattern Milk Co-operative Societies shall be women members"

Shri Saneeshkumar Joseph:Sir, I move the following amendment.

399. Section 28AB(3) proposed to be added in the principal Act by Clause 7 shall be deleted.

Shri K. V. Sumesh :Sir, I move the following amendments.

404. In section 28AB(3) proposed to be added in the principal Act by Clause 7 for the words " President of an Anand pattern Milk Co-operative Society" the word " one" shall be substituted.

406. In section 28AB(3) proposed to be added in the principal Act by Clause 7 for the word " and" the word " or" shall be substituted.

Shri N. A. Nellikkunnu :Sir, I move the following amendment.

411. In section 28AB(3) proposed to be inserted in the principal Act by Clause 7 the words " whether in full or in part" shall be deleted.

(സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, എ. സി. മൊയ്തീൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 400, 401, 402, 403 എന്നീ നമ്പർ ഭേദഗതികൾ 399-ാം നമ്പർ ഭേദഗതിക്കും 408, 409, 410 എന്നീ നമ്പർ ഭേദഗതികൾ 407-ാം നമ്പർ ഭേദഗതിക്കും 412, 413 എന്നീ നമ്പർ ഭേദഗതികൾ 411-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ അവതരിപ്പിച്ച 398-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ 398-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ് കുമാർ ജോസഫ് അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 404, 406 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following official amendment.

417. In section 64(13) proposed to be inserted in the principal Act, by Clause 8 the following sub-section may be substituted, namely:-" (13) Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union and apex society, Annual Performance audit in Regional co-operative milk Producers' Union and its apex society shall be conducted

for every financial year, in the prescribed manner, by engaging person/s from among the panel of experienced person/s in dairy industry, recommended by the apex society and approved by theFunctional registrar of Dairy Co-operatives."

Shri P. Abdul Hameed : Sir, I move the following amendment.

418. In section 64(13) proposed to be added in the principal Act by Clause 8, insert the symbol " ," after the word " producers"

Shri Manjalamkuzhi Ali : Sir, I move the following amendments.

423. In section 64(13) proposed to be added in the principal Act by clause 8 after the words " experience in" , the words " the audit matters in connection with the" shall be inserted.

425. In section 64(13) proposed to be added in the principal Act by clause 8 for the words and symbol " Registrar of Dairy Co-operatives" the words and symbols " Registrar of Dairy (Co-operatives)" shall be substituted.

(സർവ്വശ്രീ മോൻസ് ജോസഫ്, രമേശ് ചെന്നിത്തല എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ അവതരിപ്പിച്ച 417-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ 417-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 423, 425 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

Shri T. P. Ramakrishnan: Sir, I move the following amendment.

445. In section 74 H (1) (a) proposed to be inserted in the principal Act by Clause 9 (i) after " Kerala State Co-operative Bank" the words and symbol " , renamed as Kerala Bank" shall be inserted.

Shri Xavier Chittilappilly: Sir, I move the following amendment.

446. In section 74 H (1) (a) proposed to be inserted in the principal Act by Clause 9 (i) for the word " on" the word " in" shall be substituted.

Shri M. M. Mani : Sir, I move the following amendment.

452. Section 74H(1)(a)(ii) proposed to be inserted in the principal Act by Clause 9(i) shall be recast as follows: " (ii) the Registrar shall consider the objections/suggestions, if any, received from the society or from any member of such society within such period, being not less than fifteen days from the date of publishing of the proposed order of merger in the dailies as may be specified by the Registrar in this behalf;"

Shri Sebastian Kulathunkal: Sir, I move the following amendment.

457. In section 74H(1)(C) proposed to be inserted in the principal Act by Clause 9(i), the word and symbol " and/" shall be deleted.

Shri P. Nandakumar : Sir, I move the following amendment.

459. Section 74H(1)(C) proposed to be inserted in the principal Act by Clause 9(i), shall be re-cast as follows; " (c) a member who has objected to the proposed order under clause (a)(ii) shall have the option of

withdrawing his share on application, which shall be made to the society, in which the member has share, within a period of thirty days from such order;"

Shri U. A. Lathif: Sir, I move the following amendment.

464. After section 74H(1A) proposed to be inserted in the principal Act by Clause 9(ii), the following subsection shall be inserted; " (1B) Since Section 44A of the Banking Regulation (Amendment) Act 2020 is made applicable to all co-operative banks in India by Govt. Of India notification dated 23-12-20 with effect from 1-4-21 this amendment of Section 74H is void"

(സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ടി. എ. റഹീം, മോൻസ് ജോസഫ്, പി. വി. അൻവർ, ഡോ. കെ. ടി. ജലീൽ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ഭേദഗതി നമ്പർ 426 മുതൽ 443 വരെ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമുള്ളതല്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 459-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following official amendment.

465. In Clause 10,

(i) In section 80BB(2) for the words and symbols " as follows,-" , the words and symbols " as follows, namely:-" shall be substituted.

(ii) Items (iii) and (iv) under section 80BB shall be recast as follows:

" (iii) Joint Director(General), Dairy Development Department or Joint Secretary to Government, Dairy Development Department, Government of Kerala;

(iv) An expert from Diary Industry nominated by the Government:"

(iii) In section 80BB(3), for the words " the Southern Regional Head of the National Dairy Development Board" , the words " or an expert from Dairy Industry, nominated by the Government." shall be substituted.

Shri Manjalamkuzhi Ali : Sir, I move the following amendments.

466. In the marginal heading of Clause 10, for the number and letters " 80 BB" the number and letters " 80 BA' shall be substituted.

467. In section 80BB proposed to be inserted in the principal Act by Clause 10, for the number and letters " 80BB" the number and letters " 80 BA" shall be substituted.

Shri P. Abdul Hameed: Sir, I move the following amendments.

468. In section 80BB(1) proposed to be inserted in the principal Act by Clause 10, before the word " Gazette" the word " Kerala" shall be inserted.

489. In section 80BB(2)(iii) proposed to be inserted in the principal Act by Clause 10, after the word " or" the words " not below the rank of" shall be inserted.

Dr. N. Jayaraj : Sir, I move the following amendment.

481. In section 80 BB (2) proposed to be inserted in the principal Act by Clause 10, for the words " Recruitment Committee" the words " Recruitment Committees" shall be substituted.

Shri T. P. Ramakrishnan: Sir, I move the following amendment.

494. Section 80BB(3) proposed to be inserted in the principal Act by Clause 10, shall be re-cast as follows: " " 80BB. Recruitment Committees for appointments in Regional Co-operative Milk Producers' Union.-(1) Notwithstanding anything contained in this Act or rules made thereunder Government shall, by notification in the Gazette, constitute Recruitment Committee which shall conduct the selection process for all permanent posts of the Regional Co-operative Milk Producers' Union.

(2) The Recruitment Committee shall consist of not more than eight members. The Secretary to Government in charge of Dairy Development Department shall be the Chairman of the Committee, and the other members shall be as follows,-

i. Registrar of Dairy (Co-operatives);

ii. Chairman of the Apex Society;

iii. The managing Director of the apex body of Regional Co-operative Milk Producers' Union;

iv. Joint Director (General) or Joint Secretary to Government, Dairy Development Department;

v. Southern Regional Head of the national Dairy Development Board;

vi. Chairman, Regional Co-operative Milk Producers' Union;

vii.Managing Director, Regional Co-operative Milk Producers' Union-Member Secretary.

(3) The Recruitment Committee for undertaking the selection process of the Chief Executive or the managing Director of the Regional Co-operative Milk producers' Union shall consist of not more than four members. The Secretary to Government in charge of Dairy Development Department shall be the Chairman of the Committee. The other members shall be the managing Director of the apex society and the Southern Regional Head of the national Dairy Development Board. The Chairman of Regional Co-operative Milk Producers' union shall be its Member Secretary."

(സർവ്വശ്രീ മോൻസ് ജോസഫ്, അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. സിദ്ദിഖ്, പി. സി. വിഷ്ണുനാഥ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 471-ാം നമ്പർ ഭേദഗതി 470-ാം നമ്പർ ഭേദഗതിക്കും 473,474 എന്നീ നമ്പർ ഭേദഗതികൾ 472-ാം നമ്പർ ഭേദഗതിക്കും 476 മുതൽ 480 വരെയുള്ള നമ്പർ ഭേദഗതികൾ 475-ാം നമ്പർ ഭേദഗതിക്കും 486-ാം നമ്പർ ഭേദഗതി 485-ാം നമ്പർ ഭേദഗതിക്കും (491-ാം നമ്പർ ഭേദഗതി 490-ാം നമ്പർ) ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ അവതരിപ്പിച്ച 465-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ 465-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 466, 467 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 468, 489 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

Shri P. Abdul Hameed: Sir, I move the following amendment.

495. In Clause 11(2), for the word " deemed" the word " Considered" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Minister for Co-operation and Registration (Shri V. N. Vasavan): Sir, I move the following official amendments.

111. In the short title the word " SECOND" shall be deleted.

133. In Clause 1, the word " Second" shall be deleted.

Shri P. Ubaidulla : Sir, I move the following amendments.

112. In the long title the word " further" shall be deleted.

116. In the long title before the word " Co-operative" the word " State" shall be inserted.

121. In the preamble the word " further" shall be deleted.

125. In the preamble before the word " Co-operative" the word " State" shall be inserted.

126. In the preamble for the words " purposes hereinafter appearing" the words " following purposes" shall be substituted.

135. In Clause 1(1) before the word " Co-operative" the word " State" shall be inserted.

137. In Clause 1(2) the words " deemed to have" shall be deleted.

Shri P. Abdul Hameed : Sir, I move the following amendments.

118. In the preamble for the word " expedient" the word " convenient" shall be substituted.

131. In the preamble for the word " hereinafter" the word " henceforth" shall be substituted.Shri P. Abdul Hameed :

132. In the enacting formula for the word " enacted" the word " constituted" shall be substituted.

134. In Clause 1(1) for the word " called" the word " known" shall be substituted.

138. In Clause 1(2) for the word " deemed" the word " considered" shall be substituted.

(സർവ്വശ്രീ മോൻസ് ജോസഫ്, രമേശ് ചെന്നിത്തല, ടി. വി. ഇബ്രാഹിം കുറുക്കോളി മൊയ്തീൻ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 113, 114, 115 എന്നീ നമ്പർ ഭേദഗതികൾ 112-ാം നമ്പർ ഭേദഗതിക്കും 117-ാം നമ്പർ ഭേദഗതി 116-ാം നമ്പർ ഭേദഗതിക്കും 119-ാം നമ്പർ ഭേദഗതി 118-ാം നമ്പർ ഭേദഗതിക്കും 120, 122, 123, 124 എന്നീ നമ്പർ ഭേദഗതികൾ 121-ാം നമ്പർ ഭേദഗതിക്കും 127, 128, 129 എന്നീ നമ്പർ ഭേദഗതികൾ 126-ാം നമ്പർ ഭേദഗതിക്കും 142, 143 എന്നീ നമ്പർ ഭേദഗതികൾ 141-ാം നമ്പർ ഭേദഗതിക്കും 145, 146 എന്നീ നമ്പർ ഭേദഗതികൾ 144-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 136-ാം നമ്പർ ഭേദഗതി 133-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതിനാലും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ അവതരിപ്പിച്ച 111, 133 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 111, 133 എന്നീ ഔദ്യോഗിക നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 112, 116, 121, 125, 126, 135, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 118, 131, 132, 134, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഞാൻ സംസാരിച്ചിരുന്നു. അതുകൊണ്ട് ഇനിയിപ്പോൾ സംസാരിക്കേണ്ടതില്ല. ചർച്ച കൂടാതെ പാസ്സാക്കാവുന്ന ഭേദഗതി ബില്ലാണിതെന്ന് ഈ ബിൽ അവതരിപ്പിച്ചപ്പോൾത്തന്നെ ഞാൻ പറഞ്ഞതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നുണ്ടെങ്കിൽ അതിനുശേഷം ഞാൻ സംസാരിക്കാം.

മി. സ്പീക്കർ: ചർച്ച കൂടാതെ പാസ്സാക്കാവുന്ന ബില്ലാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ചർച്ച ചെയ്യേണ്ടതുണ്ടോ? സഭയുടെ അഭിപ്രായം അറിഞ്ഞതിനുശേഷം മുന്നോട്ടുപോകാം. ബിൽ പരിഗണനയ്ക്കെടുക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബിൽ പാസ്സാക്കുമ്പോൾ ചർച്ച ചെയ്യാതെ പോകാറില്ല. അതുകൊണ്ട് ചർച്ച ചെയ്യാതെ പോകുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല.

മി. സ്പീക്കർ: അതാണല്ലോ ചെയർ ആവർത്തിച്ച് ചോദിച്ചത്. ചർച്ചയില്ലാതെ പാസ്സാക്കാവുന്നതാണെന്നും ചർച്ച വേണമെങ്കിൽ ചെയ്യാമെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അക്കാര്യം ചെയർ ചോദിക്കുകയും ചെയ്തു. പാസ്സാക്കാമെന്ന്

നിങ്ങൾ പറഞ്ഞതനുസരിച്ചാണ് മുന്നോട്ടുപോയത്. പിന്നീട് വീണ്ടു വിചാരമുണ്ടായിട്ടാണ് ഇപ്പോൾ ചർച്ച ചെയ്യാമെന്ന് പറയുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചപ്പോൾ വേണമെങ്കിൽ ചർച്ചയാകാമെന്ന് ഞാൻ പറഞ്ഞതാണ്. ചർച്ച കൂടാതെ പാസ്സാക്കിത്തരേണ്ടതാണെന്നും ഞാൻ പറയുകയുണ്ടായി. ചർച്ച വേണമെന്നുണ്ടെങ്കിൽ അതിനുശേഷം ആകാമെന്നും ഞാൻ ചെയറിനോട് അഭ്യർത്ഥിച്ചതാണ്.

മി. സ്പീക്കർ: ചെയർ പറഞ്ഞത് സഭയിലെ എല്ലാവരും കേട്ടതല്ലേ. ഇതിൽ ചെയറിന് പ്രത്യേക താല്പര്യമൊന്നുമില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് സഭയുടെ അഭിപ്രായം അറിഞ്ഞതിനുശേഷം മുന്നോട്ടുപോകാമെന്ന് ചെയർ പറഞ്ഞതാണ്. മന്ത്രി പറഞ്ഞതുപോലെ ചർച്ചയില്ലാതെ പാസ്സാക്കാമോ എന്ന് ചോദിച്ചപ്പോൾ പാസ്സാക്കാമെന്നാണ് അവിടെനിന്നും ഒരുപാടുപേർ പറഞ്ഞത്. അങ്ങനെയാണ് മുന്നോട്ടുപോയത്. അതിനുശേഷമാണ് വീണ്ടു വിചാരമുണ്ടായതു പോലെ ചർച്ച ചെയ്യാമെന്ന് പറഞ്ഞത്. ചർച്ചയ്ക്ക് വിരോധമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. നിങ്ങൾക്കുണ്ടായ വീണ്ടുവിചാരത്തിന് ചെയർ ഉത്തരവാദിയാണെന്ന് പറയരുത്. ചർച്ച ചെയ്യാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബിൽ പാസ്സാക്കുമ്പോൾ ചർച്ച ചെയ്യാതെ പോകാറില്ല. അതിന് വീണ്ടുവിചാരമെന്ന് പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: ചർച്ച ചെയ്യരുതെന്നുള്ള ഒരു നിലപാടും ചെയറിനില്ല. വേണമെങ്കിൽ ചർച്ചയ്ക്ക് തയ്യാറാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞു. അവധാനത പുലർത്താതെ ആദ്യം അഭിപ്രായം പറഞ്ഞു. ചെയർ വളരെ സ്പഷ്ടമായി സഭയുടെ അംഗീകാരം ചോദിച്ചതാണ്. മുന്നോട്ടുപോകാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പോയത്. ഇനി ചർച്ചയാകാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചർച്ച കൂടാതെ പാസ്സാക്കിക്കൂടെ എന്ന് എല്ലാ മന്ത്രിമാരും ചോദിക്കാറുള്ളത് പതിവാണ്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും ചോദിച്ചു. നമുക്കതിനോട് യോജിപ്പുണ്ടായിരുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ചർച്ച കൂടാതെ പാസ്സാക്കാവുന്ന ഒരു ബില്ലാണിതെന്നും ബഹുമാനപ്പെട്ട അംഗങ്ങളിൽ ആരെങ്കിലും ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നുണ്ടെങ്കിൽ അതിനുശേഷം ഞാൻ സംസാരിക്കാമെന്നും പറഞ്ഞിരുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇത് ചെറിയൊരു ബില്ലാണെന്നുള്ളത് സമ്മതിക്കുന്നു. നമ്മുടെ പൂർവ്വസൂരികളായ മഹാന്മാർ ധാരാളം സൗഭാഗ്യങ്ങൾ സമ്മാനിച്ചിട്ടുണ്ട്. ആ സൗഭാഗ്യങ്ങൾ

നിലനിർത്താനാണ് ശ്രമിക്കേണ്ടത്. അതില്ലാതാക്കാൻ ശ്രമിക്കരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഒരു സിസ്റ്റം നിലനിർത്തി പോകാനാണ് നമ്മുടെ എല്ലാവരുടെയും ഭാഗത്തുനിന്ന് ശ്രമമുണ്ടാകേണ്ടത്. ജനാധിപത്യമെന്ന് പറയുന്നത് എല്ലാ വിഭാഗങ്ങളെയും പരിഗണിച്ച് പോകുന്നതാണ്. തുല്യ പരിഗണന നടപ്പിലാക്കുന്നതാണല്ലോ ജനാധിപത്യം. ആ ജനാധിപത്യം അനുശാസിക്കുന്ന തുല്യപരിഗണന ചിലർക്ക് അനുഭവവേദ്യമാകുന്നില്ല എന്നതിന്റെ തെളിവാണ് ഉത്തര മലബാറിലെ ക്ഷേത്രസ്ഥാനികൻമാരും മറ്റ് ജീവനക്കാരും ചുമന്നുകൊണ്ടിരിക്കുന്ന ദുരിതങ്ങളുടെ മാറാപ്പ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ ദുരിതം ഞാനിവിടെ എണ്ണിയെണ്ണി പറയുന്നില്ല. കഴിഞ്ഞ പ്രസംഗത്തിൽ ഞാനത് പറഞ്ഞതാണ്. സുബ്ഹി ബാങ്കിനോടൊപ്പം ക്ഷേത്രങ്ങളിലെ ശംഖുനാദവും പ്രഭാത ഭക്തിഗാനവും പള്ളിയിലെ മണിയടിയും കേട്ടുണരുന്ന നമുക്ക് മുക്രിയും പൂജാരിയും അതുപോലെതന്നെ ചർച്ചിലെ ഫാദർമാരുമൊക്കെ ഒരുപോലെ ബഹുമാന്യരാണ്. അവരുടെയെല്ലാവരുടെയും വേദനയും വിശപ്പും ഒന്നാണെന്ന് മനസ്സിലാക്കി മുന്നേറുമ്പോഴാണ് നമ്മുടെ ജനാധിപത്യം ശക്തിപ്പെടുക. കാസർഗോഡിന്റെ ഗ്രാമ-ഗ്രാമാന്തരങ്ങളിൽ ഉൾനാടൻ പഞ്ചായത്തുകളിൽ സഞ്ചരിക്കുമ്പോൾ ക്ഷേത്രം സ്ഥാനികൻമാരെയും മറ്റ് ജീവനക്കാരെയും എപ്പോഴും കാണാൻ സാധിക്കുന്നുണ്ട്. പൊതുക്ഷേത്രങ്ങൾ, സ്വകാര്യക്ഷേത്രങ്ങൾ, തറവാട് വകയിലുള്ള ക്ഷേത്രങ്ങൾ തുടങ്ങി അതിനകത്ത് ചെല്ലുമ്പോഴാണ് നമുക്ക് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുന്നത്. ക്ഷുത്തടക്കാൻ മുണ്ടുമുറുക്കിയുടുത്ത പൂജാരിമാരുടെയും ജീവനക്കാരുടെയും കണ്ണീർവീണ് ക്ഷേത്രത്തിനകം കുതിർന്നിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുന്നില്ല. പണമില്ലാത്തതുകൊണ്ട് ഓരോ ദിവസവും നടത്തേണ്ട പൂജകൾപോലും പലയിടങ്ങളിലും മാസത്തിലൊരിക്കലാണ് നടത്താറുള്ളതെന്നാണ് എനിക്ക് അറിയാൻ സാധിച്ചത്. ഈ നീറുന്ന പ്രശ്നങ്ങളാണ് ഈ ബില്ലിലൂടെ നമ്മൾ പരിഹരിക്കേണ്ടത്. പക്ഷെ, നമ്മൾ ഈ ബിൽകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? നമ്മൾ ഈ ബിൽകൊണ്ടുദ്ദേശിക്കുന്നത്, ചെയർപേഴ്സണായോ അംഗമായോ നിയമിക്കപ്പെട്ട ഒരാൾക്ക് പുനർനിയമനത്തിന് അർഹതയുണ്ടാക്കിക്കൊടുക്കുകയാണ്. എന്നാൽ അതല്ലല്ലോ നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നം. അതിനോടാണ് ഞാൻ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്. ഞാൻ കഴിഞ്ഞയാഴ്ച ഇവിടെ പറഞ്ഞു. കാസർഗോഡ് ജില്ലയിൽ നിന്നുവരുന്ന എം.എൽ.എ എന്ന നിലയിൽ ക്ഷേത്രങ്ങളെ, മഠങ്ങളെ, മഠാധിപതികളെ, ക്ഷേത്രം ജീവനക്കാരെ അരനിമിഷംപോലും മറക്കാൻ എനിക്ക് കഴിയില്ല.

മി. സ്പീക്കർ: അങ്ങ് കഴിഞ്ഞയാഴ്ച പറഞ്ഞതെല്ലാം രേഖയിലുണ്ട്.

ശ്രീ. എൻ. എ നെല്ലിക്കുന്ന്: സർ, ഞാൻ വേറൊരു രീതിയിലാണ് പ്രസംഗിക്കുന്നത്. കാസർഗോഡിന്റെ മണ്ണിൽ മൈത്രിയും സൗഹാർദ്ദവും മനുഷ്യത്വവുമെല്ലാം നിലനിർത്തുന്നതിന് മുൻപന്തിയിൽനിന്ന് പ്രവർത്തിക്കുന്നവരാണ് അവർ. അവരോടൊപ്പംനിന്ന് പ്രവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എടനീർ മഠത്തെക്കുറിച്ച് കഴിഞ്ഞ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. എടനീർ മഠത്തെക്കുറിച്ച് നമുക്ക് അറിയാം. ദേശീയ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ് എടനീർ മഠം. അത് അങ്ങേയ്ക്കുമറിയാം. യശ:ശ്ശരീരനായ കേശവാനന്ദഭാരതി, അദ്ദേഹത്തിന്റെ പേര് സുപ്രീംകോടതിയിൽപ്പോലും ഇടംനേടിയിട്ടുണ്ട്, കാസർഗോഡിന്റെ പൊതുസ്വത്തായിരുന്ന കേശവാനന്ദഭാരതി. മതസൗഹാർദ്ദത്തിന്റെ അംബാസിഡറായിരുന്ന അദ്ദേഹം. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ യക്ഷഗാനത്തിന്റെ കുലപതിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ പിൻഗാമിയാണ് സച്ചിതാനന്ദ ഭാരതി, അദ്ദേഹവും അങ്ങനെതന്നെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ഡോ. എൻ. ജയരാജ്: സർ, (....... മൈക്ക് ഓഫ്......)

ശ്രീ. എൻ. എ നെല്ലിക്കുന്ന്: സർ, അവർക്കുള്ള പങ്ക് ഞാൻ പറയാം. അത് ഇവിടെയിരിക്കുന്ന കാസർഗോഡുള്ള എം.എൽ.എ-മാർക്ക് അറിയാം. അത് ഉത്തരമലബാറിലെ ഏറ്റവും പ്രശസ്തമായ ഒരു മഠമാണ്. ആ മഠത്തെക്കുറിച്ച് എന്തുകൊണ്ടാണ് പരാമർശിക്കുന്നതെന്ന് ഞാൻ പറയാം. വിവിധ മതവിഭാഗങ്ങൾക്കിടയിലെ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും നമ്മുടെ സാംസ്കാരിക ഉന്നമനത്തിനുമൊക്കെ ആ മഠം നൽകുന്ന സംഭാവനകൾ അമൂല്യമാണ്. അവിടെ ധാരാളം പരിപാടികൾ നടക്കുന്നുണ്ട്. ഈ വരുന്ന 18-ാം തീയതി എല്ലാ എം.എൽ.എ-മാരെയും ഒരു പരിപാടിക്ക് ക്ഷണിച്ചിട്ടുണ്ട്. അവർ ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും അതുപോലെയുള്ള ഒരുപാട് പരിപാടികൾ അവിടെ സംഘടിപ്പിക്കുന്നുണ്ട്. അപ്പോൾ അവർക്ക് എന്തെങ്കിലും നൽകുന്നതിനെക്കുറിച്ചല്ലേ നമ്മൾ ചിന്തിക്കേണ്ടത്? അല്ലാതെ ഏതെങ്കിലും ഒരാളെ രണ്ടുകൊല്ലം നിയമിക്കുന്നതിനെക്കുറിച്ചാണോ ചിന്തിക്കേണ്ടത്? അത്തരം ക്ഷേത്രങ്ങളുടെ കാര്യങ്ങൾ സുഗമമായി എങ്ങനെ നടക്കുമെന്നുള്ളതിനെക്കുറിച്ചല്ലേ നമ്മൾ ചിന്തിക്കേണ്ടത്.

എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, അങ്ങ് ഭഗീരഥനാകണമെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, ഉള്ള ഗംഗയെ അങ്ങ് നിലനിർത്താൻ ശ്രമിക്കണം. അതാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. മാത്രമല്ല, ക്ഷേത്രങ്ങൾ അഭിമുഖീകരിക്കുന്ന ഒരുപാട് പ്രശ്നങ്ങളുണ്ട്. ഞാൻ പെട്ടെന്ന്

നിർത്താം. മുമ്പ് 2009 മാർച്ച് 1-നാണ് ശമ്പളപരിഷ്കരണമുണ്ടായത്. 10 വർഷങ്ങൾക്കുശേഷമാണ് 2019 ജനുവരി 1-ന് വീണ്ടും ശമ്പളപരിഷ്കരണമുണ്ടായത്. സർക്കാർ ജീവനക്കാർക്കും മലബാർ ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർക്കും അതായത് പഴയ Hindu Religious & Charitable Endowments (HR&CE) Department-ന്റെ ഭാഗമായിരുന്ന ഉദ്യോഗസ്ഥർക്കും ഈ കാലയളവിൽ 2009 ജൂലൈ മുതൽ, 2014 ജൂലൈ മുതൽ, 2019 മുതൽ എന്നിങ്ങനെ മൂന്ന് ശമ്പള പരിഷ്കരണം നടന്നു.. പക്ഷെ, ഈ പരിഷ്കരണത്തിന്റെ ഗുണം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രം ജീവനക്കാർക്കുണ്ടായില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. അതുപോലെതന്നെ സർക്കാർ ഡി.എ. ഉത്തരവിലെ പ്രീ-റിവൈസ്ഡ് നിരക്കിൽ ശമ്പളം പറ്റുന്ന ജീവനക്കാർക്ക് അർഹമായ ഡി.എ. ആണ് ക്ഷേത്രം ജീവനക്കാർക്ക് നൽകിവരുന്നത്. വളരെ വൈകിവരുന്ന ശമ്പളപരിഷ്കരണത്തിനും പ്രീ-റിവൈസ്ഡ് ഡി.എ. അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി ക്ഷേത്രങ്ങളുടെ ഗ്രേഡ് പുനർനിർണ്ണയം ചെയ്യുന്നത് മുൻകാലങ്ങളിലൊന്നും പതിവല്ല. ഗ്രേഡിനായുള്ള ക്ഷേത്രങ്ങളുടെ വരുമാനപരിധി ഉയർത്തിയതിനാൽ ക്ഷേത്രങ്ങൾ മിക്കതും നിലവിലുള്ള ഗ്രേഡിൽനിന്നും താഴെവരും. അങ്ങനെയാണെങ്കിൽ ജീവനക്കാരന് പരിഷ്കരണത്തിന്റെ ഗുണഫലം ലഭിക്കാതെവരും. ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി ക്ഷേത്രങ്ങളുടെ ഗ്രേഡ് പുനർനിർണ്ണയം ഒഴിവാക്കണം. ക്ഷേത്രങ്ങളുടെ ഗ്രേഡ് താഴ്ത്തുന്ന നടപടി ഉണ്ടാകരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

അതുപോലെതന്നെ വരുമാനം കുറഞ്ഞ ക്ഷേത്രജീവനക്കാർക്ക് ബോർഡിന്റെ മാനേജ്മെന്റ് ഫണ്ടിൽനിന്ന് ലഭിക്കുന്ന ശമ്പളം 6 മാസമായി നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ ദേവസ്വം ബോർഡിൽ കുടിശ്ശികയായി കിടക്കുകയാണ്. ചില ക്ഷേത്രം ജീവനക്കാർക്ക് 2021-ലെ ശമ്പളം പൂർണ്ണമായി ലഭിക്കാനുണ്ട്. മലബാർ ദേവസ്വം ബോർഡിന് പൊതുഫണ്ടും ഏക സ്കീമും ഇല്ലായെന്നുള്ളത് നമ്മൾ വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ സർക്കാരിന്റെ കീഴിലുണ്ടായിരുന്ന പഴയ ഹിന്ദുമത ധർമ്മസ്ഥാപന ഭരണവകുപ്പ് പേര് മാറി മലബാർ ദേവസ്വം ബോർഡായി എന്നത് ശരിതന്നെയാണ്. അത് നമ്മളെല്ലാവരും അംഗീകരിക്കണം. ഈ പേരുമാറ്റമല്ലാതെ എന്ത് മാറ്റമാണ് നമുക്കുണ്ടാക്കാൻ സാധിച്ചത്? പഴയ മദ്രാസ് നിയമമാണ് ഇപ്പോഴും പിന്തുടരുന്നത്.

<u>മി. സ്പീക്കർ</u>: ഇത്രയൊക്കെ പോരെ?

ശ്രീ. എൻ. എ നെല്ലിക്കുന്ന്: സർ, ഞാൻ ഒരു മിനിറ്റുകൊണ്ട് നിർത്താം. കുറച്ച് കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതി. ശമ്പളപരിഷ്കരണ ഉത്തരവ് ഫെബ്രുവരി 12-ന് ഇറങ്ങിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതുവരെ അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്ന് അറിയാം. അവസാനം സർക്കാർ പറഞ്ഞത്, ഇത് നവംബർ 1-ന് ഇംപ്ലിമെന്റ് ചെയ്യുമെന്നാണ്. എനിക്ക് തെറ്റുപറ്റിയിട്ടില്ലെങ്കിൽ ഇന്നലെയാണ് നവംബർ 1, ആ ശമ്പളപരിഷ്കരണം നമുക്ക് നടപ്പിലാക്കാൻ സാധിച്ചോ? മലബാർ ദേവസ്വം പരിഷ്കരണ ബിൽ സർക്കാരിന്റെ പരിഗണനയിലാണെന്ന് പറയാൻ തുടങ്ങിയിട്ട് എത്ര വർഷമായി? അതുകൊണ്ട് ആ ബിൽ ഉടൻ നിയമമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കണം. ഡി.എ. ഇല്ലാതാക്കുന്ന നീക്കം ഉപേക്ഷിക്കണം. ശമ്പളകുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കണം. എല്ലാമാസവും മുടങ്ങാതെ ശമ്പളം കൊടുക്കണം. വിരമിച്ച ക്ഷേത്രജീവനക്കാർക്ക് സർക്കാർ നിരക്കിൽ സർവ്വീസും പെൻഷനും ഗ്രാറ്റുവിറ്റിയും നൽകണം. ഇത്രയും ഗൗരവമായ കാര്യങ്ങൾ പരിഗണിക്കാതെ ഏതെങ്കിലും ഒന്നോ രണ്ടോ ആളുകളുടെ പീരീഡ് എക്സ്റ്റന്റ് ചെയ്യാനുള്ള ഈ ബിൽ ഞാൻ അസ്ഥാനത്താണെന്ന് പറയുന്നില്ല; ഈ ബില്ലും വേണ്ടതുതന്നെയാണ്. പക്ഷെ, ഗൗരവമേറിയ ഇത്തരം കാര്യങ്ങൾകൂടി ഈ ബില്ലിൽ പരിഗണിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ ഈ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ആശ്രിത വാത്സല്യമാണ് ഇപ്പോൾ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുവാൻ സർക്കാരിനെ പ്രേരിപ്പിച്ചതെന്ന് പ്രത്യേകം പറയേണ്ടതില്ല. തിരുവായ്ക്ക് എതിർവായില്ലാതെ പഞ്ചപുച്ഛമടക്കി നിന്നതിന്റെ പ്രതിഫലം സാമ്പത്തിക പ്രതിസന്ധിമൂലം പുതിയ നിയമനങ്ങൾക്ക് നിയന്ത്രണങ്ങളുമുണ്ടെങ്കിലും പുനർനിയമനത്തിന് തടസ്സങ്ങളില്ല. വൻഅഴിമതികൾ നടത്താൻ രൂപീകരിച്ച വെള്ളാനയാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്നുപറഞ്ഞ ഒരു ദേവസ്വം വകുപ്പ് മന്ത്രി നമുക്കുണ്ടായിരുന്നു. എന്നാൽ ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളും അതിലെ അഴിമതിയും ആരും ചർച്ച ചെയ്യപ്പെടുന്നില്ല. മുഖാമുഖങ്ങളിൽ മാനദണ്ഡങ്ങളാകുന്നത് കഴിവോ യോഗ്യതകളോ അല്ല. ഉദ്യോഗാർത്ഥികളെ വിളിച്ചുവരുത്തി മുഖാമുഖം എന്ന പ്രഹസനം നടത്തി അപമാനിക്കുകയും പിൻവാതിലിലൂടെ നിയമിക്കുകയും ചെയ്യുന്ന രീതി നിർബാധം തുടരുകയാണ്. കഴിഞ്ഞ വർഷം ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിൽ വൻ അഴിമതി നടന്നതായി പാർട്ടി അംഗം കൂടിയായ ഒരു

ഉദ്യോഗാർത്ഥി പരസ്യമായി പരാതിപ്പെട്ടത് ഞാൻ ഓർക്കുകയാണ്. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെയാണ് ദേവസ്വം ബോർഡുകൾ കടന്നുപോകുന്നത്. അതിൽ ഏറ്റവും കൂടുതൽ വെല്ലുവിളി നേരിടുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും പണം കണ്ടെത്താൻ കഴിയാത്ത അവസ്ഥയാണ്. വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ പോലും നൽകാൻ കഴിഞ്ഞിട്ടില്ല. സർക്കാർ സഹായിച്ചില്ലെങ്കിൽ വരും മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളംപോലും മുടങ്ങുന്ന അവസ്ഥയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 1250-ലധികം ക്ഷേത്രങ്ങളുടേയും 4500-ഓളം വരുന്ന ജീവനക്കാരുടേയും നിലനിൽപ്പ് തന്നെ ശബരിമലയിലെ വരുമാനത്തെ ആശ്രയിച്ചാണ്. ദേവസ്വം ബോർഡ് യൂണിയനുകളുടെ ഹിതപരിശോധനയിൽ ഇടത് യൂണിയൻ വിജയിച്ചില്ലെങ്കിൽ സർക്കാർ സാമ്പത്തിക സഹായം നൽകില്ല, 30% ശമ്പളം വെട്ടിക്കുറയ്ക്കേണ്ടി വരുമെന്നൊക്കെ ഒരു യൂണിയൻ നേതാവ് പ്രസംഗിക്കുന്നത് കേട്ടു. എന്തായാലും ജീവനക്കാർക്ക് ശമ്പളം കുറയില്ലല്ലോ എന്ന് ആശ്വസിക്കാം. മലബാർ ദേവസ്വം ക്ഷേത്രങ്ങളുടേയും ക്ഷേത്രജീവനക്കാരുടെയും കാലങ്ങളായുള്ള വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഈ സർക്കാരിന് താല്പര്യമില്ല എന്ന സന്ദേശമാണ് ദേവസ്വം മന്ത്രിയുടെ പ്രതികരണങ്ങളിൽനിന്നും വകുപ്പിന്റെ പ്രവർത്തനങ്ങളിൽനിന്നും മനസ്സിലാകുന്നത്. കഴിഞ്ഞ 5 വർഷക്കാലം അന്നത്തെ ദേവസ്വം വകുപ്പ് മന്ത്രി, അടുത്ത നിയമസഭാ സമ്മേളനത്തിൽ നടപ്പിലാക്കുമെന്ന് പറഞ്ഞ് കാലം കഴിച്ചു. നിരവധി ഉറപ്പുകൾ ഭരണാധികാരികളിൽ നിന്ന് കേട്ട് നിരാശരായ ക്ഷേത്രജീവനക്കാരോട് അല്പമെങ്കിലും നീതി കാണിച്ചത് ജുഡീഷ്യറിയാണ്. ഈ വിഷയത്തിൽ സ്വമേധയാ ഇടപെട്ട കോടതി മലബാറിലെ ദേവസ്വങ്ങളിലെ ഭരണസംവിധാനം, തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്ക് സമാനമായ രീതിയിൽ പരിഷ്കരിക്കണമെന്നും ക്ഷേത്രജീവനക്കാർക്ക് തിരുകൊച്ചി സമാനമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കണമെന്നും ക്ഷേത്രങ്ങളുടെ വ്യത്യസ്ത സ്കീമുകൾ ഏകീകരിക്കണമെന്നതടക്കം പതിമൂന്നോളം നിർദ്ദേശങ്ങൾ അടങ്ങിയ സുപ്രധാന വിധി പുറപ്പെടുവിച്ചിട്ട് ഈ വരുന്ന ജൂലൈ 21-ന് 27 വർഷം പൂർത്തിയാകുകയാണ്. എല്ലാ ക്ഷേത്രജീവനക്കാർക്കും പ്രതിമാസ ശമ്പളമെന്ന ആവശ്യം പോലും നടപ്പിലാക്കാൻ കഴിയാത്തത്ര ദുർബലമായ, സാമ്പത്തിക ശേഷിയില്ലാത്ത ഒരു ദേവസ്വം ബോർഡ് പലപ്പോഴും ഒരു നോക്കുകുത്തിയായി മാറുന്നു. നിയമത്തിലെ പരിമിതിയും ഒരു കാരണമായിരിക്കാം. ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ട് 12 വർഷം പിന്നിട്ടു. ശമ്പള പരിഷ്കരണത്തിനായി കമ്മിറ്റിയെ വച്ചു. ചർച്ചകൾ, പഠനങ്ങൾ, തുടർന്ന് സർക്കാർ ഇറക്കിയ ശമ്പള പരിഷ്കരണ ഉത്തരവിലാണെങ്കിൽ ആകപ്പാടെ

അപാകത. അപാകത പരിഹരിക്കാൻ കമ്മിറ്റി, പഠനം, സർക്കാരിലേക്ക് റിപ്പോർട്ട്, പരിഷ്കരണം മാത്രം കിട്ടാക്കനിയായി അവശേഷിക്കുന്നു. കോവിഡും ലോക്ക്ഡൗണും ചില സ്പെഷ്യൽ ഗ്രേഡ് അമ്പലങ്ങളിലടക്കം പ്രതിസന്ധി രൂക്ഷമായി. എ, ബി ഗ്രേഡ് ക്ഷേത്രങ്ങളിൽ മാനേജ്മെന്റ് ശമ്പളം നൽകാത്തതുകൊണ്ട് അവിടങ്ങളിലെ ജീവനക്കാരിൽ ഏറെ പേർക്കും ശമ്പളം മുടങ്ങുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്തു. പല ക്ഷേത്രങ്ങളിലും നിത്യവൃത്തിക്കു പോലും വലിയ പ്രതിസന്ധി നേരിടുന്നു. ഈ സാഹചര്യത്തിൽ 1994 ജൂലൈ 21-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച, സുപ്രീംകോടതി പോലും ശരിവച്ച വിധിയുടെ പ്രസക്തി വർദ്ധിക്കുകയാണ്. മലബാറിലെ ക്ഷേത്രങ്ങളുടെയും ക്ഷേത്രജീവനക്കാരുടെയും ആവശ്യം ഇനിയൊരു കമ്മിറ്റിയോ കമ്മീഷനോ പഠനമോ റിപ്പോർട്ടോ ഒന്നുമല്ല. അതൊക്കെ ധാരാളം നടന്നുകഴിഞ്ഞു. പരിഹാരമാണ് വേണ്ടത്. അതിനുള്ള ആർജ്ജവം സർക്കാർ കാണിക്കണം. തുല്യ ജോലിക്ക് തുല്യ വേതനമെന്ന വർഷങ്ങളായി ക്ഷേത്രജീവനക്കാർ ഉയർത്തിക്കൊണ്ടിരിക്കുന്ന ആവശ്യം നടപ്പിലാക്കാനുള്ള ഒരു ശ്രമവും ഭരണാധികാരികൾ നടത്തുന്നില്ലെന്ന് മാത്രമല്ല വിവേചനം നാൾക്കുനാൾ വർദ്ധിക്കുന്ന തരത്തിലുള്ള നിലപാടുകളുമായി മുന്നോട്ടുപോകുന്നു. ദേവസ്വം ബോർഡ് ജീവനക്കാർക്ക് സർക്കാർ നിരക്കിൽ ശമ്പളം, ക്ഷേത്രജീവനക്കാരെ സ്പെഷ്യൽ ഗ്രേഡ് എ, ബി, സി, ഡി എന്നിങ്ങനെ തിരിച്ച് വ്യത്യസ്ത ശമ്പളം നൽകി വരുന്നു. ഇതിൽ സി, ഡി ഗ്രേഡിൽ നൽകി വരുന്നത് തുച്ഛമായ ശമ്പളമാണ്. അത് ലഭിക്കുന്നത് തന്നെ ദീർഘകാല കുടിശ്ശികയാണ്. ക്ഷേത്രങ്ങൾക്കുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റ് മുടങ്ങിയിട്ട് വർഷങ്ങളായി. അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾപോലും മുടങ്ങിയ ചെറിയ വരുമാനമുള്ള ക്ഷേത്രങ്ങളിൽ അപകടാവസ്ഥ നിലനിൽക്കുന്നു. ശമ്പള പരിഷ്കരണമോ, നിയമ പരിഷ്കരണമോ നടത്താതെ ക്ഷേത്രജീവനക്കാരെയും ക്ഷേത്രഭരണാധികാരികളെയും കബളിപ്പിക്കുന്ന അധികാരികളുടെ നിലപാടിനെതിരെ 'പട്ടിണി മാറ്റാനെന്ന' മുദ്രാവാക്യവുമായി ക്ഷേത്രജീവനക്കാർ പ്രക്ഷോഭത്തിലാണ്. കേരളത്തിലെ മറ്റ് ദേവസ്വം ബോർഡുകളിലേതുപോലെ കോമൺസ്കീമും കോമൺ ഫണ്ടും ഉൾപ്പെടുത്തി മലബാർ ദേവസ്വനിയമം സമഗ്രമായി പരിഷ്കരിച്ചാൽ മാത്രമെ മലബാർ ദേവസ്വത്തിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനാവൂ. വിശ്വാസങ്ങളെയും ആചാരങ്ങളെയും തകർക്കുന്ന ഇടത് സർക്കാരിന്റെ നയങ്ങളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഇന്നത്തെ സാമ്പത്തിക തകർച്ചയ്ക്ക് കാരണം. തട്ടിപ്പുകാരനായ മോൻസൺ മാവുങ്കലിന്റെ ശേഖരത്തിലെ വ്യാജ ചെമ്പോലപോലും വിശ്വാസികളുടെ വികാരത്തെ വ്രണപ്പെടുത്താൻ ചിലർ ബോധപൂർവ്വം ഉപയോഗിച്ചു. സമൂഹത്തിൽ ബോധപൂർവ്വം മതവികാരം

വ്രണപ്പെടുത്താനും സ്പർദ്ധയുണ്ടാക്കാനും ശ്രമിച്ചതിന് ഇത്തരക്കാർക്കെതിരെ കേസ് എടുക്കേണ്ടതാണ്. കോവിഡും ലോക്ക്ഡൗണും സാമ്പത്തിക പ്രതിസന്ധിയുടെ ആക്കം വർദ്ധിപ്പിച്ചു. വഴിപാട് നിരക്കുകൾ വർദ്ധിപ്പിച്ചും ക്ഷേത്രങ്ങളിൽ കൂടുതൽ ഭക്തരെ എത്തിച്ചും പ്രതിസന്ധി മറികടക്കാനുള്ള ആലോചനയിലാണ് ബോർഡ്. ഭക്തരെ ശബരിമലയിൽ പ്രവേശിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള അനാവശ്യ നിയന്ത്രണങ്ങളും അശാസ്ത്രീയമായ വെർച്വൽ ക്യൂവും ഉടൻ പിൻവലിക്കണം. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള ഇടത്താവള സമുച്ചയങ്ങളുടെ നിർമ്മാണം ത്വരിതപ്പെടുത്തണം. നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള ചാലക്കുടി നിയോജകമണ്ഡലത്തിലെ ചിറങ്ങര ഇടത്താവളത്തിന്റെ നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യത്തിലുള്ള ഉദാസീനത കൈവെടിയണം. സാമ്പത്തിക പ്രതിസന്ധിമൂലം പുതിയ നിയമനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഒരാൾക്ക് പുനർനിയമനം നൽകാനായി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിലെ വ്യവസ്ഥകളോട് ഒരിക്കൽ കൂടി വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എം. രാജഗോപാലൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021 -ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം യുക്തിസഹമായ ഒരു വിയോജനക്കുറിപ്പല്ല ഇവിടെ വച്ചിട്ടുള്ളത്. റിക്രൂട്ട്മെന്റ് ബോർഡ് അംഗങ്ങൾക്ക് പുനർനിയമനം നൽകാൻ തീരുമാനിക്കുമ്പോൾ, റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നടക്കുന്ന നിയമനങ്ങളെക്കുറിച്ച് ഉയർന്നുവരുന്ന ആക്ഷേപങ്ങൾ പരിശോധിക്കപ്പെടേണ്ടതും തിരുത്തൽ നടപടി സ്വീകരിക്കേണ്ടതുമാണെന്നാണ് അവരുടെ വിയോജനക്കുറിപ്പിന്റെ ഉള്ളടക്കം. അത് ഒരു പ്രസ്താവനയാണ്. അഴിമതിരഹിതവും പ്രവർത്തന നിരതവുമായിട്ടുള്ള ഒരു സർക്കാരാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. കേരളത്തിലെ ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം സ്വയം പര്യാപ്തതയിലേക്ക് നയിക്കാനുള്ള എല്ലാവിധ സഹായങ്ങളും പ്രതിജ്ഞാബദ്ധതയോടെ ചെയ്തുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് അങ്ങനെയൊരു അഴിമതിയെക്കുറിച്ച് ചൂണ്ടിക്കാണിക്കേണ്ട കാര്യമില്ല. 2016 -ൽ ബോർഡ് അധികാരമേറ്റതിന് ശേഷമാണ് റിക്രൂട്ട്മെന്റ് നടപടികൾ കേരളത്തിൽ ആരംഭിച്ചത്. വളരെ ശ്രദ്ധേയമായ ഇടപെടലാണ് സർക്കാർ

ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളത്. നിയമന നടപടികൾ വേഗത്തിലും സുതാര്യമായും നടത്തുന്നതിന് C-DAC-ന്റെ സഹായത്തോടെ സ്വന്തമായി ഒരു റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻവേണ്ടി സാധിച്ചു. അഞ്ച് ദേവസ്വം ബോർഡുകളിലേയ്ക്കായി, 69 തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടുണ്ട്. 47 തസ്തികകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതുവരെ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിലാകെ 2518 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിൽ നിന്ന് 1082 ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ നിയമന ശിപാർശ നൽകിയിട്ടുണ്ട്. ശാന്തിക്കാർ ഉൾപ്പെടെയുള്ള ക്ഷേത്രജീവനക്കാരുടെ തസ്തികകളിലേയ്ക്കും എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ തുടങ്ങിയ ഉയർന്ന തസ്തികകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി ഒ.എം.ആർ. പരീക്ഷ, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ, ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് തുടങ്ങിയ വിവിധ സെലക്ഷൻ രീതികൾ ബോർഡ് അവലംബിച്ചിട്ടുണ്ട്. വളരെ സുതാര്യമായ ഒരു സമീപനമാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കേരളത്തെ സംബന്ധിച്ച് ക്ഷേത്രത്തിന് വളരെയധികം പ്രാധാന്യമുണ്ട്. എന്നാൽ പലപ്പോഴും കേരളീയ സമൂഹത്തിന്റെ വിശ്വാസം സംരക്ഷിക്കാനും അതുവഴി ക്ഷേത്രങ്ങൾ സംരക്ഷിക്കാനുമുള്ള ഇടപെടലുകൾ നടത്തുമ്പോൾ ദുരാരോപണങ്ങളും ദുഷ്ടലാക്കോടുകൂടിയുള്ള പ്രചരണ പ്രവർത്തനങ്ങളിലുമാണ് പലപ്പോഴും പ്രതിപക്ഷവും വലതുപക്ഷ മാധ്യമങ്ങളും ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. 'മാർക്ക് ട്വയിൻ' എന്ന ചിന്തകൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്, 'സത്യത്തിന് സ്വന്തം പാദരക്ഷ അണിയാനാകുംമുമ്പ് നുണയ്ക്ക് ലോകത്ത് പാതി സഞ്ചരിക്കാനാകും'. അതാണ് ഇത്തരം കാര്യങ്ങളിൽ പലപ്പോഴും ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. 19-ാം നൂറ്റാണ്ടിന്റെ ആദ്യ കാലങ്ങളിലും അതിനു മുമ്പും ഉണ്ടായിരുന്ന ക്ഷേത്ര മാഹാത്മ്യത്തെക്കുറിച്ച് ചരിത്രം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രമാഹാത്മ്യമെന്ന പദം കൊണ്ടർത്ഥമാക്കുന്നത് ദേശക്ഷേത്രങ്ങൾ പുലർത്തിയിരുന്ന സങ്കേതങ്ങളെയും കോയ്മകളെയുമാണ്. ഇന്ന് കാണുന്ന ക്ഷേത്രങ്ങളുടെ സ്ഥാനത്ത് വളരെ മുമ്പ് കാവുകളാണ് ഉണ്ടായിരുന്നത്. കാവുകൾ ഉഗ്രമൂർത്തികളായ ദേവതകളുടെ ആലയങ്ങളായിരുന്നതിനൊപ്പം തന്നെ ആ ദേശത്തെ സംബന്ധിച്ച എല്ലാ ആവലാതികളും സങ്കടങ്ങളും കേട്ട് പരിഹാരം കാണുന്ന ഉന്നത സഭാ സങ്കേതങ്ങളും കൂടിയാകുകയായിരുന്നു. അന്നും പിന്നെയുമുണ്ടായിരുന്ന തറക്കൂട്ടങ്ങൾ കാവുകളിലെ ഏതെങ്കിലുമൊരു മാമരച്ചുവട്ടിൽ വച്ചായിരുന്നു കൂടിയിരുന്നത്. ക്ഷേത്രങ്ങളുണ്ടാകുകയും ബ്രാഹ്മണർക്ക് പ്രാമാണ്യവും

പ്രാമുഖ്യവും സിദ്ധിക്കുകയും ചെയ്യതോടുകൂടിയാണ് ശൈവങ്ങളും, വൈഷ്ണവങ്ങളും, ശാക്തങ്ങളുമായ പ്രതിഷ്ഠകൾ നടന്നത്. ജൈനബുദ്ധ മതങ്ങളുടെ വിഹാരങ്ങളും ഇവിടെ സുലഭമായുണ്ടായി. ഭഗവതിക്കാവുകളിലെ തട്ടകങ്ങളിൽ നടന്നുവന്ന പഴയ തറക്കൂട്ടങ്ങളുടേയും ബുദ്ധജൈനമത വിഹാരങ്ങളിൽ നിലനിന്നിരുന്ന സഭകളുടേയും ഒരു പരിഷ്കരിച്ച പതിപ്പായിരിക്കണം പിൽകാലത്തുണ്ടായിട്ടുള്ള ക്ഷേത്രസങ്കേതഭരണം. സാങ്കേതിക അതിർത്തിക്കുള്ളിലെ ലൗകികവും, വൈദികവുമായ എല്ലാ അധികാരങ്ങളും നടത്തിയിരുന്നത് സങ്കേതാധികാരികളായിരുന്നു. നാട്ടുകൂട്ടങ്ങൾക്കുപുറമേ ക്ഷേത്രഭരണം സംബന്ധിച്ച് പ്രത്യേക യോഗങ്ങൾ തന്നെയുണ്ടായിരുന്നു. ക്ഷേത്രങ്ങളിലെ സങ്കേതങ്ങൾക്കുള്ളിൽ യോഗക്കാർക്ക് സർവ്വാധികാരങ്ങളും അന്നുണ്ടായിരുന്നു. ക്ഷേത്ര രക്ഷാസ്ഥാനം അഥവാ കോവിലധികാര സ്ഥാനം മാത്രമെ അന്ന് രാജക്കൻമാർക്കുണ്ടായിരുന്നുള്ളൂ. ആ അധികാരം വളരെ പരിമിതമായിരുന്നു. ക്ഷേത്രസങ്കേതം എവിടെയായിരുന്നാലും തൽസംബന്ധമായ സകല അധികാരങ്ങളും യോഗക്കാരുടെ നിശ്ചയാനുസരണം കോവിൽ അധികാരികളാണ് നിർവ്വഹിച്ചുവന്നത്. ഭൂ സംബന്ധമായും മറ്റും അവിടെയുണ്ടാകുന്ന വാദങ്ങൾ കേട്ട് തീരുമാനമെടുത്ത് ശിക്ഷിക്കൽ മുതലായവയെല്ലാം യോഗക്കാർതന്നെ ചെയ്തുവന്നു. രാജാക്കന്മാർപോലും യോഗത്താൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് സംഗതി ഓർക്കുമ്പോൾ അവരുടെ പ്രാബല്യം ഏറെക്കുറെ ഊഹിക്കാം. സങ്കേതാതിർത്തിക്കുള്ളിൽ അധികാരികളുടെ അനുവാദംകൂടാതെ ആർക്കും അന്ന് പ്രവേശനമുണ്ടായിരുന്നില്ല. ക്ഷേത്രസങ്കേതത്തെ അമ്പലരാജ്യമെന്നാണ് അന്ന് വിവരിച്ചിട്ടുള്ളത്. പോർച്ചുഗീസുകാരുടെ കാലത്ത് ക്ഷേത്രസങ്കേതങ്ങൾ ഭരണാധികാരം നടത്തിയിരുന്നതായി അവർ രേഖപ്പെടുത്തിയിട്ടുണ്ട്. രണോദിക്തനായ സാമൂതിരി കാലുകുത്താൻ തുനിയാത്തതായ ക്ഷേത്രസങ്കേതാതിർത്തിക്കകത്ത് എടപ്പള്ളിക്കാവിൽ വച്ചുണ്ടായ യുദ്ധത്തിൽ പരാജിതനായ കൊച്ചി രാജാവ് അഭയം പ്രാപിച്ചുവെന്ന് പ്രസ്താവിച്ചുകാണുന്നു. ഇതുണ്ടായത് കൊല്ലവർഷം 678-ലാണ്. ഒരു ദേവസ്വത്തിൽ ഒരു രാജാവിനെ അകക്കോയ്മയായോ, പുറക്കോയ്മയായോ, മേൽക്കോയ്മയായോ ആക്കി വന്നിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ക്ഷേത്രത്തിലെ നിത്യനിദാന അടിയന്തരങ്ങളെ നടത്തിക്കുക മുതലായ ദേവ കാര്യങ്ങളെ അന്വേഷിക്കുന്നതിനുമാത്രമേ അകക്കോയ്മയ്ക്ക് അധികാരമുണ്ടായിരുന്നുള്ളൂ. പുറക്കോയ്മ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ദേവസ്വം വസ്തുക്കളെ ഭരിക്കുക മുതലായ തൽസംബന്ധമായ ലൗകിക കാര്യങ്ങൾക്കുള്ള അധികാരമായിരുന്നു. മേൽക്കോയ്മ എല്ലാ കാര്യങ്ങളുടെയും മേലധികാരിയാണ്. വേറെ ചില അധികാരികളുമുണ്ടായിരുന്നു. കൊല്ലവർഷം 993 ഓടുകൂടിയാണ് കേണൽ മൺറോയുടെ ദേവസ്വം പരിഷ്കാരത്തോടുകൂടി ഈ സങ്കേതങ്ങൾ എന്നെന്നേയ്ക്കുമായി അവസാനിക്കുകയായിരുന്നു.

കേരളത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണ് നടത്തിയത്. ദേവസ്വം നിയമനങ്ങളിൽ പട്ടികജാതിക്കാർക്കും പിന്നാക്ക വിഭാഗക്കാർക്കും സംവരണം ഏർപ്പെടുത്താനുള്ള ചട്ടങ്ങൾ നിർദ്ദേശിച്ച് ഗവൺമെന്റിന്റെ അംഗീകാരം വാങ്ങി. ചരിത്രത്തിലാദ്യമായി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ക്ഷേത്രപൂജാരി നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയ സർക്കാരാണ് കേരളത്തിലേത്. നാം ഓർക്കേണ്ടത്, ഇതിനെക്കുറിച്ച് നമ്മൾ അഭിമാനത്തോടെ ചൂണ്ടിക്കാണിക്കുമ്പോൾ, ഇന്നലെകളിലെ കേരളത്തെക്കുറിച്ചാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിൽ മഹാഭൂരിപക്ഷം വരുന്ന പിന്നാക്ക ദളിത് ജനവിഭാഗങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക ജീവിതം മൃഗതുല്യമായിരുന്നു. നാട്ടിൻപുറത്തെ ഊടുവഴികളിൽ മേൽ ജാതിക്കാരുടെ 'വഴി മാറ് ' എന്ന് അർത്ഥം വരുന്ന 'ഹോയ് ഹോയ് വിളികളും' 'അടിയങ്ങൾ ഇവിടെയുണ്ടേ' എന്നുപറയുന്ന 'ഹായ് ഹായ് വിളികളും' ഉണ്ടായിരുന്ന കാര്യം നമ്മുടെ നാട് മറന്നിട്ടില്ല. മിക്ക പൊതുവഴികളുടെയും ക്ഷേത്ര സമീപ പാതകളുടെയും പ്രവേശനങ്ങളെ അലങ്കരിച്ചിരുന്നത് തന്നെ ഒരു പ്രത്യേക ബോർഡിലൂടെയായിരുന്നു. ഈഴവർക്കും മറ്റ് അവർണ്ണർക്കും ഈ വഴി പ്രവേശനമില്ലെന്നായിരുന്നു ആ ബോർഡിലെ വാചകങ്ങൾ. പിന്നാക്ക ദളിത് കുട്ടികൾക്ക് സ്കൂളിൽ പ്രവേശനമുണ്ടായിരുന്നില്ല. ഏതെങ്കിലും സർക്കാർ സ്കൂളുകളിൽ എല്ലാ പീഡനങ്ങൾക്കും വിധേയരായി ഒരുപാട് അപമാനം സഹിച്ച് പഠിച്ച് പാസ്സായാൽത്തന്നെ സർക്കാർ ഉദ്യോഗങ്ങൾ അവർക്ക് നിഷിദ്ധമായിരുന്നു. നമുക്കൊരു പൊതു ഭാഷപോലും അന്നുണ്ടായിരുന്നില്ല. സവർണ്ണന്റെ രോഗം അധഃസ്ഥിതരുടെ പടുകാലം എന്നാണ് വിശേഷിപ്പിച്ചിരുന്നത്. അവർണ്ണന്റെ ഉറക്കം സവർണ്ണന്റെ പള്ളിക്കുറുപ്പ്, സവർണ്ണ കുട്ടിയുടെ അച്ഛനും അമ്മയും അവർണ്ണ കുട്ടികളുടെ തന്ത കിടാത്തനും തന്ത കിടാത്തിയും, മേൽജാതിയുടെ ഗൃഹം താഴ്ജാതിയുടെ കുപ്പപ്പാട്, തമ്പുരാന്റെ മനസ്സ് അടിയന്റെ പഴമനസ്സ്, തമ്പുരാന്റെ വിവാഹം അടിയങ്ങളുടെ കഴുത്ത് കെട്ട് എന്നിങ്ങനെ ജാതി ആചാരങ്ങൾ കൊണ്ട് ജീർണ്ണമാക്കിയ ഭാഷയുടെ ഒരു ഭൂതകാലമായിരുന്നു നമ്മുടേത്. ജാതി നിയമങ്ങളുടെ കാർക്കശ്യം സമൂഹത്തിലെ മഹാഭൂരിപക്ഷം വരുന്ന അവർണ്ണ മനുഷ്യരുടെ ജീവിതം ദുഃസ്സഹമാക്കിയ സന്ദർഭത്തിലാണ് ശ്രീനാരായണ ഗുരുവിന്റെയും അയ്യങ്കാളിയുടെയും പ്രവേശനം. ഈ വിപ്ലവകാരികൾ നൂറ്റാണ്ടുകളായി ജാതി വ്യവസ്ഥയുടെ ഇരകളായി ജീവിച്ചുവന്ന തങ്ങളുടെ സ്വന്തം സമുദായങ്ങളിൽ മനുഷ്യത്വത്തിന്റെ സ്വാതന്ത്ര്യത്തിന്റെ അവകാശബോധത്തിന്റെ സാമൂഹ്യ നീതിയുടെ കൊടുങ്കാറ്റ് അഴിച്ചുവിടുകയായിരുന്നു. ശ്രീനാരായണഗുരുവും അയ്യങ്കാളിയും കൊളുത്തിയ അഗ്നിജ്ജ്വാലകൾ നൂറ്റാണ്ടുകളായി അടിമകളെപ്പോലെ മയങ്ങിക്കിടന്ന മനുഷ്യരെ ഉണർത്തുവാൻ ഉപകരിച്ചു. സഹസ്രാബ്ദങ്ങളും

നൂറ്റാണ്ടുകളും നീണ്ട അടിമത്വത്തിന്റെ നുകം പേറി മനുഷ്യാന്തസ്സ് തന്നെ കൈമോശം വന്ന ഈ അധഃസ്ഥിത ജനതയ്ക്ക്മേൽ ആവിഷ്ക്കരിച്ച ആശയമൂല്യങ്ങൾ ചെന്നുപതിച്ചത് പൊള്ളുന്ന ചാട്ടുളികൾ പോലെയായിരുന്നു. ജാതിയുടെ നുകങ്ങൾ വലിച്ചെറിഞ്ഞ് മനുഷ്യത്വം വീണ്ടെടുത്ത ആ ജനകോടികൾ കേരളത്തിലെ സവർണ്ണ വാഴ്ചയ്ക്കെതിരെ പടഹധ്വനി മുഴക്കാൻ മുന്നിട്ടിറങ്ങി. എന്നാൽ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും പാരമ്പര്യ ഭിത്തികൾ കൊണ്ട് നീതിയുടെ ഉയർത്തെഴുന്നേൽപ്പിനെ തന്നെ പ്രതിരോധിക്കാനാണ് അന്ന് സവർണ്ണർ ശ്രമിച്ചത്. അപ്പോഴാണ് ദുരവസ്ഥയിലൂടെ മഹാകവി കുമാരനാശാന്റെ ഗർജ്ജനഭേരി മുഴങ്ങിയത്.

മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റുമതുകളീ നിങ്ങളേ താൻ

കാലം വൈകിപ്പോയി, കേവലമാചാര-

നൂലുകളെല്ലാം പഴകിപ്പോയി,

കെട്ടിനിറുത്താൻ കഴിയാതെ ദുർബ്ബല-

പ്പെട്ട ചരടിൽ ജനത നിൽക്കാം.

കേവലം ആചാരനൂലുകളാൽ ബന്ധിതരായിരുന്ന മനുഷ്യർ തന്നെയാണ് ഈ നൂലുകൾ പൊട്ടിക്കുകയും ചട്ടങ്ങൾ മാറ്റുകയും ചെയ്തത്. ആചാരനൂലുകൾ പൊട്ടിക്കുമ്പോഴും ചട്ടങ്ങൾ മാറ്റുകയും ചെയ്തപ്പോഴും യാഥാസ്ഥിതികരും പാരമ്പര്യവാദികളും ഇവിടെ വെറുതെ ഇരിക്കുകയായിരുന്നില്ല. നിവേദനങ്ങളിലൂടെയും ദേവപ്രശ്നങ്ങളിലൂടെയും പ്രകൃതി ദുരന്തങ്ങളും മഹാവ്യാധികളും പ്രവചിക്കുകയായിരുന്നു അന്ന് അവർ ചെയ്തത്. ചട്ടങ്ങൾ മാറ്റിയാൽ ദൈവകോപമുണ്ടാകുമെന്നും നാട് മുഴുവൻ മുടിയുമെന്നും അവർ ശപിച്ചു. പക്ഷെ ദൈവം കോപിച്ചില്ല, നാട് മുടിഞ്ഞില്ല. പകരം ചട്ടങ്ങൾ മാറിയതോടെ ഒരു നവയുഗം കേരളത്തിൽ പിറക്കുകയായിരുന്നു, അതാണ് നവോത്ഥാന കേരളം. ഉജ്ജ്വലമായ മാനവ സാഹോദര്യത്തിന്റെയും സാമൂഹ്യനീതിയുടെയും വിത്തും വളവുമിട്ട് ഉറപ്പിച്ച നവോത്ഥാന ഭൂമികയിലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും തുടർന്ന് അദ്ധ്യാപക കർഷക തൊഴിലാളി പ്രസ്ഥാനങ്ങളുമെല്ലാം മുളപൊട്ടിയത്. ഈ നവോത്ഥാന ഭൂമികയിൽ തന്നെയാണ് ജാതി-മത മേധാവിത്വത്തിന്റെ ധർമ്മരാജ്യങ്ങൾ എന്ന് വാഴ്ത്തപ്പെട്ട മലബാർ-കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങളെ ലയിപ്പിച്ചുകൊണ്ട് 1956 ജനുവരി 1-ന് ഐക്യകേരളം പിറന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ കേരളത്തിലെ

അധഃസ്ഥിത ജനലക്ഷങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നടത്തിയ ഐതിഹാസികവും ത്യാഗോജ്ജ്വലവുമായ പ്രക്ഷോഭങ്ങളും അവർ നട്ടുനനച്ച പുരോഗമനാശയ മൂല്യങ്ങളുമാണ് ആധുനിക കേരളത്തിന്റെ ശക്തിസ്തംഭങ്ങൾ. നവോത്ഥാന കേരളത്തിന്റെ ശക്തിസ്തംഭങ്ങളെ തകർത്തെറിഞ്ഞ് കേവലം ആചാരനുലുകളാൽ പഴകിയ ജാതികേരളം പുനഃസ്ഥാപിക്കാനാണ് ശബരിമല സമരത്തിലൂടെ പ്രതിലോമ ശക്തികൾ ഇവിടെ ശ്രമിച്ചത്. അവർ വിശ്വാസത്തിന്റെ പ്രച്ഛന്നവേഷമിട്ട് അഴിഞ്ഞാടുകയായിരുന്നു. മൂന്നരക്കോടി മലയാളികൾക്ക് ഇന്നത്തെപോലെ മതസൗഹാർദ്ദത്തോടെയും സമാധാനത്തോടെയും ഇവിടെ വസിക്കണമെങ്കിൽ നമ്മുടെ പൂർവ്വികർ നട്ടുവളർത്തിയ നവോത്ഥാന വൃക്ഷത്തെ എന്ത് വിലകൊടുത്തും നമുക്ക് സംരക്ഷിച്ചേ മതിയാകൂ. നമുക്ക് കൈമാറി കിട്ടിയ നവോത്ഥാന കേരളത്തിന്റെ എല്ലും തോലും ആകരുത് നാം നമ്മുടെ കുട്ടികൾക്ക് കൈമാറേണ്ടത്. മജ്ജയും മാംസവുമുള്ള നവോത്ഥാന കേരളത്തെയാണ് വരും തലമുറകൾക്കാവശ്യം. നിങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുന്ന നവോത്ഥാന വൃക്ഷത്തെ ഞങ്ങൾ വേരോടെ പിഴുതെറിയുമെന്ന പ്രഖ്യാപനമാണ് സംഘപരിവാർ പുതുതലമുറയോട് നടത്തികൊണ്ടിരിക്കുന്നത്. കുമാരനാശാൻ പാടിയതുപോലെ, അന്ധരെ അന്ധർ നയിക്കുന്ന സ്ഥലങ്ങളിലാണ് ഹിന്ദുവർഗ്ഗീയതയുടെ വിഷാണുക്കൾ പുളയുന്നത്. അതാണ് യു.പി.യും ഗുജറാത്തും മഹാരാഷ്ട്രയും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളും നമുക്ക് നൽകുന്ന പാഠം. ഇവിടെ പ്രബുദ്ധരെ പ്രബുദ്ധർ നയിക്കുന്ന കേരളത്തിന്റെ വർത്തമാനകാല വെളിച്ചത്തെ കൂടുതൽ ജ്വലിപ്പിക്കാൻ നമുക്ക് ആകേണ്ടതുണ്ട്. ഈയൊരു വർത്തമാനകാല സാഹചര്യത്തിൽ ജാതിഭേദത്തിന്റെ മതിൽക്കെട്ടുകൾ ഭേദിച്ച് ശ്രീകോവിലിലേയ്ക്ക് കയറി വന്ന യദുകൃഷ്ണയെ നമ്മളാരും മറന്നിട്ടില്ല. ശാന്തിക്കാരനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമിച്ച ആദ്യത്തെ പട്ടികജാതിക്കാരനാണ് അദ്ദേഹം. ഗുരുവായൂർ ക്ഷേത്രത്തെ തകിൽ വാദ്യകലാകാരനായ, പട്ടികവിഭാഗക്കാരനായ സതീഷിനെ നമ്മൾ അറിയും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 29 പാർട്ട്ടൈം ശാന്തിക്കാരെയും പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് ഒരാളെയും നിയമിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ 14 പട്ടികജാതി വിഭാഗക്കാരാണ് ഇപ്പോൾ ശാന്തിക്കാരായിട്ടുള്ളത്. ഇന്ത്യയിൽ ഏത് സംസ്ഥാനത്താണ് ഇങ്ങനെയൊരു വിപ്ലവകരമായിട്ടുള്ള, സാമൂഹ്യ ഇടപെടലുകൾ നടത്താൻ, ആർക്കാണ് കഴിയുക? അതാണ് പിണറായി വിജയന്റെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. പുതിയ കാലത്തെ അഭിസംബോധന ചെയ്തുകൊണ്ട് വരും നാളുകളിൽ ഉജ്ജ്വലമായ സാമൂഹ്യ ഇടപെടലുകൾ ഉറപ്പുവരുത്തിക്കൊണ്ട് ക്ഷേത്രങ്ങളും

അതുപോലുള്ള സ്ഥാപനങ്ങളെയുമെല്ലാം ജനനന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താൻ ആവശ്യമായ ഇടപെടലുകളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ദൈവസന്നിധിയിലേയ്ക്കുള്ള ചുവടുവയ്പ്പ് എന്താണെന്ന് ചോദിച്ചാൽ ഉത്തരം നിസാരം, സൽക്കർമ്മങ്ങൾ തന്നെയെന്ന് ചിന്തകനായ ജെ. ജി. ഹോണൽസ് ഒരിക്കൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ ചെയ്യുന്നതും അതുതന്നെയാണ്. മനുഷ്യനന്മയെ മുൻനിർത്തി വിശ്വാസികളുടെ വിശ്വാസം സംരക്ഷിക്കാൻ എല്ലാ ജനങ്ങളെയും അമ്പലങ്ങളിൽ പോകാത്തവരും പള്ളികളിൽ പോകാത്തവരും അവരെയെല്ലാം അണിനിരത്തികൊണ്ട് വിശ്വാസികളുടെ വിശ്വാസം സംരക്ഷിക്കാനുള്ള ഇടപെടലുകളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തികൊണ്ടിരിക്കുന്നത്. വരും നാളുകളിലും ഈ ഇടപെടൽ തുടരുകതന്നെ ചെയ്യുമെന്നുള്ള കാര്യത്തിൽ തർക്കമില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 24-12-2016-ൽ എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച ബോർഡ് അധികാരമേറ്റശേഷമാണ് ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിച്ചത്. റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളും അതേത്തുടർന്ന് സ്വീകരിച്ച നടപടികളുമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ വിശദീകരിച്ചത്. മാറ്റിനിർത്തപ്പെട്ട, അവർണ്ണ വിഭാഗത്തിൽപ്പെട്ടയാളുകൾ പ്രത്യേകിച്ച്, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെ ക്ഷേത്രങ്ങളിൽ ശാന്തിക്കാരാകുകയും അവരതിന്റെ ഏറ്റവും വലിയ കർമ്മികളായി മാറുകയും ചെയ്ത സാഹചര്യമുൾപ്പെടെയുണ്ടായത് ഈ സന്ദർഭത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് എല്ലാവർക്കുംകൂടി പാസ്സാക്കാമെന്ന നിർദ്ദേശം വച്ചപ്പോൾ പൊതുവിൽ ഒരു സമവായമുണ്ടായി എന്നാണ് കരുതിയത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സംസാരിച്ചതിനെത്തുടർന്നാണ് ബില്ലിന്റെ ചർച്ചയ്ക്കുള്ള അവസരമുണ്ടായത്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പുനർനിയമനവും ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വരുത്തിയിട്ടുള്ള ചെറിയ ഭേദഗതിയാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആ ഭേദഗതിയെത്തുടർന്ന് ഒട്ടേറെ നടപടികളുമായി മുന്നോട്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ ചരിത്രത്തിൽ പ്രത്യേകിച്ച്, തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം എന്നീ അഞ്ച്

ദേവസ്വം ബോർഡുകളുടെ കാര്യമെടുത്താൽ, 1949-ഓടുകൂടിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകരിച്ചതെങ്കിൽ 1950-ൽ കൊച്ചിയും 1997-ൽ ഗുരുവായൂരും അവസാനം 2008-ലുമാണ് മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായത്. ഈ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങളെല്ലാം പരിശോധിക്കുമ്പോൾ, സ്വാഭാവികമായും റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യപ്പെടുമ്പോൾ ശ്രീ. എം. രാജഗോപാലനും ശ്രീ. എൻ. എ. നെല്ലിക്കുന്നും മലബാർ മേഖലയുടെ പ്രത്യേകതകളെക്കുറിച്ച് സൂചിപ്പിച്ചു. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുണ്ടായിരുന്ന ഭൂപ്രദേശമെന്ന നിലയിൽ സാമൂതിരിയുടെയും രാജാക്കന്മാരുടെയും എല്ലാം അധീനതയിലുണ്ടായിരുന്ന പ്രദേശത്തെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളും അനുഷ്ഠാനങ്ങളും അവിടെ നിലനിന്നുപോന്നിരുന്ന ഒട്ടേറെ പ്രശ്നങ്ങളുമാണ് ഇവിടെ ചൂണ്ടികാണിച്ചത്. അതൊന്നും ആവർത്തിക്കേണ്ട കാര്യമില്ല. പക്ഷേ മറ്റെല്ലാ ദേവസ്വം ബോർഡുകളെയുംപോലെ സാമ്പത്തിക ശേഷിയോ റിക്രൂട്ട്മെന്റ് ബോർഡ് വരുമ്പോഴുള്ള നിയമനങ്ങൾ നടത്താനുള്ള അവസ്ഥയോ മലബാർ ദേവസ്വം ബോർഡിനില്ല എന്ന യാഥാർത്ഥ്യം നമ്മൾ അംഗീകരിക്കേണ്ടതായിവരും. 2008-ൽ മുൻ മന്ത്രി ശ്രീ. ജി. സുധാകരൻ ദേവസ്വം ബോർഡ് മന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത്. കഴിഞ്ഞ പിണറായി സർക്കാരിൽ, ദേവസ്വം ബോർഡിന്റെ ചുമതല വഹിച്ചിരുന്ന ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ദേവസ്വം ബോർഡിനെ കൂടുതൽ ശക്തിപ്പെടുത്തുവാൻവേണ്ടി കൊണ്ടുവരാൻ നിർദ്ദേശിച്ച ബിൽ ഉൾപ്പെടെ എല്ലാ നിയമപരമായ നടപടികളും പൂർത്തീകരിച്ചെങ്കിലും പ്രായോഗികമാക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ടായിട്ടുണ്ട്. എങ്ങനെയാണ് ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുക എന്നത് തീർച്ചയായും ഗവൺമെന്റ് വരും നാളുകളിൽ ആലോചിക്കേണ്ടൊരു വിഷയമാണ് എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, അങ്ങ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ ക്ഷേത്രങ്ങളും വളരെയേറെ സമ്പന്നമാണെന്ന രൂപത്തിൽ സംസാരിക്കുന്നതിൽ ചെറിയ പിശകുണ്ട്. യഥാർത്ഥത്തിൽ 1,400-ഓളം ക്ഷേത്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുണ്ട്. മഹാഭൂരിപക്ഷം ക്ഷേത്രങ്ങളുടെയും വരുമാനം തീരെ കുറവാണ്. ശബരിമല പോലെയുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളുടെ വരുമാനം കൊണ്ടാണ് യഥാർത്ഥത്തിൽ മറ്റു ക്ഷേത്രങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ ദേവസ്വം ബോർഡ് മുന്നോട്ടുകൊണ്ടുപോകുന്നത്. 16-ാം തീയതി ശബരിമല സീസൺ ആരംഭിക്കാനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഇപ്രാവശ്യം 25,000-ത്തോളം

ഭക്തജനങ്ങളെ ശബരിമലയിൽ പ്രവേശിപ്പിക്കുന്നതുൾപ്പെടെയുള്ള തീരുമാനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ശബരിമലയിലെ പരമ്പരാഗത കാനനപാതയിലൂടെയും ഭക്തജനങ്ങളുണ്ടാവും. തീർച്ചയായും ഈ പ്രാവശ്യം ഭക്തജനങ്ങളുടെ സാന്നിധ്യംകൊണ്ട് നമ്മുടെ ക്ഷേത്രങ്ങൾക്ക് കഴിഞ്ഞ രണ്ടുവർഷക്കാലമായി ഉണ്ടായിക്കൊണ്ടിരുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. പക്ഷേ തിരുവിതാംകൂർ ക്ഷേത്രങ്ങളെക്കുറിച്ച് പറയുമ്പോൾ, സമ്പന്നമായ ക്ഷേത്രങ്ങളുടെ ധാരണ പലപ്പോഴും ഉണ്ടാകുന്നുണ്ട്. അത് പൂർണ്ണമായും ശരിയല്ലെന്നാണ് ഞാൻ അങ്ങയോട് സൂചിപ്പിക്കാൻ ആഗ്രഹിച്ചത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, 1250-ലധികം ക്ഷേത്രങ്ങളുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വളരെ സ്വാധീനമുള്ള ക്ഷേത്രമെന്ന് പറയുന്നത് ശബരിമല, ചെട്ടികുളങ്ങര, ഹരിപ്പാട് തുടങ്ങിയവയാണ്. ഇതുപോലുള്ള കുറെ പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ കാണുമെന്നുള്ളതൊഴിച്ചാൽ, മറ്റെല്ലാ ക്ഷേത്രങ്ങളും ഒരുപോലെ സമ്പന്നമാണെന്നുദ്ദേശിച്ചുകൊണ്ടല്ല ഞാൻ പറഞ്ഞത്. എന്നാൽ കേവലം രണ്ടോ മൂന്നോ ക്ഷേത്രങ്ങളൊഴികെ 1250, 1300-ഓളം ക്ഷേത്രങ്ങളുള്ള മലബാർ മേഖലയുമായി തട്ടിച്ചു നോക്കുമ്പോൾ അവിടെ നാമമാത്രമായ സ്വാധീനമുള്ള ഒന്നോ, രണ്ടോ ക്ഷേത്രങ്ങളെ കാണാൻ കഴിയൂ. അതിനേക്കാൾ മെച്ചപ്പെട്ടതും വളരെ നേരത്തെതന്നെ, 1949 കാലഘട്ടത്തിലെന്നു പറഞ്ഞാൽ അതിന്റെ പ്രത്യേകത ഇന്ത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നതിനുമുമ്പ്, കേരളം രൂപം കൊള്ളുന്നതിനുമുമ്പ് രൂപീകരിക്കപ്പെട്ടൊരു ദേവസ്വം ബോർഡ് എന്ന നിലയിലും അതിന്റെ പ്രവർത്തനത്തിന് അതിന്റേതായ പ്രത്യേകതകളും മേന്മകളും ഉള്ളതുകൊണ്ടും അതുകുറച്ചുകൂടി സമ്പന്നമാണെന്ന അർത്ഥത്തിൽ എടുത്താൽ മതിയാകും. എന്നാൽ അതുമായി തട്ടിച്ചുനോക്കുമ്പോൾ മറ്റുള്ളവ താരതമ്യേന വളരെ ദുർബലമാണ് എന്നതാണ് അതിന്റെ പ്രത്യേകത. നമ്മൾ കാണേണ്ട കാര്യം ഇത്തരം ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട പഴയ രീതികളും അതിന്റെ നടപടിക്രമങ്ങളും പരിശോധിക്കുമ്പോൾ തിരുവിതാംകൂർ മേഖലയിലെ വിദ്യാഭ്യാസപരമായ മുന്നോക്കാവസ്ഥ, കോളേജുകൾ, സ്കൂളുകൾ ഉൾപ്പെടെയുള്ളതെല്ലാം ദേവസ്വം ബോർഡിന്റെ കീഴിൽ തന്നെയുള്ള സാഹചര്യമുണ്ട്. അതൊന്നും ചിലപ്പോൾ മറ്റെവിടെയും കാണാൻ കഴിയില്ല. കൊച്ചിയിൽ ചിലപ്പോൾ ഒന്നോ രണ്ടോ കോളേജുകളോ സംവിധാനങ്ങളോ കാണാൻ കഴിയും. എന്നാൽ അതല്ല മലബാർ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം അവിടുത്തെ പ്രത്യേകത ടി കാര്യത്തിൽ റിക്രൂട്ട്മെന്റ് ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആലോചിക്കുമ്പോൾ റിക്രൂട്ട്മെന്റ് ബോർഡിന്റെ സംവിധാനത്തിലേയ്ക്ക് അവിടുത്തെ നിയമനമുൾപ്പെടെയുള്ള കാര്യങ്ങൾ വരണമെങ്കിൽ നിയമനിർമ്മാണം തന്നെ അനിവാര്യമായിരിക്കുന്നു എന്നൊരു പ്രത്യേകതയുമുണ്ട്. ഏറ്റവും പാവപ്പെട്ട ആളുകളുടെ ഒരു പ്രദേശമെന്ന രീതിയിലും ടി മേഖലയിൽ പ്രശ്നങ്ങൾ

നിലനിൽക്കുന്ന സാഹചര്യമെന്ന നിലയിലും അത്തരം കാര്യങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട് എന്നതാണ് എനിക്ക് അക്കാര്യത്തിൽ ചൂണ്ടികാണിക്കാനുള്ളത്. വളരെ ചുരുങ്ങിയ ആളുകൾ മാത്രമാണ് അവിടെ ദേവസ്വത്തിൻ കീഴിലുള്ളത്. അവിടെയുള്ള ക്ഷേത്രങ്ങളിലെല്ലാം ട്രസ്റ്റിമാരാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അവരുടെ കൈകളിൽ ഇരിക്കുന്ന 1250, 1300-ഓളം വരുന്ന ക്ഷേത്രങ്ങളിൽ ഒന്നോ രണ്ടോ പേരെടുത്തു പറയാൻ കഴിയുന്ന ക്ഷേത്രങ്ങൾ ഒഴിച്ചാൽ മറ്റെല്ലാംതന്നെ വളരെ ദയനീയമായ അവസ്ഥയിലാണ്. അവിടെ ശാന്തിക്കാർക്ക് കൂലി കൊടുക്കാൻപോലും കഴിയാത്ത സാഹചര്യമാണുള്ളത്. റിക്രൂട്ട്മെന്റ് ബോർഡുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ വരികയും തുടർഭരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുകയും ചെയ്യുമ്പോൾ ആ മേഖലയിലെ പ്രശ്നങ്ങൾകൂടി പരിഹരിക്കേണ്ടതായിട്ടുമുണ്ട്. അതുകൊണ്ട് അതിനാവശ്യമായ രീതിയിലുള്ള ആലോചനകളും അതുപോലെതന്നെ നിയമനിർമ്മാണമുൾപ്പെടെയുള്ള കാര്യങ്ങളും സർക്കാരിന്റെ ആലോചനയിലുണ്ടാകണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. മലബാറിൽ നിന്നുള്ള ആളായതുകൊണ്ട് ആ പ്രദേശത്തിന്റെ പ്രത്യേകത ചൂണ്ടികാണിക്കാതെ നിർവ്വാഹമില്ല. ഏറ്റവും പ്രധാനപ്പെട്ട ആയിരത്തി എണ്ണൂറോളം വരുന്ന കോലധാരികളും ആചാരസ്ഥാനീയരും ഉൾപ്പെടെയുള്ളവർ ക്ഷേത്രങ്ങളിലുണ്ട്. അവർ കാവുകളുടെയും ചെറിയ ക്ഷേത്രങ്ങളുടെയും അവകാശികളായിട്ടുള്ള ആളുകളാണ്. അവർക്കിന്ന് കേവലം 1400 , 1600 രൂപ വരുന്ന പെൻഷൻ തുകയാണ് നൽകുന്നത്. മറ്റൊന്നും അവർക്ക് ഈ ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്നില്ല. അവരുടെ ആത്മീയമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും ഞങ്ങളാൽ നിർവ്വഹിക്കേണ്ടതാണെന്ന ധാരണയോടെ കഴകത്തിന്റേതായ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തുകൊണ്ട് അവർ പ്രവർത്തനം നടത്തുകയാണ്. ശാന്തിക്കാരനും കഴകവും അടിച്ചുതളിക്കാരുമുൾപ്പെടെ വരുന്ന ജീവനക്കാർ നിത്യവും ജോലി ചെയ്യുന്നുണ്ടെങ്കിലും അവർക്ക് ആവശ്യമായ സൗകര്യങ്ങളില്ലാത്ത അവസ്ഥയുണ്ട്. അതിനാൽ അവരെ സംബന്ധിച്ചിടത്തോളം, മലബാർ ദേവസ്വം ബോർഡിന് സർക്കാർ നൽകുന്ന ഗ്രാന്റിൽനിന്നാണ് നാമമാത്രമായ രീതിയിൽ മൂന്നുലക്ഷത്തിനു താഴെ വരുമാനമുള്ള ക്ഷേത്രങ്ങളിലുള്ളവർക്ക് ശമ്പളം നൽകുന്നത്. ഇവിടെ നമുക്ക് നിശ്ചയിച്ചതുപോലുള്ള പുതിയ ശമ്പളപരിഷ്കരണവും അതിനെ തുടർന്നുള്ള നടപടികളുമെല്ലാം ഉണ്ടായിട്ടുണ്ടെങ്കിലും ടി മേഖലയിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അത് അവർക്ക് ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ഇത്തരം സാഹചര്യത്തിൽ സമൂഹത്തിലെ പ്രയാസങ്ങളനുഭവപ്പെടുന്ന കോലധാരികളുടെ കാര്യവും വളരെ ദയനീയമാണ്. കോവിഡ് പോലെയുള്ള മഹാമാരി നാട്ടിലാകെ പിടിപ്പെട്ടതിനെത്തുടർന്ന് ദൈവംകെട്ട് മഹോത്സവങ്ങൾ നടക്കാതെയായി, വയനാട്ടുകുലം ദൈവംകെട്ട് ഇല്ലാതായി. മറ്റൊട്ടേറെ

ദൈവസ്ഥാനങ്ങളിൽ നടക്കേണ്ട ചടങ്ങുകളും പരിപാടികളും ഇല്ലാതായി. ഒരുപാടു മൂർത്തികളുടെ ക്ഷേത്രങ്ങൾ മൂർത്തികൾ കെട്ടിയാടിക്കപ്പെടാത്ത സാഹചര്യമുണ്ടായി. കോലധാരികളായിട്ടുള്ള വിവിധ സമുദായങ്ങളിൽപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവർ ഇപ്പോൾ മറ്റുപല കൈകൊട്ടു പണികളെടുക്കാനും പെയിന്റടിക്കാനും നിർമ്മാണ തൊഴിലിൽ ഏർപ്പെടാനും കല്ലു ചുമക്കാനും ചുമട് എടുക്കാനുമൊക്കെ പോകുന്ന ചിത്രങ്ങളാണ് മാധ്യമങ്ങൾവഴി നമുക്ക് കാണാൻ കഴിയുന്നത്. അപ്പോൾ അത്തരം ആളുകളെ സംബന്ധിച്ചിടത്തോളം മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിൽ വരുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് അതീവ ഗൗരവതരമായ രീതിയിൽ സർക്കാരിന്റെ പ്രത്യേകമായ പരിഗണന വരേണ്ടതുണ്ട്. അതിനാവശ്യമായ നിയമനിർമ്മാണത്തെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതുണ്ടെന്നും ടി സന്ദർഭത്തിൽ സൂചിപ്പിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

3.00 PM]

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, കൊച്ചി-തിരുവിതാംകൂർ-മലബാർ ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ അങ്കണങ്ങളിൽ ഏതെങ്കിലും യുവജന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആയുധാഭ്യാസമോ പരിശീലനമോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ക്ഷേത്രങ്ങളെ വിശ്വാസത്തിന്റെ പേരിൽ രാഷ്ട്രീയ മുതലെടുപ്പിന് പ്രത്യക്ഷമായി ഉപയോഗിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പല സ്ഥലത്തും അത് സംഘർഷത്തിന് ഇടയായിട്ടുമുണ്ട്. പ്രത്യേകിച്ച് തൃശ്ശൂർ ജില്ലയിലെ എല്ലാ പ്രധാന ക്ഷേത്രങ്ങളിലും ചില രാഷ്ട്രീയ സംഘടനകളുടെ, യുവജനപ്രസ്ഥാനങ്ങളുടെ ആയുധാഭ്യാസങ്ങളുൾപ്പെടെ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് കൊടുങ്ങല്ലൂരിലെ ശ്രീകുരുംബക്കാവ്, ഒരു സെക്കുലർ ഇടമായിരുന്ന, കേരളത്തിന്റെയും ഒരുപക്ഷെ ഇന്ത്യയുടെയും രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്ന, തേക്കിൻകാടുൾപ്പെടെ ഒരു പ്രത്യേക രാഷ്ട്രീയ സംഘടനയുടെ കൈപ്പിടിയിലേയ്ക്കൊതുങ്ങുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ ഏതെങ്കിലും തരത്തിൽ തടയാൻ സാധിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ക്ഷേത്രങ്ങൾ യഥാർത്ഥത്തിൽ ആരാധനയ്ക്കുവേണ്ടിയുള്ളതാണ്. ആരാധനാലയങ്ങൾ എന്ന രീതിയിലാണ് ക്ഷേത്രങ്ങളെ കാണേണ്ടതും അതിനെ എല്ലാകാലത്തും ഉപയോഗിച്ചുകൊണ്ടിരുന്നതും. എന്നാൽ ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ക്ഷേത്രാങ്കണങ്ങളെ വലിയ ആയുധപ്പുരകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുകയും സായുധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടായിട്ടുള്ളതായി നമുക്കറിയാവുന്നതാണ്. അത്തരം നീക്കത്തെ തടയേണ്ടതുണ്ട്. അതിനായി ജനകീയ ഇടപെടൽ ആവശ്യമാണ്.

അക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം. അതിനുവേണ്ട നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത്തരം പ്രത്യേക സ്ഥലമുണ്ടെന്ന് ഇവിടെ ചൂണ്ടിക്കാണിച്ച നിലയിൽ ഇതുസംബന്ധിച്ച് അധികൃതരുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തണം. റിക്രൂട്ട്മെന്റ് ബോർഡ് സംവിധാനം നടപ്പാക്കി മുന്നോട്ടുപോയതിന്റെ ഫലമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ, 24-12-2016-ൽ ഗവൺമെന്റ് രൂപീകരിക്കാൻ നിശ്ചയിച്ച ബോർഡ്, അതിന്റെ അധികാരം ഏറ്റെടുത്തശേഷം പ്രധാനപ്പെട്ട കാര്യങ്ങൾ പലതും നടപ്പാക്കിക്കഴിഞ്ഞു. അതിന്റെ ഭാഗമായി 2518 പേരുൾപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുകയും 1082 പേർക്ക് നിയമനങ്ങൾ നൽകുകയും 47 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും 69 തസ്തികകൾ വിജ്ഞാപനം ചെയ്യുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം ഈ കാലഘട്ടത്തിൽ ചെയ്യാൻ സാധിച്ചുവെന്ന റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രത്യേകതകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ചർച്ചയ്ക്കെടുത്ത സന്ദർഭത്തിൽ ഞാൻ സൂചിപ്പിച്ച കാര്യങ്ങൾതന്നെ ആവർത്തിക്കേണ്ടിവരികയാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്നും ശ്രീ. സനീഷ്കുമാർ ജോസഫും വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് ഇറക്കിയത് 2014-ലും അതനുസരിച്ചുള്ള ബിൽ പാസ്സാക്കിയത് 2015-ലുമാണ്. ഇത് രണ്ടും യു.ഡി.എഫ്.-ന്റെ കാലത്താണ് ചെയ്തത്. ആ ബില്ലനുസരിച്ച് ആറംഗങ്ങളാണ് റിക്രൂട്ട്മെന്റ് ബോർഡിലുണ്ടായിരുന്നത്. 32 മാസക്കാലം അവർ ബോർഡിന്റെ ഭരണം നടത്തി. ശ്രീ. സനീഷ്കുമാർ ജോസഫ് റിക്രൂട്ട്മെന്റ് ബോർഡ് ഒരു വെള്ളാനയായി മാറിയെന്ന് പറഞ്ഞത് കാര്യങ്ങൾ അറിയാത്തതുകൊണ്ടാണോയെന്ന് എനിക്കറിയില്ല. 32 മാസക്കാലം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചുമതല നിർവ്വഹിച്ച ആറംഗങ്ങൾ ഒരു വ്യക്തിയെപ്പോലും റിക്രൂട്ട് ചെയ്യാതിരുന്നതാണോ അതോ പട്ടികജാതി/പട്ടികവർഗ്ഗത്തിൽനിന്ന് ഒരംഗവും വനിത വിഭാഗത്തിൽനിന്ന് ഒരംഗവുമുൾപ്പെട്ട മൂന്നംഗങ്ങളാക്കി ചുരുക്കി, അവർ ചേർന്ന് 1082 പേരെ നിയമിച്ചതാണോ വെള്ളാന? ഇതിൽ വെള്ളാന ആരാണെന്നും അത് ആരുടെ കാലഘട്ടത്തിലാണെന്നുള്ളതും ചിന്തിക്കണം. അതുപോലെ നമ്മുടെ പൂർവ്വികരുണ്ടാക്കിയ സംസ്കാരം നിലനിർത്തണമെന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞു, സഭയിൽ പ്രസംഗമത്സരം നടത്താൻവേണ്ടിത്തന്നെയാണ്

അദ്ദേഹം തീരുമാനിച്ചിരിക്കുന്നത്. പൂർവ്വികരുണ്ടാക്കിയ നല്ല സംസ്കാരങ്ങളെല്ലാം നമുക്ക് നിലനിർത്താം. എന്നാൽ പൂർവ്വികരുണ്ടാക്കിയ ചില സംസ്കാരങ്ങളുണ്ട്, ഇന്നലെ കേരളപ്പിറവി ദിനവും ഗുരുവായൂർ സത്യാഗ്രഹ സമരത്തിന്റെ 90-ാം വാർഷികവും നമ്മൾ ആഘോഷിച്ചു. എന്തിനാണ് ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ചത്? പൂർവ്വികരുണ്ടാക്കിയ ചില ആചാരത്തിന്റെയും അനാചാരത്തിന്റെയും ഫലമായാണ് 1931-ൽ ഗുരുവായൂർ സത്യാഗ്രഹം നടത്തേണ്ടിവന്നത്. ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യത്തിന്റെ ഭാഗമായി നടന്ന ഒരു പ്രത്യേക കാലഘട്ടത്തിലാണ് ഗുരുവായൂർ സത്യാഗ്രഹം നടത്തേണ്ടിവന്നത്. മഹാനായ കെ. കേളപ്പജിയും എ.കെ.ജി.-യും പി. കൃഷ്ണപിള്ളയും മന്നത്ത് പത്മനാഭനുമടക്കമുള്ളവർ പങ്കെടുത്തുകൊണ്ട് നടത്തിയ ആ സമരം ഐതിഹാസികമായ സമരമായിരുന്നു. പൂർവ്വികരുണ്ടാക്കിയ ആചാരങ്ങളെയും അനാചാരങ്ങളെയും എതിർത്തുകൊണ്ടാണ് അന്ന് സമരം ചെയ്തത്. പട്ടിക്കും പൂച്ചയ്ക്കുംപോലും നടക്കാവുന്ന വഴിയിലൂടെ മനുഷ്യന് നടക്കാൻ പറ്റാത്ത സാഹചര്യം വന്നപ്പോഴാണ് 1924-ൽ വൈക്കം സത്യാഗ്രഹം നടത്തിയത്. അതും പൂർവ്വികരുണ്ടാക്കിയ ഒരു അനാചാരമായിരുന്നു. അതിനെയും നമുക്ക് ലംഘിക്കേണ്ടിവന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, പൂർവ്വികരുണ്ടാക്കിയതെല്ലാം നമുക്ക് സ്വീകരിക്കാൻ കഴിയില്ല. ചിലത് സ്വീകരിക്കാം. തള്ളേണ്ടത് തള്ളുകതന്നെ ചെയ്യണം. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിൽ ഈ ഭേദഗതി കൊണ്ടുവന്നതിന്റെ ഉദ്ദേശ്യലക്ഷ്യമെന്താണെന്ന് ഇപ്പോൾ എല്ലാവർക്കും മനസ്സിലായിക്കാണുമെന്ന് ഞാൻ കരുതുന്നു. ഇത് വെള്ളാനകളാക്കാനല്ല, ഒരുകാലത്ത് ക്ഷേത്രത്തിലോ ക്ഷേത്രാങ്കണങ്ങളിലോ പ്രവേശനമില്ലാതിരുന്ന കേരളത്തിലെ പാവപ്പെട്ട ഹിന്ദു വിഭാഗത്തിൽപ്പെട്ടവരെ ക്ഷേത്രങ്ങളുടെ അകത്തേയ്ക്കും ക്ഷേത്ര ഭരണത്തിലേയ്ക്കും കൊണ്ടുവരാനും ആചാരാനുഷ്ഠാനങ്ങൾ അവരിലേയ്ക്ക് കൊണ്ടുവരാനുമുള്ള ശ്രമമാണിത്. അതിന്റെ ഭാഗമായി 44 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ക്ഷേത്രങ്ങളിലെ പൂജാരികളായി മാറി, അതിനെ ചെറുതായി കാണേണ്ടതില്ല. ഈ ഭേദഗതി കൊണ്ടുവന്നത് സമൂഹത്തിലെ പാവപ്പെട്ട, പാർശ്വവത്ക്കരിക്കപ്പെട്ട ആളുകളുടെ താൽപ്പര്യംകൂടി സംരക്ഷിക്കാൻവേണ്ടിയാണ് എന്ന് സൂചിപ്പിക്കുകയാണ്. മറ്റുകാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ ക്ഷേത്രങ്ങളുടെയും ദേവസ്വം ബോർഡുകളുടെയും കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കേരളത്തിലെ ആറായിരത്തിലേറെ വരുന്ന ക്ഷേത്രജീവനക്കാരിൽ പിന്നോക്കവിഭാഗങ്ങൾക്ക് കിട്ടേണ്ട അർഹമായ പങ്കാളിത്തം കിട്ടിയിട്ടില്ലെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. അത് നികത്താനും അതിന് കാരണക്കാരായവരുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഈ വിഷയം കഴിഞ്ഞ പ്രാവശ്യം ചൂണ്ടിക്കാണിച്ചപ്പോൾത്തന്നെ ഞാൻ ഇതിന് മറുപടി പറഞ്ഞതാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമനം നടത്തുമ്പോൾ ഓരോ വിഭാഗത്തിനും കിട്ടേണ്ട റിസർവേഷൻ നൽകാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. അതുകൊണ്ടാണ് എസ്.സി./എസ്.ടി. വിഭാഗത്തിന് 12 ശതമാനവും ഈഴവ വിഭാഗത്തിന് 17 ശതമാനവും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് 6 ശതമാനവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് 10 ശതമാനവും സംവരണം കൊടുക്കാൻ കഴിഞ്ഞത്. ജാതിപരമായി മുന്നിൽ നിൽക്കുന്നവരുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണെന്ന് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ പറഞ്ഞു. അവരെയും സഹായിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു വിഭാഗത്തെയും തള്ളിക്കളയാനല്ല, റിസർവ്വേഷൻ മാനദണ്ഡം പാലിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: ....(മൈക്ക് ഓഫ്)......

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: അത് തുടങ്ങിയിട്ടല്ലേയുള്ളൂ. അതിന്റെ ബാക്ക്‌ലോഗ് പരിശോധിച്ച് പിന്നീട് അത് പരിഹരിക്കാനുള്ള ഇടപെടൽ നടത്താൻ കഴിയും. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ അംഗങ്ങളായി വരുന്നവർക്ക് പുനർനിയമനം നൽകാനാണ് ഈ ബിൽ കൊണ്ടുവന്നത്. അത് അനിവാര്യമായതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരാനുള്ള ഇടപെടൽ നടത്തിയത്. ദേവസ്വത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച്, വിശ്വാസവും ആചാരവും സംരക്ഷിക്കുന്ന കാര്യത്തിൽ എന്തോ കുറവ് സംഭവിച്ചെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി, നിലവിലുള്ള ആചാരാനുഷ്ഠാനങ്ങൾക്കോ വിശ്വാസങ്ങൾക്കോ കോട്ടംതട്ടുന്ന ഒരു ഇടപെടലും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ലെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

മലബാർ ദേവസ്വവുമായി ബന്ധപ്പെട്ടാണ് ഒട്ടേറെ ആക്ഷേപങ്ങൾ ഉയർന്നുവന്നത്. അവിടെ സമഗ്രമായൊരു നിയമമില്ലാത്തതിന്റെ കുറവുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. മലബാർ ദേവസ്വത്തിന് സമഗ്രമായൊരു നിയമം കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്നവേളയിൽത്തന്നെ ഞാൻ പറഞ്ഞതാണ്. അവിടത്തെ ജീവനക്കാരെ വിവിധ തട്ടുകളിലായി തിരിച്ചിട്ടുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അമ്പലങ്ങളെ തരംതിരിച്ച്, ജീവനക്കാർക്ക്

ശമ്പളം കൊടുക്കുന്ന രീതിയാണുള്ളത്. പൂർണ്ണമായി ശമ്പളം കിട്ടാൻ കഴിയണമെങ്കിൽ സമഗ്രമായ മലബാർ ദേവസ്വം നിയമം കൊണ്ടുവരാൻ കഴിയണം. അതുപോലെ ശമ്പള പരിഷ്കരണത്തെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് പന്ത്രണ്ട് വർഷത്തോളമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരുന്നില്ല. ശ്രീ. കടകംപള്ളി സുരേന്ദ്രൻ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 2021 ഫെബ്രുവരി 12-ാം തീയതി മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടിയുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ആ ഉത്തരവനുസരിച്ച് കാര്യങ്ങൾ കൊണ്ടുപോകാൻ ചില തടസ്സങ്ങളുണ്ടായിരുന്നു. അതിനുശേഷമാണ് അവരുടെ ശമ്പള ഫിക്സേഷൻ നടത്തേണ്ടിവന്നത്. ആ ഫിക്സേഷനെ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞു. ഇനി ഡി.എ. സംബന്ധിച്ച അനോമലി നിലനിൽക്കുന്നുണ്ട്. അത് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുവരികയാണ്. മിക്കവാറും അടുത്ത ആഴ്ചയോ ഈ മാസത്തിൽത്തന്നെയോ അനോമലി പരിഹരിച്ച്, 12 വർഷമായി നടപ്പിലാക്കാതിരുന്ന മലബാർ ദേവസ്വം ബോർഡിലെ മുഴുവൻ ജീവനക്കാർക്കും ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പംതന്നെ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള ഇടപെടൽ നല്ലതുപോലെ നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷവും മുൻ ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന സന്ദർഭത്തിലും ദേവസ്വം ബോർഡുകളെയും അവിടത്തെ ജീവനക്കാരെയും നല്ലതുപോലെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം വിവിധ ദേവസ്വം ബോർഡുകൾക്കായി 217 കോടിയോളം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. ഓരോ ദേവസ്വം ബോർഡുകൾക്കും അനുവദിച്ച തുകയുടെ കണക്ക് ഇവിടെയുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനുമായി ഏകദേശം 131.06 ലക്ഷം രൂപയാണ് നൽകിയത്. കൂടാതെ മലബാർ ദേവസ്വം ബോർഡിന് 58.98 ലക്ഷം രൂപയും കൊച്ചിൻ ദേവസ്വം ബോർഡിന് 25 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയുമാണ് നൽകിയത്. അതുപോലെ ബഹുമാനപ്പെട്ട അംഗം ഇ. ചന്ദ്രശേഖരൻ ആചാര സ്ഥാനീയർക്കും കോലധാരികൾക്കുമുള്ള ധനസഹായത്തെപ്പറ്റി സൂചിപ്പിച്ചിരുന്നു. ആചാരസ്ഥാനീയർക്കും

കോലധാരികൾക്കുമുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഒന്നേകാൽ കോടി രൂപ നൽകുകയുണ്ടായി. അതുപോലെതന്നെ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്ഥലങ്ങൾ നവീകരിക്കുന്നതിനായി ഒരു കോടി രൂപയും ഭക്തർക്ക് ആരാധനാ സൗകര്യമൊരുക്കുന്നതിനുള്ള സാമ്പത്തിക സഹായവും നൽകുന്നുണ്ട്. പ്രധാനപ്പെട്ട ക്ഷേത്രങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നുണ്ട്. ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ ദിവസം നടന്ന ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട റിവ്യൂ മീറ്റിംഗിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ റിവ്യൂ മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് ശബരിമലയുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും തീർത്ഥാടനകാലം ഭംഗിയായി നടത്തുന്നതിനുമുള്ള ഇടപെടൽ നടത്തുകയുണ്ടായി. ഈ വർഷത്തെ മകരവിളക്ക് മഹോത്സവവും തീർത്ഥാടനവും ഏറ്റവും ഭംഗിയായി നടത്തുന്നതിനുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനിടയിലാണ് ചില കുതന്ത്രങ്ങൾ ഒപ്പിക്കാൻ കഴിയുമോയെന്നുള്ള ആലോചന പല സ്ഥലങ്ങളിലും നടന്നുവരുന്നത്. ബഹുമാനപ്പെട്ട അംഗം പി. ബാലചന്ദ്രൻ ക്ഷേത്രങ്ങളും ആരാധനാലയങ്ങളും കേന്ദ്രീകരിച്ച് നടക്കുന്ന ചില പ്രവർത്തനങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരു കാരണവശാലും നമ്മുടെ ആരാധനാലയങ്ങളെ ആയുധപ്പുരകളായി മാറ്റാൻ പാടില്ല എന്നതുതന്നെയാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അവിടെ ഗുണ്ടായിസം നടത്തുന്നതിനല്ല ഭക്തർക്ക് മാന്യമായിവന്ന് ദർശനം നടത്തി പോകുന്നതിനുള്ള സൗകര്യമാണ് ഒരുക്കേണ്ടത്. ഗവൺമെന്റ് അതിനുവേണ്ടിയുള്ള ഇടപെടലുകളാണ് നടത്തുന്നത്. ഭക്തരെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള വലിയ ശ്രമങ്ങൾ നടത്തുന്നുണ്ട്. കോൺഗ്രസ് അംഗങ്ങളടക്കമുള്ളവർ അത് തിരിച്ചറിയണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഇത് പറയാൻ കാരണം, കൊടുങ്ങല്ലൂർ ക്ഷേത്രത്തിനെപ്പറ്റി അദ്ദേഹമിവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ വികസനത്തിനായി ഏകദേശം 5 കോടി 21 ലക്ഷം രൂപ 'മുസിരിസ്' പദ്ധതിയുമായി ബന്ധപ്പെട്ട് നൽകുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഒരു കോടി എൺപത്തിയെട്ട് ലക്ഷം രൂപ ചെലവഴിച്ച് അവിടെ ഒരു അക്കോമഡേഷൻ സെന്ററിന്റെ തറക്കല്ലിടൽ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ വലിയ രീതിയിലുള്ള വിവാദങ്ങളുണ്ടാക്കാനാണ് ചിലർ ശ്രമിച്ചത്. കൊടുങ്ങല്ലൂർ എം.എൽ.എ. ശ്രീ. വി.

ആർ. സുനിൽകുമാറിന് അതിനെപ്പറ്റി നല്ലതുപോലെ അറിയാം. മുസിരിസ് എന്നത് മുസ്ലീം സമുദായങ്ങളുടേതാണെന്നും അത് അവരുടെ കൈയിലെത്തിക്കാനുള്ള ഒരു പരിപാടിയാണെന്നും ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും തറക്കല്ലിടാൻ അവിടെയെത്തിയ എന്നെ തടയുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തു. അങ്ങനെയെല്ലാം തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭക്തരെയും വിശ്വാസികളെയും താൽകാലിക രാഷ്ട്രീയ നേട്ടത്തിനായി തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമത്തെ തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കാൻ നാം തയ്യാറാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്. ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ സദുദ്ദേശ്യത്തോടുകൂടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ആറ് അംഗങ്ങളുണ്ടായിരുന്ന ബോർഡിലെ അംഗസംഖ്യ മൂന്നായി ചുരുക്കുകയാണുണ്ടായത്. ആറ് അംഗങ്ങളുണ്ടായിരുന്നപ്പോൾ ഒരു പട്ടികജാതി/ പട്ടികവർഗ്ഗക്കാരനെയോ ഒരു വനിതയെയോ ഉൾപ്പെടുത്താൻ തോന്നിയില്ല. മൂന്നംഗങ്ങളായപ്പോൾ ഒരു വനിതയും ഒരു പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ബോർഡ് പുനഃസംഘടിപ്പിച്ചത്. അതുകൊണ്ട് ഈ ബോർഡ് വെള്ളാനകളുടെ അല്ല, ഇത് നമ്മുടെ സമൂഹത്തിലെ പാവപ്പെട്ടവർക്കും ഉദ്യോഗാർത്ഥികൾക്കും ആശ്വാസം നൽകുന്ന ബോർഡാണ്. അതുകൊണ്ടുതന്നെ ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. പ്രധാന ആക്റ്റിലെ വകുപ്പ് 5(1)-ൽ "മൂന്ന്" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

159. ഖണ്ഡം 2-ൽ 5(1)-ൽ "ആക്ട്" എന്ന് വരുന്നിടത്തെല്ലാം"ആക്റ്റ്" എന്ന് ചേർക്കുക.

161. ഖണ്ഡം 2-ൽ "ചേർക്കേണ്ടതാണ്" എന്നതിന് പകരം "ചേർക്കുക" എന്ന് ചേർക്കുക.

162. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ൽ "ചെയർപേഴ്സണായോ"എന്നതിനുമുൻപ് "ചെയർമാനായോ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

214. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "യാതൊരാളും" എന്നതിന് പകരം "ഏതൊരാളും"എന്ന് ചേർക്കുക.

215. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "യാതൊരാളും" എന്നതിന് ശേഷം "ചെയർമാൻ, അംഗം എന്നീ രണ്ടു സ്ഥാനങ്ങളിലായി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

223. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "അർഹനായിരിക്കുന്നതല്ല" എന്നതിനുപകരം "അർഹതയുള്ളതായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ൽ "ചെയർപേഴ്സണായോ അംഗമായോ" എന്നതിന് പകരം"അംഗമായി" എന്ന് ചേർക്കുക.

207. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6) താഴെ പറയും പ്രകാരം മാറ്റുക: “ (6) ചെയർപേഴ്സണായി നിയമിക്കപ്പെട്ട ഒരാൾക്ക് നിർണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.”

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

160. ഖണ്ഡം (2)-ൽ "താഴെപ്പറയുന്ന" എന്നതിന് പകരം "ഇനിപ്പറയുന്ന" എന്ന് ചേർക്കുക.

163. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ൽ "ചെയർപേഴ്സണായോ" എന്നതിന് പകരം"ചെയർമാനായോ"എന്ന് ചേർക്കുക.

193. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ൽ "ഉണ്ടായിരിക്കുന്നതാണ്" എന്നതിനു പകരം "ഉണ്ടായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

211. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്രകാരമുള്ള" എന്നതിന് പകരം "ചെയർമാനോ അംഗമോ ആയ" എന്ന് ചേർക്കുക.

217. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ട്" എന്നതിനു പകരം "ഒരു" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

170. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ൽ "നിയമിക്കപ്പെട്ട” എന്നതിനു പകരം "നിയമിക്കപ്പെടുന്ന” എന്ന് ചേർക്കുക.

172. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6) -ൽ "ഒരാൾക്ക്” എന്നതിനു പകരം "വ്യക്തിക്ക്” എന്ന് ചേർക്കുക.

191. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ൽ "ഉണ്ടായിരിക്കുന്നതാണ്" എന്നതിനു പകരം "ഉണ്ടായിരിക്കുന്നതും" എന്ന് ചേർക്കുക.

212. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്രകാരമുള്ള യാതൊരാളും" എന്നതിനു പകരം " അപ്രകാരം നിയമിതനാകുന്ന യാതൊരാളും" എന്ന് ചേർക്കുക.

(സർവ്വശ്രീ ടി. ജെ. വിനോദ്, എം. വിൻസെന്റ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, രമേശ് ചെന്നിത്തല, പി. ടി. തോമസ്, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 157, 158 എന്നീ നമ്പർ ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്കും 166, 167 എന്നീ നമ്പർ ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്കും 174 മുതൽ 184-ാം നമ്പർ വരെയുള്ള ഭേദഗതികളും 186 മുതൽ 190-ാം നമ്പർ വരെയുള്ള ഭേദഗതികളും 185-ാം നമ്പർ ഭേദഗതിക്കും 192-ാം നമ്പർ ഭേദഗതി 193-ാം നമ്പർ ഭേദഗതിക്കും 194, 196, 197 എന്നീ നമ്പർ ഭേദഗതികൾ 195-ാം നമ്പർ ഭേദഗതിക്കും 198 മുതൽ 206 വരെയുള്ള ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്കും 209, 210 എന്നീ നമ്പർ ഭേദഗതികൾ 208-ാം നമ്പർ ഭേദഗതിക്കും 216-ാം നമ്പർ ഭേദഗതി 217-ാം നമ്പർ ഭേദഗതിക്കും 219, 220 എന്നീ നമ്പർ ഭേദഗതികൾ 218-ാം നമ്പർ ഭേദഗതിക്കും 222-ാം നമ്പർ ഭേദഗതി 221-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ചെറിയൊരു പിശക് വന്നിട്ടുണ്ട്, "ആക്ട്" എന്ന് വരുന്നിടത്തെല്ലാം"ആക്റ്റ്" എന്നാണ് ചേർക്കേണ്ടത്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതിരിപ്പിച്ച 161, 162, 214, 215, 223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതിരിപ്പിച്ച 164, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മോൻസ് ജോസഫ് അവതിരിപ്പിച്ച 160, 163, 193, 211, 217 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതിരിപ്പിച്ച 170, 172, 191, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു .

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 3(2)-ൽ "ആക്ട്" എന്നതിനു പകരം "ആക്റ്റ്" എന്ന് ചേർക്കുക.

(ശ്രീ. രമേശ് ചെന്നിത്തല സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ "ആക്ട്" എന്നതിനു പകരം "ആക്റ്റ്" എന്ന് ചേർക്കുക.

120. പീഠികയിൽ "ആക്ട്" എന്നതിനുപകരം "ആക്റ്റ്" എന്ന് ചേർക്കുക.

141. ഖണ്ഡം 1(1)-ൽ "ആക്ട്" എന്നതിനു പകരം "ആക്റ്റ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകത്തിൽ "ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. പീഠികയിൽ "ഇതിനുശേഷം" എന്നതിന് പകരം "താഴെ" എന്ന് ചേർക്കുക.

134. പീഠികയിൽ "ചെയ്യുന്നത്" എന്നതിനുപകരം "ചെയ്യേണ്ടത്" എന്ന് ചേർക്കുക.

142. ഖണ്ഡം 1(1)-ൽ "പേര് പറയാം" എന്നതിനുപകരം "നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

151. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനുപകരം "കരുതാവുന്നതാണ്" എന്ന് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

148. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്നതിനു പകരം "നിലവിൽ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

139. തത്വപ്രഖ്യാപനവാക്യത്തിൽ "താഴെപ്പറയും" എന്നതിനുപകരം "ഇനി പറയും" എന്ന് ചേർക്കുക.

143. ഖണ്ഡം 1(1)-ൽ "പറയാം" എന്നതിന് പകരം "വിളിക്കാം" എന്ന് ചേർക്കുക.

152. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനു പകരം "കണക്കാക്കപ്പെടാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

(സർവ്വശ്രീ എൻ. ഷംസുദ്ദീൻ, രമേശ് ചെന്നിത്തല, പി. കെ. ബഷീർ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 113 മുതൽ 116-ാം നമ്പർ വരെയുള്ള ഭേദഗതികൾ 112-ാം നമ്പർ ഭേദഗതിക്കും 118, 119 എന്നീ നമ്പർ ഭേദഗതികൾ 117-ാം നമ്പർ ഭേദഗതിക്കും 122, 124 എന്നീ നമ്പർ ഭേദഗതികൾ 123-ാം നമ്പർ ഭേദഗതിക്കും 126, 128 എന്നീ നമ്പർ ഭേദഗതികൾ 127-ാം നമ്പർ ഭേദഗതിക്കും 130 മുതൽ 133 വരെയുള്ള ഭേദഗതികൾ 129-ാം നമ്പർ ഭേദഗതിക്കും 137, 138 എന്നീ നമ്പർ ഭേദഗതികൾ 136-ാം നമ്പർ ഭേദഗതിക്കും 145 മുതൽ 147 വരെയുള്ള ഭേദഗതികൾ 144-ാം

നമ്പർ ഭേദഗതിക്കും 149, 150 എന്നീ നമ്പർ ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും 154, 155 എന്നീ നമ്പർ ഭേദഗതികൾ 153-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 111, 120, 141 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതിരിപ്പിച്ച 111, 120, 141 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 121, 134, 142, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 129, 148 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 135, 139, 143, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## VII **അറിയിപ്പ്**

ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട ശില്പശാല

മി. സ്പീക്കർ: കേരളത്തിൽ സമ്പൂർണ്ണമായി നടത്താൻപോകുന്ന ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേയ്ക്കായി വിശദീകരിക്കാൻ ഇന്ന് വൈകുന്നേരം 5.30-ന് ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ഹാളിൽ ഒരു ശിൽപ്പശാല റവന്യൂ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത പരിപാടിയിൽ സാമാജികർ പങ്കെടുക്കണമെന്ന് അറിയിക്കുന്നു. ഉദ്ഘാടന ചടങ്ങിനുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾക്കായി റവന്യൂ വകുപ്പുമന്ത്രിയുടെ അത്താഴവിരുന്ന് ഒരുക്കിയിട്ടുണ്ട്.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.21-ന് പിരിഞ്ഞു.)

## അനുബന്ധം-I&II

(നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 421-ന്റെ (എ-സി) പിരിവിന് ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടിയിലെ വിശദാംശങ്ങൾ)

1. ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കുന്ന രീതി

ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷിച്ച ജില്ലകളിലെല്ലാം ഒരേ സമയം അലോട്ട്മെന്റ് ലഭിച്ചാൽ അവർ ഏതെങ്കിലും ഒരു ജില്ലയിൽ മാത്രം പ്രവേശനം നേടേണ്ടതും അതോടെ മറ്റ് ജില്ലകളിലെ ഓപ്ഷനുകൾ തനിയെ റദ്ദാകുന്നതുമാണ്. പ്രവേശനം നേടിയ ജില്ലയിൽ ആവശ്യമെങ്കിൽ താൽകാലിക അഡ്മിഷനിൽ തുടർന്നുകൊണ്ട് അതേ ജില്ലയിലെ മെച്ചപ്പെട്ട ഓപ്ഷനുകൾക്കുവേണ്ടി കാത്തിരിക്കാം. എന്നാൽ ആദ്യം ഒരു ജില്ലയിൽ മാത്രം അലോട്ട്മെന്റ് ലഭിക്കുകയും, അതനുസരിച്ച് പ്രവേശനം നേടിയശേഷം തുടർന്നുള്ള അലോട്ട്മെന്റിൽ മറ്റൊരു ജില്ലയിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാവുന്നതാണ്. തുടർന്ന് പുതുതായി പ്രവേശനം നേടിയ ജില്ലയിലെ ഉയർന്ന ഓപ്ഷനുകളിലേയ്ക്ക് മാത്രമേ ഈ വിദ്യാർത്ഥിക്ക് മാറാൻ കഴിയൂ. ആദ്യ ജില്ലയിലെ ഓപ്ഷനുകൾ തനിയെ റദ്ദാകും.

ബോണസ് പോയിന്റിന് അർഹതയുള്ള വിഭാഗങ്ങൾ

| വിഭാഗം | ബോണസ് പോയിന്റ് |
|---|---|
| (1) | (2) |
| കൃത്യനിർവ്വഹണത്തിനിടയിൽ മരണമടഞ്ഞ ജവാന്മാരുടെ മക്കൾക്ക് (നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.) | 5 |
| ജവാന്മാരുടെയും എക്സ്-സർവ്വീസുകാരുടെയും (ആർമി/നേവി /എയർഫോഴ്സ് മുതലായവ മാത്രം) മക്കൾക്ക്/നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് | 3 |
| എൻ.സി.സി. (75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/സ്കൗട്ട് ഗൈഡ് (രാഷ്ട്രപതി പുരസ്കാർ/രാജ്യ പുരസ്കാർ നേടിയവർക്ക് മാത്രം)/നീന്തൽ അറിവ് (അപേക്ഷകൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ (G.O.(No)214/2012/Home dated 4-8-2012 വിവക്ഷിച്ച മാതിരി) | 2 |

| (1) | (2) |
|---|---|
| A ഗ്രേഡ് സർട്ടിഫിക്കറ്റുള്ള ലിറ്റിൽ കൈറ്റ്സ് അംഗം | 1 |
| അതേ സ്കൂളിലെ വിദ്യാർത്ഥി | 2 |
| അതേ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | 2 |
| അതേ താലൂക്ക് | 1 |
| ഗവ./എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ് പോയിന്റ് | 2 |
| കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതു പരീക്ഷയിൽ എസ്.എസ്.എൽ.സി. (കേരള സിലബസ്) യോഗ്യത നേടുന്നവർ | 3 |

കുറിപ്പ്: മേൽ പരാമർശിച്ച രീതിയിൽ ബോണസ് പോയിന്റിന് അർഹതയുണ്ടെങ്കിലും കണക്കാക്കുമ്പോൾ ഒരു അപേക്ഷകന് നൽകുന്ന ബോണസ് പോയിന്റ് പരമാവധി 10 ആയി നിജപ്പെടുത്തുന്നതാണ്. അതായത് വിവിധ ഇനങ്ങളിലൂടെ ഒരു അപേക്ഷകൻ പത്തോ അതിലധികമോ ബോണസ് പോയിന്റ് അവകാശപ്പെട്ടിട്ടുണ്ടെങ്കിലും ആയത് 10 ആയി നിജപ്പെടുത്തുന്നതാണ്.

മൈനസ് പോയിന്റ്

ആദ്യ തവണതന്നെ യോഗ്യതാ പരീക്ഷ പാസ്സാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിന്റിൽനിന്നും ചാൻസൊന്നിന് ഒരു പോയിന്റ് എന്ന തരത്തിൽ കുറവ് ചെയ്യും. എന്നാൽ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വർഷംതന്നെ സേ പരീക്ഷയെഴുതി വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മൈനസ് പോയിന്റ് ബാധകമല്ല.

2. കിഫ്ബി പദ്ധതികളിൽ പൂർത്തിയായ സ്വിമ്മിംഗ് പൂളുകൾ

1) ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്

2) നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

3) പളളി സ്കൂൾ

കിഫ്ബി പദ്ധതികളിൽ നിർമ്മാണം പുരോഗമിക്കുന്ന സ്വിമ്മിംഗ് പൂളുകൾ

1) മാനവേദൻ ജി.എച്ച്.എസ്.എസ്. നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ്, മലപ്പുറം

2) തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, ഇടവ, വർക്കല

3) ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം

4) തൃശ്ശൂർ ഐ. എം. വിജയൻ ഇൻഡോർ സ്റ്റേഡിയം

5) വയനാട് സി. കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം

6) കാസർഗോഡ് തൃക്കരിപ്പൂർ എം. ആർ. സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം

7) താനൂർ സ്റ്റേഡിയം

8) പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം

9) കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

10) പൊന്നാനി നിള തീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്

## അനുബന്ധം III

(ചോദ്യം നമ്പർ *422-ന്റെ (എ) പിരിവിന് ബഹു. പട്ടികജാതി-പട്ടികവർഗ്ഗ , പിന്നോക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയിലെ വിശദാംശങ്ങൾ)

1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ

ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൊല്ലം, തൃശ്ശൂർ, വയനാട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

അംഗപരിമിതരായവർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

4. കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള 'BERA' സംവിധാനം 4 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് വിദഗ്ദ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു.

5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെ ന്റ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കിവരുന്നു.

6. ഹെൽപ്പ് ഡെസ്ക്

അംഗപരിമിതർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു.

7. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേയ്ക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നു. ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിന്റെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്.

8. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

9. അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐഡി ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് - യു.ഡി.ഐ.ഡി) നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ്‌വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്‌വെയർ മുഖാന്തരം ലഭ്യമാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ തിരിച്ചറിയൽ കാർഡും നൽകിവരുന്നു. ഇതിനോടകം 14648 ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

10. ഹോർട്ടികൾച്ചർ തെറാപ്പി

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജുവഴി നടപ്പാക്കിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലന പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുകയും അവരിൽ സ്വയമായി തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

11. സ്പെക്ട്രം പദ്ധതി

കേരള സാമൂഹ്യ സുരക്ഷ മിഷൻ 2018-19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് 'സ്പെക്ട്രം'. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

I) ഓട്ടിസം സെന്ററുകൾ

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

II) റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. 2021 - 2022 വർഷത്തിൽ ഈ കേന്ദ്രത്തിന്റെ ഭാഗമായ ചൈൽഡ് ഡെവലപ്മെന്റ് ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

III) രക്ഷിതാക്കൾക്കുള്ള പരിശീലനം

ഓട്ടിസമുൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽത്തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റ് എംപവർമെന്റ് പ്രോഗ്രാം 2019-2020-ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന സഹയോഗി എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടുണ്ട്.

12. ശ്രുതി തരംഗം പദ്ധതി

കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാന്റ് സർജറി ശ്രുതിതരംഗം എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കിവരുന്നു. കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാന്റ് സർജറിക്കുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നത്. ഇതുവരെ 1196 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റിലൂടെ കേൾവി ശക്തി വീണ്ടെടുത്തിട്ടുണ്ട്.

13. മാനസികരോഗം ബാധിച്ചവരുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെക്കൂടി കൂടെ നിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഇതിനാവശ്യമായ കെട്ടിട നിർമ്മാണം നടന്നുവരുന്നു.

14. വെള്ളപ്പൊക്ക ദുരിതബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി

2018-2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്.

15. എംപവർ ഇൻക്യുബേറ്റർ

അനുയാത്രയുടെ ഭാഗമായി മാജിക്കിൽ പരിശീലനം നേടിയ ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് മാജിക് അവതരിപ്പിക്കുന്നതിനും വേതനം ലഭ്യമാക്കുന്നതിനും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ ഒരുക്കിയിട്ടുള്ള സ്ഥിരം വേദിയാണ് എംപവർ ഇൻക്യുബേറ്റർ. ഇതിന്റെ പ്രവർത്തനം തുടർന്നു വരുന്നു.

16. പ്രോസ്തെറ്റിക് & ഓർത്തോട്ടിക് സെന്റർ

കുറഞ്ഞ നിരക്കിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ പ്രോസ്തെറ്റി & ഓർത്തോട്ടിക് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലൂടെ ഗുണനിലവാരമുള്ള കൃത്രിമ കൈ, കാൽ എന്നിവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കിവരുന്നു.

17. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവമൂലം ഉണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷികൾ പ്രതിരോധിക്കാനുള്ള പ്രത്യേക പദ്ധതി

ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി 2021 - 22- ൽ നടപ്പിലാക്കുന്നു.

18. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ നിപ്മറിലൂടെ വിവിധതരം ഭിന്നശേഷികൾ കണ്ടെത്തുന്നതിനും, ആവശ്യമായ തെറാപ്പികളും, പരിശീലനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. അത്യന്താധുനിക സജ്ജീകരണങ്ങളോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലൂടെ 2021 - 22 വർഷത്തിൽ സെറിബ്രൽ പാൾസി ബാധിതരായവർക്ക് ആവശ്യമായ ചികിത്സയും അനുബന്ധ സേവനങ്ങളും നൽകുന്നതിനായി ഒരു സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

19. ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ

നാഡീവ്യൂഹ വ്യവസ്ഥയിലുണ്ടാകുന്ന ഗുരുതരമായ തകരാറുകൾമൂലം ഭിന്നശേഷിക്കാരായി മാറുന്നവർക്ക് വിവിധ ചികിത്സകൾ ലഭ്യമാക്കുന്നതിനും അവരുടെ ചലനശേഷി വിലയിരുത്തുന്നതിനും പരിശീലനങ്ങൾ നൽകുന്നതിനുമായി നിപ്മറിൽ ഒരു ഗേറ്റ് ആൻഡ് മോഷൻ അനാലിസിസ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോംപ്ലിക്കേഷൻ

അസ്സസ്സ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യന്റ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം ഇടങ്ങിയവ 2021-22 -ൽ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

20. റീഹാബ് എക്സ്പ്രസ്

സംസ്ഥാനത്താകമാനം ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭിന്നശേഷി മേഖലയിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ പദ്ധതി രൂപീകരിക്കുന്നതിനും, വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള അസ്സസ്സ്മെന്റ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള ഈ പദ്ധതി 2021-22 ൽ നിപ്മറിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും ഒരു വോൾവോ ലോ ഫ്ളോർ ബസ്സ് വാടകയ്ക്ക് എടുത്ത് അതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ആവശ്യമായ തെറാപ്പി ഉപകരണങ്ങളും വിദഗ്ധരുടെ സേവനങ്ങളും ലഭ്യമാക്കി കേരളത്തിൽ എവിടെയും എത്തിച്ചേർന്ന് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് റീഹാബ് എക്സ്പ്രസ് ലക്ഷ്യമിടുന്നത്.